سورة الأنعام

6. സൂറതുൽ അൻആം

മക്കയിൽ അവതരിച്ചത് - വചനങ്ങൾ 165 - വിഭാഗം (റുകൂഉ്) 20

ഈ സൂറത്ത് മുഴുവനും ഒറ്റ പ്രാവശ്യം തന്നെ അവതരിച്ചതാണെന്നും, ഇതവതരിച്ചപ്പോൾ ഇതിന്റെ ബഹുമാനാർത്ഥം വളരെ മലക്കുകളും അതോടൊപ്പം ഇറങ്ങുകയുണ്ടായെന്നും കാണിക്കുന്ന പല രിവായത്തുകളും കാണുന്നു. മക്കീ സൂറത്തുകളിലെ പതിവ് പ്രകാരം ഇതിലെ പ്രധാന പരാമർശങ്ങൾ മുശ്‌രിക്കുകളുടെ വിശ്വാസാചാരങ്ങളെയും തൗഹീദിനെയും സംബന്ധിച്ചാകുന്നു. അക്കൂട്ടത്തിൽ, ആടുമാടൊട്ടകങ്ങളാകുന്ന കാലികളെ അല്ലാഹു അല്ലാത്തവർക്ക് നേർച്ചവഴിപാടാക്കിക്കൊണ്ടുള്ള മുശ്‌രിക്കുകളുടെ ദുരാചാരങ്ങളെ സംബന്ധിച്ച് ഈ സൂറത്തിൽ കൂടുതൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഇതിന് سورة الانعام (കാലികളുടെ-ആടുമാടൊട്ടകങ്ങളുടെ-അധ്യായം) എന്ന് പറയപ്പെടുന്നു. ഇതിലെ പ്രഭാഷണങ്ങൾ പലതും മക്കാ മുശ്‌രിക്കുകളെ പരാമർശിക്കുന്നവയായതുകൊണ്ട് അവരുടെ പല വാദങ്ങളും തർക്കങ്ങളും **قالوا** (അവർ പറയുന്നു) എന്നും, അവർക്കുള്ള മറുപടികൾ **قل** (നീ പറയുക) എന്നും പറഞ്ഞുകൊണ്ട് ആരംഭിക്കുന്നതായി കാണാം.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

ٱلْحَمْدُ لِلَّهِ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَجَعَلَ ٱلظُّلُمَٰتِ وَٱلنُّورَ

﴾1﴿ (സർവ്വ) സ്തുതി(യും) അല്ലാഹുവിനാണ്; ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിക്കുകയും, അന്ധകാരങ്ങളും, പ്രകാശവും ഏർപ്പെടുത്തുകയും ചെയ്തവൻ.

﴾1﴿ الْحَمْدُ സ്തുതി (എല്ലാം) لِلَّهِ അല്ലാഹുവിനാണ് الَّذِي خَلَقَ സൃഷ്ടിച്ചവൻ, സൃഷ്ടിച്ചവനായ السَّمَاوَاتِ ആകാശങ്ങളെ وَالأَرْضَ ഭൂമിയെയും وَجَعَلَ അവൻ ആക്കുക (ഉണ്ടാക്കുക)യും ചെയ്തു ഏർപ്പെടുത്തുകയും ചെയ്തു. الظُّلُمَاتِ അന്ധകാരങ്ങളെ وَالنُّورَ പ്രകാശത്തെയും

ثُمَّ ٱلَّذِينَ كَفَرُوا۟ بِرَبِّهِمْ يَعْدِلُونَ ﴿١﴾

എന്നിട്ടും അവിശ്വസിച്ചവർ തങ്ങളുടെ റബ്ബിനോട് സമപ്പെടുത്തുന്നു!

هُوَ ٱلَّذِى خَلَقَكُم مِّن طِينٍ ثُمَّ قَضَىٰٓ أَجَلًا ۖ وَأَجَلٌ مُّسَمًّى عِندَهُۥ ۖ ثُمَّ أَنتُمْ تَمْتَرُونَ ﴿٢﴾

﴾2﴿ അവനത്രെ, കളിമണ്ണിൽ നിന്ന് നിങ്ങളെ സൃഷ്ടിച്ചവൻ, പിന്നെ ഒരു അവധി അവൻ നിശ്ചയി(ച്ചുവെ)ച്ചിരിക്കുന്നു. നിർണയം ചെയ്യപ്പെട്ട ഒരു അവധി അവന്റെ അടുക്കലുണ്ട്താനും. എന്നിട്ടും, നിങ്ങൾ സന്ദേഹപ്പെട്ടു കൊണ്ടിരിക്കുന്നു!

وَهُوَ ٱللَّهُ فِى ٱلسَّمَٰوَٰتِ وَفِى ٱلْأَرْضِ ۖ يَعْلَمُ سِرَّكُمْ وَجَهْرَكُمْ وَيَعْلَمُ مَا تَكْسِبُونَ ﴿٣﴾

﴾3﴿ അവൻ തന്നെയാണ് ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു. നിങ്ങളുടെ രഹസ്യവും, നിങ്ങളുടെ പരസ്യവും അവൻ അറിയുന്നു. നിങ്ങൾ (പ്രവർത്തിച്ചു) സമ്പാദിക്കുന്നതും അവൻ അറിയുന്നു.

ثُمَّ പിന്നെ, എന്നിട്ടും الَّذِينَ كَفَرُوا അവിശ്വസിച്ചവർ بِرَبِّهِمْ തങ്ങളുടെ റബ്ബിനോട്, റബ്ബിന് يَعْدِلُونَ അവർ സമപ്പെടുത്തുന്നു, കിടയൊപ്പിക്കുന്നു ﴾2﴿ هُوَ الَّذِي അവനത്രെ യാതൊരുവൻ, അവൻ യാതൊരുവനാണ് خَلَقَكُمْ നിങ്ങളെ സൃഷ്ടിച്ച مِنْ طِينٍ കളിമണ്ണിനാൽ, കളിമണ്ണിൽ നിന്ന് ثُمَّ قَضَى പിന്നെ അവൻ നിശ്ചയം ചെയ്തു, തിരുമാനിച്ചു أَجَلًا ഒരവധി وَأَجَلٌ مُسَمًّى പേരു പറയപ്പെട്ട (നിർണയം ചെയ്യപ്പെട്ട) ഒരവധി عِنْدَهُ അവന്റെ അടുക്കലുണ്ട്(താനും) ثُمَّ പിന്നെ, എന്നിട്ടും أَنْتُمْ നിങ്ങൾ تَمْتَرُونَ നിങ്ങൾ സന്ദേഹ(സംശയ)പ്പെടുന്നു ﴾3﴿ وَهُوَ اللَّهُ അവൻ അല്ലാഹുവത്രെ فِي السَّمَاوَاتِ ആകാശങ്ങളിൽ وَفِي الْأَرْضِ ഭൂമിയിലും يَعْلَمُ അവൻ അറിയും, അറിയുന്നു سِرَّكُمْ നിങ്ങളുടെ രഹസ്യം وَجَهْرَكُمْ നിങ്ങളുടെ പരസ്യവും وَيَعْلَمُ അവൻ അറിയുകയും ചെയ്യും مَا تَكْسِبُونَ നിങ്ങൾ സമ്പാദിക്കുന്നത്, പ്രവർത്തിച്ചു വെക്കുന്നത്

الحمد لله (അല്ലാഹുവിനാണ് സർവ്വസ്തുതിയും) എന്നുള്ള സ്തുതികീർത്തന വാക്യം കൊണ്ട് ആരംഭിക്കുന്ന അഞ്ചു സൂറത്തുകളിൽ രണ്ടാമത്തെതാണിത്. ഒന്നാമത്തെത് ഫാതിഹഃയും, മൂന്നാമത്തെത് അൽകഹ്ഫും, നാലാമത്തെത് സബഉം, അഞ്ചാമത്തെത് ഫാത്വിറുമാകുന്നു. ഓരോന്നിലും ഈ വാക്യത്തെത്തുടർന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ചാൽ, സ്തുതി കീർത്തനങ്ങൾക്കെല്ലാം യഥാർത്ഥത്തിൽ അർഹനായുള്ളവൻ അല്ലാഹു മാത്രമാണെന്ന് തെളിയിക്കുന്ന അവന്റെ ചില സവിശേഷ ഗുണങ്ങളായിരിക്കും അവയെന്ന് കാണാവുന്നതാണ്.

حمد (സ്തുതി) എന്ന പദത്തിന്റെ അർത്ഥോദ്ദേശ്യങ്ങളും, എല്ലാ സ്തുതിയും അല്ലാഹുവിനാണെന്ന് പറയുന്നതിന്റെ താൽപര്യവും സൂറത്തുൽ ഫാതിഹഃയിൽ വെച്ചു മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ആകാശഭൂമികളെ സൃഷ്ടിച്ചവനും, അന്ധകാരവും പ്രകാശവും ഏർപ്പെടുത്തിയവനും അല്ലാഹു തന്നെയാണെന്ന് മുശ്‌രിക്കുകൾക്കും അറിയാം. അപ്പോൾ, അതിലൊന്നും പങ്കില്ലാത്തതും, അവന്റെ സൃഷ്ടികളിൽപെട്ടതുമായ വസ്തുക്കളെ -അവ ജീവികളോ നിർജ്ജീവികളോ ആവട്ടെ- ആരാധിച്ചും പ്രാർത്ഥിച്ചും കൊണ്ട് അവനോട് സമപ്പെടുത്തുകയും കിടയൊപ്പിക്കുകയും ചെയ്യുന്നത് തികച്ചും വിരോധാഭാസവും, വിഡ്ഢിത്തവുമാണല്ലോ. ഇതാണ് ഒന്നാമത്തെ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. എല്ലാതരം അന്ധകാരങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് الظلمات (അന്ധകാരങ്ങൾ) എന്ന് ബഹുവചന രൂപത്തിലും, ഏതൊന്നിന് പ്രകാശമെന്ന് പറയാമോ അതിനെയെല്ലാം ഉദ്ദേശിച്ചുകൊണ്ട് النور (പ്രകാശം) എന്ന് ഏകവചന രൂപത്തിലുമാണ് ഇവിടെയും മറ്റു പല സ്ഥലങ്ങളിലും ക്വുർആനിൽ ഉപയോഗിച്ചിരിക്കുന്നത്. ഇതിന് പല കാരണങ്ങളും വ്യാഖ്യാതാക്കൾ പ്രസ്താവിച്ചു കാണുന്നു. അന്ധകാരങ്ങളുടെ വൈവിധ്യവും, തരവ്യത്യാസവും, അതിന്റെ ആധിക്യവും സൂചിപ്പിച്ചുകൊണ്ട് അതിനെ ബഹുവചനമായും, അന്ധകാരങ്ങളെ നീക്കം ചെയ്യുവാനുള്ള ഏകമാർഗം അതാതിനനുസരിച്ച പ്രകാശം മാത്രമാണെന്നു സൂചിപ്പിച്ചുകൊണ്ട് അതിനെ ഏകവചനരൂപത്തിലും പറഞ്ഞിരിക്കുകയാണെന്ന് സാമാന്യമായി പറയാം. ഇരുട്ടും വെളിച്ചവും ഉണ്ടാക്കിയവൻ അല്ലാഹുവാണെന്നു പറഞ്ഞതിൽ, തിന്മകളുടെ സ്രഷ്ടാവാകുന്ന അന്ധകാരം എന്ന ഒരു ദൈവത്തിലും നന്മകളുടെ സ്രഷ്ടാവായ പ്രകാശം എന്ന മറ്റൊരു ദൈവത്തിലും വിശ്വസിക്കുന്ന ദ്വിത്വവാദത്തി(*)ന്റെ ഖണ്ഡനംകൂടി ഉൾപ്പെട്ടിരിക്കുന്നു. രണ്ടിന്റെയും സ്രഷ്ടാവ് അല്ലാഹുവാണെന്നും, രണ്ടും അവന്റെ സൃഷ്ടിയാണെന്നുമിരിക്കെ രണ്ടിനെയും ദൈവമായി സങ്കൽപ്പിക്കുന്നതിന് അർത്ഥമില്ലല്ലോ.

രണ്ടാമത്തെ വചനത്തിൽ മൂന്ന് കാര്യങ്ങൾ അല്ലാഹു എടുത്തു കാണിച്ചിരിക്കുന്നു:

(1) മനുഷ്യരായ നിങ്ങളെ അവൻ കളിമണ്ണിനാൽ സൃഷ്ടിച്ചിരിക്കുന്നുവെന്ന്. മനുഷ്യപിതാവായ ആദം (അ)നെ കളിമണ്ണിനാൽ സൃഷ്ടിച്ചതാണെന്ന് ക്വുർആനിൽ ഒന്നിലധികം സ്ഥലത്ത് പ്രസ്താവിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് അദ്ദേഹത്തിന്റെ സന്തതികളുടെയും ഉൽഭവം കളിമണ്ണിൽ നിന്നാണെന്നായിരിക്കാം അതിന്റെ താൽപര്യം. ചില സ്ഥലങ്ങളിൽ ആദമിനെ മണ്ണിൽ നിന്ന് സൃഷ്ടിച്ചുവെന്നും, ചില സ്ഥലങ്ങളിൽ മനുഷ്യരെ മണ്ണിൽ നിന്ന് സൃഷ്ടിച്ചുവെന്നും പറഞ്ഞിരിക്കുന്നു. (ഉദാഹരണം: 3:59 ഉം 22:5 ഉം മറ്റും) മറ്റൊരു സ്ഥലത്ത് മനുഷ്യന്റെ സൃഷ്ടിയുടെ തുടക്കം കളിമണ്ണിൽ നിന്നാണെന്നും പറഞ്ഞിരിക്കുന്നു (32:7). അപ്പോൾ, മണ്ണിൽ നിന്ന് ഉൽപാദിക്കുന്ന സസ്യല

(*) ثنوية (ദ്വൈതവാദം-Dualism) എന്ന പേരിൽ അറിയപ്പെടുന്ന ഒരു സിദ്ധാന്തമാണിത്. പരസ്പര വിരുദ്ധവും നിത്യസംഘട്ടനം നടന്നുകൊണ്ടിരിക്കുന്നതുമായ വെളിച്ചം, ഇരുട്ട് എന്നീ രണ്ടു മൂലശക്തികളിൽ നിന്നാണ് എല്ലാ നന്മകളും, എല്ലാ തിന്മകളും ഉണ്ടാകുന്നത് എന്നത്രെ ഇതിന്റെ ചുരുക്കം. പേർഷ്യയിൽ പ്രചാരത്തിലുണ്ടായിരുന്ന ഈ സിദ്ധാന്തത്തിന്റെ ജനയിതാവ് ക്രിസ്ത്വബ്ദം 3-ാം നൂറ്റാണ്ടിൽ ജീവിച്ച മാനീ (ماني-Manes)ആയിരുന്നു. ഈ വിശ്വാസക്കാർ വെളിച്ചത്തിന്റെ നാമത്തിൽ ദേവപ്രതിഷ്ഠകളും, ഇരുട്ടിന്റെ നാമത്തിൽ ഭൂതപ്രതിഷ്ഠകളും നിർമിച്ചു വന്നിരുന്നു.

താദികൾ ഭക്ഷിച്ചുണ്ടാകുന്ന മനുഷ്യബീജത്തിൽ-ഇന്ദ്രിയത്തിൽ-നിന്ന് മനുഷ്യരെ സൃഷ്ടിച്ചുവെന്നും ഉദ്ദേശ്യമാകാവുന്നതാണ്.والله أعلم

(2) സൃഷ്ടിച്ചുവെന്ന് മാത്രമല്ല, ഒരു അവധിയും അവൻ നിശ്ചയിച്ചുവെച്ചിരിക്കുന്നുവെന്നും,

(3) നിർണയം ചെയ്യപ്പെട്ട മറ്റൊരവധിയും അവന്റെ അടുക്കൽ ഉണ്ടെന്നും.

ഒന്നാമത്തെ അവധികൊണ്ട് വിവക്ഷ മരണംവരെയുള്ള ജീവിതകാലമോ, വർത്തമാനകാലം മുതൽ മരണം വരെയുള്ള കാലമോ ആകാവുന്നതാണ്. രണ്ടാമത്തെത് കൊണ്ട് വിവക്ഷ മരണം മുതൽക്കുള്ള ഭാവി ജീവിതമോ, വർത്തമാനകാലം മുതൽ മരണം മുതൽക്കുള്ള കാലമോ ആയിരിക്കാവുന്നതുമാണ്. ഈ രണ്ടു അവധികളെപ്പറ്റിയും പലരും പല പ്രകാരത്തിൽ വിവരിച്ചിട്ടുണ്ടെങ്കിലും അവയുടെ രത്നച്ചുരുക്കം ഇപ്പറഞ്ഞതാകുന്നു. ഏതായാലും രണ്ടാമത്തെ അവധികൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നത്, അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുവാനോ അനുമാനിക്കുവാനോ കഴിയാത്ത ഒരു കാലാവധിയാണെന്നുള്ളതിൽ സംശയമില്ല. ഐഹിക ജീവിതം എപ്പോൾ അവസാനിക്കും, അഥവാ ക്വിയാമത്ത് നാൾ എപ്പോഴായിരിക്കും, ഓരോരുത്തന്റെയും ആയുഷ്കാലം ഏതുവരെയാണ്, പരലോക ജീവിതകാലം ഏതുവരെ നീണ്ടുനിൽക്കും എന്നിവയൊന്നും അല്ലാഹുവിനല്ലാതെ ആർക്കും അറിയുകയില്ലല്ലോ. ഇങ്ങിനെ, മനുഷ്യനെ മണ്ണിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കുകയും, ഭൂതവർത്തമാന ഭാവി കാലങ്ങളെല്ലാം നിശ്ചയിച്ചു നിർണയിക്കുകയും ചെയ്ത അല്ലാഹു മനുഷ്യരെ വീണ്ടും ജീവിപ്പിച്ചു മറ്റൊരു ജീവിതകാലംകൂടി അവന് നൽകുമെന്നതിൽ അവിശ്വാസികൾ സംശയിച്ചുകൊണ്ടിരിക്കുന്നതിന്റെ നിരർത്ഥതയാണ് ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്.

വസ്തുതകൾ ഇങ്ങിനെയിരിക്കെ, ആകാശഭൂമികളിലെല്ലാം ഏകാരാധ്യനായിരിക്കുവാൻ അർഹൻ അവൻ മാത്രമാണ്; അവനാകട്ടെ, മനുഷ്യരുടെ സകല രഹസ്യപരസ്യങ്ങളും, സകല പ്രവർത്തനങ്ങളും അറിയുന്നവനുമാണ്. അതുകൊണ്ട് ഓരോരുവനും അവനവന്റെ ഭാവിയെക്കുറിച്ചു ബോധപൂർവ്വം കരുതിയിരിക്കേണ്ടതുണ്ട് എന്നത്രെ മൂന്നാമത്തെ വചനത്തിന്റെ താൽപര്യം. ഈ വചനങ്ങളുടെ ആഭിമുഖ്യം മനുഷ്യരോട് പൊതുവിലാണെങ്കിലും അവരിലുള്ള ബഹുദൈവ വിശ്വാസികളെയും, അവിശ്വാസികളെയും പ്രത്യേകം ഉന്നംവെച്ചുകൊണ്ടുള്ളവയാണെന്ന് വ്യക്തമാകുന്നു. തുടർന്നുള്ള വചനങ്ങളിൽ നിന്നു ഇത് കൂടുതൽ മനസ്സിലാക്കാവുന്നതുമാണ്. ഒന്നാമത്തെ വചനത്തിൽ തൗഹീദും രണ്ടാമത്തെതിൽ പരലോക ജീവിതവും, മൂന്നാമത്തെതിൽ പ്രതിഫല നടപടിയും സ്ഥാപിച്ചശേഷം, അടുത്ത വചനങ്ങളിൽ പ്രവാചകത്വത്തിന്റെ സത്യതയെക്കുറിച്ചു ചൂണ്ടിക്കാട്ടുന്നു;-

وَمَا تَأْتِيهِم مِّنْ ءَايَةٍ مِّنْ ءَايَٰتِ رَبِّهِمْ إِلَّا كَانُوا۟ عَنْهَا مُعْرِضِينَ ﴿٤﴾

﴾4﴿ അവരുടെ റബ്ബിന്റെ ദൃഷ്ടാന്തങ്ങളിൽ നിന്നുള്ള ഒരു ദൃഷ്ടാന്തവും (തന്നെ) അവർക്ക് വരുന്നില്ല. അവർ അതിനെപ്പറ്റി (അശ്രദ്ധരായി) തിരിഞ്ഞു കളയുന്നവരാകാതെ.

فَقَدْ كَذَّبُوا۟ بِٱلْحَقِّ لَمَّا جَآءَهُمْ ۖ فَسَوْفَ يَأْتِيهِمْ أَنۢبَٰٓؤُا۟ مَا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٥﴾

﴿5﴾ അങ്ങിനെ, അവർക്ക് യഥാർത്ഥം വന്നപ്പോൾ അവർ അതിനെ വ്യാജമാക്കിക്കളഞ്ഞു. അതിനാൽ, അവർ ഏതൊന്നിനെക്കുറിച്ചു പരിഹസിച്ചുകൊണ്ടിരിക്കുകയാണോ അതിന്റെ വൃത്താന്തങ്ങൾ വഴിയെ അവർക്ക് വന്നെത്തുന്നതാണ്.

﴿4﴾ وَمَاتَأْتِيهِمْ അവർക്ക് വരുന്നില്ല مِنْ آيَةٍ ഒരു ദൃഷ്ടാന്തവും (തന്നെ) مِنْ آيَاتِ ദൃഷ്ടാന്തങ്ങളിൽ നിന്നുള്ള رَبِّهِمْ അവരുടെ രക്ഷിതാവിന്റെ إِلا كَانُوا അവർ ആകാതെ, ആയിരുന്നിട്ടല്ലാതെ عَنْهَا അതിനെപ്പറ്റി, അതിൽ നിന്ന് مُعْرِضِينَ തിരിഞ്ഞു കളയുന്നവർ (അവഗണിക്കുന്നവർ) ﴿5﴾ فَقَدْ كَذَّبُوا അങ്ങനെ (അതിനാൽ) അവർ വ്യാജമാക്കിക്കളഞ്ഞു بِالْحَقِّ യഥാർത്ഥത്തെ, സത്യത്തെ لَمَّا جَاءَهُمْ അതവർക്ക് വന്നപ്പോൾ فَسَوْفَ എന്നാൽ (ആകയാൽ) വഴിയെ, പിന്നീട് يَأْتِيهِمْ അവർക്ക് വരും أَنْبَاءُمَا യാതൊന്നിന്റെ വൃത്താന്തങ്ങൾ كَانُوابِهِ അതിനെക്കുറിച്ചു അവരായിരുന്നു يَسْتَهْزِئُونَ അവർ പരിഹസിക്കും

الحق (യഥാർത്ഥം) കൊണ്ടുദ്ദേശ്യം നബി ﷺ യുടെ പ്രവാചകത്വവും, അതുമായി ബന്ധപ്പെട്ട ക്വുർആൻ മുതലായവയുമാകുന്നു. അവർ വ്യാജമാക്കി പരിഹസിച്ചു കൊണ്ടിരിക്കുന്ന ആ യഥാർത്ഥത്തിന്റെ പുലർച്ച താമസിയാതെ അവർക്കറിയാറാകും, അവരുടെ നിഷേധത്തിന്റെ ഫലം അവർ അനുഭവിക്കുകയും ചെയ്യും എന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. അതിന്റെ ഐഹികമായ പുലർച്ചയും ഫലവും ആ മുശ്രിക്കുകൾ കണ്ടനുഭവിക്കുകയും ഉണ്ടായി. പാരത്രികമായ ഫലങ്ങൾ അനുഭവിക്കുവാനിരിക്കുകയും ചെയ്യുന്നു.

أَلَمْ يَرَوْا۟ كَمْ أَهْلَكْنَا مِن قَبْلِهِم مِّن قَرْنٍ مَّكَّنَّٰهُمْ فِى ٱلْأَرْضِ مَا لَمْ نُمَكِّن لَّكُمْ وَأَرْسَلْنَا ٱلسَّمَآءَ عَلَيْهِم مِّدْرَارًا وَجَعَلْنَا ٱلْأَنْهَٰرَ تَجْرِى مِن تَحْتِهِمْ

﴿6﴾ അവർ കണ്ടില്ലേ, അവരുടെ മുമ്പ് എത്രയോ തലമുറകളെ നാം നശിപ്പിച്ചിരിക്കുന്നുവെന്ന്? നിങ്ങൾക്ക് നാം ചെയ്തു തന്നിട്ടില്ലാത്ത സൗകര്യം ഭൂമിയിൽ അവർക്ക് നാം സൗകര്യപ്പെടുത്തി(ക്കൊടുത്തു); ആകാശത്തെ [മഴയെ] അവരിൽ നാം സമൃദ്ധമായി അയക്കുകയും ചെയ്തു; അവരുടെ അടിഭാഗത്തിലൂടെ ഒഴുകിക്കൊണ്ട് നാം അരുവികളെ ഏർപ്പെടുത്തുകയും ചെയ്തു;

فَأَهْلَكْنَٰهُم بِذُنُوبِهِمْ وَأَنشَأْنَا مِنۢ بَعْدِهِمْ قَرْنًا ءَاخَرِينَ ﴿٦﴾

എന്നിട്ട് അവരുടെ പാപങ്ങൾ നിമിത്തം അവരെ നാം നശിപ്പിച്ചു; അവരുടെ ശേഷം, വേറെ തലമുറയെ നാം ഉണ്ടാക്കുകയും ചെയ്തു.

﴿6﴾ أَلَمْ يَرَوْا അവർ കണ്ടില്ലേ كَمْ എത്ര, എത്രയോ أَهْلَكْنَا നാം നശിപ്പിച്ചു مِن قَبْلِهِم അവരുടെ മുമ്പ് مِن قَرْنٍ തലമുറയിൽ നിന്ന്, തലമുറയെ مَكَّنَّاهُمْ അവർക്ക് നാം സൗകര്യം നൽകി فِي الْأَرْضِ ഭൂമിയിൽ مَا لَمْ نُمَكِّن നാം സൗകര്യം നൽകാത്തത് لَكُمْ നിങ്ങൾക്ക് وَأَرْسَلْنَا നാം അയക്കുകയും ചെയ്തു السَّمَاءَ ആകാശത്തെ(മഴയെ) عَلَيْهِم അവരിൽ, അവർക്ക് مِدْرَارًا തുടർച്ചയായി, സമൃദ്ധമായി وَجَعَلْنَا നാം ആക്കുക (ഉണ്ടാക്കുക-ഏർപ്പെടുത്തുക)യും ചെയ്തു الْأَنْهَارَ അരുവികളെ تَجْرِي ഒഴുകുന്നതായി مِن تَحْتِهِمْ അവരുടെ അടിയിലൂടെ فَأَهْلَكْنَاهُم എന്നിട്ട് നാം അവരെ നശിപ്പിച്ചു بِذُنُوبِهِمْ അവരുടെ പാപങ്ങൾ നിമിത്തം وَأَنشَأْنَا നാം ഉണ്ടാക്കുകയും ചെയ്തു مِن بَعْدِهِمْ അവരുടെ ശേഷം قَرْنًا തലമുറയെ, കാലക്കാരെ آخَرِينَ വേറെ

ശക്തി, പ്രതാപം, ക്ഷേമം, ഐശ്വര്യം ആദിയായവയിൽ നിങ്ങളെ കവച്ചു വെച്ചിരുന്ന ആദ്, ഥമൂദ് പോലെയുളള പല സമുദായങ്ങളും നന്ദിയില്ലാതെ സത്യനിഷേധത്തിൽ അതിരു കവിഞ്ഞപ്പോൾ, അവരെ നശിപ്പിച്ചു അവരുടെ സ്ഥാനത്ത് വേറെ പുതിയ തലമുറകളെ അല്ലാഹു രംഗത്ത് കൊണ്ടു വരുകയുണ്ടായി. അതുപോലെ നിങ്ങളെയും നശിപ്പിച്ചു പകരം വേറെ കൂട്ടരെ ഈ ഭൂമിയിൽ ഏർപ്പെടുത്തുവാൻ അവന് കഴിയും. ഇത് നിങ്ങൾ ഓർമവെച്ചുകൊള്ളുക എന്ന് താൽപര്യം.

وَلَوْ نَزَّلْنَا عَلَيْكَ كِتَٰبًا فِى قِرْطَاسٍ فَلَمَسُوهُ بِأَيْدِيهِمْ

﴿7﴾ (നബിയേ) ഒരു (എഴുത്തു) താളിൽ ഒരു ഗ്രന്ഥം നാം നിന്റെ മേൽ അവതരിപ്പിച്ചു അവരുടെ കൈകളാൽ അവരത് തൊട്ടിരുന്നാലും,

لَقَالَ ٱلَّذِينَ كَفَرُوٓا۟ إِنْ هَٰذَآ إِلَّا سِحْرٌ مُّبِينٌ ﴿٧﴾

(ആ) അവിശ്വസിച്ചവർ പറയുക തന്നെ ചെയ്യും: 'ഇതൊരു സ്പഷ്ടമായ ആഭിചാരമല്ലാതെ (മറ്റൊന്നും) അല്ല' എന്ന്.

وَقَالُوا۟ لَوْلَآ أُنزِلَ عَلَيْهِ مَلَكٌ ۖ وَلَوْ أَنزَلْنَا مَلَكًا لَّقُضِىَ ٱلْأَمْرُ

﴿8﴾ അവർ പറയുന്നു: 'ഇയാളുടെ മേൽ ഒരു മലക്ക് ഇറക്കപ്പെടാത്തതെന്ത്?!' നാം വല്ല മലക്കിനെയും ഇറക്കിയിരുന്നെങ്കിൽ, കാര്യം തീരുമാനിക്കപ്പെടുക തന്നെ ചെയ്യുമായിരുന്നു;

ثُمَّ لَا يُنظَرُونَ ﴿٨﴾

പിന്നെ, അവർ(ക്ക് ഇടകൊടുത്തു) ഗൗനിക്കപ്പെടുകയില്ല.

وَلَوْ جَعَلْنَٰهُ مَلَكًا لَّجَعَلْنَٰهُ رَجُلًا

《9》 അദ്ദേഹത്തെ നാം ഒരു മലക്കാക്കുന്നതായാലും അദ്ദേഹത്തെ നാം ഒരു പുരുഷനാക്കുമായിരുന്നു (അഥവാ ആക്കേണ്ടി വരുമായിരുന്നു).

وَلَلَبَسْنَا عَلَيْهِم مَّا يَلْبِسُونَ ﴿٩﴾

(അങ്ങനെ) അവർ സംശയത്തിലകപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യം (പിന്നെയും) നാം അവർക്ക് സംശയത്തിലാക്കുകയും ചെയ്യുമായിരുന്നു.

وَلَقَدِ ٱسْتُهْزِئَ بِرُسُلٍ مِّن قَبْلِكَ فَحَاقَ بِٱلَّذِينَ سَخِرُوا۟ مِنْهُم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿١٠﴾

《10》 നിന്റെ മുമ്പ് പല റസൂലുകളെക്കുറിച്ചും പരിഹസിക്കപ്പെടുകയുണ്ടായിട്ടുണ്ട്; എന്നിട്ട്, അവരെ കളിയാക്കിയിരുന്നവരിൽ, അവർ പരിഹസിച്ചുകൊണ്ടിരുന്ന കാര്യം വന്നു ഭവിച്ചു.

《7》 وَلَوْ نَزَّلْنَا നാം ഇറക്കിയിരുന്നെങ്കിൽ عَلَيْكَ നിന്റെ മേൽ كِتَابًا ഒരു ഗ്രന്ഥം فِي قِرْطَاسٍ ഒരു താളിൽ, എഴുത്തു പത്രത്തിൽ فَلَمَسُوهُ എന്നിട്ട് അവർ അതിനെ തൊട്ടു بِأَيْدِيهِمْ തങ്ങളുടെ കൈകളാൽ, കൈകൊണ്ട് لَقَالَ പറയുകതന്നെ ചെയ്യും الَّذِينَ كَفَرُوا അവിശ്വസിച്ചവർ إِنْ هَٰذَا ഇതല്ല إِلَّا سِحْرٌ മാരണം (ആഭിചാരം) അല്ലാതെ مُبِينٌ സ്പഷ്ടമായ 《8》 وَقَالُوا അവർ പറയുകയും ചെയ്യുന്നു لَوْلَا أُنزِلَ ഇറക്കപ്പെടാത്തതെന്ത്, ഇറക്കപ്പെട്ടുകൂടേ عَلَيْهِ അവന്റെമേൽ, അവന്, ഇയാൾക്ക് مَلَكٌ ഒരു മലക്ക്, വല്ല മലക്കും وَلَوْ أَنزَلْنَا നാം ഇറക്കിയിരുന്നെങ്കിൽ مَلَكًا ഒരു മലക്കിനെ, വല്ല മലക്കിനെയും لَقُضِيَ തീരുമാനിക്കപ്പെടുക തന്നെ ചെയ്യും الْأَمْرُ കാര്യം ثُمَّ لَا يُنظَرُونَ പിന്നെ അവർ നോക്ക (ഗൗനിക്ക-ഒഴിവുകൊടുക്ക)പ്പെടുകയില്ല. 《9》 وَلَوْ جَعَلْنَاهُ അദ്ദേഹത്തെ നാം ആക്കിയിരുന്നെങ്കിൽ مَلَكًا ഒരു മലക്ക്, لَجَعَلْنَاهُ അദ്ദേഹത്തെ നാം ആക്കുക തന്നെ ചെയ്യും (ആക്കേണ്ടിവരും) رَجُلًا ഒരു പുരുഷൻ وَلَلَبَسْنَا നാം സംശയത്തിലാക്കുക (ആശങ്കയുണ്ടാക്കുക)യും ചെയ്യും عَلَيْهِمْ അവർക്ക് مَا يَلْبِسُونَ അവർ സംശയത്തിലായിക്കൊണ്ടിരിക്കുന്നത്. 《10》 وَلَقَدِ اسْتُهْزِئَ പരിഹസിക്കപ്പെടുകയുണ്ടായിട്ടുണ്ട് بِرُسُلٍ പല റസൂലുകളെക്കുറിച്ചും مِنْ قَبْلِكَ നിന്റെ മുമ്പ് فَحَاقَ അതിനാൽ ഭവിച്ചു بِالَّذِينَ سَخِرُوا കളിയാക്കിയവരിൽ مِنْهُمْ അവരെപ്പറ്റി, അവരെ مَا كَانُوا അവരായിരുന്ന യാതൊന്ന് (കാ

ര്യം) بِهِۦ يَسۡتَهۡزِءُونَ അതിനെക്കുറിച്ചു അവർ പരിഹസിക്കും.

മുശ്‌രിക്കുകളുടെ നിഷേധത്തിന്റെ കാഠിന്യമാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ആകാശത്ത് നിന്ന് ഒരു വേദഗ്രന്ഥം ഒരു താളിൽ എഴുതി അവർക്ക് നേരിൽ ഇറക്കി ക്കൊടുക്കുകയും, അതവർ കണ്ണിൽ കണ്ട് കൈകൊണ്ട് തൊടുകയും ചെയ്താലും അവർ വിശ്വസിക്കുവാൻ പോകുന്നില്ല. ഇതെന്തോ ഒരു ആഭിചാര വിദ്യ മാത്രമാണെന്ന് പറഞ്ഞു ഒഴിഞ്ഞു മാറുകയേ അവർ ചെയ്കയുള്ളൂ എന്ന് സാരം. മറ്റൊരു സ്ഥലത്ത് ഇവരെപ്പറ്റി അല്ലാഹു പറയുന്നു: 'അവർക്ക് ആകാശത്തു നിന്ന് നാം ഒരു വാതിൽ തുറന്നു കൊടുക്കുകയും, എന്നിട്ട് അതിലൂടെ അവർ കയറിപ്പോകുമാറാകുകയും ചെയ്താലും അവർ പറയും: ഞങ്ങളുടെ കാഴ്ചകൾക്ക് ലഹരി ബാധിപ്പിക്കപ്പെട്ടിരിക്കുക മാത്രമാണ്; അല്ല, ഞങ്ങൾ മാരണം ചെയ്യപ്പെട്ടവരാണ്. وَلَوۡ فَتَحۡنَا عَلَيۡهِم بَابٗا مِّنَ ٱلسَّمَآءِ ..... الحجر – ١٤، ١٥

മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെങ്കിൽ എന്തുകൊണ്ട് അവനോടൊപ്പം ഒരു മലക്കിനെ അയച്ചു അവൻ പറയുന്നത് സത്യമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൂടാ?! എന്നിങ്ങിനെ മുശ്‌രിക്കുകൾ പറയാറുണ്ടായിരുന്നു. ഇതിന്റെ മറുപടിയാണ് 8,9 വചനങ്ങളിൽ കാണുന്നത്. മലക്കിനെ ഇറക്കുന്ന പക്ഷം അതോടെ കാര്യവും അവസാനിക്കുന്നതാണ്. പ്രവാചകന്മാരും തെളിവുകളും മുഖാന്തരം സത്യാസത്യങ്ങൾ വിവേചിച്ചു സ്വീകരിക്കുന്ന സമ്പ്രദായം മലക്കുകളുടെ വരവോടെ അവസാനിക്കും. മലക്കുകൾ വന്നു കഴിഞ്ഞാൽ പിന്നെയുണ്ടാകുന്നത് ഈ മുശ്‌രിക്കുകളുടെ നാശമായിരിക്കും. എനി, ഒരു മലക്കിനെത്തന്നെ നിയോഗിച്ചയച്ചുവെന്ന് വെക്കുക. അപ്പോഴും സംശയം ബാക്കിയാകുക തന്നെ ചെയ്യും. കാരണം, ആ മലക്ക് മലക്കിന്റെ സ്വഭാവ പ്രകൃതിയോടു കൂടിയായിരിക്കുന്ന പക്ഷം ഇവർക്ക് മലക്കുമായി ബന്ധപ്പെടുവാനും സമ്പർക്കം പുലർത്തുവാനും സാധ്യമല്ല. മലക്കുകൾ ആത്മീയ ജീവികളാണല്ലോ. അതുകൊണ്ട് മലക്കിനെ അയച്ചാലും അദ്ദേഹത്തെ മനുഷ്യപ്രകൃതിയിലും മനുഷ്യസ്വഭാവത്തിലുമാക്കിക്കൊണ്ടു തന്നെ അയക്കേണ്ടി വരും. അപ്പോഴും എന്തുകൊണ്ട് മലക്കിനെ അയക്കുന്നില്ലെന്ന് ചോദിക്കാമല്ലോ. അതിനാൽ, ഒരു നിലക്കും മലക്കിനെ അയക്കുന്നത് പ്രായോഗികമായിരിക്കയില്ല എന്നൊക്കെയാണ് മറുപടിയുടെ താൽപര്യം. ഈ വിഷയകമായി സൂഃ ഇസ്റാഉ് 95 ൽ കൂടുതൽ വിവരം വരുന്നുണ്ട്. നബിയെ സംബന്ധിച്ചിടത്തോളം ഒരു സാന്ത്വന വാക്യവും, അവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒരു കനത്ത താക്കീതുമാണ് 10-ാം വചനം. മുമ്പും ഇതുപോലെ പല സമുദായക്കാരും അവരുടെ ദൈവദൂതന്മാരെ പരിഹസിക്കുകയും ധിക്കരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലം അവർ തന്നെ അനുഭവിക്കേണ്ടി വരുകയും ചെയ്തു. അതുകൊണ്ട് ഇവരുടെ ഗതിയും അതായിരിക്കുമെന്ന് ഇവർ ഓർത്തുകൊള്ളട്ടെ എന്നാണിതിലടങ്ങിയ സൂചന.

നാം മലക്കിനെ ഇറക്കിയിരുന്നാൽ കാര്യം തീരുമാനിക്കപ്പെടുമായിരുന്നു

(وَلَوْ أَنزَلْنَا مَلَكًا لَّقُضِيَ الْأَمْرُ) എന്ന് പറഞ്ഞതിന്റെ താൽപര്യം ഒന്നിലധികം പ്രകാരത്തിലാകാവുന്നതാണ്.

(1) വേണ്ടത്ര ദൃഷ്ടാന്തങ്ങൾ നിലവിലുണ്ടായിട്ടും ഇന്നിന്ന പ്രകാരത്തിലുള്ള ഒരു ദൃഷ്ടാന്തം കണ്ടെങ്കിലേ വിശ്വസിക്കൂ എന്ന് സമുദായങ്ങൾ ശഠിച്ചു നിന്നതിനെത്തുടർന്നു ആ ദൃഷ്ടാന്തം അവർക്ക് കാണിച്ചു കൊടുക്കുകയും, അതിന് ശേഷം അവർ വിശ്വസിക്കാതിരിക്കുകയും ചെയ്യുമ്പോൾ അവരെ നശിപ്പിക്കുന്ന വല്ല പൊതുശിക്ഷയും ഇറക്കുന്നത് അല്ലാഹുവിന്റെ ഒരു നടപടിച്ചട്ടമാകുന്നു. ഇവരുടെ ആവശ്യപ്രകാരം മലക്കിനെ അയച്ചാലും ഇവർ വിശ്വസിക്കുവാൻ പോകുന്നില്ല. കാരണം ആത്മാർത്ഥത അവർക്കില്ലല്ലോ. അപ്പോൾ, അതിനെത്തുടർന്ന് പൊതു ശിക്ഷയാണ് ഉണ്ടായിത്തീരുക. ഈ സമുദായം അന്ത്യസമുദായമായതുകൊണ്ട് ഈ സമുദായത്തെ അടിയോടെ ഉന്മൂലനം ചെയ്യാൻ അല്ലാഹു ഉദ്ദേശിക്കുന്നുമില്ല.

(2) മലക്കിനെ അദ്ദേഹത്തിന്റെ യഥാരൂപത്തിൽ ഇറക്കിയാൽ, ആ കാഴ്ചയുടെ ഗൗരവം താങ്ങാനാവാതെ അതോടെ അവർ മരണമടഞ്ഞുപോകും.

(3) മലക്കിന്റെ സാക്ഷാൽ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതോടെ നല്ലതും ചീത്തയും തിരഞ്ഞെടുക്കുവാനുള്ള ഇച്ഛാസ്വാതന്ത്ര്യം നഷ്ടപ്പെടുകയും, നന്മ മാത്രം സ്വീകരിക്കുവാൻ നിർബന്ധിതരായിത്തീരുകയും ചെയ്യുന്നു. ഇതാകട്ടെ, ദൈവിക ശാസനകളുടെ അടിസ്ഥാന തത്വത്തിനു നിരക്കാത്തതുമാണ്.

(4) സത്യം സ്വീകരിക്കുവാനുള്ള അവസരം ഇപ്പോഴും അവരുടെ മുമ്പിലുണ്ട്. അതു നഷ്ടപ്പെടുത്തി ഇങ്ങിനെ ഒരാവശ്യം ഉന്നയിക്കുന്ന സ്ഥിതിക്ക് ആ അവസരം പാഴായിപ്പോകുകയും, വിശ്വസിക്കാതിരുന്നാൽ ശിക്ഷാനടപടി അതോടെ സുനിശ്ചിതമായിത്തീരുകയും ചെയ്യും.

വിഭാഗം - 2

قُلْ سِيرُوا۟ فِى ٱلْأَرْضِ ثُمَّ ٱنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلْمُكَذِّبِينَ ﴿١١﴾

《11》 **(നബിയേ) പറയുക: 'നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കുവിൻ, പിന്നെ, വ്യാജമാക്കിയവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് നോക്കുവിൻ'**

《11》 قُلْ നീ പറയുക سِيرُوا നിങ്ങൾ നടക്കു(സഞ്ചരിക്കു)വിൻ فِي الْأَرْضِ ഭൂമിയിൽ ثُمَّ انظُرُوا പിന്നെ നിങ്ങൾ നോക്കുവിൻ كَيْفَ كَانَ എങ്ങിനെ ആയിരുന്നു عَاقِبَةُ കലാശം, പര്യവസാനം الْمُكَذِّبِينَ വ്യാജമാക്കിയവരുടെ

ഭൂമിയിലൂടെ സഞ്ചരിച്ചു മുൻസമുദായങ്ങളുടെ ചരിത്രങ്ങളെപ്പറ്റി അന്വേഷിക്കുന്ന പക്ഷം, അവർ അവരുടെ സത്യനിഷേധത്തിന്റെ ഫലമായി അല്ലാഹുവിന്റെ ശിക്ഷകൾക്ക് വിധേയരായതിന്റെ പല ഉദാഹരണങ്ങളും നിങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയുമെന്നു സാരം.

قُل لِّمَن مَّا فِي ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ قُل لِّلَّهِ ۚ كَتَبَ عَلَىٰ نَفْسِهِ ٱلرَّحْمَةَ ۚ

《12》 നീ പറയുക: ആരുടെതാണ് ആകാശങ്ങളിലും ഭൂമിയിലുമുള്ളത്?' പറയുക: അല്ലാഹുവിന്റെതാണ്. കാരുണ്യത്തെ തന്റെ സ്വന്തം പേരിൽ (ബാധ്യതയായി) അവൻ നിശ്ചയിച്ചിരിക്കുന്നു.

لَيَجْمَعَنَّكُمْ إِلَىٰ يَوْمِ ٱلْقِيَٰمَةِ لَا رَيْبَ فِيهِ ۚ

നിശ്ചയമായും, അവൻ ക്വിയാമത്ത് നാളിലേക്ക് നിങ്ങളെ ഒരുമിച്ചു കൂട്ടുക തന്നെ ചെയ്യും - അതിൽ സന്ദേഹമേ ഇല്ല.

ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ فَهُمْ لَا يُؤْمِنُونَ ﴿١٢﴾

തങ്ങളുടെ സ്വന്തങ്ങളെ(തന്നെ) നഷ്ടപ്പെടുത്തിയവരത്രെ (അവർ). അതിനാൽ അവർ വിശ്വസിക്കയില്ല.

۞ وَلَهُۥ مَا سَكَنَ فِي ٱلَّيْلِ وَٱلنَّهَارِ ۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿١٣﴾

《13》 'അവന്റെത് തന്നെയാണ് രാത്രിയിലും പകലിലും ഒതുങ്ങിയതും (എല്ലാം). അവൻ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ'.

《12》 قُلْ നീ പറയുക, ചോദിക്കുക لِمَنْ ആരുടെതാണ് مَافِي السَّمَاوَاتِ ആകാശങ്ങളിലുള്ളത് وَالأَرْضِ ഭൂമിയിലും قُلْ لِلَّهِ പറയുക അല്ലാഹുവിന്റെതാണ് كَتَبَ അവൻ രേഖപ്പെടുത്തിയിരിക്കുന്നു (നിശ്ചയിച്ചിരിക്കുന്നു) عَلَىٰ نَفْسِهِ അവന്റെ മേൽ, സ്വന്തത്തിന്റെ പേരിൽ الرَّحْمَةَ കാരുണ്യം لَيَجْمَعَنَّكُمْ തീർച്ചയായും അവൻ നിങ്ങളെ ഒരുമിച്ചുകൂട്ടും إِلَىٰ يَوْمِ الْقِيَامَةِ ക്വിയാമത്ത് നാളിലേക്ക് لَا رَيْبَ فِيهِ അതിൽ സന്ദേഹമേ ഇല്ല الَّذِينَ خَسِرُوا നഷ്ടപ്പെടുത്തിയവരാണ് أَنْفُسَهُمْ തങ്ങളുടെസ്വന്തങ്ങളെ فَهُمْ അതിനാൽ (എന്നി) അവർ لَا يُؤْمِنُونَ അവർ വിശ്വസിക്കയില്ല. 《13》 وَلَهُ അവന്റെതാണ് مَا سَكَنَ അടങ്ങി (ഒതുങ്ങി) യത് فِي اللَّيْلِ രാത്രിയിൽ وَالنَّهَارِ പകലിലും وَهُوَ السَّمِيعُ അവൻ കേൾക്കുന്നവനുമത്രെ الْعَلِيمُ അറിയുന്നവൻ

ആകാശഭൂമികൾ ഉൾകൊള്ളുന്ന വസ്തുക്കളും, രാവിലും പകലിലുമായി ഒതുങ്ങുന്ന വസ്തുക്കളുമെല്ലാം അല്ലാഹുവിന്റെ ഉടമയിലും നിയന്ത്രണത്തിലും അധികാരത്തിലും ഉള്ളവയാണ്. അവയിൽ നടക്കുന്നതെന്തും അവൻ കേട്ടും അറിഞ്ഞും കൊണ്ടിരിക്കുന്നു. യാഥാർത്ഥ്യം ഇതായിരുന്നിട്ടും നിങ്ങൾ അവനിൽ അവിശ്വസിക്കുന്നത് നിങ്ങൾ നിങ്ങളുടെ സ്വന്തം ഭാവിയെ നിശ്ശേഷം നഷ്ടപ്പെടുത്തലാകുന്നു, സൃഷ്ടികളോട് കരുണ ചെയ്യൽ അല്ലാഹു അവന്റെ ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് തൽക്കാലം അവൻ നിങ്ങളെ ഒഴിവാക്കി വിട്ടിരിക്കുകയാണ്. ക്വിയാമത്ത് നാളിൽ നിങ്ങളെ ഒന്നടങ്കം അവൻ ഒരുമിച്ചുകൂട്ടി നടപടി എടുക്കാതിരിക്കുകയില്ല. എന്നൊക്കെ അവിശ്വാസികളെ അല്ലാഹു താക്കീതു ചെയ്യുന്നു. നബി (ﷺ) പറയുന്നു: 'അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചപ്പോൾ, 'നിശ്ചയമായും, എന്റെ കാരുണ്യം എന്റെ കോപത്തെ അതിജയിച്ചിരിക്കുന്നു' വെന്ന് ഒരു രേഖ അവന്റെ അടുക്കൽ -അവന്റെ 'അർശി'ന്മേൽ- അവൻ രേഖപ്പെടുത്തിവെച്ചിരിക്കുന്നു.' (ബു:മു.).

قُلْ أَغَيْرَ ٱللَّهِ أَتَّخِذُ وَلِيًّا فَاطِرِ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَهُوَ يُطْعِمُ وَلَا يُطْعَمُ ۗ

﴾14﴿ നീ പറയുക: 'അല്ലാഹുവിനെ- ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചുണ്ടാക്കിയവനെ- അല്ലാതെ ഞാൻ രക്ഷാകർത്താവാക്കി വെക്കുകയോ? അവനാകട്ടെ, ഭക്ഷണം നൽകുകയും ചെയ്യുന്നു; അവനു ഭക്ഷണം നൽകപ്പെടുന്നുമില്ല. (-എന്നിട്ടും)!'

قُلْ إِنِّىٓ أُمِرْتُ أَنْ أَكُونَ أَوَّلَ مَنْ أَسْلَمَ ۖ وَلَا تَكُونَنَّ مِنَ ٱلْمُشْرِكِينَ ﴿١٤﴾

നീ പറയുക: നിശ്ചയമായും മുസ്‌ലിമാകുന്ന [കീഴൊതുങ്ങുന്ന] ഒന്നാമത്തെവൻ ഞാനായിരിക്കണമെന്ന് എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നു. നിശ്ചയമായും, നീ മുശ്‌രിക്കുകളിൽ [ബഹുദൈവ വിശ്വാസികളിൽ] ആയിത്തീരരുതെന്നും.'

﴾14﴿ قُلْ നീ പറയുക أَغَيْرَ اللَّهِ അല്ലാഹു അല്ലാത്തവരെയോ أَتَّخِذُ ഞാൻ ആക്കുന്നു, സ്വീകരിക്കുന്നു وَلِيًّا ബന്ധു, സഹായകൻ, കാര്യകർത്താവ്, രക്ഷാധികാരി فَاطِرِ സൃഷ്ടിച്ചുണ്ടാക്കിയവൻ (....വനായ) السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضِ ഭൂമിയെയും وَهُوَ അവനാകട്ടെ يُطْعِمُ ഭക്ഷണം നൽകുന്നു وَلَا يُطْعَمُ അവനു ഭക്ഷണം നൽകപ്പെടുന്നുമില്ല قُلْ നീ പറയുക إِنِّي أُمِرْتُ നിശ്ചയമായും ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു أَنْ أَكُونَ ഞാനായിരിക്കുവാൻ, ആകണമെന്ന് أَوَّلَ ആദ്യത്തെ (ഒന്നാമത്തെ)വൻ مَنْ أَسْلَمَ മുസ്‌ലിമായ (കീഴൊതുങ്ങിയ)വരിൽ وَلَا تَكُونَنَّ നിശ്ചയമായും നീ ആകരുത് (ആയിരിക്കരുത്) എന്നും مِنَ الْمُشْرِكِينَ മുശ്‌രിക്കുകളിൽ, ബഹുദൈവ വിശ്വാസികളിൽ പെട്ട(വൻ)

قُلْ إِنِّيٓ أَخَافُ إِنْ عَصَيْتُ رَبِّي عَذَابَ يَوْمٍ عَظِيمٍ ﴿١٥﴾

﴾15﴿ നീ പറയുക: 'എന്റെ രക്ഷിതാവിനോടു ഞാൻ അനുസരണക്കേട് കാണിച്ചുവെങ്കിൽ, വമ്പിച്ച ഒരു ദിവസത്തിലെ ശിക്ഷയെ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു.

مَّن يُصْرَفْ عَنْهُ يَوْمَئِذٍ فَقَدْ رَحِمَهُۥ ۚ وَذَٰلِكَ ٱلْفَوْزُ ٱلْمُبِينُ ﴿١٦﴾

﴾16﴿ അന്നത്തെ ദിവസം ആരിൽ നിന്ന് അത് [ആ ശിക്ഷ] ഒഴിവാക്കപ്പെടുന്നുവോ അവന് തീർച്ചയായും അവൻ കരുണ ചെയ്തിരിക്കുന്നു. അതത്രെ സ്പഷ്ടമായ വിജയം!

﴾15﴿ قُلْ إِنِّي നീ പറയുക നിശ്ചയമായും ഞാൻ أَخَافُ ഞാൻ ഭയപ്പെടുന്നു إِنْ عَصَيْتُ ഞാൻ അനുസരണക്കേട്(എതിരു)കാണിച്ചുവെങ്കിൽ رَبِّي എന്റെ രക്ഷിതാവിനോട് عَذَابَ يَوْمٍ ഒരു ദിവസത്തിലെ ശിക്ഷ عَظِيمٍ വമ്പിച്ച, ഗൗരവമായ ﴾16﴿ مَنْ ആർ, ഏതൊരുവൻ يُصْرَفْ അത് തിരിക്ക(ഒഴിവാക്ക)പ്പെട്ടുവോ عَنْهُ അവനിൽ നിന്ന്, അവന് يَوْمَئِذٍ ആ ദിവസം, അന്ന് فَقَدْ رَحِمَهُ എന്നാൽ തീർച്ചയായും അവൻ അവന്ന് കരുണ ചെയ്തു وَذَٰلِكَ അത് الْفَوْزُ വിജയമത്രെ الْمُبِينُ സ്പഷ്ട(വ്യക്ത)മായ

സ്രഷ്ടാവും, അന്നദാതാവും അല്ലാഹുവായിരിക്കെ, അവന് മറ്റാരിൽനിന്നും ഭക്ഷണമോ മറ്റോ ലഭിക്കേണ്ടുന്ന ആവശ്യമില്ലാത്തവനായിരിക്കെ, അവനോട് മറ്റുവല്ലതിനെയും പങ്കുചേർക്കുന്നതും, അവന്റെ വിധിവിലക്കുകൾക്ക് കീഴൊതുങ്ങിക്കൊണ്ട് ഇസ്‌ലാമിനെ അംഗീകരിക്കാതിരിക്കുന്നതും ബുദ്ധിശൂന്യതയാണ്; യുക്തിവിരുദ്ധമാണ്; അവനല്ലാത്ത മറ്റേത് വസ്തുവും തന്നെ സ്രഷ്ടാവുമല്ല, അന്നദാതാവുമല്ല; ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ പരാശ്രയം എല്ലാവർക്കും വേണം താനും. എന്നിരിക്കെ, തൗഹീദിന്റെ മാർഗത്തിൽ അയവുവരുത്തി അല്ലാഹു അല്ലാത്തവരെ രക്ഷകർത്താക്കളും സഹായകരുമായി ഞാൻ എങ്ങിനെ സ്വീകരിക്കും? ഞാനാണെങ്കിൽ, എല്ലാതരം ശിർക്കുകളിൽ നിന്നും പൂർണവിമുക്തനായി ഒന്നാമത്തെ മുസ്‌ലിമായിരിക്കണമെന്ന് കൽപിക്കപ്പെട്ട ആളുമാണ്. അവന്റെ കൽപന അനുസരിക്കാത്തപക്ഷം അന്ത്യനാളാകുന്ന ആ മഹാദിനത്തിൽ അവന്റെ ശിക്ഷ അനുഭവിക്കേണ്ടിവരുമെന്ന് ഞാൻ ഭയപ്പെടുകയും ചെയ്യുന്നു. അന്നത്തെ ശിക്ഷയിൽ നിന്ന് ഒഴിവായിക്കിട്ടുന്നവർ മാത്രമാണ് ഭാഗ്യവാന്മാർ, അതുകൊണ്ട് നിങ്ങൾ എത്ര തന്നെ ശഠിച്ചാലും, എന്ത് നിലപാടു സ്വീകരിച്ചാലും എന്റെ ദൗത്യനിർവ്വഹണത്തിൽനിന്ന് ഞാൻ ലവലേശം പിൻവാങ്ങുവാൻ തയ്യാറില്ല എന്നിങ്ങനെ മുശ്‌രിക്കുകളോട് പ്രഖ്യാപിക്കുവാൻ അല്ലാഹു നബി ﷺ യോട് കൽപിക്കുകയാണ്.

وَإِن يَمْسَسْكَ ٱللَّهُ بِضُرٍّ فَلَا كَاشِفَ لَهُۥٓ إِلَّا هُوَ ۖ وَإِن يَمْسَسْكَ بِخَيْرٍ فَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١٧﴾

《17》 **(നബിയേ) നിനക്ക് അല്ലാഹു വല്ല ഉപദ്രവത്തെയും ബാധിപ്പിക്കുകയാണെങ്കിൽ, അവനല്ലാതെ അതിനെ നീക്കം ചെയ്യുന്നവൻ (ആരും) ഇല്ല. നിനക്ക് അവൻ വല്ല ഗുണത്തെയും ബാധിപ്പിക്കുകയാണെങ്കിൽ, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമത്രെ. [അതാർക്കും തടയുകയും സാധ്യമല്ല.]**

وَهُوَ ٱلْقَاهِرُ فَوْقَ عِبَادِهِۦ ۚ

《18》 **അവനത്രെ, അവന്റെ അടിയാന്മാരുടെ മീതെ സർവ്വാധികാരിയായുള്ളവനും;**

وَهُوَ ٱلْحَكِيمُ ٱلْخَبِيرُ ﴿١٨﴾

അവനത്രെ, അഗാധജ്ഞനും, സൂക്ഷ്മജ്ഞാനിയുമായുള്ളവനും.

《17》 وَإِنْ يَمْسَسْكَ നിന്നെ ബാധിപ്പിക്കുന്ന പക്ഷം, സ്പർശിക്കുന്നുവെങ്കിൽ اللهُ അല്ലാഹു بِضُرٍّ വല്ല ഉപദ്രവത്തെയും, ഉപദ്രവം കൊണ്ട് فَلَا كَاشِفَ എന്നാൽ തുറവിയാക്കുന്ന (നീക്കം ചെയ്യുന്ന)വനില്ല لَهُ അതിനെ إِلَّا هُوَ അവനല്ലാതെ وَإِنْ يَمْسَسْكَ അവൻ നിന്നെ ബാധിപ്പിക്കുന്നുവെങ്കിൽ بِخَيْرٍ വല്ല ഗുണത്തെയും فَهُوَ എന്നാൽ അവൻ عَلَى كُلِّ شَيْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ് 《18》 وَهُوَ الْقَاهِرُ അവനത്രെ സർവ്വാധികാരി فَوْقَ عِبَادِهِ തന്റെ അടിയാന്മാരുടെ മീതെ وَهُوَ അവൻ (തന്നെ) الْحَكِيمُ അഗാധജ്ഞൻ الْخَبِيرُ സൂക്ഷ്മജ്ഞാനി

ആർക്ക്-എവിടെ എന്ത് അധികാരം ഉണ്ടെങ്കിലും അതൊക്കെ നാമമാത്രവും, താൽക്കാലികവും ആപേക്ഷികവും മാത്രമാകുന്നു. സൃഷ്ടികളുടെ പരമാധികാരിയും, സർവ്വാധികാരിയും അല്ലാഹു മാത്രമാണ്. ഏതെങ്കിലും തരത്തിലുള്ള പരിമിതിയോ, ഉപാധിയോ അവന്റെ അധികാരത്തിലില്ല.

قُلْ أَىُّ شَىْءٍ أَكْبَرُ شَهَٰدَةً ۖ قُلِ ٱللَّهُ ۖ شَهِيدٌۢ بَيْنِى وَبَيْنَكُمْ ۚ

《19》 **നീ പറയുക: 'സാക്ഷ്യത്തിൽ വെച്ച് ഏറ്റവും വലിയത് ഏത് വസ്തുവാണ്? പറയുക: എന്റെയും നിങ്ങളുടെയും ഇടയിൽ അല്ലാഹു സാക്ഷിയാകുന്നു.**

وَأُوحِيَ إِلَيَّ هَٰذَا ٱلْقُرْءَانُ لِأُنذِرَكُم بِهِۦ وَمَنۢ بَلَغَ

ഈ ക്വുർആൻ മുഖേന നിങ്ങളെയും, അതു ആർക്ക് എത്തിച്ചേർന്നുവോ അവരെയും ഞാൻ താക്കീത് ചെയ്യുവാൻ വേണ്ടി അത് എനിക്ക് 'വഹ്‌യ്' നൽകപ്പെടുകയും ചെയ്തിരിക്കുന്നു.

أَئِنَّكُمْ لَتَشْهَدُونَ أَنَّ مَعَ ٱللَّهِ ءَالِهَةً أُخْرَىٰ ۚ قُل لَّآ أَشْهَدُ ۚ

അല്ലാഹുവിനോടൊപ്പം വേറെ ആരാധ്യന്മാരുണ്ടെന്ന് നിങ്ങൾ സാക്ഷ്യം വഹിക്കുക തന്നെ ചെയ്യുന്നുവോ?!' നീ പറയുക: 'ഞാൻ (അതിന്) സാക്ഷ്യം വഹിക്കുകയില്ല'.

قُلْ إِنَّمَا هُوَ إِلَٰهٌ وَٰحِدٌ وَإِنَّنِى بَرِىٓءٌ مِّمَّا تُشْرِكُونَ ﴿١٩﴾

നീ പറയുക: 'നിശ്ചയമായും, അവൻ ഏക ആരാധ്യൻ തന്നെയാകുന്നു; നിശ്ചയമായും നിങ്ങൾ പങ്കുചേർക്കുന്നതിനെ സംബന്ധിച്ചു ഞാൻ നിരപരാധിയുമാകുന്നു.'

ٱلَّذِينَ ءَاتَيْنَٰهُمُ ٱلْكِتَٰبَ يَعْرِفُونَهُۥ كَمَا يَعْرِفُونَ أَبْنَآءَهُمُ ۘ ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ فَهُمْ لَا يُؤْمِنُونَ ﴿٢٠﴾

《20》 നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ, തങ്ങളുടെ പുത്രന്മാരെ അറിയുന്നതുപോലെ അവർ അദ്ദേഹത്തെ അറിയുന്നതാണ്. തങ്ങളുടെ സ്വന്തങ്ങളെ(ത്തന്നെ) നഷ്ടപ്പെടുത്തിയവരത്രെ(അവർ); അതിനാൽ അവർ വിശ്വസിക്കയില്ല.

《19》 قُلْ നീ പറയുക أَيُّ شَيْءٍ ഏതൊരു വസ്തുവാണ് أَكْبَرُ ഏറ്റവും വലിയതത് شَهَادَةً സാക്ഷ്യത്തിൽ, സാക്ഷ്യത്താൽ قُلِ നീ പറയുക اللَّهُ شَهِيدٌ അല്ലാഹു സാക്ഷിയാകുന്നു بَيْنِي എന്റെ ഇടയിൽ وَبَيْنَكُمْ നിങ്ങളുടെ ഇടയിലും وَأُوحِيَ വഹ്‌യ് നൽകപ്പെടുകയും ചെയ്തിരിക്കുന്നു إِلَيَّ എനിക്ക് هَٰذَا الْقُرْآنُ ഈ ക്വുർആൻ لِأُنْذِرَكُمْ ഞാൻ നിങ്ങളെ താക്കീത് ചെയ്‌വാൻ വേണ്ടി بِهِ അതുകൊണ്ട് (അത് മുഖേന) وَمَنْ بَلَغَ അത് എത്തിച്ചേർന്നവർക്കും أَئِنَّكُمْ لَتَشْهَدُونَ നിങ്ങൾ സാക്ഷ്യം വഹിക്കുകതന്നെ ചെയ്യുമോ أَنَّ مَعَ اللَّهِ അല്ലാഹുവിനോടൊപ്പം (കൂടെ) ഉണ്ടെന്ന് آلِهَةً ഇലാഹുകൾ, ആരാധ്യർ, ദൈവങ്ങൾ أُخْرَىٰ വേറെ قُلْ നീ പറയുക لَا أَشْهَدُ ഞാൻ സാക്ഷ്യം വഹിക്കയില്ല قُلْ നീ പറയുക إِنَّمَا هُوَ നിശ്ചയമായും അവൻ (മാത്രം-തന്നെ) إِلَٰهٌ وَاحِدٌ ഏക ഇലാഹാണ് وَإِنَّنِي നിശ്ചയമായും ഞാൻ بَرِيءٌ ഒഴിവായവനാണ്, നിരപരാധിയാകുന്നു

﴾20﴿ مِمَّاتُشۡرِكُونَ നിങ്ങൾ ശിർക്ക് ചെയ്യുന്ന (പങ്കുചേർക്കുന്ന)തിനെ സംബന്ധിച്ച് ٱلَّذِينَ യാതൊരു കൂട്ടർ ءَاتَيۡنَاهُمُ നാം അവർക്ക് നൽകിയിരിക്കുന്നു, നാം കൊടുത്തു ٱلۡكِتَابَ വേദഗ്രന്ഥം يَعۡرِفُونَهُۥ അവർ അതിനെ (അദ്ദേഹത്തെ) അറിയും كَمَايَعۡرِفُونَ അവർ അറിയുന്നതുപോലെ أَبۡنَاءَهُمُ തങ്ങളുടെ പുത്രന്മാരെ (മക്കളെ) ٱلَّذِينَ خَسِرُوٓا۟ നഷ്ടപ്പെടുത്തിയ (നഷ്ടപ്പെട്ട)വരാണ് أَنفُسَهُمۡ തങ്ങളുടെ സ്വന്തങ്ങളെ, തങ്ങളെത്തന്നെ فَهُمۡ അതിനാലവർ لَايُؤۡمِنُونَ വിശ്വസിക്കുകയില്ല.

സത്യമാണെന്ന് ഉറപ്പുള്ള കാര്യത്തെക്കുറിച്ചു തെളിവ് നൽകുന്നതിനാണല്ലോ സാക്ഷ്യം എന്ന് പറയുന്നത്. ഏറ്റവും പ്രബലവും സ്വീകാര്യവുമായ സാക്ഷ്യം ആരുടെതാണെന്ന് ചോദിച്ചാൽ, അല്ലാഹുവിന്റെ സാക്ഷ്യം എന്നല്ലാതെ മറുപടിയില്ല. എന്നാൽ, ഞാൻ നിങ്ങളെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതാണ് യഥാർത്ഥ സത്യമെന്നും, നിങ്ങൾ സ്വീകരിച്ച മാർഗമാണ് തെറ്റായതെന്നുമുള്ളതിന് സാക്ഷിയാണ് അല്ലാഹു. അവനാണ് എനിക്ക് ഈ ക്വുർആൻ നൽകിയിരിക്കുന്നത്. നിങ്ങളെയും, ലോകാവസാനംവരെ ആർക്കെല്ലാം അത് എത്തിച്ചേർന്നിട്ടുണ്ടോ അവരെയൊക്കെയും താക്കീത് ചെയ്‌വാൻ വേണ്ടിയാണ് അത് നൽകിയിരിക്കുന്നതും. എന്നിരിക്കെ, അവന്റെ സാക്ഷ്യത്തിനും, അവന്റെ സന്ദേശങ്ങൾക്കും വിരുദ്ധമായി അവനു പുറമെ വേറെയും ചില ദൈവങ്ങളുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയാണോ നിങ്ങൾ? ഈ കള്ളസാക്ഷ്യത്തിന് ഞാൻ തയ്യാറില്ല. നിങ്ങളുടെ ഈ അപരാധത്തിന് നിങ്ങൾ തന്നെയാണ് ഉത്തരവാദികൾ. ഞാൻ ചെയ്യേണ്ടത് ഞാൻ ചെയ്തു കഴിഞ്ഞു. നിങ്ങളുടെ ചെയ്തികളിൽ എനിക്ക് ഒരു ബാധ്യതയുമില്ല. എന്നൊക്കെ മുശ്‌രിക്കുകളോട് പറയുവാൻ അല്ലാഹു നബി ﷺ തിരുമേനിയോട് കൽപിക്കുന്നതാണ് 19-ാം വചനം.

മുശ്‌രിക്കുകളെ സംബന്ധിച്ചിടത്തോളം വേദഗ്രന്ഥങ്ങളെയോ, പ്രവാചകന്മാരെയോ സംബന്ധിച്ച് അടുത്ത പരിചയങ്ങളൊന്നും ഇല്ലാത്തവരാണവർ. വേദക്കാരുടെ സ്ഥിതി അതല്ല. എന്നിട്ടും തൗഹീദിന്റെ ദൗത്യം അവരും നിരസിക്കുകയാണ് ചെയ്യുന്നത്. ഇതിനെപ്പറ്റിയാണ് 20-ാം വചനത്തിൽ പ്രസ്താവിക്കുന്നത്. ഇതുപോലെയുള്ള ഒരു പ്രസ്താവന അവരെപ്പറ്റി സൂഃ അൽബക്വറഃ 146 ൽ മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. യഥാർത്ഥം മനസ്സിലാവാത്തതുകൊണ്ടല്ല അവരും വിശ്വസിക്കാതിരിക്കുന്നത്. അവരുടെ സ്വന്തം മക്കളെ അവർ എപ്രകാരം തിരിച്ചറിയുമോ അത്ര തന്നെ ഈ സംഗതിയുടെ സത്യാവസ്ഥയും അവർക്കറിയാം. പക്ഷേ, മുശ്‌രിക്കുകളെപ്പോലെത്തന്നെ അവരും സ്വന്തം രക്ഷാമാർഗങ്ങളെല്ലാം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. അതാണവരും വിശ്വസിക്കാതിരിക്കുന്നത് എന്നു സാരം.

يَعۡرِفُونَهُۥ (അവർ അതിനെ അറിയും) എന്ന വാക്കിലെ സർവ്വനാമം (ضمير) കൊണ്ടുദ്ദേശ്യം മേൽവിവരിച്ച തൗഹീദിന്റെ കാര്യമോ, ക്വുർആനോ, നബി ﷺ യോ ആകാവുന്നതാണ്. ഈ മൂന്നിൽ ഏതാണെന്നുവെച്ചാലും ഒരേ സാരത്തിൽ തന്നെയാണ് അത് കലാശിക്കുക. അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ, അവനോട് യാതൊന്നിനെയും പങ്കുചേർത്തുകൂടാ എന്നൊക്കെ വേദക്കാർക്ക് നന്നായി അറിയാമല്ലോ. അല്ലാഹുവിന്റെ റസൂലാണ് മുഹമ്മദ് ﷺ എന്നും, ക്വുർആൻ അല്ലാഹുവിൽ നിന്ന് ലഭിച്ച വേദഗ്രന്ഥമാണെന്നും അവർക്കറിയാം. സ്വന്തം മക്കളെ അറിയും പോലെ അത്ര വ്യക്തമായിത്തന്നെ

അറിയാം. പക്ഷേ, അസൂയ, ധിക്കാരം, ദുസ്സാമർത്ഥ്യം ആദിയായവക്ക് അധീനപ്പെട്ടത് നിമിത്തം രക്ഷാമാർഗം അടിയോടെ നഷ്ടപ്പെടുത്തുകയാണ് മുശ്‌രിക്കുകളെപ്പോലെ അവരും ചെയ്യുന്നത്.

വിഭാഗം - 3

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ كَذَّبَ بِـَٔايَـٰتِهِۦٓ ۗ إِنَّهُۥ لَا يُفْلِحُ ٱلظَّـٰلِمُونَ ﴿٢١﴾

﴾21﴿ ആരാണ്, അല്ലാഹുവിന്റെ മേൽ വ്യാജം കെട്ടിച്ചമക്കുകയോ, അവന്റെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കുകയോ ചെയ്തവനെക്കാൾ അക്രമി?! നിശ്ചയമായും കാര്യം, അക്രമികൾ വിജയിക്കുകയില്ല.

وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوٓا۟ أَيْنَ شُرَكَآؤُكُمُ ٱلَّذِينَ كُنتُمْ تَزْعُمُونَ ﴿٢٢﴾

﴾22﴿ അവരെ മുഴുവനും നാം ഒരുമിച്ചുകൂട്ടുന്ന ദിവസം (ഓർക്കുക)! പിന്നീട് (നമ്മോട്) പങ്ക് ചേർത്തവരോട് നാം പറയും: 'നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്നതായ നിങ്ങളുടെ (ആ) പങ്കുകാർ എവിടെ?!'

ثُمَّ لَمْ تَكُن فِتْنَتُهُمْ إِلَّآ أَن قَالُوا۟

﴾23﴿ പിന്നെ, അവരുടെ [അവരെക്കൊണ്ടുള്ള] കുഴപ്പം അവർ (ഇങ്ങിനെ) പറയുന്നതല്ലാതെ (മറ്റൊന്നും) ആയിരിക്കയില്ല:

﴾21﴿ وَمَنْ ആരാണ്, ആരുണ്ട് أَظْلَمُ അധികം അക്രമി مِمَّنِ افْتَرَىٰ കെട്ടിച്ചമച്ച (കെട്ടിപ്പറഞ്ഞ)വനെക്കാൾ عَلَى اللَّهِ അല്ലാഹുവിന്റെമേൽ كَذِبًا വ്യാജം, കളവ് أَوْ كَذَّبَ അല്ലെങ്കിൽ വ്യാജമാക്കിയ(വനെക്കാൾ) بِآيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളെ إِنَّهُ നിശ്ചയമായും അത് (കാര്യം) لَا يُفْلِحُ വിജയം പ്രാപിക്കയില്ല الظَّالِمُونَ അക്രമികൾ ﴾22﴿ وَيَوْمَ ദിവസം نَحْشُرُهُمْ അവരെ നാം ശേഖരി (ഒരുമി)ച്ചു കൂട്ടുന്ന جَمِيعًا മുഴുവനും, എല്ലാവരെയും ثُمَّ نَقُولُ പിന്നെ നാം പറയും لِلَّذِينَ أَشْرَكُوا ശിർക്ക് ചെയ്ത(പങ്ക് ചേർത്ത)വരോട് أَيْنَ എവിടെയാണ് شُرَكَاؤُكُمُ നിങ്ങളുടെ പങ്കുകാർ الَّذِينَ യാതൊരുവർ كُنتُمْ تَزْعُمُونَ നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്നു ﴾23﴿ ثُمَّ لَمْ تَكُنْ പിന്നെ ആയിരിക്കയില്ല فِتْنَتُهُمْ അവരുടെ കുഴപ്പം (ശല്യം) إِلَّا أَن قَالُوا അവർ പറയുന്നതല്ലാതെ

وَٱللَّهِ رَبِّنَا مَا كُنَّا مُشْرِكِينَ ﴿٢٣﴾

'ഞങ്ങളുടെ റബ്ബായ അല്ലാഹുവിനെ തന്നെയാണ (സത്യം)! ഞങ്ങൾ പങ്കുചേർക്കുന്നവരായിരുന്നില്ല'.

ٱنظُرْ كَيْفَ كَذَبُوا۟ عَلَىٰٓ أَنفُسِهِمْ ۚ وَضَلَّ عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٢٤﴾

﴾24﴿ നോക്കുക: അവർ തങ്ങളുടെ സ്വന്തം പേരിൽ (തന്നെ) വ്യാജം പറഞ്ഞതെങ്ങിനെയെന്ന്! അവർ ഏതൊന്നു കെട്ടിച്ചമച്ചിരുന്നുവോ അത് അവരെ വിട്ടു മറഞ്ഞു പോകുന്നതുമാണ്.

وَاللَّهِ അല്ലാഹുവിനെ തന്നെയാണ رَبِّنَا ഞങ്ങളുടെ റബ്ബായ مَا كُنَّا ഞങ്ങളായിരുന്നില്ല مُشْرِكِينَ മുശ്‌രിക്കുകൾ, പങ്കുചേർക്കുന്നവർ, ബഹുദൈവവിശ്വാസികൾ
﴾24﴿ انظُرْ നോക്കുക كَيْفَ كَذَبُوا എങ്ങനെയാണ് അവർ വ്യാജം പറഞ്ഞത് عَلَىٰ أَنفُسِهِمْ അവരുടെ സ്വന്തം പേരിൽ وَضَلَّ പിഴച്ചു(മറഞ്ഞു) പോകുകയും ചെയ്യും عَنْهُم അവരെ വിട്ട്, അവരിൽ നിന്ന് مَا كَانُوا അവരായിരുന്നത് يَفْتَرُونَ അവർ കെട്ടിച്ചമക്കും.

അല്ലാഹുവിന്റെ പങ്കാളികളായി നിങ്ങൾ ജൽപിച്ചാരാധിച്ചു വരുന്ന ദൈവങ്ങളൊക്കെ എവിടെപ്പോയി? അവയൊന്നും നിങ്ങൾക്ക് രക്ഷയും സഹായവും നൽകുന്നില്ലല്ലോ! എന്ന് മുശ്‌രിക്കുകളോട് മഹ്ശറയിൽ വെച്ച് അല്ലാഹു ചോദിക്കും. മുമ്പ് ഇഹത്തിൽ വെച്ച് അവർ ഉണ്ടാക്കിയിരുന്ന കുഴപ്പം സത്യനിഷേധവും ശിർക്കുമായിരുന്നു. എന്നാൽ, ഈ അവസരത്തിൽ അവരുണ്ടാക്കുന്ന കുഴപ്പം, തങ്ങൾ ശിർക്കുകളൊന്നും പ്രവർത്തിച്ചിട്ടില്ലെന്ന് അല്ലാഹുവിന്റെ പേരിൽ കള്ളസത്യം ചെയ്തു പറയുന്നതായിരിക്കും. മുമ്പ് അവരിൽ പ്രകടമായിരുന്ന ആ ധാർഷ്ട്യവും ധൈര്യവും ഇപ്പോൾ അവരിൽ കാണുകയില്ല. അവർ അല്ലാഹുവിന് സമാനമായി ദൈവങ്ങളാക്കി വെച്ചിരുന്ന ആ പങ്കാളികളൊന്നും അവരെ സഹായിക്കുവാൻ ഉണ്ടായിരിക്കുകയുമില്ല.

فِتْنَتُهُمْ (അവരുടെ കുഴപ്പം) എന്ന് അലങ്കാര രൂപത്തിൽ പറഞ്ഞതല്ലാതെ, അവർമൂലം അവിടെ അല്ലാഹുവിനോ മറ്റാർക്കെങ്കിലുമോ വല്ലദോഷവും ഭവിക്കുമെന്നല്ല ഉദ്ദേശ്യം. രക്ഷാമാർഗം ഒന്നുമില്ലെന്ന് കാണുമ്പോൾ അങ്ങനെ ഒരു കളവ് പറഞ്ഞുനോക്കുമെന്നല്ലാതെ, ആ കളവുകൊണ്ട് അവർക്ക് വല്ല നേട്ടവും ലഭിച്ചേക്കുമെന്ന് അതിനർത്ഥമില്ല. വായകൊണ്ട് പറയുന്ന ആ കള്ളവാദത്തെ അവരുടെ സ്വന്തം കൈകാലുകളും മറ്റു അവയവങ്ങളും തന്നെ നിഷേധിച്ചു അവർക്കെതിരിൽ അന്നു സാക്ഷ്യം നൽകുന്നതുമായിരിക്കും (36:65, 41:20).

وَمِنْهُم مَّن يَسْتَمِعُ إِلَيْكَ ۖ

﴾25﴿ അവരിലുണ്ട് ചിലർ: നിന്നിലേക്ക് [നീ പറയുന്നതിലേക്ക്] അവർ ചെവികൊടുക്കും;

وَجَعَلْنَا عَلَىٰ قُلُوبِهِمْ أَكِنَّةً أَن يَفْقَهُوهُ وَفِىٓ ءَاذَانِهِمْ وَقْرًا ۚ

(പക്ഷേ) അതു ഗ്രഹിക്കുന്നതിന് (തടസ്സമായി) അവരുടെ ഹൃദയങ്ങളുടെ മേൽ നാം ചില മൂടികളെ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരുടെ കാതുകളിൽ ഒരു (തരം) കട്ടിയും (നാം ഏർപ്പെടുത്തിയിരിക്കുന്നു).

وَإِن يَرَوْا۟ كُلَّ ءَايَةٍ لَّا يُؤْمِنُوا۟ بِهَا ۚ حَتَّىٰٓ إِذَا جَآءُوكَ يُجَـٰدِلُونَكَ يَقُولُ ٱلَّذِينَ كَفَرُوٓا۟ إِنْ هَـٰذَآ إِلَّآ أَسَـٰطِيرُ ٱلْأَوَّلِينَ ﴿٢٥﴾

എല്ലാ ദൃഷ്ടാന്തവും കണ്ടാലും അതിലവർ വിശ്വസിക്കുന്നതുമല്ല. അങ്ങനെ, അവർ നിന്റെ അടുക്കൽ വന്നാൽ നിന്നോട് അവർ തർക്കം നടത്തുന്നതാണ്. (ആ) അവിശ്വസിച്ചവർ പറയും: 'ഇത് പൂർവ്വികന്മാരുടെ പുരാണ കഥകളല്ലാതെ (മറ്റൊന്നും) അല്ല'.

وَهُمْ يَنْهَوْنَ عَنْهُ وَيَنْـَٔوْنَ عَنْهُ ۖ وَإِن يُهْلِكُونَ إِلَّآ أَنفُسَهُمْ وَمَا يَشْعُرُونَ ﴿٢٦﴾

﴾26﴿ അവർ അതിനെക്കുറിച്ചു (മറ്റുള്ളവരെ) വിരോധിക്കുകയും, അതിൽ നിന്ന് അവർ അകലുകയും ചെയ്യും. (വാസ്തവത്തിൽ) അവർ തങ്ങളെത്തന്നെയല്ലാതെ നാശത്തിലാക്കുന്നില്ല; അവർക്ക് ബോധം വരുന്നില്ലതാനും.

﴾25﴿ وَمِنْهُمْ അവരിൽ പെട്ടതാണ്, അവരിലുണ്ട് مَنْ يَسْتَمِعُ ചെവികൊടുക്കുന്ന (ശ്രദ്ധിച്ചു കേൾക്കുന്ന)വർ (ചിലർ) إِلَيْكَ നിന്നിലേക്ക് وَجَعَلْنَا നാം ആക്കുക (ഏർപ്പെടുത്തുക)യും ചെയ്തിരിക്കുന്നു عَلَىٰ قُلُوبِهِمْ അവരുടെ ഹൃദയങ്ങളുടെ മേൽ أَكِنَّةً ചില മൂടികളെ أَنْ يَفْقَهُوهُ അവരതിനെ ഗ്രഹിക്കുന്നതിന് (തടസ്സമായി) وَفِي آذَانِهِمْ അവരുടെ കാതു(ചെവി)കളിലും وَقْرًا ഒരു (തരം) ഭാരം, കട്ടി وَإِنْ يَرَوْا അവർ കണ്ടാലും كُلَّ آيَةٍ എല്ലാ ദൃഷ്ടാന്തവും لَا يُؤْمِنُوا بِهَا അതിൽ അവർ വിശ്വസിക്കയില്ല حَتَّىٰ അങ്ങനെ (ഇതുവരെ) إِذَا جَاءُوكَ അവർ നിന്റെ അടുക്കൽ വന്നാൽ يُجَادِلُونَكَ അവർ നിന്നോട് തർക്കം നടത്തും يَقُولُ പറയും الَّذِينَ كَفَرُوا അവിശ്വസിച്ചവർ إِنْ هَٰذَا ഇതല്ല إِلَّا أَسَاطِيرُ പുരാണ കഥകൾ (ഇതിഹാസങ്ങൾ) അല്ലാതെ الْأَوَّلِينَ പൂർവ്വികന്മാരുടെ ﴾26﴿ وَهُمْ അവർ يَنْهَوْنَ വിരോധിക്കുന്നു عَنْهُ അതിനെക്കുറിച്ച് وَيَنْأَوْنَ അവർ അകലുക(ദൂരപ്പെടുക)യും ചെയ്യുന്നു (ചെയ്യും) عَنْهُ അതിനെക്കുറിച്ച്, അതിൽ നിന്ന് وَإِنْ يُهْلِكُونَ അവർ നശിപ്പി(നാശത്തിലാ)ക്കുന്നുമില്ല إِلَّا أَنْفُسَهُمْ അവരുടെ സ്വന്തങ്ങളെ (അവരെത്തന്നെ)

അല്ലാതെ وَمَا يَشْعُرُونَ അവർ അറിയുന്നുമില്ല, അവർക്ക് ബോധം വരുന്നുമില്ല.

മുശ്‌രിക്കുകളുടെ കൂട്ടത്തിലുള്ള ചില ആളുകളെപ്പറ്റിയാണ് പ്രസ്താവിക്കുന്നത്. പ്രസ്താവനയുടെ സാരം ഇങ്ങിനെ മനസ്സിലാക്കാം: നബി ﷺ ക്വുർആൻ പാരായണം ചെയ്യുകയോ, വല്ല ഉപദേശങ്ങളും നൽകുകയോ ചെയ്യുമ്പോൾ അവർ വന്നു അതിലേക്ക് ചെവികൊടുക്കും. സത്യം ഗ്രഹിക്കണമെന്നോ, കാര്യം മനസ്സിലാക്കണമെന്നോ അല്ല അവരുടെ ഉദ്ദേശ്യം. കുതർക്കത്തിന് പഴുതുണ്ടാക്കലായിരിക്കും ലക്ഷ്യം. എത്ര തന്നെ ദൃഷ്ടാന്തങ്ങൾ കണ്ടാലും കേട്ടാലും -അവരുടെ മുരത്ത ദുർവാശി നിമിത്തം- അതൊന്നും അവർ കണക്കിലെടുക്കുകയില്ല. അങ്ങനെ, വല്ല പഴുതും കാണുമ്പോൾ കുത്തിത്തിരിപ്പിനും കുതർക്കത്തിനും മുതിരുകയും ചെയ്യും. ഒടുക്കം, ഇതൊക്കെ പഴങ്കഥകളും, പുരാണേതിഹാസങ്ങളും തന്നെയാണെന്ന് വിധികൽപിച്ചു സംതൃപ്തരാകുകയും ചെയ്യും. അവർ സത്യം മനസ്സിലാക്കുകയോ അനുസരിക്കുകയോ ചെയ്യാതെ അകന്നു നിൽക്കുന്നുവെന്ന് മാത്രമല്ല, മറ്റുള്ളവരെക്കൂടി മുടക്കം ചെയ്യുകയാണവർ ചെയ്യുന്നത്. ഇതിന്റെയൊക്കെ ഫലം അവർ അവർക്കുതന്നെ നാശം വലിച്ചിടലും, അവരുടെ സ്വന്തം രക്ഷാമാർഗം തടസ്സപ്പെടുത്തലുമല്ലാതെ മറ്റൊന്നുമല്ലെന്നുള്ള ബോധം അവർക്ക്‌വരുന്നില്ല.

وَجَعَلْنَا عَلَىٰ قُلُوبِهِمْ أَكِنَّةً... (അവരുടെ ഹൃദയങ്ങൾക്ക് മേൽ നാം ചില മൂടികളെയും, അവരുടെ കാതുകളിൽ ഒരുതരം ഭാരവും ഏർപ്പെടുത്തിയിരിക്കുന്നു) എന്ന് പറഞ്ഞതിന്റെ താൽപര്യം, അവർ സത്യം ഗ്രഹിക്കുവാനും, കേട്ടുമനസ്സിലാക്കുവാനും ശ്രമിച്ചിട്ടും അതിനനുവദിക്കാതെ അല്ലാഹു തടസ്സമുണ്ടാക്കി എന്നല്ല. വേണ്ടത്ര സാഹചര്യങ്ങളും പ്രോത്സാഹനങ്ങളും ഉണ്ടായിരുന്നിട്ടും അതൊന്നും ഉപയോഗപ്പെടുത്താതെ, വാശിയും മത്സരബുദ്ധിയും മാത്രം അവർ കൈമുതലാക്കിക്കൊണ്ടിരുന്നതിന്റെ ഫലമായി അവർക്ക് സത്യം ഗ്രഹിക്കുവാൻ കഴിയാതെ വന്നുവെന്നത്രെ താൽപര്യം. അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമങ്ങളും, കാര്യകാരണ വ്യവസ്ഥകളും അനുസരിച്ചുണ്ടാകുന്ന ഇത്തരം കാര്യങ്ങളെക്കുറിച്ചു പറയുമ്പോൾ, അല്ലാഹുവിന്റെ പ്രവൃത്തിയാണതെന്നുള്ള നിലക്ക് ക്വുർആനിൽ പലപ്പോഴും അവയെ അല്ലാഹുവിനോട് ചേർത്തുകൊണ്ട് പ്രസ്താവിച്ചു കാണാവുന്നതാണ്. സത്യം ഗ്രഹിക്കണമെന്ന ഉദ്ദേശ്യമില്ലാതെയും, നിഷേധ ബുദ്ധിയും മർക്കടമുഷ്ടിയും കൈവിടാതെയും സത്യം മനസ്സിലാക്കുവാൻ സാദ്ധ്യമല്ലെന്നുള്ളത് അല്ലാഹു നിശ്ചയിച്ച ഒരു നടപടിച്ചട്ടമാണെന്ന തത്വമാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്നത്. ക്വുർആനിലും ഹദീഥിലും ഇത്തരം പ്രയോഗങ്ങൾ കാണുമ്പോൾ ഈ യാഥാർത്ഥ്യം ഓർമിച്ചിരിക്കേണ്ടതാകുന്നു. സൂറത്തുൽ ബക്വറഃ 7-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇത് സംബന്ധിച്ചു കൂടുതൽ വിശദീകരണം മുമ്പ് കഴിഞ്ഞുപോയിട്ടുണ്ട്. സന്ദർഭോചിതം ചിലപ്പോഴൊക്കെ വേറെ സ്ഥലങ്ങളിലും നാം ഇതിനെപ്പറ്റി സൂചിപ്പിക്കാറുമുണ്ട്. വേണ്ടത് പറയുമ്പോൾ അത് കേൾക്കുവാനും അനുസരിക്കുവാനും തയ്യാറില്ലാതെ അന്ധരും മൂകരുമായി കഴിയുന്നവരെപ്പറ്റി (സൂ: അൻഫാൽ 23 ൽ) അല്ലാഹു പറയുന്നത് നോക്കുക: 'അവരിൽ വല്ല നന്മയും ഉള്ളതായി അല്ലാഹു അറിഞ്ഞിരുന്നെങ്കിൽ അവരെ അവൻ കേൾപ്പിക്കുമായിരുന്നു. അവരെ കേൾപ്പിച്ചിരുന്നാലും അവർ അതിൽ നിന്ന് അവഗണിച്ചു തിരിഞ്ഞു കളയുക തന്നെ ചെയ്യുമായിരുന്നു. (وَلَوْ عَلِمَ اللَّهُ فِيهِمْ خَيْرًا لَّأَسْمَعَهُمْ.....) അടുത്ത 28-ാം വചനത്തിലെ അവസാന വാക്യവും കൂടി ശ്രദ്ധിക്കുക :

وَلَوْ تَرَىٰٓ إِذْ وُقِفُوا۟ عَلَى ٱلنَّارِ فَقَالُوا۟ يَـٰلَيْتَنَا نُرَدُّ وَلَا نُكَذِّبَ بِـَٔايَـٰتِ رَبِّنَا وَنَكُونَ مِنَ ٱلْمُؤْمِنِينَ ﴿٢٧﴾

﴿27﴾ അവർ നരകത്തിങ്കൽ നിറുത്തപ്പെടുന്ന അവസരം നീ കണ്ടിരുന്നുവെങ്കിൽ!

അപ്പോൾ അവർ പറയുന്നതാണ്: 'ഹാ ഞങ്ങളുടെ റബ്ബിന്റെ ദൃഷ്ടാന്തങ്ങളെ ഞങ്ങൾ വ്യാജമാക്കാതിരിക്കുകയും, ഞങ്ങൾ സത്യവിശ്വാസികളിൽപെട്ടവരായിത്തീരുകയും ചെയ്യുമാറ് ഞങ്ങൾ (ഒന്ന്) മടക്കപ്പെട്ടിരുന്നെങ്കിൽ നന്നായേനേ!'

بَلْ بَدَا لَهُم مَّا كَانُوا۟ يُخْفُونَ مِن قَبْلُ ۖ وَلَوْ رُدُّوا۟ لَعَادُوا۟ لِمَا نُهُوا۟ عَنْهُ وَإِنَّهُمْ لَكَـٰذِبُونَ ﴿٢٨﴾

﴿28﴾ (അത്രയുമല്ല) പക്ഷേ, അവർ മുമ്പ് മറച്ചു വെച്ചു കൊണ്ടിരുന്നത് അവർക്ക് (ഇപ്പോൾ) വെളിവായിരിക്കുകയാണ്. അവർ മടക്കപ്പെട്ടാലും അവരോട് യാതൊന്നിനെക്കുറിച്ച് വിരോധിക്കപ്പെട്ടുവോ അതിലേക്ക് അവർ (വീണ്ടും) മടങ്ങുക തന്നെ ചെയ്യുന്നതാണ്. നിശ്ചയമായും അവർ, വ്യാജം പറയുന്നവർ തന്നെ.

﴿27﴾ وَلَوْ تَرَى നീ കണ്ടിരുന്നെങ്കിൽ إِذْ وُقِفُوا അവർ നിറുത്തപ്പെടുമ്പോൾ, നിറുത്തപ്പെടുന്ന സന്ദർഭം عَلَى النَّارِ നരകത്തിങ്കൽ فَقَالُوا അപ്പോൾ അവർ പറയും يَالَيْتَنَا ഹാ ഞങ്ങളായെങ്കിൽ നന്നായേനേ نُرَدُّ ഞങ്ങൾ മടക്കപ്പെട്ടിരുന്നു(വെങ്കിൽ) وَلَا نُكَذِّبَ ഞങ്ങൾ വ്യാജമാക്കാതെയും بِآيَاتِ ദൃഷ്ടാന്തങ്ങളെ رَبِّنَا ഞങ്ങളുടെ റബ്ബിന്റെ وَنَكُونَ ഞങ്ങളായിത്തീരുകയും مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽപെട്ട(വർ) ﴿28﴾ بَلْ بَدَا പക്ഷേ (എങ്കിലും-എന്നാൽ) വെളിവായിരിക്കുന്നു, വെളിപ്പെട്ടിരിക്കയാണ് لَهُمْ അവർക്ക് مَا كَانُوا അവരായിരുന്നത് يُخْفُونَ അവർ മറച്ചു വെക്കുക مِنْ قَبْلُ മുമ്പ് وَلَوْ رُدُّوا അവർ മടക്കപ്പെട്ടാലും لَعَادُوا അവർ മടങ്ങുക (ആവർത്തിക്കുക) തന്നെ ചെയ്യും لِمَا യാതൊന്നിലേക്ക്, യാതൊന്നിനെ نُهُوا അവർ (അവരോട്) വിരോധിക്കപ്പെട്ടിരിക്കുന്നു عَنْهُ അതിനെപ്പറ്റി وَإِنَّهُمْ നിശ്ചയമായും അവർ لَكَاذِبُونَ വ്യാജം പറയുന്നവർ തന്നെ.

അവരെയും, അവരുടെ സ്ഥിതിഗതികളെയും സംബന്ധിച്ചു അവരെക്കാൾ അറിയുന്നവനാണല്ലോ അല്ലാഹു. നരക ശിക്ഷ കണ്ണിൽ കാണുന്ന അവസരത്തിൽ, ഞങ്ങളെ ഒന്നുകൂടി ഐഹിക ജീവിതത്തിലേക്ക് മടക്കിത്തന്നിരുന്നെങ്കിൽ നന്നായിരുന്നു. എന്നാൽ ഞങ്ങൾ സത്യവിശ്വാസം സ്വീകരിച്ചേനേ! എന്നും മറ്റും അവർ വിലപിക്കുകയും വ്യാമോ

ഹിക്കുകയും ചെയ്യും. എങ്കിലും അതിലും അവർക്ക് ആത്മാർത്ഥതയില്ല. അവർ മുമ്പ് മൂടിവെച്ചും നിഷേധിച്ചുംകൊണ്ടിരുന്നതിന്റെ ഫലം അനുഭവത്തിൽ വെളിപ്പെട്ടു കണ്ട തുകൊണ്ടുണ്ടായ ഒരു പ്രതികരണം മാത്രമാണത്. രണ്ടാമത് ഒന്നുകൂടി അവരെ ഇഹ ത്തിലേക്ക് മടക്കിയെന്നുവെക്കുക. എന്നാലും പഴയ സമ്പ്രദായം തന്നെ ആവർത്തി ക്കുകയായിരിക്കും അവർ ചെയ്യുക. അത്രയും ദുഷിച്ചുപോയിരിക്കുന്നു അവർ എന്ന് താൽപര്യം.

وَقَالُوٓا۟ إِنْ هِىَ إِلَّا حَيَاتُنَا ٱلدُّنْيَا وَمَا نَحْنُ بِمَبْعُوثِينَ ﴿٢٩﴾

﴾29﴿ അവർ പറയുന്നു: 'കാര്യം; നമ്മുടെ (ഈ) ഐഹിക ജീവിതമല്ലാതെ (മറ്റൊരു ജീവിതം) ഇല്ല; നാം (മരണാനന്തരം) എഴുന്നേൽപിക്കപ്പെടുന്നവരുമല്ല'.

وَلَوْ تَرَىٰٓ إِذْ وُقِفُوا۟ عَلَىٰ رَبِّهِمْ ۚ قَالَ أَلَيْسَ هَـٰذَا بِٱلْحَقِّ ۚ

﴾30﴿ അവർ അവരുടെ റബ്ബിങ്കൽ നിറുത്തപ്പെടുന്ന അവസരം നീ കണ്ടിരുന്നെങ്കിൽ! അവൻ (അവരോട്) പറയും: 'ഇത് യഥാർത്ഥം [തന്നെ] അല്ലേ?!'

قَالُوا۟ بَلَىٰ وَرَبِّنَا ۚ

അവർ പറയും: 'അല്ലാതേ! ഞങ്ങളുടെ റബ്ബിനെത്തന്നെയാണ (സത്യം)!'

قَالَ فَذُوقُوا۟ ٱلْعَذَابَ بِمَا كُنتُمْ تَكْفُرُونَ ﴿٣٠﴾

അവൻ പറയും: 'എന്നാൽ, നിങ്ങൾ അവിശ്വസിച്ചുകൊണ്ടിരുന്നതു നിമിത്തം നിങ്ങൾ ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ'.

﴾29﴿ وَقَالُوا അവർ പറയുന്നു إِنْ هِيَ അത് (കാര്യം) അല്ല إِلَّا حَيَاتُنَا നമ്മുടെ ജീവിതമല്ലാതെ الدُّنْيَا ഇഹത്തിലെ, ഐഹിക وَمَا نَحْنُ നാം അല്ലതാനും بِمَبْعُوثِينَ എഴുന്നേൽപിക്കപ്പെടുന്നവർ ﴾30﴿ وَلَوْ تَرَى നീ കണ്ടിരുന്നുവെങ്കിൽ إِذْ وُقِفُوا അവർ നിറുത്തപ്പെടുമ്പോൾ, നിറുത്തപ്പെടുന്ന സന്ദർഭം عَلَى رَبِّهِمْ തങ്ങളുടെ റബ്ബിങ്കൽ قَالَ അവൻ പറയും أَلَيْسَ هَذَا ഇതല്ലയോ بِالْحَقِّ യഥാർത്ഥം (തന്നെ) قَالُوا അവർ പറയും بَلَى അല്ലാതെ (അതെ) وَرَبِّنَا ഞങ്ങളുടെ റബ്ബിനെത്തന്നെയാണ قَالَ അവൻ പറയും فَذُوقُوا എന്നാൽ നിങ്ങൾ രുചിനോക്കു (ആസ്വദിക്കു)വിൻ الْعَذَابَ ശിക്ഷയെ بِمَا كُنتُمْ നിങ്ങളായിരുന്നത് കൊണ്ട് تَكْفُرُونَ നിങ്ങൾ അവിശ്വസിക്കുക

വിഭാഗം - 4

﴾31﴿ തീർച്ചയായും, അല്ലാഹുവുമായി കണ്ടുമുട്ടുന്നതിനെ വ്യാജമാക്കിയവർ നഷ്ടമടഞ്ഞിരിക്കുന്നു.

قَدْ خَسِرَ ٱلَّذِينَ كَذَّبُوا۟ بِلِقَآءِ ٱللَّهِ ۖ

അങ്ങനെ, അന്ത്യസമയം അവർക്ക് പെട്ടെന്ന് വന്നെത്തുമ്പോൾ, അവർ പറയും: 'ഹാ! ഇതിന്റെ (കാര്യത്തിൽ) ഞങ്ങൾ വീഴ്ച വരുത്തിയതിനാൽ ഞങ്ങളുടെ സങ്കടമേ!!' അവരാകട്ടെ, തങ്ങളുടെ (പാപ)ഭാരങ്ങളെ അവരുടെ മുതുകുകളിൽ വഹിക്കുന്നുമുണ്ടായിരിക്കും. അല്ല! (അറിയുക) അവർ പേറിക്കൊണ്ടിരിക്കുന്നത് എത്രയോ ചീത്ത!

حَتَّىٰٓ إِذَا جَآءَتْهُمُ ٱلسَّاعَةُ بَغْتَةً قَالُوا۟ يَـٰحَسْرَتَنَا عَلَىٰ مَا فَرَّطْنَا فِيهَا وَهُمْ يَحْمِلُونَ أَوْزَارَهُمْ عَلَىٰ ظُهُورِهِمْ ۚ أَلَا سَآءَ مَا يَزِرُونَ ﴿٣١﴾

﴾31﴿ قَدْخَسِرَ തീർച്ചയായും നഷ്ടപ്പെട്ടിരിക്കുന്നു الَّذِينَ كَذَّبُوا വ്യാജമാക്കിയവർ بِلِقَاءِ കണ്ടുമുട്ടുന്നതിനെ اللهِ അല്ലാഹുവിനെ حَتَّى അങ്ങനെ (ഇതുവരെ) إِذَا جَاءَتْهُمُ അവർക്ക് വന്നാൽ السَّاعَةُ അന്ത്യ സമയം بَغْتَةً പെട്ടെന്ന്, യാദൃശ്ചികമായി قَالُوا അവർ പറയും يَا حَسْرَتَنَا ഞങ്ങളുടെ സങ്കടമേ عَلَى مَافَرَّطْنَا ഞങ്ങൾ വീഴ്ചവരുത്തിയതിനാൽ فِيهَا അതിൽ, ഇതിനെപ്പറ്റി وَهُمْ അവരാകട്ടെ يَحْمِلُونَ അവർ വഹിക്കുന്നു أَوْزَارَهُمْ അവരുടെ (പാപ)ഭാരങ്ങളെ عَلَى ظُهُورِهِمْ അവരുടെ മുതുകു(പുറം)കളിൽ أَلَا അല്ല (അറിയുക) سَاءَ വളരെ (എത്രയോ) ചീത്ത (മോശം) مَايَزِرُونَ അവർ (പാപം) പേറിക്കൊണ്ടിരിക്കുന്നത്.

فَرَّطْنَافِيهَا (ഇതിൽ ഞങ്ങൾ വീഴ്ചവരുത്തി) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, ഇഹലോക ജീവിതത്തിൽ വെച്ച് സത്യവിശ്വാസവും സൽകർമവും അനുഷ്ഠിക്കുന്നതിൽ വീഴ്ചവരുത്തിയെന്നും, അന്ത്യനാളിൽ വിശ്വസിക്കാതെ അതിന്റെ കാര്യത്തിൽ വീഴ്ച വരുത്തിയെന്നും ആകാവുന്നതാണ്. രണ്ടായാലും സാരത്തിൽ ഒന്നുതന്നെ.

﴾32﴿ ഐഹിക ജീവിതം, കളിയും വിനോദവുമല്ലാതെ (മറ്റൊന്നും) അല്ല.

وَمَا ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا لَعِبٌ وَلَهْوٌ ۖ

وَلَلدَّارُ ٱلْأَاخِرَةُ خَيْرٌ لِّلَّذِينَ يَتَّقُونَ ۗ أَفَلَا تَعْقِلُونَ ﴿٣٢﴾

പരലോക ഭവനം തന്നെയാണ് സൂക്ഷ്മത പാലിക്കുന്നവർക്ക് ഉത്തമം. അപ്പോൾ (മനുഷ്യരേ) നിങ്ങൾ ബുദ്ധി കൊടു(ത്തുഗ്രഹി)ക്കുന്നില്ലേ?!

﴾32﴿ وَمَاالْحَيَاةُ ജീവിതമല്ല الدُّنْيَا ഐഹിക إِلاَلَعِبٌ കളിയല്ലാതെ وَلَهْوٌ വിനോദവും وَلَلدَّارُ തീർച്ചയായും വീട്(ഭവനം) الآخِرَةُ പരലോക خَيْرٌ ഉത്തമമാണ്, കൂടുതൽ നല്ലതാണ് لِلَّذِينَ യാതൊരു കൂട്ടർക്ക് يَتَّقُونَ സൂക്ഷ്മത പാലിക്കുന്ന أَفَلَا അപ്പോൾ ഇല്ലേ تَعْقِلُونَ നിങ്ങൾ ബുദ്ധികൊടുക്കു(ന്നില്ലേ).

ഐഹിക ജീവിതം കളിയും വിനോദവുമാണ് -പരലോക ജീവിതമാണ് സാക്ഷാൽ ജീവിതവും കാര്യപ്പെട്ടതും- എന്ന് പറയുമ്പോൾ, ഐഹിക ജീവിതത്തിൽവെച്ച് ഒന്നും നേടുവാനില്ലെന്ന് ധരിക്കേണ്ടതില്ല. പരലോകത്ത് വിജയവും മോക്ഷവും ലഭിക്കുവാനുള്ള മാർഗങ്ങളെല്ലാം സമ്പാദിക്കേണ്ടത് ഇഹത്തിൽ വെച്ചാണല്ലോ. പക്ഷേ, പാരത്രിക ജീവിത യാഥാർത്ഥ്യങ്ങളെ അപേക്ഷിച്ചു ഐഹിക ജീവിതം വെറും കളിയും വിനോദവും മാത്രമാണ്. അതിന് സ്ഥിരതയോ സാക്ഷാൽക്കാരമോ ഇല്ല, അതുകൊണ്ട് പരലോക ജീവിതത്തിനാണ് ഐഹിക ജീവിതത്തെക്കാൾ വിലകൽപിക്കേണ്ടത് എന്നാണുദ്ദേശ്യം. മറ്റൊരിടത്ത് അല്ലാഹു പറയുന്നു: بَلْ تُؤْثِرُونَ الْحَيَاةَ الدُّنْيَا وَالآخِرَةُ خَيْرٌ وَأَبْقَى (എങ്കിലും നിങ്ങൾ ഐഹിക ജീവിതത്തിന് പ്രധാന്യം നൽകുന്നു. പരലോകമാകട്ടെ, കൂടുതൽ ഉത്തമവും ശേഷിക്കുന്നതുമാകുന്നു.) സൂക്ഷ്മത പാലിക്കുന്ന സജ്ജനങ്ങൾക്ക് പരലോക ഭവനമാണ് ഉത്തമമെന്ന് പറഞ്ഞതിൽ, സൂക്ഷ്മത പാലിക്കാത്ത ദുർജ്ജനങ്ങൾക്ക് പരലോക ജീവിതം ഉത്തമമായിരിക്കയില്ല-കൂടുതൽ ദോഷകരമായിട്ടാണ് അനുഭവപ്പെടുക-എന്നുള്ള ഒരു വ്യംഗ്യാർത്ഥം കൂടി അടങ്ങിയിരിക്കുന്നു.

قَدْ نَعْلَمُ إِنَّهُۥ لَيَحْزُنُكَ ٱلَّذِى يَقُولُونَ ۖ فَإِنَّهُمْ لَا يُكَذِّبُونَكَ وَلَٰكِنَّ ٱلظَّٰلِمِينَ بِـَٔايَٰتِ ٱللَّهِ يَجْحَدُونَ ﴿٣٣﴾

﴾33﴿ (നബിയേ) അവർ പറഞ്ഞു വരുന്നത് നിശ്ചയമായും നിന്നെ വ്യസനിപ്പിക്കുന്നുവെന്ന് നാം അറിയുന്നുണ്ട്. എന്നാൽ (യഥാർത്ഥത്തിൽ) അവർ നിന്നെ വ്യാജമാക്കുന്നില്ല; എങ്കിലും (ആ) അക്രമികൾ അല്ലാഹുവിന്റെ 'ആയത്തു' (ലക്ഷ്യം)കളെയത്രെ നിഷേധിക്കുന്നത്.

وَلَقَدْ كُذِّبَتْ رُسُلٌ مِّن قَبْلِكَ فَصَبَرُوا۟ عَلَىٰ مَا كُذِّبُوا۟ وَأُوذُوا۟ حَتَّىٰٓ أَتَىٰهُمْ نَصْرُنَا ۚ وَلَا مُبَدِّلَ لِكَلِمَـٰتِ ٱللَّهِ ۚ وَلَقَدْ جَآءَكَ مِن نَّبَإِى۟ ٱلْمُرْسَلِينَ ﴿٣٤﴾

﴾34﴿ നിന്റെ മുമ്പ് പല റസൂലുകളും വ്യാജമാക്കപ്പെടുകയുണ്ടായിട്ടുണ്ട്. എന്നിട്ട് അവർക്ക് നമ്മുടെ സഹായം വന്നെത്തുന്നതുവരെ, തങ്ങൾ വ്യാജമാക്കപ്പെടുകയും, ഉപദ്രവിക്കപ്പെടുകയും ചെയ്തതിൽ അവർ ക്ഷമ സ്വീകരിച്ചു. അല്ലാഹുവിന്റെ വാക്കുകൾക്ക് മാറ്റം വരുത്തുന്നവരേ ഇല്ല.

'മുർസലു'കളുടെ വൃത്താന്തത്തിൽ നിന്നും (വേണ്ടത്) നിനക്ക് വന്നു കിട്ടിയിട്ടുണ്ടല്ലോ.

﴾33﴿ قَدْ نَعْلَمُ നാം അറിയുന്നുണ്ട്, തീർച്ചയായും നമുക്കറിയാം إِنَّهُ നിശ്ചയമായും കാര്യം لَيَحْزُنُكَ നിന്നെ വ്യസനിപ്പിക്കുന്നു (എന്ന്) الَّذِي يَقُولُونَ അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് فَإِنَّهُمْ എന്നാലവർ لَا يُكَذِّبُونَكَ നിന്നെ വ്യാജമാക്കുന്നില്ല وَلَٰكِنَّ എങ്കിലും الظَّالِمِينَ അക്രമികൾ بِآيَاتِ ആയത്തു (ലക്ഷ്യം-ദൃഷ്ടാന്തം)കളെ اللَّهِ അല്ലാഹുവിന്റെ يَجْحَدُونَ അവർ നിഷേധിക്കുന്നു ﴾34﴿ وَلَقَدْ كُذِّبَتْ വ്യാജമാക്കപ്പെടുകയുണ്ടായിട്ടുണ്ട് رُسُلٌ (ദൈവ)ദൂതന്മാർ مِنْ قَبْلِكَ നിന്റെ മുമ്പ് فَصَبَرُوا എന്നിട്ടവർ ക്ഷമിച്ചു عَلَىٰ مَا كُذِّبُوا അവർ വ്യാജമാക്കപ്പെട്ടതിൽ وَأُوذُوا അവർ ഉപദ്രവിക്കപ്പെടുകയും ചെയ്ത(തിൽ) حَتَّىٰ أَتَاهُمْ അവർക്ക് വന്നെത്തുന്നതുവരെ نَصْرُنَا നമ്മുടെ സഹായം وَلَا مُبَدِّلَ മാറ്റം വരുത്തുന്ന (പകരം കൊണ്ടുവരുന്ന)വരേയില്ല لِكَلِمَاتِ വാക്കുകൾക്ക്, വാക്യങ്ങൾക്ക് اللَّهِ അല്ലാഹുവിന്റെ وَلَقَدْ جَاءَكَ നിനക്ക് വരുകയുണ്ടായിട്ടുണ്ട് مِنْ نَبَإِ വൃത്താന്ത (വർത്തമാന)ത്തിൽ നിന്നും الْمُرْسَلِينَ ദൈവദൂതന്മാരുടെ

സ്വജനങ്ങളായ ക്വുറൈശികൾ സത്യവിശ്വാസം സ്വീകരിക്കാത്തതിൽ നബി ﷺ തിരുമേനി വളരെ വ്യസനത്തിലായിരുന്നു. അതിൽ അത്രയൊന്നും മനോവേദന അനുഭവിക്കേണ്ടതില്ലെന്ന് അല്ലാഹു നബി ﷺയെ സമാധാനിപ്പിക്കുന്നു. അതിന് കാരണവും വിവരിച്ചിരിക്കുന്നു. 35:8, 18:6, 26:3 മുതലായ സ്ഥലങ്ങളിലും ഇതുപോലെയുള്ള ചില പ്രസ്താവനകൾ കാണാവുന്നതാണ്. ഇവിടെ പ്രസ്താവിച്ചതിന്റെ ചുരുക്കം ഇതാണ്:-

അവരുടെ നിഷേധങ്ങൾ, കുതർക്കങ്ങൾ മുതലായവയെല്ലാം അല്ലാഹു അറിയു

ന്നുണ്ട്. വാസ്തവത്തിൽ അവർ നിഷേധിക്കുന്നതും വ്യാജമാക്കുന്നതും താങ്കളെയല്ല; നമ്മുടെ ദൃഷ്ടാന്തങ്ങളെയും വചനങ്ങളെയുമാണ്. അഥവാ താങ്കളോട് വ്യക്തിപരമായല്ല-നമ്മുടെ സന്ദേശങ്ങളോടാണ്- അവർക്ക് വിരോധമുള്ളത്. ഇങ്ങിനെയുള്ള നിഷേധവും ശത്രുതയും ഇത് ആദ്യത്തേതൊന്നുമല്ല. മുമ്പും പല റസൂലുകൾക്കും ഈ അനുഭവം ഉണ്ടായിട്ടുണ്ട്. അവർ നിഷേധിക്കപ്പെടുകയും, പല അക്രമ മർദ്ദനങ്ങൾക്ക് വിധേയരാകുകയും ചെയ്തിരുന്നു. എന്നാൽ, അവരതൊക്കെ സഹിക്കുകയും ക്ഷമിക്കുകയുമാണ് ചെയ്തിരുന്നത്. ക്രമേണ അവർക്ക് അല്ലാഹുവിങ്കൽ നിന്നുള്ള സഹായവും വിജയവും വന്നുകിട്ടുകയും ചെയ്തു. അവസാനം വിജയം ലഭിക്കുക നമ്മുടെ റസൂലുകൾക്കും അവരുടെ പക്ഷക്കാർക്കുമായിരിക്കുമെന്ന് നാം മുമ്പേ നിശ്ചയിച്ചുവെച്ചതാണ്. ആ വാക്കിന് മാറ്റം സംഭവിക്കുകയില്ല. അതുകൊണ്ട് അവരെപ്പോലെ താങ്കളും ക്ഷമകൈക്കൊള്ളുക. മുർസലുകളുടെ കഴിഞ്ഞ ചരിത്രത്തിൽ നിന്ന് ഈ യാഥാർത്ഥ്യം തെളിയിക്കുന്ന പല വർത്തമാനങ്ങളും ഇതിനു മുമ്പ് ഞാൻ താങ്കൾക്ക് അറിയിച്ചു തന്നിട്ടുണ്ടല്ലോ.

നബി ﷺ യോട് അബൂജഹ്ൽ ഇങ്ങിനെ പറഞ്ഞതായി അലി (റ) പ്രസ്താവിച്ചിരിക്കുന്നു: 'ഞങ്ങൾ നിന്നെ വ്യാജമാക്കുന്നില്ല. എങ്കിലും നീ കൊണ്ടുവന്നതിനെയാണ് ഞങ്ങൾ വ്യാജമാക്കുന്നത്' (ഹാകിം). സുദ്ദീ (റ)യിൽ നിന്ന് ഇബ്നു ജരീർ (റ) ഉദ്ധരിക്കുന്നു: ഒരിക്കൽ അബൂജഹ്‌ലിനോട് അഖ്നസുബ്നു ശരീക് ഇങ്ങിനെ സ്വകാര്യം പറഞ്ഞു:'മുഹമ്മദ് സത്യവാനോ അസത്യവാനോ എന്ന് താങ്കൾ എനിക്കൊന്ന് പറഞ്ഞുതരണം. നമ്മുടെ സംസാരം കേൾക്കുവാൻ ഇവിടെ ഞാനും താങ്കളുമല്ലാതെ വേറെ ക്വുറൈശികളിൽ ആരുമില്ലല്ലോ': അബൂജഹ്ൽ പറഞ്ഞു 'അഹോ! അല്ലാഹുവിനെയാണ (സത്യം)! മുഹമ്മദ് സത്യവാൻ തന്നെ. മുഹമ്മദ് ഒട്ടും കളവു പറയുകയുണ്ടായിട്ടില്ല. പക്ഷേ, ക്വുസ്വയ്യിന്റെ സന്തതികൾ (മുഹമ്മദിന്റെ പിതൃവഴിക്കാർ) പതാകയും (നേതൃത്വവും), സിക്വായത്തും (ഹാജിമാർക്ക് വെള്ളം നൽകുന്ന സ്ഥാനവും), ഹിജാബത്തും (കഅ്ബഃയുടെ സംരക്ഷണാധികാരവും), നുബുവ്വത്തും (പ്രവാചകത്വവും) കൊണ്ടുപോയാൽ പിന്നെ മറ്റുള്ള ക്വുറൈശികൾക്ക് എന്താണുണ്ടായിരിക്കുക?!' അല്ലാഹു നബി ﷺ യോട് പറയുന്നു:-

وَإِن كَانَ كَبُرَ عَلَيْكَ إِعْرَاضُهُمْ فَإِنِ ٱسْتَطَعْتَ أَن تَبْتَغِىَ نَفَقًا فِى ٱلْأَرْضِ أَوْ سُلَّمًا فِى ٱلسَّمَآءِ فَتَأْتِيَهُم بِـَٔايَةٍ ۚ

﴿35﴾ അവരുടെ തിരിഞ്ഞുകളയൽ [അവഗണന] നിനക്ക് വളരെ വലുതായി (തോന്നിയി)രുന്നാൽ, എന്നാൽ -ഭൂമിയിൽ ഒരു മാളമോ, ആകാശത്തിൽ ഒരു കോണിയോ തേടിപ്പിടിക്കുവാനും, എന്നിട്ട് വല്ല ദൃഷ്ടാന്തവും അവർക്ക് കൊണ്ടുവരുവാനും നിനക്ക് സാധ്യമാകുന്ന പക്ഷം (അങ്ങിനെ ചെയ്തേക്കുക)!

وَلَوْ شَآءَ ٱللَّهُ لَجَمَعَهُمْ عَلَى ٱلْهُدَىٰ ۚ

അല്ലാഹു ഉദ്ദേശിച്ചാൽ, അവരെ (യെല്ലാം) അവൻ സന്മാർഗത്തിൽ ഒരുമിച്ചുകൂട്ടുമായിരുന്നു. ആകയാൽ,

فَلَا تَكُونَنَّ مِنَ ٱلْجَـٰهِلِينَ ﴿٣٥﴾

തീർച്ചയായും നീ വിവരമില്ലാത്തവരിൽ (വിഡ്ഢികളിൽ)പെട്ടവനായിത്തീരരുത്.

۞ إِنَّمَا يَسْتَجِيبُ ٱلَّذِينَ يَسْمَعُونَ ۘ وَٱلْمَوْتَىٰ يَبْعَثُهُمُ ٱللَّهُ ثُمَّ إِلَيْهِ يُرْجَعُونَ ﴿٣٦﴾

《36》 (പറയുന്നത്) കേൾക്കുന്നവർ മാത്രമേ ഉത്തരം നൽകൂ.

മരണപ്പെട്ടുപോയവരാകട്ടെ, അവരെ അല്ലാഹു എഴുന്നേൽപ്പിക്കുകയാണ് ചെയ്യുക; പിന്നെ, അവങ്കലേക്ക് അവർ മടക്കപ്പെടുന്നതാണ്.

《35》 وَإِنْ كَانَ ആയിരുന്നാൽ كَبُرَ (വളരെ) വലുതായി عَلَيْكَ നിനക്ക് إِعْرَاضُهُمْ അവരുടെ തിരിഞ്ഞുകളയൽ, അവഗണന فَإِنِ اسْتَطَعْتَ എന്നാൽ നിനക്ക് സാധിക്കുമെങ്കിൽ أَنْ تَبْتَغِيَ നീ തേടുവാൻ, തേടിപ്പിടിക്കുവാൻ نَفَقًا ഒരു മാളം (മട) فِي الْأَرْضِ ഭൂമിയിൽ أَوْ سُلَّمًا അല്ലെങ്കിൽ ഒരു കോണി, ഏണി فِي السَّمَاءِ ആകാശത്തിൽ فَتَأْتِيَهُمْ എന്നിട്ട് നീ അവർക്ക് വരുകയും بِآيَةٍ ഒരു ദൃഷ്ടാന്തം കൊണ്ട് وَلَوْ شَاءَ اللَّهُ അല്ലാഹു ഉദ്ദേശിച്ചിരുന്നാൽ لَجَمَعَهُمْ അവരെ ഒരുമിപ്പിക്കുകതന്നെ ചെയ്തിരുന്നു. عَلَى الْهُدَى നേർമാർഗത്തിൽ فَلَا تَكُونَنَّ അതിനാൽ തീർച്ചയായും നീ ആകരുത് مِنَ الْجَاهِلِينَ വിഡ്ഢികളിൽ, വിവരമില്ലാത്തവരിൽ (പെട്ടവൻ) 《36》 إِنَّمَا يَسْتَجِيبُ നിശ്ചയമായും ഉത്തരം നൽകുക الَّذِينَ യാതൊരുവർ (മാത്രം) ആകുന്നു يَسْمَعُونَ അവർ കേൾക്കും وَالْمَوْتَى മരണപ്പെട്ടവരാകട്ടെ يَبْعَثُهُمُ اللَّهُ അവരെ അല്ലാഹു എഴുന്നേൽപിക്കും ثُمَّ إِلَيْهِ പിന്നെ അവങ്കലേക്ക് يُرْجَعُونَ അവർ മടക്കപ്പെടും.

അവർ വിശ്വസിക്കാത്തതിൽ നബി ﷺക്ക് ഉൽകണ്ഠ കുറേ അധികമാണ്; അതിന്റെ ആവശ്യമില്ല. വിശ്വസിക്കുവാൻ മതിയായ ധാരാളം തെളിവുകൾ അവർക്ക് കിട്ടിക്കഴിഞ്ഞിട്ടുണ്ട്. വേണമെങ്കിൽ വിശ്വസിക്കട്ടെ എന്ന് വെച്ചു സമാധാനിക്കുകയേ വേണ്ടൂ. അല്ലാത്തപക്ഷം -അവരെ വിശ്വസിപ്പിക്കുക തന്നെവേണമെന്ന്‌വെക്കുന്ന പക്ഷം - അതിന് തക്കതായ വല്ല പുതിയ ദൃഷ്ടാന്തവും കാണിച്ചുകൊടുത്തേക്കുക. ഭൂമിയിൽ വല്ല മാളവും തേടിപ്പിടിച്ചു അതിലൂടെ കീഴ്പ്പോട്ടിറങ്ങിയോ, ആകാശത്തേക്കുള്ള വല്ല കോണിയും കണ്ടെത്തി അതിലൂടെ മേൽപോട്ടു കയറിയോ-എങ്ങിനെയാണത് സാധിക്കുന്നതെങ്കിൽ അങ്ങിനെ- ചെയ്തുകൊള്ളുക. എന്നൊക്കെയാണ് നബി ﷺ യോട് അല്ലാഹു പറയുന്നത്. ആക്ഷേപസ്വരത്തിലുള്ള ഈ വാക്കുകൾ തിരുമേനിക്ക് ഈ വിഷയത്തിലുണ്ടായിരുന്ന മനോവേദനയുടെ കാഠിന്യത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. ഇവരെപ്പറ്റി അത്രക്കൊന്നും സാഹസപ്പെടേണ്ടതില്ലെന്ന് നബി ﷺയെ തെര്യപ്പെടുത്തുകയാണുദ്ദേശ്യം. എല്ലാ മനുഷ്യരെയും വിശ്വസിപ്പിച്ചേ തീരൂ എന്ന് അല്ലാഹു നിശ്ചയി

ച്ചിട്ടില്ല. തെളിവുകൾ വേണ്ടത്ര നൽകിക്കൊണ്ട്, വിശ്വസിക്കലും വിശ്വസിക്കാതിരിക്കലും അവരവരുടെ ഹിതത്തിന് അവൻ വിട്ടുകൊടുത്തിരിക്കുകയാണ്. മുഴുവൻ മനുഷ്യരും സന്മാർഗികളായിത്തന്നെ ഇരിക്കണമെന്നാണ് അല്ലാഹു ഉദ്ദേശിച്ചിരുന്നതെങ്കിൽ അത ങ്ങിനെത്തന്നെ സംഭവിക്കുമായിരുന്നു. അതുകൊണ്ട് അവർ വിശ്വസിക്കാത്തതിന്റെ പേരിൽ അമിതമായ അക്ഷമയും വ്യസനവും കാണിക്കുന്നത് കേവലം വിഡ്ഢിത്ത മാണ്. അത് നബി ﷺക്ക് യോജിച്ചതല്ല എന്ന് ഉണർത്തുകയും ചെയ്യുന്നു.

അവർ നബി ﷺയുടെ ക്ഷണം സ്വീകരിക്കാതിരിക്കുവാൻ കാരണം, അല്ലാഹു വിന്റെ സന്ദേശങ്ങളും, നബി ﷺയുടെ ഉപദേശങ്ങളും കേട്ടു മനസ്സിലാക്കുവാൻ തയ്യാ റില്ലാത്തതാണ്; പറയുന്ന കാര്യം ശ്രദ്ധിച്ചു കേൾക്കുന്നവർ മാത്രമേ ക്ഷണം സ്വീകരി ക്കുവാൻ മുമ്പോട്ട് വരുകയുള്ളൂ; അല്ലാത്തവർ ഹൃദയ ചൈതന്യം നശിച്ചു മൃതപ്രായ മായവരാണ്; മൃതിയടഞ്ഞു കഴിഞ്ഞവരെ പുനരുത്ഥാന ദിവസം എഴുന്നേൽപിച്ചു വിചാ രണ നടത്തി നടപടി എടുക്കുകയാണുണ്ടാവുക, അക്കൂട്ടത്തിൽ ഈ 'ജീവശ്ശവങ്ങ ളുടെ'മേലും അല്ലാഹു നടപടി എടുത്തുകൊള്ളും എന്നൊക്കെയാണ് തുടർന്നു പറ ഞ്ഞതിന്റെ സാരം.

وَقَالُواْ لَوْلَا نُزِّلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦ ۚ قُلْ إِنَّ ٱللَّهَ قَادِرٌ عَلَىٰٓ أَن يُنَزِّلَ ءَايَةً وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٣٧﴾

﴿37﴾ **അവർ പറയുന്നു: 'ഇവന്റെ മേൽ തന്റെ റബ്ബിങ്കൽ നിന്ന് വല്ല ദൃഷ്ടാന്തവും ഇറക്കപ്പെടാത്തതെന്താണ്?!'**

നീ പറയുക: 'നിശ്ചയമായും അല്ലാഹു വല്ല ദൃഷ്ടാന്തവും ഇറക്കുവാൻ കഴിവുള്ളവനാണ്. എങ്കിലും, അവരിൽ അധികമാളും അറിയുന്നില്ല'.

﴾37﴿ وَقَالُوا അവർ പറയുകയാണ് لَوْلَا نُزِّلَ ഇറക്കപ്പെടാത്തതെന്ത് عَلَيْهِ ഇവന്റെ(അവന്റെ)മേൽ آيَةٌ ഒരു ദൃഷ്ടാന്തം, വല്ല ദൃഷ്ടാന്തവും مِن رَّبِّهِ അവന്റെ റബ്ബിങ്കൽ നിന്ന് قُلْ നീ പറയുക إِنَّ اللَّهَ നിശ്ചയമായും അല്ലാഹു قَادِرٌ കഴിവുള്ളവനാണ് عَلَىٰ أَن يُنَزِّلَ ഇറക്കുവാൻ آيَةً വല്ല (ഒരു) ദൃഷ്ടാന്തവും وَلَٰكِنَّ എങ്കിലും أَكْثَرَهُمْ അവരിൽ അധികമാളുകൾ لَا يَعْلَمُونَ അറിയുന്നില്ല.

ദൃഷ്ടാന്തങ്ങളിൽ പലതും അവർക്ക് വന്നു കഴിഞ്ഞിട്ടുണ്ട്. ക്വുർആനാകുന്ന ഏറ്റവും വലിയ ദൃഷ്ടാന്തവും അവരുടെ മുമ്പിലുണ്ട്. അതിനെതിരിൽ അതുപോലെ ഒരു ഗ്രന്ഥമോ, അതിലെ അധ്യായംപോലെ ഒരധ്യായമോ കൊണ്ടുവരാൻ സാധ്യമ ല്ലെന്ന് അവർ സമ്മതിക്കേണ്ടി വന്നിട്ടുമുണ്ട്. എന്നിട്ട് പിന്നെയും -ദുർബുദ്ധിയും ദുർവാ ശിയും നിമിത്തം- പുതിയൊരു ദൃഷ്ടാന്തം ആവശ്യപ്പെടുകയാണവർ ചെയ്യുന്നത്. തങ്ങളെ വിശ്വസിക്കുവാൻ നിർബന്ധിതരാക്കുമാറുള്ള ഒരു പ്രത്യേക ദൃഷ്ടാന്തം, അല്ലെ ങ്കിൽ മൂസാ നബി(അ)യുടെ വടിപോലെയോ, സ്വാലിഹ് നബി(അ)യുടെ ഒട്ടകം

പോലെയോ ഉള്ള ഒരു പ്രകൃതി ദൃഷ്ടാന്തം, അതുമല്ലെങ്കിൽ -അവർ ആവശ്യപ്പെട്ടതായി സൂ:ഇസ്റാഉ് 90-93 ൽ പറയുന്നതുപോലെ- ആകാശത്ത് നിന്നൊരു കഷ്ണം വീഴ്ത്തുകയോ, സ്വർണംകൊണ്ടുള്ള ഒരു വീടുണ്ടാകുകയോ, നബി ﷺ ആകാശത്തേക്ക് കയറിപ്പോകുകയോ പോലെയുള്ള ഏതെങ്കിലും ഒരു ദൃഷ്ടാന്തം (മുഅ്ജിസത്ത്) അതാണ് അവർ ആവശ്യപ്പെടുന്നത്. അല്ലാഹുവിന് ഏതു തരത്തിലുള്ള ദൃഷ്ടാന്തവും കാണിക്കുവാൻ തീർച്ചയായും കഴിയും. പക്ഷേ, അങ്ങിനെയൊരു ദൃഷ്ടാന്തം കാണിച്ചു കൊടുക്കാത്തതിൽ ചില യുക്തി രഹസ്യങ്ങൾ അടങ്ങിയിട്ടുണ്ട്. അതുകൊണ്ട് കാണിച്ചു കൊടുക്കായ്കയാണ്. ഈ യാഥാർത്ഥ്യം മിക്കവരും മനസ്സിലാക്കുന്നില്ല. അതാണ് അവർ ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കുവാൻ കാരണം എന്നത്രെ അവർക്ക് നൽകിയ മറുപടിയുടെ താൽപര്യം.

അമാനുഷികമായ ഏതെങ്കിലും ഒരു വലിയ പ്രകൃതി ദൃഷ്ടാന്തം മുഖേന എല്ലാവരെയും സത്യവിശ്വാസം സ്വീകരിക്കുവാൻ നിർബന്ധിതരാക്കണമെന്നല്ല അല്ലാഹു ഉദ്ദേശിക്കുന്നത്. സത്യാസത്യങ്ങൾ വിവേചിച്ചറിയുവാനുള്ള ബുദ്ധിപരമായ ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിച്ചുകൊടുക്കുകയും, സത്യയാഥാർത്ഥ്യങ്ങൾ ഇന്നിന്നപ്രകാരമാണെന്ന് പ്രവാചകനും വേദഗ്രന്ഥവും മുഖേന വിവരിച്ചു കൊടുക്കുകയും ചെയ്യുക; എന്നിട്ട് നേർമാർഗത്തിലേക്ക് ക്ഷണിക്കുക; ക്ഷണം സ്വീകരിക്കുവാനും തിരസ്കരിക്കുവാനും അവസരവും നൽകുക; അങ്ങനെ വിശ്വസിക്കുന്നവരുടെ വിശ്വാസവും നിഷേധിക്കുന്നവരുടെ നിഷേധവും മനഃപൂർവ്വവും ഉദ്ദേശ്യപൂർവ്വവുമായിരിക്കുക. ഇതാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. പൂർവ്വസമുദായങ്ങളെ സംബന്ധിച്ചിടത്തോളം, അവർ ബുദ്ധിപരമായ പക്വതയിൽ കേവലം ബാലപ്രായത്തിലായിരുന്നതുകൊണ്ട് അതതു കാലത്തിനൊത്ത ചില പ്രകൃതി ദൃഷ്ടാന്തങ്ങൾ സത്യത്തിന് തെളിവായി അവർക്ക് കാട്ടിക്കൊടുക്കുകയുണ്ടായി. ബുദ്ധിപരമായ ദൃഷ്ടാന്തങ്ങൾ വഴി സത്യാസത്യം വേർതിരിച്ചെടുക്കുവാൻ അക്കാലത്തുള്ളവരുടെ ബുദ്ധിയുടെ നിലവാരം പാകമാകാതിരുന്നതാണ് അതിനു കാരണം. ഒടുവിലത്തെ സമുദായമായ നബി ﷺ തിരുമേനിയുടെ സമുദായം ബുദ്ധിപരമായ വളർച്ച പ്രാപിച്ചു കഴിഞ്ഞിരിക്കെകൊണ്ട് അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങളല്ല അവർക്ക് യോജ്യമായിട്ടുള്ളത്. തെളിവിന്റെ സുസ്ഥിരതയും സുവ്യക്തതയും ബുദ്ധിപരമായ ദൃഷ്ടാന്തങ്ങളിലാണുള്ളത്.

മാത്രമല്ല, പൂർവ്വ സമുദായങ്ങൾ -അവരുടെ ബാലിശമായ മത്സര ബുദ്ധിയും മർക്കടമുഷ്ടിയും കാരണമായി- തങ്ങളുടെ പ്രവാചകന്മാരെ അത്തരം ചില ദൃഷ്ടാന്തങ്ങൾ കാട്ടിക്കൊടുക്കുവാൻ വെല്ലുവിളിക്കുകയും, ദഷ്ടാന്തങ്ങൾ കണ്ടു കഴിഞ്ഞപ്പോൾ അവ മാരണവും ജാലവിദ്യയുമാണെന്ന് പറഞ്ഞു നിഷേധിക്കുകയും ചെയ്തിരുന്നു. ആ നിഷേധം അവരുടെമേൽ പൊതുശിക്ഷകൾ വന്നു ഭവിക്കുവാനും കാരണമായി. അതുപോലെ ഈ സത്യനിഷേധികളുടെ വെല്ലുവിളിയനുസരിച്ച് ഒരു ദൃഷ്ടാന്തം കാട്ടിക്കൊടുക്കുന്ന പക്ഷം അതവരുടെയും നാശത്തിനിടയായേക്കുകയാണുണ്ടാവുക. ഇതെല്ലാം കാരണമായി അന്ത്യപ്രവാചകനായ നബി തിരുമേനി ﷺ യുടെയും അവിടുന്ന് പ്രബോധനം ചെയ്യുന്ന ദൗത്യസന്ദേശങ്ങളുടെയും സത്യതക്ക് തെളിവായി നിലകൊള്ളുന്ന ദൃഷ്ടാന്തങ്ങൾ കാലദേശ വ്യത്യാസം കൂടാതെ നിലനിൽക്കുമാറ് ബുദ്ധിപരമായ ദൃഷ്ടാന്തങ്ങളായിരിക്കുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. ഇവയിൽ പ്രധാനമായതും കാലാവസാനംവരെ നിലനിൽക്കുന്നതും വിശുദ്ധക്വുർആൻ തന്നെ. [ഈ വിഷയകമായി മുഖവുര 3-ാം ഖണ്ഡത്തിൽ (പേജ് 76 - 81)) മുമ്പ് വിവരിച്ചിട്ടുണ്ട്.]

وَمَا مِن دَآبَّةٍ فِي ٱلۡأَرۡضِ وَلَا طَٰٓئِرٖ يَطِيرُ بِجَنَاحَيۡهِ إِلَّآ أُمَمٌ أَمۡثَالُكُمۚ	**﴾38﴿ ഭൂമിയിലെ (ചലിക്കുന്ന) ഏതൊരു ജന്തുവാകട്ടെ, രണ്ടു ചിറകുകൾകൊണ്ടു പറക്കുന്ന ഏതൊരു പക്ഷിയാകട്ടെ, നിങ്ങളെപ്പോലെയുള്ള ചില സമുദായങ്ങളല്ലാതെ (മറ്റൊന്നും) അല്ല.**
مَّا فَرَّطۡنَا فِي ٱلۡكِتَٰبِ مِن شَيۡءٖۚ ثُمَّ إِلَىٰ رَبِّهِمۡ يُحۡشَرُونَ ﴿٣٨﴾	**ഗ്രന്ഥത്തിൽ യാതൊന്നും (തന്നെ) നാം വീഴ്ച വരുത്തിയിട്ടില്ല. പിന്നീട്, അവർ തങ്ങളുടെ റബ്ബിങ്കലേക്ക് ഒരുമിച്ചു കൂട്ടപ്പെടുന്നതാണ്.**

﴾38﴿ وَمَامِنۡ دَابَّةٍ ഒരു ജന്തു (ജീവി-മൃഗ)വും അല്ല (ഇല്ല) فِي الۡأَرۡضِ ഭൂമിയിലെ, ഭൂമിയിൽ وَلَا طَائِرٍ ഒരു പക്ഷിയുമില്ല (അല്ല) يَطِيرُ പറക്കുന്ന بِجَنَاحَيۡهِ അതിന്റെ രണ്ടു ചിറക് (പക്ഷം) കൊണ്ട് إِلَّا أُمَمٌ ചില സമുദായങ്ങളല്ലാതെ أَمۡثَالُكُمۡ നിങ്ങളെപ്പോലുള്ള مَا فَرَّطۡنَا നാം വീഴ്ച (പോരായ്മ) വരുത്തിയിട്ടില്ല فِي الۡكِتَابِ ഗ്രന്ഥത്തിൽ, രേഖയിൽ مِنۡ شَيۡءٍ യാതൊന്നും ثُمَّ പിന്നീട് إِلَىٰ رَبِّهِمۡ തങ്ങളുടെ റബ്ബിങ്കലേക്ക് يُحۡشَرُونَ അവർ ഒരുമിച്ചുകൂട്ടപ്പെടും.

ഭൂമിയിലുള്ള ഓരോ ജീവിവർഗവും ഓരോ സമുദായമാകുന്നു. ഓരോന്നിനും അതതിന് ആവശ്യവും അനുയോജ്യവുമായ എല്ലാ വ്യവസ്ഥകളും മാർഗദർശനങ്ങളും അല്ലാഹു നൽകിയിട്ടുണ്ട്. എല്ലാറ്റിന്റെയും നിലനിൽപിനും, വളർച്ചക്കും, അഭിവൃദ്ധിക്കും വേണ്ടതൊക്കെ അവൻ പ്രത്യേകം പ്രത്യേകം ചെയ്തുവെക്കുകയും ചെയ്തിരിക്കുന്നു. അക്കൂട്ടത്തിൽ ഒരു സമുദായംതന്നെയാണ് മനുഷ്യവർഗവും. അവർക്ക് വേണ്ടുന്നതൊക്കെ അവർക്കും ചെയ്തുവെച്ചിട്ടുണ്ട്. വിശേഷബുദ്ധി, വിവേചന ശക്തി, ചിന്താശക്തി ആദിയായ പ്രത്യേകതകൾ മനുഷ്യ സമുദായത്തിന്റെ സവിശേഷതയാകുന്നു. സന്മാർഗം സ്വീകരിക്കണം, ദുർമാർഗത്തിൽ പതിക്കരുത്, ദൃഷ്ടാന്തങ്ങളിൽ നിന്നും സത്യാസത്യം തിരിച്ചറിയണം പോലെയുള്ള ശാസനകൾ മനുഷ്യ സമുദായത്തിന് നൽകുവാൻ അതാണ് കാരണം. ആകയാൽ, ഇതര സമുദായങ്ങളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യൻ അവന്റെ നന്മക്കും വിജയത്തിനുമുള്ള ഉപാധികൾ സ്വീകരിക്കുവാൻ ബാധ്യസ്ഥനാകുന്നു. ഇതര ജീവികളെപ്പോലെ മനുഷ്യർക്ക് ചിന്താശൂന്യരായി കഴിഞ്ഞു കൂടാവതല്ല എന്നൊക്കെയാണ് ഈ വചനത്തിന്റെ ആദ്യഭാഗത്തിലടങ്ങിയ ആശയം.

രണ്ടാമത്തെ വാക്യത്തിൽ 'ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച - പോരായ്മ- വരുത്തിയിട്ടില്ല' എന്നു പറഞ്ഞതിലെ 'ഗ്രന്ഥം' കൊണ്ടുദ്ദേശ്യം ക്വുർആൻ ആയിരിക്കുവാനും, സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതുമായ എല്ലാ ചെറുതും വലുതുമായ

കാര്യങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള അല്ലാഹുവിന്റെ ജ്ഞാനരേഖയാകുന്ന اللوح المحفوظ (ലൗഹുൽമഹ്ഫൂദ്) ആയിരിക്കുവാനും സാധ്യതയുണ്ട്. ഒന്നാമത്തേതനുസരിച്ച് ആ വാക്യത്തിന്റെ സാരം, നിങ്ങൾക്ക് വേണ്ടുന്ന മാർഗ നിർദ്ദേശങ്ങളും തെളിവുകളുമെല്ലാം വേണ്ടതുപോലെ ക്വുർആനിൽ നാം അടക്കം ചെയ്തിട്ടുണ്ടെന്നും, രണ്ടാമത്തേതനുസരിച്ച് ഓരോ വസ്തുവിനും സമുദായത്തിനും വേണ്ടത് എന്തെല്ലാമാണ്, അവ എങ്ങിനെയെല്ലാം ആയിരിക്കണം എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം ആ രേഖയിൽ വ്യവസ്ഥ ചെയ്തുവെച്ചിട്ടുണ്ടെന്നും ആയിരിക്കുന്നതാണ്. الله اعلم

മനുഷ്യൻ മാത്രമല്ല, എല്ലാ ജീവജന്തുക്കളും തന്നെ മഹ്ശറിൽ ഒരുമിച്ചു കൂട്ടപ്പെടുമെന്ന് അവസാനത്തെ വാക്യത്തിൽ മനസ്സിലാക്കാം. ഇമാം മുസ്‌ലിം (റ) ഉദ്ധരിച്ച ഒരു നബി വചനത്തിൽ ഇങ്ങിനെ വന്നിട്ടുണ്ട്: ‘കടപ്പാടുകൾ കൊടുത്തു തീർക്കപ്പെടേണ്ടവർക്ക് ക്വിയാമത്ത് നാളിൽ നിങ്ങൾ അത് കൊടുത്തു തീർക്കേണ്ടിവരും. എത്രത്തോളമെന്നാൽ, മൊട്ടയായ (കൊമ്പില്ലാത്ത) ആടിന് കൊമ്പുള്ള ആടിൽ നിന്നുകൂടി പ്രതികാര നടപടി എടുക്കപ്പെടുന്നതാണ്’. ഹാകിം, ഇബ്നുജരീർ, ഇബ്നു അബീഹാതിം (റ) മുതലായവർ അബൂഹുറയ്റഃ (റ) പറഞ്ഞതായി ഇപ്രകാരം ഉദ്ധരിക്കുന്നു: ‘ഏതൊരു ജീവിയും, ഏതൊരു പറവയും ക്വിയാമത്ത് നാളിൽ ഒരുമിച്ചു കൂട്ടപ്പെടാതിരിക്കയില്ല. പിന്നീട്, അവയിൽ ചിലതിനു ചിലതിൽ നിന്ന് (തമ്മതമ്മിൽ) പ്രതികാര നടപടി എടുക്കപ്പെടും. അങ്ങനെ, കൊമ്പില്ലാത്തത് കൊമ്പുള്ളതിൽ നിന്നുകൂടി നടപടി എടുക്കപ്പെടും. പിന്നീട്, അവയോട് ‘മണ്ണായിക്കൊള്ളുക’ എന്ന് പറയപ്പെടും. അന്നേരം അവിശ്വാസികൾ പറയും: ‘ഹാ! ഞാൻ മണ്ണായിരുന്നെങ്കിൽ നന്നായേനേ! നിങ്ങൾക്ക് വേണമെങ്കിൽ (ഇതിന് തെളിവെന്നോണം) ...وَمَا مِن دَابَّةٍ (ഈ) വചനം ഓതിക്കൊള്ളുക’.

وَٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا صُمٌّ وَبُكْمٌ فِى ٱلظُّلُمَـٰتِ ۗ

﴾39﴿ നമ്മുടെ ‘ആയത്ത്’ [ദൃഷ്ടാന്തം]കളെ വ്യാജമാക്കിയവർ ബധിരന്മാരും ഊമകളുമത്രെ, അന്ധകാരങ്ങളിലാണ് (അവർ).

مَن يَشَإِ ٱللَّهُ يُضْلِلْهُ

അല്ലാഹു ആരെ (വഴി പിഴവിലാക്കുവാൻ) ഉദ്ദേശിക്കുന്നുവോ, അവനെ അവൻ വഴിപിഴവിലാക്കുന്നു.

وَمَن يَشَأْ يَجْعَلْهُ عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٣٩﴾

അവൻ ആരെ (നേർമാർഗത്തിലാക്കുവാൻ) ഉദ്ദേശിക്കുന്നുവോ, അവനെ അവൻ നേരെ (ചൊവ്വാ) യുള്ള പാതയിൽ ആക്കുന്നതുമാണ്.

﴾39﴿ وَالَّذِينَ كَذَّبُوا വ്യാജമാക്കിയവർ بِآيَاتِنَا നമ്മുടെ ആയത്തുകളെ صُمٌّ ബധിരന്മാരാണ് وَبُكْمٌ ഊമകളു(മൂകരു)മാണ് فِي الظُّلُمَاتِ അന്ധകാരങ്ങളിലാണ്, ഇരുട്ടിലാണ്

مَنْ ആരെ, ആർ, വല്ലവരും يَشَأِ اللَّهُ അല്ലാഹു ഉദ്ദേശിക്കുന്നു(വോ) يُضْلِلْهُ അവൻ അവനെ വഴിപിഴവിലാക്കുന്നതാണ് وَمَنْ يَشَأْ ആരെ അവൻ ഉദ്ദേശിക്കുന്നുവോ يَجْعَلْهُ അവനെ അവൻ ആക്കുന്നതാണ് عَلَىٰ صِرَاطٍ പാതയിൽ مُسْتَقِيمٍ നേരായ, ചൊവ്വായ

ലക്ഷ്യങ്ങളും തെളിവുകളും ശ്രദ്ധിക്കാതെയും, അവയിൽ നിന്ന് കാര്യങ്ങൾ ഗ്രഹിക്കാതെയും ഇരിക്കുന്നവരെ ഇരുട്ടിൽപെട്ട ബധിരമൂകന്മാരോട് അല്ലാഹു ഉപമിച്ചിരിക്കുകയാണ്. സത്യയാഥാർത്ഥ്യങ്ങൾ കണ്ടറിയുവാനോ കേട്ടു മനസ്സിലാക്കുവാനോ, മറ്റുള്ളവരോട് ചോദിച്ചറിയുവാനോ അവർക്ക് കഴിയുകയില്ല. അഥവാ അതിന് മുതിരുകയില്ല -അവർ അപകടത്തിലും പിഴവിലും പതിക്കുകയേ ചെയ്കയുള്ളൂ- എന്ന് സാരം. ഇങ്ങിനെയുള്ളവരെക്കുറിച്ചാണ് അല്ലാഹു അവരെ വഴിപിഴപ്പിക്കുമെന്ന് പറഞ്ഞതും. നേരെമറിച്ച്, ലക്ഷ്യങ്ങളിലും തെളിവുകളിലും ശ്രദ്ധപതിപ്പിച്ചു സത്യാസത്യങ്ങൾ മനസ്സിലാക്കുവാൻ തയ്യാറുള്ളവർ നേർമാർഗം കണ്ടെത്തുകയും അത് പിൻപറ്റുകയും ചെയ്യാതെയും ഇരിക്കുകയില്ല. ഇവർക്ക് അല്ലാഹുവിങ്കൽ നിന്നും കൂടുതൽ പ്രചോദനങ്ങളും സഹായവും ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഇങ്ങിനെയുള്ളവരെപ്പറ്റിയാണ് അല്ലാഹു അവരെ നേർക്കുനേരെയുള്ള പാതയിൽ ആക്കുമെന്ന് പറഞ്ഞത്.

അല്ലാതെ -ഒരു വ്യവസ്ഥയോ മാനദണ്ഡമോ ഒന്നും കൂടാതെ- കുറേ ആളുകളെ അല്ലാഹു സന്മാർഗത്തിലും, കുറേ ആളുകളെ ദുർമാർഗത്തിലുമാക്കിത്തീർക്കുമെന്നല്ല അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം. വേറെ സ്ഥലങ്ങളിൽ അല്ലാഹു പറയുന്നത് നോക്കുക: .....يُضِلُّ بِهِ كَثِيرًا وَيَهْدِي بِهِ كَثِيرًا (ഇതുമൂലം വളരെ ആളുകളെ അവൻ പിഴവിലാക്കുകയും, ഇതുമൂലം വളരെ ആളുകളെ അവൻ സന്മാർഗത്തിലാക്കുകയും ചെയ്യുന്നു. തോന്നിയവാസികളെയല്ലാതെ അവൻ വഴിപിഴപ്പിക്കുകയില്ല (2:26). ......يُثَبِّتُ اللَّهُ الَّذِينَ آمَنُوا (വിശ്വസിച്ചവരെ ഐഹിക ജീവിതത്തിലും, പരലോക ജീവിതത്തിലും സ്ഥായിയായ വാക്കുകൊണ്ട് അല്ലാഹു സ്ഥിരപ്പെടുത്തുന്നു. അക്രമികളെ അവൻ വഴിപിഴവിലാക്കുകയും ചെയ്യുന്നു (14:27). .....إِنَّ رَبَّكَ هُوَ أَعْلَمُ مَنْ يَضِلُّ عَنْ سَبِيلِهِ (നിശ്ചയമായും നിന്റെ റബ്ബ് അവന്റെ മാർഗം വിട്ട് പിഴച്ചുപോകുന്നവരെ നല്ലവണ്ണം അറിയുന്നവനാണ്. നേർമാർഗം പ്രാപിക്കുന്നവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനാണ്. (6:117).

﴾40﴿ (നബിയേ), പറയുക: നിങ്ങൾ കണ്ടുവോ? നിങ്ങൾക്ക് അല്ലാഹുവിന്റെ ശിക്ഷ വന്നെത്തുകയോ, അല്ലെങ്കിൽ അന്ത്യസമയം വന്നെത്തുകയോ ചെയ്തുവെങ്കിൽ,

قُلْ أَرَءَيْتَكُمْ إِنْ أَتَىٰكُمْ عَذَابُ ٱللَّهِ أَوْ أَتَتْكُمُ ٱلسَّاعَةُ

أَغَيْرَ ٱللَّهِ تَدْعُونَ إِن كُنتُمْ صَـٰدِقِينَ ﴿٤٠﴾

അല്ലാഹു അല്ലാത്തവരെയോ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുക? നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ! [ഇതൊന്നു പറയുവിൻ, കേൾക്കട്ടെ!]

بَلْ إِيَّاهُ تَدْعُونَ فَيَكْشِفُ مَا تَدْعُونَ إِلَيْهِ إِن شَآءَ وَتَنسَوْنَ مَا تُشْرِكُونَ ﴿٤١﴾

﴾41﴿ (അല്ല) എന്നാൽ നിങ്ങൾ അവനെത്തന്നെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നതാണ്. അപ്പോൾ, നിങ്ങൾ ഏതൊന്നിലേക്ക് (അവനെ) വിളി(ച്ചു പ്രാർത്ഥി)ക്കുന്നുവോ അതിനെ അവൻ തുറവിയാക്കുന്നു-അവൻ ഉദ്ദേശിച്ചെങ്കിൽ, നിങ്ങൾ (അവനോട്) പങ്കു ചേർക്കുന്നവയെ നിങ്ങൾ വിസ്മരിക്കുകയും ചെയ്യുന്നു.

﴾40﴿ قُلْ നീ പറയുക أَرَأَيْتَكُمْ നിങ്ങൾ കണ്ടുവോ (പറഞ്ഞു തരുവിൻ) إِنْ أَتَاكُمْ നിങ്ങൾക്ക് വന്നുവെങ്കിൽ عَذَابُ اللهِ അല്ലാഹുവിന്റെ ശിക്ഷ أَوْ أَتَتْكُمُ അല്ലെങ്കിൽ നിങ്ങൾക്ക്വന്നു(വെങ്കിൽ) السَّاعَةُ അന്ത്യസമയം أَغَيْرَ اللهِ അല്ലാഹു അല്ലാത്തവരെയോ تَدْعُونَ നിങ്ങൾ വിളിക്കുക, പ്രാർത്ഥിക്കുക إِنْ كُنْتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യം പറയുന്നവർ ﴾41﴿ بَلْ എന്നാൽ, പക്ഷേ إِيَّاهُ അവനെ(ത്തന്നെ) تَدْعُونَ നിങ്ങൾ വിളിക്കും فَيَكْشِفُ അപ്പോൾ അവൻ തുറവിയാക്കും, നീക്കിക്കളയും مَا യാതൊരു കാര്യം تَدْعُونَ നിങ്ങൾ വിളി(പ്രാർത്ഥി)ക്കുന്നു إِلَيْهِ അതിലേക്ക്, അതിനായി إِنْ شَاءَ അവൻ ഉദ്ദേശിച്ചാൽ وَتَنْسَوْنَ നിങ്ങൾ വിസ്മരിക്കുക (മറക്കുക)യും ചെയ്യും مَا تُشْرِكُونَ നിങ്ങൾ പങ്കു ചേർക്കുന്നതിനെ (ചേർക്കുന്നവയെ)

ബഹുദൈവ വിശ്വാസികളായിരുന്നാൽപോലും അത്യാപത്ത് നേരിടുമ്പോൾ, തങ്ങളുടെ ദൈവങ്ങളെയെല്ലാം മറന്നു അല്ലാഹുവിനെമാത്രം വിളിച്ചു രക്ഷക്കപേക്ഷിക്കുകയായിരിക്കും ചെയ്യുക. വിഗ്രഹാരാധകന്മാരുടെ മാത്രം സ്ഥിതിയല്ല ഇത്. മരണപ്പെട്ടുപോയ മഹാത്മാക്കളായ ആളുകളെയും, ജീവിച്ചിരിപ്പുള്ള ദൈവവാദികളായ ആളുകളെയും വിളിച്ചാരാധിക്കുന്നവരുടെയും-എന്നുവേണ്ട, എല്ലാതരം ബഹുദൈവാരാധകന്മാരുടെയും- സ്ഥിതി ഇതുതന്നെയാണ്. അത്രയുമല്ല, നിരീശ്വര വാദികൾപോലും അത്യാഹിതങ്ങൾ നേരിടുമ്പോൾ -അറിഞ്ഞോ അറിയാതെയോ- 'പടച്ചവനേ, ഈശ്വരാ, ദൈവമേ' എന്നിങ്ങിനെ യഥാർത്ഥ ദൈവമായ അല്ലാഹുവിനെ വിളിച്ചു നിലവിളിക്കുന്നതായി കാണാം. ഈ ലോകാലോകങ്ങളുടെയെല്ലാം സ്രഷ്ടാവും പരമാധികാരി

യുമായ ഒരു മഹാശക്തിയുണ്ടെന്നുള്ള അവബോധം മനുഷ്യനിൽ നിക്ഷിപ്തമായിട്ടുള്ളതാണ് ഇതിന് കാരണം. ചില മഹാന്മാർ പ്രസ്താവിക്കുന്നതുപോലെ, പ്രകൃതിവാദത്തിലും, നിരീശ്വരവാദത്തിലും മുൻപന്തിയിൽ നിൽക്കുന്ന മഹാരഥന്മാർക്കുപോലും അവരുടെ വാദത്തിൽ പരിപൂർണ വിശ്വാസവും, പതറാത്ത മനസ്സാക്ഷിയും ഉണ്ടായിരിക്കയില്ലെന്നുള്ളതാണ് പരമാർത്ഥം.

വിഭാഗം - 5

وَلَقَدْ أَرْسَلْنَآ إِلَىٰٓ أُمَمٍ مِّن قَبْلِكَ فَأَخَذْنَـٰهُم بِٱلْبَأْسَآءِ وَٱلضَّرَّآءِ لَعَلَّهُمْ يَتَضَرَّعُونَ ﴿٤٢﴾

《42》 (നബിയേ) നിനക്ക് മുമ്പ് പല സമുദായങ്ങളിലേക്കും നാം (ദൂതന്മാരെ) അയക്കുകയുണ്ടായിട്ടുണ്ട്; എന്നിട്ട് കഷ്ടപ്പാടും, ദുരിതവും കൊണ്ട് നാം അവരെ പിടികൂടി, അവർ വിനയം കാണിക്കുവാൻ വേണ്ടി.

فَلَوْلَآ إِذْ جَآءَهُم بَأْسُنَا تَضَرَّعُوا۟ وَلَـٰكِن قَسَتْ قُلُوبُهُمْ

《43》 എന്നാൽ, അവർക്ക് നമ്മുടെ ശിക്ഷ വന്നപ്പോൾ അവർ വിനയം കാണിക്കാതിരുന്നതെന്താണ്?! എങ്കിലും അവരുടെ ഹൃദയങ്ങൾ കടുത്തുപോയി.

وَزَيَّنَ لَهُمُ ٱلشَّيْطَـٰنُ مَا كَانُوا۟ يَعْمَلُونَ ﴿٤٣﴾

അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെ പിശാച് അവർക്ക് അലങ്കാരമാക്കിക്കാണിക്കുകയും ചെയ്തു. [ഇതാണുണ്ടായത്].

《42》 وَلَقَدْأَرْسَلْنَا നാം അയക്കുകയുണ്ടായിട്ടുണ്ട് إِلَىٰٓ أُمَمٍ പല സമുദായങ്ങളിലേക്കും مِنْ قَبْلِكَ നിനക്ക് മുമ്പ് فَأَخَذْنَاهُمْ എന്നിട്ട് നാം അവരെ പിടിച്ചു(പിടികൂടി) بِالْبَأْسَاءِ കഷ്ടപ്പാട് കൊണ്ട് وَالضَّرَّاءِ ദുരിതവും, ബുദ്ധിമുട്ടും لَعَلَّهُمْ അവരാകുവാൻ വേണ്ടി, ആയേക്കാം يَتَضَرَّعُونَ വിനയം(താഴ്മ) കാണിക്കുന്ന(വർ), വിനയപ്പെടുക 《43》 فَلَوْلَا എന്നാൽ ആയിക്കൂടേ, എന്തുകൊണ്ടായില്ല إِذْجَاءَهُمْ അവർക്ക് വന്നപ്പോൾ بَأْسُنَا നമ്മുടെ ശിക്ഷ تَضَرَّعُوا അവർ വിനയം(താഴ്മ) കാണിക്കും وَلَـٰكِنْ എങ്കിലും قَسَتْ കടുത്തു, കടുപ്പമായി قُلُوبُهُمْ അവരുടെ ഹൃദയങ്ങൾ وَزَيَّنَ അലങ്കാരമാക്കുക (ഭംഗിയാക്കിക്കാണിക്കുക)യും ചെയ്തു لَهُمُ അവർക്ക് الشَّيْطَانُ പിശാച്, ശൈത്താൻ مَاكَانُوا അവരായിരുന്നതിനെ يَعْمَلُونَ അവർ പ്രവർത്തിക്കും.

فَلَمَّا نَسُوا۟ مَا ذُكِّرُوا۟ بِهِۦ فَتَحْنَا عَلَيْهِمْ أَبْوَٰبَ كُلِّ شَىْءٍ

﴿44﴾ **അങ്ങനെ, യാതൊന്നിനെക്കുറിച്ച് അവർ ഉൽബോധിപ്പിക്ക [ഉപദേശിക്ക]പ്പെട്ടുവോ അതവർ മറന്നുകളഞ്ഞപ്പോൾ, അവർക്ക് എല്ലാ വസ്തുക്കളുടെയും വാതിലുകൾ നാം തുറന്നുകൊടുത്തു.**

حَتَّىٰٓ إِذَا فَرِحُوا۟ بِمَآ أُوتُوٓا۟ أَخَذْنَٰهُم بَغْتَةً فَإِذَا هُم مُّبْلِسُونَ ﴿44﴾

അങ്ങിനെ, (അവസാനം) തങ്ങൾക്ക് നൽകപ്പെട്ടതിൽ അവർ ആഹ്ളാദം കൊണ്ടപ്പോൾ, അവരെ നാം പെട്ടെന്ന് പിടിച്ചു (ശിക്ഷിച്ചുകളഞ്ഞു). അപ്പോൾ, അവർ (അതാ) നിരാശപ്പെട്ടവർ (ആയിത്തീരുന്നു)!

فَقُطِعَ دَابِرُ ٱلْقَوْمِ ٱلَّذِينَ ظَلَمُوا۟ وَٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿45﴾

﴿45﴾ **അങ്ങനെ, (ആ) അക്രമം പ്രവർത്തിച്ചവരുടെ മൂട് മുറിക്കപ്പെട്ടു (അവർ നിശ്ശേഷം നശിപ്പിക്കപ്പെട്ടു). ലോകരക്ഷിതാവായ അല്ലാഹുവിനത്രെ സ്തുതി (മുഴുവനും)!**

﴿44﴾ فَلَمَّانَسُوا അങ്ങനെ (എന്നിട്ട്) അവർ മറന്നപ്പോൾ مَا യാതൊരു കാര്യം ذُكِّرُوا അവർ ഉത്ബോധിപ്പിക്ക(ഉപദേശിക്ക)പ്പെട്ടു بِهِ അതിനെപ്പറ്റി فَتَحْنَا നാം തുറന്നുകൊടുത്തു عَلَيْهِمْ അവർക്ക്, അവരിൽ أَبْوَابَ വാതിലു (മാർഗം)കൾ كُلِّشَيْءٍ എല്ലാ വസ്തുവിന്റെ(കാര്യത്തിന്റെ)യും حَتَّى അങ്ങനെ(ഇതുവരെ) إِذَافَرِحُوا അവർ സന്തോഷം കൊണ്ടപ്പോൾ, ആഹ്ളാദിച്ചപ്പോൾ بِمَاأُوتُوا അവർക്ക് നൽകപ്പെട്ടതിൽ, നൽകപ്പെട്ടതുകൊണ്ട് أَخَذْنَاهُمْ അവരെ നാം പിടിച്ചു (ശിക്ഷിച്ചു) بَغْتَةً പെട്ടെന്ന് فَإِذَاهُمْ അപ്പോൾ അവരതാ مُبْلِسُونَ നിരാശപ്പെട്ടവരാകുന്നു. ﴿45﴾ فَقُطِعَ അങ്ങിനെ മുറിക്ക(ഛേദിക്ക)പ്പെട്ടു دَابِرُ പിൻഭാഗം (മൂട്) الْقَوْمِ ജനങ്ങളുടെ الَّذِينَظَلَمُوا അക്രമം പ്രവർത്തിച്ചവരായ وَالْحَمْدُ സ്തുതി (മുഴുവൻ) لِلَّهِ അല്ലാഹുവിനാണ് رَبِّ റബ്ബായ, രക്ഷിതാവായ الْعَالَمِينَ ലോകരുടെ

മുൻസമുദായങ്ങളുടെ ചരിത്രം ഓർമിപ്പിച്ചുകൊണ്ട് അത്പോലെ നിങ്ങളിലും സംഭവിക്കുന്നത് സൂക്ഷിക്കണമെന്ന് അവിശ്വാസികളെ അല്ലാഹു താക്കീത് ചെയ്കയാണ്. മുമ്പ് പല സമുദായങ്ങളിലേക്കും ഇതുപോലെ റസൂലുകളെ അയച്ചിട്ട് അവർ അവരെ

നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്തു. അപ്പോൾ, അവരുടെ ധിക്കാരം മാറ്റി അവർ വിനയവും പാകതയും, ഉള്ളവരായിത്തീരുവാൻ വേണ്ടി അല്ലാഹു ഓരോ തരത്തിലുള്ള പീഢനങ്ങളും ദുരിതങ്ങളും ഏർപ്പെടുത്തി. അപ്പോഴും അവർ നന്നായിത്തീരുകയല്ല ചെയ്തത്. സ്വഭാവം ദുഷിക്കുകയും ഹൃദയം കടുത്തുപോകുകയുമാണുണ്ടായത്. പിശാചിന്റെ ദുർമന്ത്രങ്ങൾക്ക് അവർ വിധേയരായി. തങ്ങൾ ചെയ്യുന്ന തോന്നിവാസങ്ങളെല്ലാം തങ്ങൾക്ക് ഭൂഷണമായി അവൻ അവർക്ക് തോന്നിപ്പിക്കുകയും ചെയ്തു. അപ്പോൾ, അല്ലാഹു അവർക്ക് ക്ഷേമൈശ്വര്യങ്ങളുടെയും സുഖസൗകര്യങ്ങളുടെയും മാർഗങ്ങൾ വേണ്ടത്ര തുറന്നുകൊടുത്തു. കഷ്ടതകൾ മാറി അനുഗ്രഹങ്ങളിൽ മുഴുകിയപ്പോൾ അവർ അല്ലാഹുവോട് നന്ദി കാണിച്ചുവോ? അതുമില്ല. മറിച്ച്, ദുരഭിമാനം നടിക്കുകയും ആഹ്ളാദം കൊള്ളുകയുമാണ് ചെയ്തത്. ചുരുക്കിപ്പറഞ്ഞാൽ, തിന്മ മുഖേനയുള്ള ആദ്യത്തെ പരീക്ഷണംകൊണ്ടും, നന്മ മുഖേനയുള്ള രണ്ടാമത്തെ പരീക്ഷണംകൊണ്ടും അവർ പാഠം പഠിച്ചിട്ടില്ല. അതിനാൽ അല്ലാഹു അവരിൽ ഓരോ തരത്തിലുള്ള ശിക്ഷകളെ ഏർപ്പെടുത്തി. അപ്പോഴാണവർ കണ്ണുതുറന്നത്. പക്ഷേ, ഫലമെന്ത്? അല്ലാഹു അവരുടെ അവശിഷ്ടംപോലും ബാക്കിയാകാതെ അവരെ നിശ്ശേഷം ഭൂമുഖത്തു നിന്ന് ഛേദിച്ചുകളഞ്ഞു. ഈ ചരിത്ര യാഥാർത്ഥ്യങ്ങൾ ഇവർക്കും പാഠമായിരിക്കട്ടെ എന്നു സാരം.

ധിക്കാരശീലരും തോന്നിയവാസികളുമായ ആളുകളെ ആപത്തുകളും കഷ്ടപ്പാടുകളും വഴി അല്ലാഹു പരീക്ഷണം നടത്താറുള്ളതുപോലെ, സുഖസൗകര്യങ്ങൾ മുഖേനയും പരീക്ഷണം നടത്തി നോക്കുമെന്നും, രണ്ടും അവരിൽ മാനസാന്തരം വരുത്തുന്നില്ലാത്ത പക്ഷം, അവർ അല്ലാഹുവിന്റെ കോപത്തിനും, പെട്ടെന്നുള്ള ശിക്ഷക്കും പാത്രമായിത്തീരുമെന്നും ഇതിൽ നിന്ന് മനസ്സിലാക്കാം. ലോക ചരിത്രം നോക്കുമ്പോൾ -വ്യക്തികളുടെ ചരിത്രത്തിലും സമുദായങ്ങളുടെ ചരിത്രത്തിലും തന്നെ- ഇതിനു ധാരാളം തെളിവുകളും കാണാം. സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം രണ്ടു തരം പരീക്ഷണങ്ങളും അവർ തങ്ങൾക്ക് ഗുണകരമയി കലാശിക്കുമാറ് ഉപയോഗപ്പെടുത്തുകയായിരിക്കും ചെയ്യുക. നബി ﷺ പറയുന്നു: 'സത്യവിശ്വാസിയുടെ കാര്യം ആശ്ചര്യം തന്നെ! അവന്റെ കാര്യമെല്ലാം അവനു ഗുണകരമായിത്തീരുന്നു. ഇത് സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കുമില്ല. അതായത്; അവന് വല്ല സന്തോഷാവസ്ഥയും ബാധിച്ചാൽ അവൻ നന്ദി കാണിക്കുന്നു. അങ്ങനെ, അതവന് ഗുണമാകുന്നു. അവന് വല്ല ദുരിതാവസ്ഥയും ബാധിച്ചാൽ അവൻ ക്ഷമ കൈകൊള്ളുകയും ചെയ്യുന്നു. അപ്പോൾ അതും അവന് ഗുണമായിത്തീരുന്നു'. (മു)

മേൽപറഞ്ഞവിധം മുർസലുകളുടെ ദൗത്യവും പ്രബോധനങ്ങളും സത്യമായി പുലരുകയും, അവരുടെ വിജയവും, നിഷേധികളുടെ പരാജയവും സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്തതിന്റെ പേരിൽ, അല്ലാഹുവിനെ സ്തുതിക്കേണ്ടതുണ്ടെന്ന് സത്യവിശ്വാസികളെ അനുസ്മരിപ്പിച്ചുകൊണ്ട് അല്ലാഹു അവനെത്തന്നെ സ്തുതിക്കുന്നതാണ് അവസാനത്തെ വാക്യം. (وَالْحَمْدُ لِلَّهِ رَبِّ الْعَالَمِينَ)

﴿46﴾ **നീ പറയുക: 'നിങ്ങൾ കണ്ടുവോ [പറഞ്ഞു തരുവിൻ]?**

قُلْ أَرَءَيْتُمْ

إِنْ أَخَذَ ٱللَّهُ سَمْعَكُمْ وَأَبْصَٰرَكُمْ وَخَتَمَ عَلَىٰ قُلُوبِكُم مَّنْ إِلَٰهٌ غَيْرُ ٱللَّهِ يَأْتِيكُم بِهِ ۗ

നിങ്ങളുടെ കേൾവിയും, കാഴ്ചകളും അല്ലാഹു എടുത്തുകളയുകയും, നിങ്ങളുടെ ഹൃദയങ്ങൾക്ക് അവൻ മുദ്ര വെക്കുകയും ചെയ്തുവെങ്കിൽ, അല്ലാഹു അല്ലാത്ത ഏതൊരു 'ഇലാഹാ'ണ് [ആരാധ്യനാണ്] നിങ്ങൾക്കത് കൊണ്ടുവന്നു തരുന്നത്?!'

ٱنظُرْ كَيْفَ نُصَرِّفُ ٱلْءَايَٰتِ ثُمَّ هُمْ يَصْدِفُونَ ﴿٤٦﴾

നോക്കൂ: നാം അവർക്ക് 'ആയത്തു' [ലക്ഷ്യം]കൾ എങ്ങിനെ വിവിധ രൂപത്തിൽ വിവരിച്ചു കൊടുക്കുന്നുവെന്ന്! (എന്നിട്ടും) പിന്നെ, അവർ തിരിഞ്ഞു കളയുന്നു!

قُلْ أَرَءَيْتَكُمْ إِنْ أَتَىٰكُمْ عَذَابُ ٱللَّهِ بَغْتَةً أَوْ جَهْرَةً هَلْ يُهْلَكُ إِلَّا ٱلْقَوْمُ ٱلظَّٰلِمُونَ ﴿٤٧﴾

﴿47﴾ നീ പറയുക: നിങ്ങൾ കണ്ടുവോ [പറഞ്ഞുതരിൻ]? പെട്ടെന്ന്, അല്ലെങ്കിൽ പ്രത്യക്ഷത്തിൽ [പരസ്യമായിത്തന്നെ] നിങ്ങൾക്ക് അല്ലാഹുവിന്റെ ശിക്ഷവരുന്നപക്ഷം, അക്രമികളായ ജനങ്ങളല്ലാതെ നശിപ്പിക്കപ്പെടുമോ?!'

﴿46﴾ قُلْ നീ പറയുക أَرَأَيْتُمْ നിങ്ങൾ കണ്ടുവോ (പറയൂ) إِنْ أَخَذَ اللهُ അല്ലാഹു എടുത്തുവെങ്കിൽ سَمْعَكُمْ നിങ്ങളുടെ കേൾവിയെ وَأَبْصَارَكُمْ നിങ്ങളുടെ കാഴ്ചകളെയും وَخَتَمَ അവൻ മുദ്രവെക്കുകയും عَلَى قُلُوبِكُمْ നിങ്ങളുടെ ഹൃദയങ്ങൾക്ക് مَنْ إِلَٰهٌ ആരൊരു (ഏതൊരു) ഇലാഹാണ് (ആരാധ്യനാണ്) غَيْرُ اللهِ അല്ലാഹു അല്ലാത്ത يَأْتِيكُمْ بِهِ നിങ്ങൾക്കത് കൊണ്ടു വന്നു തരുന്നത് انظُرْ നോക്കുക كَيْفَ എങ്ങിനെയാണ് نُصَرِّفُ നാം വിവിധ രൂപത്തിൽ വിവരിക്കുന്നു الآيَاتِ ആയത്തു (ദൃഷ്ടാന്തം-ലക്ഷ്യം)കളെ ثُمَّ هُمْ പിന്നെ(യും) അവർ يَصْدِفُونَ തട്ടിത്തിരിയുന്നു, തിരിഞ്ഞുപോകുന്നു ﴿47﴾ قُلْ നീ പറയുക أَرَأَيْتَكُمْ നിങ്ങൾ കണ്ടുവോ إِنْ أَتَاكُمْ നിങ്ങൾക്ക് വന്നുവെങ്കിൽ عَذَابُ اللهِ അല്ലാഹുവിന്റെ ശിക്ഷ بَغْتَةً പെട്ടെന്ന് أَوْ جَهْرَةً അല്ലെങ്കിൽ പരസ്യമായി, പ്രത്യക്ഷത്തിൽ هَلْ يُهْلَكُ നശിപ്പിക്കപ്പെടുമോ إِلا الْقَوْمُ ജനത (ജനങ്ങൾ) അല്ലാതെ الظَّالِمُونَ അക്രമികളായ

അല്ലാഹു ചൂണ്ടിക്കാട്ടിയ ഈ രണ്ടു യാഥാർത്ഥ്യങ്ങളും ഒരു വിശദീകരണം കൂടാതെ എല്ലാവർക്കും അറിയാവുന്നതാണ്. എന്നിട്ടും പിന്നെയും അതൊന്നും വക വെക്കാതെ, നിങ്ങൾ അല്ലാഹു അല്ലാത്ത വസ്തുക്കളെ ആരാധിച്ചും വിളിച്ചു പ്രാർത്ഥിച്ചും വരുന്നത് എത്രമാത്രം അനാശാസ്യവും നിരർത്ഥവുമാണെന്ന് ആലോചിച്ചു നോക്കുക. ഇതൊന്നും നിങ്ങൾ മനസ്സിരുത്താത്തത് വലിയ ആശ്ചര്യം തന്നെ. എന്നിങ്ങിനെ മുശ്‌രിക്കുകളെ ഓർമിപ്പിക്കുവാൻ അല്ലാഹു നബി ﷺയോട് കൽപിക്കുകയാണ്.

وَمَا نُرْسِلُ ٱلْمُرْسَلِينَ إِلَّا مُبَشِّرِينَ وَمُنذِرِينَ ۖ فَمَنْ ءَامَنَ وَأَصْلَحَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٤٨﴾

﴾48﴿ ദൂതന്മാരെ സന്തോഷവാർത്ത അറിയിക്കുന്നവരായും, താക്കീത് (അഥവാ മുന്നറിയിപ്പ്) നൽകുന്നവരായുമല്ലാതെ നാം അയക്കാറില്ല. എന്നിട്ട് ആർ വിശ്വസിക്കുകയും (കർമങ്ങൾ) നന്നാക്കിത്തീർക്കുകയും ചെയ്തുവോ, അവരുടെ മേൽ യാതൊരു ഭയവുമില്ല; അവർ വ്യസനിക്കുകയുമില്ല.

وَٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا يَمَسُّهُمُ ٱلْعَذَابُ بِمَا كَانُوا۟ يَفْسُقُونَ ﴿٤٩﴾

﴾49﴿ നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരാകട്ടെ, അവർ തോന്നിയവാസം പ്രവർത്തിച്ചിരുന്നതുകൊണ്ട് അവരെ ശിക്ഷ ബാധിക്കുന്നതാണ്.

﴾48﴿ وَمَانُرْسِلُ നാം അയച്ചിട്ടില്ല, അയക്കാറില്ല الْمُرْسَلِينَ മുർസലുകളെ إِلا مُبَشِّرِينَ സന്തോഷവാർത്ത അറിയിക്കുന്നവരായല്ലാതെ وَمُنْذِرِينَ താക്കീത് നൽകുന്നവരും, മുന്നറിയിപ്പുകാരും فَمَنْ آمَنَ എന്നാൽ (എന്നിട്ട്-അപ്പോൾ) ആർ വിശ്വസിച്ചുവോ وَأَصْلَحَ നന്നാക്കിത്തീർക്കുകയും, നന്നായിത്തീരുകയും فَلاخَوْفٌ എന്നാൽ ഒരു ഭയവുമില്ല عَلَيْهِمْ അവരുടെമേൽ وَلاهُمْ يَحْزَنُونَ അവർ വ്യസനിക്കുകയുമില്ല ﴾49﴿ وَالَّذِينَ كَذَّبُوا വ്യാജമാക്കിയവരാകട്ടെ بِآيَاتِنَا നമ്മുടെ ദൃഷ്ടാന്ത(ലക്ഷ്യ)ങ്ങളെ يَمَسُّهُمُ അവരെ സ്പർശിക്കും, ബാധിക്കും الْعَذَابُ ശിക്ഷ بِمَا كَانُوا അവരായിരുന്നതുകൊണ്ട് (നിമിത്തം) يَفْسُقُونَ അവർ തോന്നിയവാസം പ്രവർത്തിക്കും.

എല്ലാവരെയും സത്യവിശ്വാസം സ്വീകരിപ്പിച്ചു സന്മാർഗികളാക്കിത്തീർക്കുക എന്ന ബാധ്യത അല്ലാഹുവിന്റെ റസൂലുകൾക്കില്ല. നല്ല കാര്യങ്ങൾ ഇന്നിന്നതാണെന്നും,

അതു സ്വീകരിച്ചാൽ ഇന്നിന്ന ഗുണങ്ങൾ ലഭിക്കുമെന്നുമുള്ള സന്തോഷവാർത്ത അറിയിക്കലും, ചീത്ത കാര്യങ്ങൾ ഇന്നിന്നവയാണെന്നും, അത് ഉപേക്ഷിക്കാത്ത പക്ഷം ഇന്നിന്ന ദോഷങ്ങൾ സംഭവിക്കുമെന്നും താക്കീത് നൽകലും എന്നിങ്ങനെ രണ്ടു കാര്യങ്ങളാണ് അവർക്ക് നിർവ്വഹിക്കാനുള്ളത്. അതിൽ അവരെ അനുസരിക്കുന്നവർക്ക് രക്ഷയുണ്ട്, അല്ലാത്തവർക്ക് ശിക്ഷയുമുണ്ടായിരിക്കും എന്ന് സാരം.

قُل لَّآ أَقُولُ لَكُمْ عِندِى خَزَآئِنُ ٱللَّهِ وَلَآ أَعْلَمُ ٱلْغَيْبَ وَلَآ أَقُولُ لَكُمْ إِنِّى مَلَكٌ ۖ إِنْ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَىَّ ۚ

﴾50﴿ (നബിയേ) പറയുക: 'അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് നിങ്ങളോട് ഞാൻ പറയുന്നില്ല; ഞാൻ അദൃശ്യകാര്യം അറിയുകയുമില്ല; ഞാൻ ഒരു 'മലക്കാ'ണ് എന്നും നിങ്ങളോട് ഞാൻ പറയുന്നില്ല. എനിക്ക് 'വഹ്‌യ്' [ദിവ്യസന്ദേശം] നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻപറ്റുന്നില്ല'.

قُلْ هَلْ يَسْتَوِى ٱلْأَعْمَىٰ وَٱلْبَصِيرُ ۚ أَفَلَا تَتَفَكَّرُونَ ﴿٥٠﴾

പറയുക: 'അന്ധനും, കാഴ്ചയുള്ളവനും സമമാകുമോ?! അപ്പോൾ, നിങ്ങൾ ചിന്തിച്ചുനോക്കുന്നില്ലേ?!'

﴾50﴿ قُلْ നീ പറയുക لاأَقُولُ ഞാൻ പറയുന്നില്ല لَكُمْ നിങ്ങളോട് عِندِي എന്റെ പക്കലുണ്ട് (എന്ന്) خَزَائِنُ ഖജനാവുകൾ, സൂക്ഷിപ്പുകൾ اللهِ അല്ലാഹുവിന്റെ وَلاأَعْلَمُ ഞാൻ അറിയുകയുമില്ല الْغَيْبَ അദൃശ്യം, മറഞ്ഞത് وَلاأَقُولُ ഞാൻ പറയുന്നുമില്ല لَكُمْ നിങ്ങളോട് إِنِّي مَلَكٌ ഞാനൊരു മലക്കാണ് എന്ന് إِنْأَتَّبِعُ ഞാൻ പിൻപറ്റുന്നില്ല إِلا مَايُوحَى വഹ്‌യ് നൽകപ്പെടുന്നതിനെയല്ലാതെ إِلَيَّ എനിക്ക്, എന്നിലേക്ക് قُلْ നീ പറയുക هَلْيَسْتَوِي സമമാകുമോ, ശരിയായിരിക്കുമോ الأَعْمَى അന്ധൻ وَالْبَصِيرُ കാഴ്ചയുള്ളവനും أَفَلاتَتَفَكَّرُونَ അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ

നബി ﷺ തിരുമേനിയോട് ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുക്കുവാൻ ആവശ്യപ്പെടുക, ഇതര മനുഷ്യരെപ്പോലെ നബി ﷺയും ഭക്ഷണപാനീയങ്ങൾ കഴിക്കുന്നതിനെയും അങ്ങാടിയിലൂടെ നടക്കുന്നതിനെയും സംബന്ധിച്ചും മറ്റും ആശ്ചര്യം പ്രകടിപ്പിക്കുക മുതലായവ അവിശ്വാസികളുടെ പതിവായിരുന്നു. അല്ലാഹുവിന്റെ റസൂലാകണമെങ്കിൽ അമാനുഷികമായ കഴിവുകളും അദൃശ്യജ്ഞാനവുമൊക്കെ വേണമെന്നാണവരുടെ ധാരണ. ഈ ധാരണ അടിയോടെ തെറ്റാണെന്ന് വ്യക്തമാക്കുവാൻ ഈ വചനം മുഖേന അല്ലാഹു നബി ﷺയോട് കൽപിക്കുന്നു. അല്ലാഹുവിന്റെ ഖജനാവു

കളൊന്നും എന്റെ അധീനത്തിലില്ല; നിങ്ങൾ ആവശ്യപ്പെടുന്നതൊക്കെ കാണിച്ചു തരത്തക്കവിധം ഒരു കഴിവും എനിക്കില്ല; അദൃശ്യകാര്യങ്ങളെക്കുറിച്ചുള്ള അറിവും എനിക്കില്ല; മനുഷ്യസഹജമായ മാർഗങ്ങളിൽകൂടി ലഭിക്കുന്ന അറിവുകൾ മാത്രമേ എനിക്കുള്ളൂ; അതിനപ്പുറമുള്ള വല്ല കാര്യവും അറിയണമെങ്കിൽ അത് അല്ലാഹുവിങ്കൽ നിന്ന് പ്രത്യേകം അറിവ് ലഭിക്കുക തന്നെവേണം; ഞാനൊരു മലക്കല്ല, മനുഷ്യൻ മാത്രമാണ്; മനുഷ്യ പ്രകൃതിക്കതീതമായ പ്രകൃതി വിശേഷങ്ങളൊന്നും എനിക്കില്ല; പക്ഷേ, എനിക്ക് അല്ലാഹുവിങ്കൽ നിന്ന് ദിവ്യസന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്; അതാണെന്റെ പ്രത്യേകത; അത് ഞാൻ പ്രബോധനം ചെയ്കയും ചെയ്യുന്നു; അത് അപ്പടി പിൻപറ്റുകയല്ലാതെ -അതിൽ വല്ല ഭേദഗതിയും വരുത്തുവാൻ- എനിക്ക് നിവൃത്തിയില്ല; അങ്ങിനെ ഞാൻ ചെയ്കയുമില്ല, എന്നൊക്കെയാണ് ഈ പ്രഖ്യാപനത്തിലടങ്ങിയിരിക്കുന്നത്.

അല്ലാഹുവിന്റെ സൃഷ്ടികളിൽ വെച്ച് വിശിഷ്ടരാണ് പ്രവാചകന്മാർ, പ്രവാചക സമൂഹത്തിൽവെച്ച് ഏറ്റവും വിശിഷ്ടനായ ആളാണ് നബി ﷺ തിരുമേനി. നബി ﷺ തിരുമേനിയെക്കുറിച്ചാണ് ഇതെല്ലാം അല്ലാഹു പറഞ്ഞത്. എന്നിട്ട് പിന്നെയും പ്രവാചകത്വ പദവിയുടെ എത്രയോ താഴേക്കിടയിൽ സ്ഥിതി ചെയ്യുന്ന ചില ആളുകളെക്കുറിച്ച് -അവർ എത്ര തന്നെ പുണ്യവാന്മാരായിരുന്നാലും- അവർക്ക് അസാധാരണമായ കഴിവുകളുണ്ടെന്നും, അവർക്ക് മറഞ്ഞ കാര്യങ്ങൾ അറിയാമെന്നും, അദൃശ്യമായ സ്വാധീനശക്തികളുണ്ടെന്നുമൊക്കെ പലരും ധരിച്ചും പ്രചരിപ്പിച്ചും വരുന്നു. ഇത് സംബന്ധിച്ച് ക്വുർആനിൽ വിശ്വസിക്കുന്ന ഒരു സത്യവിശ്വാസി എന്താണ് വിധികൽപിക്കേണ്ടതെന്ന് ആലോചിച്ചുനോക്കുക! യാതൊരു വ്യാഖ്യാനത്തിന്റെയും സഹായം കൂടാതെത്തന്നെ സ്വയം സ്പഷ്ടമായ ഈ ഒരൊറ്റ ക്വുർആൻ വചനം മുസ്‌ലിംകൾ മനസ്സിരുത്തിയിരുന്നുവെങ്കിൽ, ഇന്ന് സമുദായമദ്ധ്യെ പ്രചുരപ്രചാരം സിദ്ധിച്ചു കഴിഞ്ഞ ശിർക്കുപരമായ മിക്ക അന്ധവിശ്വാസങ്ങളും, ആ വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള എത്രയോ അനാചാരങ്ങളും സ്വയം ഇല്ലാതാകുമായിരുന്നു. പക്ഷേ, തുറന്ന ഹൃദയത്തോടുകൂടി സത്യം സ്വീകരിക്കുവാനും അല്ലാഹുവിന്റെയും റസൂലിന്റെയും വചനങ്ങളിൽ നിന്ന് സത്യാസത്യങ്ങൾ ഗ്രഹിക്കുവാനും സന്നദ്ധതയുള്ളവർക്കേ അതിന് ഭാഗ്യം ലഭിക്കുകയുള്ളൂ. അല്ലാത്തവർക്ക് എത്ര വേദാന്തം ഓതിക്കേൾപ്പിച്ചിട്ടും ഫലമുണ്ടാകുകയില്ല താനും. ഈ രണ്ട് തരക്കാരെയും കുറിച്ചു തന്നെയാണ് അല്ലാഹു ഈ വചനത്തിന്റെ അവസാനത്തിൽ പറയുന്നതും : ...قُلْ هَلْ يَسْتَوِي (പറയുക: അന്ധനും കാഴ്ചയുള്ളവനും സമമാകുമോ?; അപ്പോൾ നിങ്ങൾ ചിന്തിച്ചു നോക്കുന്നില്ലേ?!).

വിഭാഗം - 6

وَأَنذِرْ بِهِ

﴿51﴾ ഇത് [വഹ്‌യ് നൽകപ്പെടുന്നത്] മുഖേന നീ താക്കീത് നൽകുകയും ചെയ്യുക.

ٱلَّذِينَ يَخَافُونَ أَن يُحْشَرُوٓا۟ إِلَىٰ رَبِّهِمْ

തങ്ങളുടെ റബ്ബിങ്കലേക്ക് ഒരുമിച്ചുകൂട്ടപ്പെടുമെന്ന് ഭയപ്പെടുന്നവരെ;

لَيْسَ لَهُم مِّن دُونِهِۦ وَلِيٌّ وَلَا شَفِيعٌ لَّعَلَّهُمْ يَتَّقُونَ ﴿٥١﴾

അവർക്ക് അവനു പുറമെ ഒരു രക്ഷാധികാരി (അഥവാ കൈകാര്യ കർത്താവ്) ആകട്ടെ, ഒരു ശുപാർശ കനാകട്ടെ (ഉണ്ടായിരിക്കുക)യില്ല. അവർ സൂക്ഷിച്ചേക്കാം.

﴾51﴿ وَأَنْذِرْ നീ താക്കീത് ചെയ്യുക, മുന്നറിയിപ്പ് നൽകുകയും ചെയ്യുക بِهِ ഇത് മുഖേ ന, അതുകൊണ്ട് الَّذِينَ يَخَافُونَ ഭയപ്പെടുന്നവരെ أَنْ يُحْشَرُوا അവർ ഒരുമിച്ചു കൂട്ടപ്പെടു ന്നതിനെ (കൂട്ടപ്പെടുമെന്ന്) إِلَىٰ رَبِّهِمْ തങ്ങളുടെ റബ്ബിങ്കലേക്ക് لَيْسَ لَهُمْ അവർക്ക് ഇല്ല, ഇല്ലാത്തവിധം مِنْ دُونِهِ അവനെകൂടാതെ, അവനു പുറമെ وَلِيٌّ ഒരു ബന്ധു (രക്ഷാ കർത്താ)വും, സഹായിയും وَلَا شَفِيعٌ ഒരു ശുപാർശക്കാരനും ഇല്ല لَعَلَّهُمْ അവരായേ ക്കാം, ആകുവാൻ വേണ്ടി يَتَّقُونَ അവർ സൂക്ഷിക്കും.

അല്ലാഹുവിന്റെ മുമ്പിൽ തങ്ങളുടെ ചെയ്തികളെക്കുറിച്ച് ഉത്തരം പറയേണ്ടിവ രുമെന്ന ബോധമില്ലാത്തവരെ താക്കീത് ചെയ്തതുകൊണ്ട് അവർ സൂക്ഷ്മത പാലി ക്കുവാൻ തയ്യാറാകുകയില്ലല്ലോ. അതുകൊണ്ടാണ് പ്രസ്തുത ഭയപ്പാടുള്ളവരെ താക്കീത് ചെയ്യണമെന്ന് പറയുന്നത്.

وَلَا تَطْرُدِ ٱلَّذِينَ يَدْعُونَ رَبَّهُم بِٱلْغَدَوٰةِ وَٱلْعَشِيِّ يُرِيدُونَ وَجْهَهُۥ ۖ

﴾52﴿ തങ്ങളുടെ റബ്ബിന്റെ പ്രീതിയെ ഉദ്ദേശിച്ചു കൊണ്ട് രാവിലെയും, വൈകുന്നേരവും [സദാ] അവനെ വിളിച്ചു (പ്രാർത്ഥിച്ചു)കൊണ്ടിരിക്കുന്നവരെ നീ ആട്ടിക്കളയരുത്.

مَا عَلَيْكَ مِنْ حِسَابِهِم مِّن شَىْءٍ

അവരുടെ വിചാരണയിൽ നിന്ന് ഒട്ടുംതന്നെ, നിന്റെ മേൽ (ബാധ്യത) ഇല്ല;

﴾52﴿ وَلَا تَطْرُدِ നീ ആട്ടരുത്, ഓട്ടുകയും അരുത് الَّذِينَ يَدْعُونَ വിളിക്കുന്ന (പ്രാർത്ഥി ക്കുന്ന)വരെ رَبَّهُمْ തങ്ങളുടെ റബ്ബിനെ بِالْغَدَاةِ രാവിലെ وَالْعَشِيِّ വൈകുന്നേരവും يُرِيدُونَ അവർ ഉദ്ദേശിച്ചുകൊണ്ട് وَجْهَهُ അവന്റെ മുഖത്തെ (പ്രീതിയെ) مَا عَلَيْكَ നിന്റെ മേൽ ഇല്ല مِنْ حِسَابِهِمْ അവരുടെ വിചാരണയിൽ നിന്ന് مِنْ شَيْءٍ ഒരു വസ്തുവും (ഒട്ടും)

وَمَا مِنْ حِسَابِكَ عَلَيْهِم مِّن شَيْءٍ فَتَطْرُدَهُمْ فَتَكُونَ مِنَ ٱلظَّٰلِمِينَ ﴿٥٢﴾

നിന്റെ വിചാരണയിൽ നിന്ന് ഒട്ടും തന്നെ അവരുടെ മേലും (ബാധ്യത) ഇല്ല. [എല്ലാവരെയും വിചാരണ നടത്തി തീരുമാനമെടുക്കുവാനുള്ള അധികാരം അല്ലാഹുവിനാണ്.] എന്നാൽ [അങ്ങിനെയുണ്ടെങ്കിൽ] നിനക്കവരെ ആട്ടിക്കളയാമായിരുന്നു; അപ്പോൾ, [ആട്ടിക്കളഞ്ഞാൽ] നീ അക്രമികളിൽ പെട്ടവനായിത്തീരുന്നതുമാണ്.

وَكَذَٰلِكَ فَتَنَّا بَعْضَهُم بِبَعْضٍ لِّيَقُولُوٓا۟ أَهَٰٓؤُلَآءِ مَنَّ ٱللَّهُ عَلَيْهِم مِّنۢ بَيْنِنَآ ۗ

﴾53﴿ അപ്രകാരം, അവരിൽ ചിലരെ ചിലരെക്കൊണ്ട് നാം പരീക്ഷണം ചെയ്തിരിക്കുന്നു; 'ഞങ്ങളുടെ ഇടയിൽ നിന്ന് ഇവർക്കാണോ അല്ലാഹു അനുഗ്രഹം നൽകിയത്?!' എന്ന് അവർ പറയുവാൻവേണ്ടി.

أَلَيْسَ ٱللَّهُ بِأَعْلَمَ بِٱلشَّٰكِرِينَ ﴿٥٣﴾

നന്ദി കാണിക്കുന്നവരെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനല്ലയോ?

وَمَامِنْ حِسَابِكَ നിന്റെ വിചാരണയിൽ നിന്നുമില്ല عَلَيْهِمْ അവരുടെ മേൽ (ബാധ്യത) مِنْ شَيْءٍ യാതൊന്നും فَتَطْرُدَهُمْ എന്നാൽ നീ (നിനക്ക്) അവരെ ആട്ടിക്കളയാമായിരുന്നു فَتَكُونَ അപ്പോൾ നീ ആയിത്തീരുന്നതുമാണ് مِنَ الظَّالِمِينَ അക്രമികളുടെ കൂട്ടത്തിൽ(പെട്ടവൻ) ﴾53﴿ وَكَذَٰلِكَ അപ്രകാരം فَتَنَّا നാം പരീക്ഷണം നടത്തിയിരിക്കുന്നു بَعْضَهُمْ അവരിൽ ചിലരെ بِبَعْضٍ ചിലരെക്കൊണ്ട് لِيَقُولُوا അവർ പറയുവാൻ വേണ്ടി أَهَٰؤُلَاءِ ഇക്കൂട്ടരോ مَنَّ اللَّهُ അല്ലാഹു ദയാ ദാക്ഷിണ്യം (അനുഗ്രഹം) ചെയ്തത് عَلَيْهِمْ അവരുടെ മേൽ مِنْ بَيْنِنَا നമ്മുടെ ഇടയിൽ നിന്ന് أَلَيْسَ اللَّهُ അല്ലാഹു അല്ലയോ بِأَعْلَمَ അധികം (നല്ലവണ്ണം) അറിയുന്നവൻ بِالشَّاكِرِينَ നന്ദി ചെയ്യു(കാണിക്കു)ന്നവരെപ്പറ്റി

وَإِذَا جَآءَكَ ٱلَّذِينَ يُؤْمِنُونَ بِـَٔايَـٰتِنَا فَقُلْ سَلَـٰمٌ عَلَيْكُمْ ۖ كَتَبَ رَبُّكُمْ عَلَىٰ نَفْسِهِ ٱلرَّحْمَةَ ۖ

﴾54﴿ നമ്മുടെ 'ആയത്തു' [ലക്ഷ്യം]കളിൽ വിശ്വസിക്കുന്നവർ നിന്റെ അടുക്കൽ വന്നാൽ, നീ (അവരോട്) പറയുക: 'നിങ്ങൾക്ക് സമാധാനശാന്തിയുണ്ടാവട്ടെ! നിങ്ങളുടെ റബ്ബ് തന്റെ സ്വന്തം പേരിൽ കാരുണ്യം (ഒരു ബാധ്യതയായി) നിശ്ചയിച്ചിരിക്കുന്നു;

أَنَّهُۥ مَنْ عَمِلَ مِنكُمْ سُوٓءًۢا بِجَهَـٰلَةٍ ثُمَّ تَابَ مِنۢ بَعْدِهِۦ وَأَصْلَحَ فَأَنَّهُۥ غَفُورٌ رَّحِيمٌ ﴿٥٤﴾

അതായത്, നിങ്ങളിൽ ആരെങ്കിലും വിഡ്ഢിത്തം നിമിത്തം വല്ല തിന്മയും പ്രവർത്തിച്ചു പിന്നീട് അതിന്റെ ശേഷം പശ്ചാത്തപിക്കുകയും, (കർമം) നന്നാക്കിത്തീർക്കുകയും ചെയ്താൽ, അപ്പോൾ, അവൻ വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നുവെന്ന്'.

وَكَذَٰلِكَ نُفَصِّلُ ٱلْـَٔايَـٰتِ

﴾55﴿ അപ്രകാരം നാം 'ആയത്തു' [ലക്ഷ്യം]കളെ വിശദീകരിച്ചു തരുന്നു;

وَلِتَسْتَبِينَ سَبِيلُ ٱلْمُجْرِمِينَ ﴿٥٥﴾

കുറ്റവാളികളുടെ മാർഗം വ്യക്തമായിക്കാണുവാൻ വേണ്ടിയും (കൂടി) ആകുന്നു (അത്).

﴾54﴿ وَإِذَا جَاءَكَ നിന്റെ അടുക്കൽ വന്നാൽ الَّذِينَ يُؤْمِنُونَ വിശ്വസിക്കുന്നവർ بِآيَاتِنَا നമ്മുടെ ആയത്തുകളിൽ فَقُلْ അപ്പോൾ നീ പറയുക سَلَامٌ സമാധാനം, ശാന്തി, രക്ഷ عَلَيْكُمْ നിങ്ങളുടെ മേൽ (ഉണ്ട്-ഉണ്ടാവട്ടെ) كَتَبَ رَبُّكُمْ നിങ്ങളുടെ റബ്ബ് രേഖപ്പെടുത്തി (നിശ്ചയിച്ചു നിയമിച്ചു)യിരിക്കുന്നു عَلَىٰ نَفْسِهِ തന്റെ സ്വന്തം പേരിൽ الرَّحْمَةَ കാരുണ്യത്തെ أَنَّهُ مَنْ عَمِلَ അതായത് ആർ പ്രവർത്തിച്ചുവോ مِنكُمْ നിങ്ങളിൽ നിന്ന് سُوءًا വല്ല തിന്മയും (ചീത്തയും) بِجَهَالَةٍ വിഡ്ഢിത്തം നമിത്തം, അജ്ഞത (അവിവേകം) കൊണ്ട് ثُمَّ تَابَ പിന്നെ അവൻ പശ്ചാത്തപിച്ചു, മടങ്ങി مِن بَعْدِهِ അതിനു ശേഷം

وَأَصْلَحَ നന്നാക്കിത്തീർക്കുകയും (നന്നാവുകയും)ചെയ്തു فَأَنَّهُۥغَفُورٌ എന്നാലവൻ വളരെ പൊറുക്കുന്നവനാണ് رَحِيمٌ കരുണാനിധിയാണ് ﴾55﴿ وَكَذَٰلِكَ അപ്രകാരം نُفَصِّلُ നാം വിശദീകരിക്കുന്നു الْآيَاتِ ആയത്തുകളെ (ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ) وَلِتَسْتَبِينَ വ്യക്തമായിക്കാണുവാൻ (സ്പഷ്ടമായിത്തീരുവാൻ)വേണ്ടിയും سَبِيلُ മാർഗം, വഴി الْمُجْرِمِينَ കുറ്റവാളികളുടെ

ഖുറൈശീ പ്രമാണികളായ ചിലർ നബി ﷺയുടെ അടുക്കൽ വരികയുണ്ടായി. ആ സന്ദർഭത്തിൽ തിരുമേനിയുടെ അടുക്കൽ സ്വുഹൈബ്, അമ്മാർ, ബിലാൽ, ഖബ്ബാബ് (റ) എന്നിങ്ങനെ പാവപ്പെട്ടവരും സാധുക്കളുമായ ഏതാനും സ്വഹാബികൾ ഉണ്ടായിരുന്നു. ആ പ്രമാണികൾ നബി ﷺയോട് പറഞ്ഞു: 'മുഹമ്മദേ, നിന്റെ ജനങ്ങളിൽ നിന്ന് ഈ ആളുകളെക്കൊണ്ട് നീ തൃപ്തിപ്പെട്ടിരിക്കയാണോ? ഞങ്ങളുടെ ഇടയിൽ ഇവർക്കാണോ അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ചിരിക്കുന്നത്? (ഇവർ മുമ്പന്മാരായിക്കൊണ്ട്) ഞങ്ങൾ ഇവരുടെ പിന്നാലെയായിത്തീരുകയോ? ഇക്കൂട്ടരെ നിങ്ങളുടെ കൂട്ടത്തിൽ നിന്ന് ആട്ടിവിടുക. ഇവരെ ആട്ടിക്കളഞ്ഞാൽ ഞങ്ങൾ നിന്നെ പിൻപറ്റാം. ഇമാം അഹ്മദ്, ഇബ്നുജരീർ, ഇബ്നു അബീഹാതിം (റ) മുതലായവർ ഉദ്ധരിച്ച ഈ സംഭവവും, ഏതാണ്ട് ഇതേ പ്രകാരം വേറെ ചില രിവായത്തുകളിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള സംഭവങ്ങളുമാണ് ഈ വചനങ്ങൾ അവതരിച്ച സന്ദർഭമെന്ന് മനസ്സിലാകുന്നു.

അല്ലാഹുവിന്റെ ആരാധനയിലും പ്രാർത്ഥനയിലും സമയം ചിലവഴിച്ചു വരുന്ന നിഷ്കളങ്കരായ മനുഷ്യരെ-അവർ എത്ര പാവങ്ങളായിക്കൊള്ളട്ടെ-ഒരിക്കലും മാറ്റി നിറുത്തിക്കൂടാ. അവരോടുള്ള ബന്ധവും സമ്പർക്കവും തുടരുക തന്നെ വേണം. അവരുടെ ഗുണദോഷങ്ങളെപ്പറ്റി ഒരു വിചാരണ നടത്തി തീരുമാനമെടുക്കേണ്ടുന്ന ബാധ്യത അല്ലാഹുവിന് മാത്രമാണുള്ളത്. എന്നിരിക്കെ, അവർ താണവരും സാധുക്കളുമാണെന്നുവെച്ച് ആട്ടിക്കളയുന്നത് തികച്ചും അക്രമവും അനീതിയുമാണ്. സത്യം സ്വീകരിക്കുവാൻ ആദ്യമായി മുമ്പോട്ടു വരുക സാധുക്കളും പാവപ്പെട്ടവരുമാകുന്നതും, പ്രമാണി വർഗവും ഉന്നതവിഭാഗവും അതിന്റെ പിന്നോക്കം നിൽക്കുന്നതുമൊക്കെ അല്ലാഹു ചെയ്യുന്ന ചില പരീക്ഷണങ്ങളാകുന്നു. ഈ പരീക്ഷണ വേളയിൽ 'ഇവരാണോ അനുഗൃഹീതരും നല്ലവരും? ഞങ്ങളല്ലേ അതിനു അർഹരായവർ?' എന്നൊക്കെ ഉന്നതവർഗം പറയലും പുച്ഛിക്കലും പണ്ടേ പതിവുള്ളതാണ്. അതാണ് ഇവിടെയും കാണുന്നത്. ആ പാവങ്ങളെപ്പോലെ അല്ലാഹുവിന്റെ ലക്ഷ്യങ്ങളിലും സന്ദേശങ്ങളിലും വിശ്വസിക്കുവാൻ മുന്നോട്ടു വരുന്നവർ ആരായാലും വേണ്ടില്ല, അവരെ അഭിവാദ്യം ചെയ്തു സ്വീകരിക്കുക തന്നെ വേണം. അവർക്ക് അല്ലാഹുവിന്റെ കാരുണ്യവും ദയാദാക്ഷിണ്യവും ലഭിക്കുമെന്നും, അറിവില്ലായ്മമൂലം അവർ ചെയ്തുപോയ തിന്മകളെപ്പറ്റി ഖേദിച്ചു മടങ്ങി നന്നായിത്തീർന്നാൽ അല്ലാഹു പൊറുത്തുകൊടുക്കുമെന്നും അവർക്ക് സന്തോഷമറിയിക്കുകയും ചെയ്യണം. എന്നൊക്കെയാണ് ഈ വചനങ്ങളിൽ പ്രസ്താവിച്ചതിന്റെ താൽപര്യം.

പ്രവാചകന്മാരുടെ പ്രബോധനങ്ങളിൽ വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ മുമ്പന്മാർ എല്ലാ കാലത്തും സാധുക്കളായ ആളുകൾ തന്നെയായിരിക്കും. നൂഹ് നബി(അ)യുടെ സമുദായത്തിലെ പ്രമാണി വർഗം അദ്ദേഹത്തോട്: 'ഞങ്ങളിലുള്ള അധമന്മാരല്ലാതെ നിന്നെ പിൻപറ്റിയതായി ഞങ്ങൾ കാണുന്നില്ല. അതും അധികമൊന്നും ആലോചിക്കാതെയാണ് താനും' എന്ന് പറഞ്ഞിരുന്നതായി സൂറ: ഹൂദ് 27 ൽ കാണാം. നബി ﷺ തിരുമേനിയിൽ ആദ്യമാദ്യം വിശ്വസിച്ചവരും ദരിദ്രന്മാർ, സ്ത്രീകൾ, അടിമകൾ മുതലായ ദുർബ്ബല വിഭാഗ ങ്ങളായിരുന്നു. റോമാ ചക്രവർത്തിയായ ഹിറക്ലിയൂസിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് നബി ﷺ കത്തയച്ചപ്പോൾ, അന്ന് ശാമിലുണ്ടായിരുന്ന അബൂസുഫ്‌യാൻ(റ)നെ വിളിപ്പിച്ചു അദ്ദേഹം നബി ﷺയെക്കുറിച്ച് ഒരന്വേഷണം നടത്തിയ കഥ പ്രസിദ്ധമാണ്. സംഭാഷണ മദ്ധ്യേ നബി ﷺയെ പിൻപറ്റിയവർ ദുർബ്ബല വിഭാഗമാണെന്ന് ഒരു ചോദ്യത്തിന് ഉത്തരമായി അബൂസുഫ്‌യാൻ (റ) അറിയിച്ചു. അപ്പോൾ ഹിറക്ലിയൂസ് പറഞ്ഞു: 'അങ്ങിനെത്തന്നെയാണുണ്ടാവുക. റസൂലുകളെ പിൻപറ്റുന്നവർ ദുർബ്ബലന്മാരായിരിക്കും'. ഏതൊരു നല്ല സംരംഭത്തിലും ആദ്യം മുമ്പോട്ട് വരുന്നത് കേവലം സാധാരണക്കാരും, താഴേക്കിടക്കാരായി ഗണിക്കപ്പെടുന്നവരുമായിരിക്കുമെന്നുള്ളത് ഒരു ചരിത്ര വസ്തുതയാണ്.

കാരുണ്യം തന്റെ ബാധ്യതയായി നിങ്ങളുടെ റബ്ബ് നിശ്ചയിച്ചുവെച്ചിരിക്കുന്നു (كَتَبَ رَبُّكُمْ عَلَىٰ نَفْسِهِ الرَّحْمَةَ) എന്നുള്ള വാക്യം സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം അതിമഹത്തായ ഒരു സന്തോഷവാർത്തയും അത്യധികം ആശാവഹമായ ഒരു വാഗ്ദാനവുമാകുന്നു. കഴിഞ്ഞ 12-ാം വചനത്തിലും ഇക്കാര്യം അല്ലാഹു ഉണർത്തുകയുണ്ടായി. അവന്റെ കാരുണ്യം അവന്റ കോപത്തെ കവച്ചുവെച്ചിരിക്കുന്നുവെന്ന് ഹദീഥിൽ വന്നിട്ടുള്ളത് നാം അവിടെ ഉദ്ധരിക്കുകയും ചെയ്തു. മറ്റൊരു ഹദീഥിൽ നബി ﷺ പറഞ്ഞതിന്റെ സാരം ഇങ്ങിനെയാണ്: 'അല്ലാഹുവിന്റെ കാരുണ്യത്തിന്റെ നൂറിൽ ഒരു ഭാഗം മാത്രമാണ് മനുഷ്യരടക്കമുള്ള എല്ലാ ജീവികളിലുമായി അവൻ (ഇഹത്തിൽ) നൽകിയിരിക്കുന്നത്. എല്ലാവരും പരസ്പരം കരുണയും ദയയും കാണിക്കുന്നതും, ദുഷ്ടജന്തുക്കൾ അവയുടെ കുട്ടികളോട് ദയ കാണിക്കുന്നതുമെല്ലാം അത് മൂലമാകുന്നു. ബാക്കി തൊണ്ണൂറ്റി ഒമ്പത് ഭാഗവും തന്റെ അടിയാന്മാർക്കിടയിൽ കരുണ ചെയ്‌വാനായി അവൻ ക്വിയാമത്തു നാളിലേക്ക് വെച്ചിരിക്കുകയാണ്' (ബു; മു). സൂഃഅഅ്റാഫ് 156 ൽ അല്ലാഹു പറയുന്നു: وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ (എന്റെ കാരുണ്യം എല്ലാ വസ്തുക്കൾക്കും വിശാലമായിരിക്കുന്നു) അവന്റെ കാരുണ്യത്തിന് ഇഹത്തിലും പരത്തിലും പാത്രമാകുന്ന സൽഭാഗ്യവാന്മാരിൽ അവൻ നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

വിഡ്ഢിത്തം നിമിത്തം തിന്മ പ്രവർത്തിക്കുക (عمل سوءا بجهالة) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് സൂഃ നിസാഉ് 17-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇങ്ങിനെയെല്ലാം കാര്യങ്ങൾ അല്ലാഹു വിസ്തരിച്ചു വിവരിച്ചുതരുന്നത് സത്യയാഥാർത്ഥ്യങ്ങൾ വ്യക്തമായി മനസ്സിലാക്കുവാനും, ദുർമാർഗം ഇന്നതാണെന്ന് ശരിക്ക് ഉരുത്തിരിയുവാനും വേണ്ടിയാണെന്നത്രെ അവസാനത്തെ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്.

വിഭാഗം - 7

قُلْ إِنِّي نُهِيتُ أَنْ أَعْبُدَ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ

﴾56﴿ നീ പറയുക: 'അല്ലാഹുവിന് പുറമെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവരെ ഞാൻ ആരാധിക്കുന്നത് നിശ്ചയമായും എന്നോട് വിരോധിക്കപ്പെട്ടിരിക്കുന്നു'.

قُل لَّآ أَتَّبِعُ أَهْوَآءَكُمْ قَدْ ضَلَلْتُ إِذًا وَمَآ أَنَا۠ مِنَ ٱلْمُهْتَدِينَ ﴿٥٦﴾

നീ പറയുക: 'നിങ്ങളുടെ ഇച്ഛകളെ ഞാൻ പിൻപറ്റുകയില്ല; (അങ്ങിനെ ചെയ്താൽ) അന്നേരം, ഞാൻ തീർച്ചയായും വഴിപിഴച്ചു; ഞാൻ സന്മാർഗം പ്രാപിച്ചവരിൽപെട്ടവനല്ലതാനും'.

قُلْ إِنِّي عَلَىٰ بَيِّنَةٍ مِّن رَّبِّي وَكَذَّبْتُم بِهِۦ مَا عِندِي مَا تَسْتَعْجِلُونَ بِهِۦٓ إِنِ ٱلْحُكْمُ إِلَّا لِلَّهِ

﴾57﴿ നീ പറയുക: നിശ്ചയമായും ഞാൻ, എന്റെ റബ്ബിങ്കൽ നിന്നുള്ള വ്യക്തമായ തെളിവോടെയാണുള്ളത്; നിങ്ങൾ അതിനെ വ്യാജമാക്കുകയും ചെയ്തിരിക്കയാണ്. നിങ്ങൾ യാതൊന്നിനു ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നുവോ അത് എന്റെ പക്കൽ ഇല്ല. വിധി(യുടെ അധികാരം) അല്ലാഹുവിനല്ലാതെ(ആർക്കും) ഇല്ല.

﴾56﴿ قُلْ നീ പറയുക إِنِّي نُهِيتُ നിശ്ചയമായും ഞാൻ വിരോധിക്കപ്പെട്ടിരിക്കുന്നു أَنْ أَعْبُدَ ഞാൻ ആരാധിക്കുന്നത് الَّذِينَ تَدْعُونَ നിങ്ങൾ വിളിക്കുന്ന (പ്രാർത്ഥിക്കുന്ന)വരെ مِن دُونِ اللَّهِ അല്ലാഹുവിനു പുറമെ, അല്ലാഹുവിനെ കൂടാതെ قُلْ നീ പറയുക لَا أَتَّبِعُ ഞാൻ പിൻപറ്റുകയില്ല أَهْوَاءَكُمْ നിങ്ങളുടെ ഇച്ഛകളെ قَدْ ضَلَلْتُ തീർച്ചയായും ഞാൻ വഴി പിഴച്ചു إِذًا അന്നേരം, അപ്പോൾ, എന്നാൽ وَمَا أَنَا ഞാൻ അല്ലതാനും مِنَ الْمُهْتَدِينَ സന്മാർഗം പ്രാപിച്ചവരിൽ(പെട്ടവൻ). ﴾57﴿ قُلْ إِنِّي നീ പറയുക നിശ്ചയമായും ഞാൻ عَلَىٰ بَيِّنَةٍ തെളിവോടെയാണ്, തെളിവുപ്രകാരമാണ് مِن رَّبِّي എന്റെ റബ്ബിങ്കൽ നിന്നുള്ള وَكَذَّبْتُم നിങ്ങൾ വ്യാജമാക്കുകയും ചെയ്തിരിക്കുന്നു بِهِ അതിനെ, അവനെ مَا عِندِي എന്റെ പക്കലില്ല مَا യാതൊരു കാര്യം تَسْتَعْجِلُونَ നിങ്ങൾ ധൃതികൂട്ടുന്നു بِهِ അതിന്, അതിനെപ്പറ്റി إِنِ الْحُكْمُ വിധി (അധികാരം) ഇല്ല, അല്ല إِلَّا لِلَّهِ അല്ലാഹുവിനല്ലാതെ

يَقُصُّ ٱلْحَقَّ ۖ وَهُوَ خَيْرُ ٱلْفَـٰصِلِينَ ﴿٥٧﴾	അവൻ യഥാർത്ഥത്തെ കഥനം ചെയ്തു(വിവരിച്ചു)തരുന്നു; അവൻ തീർപ്പു കൽപിക്കുന്നവരിൽവെച്ചു ഉത്തമനുമത്രെ.
قُل لَّوْ أَنَّ عِندِى مَا تَسْتَعْجِلُونَ بِهِۦ لَقُضِىَ ٱلْأَمْرُ بَيْنِى وَبَيْنَكُمْ ۗ	﴾58﴿ നീ പറയുക: നിങ്ങൾ ധൃതി കൂട്ടിക്കൊണ്ടിരിക്കുന്ന കാര്യം എന്റെ പക്കൽ ഉണ്ടെന്നു വരികിൽ, എനിക്കും നിങ്ങൾക്കുമിടയിൽ കാര്യം തീരുമാനിക്കപ്പെടുക തന്നെ ചെയ്തിരുന്നു'.
وَٱللَّهُ أَعْلَمُ بِٱلظَّـٰلِمِينَ ﴿٥٨﴾	അല്ലാഹുവാകട്ടെ, അക്രമികളെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു.'
۞ وَعِندَهُۥ مَفَاتِحُ ٱلْغَيْبِ لَا يَعْلَمُهَآ إِلَّا هُوَ ۚ	﴾59﴿ അവന്റെ [അല്ലാഹുവിന്റെ] പക്കലാണ് അദൃശ്യകാര്യത്തിന്റെ താക്കോലുകൾ; അവനല്ലാതെ അവയെക്കുറിച്ച് അറിയുകയില്ല.
وَيَعْلَمُ مَا فِى ٱلْبَرِّ وَٱلْبَحْرِ ۚ	കരയിലും കടലിലുമുള്ളത് ഒക്കെയും അവൻ അറിയുന്നു.
وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا	ഒരു ഇലയുംതന്നെ, അതവൻ അറിയാതെ(കൊഴിഞ്ഞു)വീഴുന്നതല്ല;

يَقُصُّ അവൻ കഥനം ചെയ്യുന്നു, വിവരിച്ചുതരുന്നു اَلْحَقَّ യഥാർത്ഥത്തെ, സത്യത്തെ وَهُوَ അവൻ خَيْرُالْفَاصِلِينَ തീർപ്പുണ്ടാക്കുന്ന (തീർപ്പു കൽപിക്കുന്ന)വരിൽ ഉത്തമനാണ് ﴾58﴿ قُلْ നീ പറയുക لَوْأَنَّ عِنْدِي എന്റെ പക്കലുണ്ടായിരുന്നെങ്കിൽ مَاتَسْتَعْجِلُونَ بِهِ നിങ്ങൾ ധൃതികൂട്ടുന്ന കാര്യം لَقُضِيَ തീരുമാനിക്കപ്പെടുകതന്നെ ചെയ്തിരുന്നു الْأَمْرُ കാര്യം بَيْنِي എന്റെ ഇടയിൽ وَبَيْنَكُمْ നിങ്ങളുടെ ഇടയിലും وَاللهُ أَعْلَمُ അല്ലാഹു ഏറ്റം (നല്ലവണ്ണം) അറിയുന്നവനാണ് بِالظَّالِمِينَ അക്രമികളെപ്പറ്റി ﴾59﴿ وَعِنْدَهُ അവന്റെ പക്കലാണ് مَفَاتِحُ താക്കോലുകൾ الْغَيْبِ അദൃശ്യ(കാര്യ)ത്തിന്റെ لا يَعْلَمُهَا അവയെ അറിയുകയില്ല إِلاهُوَ അവനല്ലാതെ وَيَعْلَمُ അവൻ അറിയുകയും ചെയ്യുന്നു مَافِي الْبَرِّ കരയിലുള്ളത് وَالْبَحْرِ കടലിലും, സമുദ്രത്തിലും وَمَاتَسْقُطُ വീഴുന്നില്ല مِنْ وَرَقَةٍ ഒരു ഇലയും, ഇലയായുള്ളത് (ഒന്നും) إِلا يَعْلَمُهَا അതിനെ അവൻ അറിയാതെ

وَلَا حَبَّةٍ فِى ظُلُمَٰتِ ٱلْأَرْضِ وَلَا رَطْبٍ وَلَا يَابِسٍ إِلَّا فِى كِتَٰبٍ مُّبِينٍ ﴿٥٩﴾	**ഭൂമിയുടെ അന്ധകാരങ്ങളിലുള്ള ഒരു ധാന്യമണിയാകട്ടെ, ഒരു (ഈറ മുള്ള) പച്ച വസ്തുവാകട്ടെ, ഉണങ്ങി യതാകട്ടെ, സ്പഷ്ടമായ ഒരു ഗ്രന്ഥ ത്തിൽ (രേഖപ്പെടുത്തപ്പെട്ടിട്ട്) ഇല്ലാതെ യില്ല.**

وَلَاحَبَّةٍ ഒരു ധാന്യവും (മണിയും) ഇല്ല فِيظُلُمَاتِ അന്ധകാരങ്ങളിലുള്ള (ഇരുട്ടിലുള്ള) الْأَرْضِ ഭൂമിയുടെ وَلَا رَطْبٍ ഒരു പച്ച (ഈറമായത്-നനവുള്ളത്)യും ഇല്ല وَلَا يَابِسٍ ഉണങ്ങിയതുമില്ല إِلَافِي كِتَابٍ ഒരു ഗ്രന്ഥത്തിൽ (രേഖയിൽ) ഇല്ലാതെ مُبِينٍ സ്പഷ്ടമായ, വ്യക്തമായ

'അല്ലാഹുവേ, (മുഹമ്മദ് പറയുന്ന) ഇതാണ് നിന്റെ പക്കൽ നിന്നുള്ള യഥാർത്ഥമെങ്കിൽ നീ ഞങ്ങളുടെ മേൽ ആകാശത്തു നിന്നും ഒരു കല്ലുമഴ പെയ്യിപ്പിച്ചേക്കുക! അല്ലെങ്കിൽ വേദനയേറിയ വല്ല ശിക്ഷയും ഞങ്ങൾക്ക് തന്നേക്കുക!' എന്ന് മുശ്‌രിക്കുകൾ പറഞ്ഞിരുന്നതായി സു: അൻഫാൽ 32 ൽ അല്ലാഹു ഉദ്ധരിക്കുന്നുണ്ട്. അതുപോലെ, മുഹമ്മദ് പറയുന്നതൊക്കെ നേരാണെങ്കിൽ അതിനെ നിഷേധിക്കുന്ന ഞങ്ങൾക്ക് എന്തുകൊണ്ട് ശിക്ഷയൊന്നും അനുഭവപ്പെടുന്നില്ല? എന്നും മറ്റും പരിഹാസപൂർവ്വം അവർ പറയാറുണ്ടായിരുന്നു. അതിനെ സൂചിപ്പിച്ചുകൊണ്ടാണ് مَا تَسْتَعْجِلُونَ بِهِ (നിങ്ങൾ ധൃതികൂട്ടുന്ന കാര്യം) എന്നു പറഞ്ഞിരിക്കുന്നത്.

അവിശ്വാസികളോട് പറയുവാനായി ഈ വചനങ്ങളിൽ അല്ലാഹു നബി ﷺ യോട് കൽപിച്ചതിന്റെ ചുരുക്കം ഇതാണ്: നിങ്ങളുടെ ആരാധ്യ ദൈവങ്ങളെ ആരാധിക്കുവാനോ വിളിച്ചു പ്രാർത്ഥിക്കുവാനോ, നിങ്ങളുടെ തന്നിഷ്ടങ്ങളും തോന്നിയവാസങ്ങളും അനുകരിക്കുവാനോ ഞാൻ തയ്യാറില്ല. അതിന് എനിക്ക് നിവൃത്തിയുമില്ല. അങ്ങനെ ചെയ്താൽ, നിങ്ങളെപ്പോലെ ഞാനും പിഴച്ചുപോകും. എനിക്കാണെങ്കിൽ, അല്ലാഹുവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവുകൾ എന്റെ മുമ്പിലുണ്ട്. അത് നിഷേധിക്കുക എനിക്ക് സാധ്യമല്ല. നിങ്ങൾ അവയെല്ലാം വ്യാജമാക്കിത്തള്ളുകയാണ് ചെയ്യുന്നത്. അതാണ് നിങ്ങൾക്ക് പിണഞ്ഞ ആപത്തും. അങ്ങിനെയാണെങ്കിൽ ഞങ്ങൾക്ക് എന്തുകൊണ്ട് ശിക്ഷവരുന്നില്ല എന്നുള്ള നിങ്ങളുടെ ധൃതികൂട്ടലിനെപ്പറ്റി എനിക്ക് പറയുവാനുള്ളത് ഇതാണ്: അക്കാര്യം എന്റെ അധീനത്തിലോ അധികാരത്തിലോ പെട്ടതല്ല. അതിലൊക്കെ തീരുമാനം എടുക്കുവാനുള്ള അവകാശം അല്ലാഹുവിനാണ്. വേണ്ടതുപോലെ അവനത് കൈകാര്യം ചെയ്തുകൊള്ളും. അത് എന്റെ അധീനത്തിലാണുള്ളതെങ്കിൽ നാം തമ്മിലുള്ള വഴക്കും ഭിന്നിപ്പും നേരത്തെത്തന്നെ അവസാനിക്കുമായിരുന്നുവല്ലോ. ഏതായാലും നമ്മിൽ ആരാണ് അക്രമികളെന്ന് അല്ലാഹുവിന് ശരിക്കും അറിയാം. അതുകൊണ്ട് പ്രശ്നത്തിനുള്ള പരിഹാരം അവൻ ഉണ്ടാക്കാതിരിക്കുകയില്ല. അത് എപ്പോഴാണ്, എങ്ങിനെയാണ് എന്നൊക്കെ അവനേ അറിയൂ. അദൃശ്യജ്ഞാനം അവനു മാത്രമേയുള്ളൂ. ഈ ഭൂമിയിൽ നടക്കുന്ന ഏതൊരു നിസ്സാര കാര്യവും-അ

തെത്ര നിഗൂഢവും രഹസ്യവുമായാലും ശരി-അവൻ അറിഞ്ഞുകൊണ്ടിരിക്കുന്നു. ഏതൊരു കാര്യമാകട്ടെ, ഏതൊരു വസ്തുവാകട്ടെ, അവന്റെ അറിവിൽ പെടാത്തതും, അവൻ രേഖപ്പെടുത്തിവെക്കാത്തതുമില്ലതന്നെ.

وَهُوَ ٱلَّذِى يَتَوَفَّىٰكُم بِٱلَّيْلِ وَيَعْلَمُ مَا جَرَحْتُم بِٱلنَّهَارِ ثُمَّ يَبْعَثُكُمْ فِيهِ لِيُقْضَىٰٓ أَجَلٌ مُّسَمًّى ۖ

《60》 അവനത്രെ, രാത്രിയിൽ നിങ്ങളെ (ഉറക്കിൽ) പിടിച്ചെടുക്കുന്നവൻ, പകലിൽ നിങ്ങൾ പ്രവർത്തിച്ചത് അവൻ അറിയുകയും ചെയ്യുന്നു. പിന്നെ (ഉറക്കിനു ശേഷം) നിർണയം ചെയ്യപ്പെട്ട ഒരവധി (പൂർത്തിയാക്കി) നിർവ്വഹിക്കപ്പെടുവാനായി അതിൽ (പകലിൽ) അവൻ നിങ്ങളെ എഴുന്നേൽപിക്കുന്നു.

ثُمَّ إِلَيْهِ مَرْجِعُكُمْ ثُمَّ يُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٦٠﴾

പിന്നെ അവങ്കലേക്കാണ് നിങ്ങളുടെ മടങ്ങി വരവ്. പിന്നീട്, നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെക്കുറിച്ച് നിങ്ങളെ അവൻ ബോധ്യപ്പെടുത്തുന്നതാണ്.

《60》 وَهُوَ الَّذِي അവനത്രെ യാതൊരുവൻ يَتَوَفَّاكُمْ നിങ്ങളെ പിടിച്ചെടുക്കുന്ന (ഉറക്കുന്ന) بِاللَّيْلِ രാത്രിയിൽ وَيَعْلَمُ അവൻ അറിയുകയും ചെയ്യുന്നു مَاجَرَحْتُمْ നിങ്ങൾ പ്രവർത്തിച്ചത് بِالنَّهَارِ പകലിൽ ثُمَّ يَبْعَثُكُمْ പിന്നെ നിങ്ങളെ അവൻ എഴുന്നേൽപിക്കുന്നു فِيهِ അതിൽ لِيُقْضَى നിർവ്വഹിക്ക (തീരുമാനിക്ക)പ്പെടുവാൻ വേണ്ടി أَجَلٌ مُسَمًّى നിർണയിക്കപ്പെട്ട (നിശ്ചിതമായ) ഒരവധി ثُمَّ പിന്നെ إِلَيْهِ അവങ്കലേക്കാണ് مَرْجِعُكُمْ നിങ്ങളുടെ മടക്കം, മടങ്ങിവരവ് ثُمَّ يُنَبِّئُكُمْ പിന്നെ നിങ്ങളെ അവൻ ബോധ്യപ്പെടുത്തും, വൃത്താന്തമറിയിക്കും بِمَا كُنْتُمْ നിങ്ങളായിരുന്നതിനെപ്പറ്റി تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കും.

توفى (തവഫ്ഫീ) എന്ന ധാതുവിൽ നിന്നുമുള്ള പദരൂപങ്ങൾക്ക് 'പൂർണമായെടുക്കുക, പിടിച്ചെടുക്കുക, നിറവേറ്റിയെടുക്കുക' എന്നൊക്കെയാണ് അർത്ഥമെന്നും, മരണം, ഉറക്ക് മുതലായവ മൂലമുള്ള പിടിച്ചെടുക്കലുകളിലെല്ലാം അവ ഉപയോഗിക്കപ്പെടുമെന്നും, ഖുർആനിലും അങ്ങിനെ ഉപയോഗിച്ചിട്ടുണ്ടെന്നും നാം 3:55, 39:42 മുതലായവയുടെ വ്യാഖ്യാനത്തിൽ വിവരിച്ചിട്ടുണ്ട്. ഇവിടെ 'ഉറക്കുക' എന്ന ഉദ്ദേശ്യത്തി

ലാണ് يَتَوَفَّاكُمْ (നിങ്ങളെ പിടിച്ചെടുക്കും) എന്നു പറഞ്ഞിരിക്കുന്നത്. 3: 55 ലും, 5:117 ലും ഭൂമിയിൽനിന്ന് കൊണ്ടുപോകുക എന്ന ഉദ്ദേശ്യത്തിലും അടുത്ത വചനത്തിലും, 32:11 ലും മരണപ്പെടുത്തുക എന്ന ഉദ്ദേശ്യത്തിലും ഉപയോഗിച്ചിരിക്കുന്നു. 39:42 ലാകട്ടെ, മരണത്തെയും ഉറക്കിനെയും ഒപ്പം ഉദ്ദേശിച്ചുകൊണ്ടാണുള്ളത്. ഈ ക്രിയാപദത്തിന്റെ അർത്ഥത്തെ അഹ്മദിയ്യാ മതക്കാർ (ഖാദിയാനികൾ) പോലെയുള്ള ചില പിഴച്ച കക്ഷികൾ ദുർവ്യാഖ്യാനം ചെയ്തു തങ്ങളുടെ പുതിയ വാദം സ്ഥാപിക്കുവാൻ ശ്രമിക്കാറുള്ളത് മനസ്സിരുത്തുവാൻവേണ്ടിയാണ് ഇക്കാര്യം വീണ്ടും പ്രത്യേകം ഉണർത്തുന്നത്.

أَجَلٌ مُسَمًّى (നിർണയിക്കപ്പെട്ട അവധി) കൊണ്ടുദ്ദേശ്യം ഓരോരുത്തനും യഥാർത്ഥത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ആയുഷ്കാലമാകുന്നു. രാത്രിയിൽ മരണസമാനമായ ഉറക്ക് നൽകിയശേഷം ആയുഷ്കാലാവധി തീരുന്നതുവരെ ജീവിക്കുവാൻവേണ്ടി വീണ്ടും നിങ്ങളെ ഉണർത്തിയെഴുന്നേൽപിച്ചുകൊണ്ടിരിക്കുന്നുവെന്നും, അങ്ങനെ അവസാനം സാക്ഷാൽ മരണം നൽകുകയും മരണശേഷം വീണ്ടും എഴുന്നേൽപിച്ചു മുൻചെയ്ത കർമങ്ങളെക്കുറിച്ചു നടപടി എടുക്കുകയും ചെയ്യുമെന്നും സാരം.

വിഭാഗം - 8

وَهُوَ ٱلْقَاهِرُ فَوْقَ عِبَادِهِۦ ۖ وَيُرْسِلُ عَلَيْكُمْ حَفَظَةً

حَتَّىٰٓ إِذَا جَآءَ أَحَدَكُمُ ٱلْمَوْتُ تَوَفَّتْهُ رُسُلُنَا وَهُمْ لَا يُفَرِّطُونَ ﴿٦١﴾

﴿61﴾ അവനത്രെ, തന്റെ അടിയാന്മാരുടെ മേലുള്ള സർവ്വാധികാരി. അവൻ നിങ്ങളിൽ കാവൽക്കാരെ അയക്കുകയും ചെയ്യുന്നു.

അങ്ങനെ, നിങ്ങളിലൊരാൾക്ക് മരണം വന്നെത്തുമ്പോൾ, നമ്മുടെ ദൂതന്മാർ അവനെ പിടിച്ചെടുക്കുന്നു; അവരാകട്ടെ, വീഴ്ചവരുത്തുകയില്ല താനും.

﴾61﴿ وَهُوَ അവൻ, അവനത്രെ الْقَاهِرُ സർവ്വാധികാരി, അടക്കി ഭരിക്കുന്നവൻ فَوْقَ عِبَادِهِ തന്റെ അടിയാന്മാരുടെ മീതെ وَيُرْسِلُ അവൻ അയക്കുകയും ചെയ്യുന്നു عَلَيْكُمْ നിങ്ങളുടെമേൽ, നിങ്ങളിൽ حَفَظَةً കാവൽക്കാരെ, സൂക്ഷിപ്പുകാരെ حَتَّى അങ്ങനെ (വരെ) إِذَا جَاءَ വന്നാൽ أَحَدَكُمُ നിങ്ങളിലൊരാൾക്ക് الْمَوْتُ മരണം تَوَفَّتْهُ അവനെ പിടിച്ചെടുക്കും رُسُلُنَا നമ്മുടെ ദൂതന്മാർ وَهُمْ അവരാകട്ടെ, അവരോ لَا يُفَرِّطُونَ വീഴ്ച (പോരായ്മ) വരുത്തുകയില്ല (താനും)

ثُمَّ رُدُّوٓا۟ إِلَى ٱللَّهِ مَوْلَىٰهُمُ ٱلْحَقِّ ۚ أَلَا لَهُ ٱلْحُكْمُ وَهُوَ أَسْرَعُ ٱلْحَٰسِبِينَ ﴿٦٢﴾

﴾62﴿ പിന്നീട്, അവർ [പിടിച്ചെടുക്കപ്പെടുന്നവർ] തങ്ങളുടെ യഥാർത്ഥ യജമാനനായ അല്ലാഹുവിലേക്ക് മടക്കികൊണ്ടു വരപ്പെടുന്നതാണ്.

അല്ലാ! (അറിയുക:) അവന്നാണ് വിധി(യുടെ അധികാരം) ഉള്ളത്. അവൻ കണക്ക് നോക്കുന്നവരിൽ വെച്ച് ഏറ്റവും വേഗതയുള്ളവനുമാകുന്നു.

﴾62﴿ ثُمَّ رُدُّوا പിന്നെ അവർ മടക്കപ്പെടും, ആക്കപ്പെടും إِلَى اللهِ അല്ലാഹുവിങ്കലേക്ക് مَوْلاهُمُ അവരുടെ യജമാനനായ الْحَقِّ യഥാർത്ഥ أَلاَ لَهُ അല്ലാ (അറിയുക) അവന്നാണ് الْحُكْمُ വിധി, അധികാരം وَهُوَ അവൻ, അവനോ أَسْرَعُ അധികം വേഗമുള്ളവനുമാണ് الْحَاسِبِينَ കണക്ക് നോക്കുന്നവരിൽ.

حَفَظَة (കാവൽക്കാർ), എന്നു പറഞ്ഞത് കർമങ്ങളെ രോഖപ്പെടുത്തുന്നതിനായി നിയോഗിക്കപെട്ട മലക്കുകളെ ഉദ്ദേശിച്ചാകുന്നു. (സൂഃ ഇൻഫിത്വാർ 10-12 ലും, സൂഃ ഖാഫ് 18 ലും നോക്കുക) رُسُلُنَا (നമ്മുടെ ദൂതന്മാർ) എന്നു പറഞ്ഞത് മരണപ്പെടുത്തുന്ന കാര്യം ഏൽപിക്കപ്പെട്ടിട്ടുള്ള മലക്കുകളാണ്. (സൂഃ സജദഃ 11 ഉം മറ്റും നോക്കുക).

قُلْ مَن يُنَجِّيكُم مِّن ظُلُمَٰتِ ٱلْبَرِّ وَٱلْبَحْرِ تَدْعُونَهُۥ تَضَرُّعًا وَخُفْيَةً

﴾63﴿ പറയുക: 'കരയിലെയും, കടലിലെയും അന്ധകാരങ്ങളിൽ നിന്ന് നിങ്ങളെ രക്ഷപ്പെടുത്തുന്നതാരാണ്? വിനയം കാണിച്ചും, രഹസ്യമായും അവനെ നിങ്ങൾ വിളിച്ചു(പ്രാർത്ഥിച്ചു)കൊണ്ടിരിക്കെ!

﴾63﴿ قُلْ مَنْ നീ പറയുക, ആരാണ് يُنَجِّيكُمْ നിങ്ങളെ രക്ഷപ്പെടുത്തും مِنْ ظُلُمَاتِ അന്ധകാരങ്ങളിൽനിന്ന് الْبَرِّ കരയുടെ, കരയിലെ وَالْبَحْرِ കടലിന്റെ (കടലിലെ)യും تَدْعُونَهُ നിങ്ങൾ അവനെ വിളിച്ചു(പ്രാർത്ഥിച്ചു)കൊണ്ടിരിക്കെ تَضَرُّعًا വിനയപൂർവ്വം, താഴ്മകാട്ടിക്കൊണ്ട് وَخُفْيَةً രഹസ്യമായും

لَّئِنْ أَنجَىٰنَا مِنْ هَٰذِهِۦ لَنَكُونَنَّ مِنَ ٱلشَّٰكِرِينَ ﴿٦٣﴾

'ഇതിൽ നിന്ന് ഞങ്ങളെ അവൻ രക്ഷപ്പെടുത്തിയെങ്കിൽ നിശ്ചയമായും ഞങ്ങൾ നന്ദി കാണിക്കുന്നവരുടെ കൂട്ടത്തിൽ ആയിത്തീരുക തന്നെ ചെയ്യും' എന്ന് (പറഞ്ഞുകൊണ്ട്).

قُلِ ٱللَّهُ يُنَجِّيكُم مِّنْهَا وَمِن كُلِّ كَرْبٍ ثُمَّ أَنتُمْ تُشْرِكُونَ ﴿٦٤﴾

《64》 പറയുക: 'അതിൽ നിന്നും, എല്ലാ ദുഃഖങ്ങളിൽ നിന്നും അല്ലാഹു (തന്നെ) നിങ്ങളെ രക്ഷപ്പെടുത്തുന്നു. (എന്നിട്ടും) പിന്നെ, നിങ്ങൾ (അവനോട്) പങ്ക് ചേർക്കുന്നു!'

قُلْ هُوَ ٱلْقَادِرُ عَلَىٰٓ أَن يَبْعَثَ عَلَيْكُمْ عَذَابًا مِّن فَوْقِكُمْ أَوْ مِن تَحْتِ أَرْجُلِكُمْ أَوْ يَلْبِسَكُمْ شِيَعًا وَيُذِيقَ بَعْضَكُم بَأْسَ بَعْضٍ

《65》 നീ പറയുക: 'അവനത്രെ കഴിവുള്ളവൻ, നിങ്ങളുടെ മുകളിൽ നിന്നോ, നിങ്ങളുടെ കാലുകളുടെ അടിയിൽ നിന്നോ നിങ്ങളിൽ വല്ല ശിക്ഷയും അയക്കുവാനും, അല്ലെങ്കിൽ, നിങ്ങളെ (ഭിന്ന) കക്ഷികളായി കൂട്ടിക്കലർത്തി ആശയക്കുഴപ്പത്തിലാക്കുകയും, നിങ്ങളിൽ ചിലർക്ക് ചിലരുടെ ശൗര്യം [കാഠിന്യം] അനുഭവിപ്പിക്കുകയും ചെയ്യാനും'.

لَئِنْ أَنجَانَا ഞങ്ങളെ അവൻ രക്ഷപ്പെടുത്തിയെങ്കിൽ مِنْ هَٰذِهِ ഇതിൽനിന്ന് لَنَكُونَنَّ നിശ്ചയമായും ഞങ്ങൾ ആയിരിക്കുകതന്നെ ചെയ്യും مِنَ الشَّاكِرِينَ നന്ദിചെയ്യുന്നവരുടെ കൂട്ടത്തിൽ 《64》 قُلِ اللَّهُ നീ പറയുക അല്ലാഹു يُنَجِّيكُمْ നിങ്ങളെ രക്ഷപ്പെടുത്തുന്നു مِنْهَا അതിൽ നിന്ന് وَمِن كُلِّ كَرْبٍ എല്ലാ ദുഃഖത്തിൽ നിന്നും, മനോവേദനയിൽ നിന്നും ثُمَّ പിന്നെ, എന്നിട്ടും أَنتُمْ നിങ്ങൾ تُشْرِكُونَ പങ്കുചേർക്കുന്നു 《65》 قُلْ നീ പറയുക هُوَ الْقَادِرُ അവനത്രെ കഴിവുള്ളവൻ, അവൻ കഴിവുള്ളവനത്രെ عَلَىٰ أَن يَبْعَثَ അവൻ അയക്കുവാൻ, നിയോഗിക്കുന്നതിന് عَلَيْكُمْ നിങ്ങളുടെമേൽ, നിങ്ങളിൽ عَذَابًا വല്ല ശിക്ഷയും مِن فَوْقِكُمْ നിങ്ങളുടെ മീതെനിന്ന് أَوْ مِن تَحْتِ അല്ലെങ്കിൽ താഴെനിന്ന് أَرْجُلِكُمْ നിങ്ങളുടെ കാലുകളുടെ أَوْ يَلْبِسَكُمْ അല്ലെങ്കിൽ നിങ്ങളെ കൂട്ടിക്കലർത്തുവാൻ (ആശയക്കുഴപ്പം-സംശയം ഉണ്ടാക്കുവാൻ) شِيَعًا പല കക്ഷി(സംഘ)കളായി وَيُذِيقَ രുചിനോക്കി (ആസ്വദിപ്പി)ക്കുവാനും بَعْضَكُمْ നിങ്ങളിൽ ചിലർക്ക് بَأْسَ بَعْضٍ ചിലരുടെ ശൗര്യം, ഊക്ക്, ഉപദ്രവം, കാഠിന്യം

أَنظُرۡ كَيۡفَ نُصَرِّفُ ٱلۡأٓيَٰتِ لَعَلَّهُمۡ يَفۡقَهُونَ ﴿٦٥﴾

നോക്കൂ: അവർ (കാര്യം) ഗ്രഹിക്കുവാൻവേണ്ടി നാം ആയത്തു [ലക്ഷ്യം]കളെ വിവിധ രൂപത്തിൽ വിവരിച്ചു കൊടുക്കുന്നത് എങ്ങിനെയാണെന്ന്!

اُنظُرۡ നോക്കുക كَيۡفَ എങ്ങിനെയാണ് نُصَرِّفُ നാം തിരിമറി ചെയ്യുന്നത് (വിവിധ രൂപത്തിൽ വിവരിക്കുന്നത്) الآيَاتِ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ لَعَلَّهُمۡ അവരായിരിക്കുവാൻ വേണ്ടി يَفۡقَهُونَ അവർ ഗ്രഹിക്കും.

കരയിലായാലും, കടലിലായാലും അത്യാപത്ത് വരുമ്പോൾ, അല്ലാഹു അല്ലാത്തവരെ ആരാധിച്ചു വരുന്ന ബഹുദൈവ വിശ്വാസികളും അല്ലാഹുവിനെ വിളിച്ചു തന്നെയാണ് രക്ഷക്കപേക്ഷിക്കുകയെന്ന് അൽപം മുമ്പ് പറഞ്ഞുവല്ലോ. വിനയപൂർവ്വം ഭക്തിയും താഴ്മയും അർപ്പിച്ചുകൊണ്ട് പരസ്യമായും രഹസ്യമായും അവർ പ്രാർത്ഥന നടത്തും. ഈ ആപത്തിൽനിന്ന് രക്ഷ കിട്ടിയാൽ തങ്ങൾ അല്ലാഹുവിനോട് നന്ദികേടായി ഒന്നും പ്രവർത്തിക്കുകയില്ലെന്നും, മേലിൽ നന്ദിയുള്ള നല്ല ആളുകളായിക്കൊള്ളാമെന്നും മറ്റും മനസ്സുകൊണ്ടും നാവുകൊണ്ടും അവർ ഉറപ്പിക്കുകയും ചെയ്യും. ഏത് ആപത്തിൽനിന്നും യഥാർത്ഥത്തിൽ രക്ഷനൽകുന്നവൻ അല്ലാഹു മാത്രമാണല്ലോ. ഈ വാസ്തവത്തെപ്പറ്റി ആ അവസരത്തിൽ അവർക്കും ബോധോദയം വരുന്നു. ഇതരദൈവങ്ങളെയൊന്നും വിളിച്ചു പ്രാർത്ഥിക്കാതിരിക്കുവാൻ അതാണ് കാരണം. പക്ഷേ, ആപത്തിൽ നിന്ന് അല്ലാഹു രക്ഷ നൽകിയാലോ? അതൊക്കെ മറന്ന് അവർ പഴയപടി ശിർക്കുതന്നെ പ്രവർത്തിക്കുകയും ചെയ്യും. ഈ നന്ദികെട്ടവരോട് അല്ലാഹു താക്കീത് ചെയ്യുന്നു: ആ ആപത്തിൽനിന്ന് രക്ഷപ്പെടുത്തിത്തന്ന അല്ലാഹുവിന് വേറെ ഏതെങ്കിലും തരത്തിലുള്ള ആപത്തുകൾ നൽകി നിങ്ങളെ ശിക്ഷിക്കുവാൻ കഴിയുമെന്ന് നിങ്ങൾ ഓർക്കണമെന്ന്. അതെ, അതിവർഷം, അത്യുഷ്ണം, അതിശൈത്യം, മഹാവ്യാധി, പകർച്ചവ്യാധി, ഇടിമിന്നൽ, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഭൂകമ്പം, പൊട്ടിത്തെറി ആദിയായി മുകളിൽ നിന്നും, അടിയിൽ നിന്നും എന്തെങ്കിലും ശിക്ഷ നൽകുവാനും, അല്ലെങ്കിൽ നിങ്ങൾ പരസ്പരം ഭിന്നിച്ചു അന്യോന്യം കൂട്ടിമുട്ടി യുദ്ധമോ കലഹമോ നടത്തി നാശം ഭവിപ്പിക്കുവാനുമൊക്കെ അല്ലാഹുവിന് കഴിവുണ്ടെന്ന്.

ജാബിറുബ്നുഅബ്ദില്ലാഹ് (റ)ൽ നിന്ന് ബുഖാരി (റ)യും മറ്റും ഉദ്ധരിച്ച ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു: قل هو القادر ......من فوقكم (നിങ്ങളുടെ മുകൾ ഭാഗത്തു നിന്ന് നിങ്ങളിൽ വല്ല ശിക്ഷയും അയക്കുവാൻ അവൻ കഴിവുള്ളവനാണെന്ന് പറയുക) എന്ന് അവതരിച്ചപ്പോൾ നബി ﷺ പറഞ്ഞു: '(അല്ലാഹുവേ!) ഞാൻ നിന്നോട് ശരണം തേടുന്നു' أَوۡ مِن تَحۡتِ أَرۡجُلِكُمۡ (അല്ലെങ്കിൽ നിങ്ങളുടെ കാലുകളുടെ താഴെനിന്ന് അയക്കുവാനും കഴിവുള്ളവനാണ്) എന്ന് അവതരിച്ചപ്പോഴും അവിടുന്ന് '(അല്ലാഹുവേ) ഞാൻ നിന്നോട് ശരണംതേടുന്നു' എന്ന് പറഞ്ഞു. أَوۡ يَلۡبِسَكُمۡ شِيَعًا അല്ലെങ്കിൽ നിങ്ങളെ പല കക്ഷികളായി കൂട്ടിക്കലർത്തി പരസ്പരം കാഠിന്യം അനുഭ

വിപ്പിക്കുവാനും കഴിവുള്ളവനാണ്) എന്ന് അവതരിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: ഇത് (മറ്റുള്ളവയെക്കാൾ) നിസ്സാരമാണ്'. ഈ ആശയം ഉൾക്കൊള്ളുന്ന വേറെയും ഹദീഥുകൾ കാണാവുന്നതാണ്. മുൻസമുദായങ്ങൾക്ക് -അവരുടെ ധിക്കാരം അതിരുകവിഞ്ഞപ്പോൾ- അവരെ ഉന്മൂലനം ചെയ്യുന്ന ശിക്ഷകൾ അനുഭവപ്പെട്ടതുപോലെ, ഈ സമുദായത്തെ അല്ലാഹു പൊതുശിക്ഷനൽകി ഉന്മൂലനം ചെയ്യുകയില്ലെന്നും, കാലാവസാനംവരെ ഈ സമുദായം അവശേഷിക്കുമെന്നും, എന്നാൽ, അഭ്യന്തര കക്ഷി വഴക്കുകളും സംഘട്ടനങ്ങളും അവർക്കിടയിൽ നടമാടിക്കൊണ്ടിരിക്കുമെന്നുമാണ് പ്രസ്തുത ഹദീഥുകളിലടങ്ങിയ ആശയത്തിന്റെ രത്നച്ചുരുക്കം.

وَكَذَّبَ بِهِۦ قَوۡمُكَ وَهُوَ ٱلۡحَقُّۚ قُل لَّسۡتُ عَلَيۡكُم بِوَكِيلٖ ﴿٦٦﴾

《66》 **(നബിയേ) നിന്റെ ജനത ഇതിനെ (ക്വുർആനെ) -യഥാർത്ഥം അതായിരിക്കെ- വ്യാജമാക്കിയിരിക്കയാണ്. നീ പറയുക: 'ഞാൻ നിങ്ങളുടെമേൽ (ഉത്തരവാദിത്വം) ഏൽപിക്കപ്പെട്ടവനൊന്നുമല്ല.**

لِّكُلِّ نَبَإٖ مُّسۡتَقَرّٞۚ وَسَوۡفَ تَعۡلَمُونَ ﴿٦٧﴾

《67》 **എല്ലാ വർത്തമാനത്തിനുമുണ്ട് ഒരു കലാശം; വഴിയെ നിങ്ങൾക്ക് അറിയാവുന്നതുമാണ്.**

《66》 وَكَذَّبَ بِهِ ഇതിനെ വ്യാജമാക്കിയിരിക്കുന്നു قَوْمُكَ നിന്റെ ജനത وَهُوَ الْحَقُّ അത് യഥാർത്ഥമായിരിക്കെ, യഥാർത്ഥമാണ്താനും قُلْ നീ പറയുക لَسْتُ ഞാനല്ല عَلَيْكُمْ നിങ്ങളുടെ മേൽ بِوَكِيلٍ ഒരു ഏൽപ്പിക്കപ്പെട്ടവൻ (ബാധ്യസ്ഥൻ) 《67》 لِكُلِّ نَبَإٍ എല്ലാ വർത്തമാന (വൃത്താന്ത)ത്തിനുമുണ്ട് مُسْتَقَرٌّ ഒരു സ്ഥിരപ്പെടൽ (കലാശം-ഒതുക്കം-പുലർച്ച) وَسَوْفَ വഴിയെ, പിറകെ تَعْلَمُونَ നിങ്ങൾ അറിയുന്നതാണ്.

അല്ലാഹുവിന്റെ സന്ദേശങ്ങൾ നിങ്ങൾക്ക് എത്തിച്ചു തരുന്നതിന്റെ ഉത്തരവാദിത്വം മാത്രമേ എന്റെ മേലുള്ളൂ. അത് ഞാൻ നിർവ്വഹിക്കുന്നുമുണ്ട്. നിങ്ങളിൽ പ്രബോധനം ചെയ്യപ്പെടുന്ന കാര്യങ്ങളെല്ലാം യഥാർത്ഥമായി പുലരുകയും, അത് നിങ്ങളുടെ ശിക്ഷയിൽ കലാശിക്കുകയും ചെയ്യുന്ന ഒരു അവസരമുണ്ടെന്ന് നിങ്ങൾ ഓർക്കണം. ഇപ്പോൾ നിങ്ങൾ കണ്ണ് തുറന്നില്ലെങ്കിൽ അപ്പോൾ നിങ്ങൾ കണ്ണ് തുറക്കും എന്ന് സാരം.

وَإِذَا رَأَيْتَ ٱلَّذِينَ يَخُوضُونَ فِىٓ ءَايَٰتِنَا فَأَعْرِضْ عَنْهُمْ حَتَّىٰ يَخُوضُوا۟ فِى حَدِيثٍ غَيْرِهِۦ ۚ وَإِمَّا يُنسِيَنَّكَ ٱلشَّيْطَٰنُ فَلَا تَقْعُدْ بَعْدَ ٱلذِّكْرَىٰ مَعَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿٦٨﴾

《68》 നമ്മുടെ ‘ആയത്തു’ [ലക്ഷ്യം]കളിൽ മുഴുകി [കുഴപ്പമുണ്ടാക്കി]ക്കൊണ്ടിരിക്കുന്നവരെ നീ കണ്ടാൽ, അവർ അതല്ലാത്ത (വേറെ) ഒരു വിഷയത്തിൽ മുഴുകുന്നതു[പ്രവേശിക്കുന്നതു]വരെ അവരിൽ നിന്ന് നീ തിരിഞ്ഞുകളയുക. (വല്ലപ്പോഴും) പിശാച് നിന്നെ മറപ്പിച്ചുകളയുന്നപക്ഷം, അപ്പോൾ, ഓർമക്കുശേഷം (ആ) അക്രമികളുടെകൂടെ നീ ഇരിക്കരുത്.

وَمَا عَلَى ٱلَّذِينَ يَتَّقُونَ مِنْ حِسَابِهِم مِّن شَىْءٍ وَلَٰكِن ذِكْرَىٰ لَعَلَّهُمْ يَتَّقُونَ ﴿٦٩﴾

《69》 സൂക്ഷ്മത പാലിക്കുന്നവരുടെമേൽ അവരുടെ വിചാരണയിൽ നിന്ന് ഒന്നുംതന്നെ (ബാധ്യത)ഇല്ല; എങ്കിലും ഓർമിപ്പിക്കൽ [അതാണ്] ബാധ്യത; അവർ സൂക്ഷിച്ചേക്കാമല്ലോ.

《68》 وَإِذَا رَأَيْتَ നീ കണ്ടാൽ الَّذِينَ يَخُوضُونَ മുഴുകുന്നവരെ, (കുഴപ്പത്തിനായി) പ്രവേശിക്കുന്നവരെ فِي آيَاتِنَا നമ്മുടെ ആയത്തു (ലക്ഷ്യം-വചനം-ദൃഷ്ടാന്തം)കളിൽ فَأَعْرِضْ അപ്പോൾ നീ തിരിഞ്ഞുകളയുക عَنْهُمْ അവരിൽ നിന്ന്, അവരെ വിട്ട് حَتَّىٰ يَخُوضُوا അവർ മുഴുകുന്നതുവരെ فِي حَدِيثٍ ഒരു വിഷയത്തിൽ, വർത്തമാനത്തിൽ غَيْرِهِ അതല്ലാത്ത وَإِمَّا يُنسِيَنَّكَ നിന്നെ (വല്ലപ്പോഴും) മറപ്പിക്കുന്നപക്ഷം الشَّيْطَانُ പിശാച് فَلَا تَقْعُدْ എന്നാൽ നീ ഇരിക്കരുത് بَعْدَ الذِّكْرَىٰ ഓർമക്കുശേഷം مَعَ الْقَوْمِ ജനങ്ങളുടെ കൂടെ الظَّالِمِينَ അക്രമികളായ 《69》 وَمَا ഇല്ല, ഇല്ലതാനും عَلَى الَّذِينَ യാതൊരു കൂട്ടരുടെമേൽ يَتَّقُونَ സൂക്ഷിക്കുന്ന مِنْ حِسَابِهِم അവരുടെ വിചാരണയിൽ നിന്ന് مِن شَيْءٍ ഒരു വസ്തുവും (ഒന്നും-ഒട്ടും) وَلَٰكِن എങ്കിലും ذِكْرَىٰ ഓർമ, ഓർമിപ്പിക്കൽ, ഉപദേശം لَعَلَّهُمْ അവരായേക്കാം يَتَّقُونَ അവർ സൂക്ഷിക്കുക

നബി തിരുമേനി ﷺയെ അഭിമുഖീകരിച്ചുകൊണ്ടും, ഖുർആന്റെ സന്ദേശങ്ങളെ പുച്ഛിച്ചു പരിഹസിക്കുന്ന മുശ്‌രിക്കുകളെ സംബന്ധിച്ചുമാണ് പ്രത്യക്ഷത്തിൽ ആദ്യത്തെ വചനം നിലകൊള്ളുന്നത്. എങ്കിലും ഓരോ സത്യവിശ്വാസിക്കും ബാധകമാണ് അതിലെ കൽപനയെന്നും, ഖുർആനടക്കമുള്ള അല്ലാഹുവിന്റെ ഏത് ലക്ഷ്യദൃഷ്ടാന്തങ്ങളെയും വ്യാജമാക്കുകയോ, പരിഹസിക്കുകയോ, ദുർവ്യാഖ്യാനം ചെയ്യുകയോ ചെയ്യുന്ന എല്ലാ കുഴപ്പക്കാരുടെ വിഷയത്തിലും പൊതുവെയുള്ള ഒരു നിയമ

മാണതെന്നുമുള്ളതിൽ സംശയമില്ല. അല്ലാഹു ഉപയോഗിച്ച വാക്കുകൾ പരിശോധിച്ചാൽ ഈ വസ്തുത ആർക്കും വ്യക്തമാകുന്നതാണ്. അത്തരം വിഷയങ്ങളിൽ ഏർപ്പെടുന്നവരുടെ വാക്കുകളിലേക്ക് ശ്രദ്ധകൊടുക്കുന്നതും, അവരോടൊപ്പം ഇരുന്നോ മറ്റോ സമ്പർക്കം പുലർത്തുന്നതും അല്ലാഹു വിരോധിക്കുന്നു. പ്രസ്തുത അക്രമ പ്രവർത്തനങ്ങൾക്ക് പ്രോൽസാഹനവും അനുകൂലവും നൽകലാണല്ലോ അത്. മനസ്സിൽ വെറുപ്പും പ്രതിഷേധവും ഉണ്ടായിരുന്നാൽ തന്നെയും ഈ ദോഷത്തിൽനിന്ന് അത് ഒഴിവാകുന്നതല്ല. ഒരു പക്ഷേ, മറവിനിമിത്തം അബദ്ധത്തിൽ അവരുടെകൂടെ ചെന്നിരുന്നാലും ഓർമവന്നാൽ പിന്നെ ആ അക്രമികളുടെ കൂട്ടത്തിൽ ഇരുന്നുപോകരുതെന്ന് അല്ലാഹു വിരോധിച്ചതിൽനിന്ന് ഇത് മനസ്സിലാക്കാം.

മറവി മനുഷ്യ സഹജമാണ്. നബി ﷺ തിരുമേനിക്കുപോലും മറവി പറ്റാറുണ്ട്. പ്രബോധന വിഷയങ്ങളിൽ പറ്റുകയില്ലെന്നുമാത്രം. മറവി നിമിത്തം ചെയ്തുപോകുന്ന തെറ്റുകളിൽ മനുഷ്യൻ കുറ്റക്കാരനല്ലെങ്കിലും അതുനിമിത്തം ചിലപ്പോൾ ദോഷഫലങ്ങൾ ഉണ്ടായേക്കുമെന്ന് പറയേണ്ടതില്ല. അതുകൊണ്ട് മറവികളിൽ പൈശാചികമായ പ്രേരണകൾക്കുകൂടി സ്ഥാനമുണ്ടായിരിക്കും. 'പിശാച് നിന്നെ മറപ്പിക്കുന്ന പക്ഷം' (وَإِمَّا يُنسِيَنَّكَ الشَّيْطَانُ) എന്നു പറഞ്ഞതിലെ സൂചന അതാണ്. രണ്ടാമത്തെ വചനത്തിൽ, സത്യവിശ്വാസികൾ സൂക്ഷ്മത പാലിക്കുന്നപക്ഷം ആ അക്രമികളുടെ അക്രമങ്ങൾക്ക് ഉത്തരവാദികളല്ലെന്നും, അവരുടെ വിചാരണ അല്ലാഹു നടത്തിക്കൊള്ളുമെന്നും, സത്യവിശ്വാസികൾ അത്തരം കൃത്യങ്ങളിൽ ഭാഗഭാക്കാകാതെ സൂക്ഷിക്കുകയാണ് വേണ്ടതെന്നും ഉണർത്തിയിരിക്കുന്നു. പക്ഷേ, അവർക്ക് ഒരു കടമയുണ്ട് എന്നുകൂടി അവസാനം ഓർമിപ്പിക്കുന്നു. അതായത് അവരെ ഓർമിപ്പിക്കലും ഉപദേശിക്കലും. ഇതാകട്ടെ, ഓരോ വ്യക്തിയും അവനവന്റെ കഴിവും, സാഹചര്യവും അനുസരിച്ച് ചെയ്യേണ്ടതുമാകുന്നു.

ഈ വിഷയകമയി സൂറത്തുന്നിസാഉ് 140-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചത് ഇതിനു മുമ്പ് നാം കണ്ടുവല്ലോ. അല്ലാഹുവിന്റെ ആയത്തുകൾ നിഷേധിക്കപ്പെടുകയും, പരിഹസിക്കപ്പെടുകയും ചെയ്യുന്നതായികേട്ടാൽ, അങ്ങിനെ ചെയ്യുന്നവർ വേറെ വല്ല വിഷയത്തിലും പ്രവേശിക്കുന്നതുവരെ അവരോടൊന്നിച്ച് നിങ്ങൾ ഇരിക്കരുതെന്നും, അങ്ങനെ ചെയ്താൽ നിങ്ങളും അവരെപ്പോലെയായിരിക്കുമെന്നുമാണ് അവിടെ അല്ലാഹു പറഞ്ഞിരിക്കുന്നത്. ആ വചനവും ഈ വചനവും മുമ്പിൽവെച്ചുകൊണ്ട് പരിശോധിച്ചാൽ, മതത്തിലെ അംഗീകൃത തത്വങ്ങൾക്ക് വിരുദ്ധമായ ആദർശങ്ങളും, ആ ആദർശങ്ങളെ ന്യായീകരിക്കുന്ന ദുർവ്യാഖ്യാനങ്ങളും ശ്രദ്ധിക്കുന്നതും, അവയുടെ സ്ഥാപനത്തിലും പ്രചാരണത്തിനുംവേണ്ടി നടത്തപ്പെടുന്ന പ്രസിദ്ധീകരണങ്ങളും പ്രഭാഷണങ്ങളും ഗൗനിച്ചുകൊണ്ടിരിക്കുന്നതുമെല്ലാം സത്യവിശ്വാസികൾ വർജ്ജിക്കേണ്ടതാണെന്ന് മനസ്സിലാക്കാവുന്നതാണ്. മതതത്വങ്ങളെപ്പറ്റി വേണ്ടത്ര അറിവില്ലാത്ത സാധാരണക്കാർ വിശേഷിച്ചും മനസ്സിരുത്തേണ്ടതാണിത്. കൂടുതൽ വിവരം സൂറത്തുന്നിസാഇൽ കഴിഞ്ഞുപോയിട്ടുണ്ട്. 'അവരോടൊപ്പം നിങ്ങൾ ഇരുന്നാൽ നിങ്ങളും അവരെപ്പോലെയായിരിക്കും' (إِنَّكُمْ إِذًا مِّثْلُهُمْ) എന്ന് അവിടെ അല്ലാഹു പറഞ്ഞവാക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

മുശ്‌രിക്കുകളുടെ വിഷയത്തിൽ മാത്രമല്ല -തന്നിഷ്ടക്കാരും തൽപരകക്ഷികളുമായ എല്ലാവരുടെ വിഷയത്തിലുമാണ്- ഈ വചനം അവതരിച്ചിരിക്കുന്നതെന്നു വ്യക്തമാക്കിക്കൊണ്ട് ഇബ്നുസീരിൻ, അബൂജഅ്ഫർ, മുഹമ്മദുബ്നു അലി (റ)പോലെയുള്ള

മുൻഗാമികളിൽനിന്ന് രിവായത്തുകൾ വന്നിട്ടുള്ളതും പ്രസ്താവ്യമത്രെ. അടുത്ത വചനവും കൂടി ശ്രദ്ധിക്കുമ്പോൾ ഇപ്പറഞ്ഞ വാസ്തവം കൂടുതൽ വ്യക്തമാകുന്നതാണ്. എന്നാൽ മതപ്രമാണങ്ങളിൽ നിന്ന് സത്യാവസ്ഥ മനസ്സിലാക്കുവാനും, സത്യവിരുദ്ധമായ വാദഗതികളും, ദുർവ്യാഖ്യാനങ്ങളും തിരിച്ചറിയുവാനും കഴിയുന്ന പണ്ഡിതന്മാരെ സംബന്ധിച്ചിടത്തോളം -അവയെ ഖണ്ഡിക്കുവാൻ വേണ്ടിയും പൊതുജനങ്ങളിൽ അവമൂലം ഉണ്ടാകാവുന്ന ആശയക്കുഴപ്പങ്ങളെ നീക്കം ചെയ്വാൻ വേണ്ടിയും- അത്തരം പ്രസ്താവനകളിൽ ശ്രദ്ധപതിപ്പിക്കുന്നതുകൊണ്ട് ദോഷമൊന്നുമില്ല, അത് അത്യാവശ്യംകൂടിയായിരിക്കുംതാനും.

അല്ലാമാശൗകാനീ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽ ചെയ്തിട്ടുള്ള ഒരു പ്രസ്താവന ഗൗനിക്കുന്നത് സന്ദർഭോചിതമാകുന്നു. അതിന്റെ ചുരുക്കം ഇതാണ്: 'അല്ലാഹുവിന്റെ വചനങ്ങളെ മാറ്റിമറിച്ചും, അവന്റെ കിതാബും അവന്റെ റസൂലിന്റെ സുന്നത്തും കൊണ്ട് കളിയാടിയും, അവയെല്ലാം തങ്ങളുടെ വഴിപിഴപ്പിക്കുന്ന ആശയങ്ങൾക്കും അനാചാരങ്ങൾക്കും അനുസരിച്ചു വ്യാഖ്യാനിച്ചുംകൊണ്ടിരിക്കുന്ന പുത്തൻവാദക്കാരുമായി സമ്പർക്കം നടത്തുന്നതിൽ വിട്ടുവീഴ്ചചെയ്യാറുള്ളവർക്ക് ഈ വചനത്തിൽ വലിയൊരു ഉപദേശം അടങ്ങിയിരിക്കുന്നു. അവരോട് പ്രതിഷേധിക്കുകയും, അവരിൽ മാറ്റം വരുത്തുകയും ചെയ്യുന്നില്ലെങ്കിൽ കുറഞ്ഞപക്ഷം അവരോട് സഹകരിക്കാതിരിക്കുകയെങ്കിലും ചെയ്യേണ്ടതാകുന്നു. അത് പ്രയാസമില്ലാത്ത കാര്യമാണല്ലോ. അവരുടെ കൃത്രിമ വാദങ്ങളിൽനിന്ന് ഇവർ ശുദ്ധരായിരുന്നാൽ തന്നെയും അവരുടെ രംഗങ്ങളിൽ ഇവർ ഹാജറുണ്ടാകുന്നതിനെ ചൂഷണം ചെയ്തുകൊണ്ട് അവർ പൊതുജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുവാൻ ശ്രമിക്കുന്നതാണ്. ഇതാകട്ടെ, അവയെ കേൾക്കുന്നതിനെക്കാൾ വിനാശകരവുമാണ്. ശപിക്കപ്പെട്ട ഇത്തരം സദസ്സുകൾ നാം കണ്ടിട്ടുള്ളതിന് കണക്കില്ല. യഥാർത്ഥത്തെ സഹായിക്കുവാനും അയഥാർത്ഥത്തെ തടയുവാനും നമ്മുടെ കഴിവനുസരിച്ചു നാം ശ്രമിച്ചിട്ടുമുണ്ട്. ഈ പരിശുദ്ധ ശരീഅത്തിനെപ്പറ്റി വേണ്ടതുപോലെ മനസ്സിലാക്കിയിട്ടുള്ളവർക്കെല്ലാം അറിയാം, ഹറാമായ (നിഷിദ്ധമായ) കാര്യങ്ങൾ പ്രവർത്തിച്ചു അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്ന ആളുകളുമായി സഹകരിക്കുന്നതിനെക്കാൾ എത്രയോ ഇരട്ടി ആപൽക്കരമാണ് വഴിപിഴപ്പിക്കുന്ന പുത്തൻവാദക്കാരുമായി സഹകരിക്കുന്നതെന്ന്. ക്വുർആനെയും സുന്നത്തിനെയും കുറിച്ചു അടിയുറച്ച അറിവ് കരസ്ഥമാക്കിയിട്ടില്ലാത്തവർക്ക് പ്രത്യേകിച്ചും അത് ദോഷകരമത്രെ. കാരണം, അവരുടെ വ്യാജ സമർത്ഥനങ്ങളും വാദങ്ങളും -അവയുടെ കൊള്ളരുതായ്മ ശരിക്കു വ്യക്തമായിരുന്നാൽപോലും- പലപ്പോഴും ഇവരിൽ ചിലവായെന്നു വരും. പിന്നീടത് മാറ്റുവാൻ പ്രയാസമായിത്തീരുകയും ചെയ്യും. അങ്ങനെ, അങ്ങേയറ്റം വ്യാജമായ കാര്യത്തെ വളരെ സത്യമായി വിശ്വസിച്ചുകൊണ്ട് അവർ മരണം പ്രാപിക്കുകയും ചെയ്തേക്കും'. (فتح القدير)

وَذَرِ ٱلَّذِينَ ٱتَّخَذُوا۟ دِينَهُمْ لَعِبًا وَلَهْوًا وَغَرَّتْهُمُ ٱلْحَيَوٰةُ ٱلدُّنْيَا ۚ

﴾70﴿ തങ്ങളുടെ മതത്തെ കളിയും, വിനോദവുമാക്കിത്തീർക്കുകയും, ഐഹിക ജീവിതം വഞ്ചിക്കുകയും ചെയ്തിട്ടുള്ളവരെ നീ (അവരുടെ പാട്ടിനു) വിട്ടേക്കുകയും ചെയ്യുക.

وَذَكِّرْ بِهِۦٓ أَن تُبْسَلَ نَفْسٌۢ بِمَا كَسَبَتْ لَيْسَ لَهَا مِن دُونِ ٱللَّهِ وَلِىٌّ وَلَا شَفِيعٌ

ഏതൊരു ആത്മാവും (വ്യക്തിയും) അത്(പ്രവർത്തിച്ചു) സമ്പാദിച്ചത് നിമിത്തം ബന്ധിക്കപ്പെടുമെന്ന (നാശത്തിന് വിധേയമാക്കപ്പെടുമെന്ന)തിനാൽ ഇതുമൂലം (ക്വുർആൻ മുഖേന) നീ ഉപദേശംനൽകുകയും ചെയ്യുക. അല്ലാഹുവിനെ കൂടാതെ അതിന് ഒരു രക്ഷാകർത്താവാകട്ടെ, ശുപാർശകനാകട്ടെ (ഉണ്ടായിരിക്കുക) ഇല്ല.

وَإِن تَعْدِلْ كُلَّ عَدْلٍ لَّا يُؤْخَذْ مِنْهَآ ۗ أُو۟لَٰٓئِكَ ٱلَّذِينَ أُبْسِلُوا۟ بِمَا كَسَبُوا۟ ۖ لَهُمْ شَرَابٌ مِّنْ حَمِيمٍ وَعَذَابٌ أَلِيمٌۢ بِمَا كَانُوا۟ يَكْفُرُونَ ﴿٧٠﴾

അത് എല്ലാ(വിധ)തെണ്ടവും (അഥവാ പ്രായശ്ചിത്തവും) നൽകിയാലും അതിൽ നിന്ന് അത് സ്വീകരിക്കപ്പെടുകയുമില്ല. അക്കൂട്ടരത്രെ അവർ (പ്രവർത്തിച്ചു) സമ്പാദിച്ചത് നിമിത്തം ബന്ധിക്കപ്പെട്ട (നാശത്തിന്നു വിധേയമാക്കപ്പെട്ട)വർ. അവർ അവിശ്വസിച്ചു കൊണ്ടിരുന്നത് നിമിത്തം അവർക്ക് ചുട്ടുതിളക്കുന്ന വെള്ളത്തിൽ നിന്നുള്ള പാനീയവും, വേദനയേറിയ ശിക്ഷയുമുണ്ടായിരിക്കും.

﴾70﴿ وَذَرِ നീ വിട്ടേക്കുകയും ചെയ്യുക الَّذِينَ യാതൊരുകൂട്ടരെ اتَّخَذُوا അവർ ആക്കിത്തീർത്തു دِينَهُمْ തങ്ങളുടെ മതത്തെ لَعِبًا കളി, വിളയാട്ട് وَلَهْوًا വിനോദവും وَغَرَّتْهُمُ അവരെ വഞ്ചിക്കുകയും ചെയ്തു الْحَيَاةُ الدُّنْيَا ഐഹിക ജീവിതം وَذَكِّرْ നീ ഓർമപ്പെടുത്തുക (ഉൽബോധിപ്പിക്കുക-ഉപദേശിക്കുക)യും ചെയ്യുക بِهِ അതുകൊണ്ട്, ഇതുമുഖേന أَنْ تُبْسَلَ ബന്ധിക്കപ്പെടു (പണയപ്പെടു-നാശത്തിനു വിധേയമാക്കപ്പെടു)ന്നതിനാൽ نَفْسٌ ഏതാത്മാവും (ആളും-ദേഹവും) بِمَا كَسَبَتْ അത് സമ്പാദിച്ച (ചെയ്ത-പ്രവർത്തിച്ചുവെച്ച)ത് നിമിത്തം لَيْسَ لَهَا അതിന്നില്ല (ഉണ്ടാകുകയില്ല) مِنْ دُونِ اللَّهِ അല്ലാഹുവിനുപുറമെ, അല്ലാഹുവിനെകൂടാതെ وَلِيٌّ ഒരു രക്ഷാകർത്താവും, ബന്ധു, കൈകാര്യക്കാരൻ وَلَا شَفِيعٌ ഒരു ശുപാർശകനുമില്ല وَإِنْ تَعْدِلْ അത് തെണ്ടം ചെയ്താലും (സമാനമായി ചെയ്താലും) كُلَّ عَدْلٍ എല്ലാ തെണ്ടവും, സമാനമായതും لَا يُؤْخَذْ അത് സ്വീകരിക്കപ്പെടുകയില്ല مِنْهَا അതിൽ (അതിന്റെ പക്കൽ)നിന്ന് أُولَٰئِكَ الَّذِينَ അക്കൂട്ടരത്രെ യാതൊരുവർ أُبْسِلُوا അവർ ബന്ധിക്കപ്പെട്ടു بِمَا كَسَبُوا തങ്ങൾ സമ്പാദിച്ചത്

(ചെയ്തത്)നിമിത്തം لَهُمْ അവർക്കുണ്ട് شَرَابٌ പാനീയം, കുടിനീർ مِنْ حَمِيمٍ അത്യുഷ്ണ (ചുട്ടുതിളക്കുന്ന) ജലത്തിൽ നിന്ന് وَعَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷയും بِمَا كَانُوا അവ രായിരുന്നതുകൊണ്ട് يَكْفُرُونَ അവർ അവിശ്വസിക്കും.

'ബന്ധിപ്പിക്കുക, പണയപ്പെടുത്തുക, നാശത്തിന് വിധേയമാക്കുക, മുടക്കം ചെയ്യുക' എന്നിങ്ങനെ അർത്ഥങ്ങളുള്ള ابسال (ഇബ്സാൽ) എന്ന മൂലത്തിൽ നിന്നുള്ള ക്രിയാരൂപങ്ങളാണ് تبسل യും ابسل യും. ഓരോരുത്തരും അവരവർ സമ്പാദിച്ചു വെച്ച ദുഷ്കർമങ്ങൾക്ക് പണയപ്പെടുകയും, അങ്ങിനെ നാശത്തിനു വിധേയമായിത്തീരുകയും ചെയ്യുക എന്നാണിവിടെ അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

ഈ വചനത്തിൽ അല്ലാഹു പ്രസ്താവിച്ചതിന്റെ ചുരുക്കം ഇതാണ്:

(1) ഐഹിക ജീവിതത്തിൽ വഞ്ചിതരായി മതകാര്യങ്ങൾക്ക് നിലയും വിലയും കൽപിക്കാതെ, അവയെ കേവലം കളിയും വിനോദവുമാക്കിത്തള്ളിയവരെ അവരുടെ പാട്ടിന് വിട്ടേക്കണം. അവരുടെ ചെയ്തികൾക്കൊന്നും യാതൊരു വിലയും കൽപിക്കരുത്.

(2) ഓരോരുത്തരും അവരവരുടെ ദുഷ്കർമങ്ങൾ നിമിത്തം നാശത്തിന് -ശിക്ഷക്ക്- വിധേയരായിത്തീരുന്നതുകൊണ്ട് -അതിന് ഇടവരാതിരിക്കുവാൻ വേണ്ടി- ക്വുർആൻ മുഖേന ഉപദേശം നൽകിക്കൊണ്ടിരിക്കണം. അത് നിറുത്തൽ ചെയ്വാൻ പാടില്ല. നാശത്തിന് വിധേയരായിത്തീർന്നാൽ പിന്നീട് ആർക്കും ഒരു രക്ഷയും കിട്ടുവാനില്ല. രക്ഷാകർത്താക്കളായോ ശുപാർശക്കാരായോ ആരും ഉണ്ടായിരിക്കുന്നതുമല്ല. ഏതെങ്കിലും തരത്തിലുള്ള പ്രായശ്ചിത്തമോ, തെണ്ടമോ നൽകി രക്ഷപ്പെടുവാനും കഴിയുകയില്ല.

(3) മതകാര്യങ്ങൾക്ക് വില കൽപിക്കാതെ അവയെ കളി വിനോദമാക്കുന്നവർ തന്നെയായിരിക്കും തങ്ങളുടെ കർമങ്ങൾ നിമിത്തം നാശത്തിനുവിധേയരാകുന്നവർ. കഠിന കഠോരമായ നരകശിക്ഷ മാത്രമായിരിക്കും അവർക്കാധാരം. അതിലെ ശിക്ഷ വകുപ്പുകളിൽ ഒന്നത്രെ, ദാഹശമനത്തിനു ചുട്ടുതിളച്ച 'ഹമീമാ'കുന്ന വെള്ളമായിരിക്കും അവർക്ക് ലഭിക്കുകയെന്നുള്ളത്.

വിഭാഗം - 9

قُلْ أَنَدْعُوا۟ مِن دُونِ ٱللَّهِ مَا لَا يَنفَعُنَا وَلَا يَضُرُّنَا وَنُرَدُّ عَلَىٰٓ أَعْقَابِنَا بَعْدَ إِذْ هَدَىٰنَا ٱللَّهُ

﴾71﴿ **നീ പറയുക: 'അല്ലാഹുവിന് പുറമെ, ഞങ്ങൾക്ക് ഉപകാരം ചെയ്യാത്തതും, ഉപദ്രവം ചെയ്യാത്തതുമായ വസ്തുവിനെ ഞങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുകയോ?! അല്ലാഹു ഞങ്ങളെ സന്മാർഗത്തിലാക്കിയ ശേഷം, ഞങ്ങൾ ഞങ്ങളുടെ പിൻകാലുകളിൽ (തന്നെ പിറകോട്ടു) മടക്കപ്പെടുകയുമോ?! [ഇതൊന്നും ഉണ്ടാവാൻ പോകുന്നില്ല].**

كَٱلَّذِى ٱسْتَهْوَتْهُ ٱلشَّيَٰطِينُ فِى ٱلْأَرْضِ حَيْرَانَ لَهُۥٓ أَصْحَٰبٌ يَدْعُونَهُۥٓ إِلَى ٱلْهُدَى ٱئْتِنَا ۗ

(അതെ വഴി അറിയാതെ) ഭൂമിയിൽ പരിഭ്രമചിത്തനായിക്കൊണ്ട് പിശാചുക്കൾ തെറ്റിച്ചുകൊണ്ടുപോയ ഒരുവനെപ്പോലെ, 'ഞങ്ങളുടെ അടുക്കൽ വാ' (എന്ന് പറഞ്ഞുകൊണ്ട്) നേർവഴിയിലേക്ക് അവനെ വിളിക്കുന്ന ചില കൂട്ടുകാർ അവനുണ്ടായിരിക്കെ (തന്നെ)'.

قُلْ إِنَّ هُدَى ٱللَّهِ هُوَ ٱلْهُدَىٰ ۖ وَأُمِرْنَا لِنُسْلِمَ لِرَبِّ ٱلْعَٰلَمِينَ ﴿٧١﴾

നീ പറയുക: നിശ്ചയമായും, അല്ലാഹുവിന്റെ നേർമാർഗം തന്നെയാണ് (യഥാർത്ഥ) നേർമാർഗം. ലോകരക്ഷിതാവിന് കീഴൊതുങ്ങുവാൻ ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നുതാനും;-

وَأَنْ أَقِيمُوا۟ ٱلصَّلَوٰةَ وَٱتَّقُوهُ ۚ وَهُوَ ٱلَّذِىٓ إِلَيْهِ تُحْشَرُونَ ﴿٧٢﴾

﴾72﴿ 'നിങ്ങൾ നമസ്കാരം നിലനിറുത്തുകയും, അവനെ സൂക്ഷിക്കുകയും ചെയ്യണമെന്നും (കൽപിക്കപ്പെട്ടിരിക്കുന്നു). യാതൊരുവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമോ അങ്ങിനെയുള്ളവൻ അവൻ തന്നെയാണ് താനും'.

وَهُوَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۖ وَيَوْمَ يَقُولُ كُن فَيَكُونُ ۚ

﴾73﴿ അവൻ തന്നെയാണ് ആകാശങ്ങളെയും, ഭൂമിയെയും യഥാർത്ഥ (മുറ) പ്രകാരം സൃഷ്ടിച്ചവനും. അവൻ (ഏതൊന്നിനെക്കുറിച്ചും) 'ഉണ്ടാകുക' എന്ന് പറയുന്ന ദിവസം അതുണ്ടാകുന്നു.

قَوْلُهُ ٱلْحَقُّ ۚ وَلَهُ ٱلْمُلْكُ يَوْمَ يُنفَخُ فِى ٱلصُّورِ ۚ عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ۚ وَهُوَ ٱلْحَكِيمُ ٱلْخَبِيرُ ﴿٧٣﴾

അവന്റെ വാക്ക് യഥാർത്ഥമത്രെ. കാഹളത്തിൽ ഊതപ്പെടുന്ന ദിവസം രാജാധിപത്യവും അവനുതന്നെ. അദൃശ്യവും, ദൃശ്യവും അറിയുന്നവനാണ് (അവൻ), അവനത്രെ, അഗാധജ്ഞനും, സൂക്ഷ്മജ്ഞനുമായുള്ളവൻ.

﴾71﴿ قُلْ നീ പറയുക أَنَدْعُوا ഞങ്ങൾ വിളിക്കുമോ, പ്രാർത്ഥിക്കുകയോ مِنْ دُونِ اللهِ

وَلَا يَضُرُّنَا അല്ലാഹുവിന്പുറമെ مَا لَا يَنْفَعُنَا ഞങ്ങൾക്ക് ഉപകാരംചെയ്യാത്ത വസ്തുവെ ഞങ്ങൾക്ക് ഉപദ്രവ(ദ്രോഹ)വും ചെയ്യാത്ത وَنُرَدُّ ഞങ്ങൾ മടക്ക(തള്ള)പ്പെടുകയു (മോ) عَلَىٰ أَعْقَابِنَا ഞങ്ങളുടെ പിൻകാലു(മടമ്പുകാലു)കളിലായി (വന്നപോലെത്തന്നെ) بَعْدَ إِذْ هَدَانَا ഞങ്ങളെ നേർമാർഗത്തിലാക്കിയതിന് ശേഷം اللهُ അല്ലാഹു كَالَّذِي യാതൊരുവനെപോലെ اسْتَهْوَتْهُ അവനെതെറ്റിച്ചു (പിഴപ്പിച്ചു)കൊണ്ടുപോയി الشَّيَاطِينُ പിശാചുക്കൾ فِي الْأَرْضِ ഭൂമിയിൽ حَيْرَانَ പരിഭ്രമചിത്തനായ (അന്തംവിട്ട)നിലയിൽ لَهُ അവനുണ്ട്, ഉണ്ടായിക്കൊണ്ട് أَصْحَابٌ ചിലകൂട്ടുകാർ, ആൾക്കാർ يَدْعُونَهُ അവർ അവനെ വിളിക്കുന്നു إِلَى الْهُدَى നേർമാർഗത്തിലേക്ക് ائْتِنَا ഞങ്ങളുടെ അടുക്കൽ വാ(വരുക) എന്ന് قُلْ നീ പറയുക إِنَّ هُدَى നിശ്ചയമായും നേർമാർഗം اللهِ അല്ലാഹുവിന്റെ هُوَ الْهُدَىٰ അതത്രെ(യഥാർത്ഥ) നേർമാർഗം وَأُمِرْنَا ഞങ്ങൾ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു لِنُسْلِمَ ഞങ്ങൾ കീഴൊതുങ്ങുവാൻ لِرَبِّ രക്ഷിതാവിന് الْعَالَمِينَ ലോകരുടെ ﴾72﴿ وَأَنْ أَقِيمُوا നിങ്ങൾ നിലനിറുത്തണമെന്നും الصَّلَاةَ നമസ്കാരം وَاتَّقُوهُ അവനെ സൂക്ഷിക്കണമെന്നും وَهُوَ الَّذِي അവൻ തന്നെയാണ് യാതൊരുവനും إِلَيْهِ അവങ്കലേക്ക്(തന്നെ) تُحْشَرُونَ നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നു ﴾73﴿ وَهُوَ الَّذِي അവൻ തന്നെയാണ് യാതൊരുവനും خَلَقَ അവൻ സൃഷ്ടിച്ചു السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയെയും بِالْحَقِّ യഥാർത്ഥപ്രകാരം, മുറയനുസരിച്ച് وَيَوْمَ يَقُولُ അവൻ പറയുന്ന ദിവസം كُنْ ഉണ്ടാകുക, ഉണ്ടാവണം (എന്ന്) فَيَكُونُ അപ്പോൾ (അത്) ഉണ്ടാകുന്നു قَوْلُهُ അവന്റെ വാക്ക്, അവൻ പറയുന്നത് الْحَقُّ യഥാർത്ഥ (സത്യ-കാര്യ)മാണ് وَلَهُ الْمُلْكُ അവന്നു തന്നെയാണ് രാജാധിപത്യവും يَوْمَ يُنْفَخُ ഊതപ്പെടുന്ന ദിവസം فِي الصُّورِ കാഹളത്തിൽ, കൊമ്പിൽ عَالِمُ الْغَيْبِ അദൃശ്യത്തെ അറിയുന്നവനാണ് وَالشَّهَادَةِ ദൃശ്യത്തെയും وَهُوَ الْحَكِيمُ അവനത്രെ അഗാധജ്ഞനും, യുക്തിമാനും الْخَبِيرُ സൂക്ഷ്മജ്ഞൻ

സത്യവിശ്വാസികളെ പഴയ വിഗ്രഹാരാധനയിലേക്കുതന്നെ മടക്കുവാൻ ശ്രമം നടത്തിനോക്കുന്ന മുശ്രിക്കുകളോട് പറയേണ്ടുന്ന ചില കാര്യങ്ങളാണ് ആദ്യത്തെ രണ്ടു വചനങ്ങളിൽ അല്ലാഹു നബി ﷺയെ ഓർമിപ്പിക്കുന്നത്. ആ കാര്യങ്ങളുടെ ഒരു വിശദീകരണമാണ് മൂന്നാമത്തെ വചനമെന്നു പറയാം. അവരോട് പറയുന്നതിന്റെ സാരം ഇതാണ്: വല്ല മരുഭൂമിയിലൂടെയും യാത്രചെയ്യുമ്പോൾ കൂട്ടംവിട്ടു വഴിതെറ്റി പരിഭ്രമത്തിൽപെട്ട ഒരുവനെ അവന്റെ കൂട്ടുകാർ 'ഇതാ, ഇങ്ങോട്ടുവാ' എന്നു വിളിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും അവൻ സമനിലതെറ്റി ആ ക്ഷണം സ്വീകരിക്കാതെ പിശാചുക്കളുടെ തട്ടിക്കൊണ്ടു പോകലിനു വിധേയനായിത്തീരുന്നതുപോലെ, ഞങ്ങളും ആയിത്തീരണമെന്നാണോ നിങ്ങൾ പറയുന്നത്?! ശിർക്കാകുന്ന ദുർമാർഗത്തിൽനിന്ന് രക്ഷപ്പെടുത്തി ഞങ്ങളെ അല്ലാഹു ഇസ്‌ലാമാകുന്ന നേർമാർഗത്തിലേക്ക് നയിച്ചിരിക്കെ, ഞങ്ങൾക്ക് എന്തെങ്കിലും ഉപകാരമോ ഉപദ്രവമോ ചെയ്‌വാൻ കഴിയാത്ത ആ ദൈവങ്ങളെ വിളിച്ചു പ്രാർത്ഥിക്കുവാനും, ആരാധിക്കുവാനും എനി ഞങ്ങൾ മടങ്ങുകയോ?! അത് സംഭവിക്കുന്ന കാര്യമല്ല. ലോകരക്ഷിതാവായ അല്ലാഹുവിന് കീഴ്പ്പെട്ടും, അവനെ

സൂക്ഷിച്ചും, അവനെ നമസ്കരിച്ചുകൊണ്ടും ജീവിക്കണമെന്നാണ് ഞങ്ങളോട് കൽപിക്കപ്പെട്ടിരിക്കുന്നത്. അത് ഞങ്ങൾ അനുസരിക്കുകതന്നെ ചെയ്യും. അതേ അല്ലാഹുവിന്റെ മുമ്പിൽ നിങ്ങളും ഹാജരാക്കപ്പെടും. അതുകൊണ്ട് നിങ്ങൾ നിങ്ങളെപ്പറ്റിതന്നെയാണ് പുനഃരാലോചന ചെയ്യേണ്ടിയിരിക്കുന്നത്. ഞങ്ങൾ പഴയ ശിർക്കിലേക്ക് മടങ്ങിയേക്കുമെന്ന പ്രതീക്ഷ നിങ്ങൾ വെച്ചുകൊണ്ടിരിക്കേണ്ട.

ആകാശഭൂമികളെ അല്ലാഹു യഥാർത്ഥ മുറപ്രകാരം സൃഷ്ടിച്ചു (خَلَقَ السَّمَاوَاتِ وَالْأَرْضَ بِالْحَقِّ) എന്നു ക്വുർആനിൽ പലപ്പോഴും പറഞ്ഞുകാണാം. വളരെ വിപുലമായ അർത്ഥം ഉൾകൊള്ളുന്ന ഒരു വാക്യമത്രെ അത്. കളിയോ, വിനോദമോ ആയിട്ടല്ല -അതിമഹത്തായ ഉദ്ദേശ്യ ലക്ഷ്യങ്ങളോടുകൂടിയാണ്- അവയെ സൃഷ്ടിച്ചത്. വ്യവസ്ഥാപിതവും യുക്തിപൂർണവുമായ നിലയിൽ ഓരോ കാര്യവും ഇന്നിന്ന പ്രകാരമെന്ന അടുക്കും ചിട്ടയുംവെച്ചുകൊണ്ട് അതി സമർത്ഥവും അതിവിദഗ്ധവുമായ പരിപാടികളോടുകൂടിയാണത്. അവയും, അവയിലുള്ളതുമെല്ലാം ഇല്ലായ്മയിൽനിന്നുണ്ടാക്കി രൂപം നൽകിയത് അവനാണ്. എല്ലാറ്റിന്റെയും ഉടമസ്ഥതയും അധികാരാവകാശവും അവന്റെതാണ്. എന്നിങ്ങിനെയുള്ള പല തത്വസാരങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. ഏതൊരു കാര്യമോ, ഏതൊരു വസ്തുവോ ഉണ്ടാവണമെന്ന് അവൻ ഉദ്ദേശിച്ചാൽ അത് ഉണ്ടാകുവാൻ ഒട്ടും പ്രയാസമില്ല. അതുണ്ടാവണമെന്ന് പറയുകയേവേണ്ടൂ. അതുണ്ടായിക്കൊള്ളും. (إِنَّمَا أَمْرُهُ إِذَا أَرَادَ شَيْئًا أَن يَقُولَ لَهُ كُن فَيَكُونُ) മറ്റൊന്നിന്റെ സഹായമോ മാധ്യമമോ അതിനാവശ്യമില്ല. എന്നിരിക്കെ, മനുഷ്യർക്ക് രണ്ടാമതൊരു ജീവിതംകൂടി നൽകുക, എല്ലാവരെയും ഒരുമിച്ചുകൂട്ടി വിചാരണ നടത്തി രക്ഷാശിക്ഷകൾ നൽകുക എന്നിവയൊന്നും അവനെ സംബന്ധിച്ചിടത്തോളം ഒട്ടും ഞെരുക്കപ്പെട്ട കാര്യങ്ങളല്ല. അത് ഏത് ദിവസത്തിലാവണമെന്നാണോ അവൻ തീരുമാനിക്കുന്നതെങ്കിൽ അന്ന് അത് സംഭവിക്കും. ഇതൊക്കെയാണ് തുടർന്നുള്ള വാക്യത്തിൽ പറഞ്ഞതിന്റെ സാരം.

കാഹളത്തിൽ ഊതപ്പെടുന്ന ദിവസം (يَوْمَ يُنفَخُ فِي الصُّورِ) എന്നുപറഞ്ഞത് ക്വിയാമത്തുനാളാകുന്നു. ലോകാവസാന സമയത്തും, പിന്നീട് ജീവികളെയെല്ലാം പുനരെഴുന്നേൽപിക്കപ്പെടുന്ന അവസരത്തിലുമായി രണ്ടു പ്രാവശ്യം കാഹളം ഊതപ്പെടുമെന്ന് അല്ലാഹു അറിയിച്ചു തന്നിരിക്കുന്നു. (ഇത് സംബന്ധിച്ച് കൂടുതൽ വിവരം സൂറഃ നംല് 87 ലും, സൂറഃ സുമർ 68 ലും അവയുടെ വ്യാഖ്യാനത്തിലും കാണുക). صور (സ്വൂർ) എന്ന പദത്തിന് 'കൊമ്പ്', കാഹളം' എന്നൊക്കെയാണ് വാക്കർത്ഥം. ഇസ്റാഫീൽ (അ) എന്ന മലക്കായിരിക്കും കാഹളത്തിൽ ഊതുക എന്നു ഹദീഥുകളിൽ വന്നിട്ടുണ്ട്. എന്നാൽ, ആ കാഹളം എങ്ങിനെയുള്ളതാണെന്നോ, അതിന്റെ സ്വഭാവമെന്താണെന്നോ നമുക്ക് അറിഞ്ഞുകൂടാ കാഹളത്തിന്റെയും ഊത്തിന്റെയും സ്വഭാവം എന്തായിരുന്നാലും ശരി ഒന്നാമത്തെ ഊത്തോടുകൂടി ലോകാലോകങ്ങളുടെ ഘടനയെല്ലാം താറുമാറായി നാശമടയുമെന്നും, രണ്ടാമത്തെ ഊത്തോടുകൂടി എല്ലാവരും പുനരുജ്ജീവിക്കുകയും ഒരു പുതിയ അഖിലാണ്ഡ വ്യവസ്ഥ നിലവിൽവരുകയും ചെയ്യുമെന്നും ക്വുർആനിൽനിന്ന് ഖണ്ഡിതമായി അറിയപ്പെട്ടിട്ടുള്ളതാണ്. അന്നത്തെ ദിവസം അവന്നാണ് രാജാധിപത്യം (...وَلَهُ الْمُلْكُ) എന്ന് പറഞ്ഞതിന്റെ താൽപര്യം, നാമമാത്രമെങ്കിലും ഒരധികാരമോ സ്വാധീനമോ അന്ന് മറ്റാർക്കും ഉണ്ടായിരിക്കുകയില്ല എന്നത്രെ. എക്കാലത്തും യഥാർത്ഥമായ ഭരണാധിപത്യം അല്ലാഹുവിനുതന്നെയാണുള്ളത്. എന്നാലും പരിമിതവും നാമമാത്രവുമായ ചില ഭരണാധികാരികൾ സൃഷ്ടികളിലും

നിലവിലുണ്ടല്ലോ. അന്ന് അതും ഉണ്ടായിരിക്കയില്ലെന്നർത്ഥം. لِّمَنِ ٱلْمُلْكُ ٱلْيَوْمَ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ (അന്ന് ആർക്കാണ് രാജാധിപത്യം? ഏകനായ സർവ്വാധികാരിയായ അല്ലാഹുവിന്!).

۞ وَإِذْ قَالَ إِبْرَٰهِيمُ لِأَبِيهِ ءَازَرَ أَتَتَّخِذُ أَصْنَامًا ءَالِهَةً إِنِّىٓ أَرَىٰكَ وَقَوْمَكَ فِى ضَلَٰلٍ مُّبِينٍ ﴿٧٤﴾

﴾74﴿ ഇബ്റാഹീം തന്റെ പിതാവ് ആസറിനോട് പറഞ്ഞ സന്ദർഭം (ഓർക്കുക): 'താങ്കൾ ബിംബങ്ങളെ ആരാധ്യന്മാരാ(ദൈവങ്ങളാ)ക്കുകയോ?! നിശ്ചയമായും ഞാൻ, താങ്കളെയും, താങ്കളുടെ ജനതയെയും സ്പഷ്ടമായ വഴിപിഴവിലായി കാണുന്നു'.

وَكَذَٰلِكَ نُرِىٓ إِبْرَٰهِيمَ مَلَكُوتَ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَلِيَكُونَ مِنَ ٱلْمُوقِنِينَ ﴿٧٥﴾

﴾75﴿ അതുപോലെ, ആകാശങ്ങളുടെയും, ഭൂമിയുടെയും 'മലകൂത്തും [രാജാധിപത്യ രഹസ്യവും] നാം ഇബ്റാഹീമിന് കാണിച്ചുകൊടുത്തിരുന്നു. അദ്ദേഹം ദൃഢവിശ്വാസികളിൽപെട്ടവനായിരിക്കുവാൻ വേണ്ടിയും(കൂടിയാണത്).

﴾74﴿ وَإِذْ قَالَ പറഞ്ഞ സന്ദർഭം إِبْرَاهِيمُ ഇബ്റാഹീം لِأَبِيهِ തന്റെ ബാപ്പയോട്, പിതാവിനോട് آزَرَ ആസർ (എന്ന) أَتَتَّخِذُ താങ്കൾ ഉണ്ടാക്കുക(ആക്കുക)യാണോ أَصْنَامًا ബിംബ(വിഗ്രഹ)ങ്ങളെ آلِهَةً ആരാധ്യന്മാർ, ദൈവങ്ങൾ إِنِّي നിശ്ചയമായും ഞാൻ أَرَاكَ താങ്കളെ ഞാൻ കാണുന്നു وَقَوْمَكَ താങ്കളുടെ ജനങ്ങളെയും فِي ضَلَالٍ വഴിപിഴവിൽ, ദുർമാർഗത്തിൽ مُبِينٍ സ്പഷ്ട(വ്യക്ത)മായ ﴾75﴿ وَكَذَٰلِكَ അപ്രകാരം, അതുപോലെ نُرِي നാം കാണിച്ചുകൊടുത്തിരുന്നു, കാട്ടിക്കൊടുക്കുന്നു إِبْرَاهِيمَ ഇബ്റാഹീമിന് مَلَكُوتَ രാജാധിപത്യം, മഹാധിപത്യം السَّمَاوَاتِ ആകാശങ്ങളുടെ وَالْأَرْضِ ഭൂമിയുടെയും وَلِيَكُونَ അദ്ദേഹമായിരിക്കുവാനും مِنَ الْمُوقِنِينَ ദൃഢവിശ്വാസികളിൽപെട്ട(വൻ)

ഇബ്റാഹീം നബി(അ)യുടെ പിതാവിന്റെ പേർ ആസർ (آزر) എന്നാണെന്നത്രെ ഈ വചനത്തിൽ നിന്ന് വ്യക്തമാകുന്നത്. പക്ഷേ, മിക്ക ഖുർആൻ വ്യാഖ്യാതാക്കളും, ചരിത്രകാരന്മാരും പറയുന്നത് അദ്ദേഹത്തിന്റെ സാക്ഷാൽ പേർ താറഹ് -അഥവാ തേരഹ് (تارح)- എന്നായിരുന്നുവെന്നത്രെ. ബൈബ്ളിലും അങ്ങിനെത്തന്നെ. ആസർ എന്നത് അദ്ദേഹത്തിന്റെ ഒരു രണ്ടാം പേരോ, സ്ഥാനപ്പേരോ ആയിരുന്നുവെന്നും പലരും പറയുന്നു. (അല്ലാഹുവിനറിയാം). ഏതായാലും അദ്ദേഹം ഒരു വിഗ്രഹാരാധകനും, ക്ഷേത്രത്തിലെ വലിയ പൂജാരിയുമായിരുന്നു. വിഗ്രഹാരാധകരായ സ്വന്തം പിതാവി

നെയും നാട്ടുകാരെയും ഇബ്റാഹീം (അ) വിമർശിച്ചതിനെക്കുറിച്ചാണ് അല്ലാഹു ഇവിടെ പ്രസ്താവിക്കുന്നത്. ഇതിനെപറ്റി മർയം, അൻബിയാഉ് മുതലായ സൂറത്തുകളിൽ കൂടുതൽ വിശദമായി വിവരിച്ചു കാണാവുന്നതാണ്.

'രാജത്വം, രാജാധിപത്യം' എന്നർത്ഥമായ ملك (മുൽക്)ന്റെ അർത്ഥം കൂടുതൽ ശക്തിപ്പെടുത്തിയും മഹത്വപ്പെടുത്തിയും കൊണ്ടുള്ള ഒരു രൂപഭേദമാണ് مَلَكُوت (മലകൂത്ത്). അപ്രകാരം ഇബ്റാഹീമിന് നാം ആകാശഭൂമികളുടെ മലകൂത്ത് കാണിച്ചു കൊടുത്തിരുന്നു. (وَكَذَٰلِكَ نُرِي إِبْرَاهِيمَ مَلَكُوتَ السَّمَاوَاتِ وَالْأَرْضِ وَلِيَكُونَ مِنَ الْمُوقِنِينَ) എന്നു പറഞ്ഞതിന്റെ സാരം ഇതാണ്: ബിംബാരാധനക്ക് അടിമപ്പെട്ടിരുന്ന നാട്ടിലും വീട്ടിലും ജനിച്ചുവളർന്ന അദ്ദേഹം അത് ശിർക്കാണെന്നും ദുർമാർഗമാണെന്നും മനസ്സിലാക്കിയതുപോലെ, ആകാശഭൂമികളുടെ ഭരണാധികാരം, ഉടമസ്ഥത, അവയിൽ ഏകാരാധ്യനായിരിക്കുവാനുള്ള അർഹത, അവയുടെ രക്ഷാകർതൃത്വം ആദിയായവ അല്ലാഹുവിന് മാത്രമാണെന്ന യാഥാർത്ഥ്യം -കാര്യകാരണസഹിതം- അല്ലാഹു അദ്ദേഹത്തിന് വേണ്ടത്ര മനസ്സിലാക്കിക്കൊടുത്തിരുന്നു. ചിലർ പ്രസ്താവിച്ചുകാണുന്നതുപോലെ, ആകാശങ്ങളും ഭൂമികളും അവയിലെ വസ്തുക്കളുമെല്ലാം അല്ലാഹു അദ്ദേഹത്തിന് തുറന്നുകാണിച്ചുകൊടുത്തുവെന്നോ, വേറെ ചില പുത്തൻ വ്യാഖ്യാനക്കാർ പറയുന്നതുപോലെ ലോകത്തിന്റെ ആധിപത്യം വഹിക്കേണ്ടത് എങ്ങിനെയാണെന്ന് കാണിച്ചുകൊടുത്തുവെന്നോ അഖിലാണ്ഡത്തിന്റെ ഭരണരഹസ്യങ്ങളെല്ലാം മനസ്സിലാക്കിക്കൊടുത്തുവെന്നോ അല്ല ആ പറഞ്ഞതിന്റെ ഉദ്ദേശ്യം. സൂഃ അഅ്റാഫിൽ അല്ലാഹു പറയുന്നു: أَوَلَمْ يَنظُرُوا فِي مَلَكُوتِ السَّمَاوَاتِ وَالْأَرْضِ - الاعراف ١٨٥ (ആകാശങ്ങളുടെയും ഭൂമിയുടെയും മലകൂത്തിൽ അവർ നോക്കുന്നില്ലേ -അഥവാ ചിന്തിക്കുന്നില്ലേ?!) 'മലകൂത്ത്'നു പ്രസ്തുത വ്യാഖ്യാനങ്ങളൊന്നും യോജിക്കുകയില്ലെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. മേൽ സൂചിപ്പിച്ച യാഥാർത്ഥ്യങ്ങളെപറ്റി ചിന്തിച്ചു മനസ്സിലാക്കുവാനുള്ള ആഹ്വാനമാണ് ഈ വാക്യമെന്ന് പറയേണ്ടതില്ല. ഇബ്റാഹീം നബി (അ)ക്ക് അല്ലാഹു അതെല്ലാം വ്യക്തമായി മനസ്സിലാക്കിക്കൊടുക്കുകയും, അങ്ങനെ, അദ്ദേഹത്തിന്റെ വിശ്വാസം തികച്ചും സുദൃഢമായിത്തീരുകയും ചെയ്തിരുന്നുവെന്നത്രെ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. وَلِيَكُونَ مِنَ الْمُوقِنِينَ (അദ്ദേഹം ദൃഢവിശ്വാസികളുടെ കൂട്ടത്തിലാകുവാനും) എന്ന് തുടർന്നു പറഞ്ഞിട്ടുള്ളതും പ്രസ്താവ്യമാണ്. സാധാരണപോലെയുള്ള ഒരു വിശ്വാസമായിരുന്നില്ല അദ്ദേഹത്തിന്റേത്. ഒരു കാരണവശാലും പതറിപ്പോകുകയോ ബലക്ഷയം ബാധിക്കുകയോ ചെയ്യാത്ത വിശ്വാസമായിരുന്നു അദ്ദേഹത്തിന്റേത് എന്ന് താൽപര്യം. ഇതോട് ബന്ധപ്പെടുത്തിക്കൊണ്ട് അടുത്ത വചനത്തിൽ അല്ലാഹു വിവരിക്കുന്ന സംഭവം നോക്കുക:-

فَلَمَّا جَنَّ عَلَيْهِ ٱلَّيْلُ رَءَا كَوْكَبًا ۖ قَالَ هَٰذَا رَبِّى ۖ

﴿76﴾ **അങ്ങനെ, അദ്ദേഹത്തിന്റെ മേൽ രാത്രി (വന്നു) മൂടിയപ്പോൾ, അദ്ദേഹം ഒരു നക്ഷത്രം കണ്ടു; അദ്ദേഹം പറഞ്ഞു: 'ഇത് എന്റെ റബ്ബ് (രക്ഷിതാവ്) ആകുന്നു'.**

فَلَمَّآ أَفَلَ قَالَ لَآ أُحِبُّ ٱلْءَافِلِينَ ﴿٧٦﴾

എന്നിട്ട് അത് മറഞ്ഞു പോയപ്പോൾ, അദ്ദേഹം പറഞ്ഞു: 'മറഞ്ഞു പോകുന്നരെ ഞാൻ ഇഷ്ടപ്പെടുന്നില്ല.

فَلَمَّا رَءَا ٱلْقَمَرَ بَازِغًا قَالَ هَٰذَا رَبِّى ۖ فَلَمَّآ أَفَلَ قَالَ لَئِن لَّمْ يَهْدِنِى رَبِّى لَأَكُونَنَّ مِنَ ٱلْقَوْمِ ٱلضَّآلِّينَ ﴿٧٧﴾

﴾77﴿ എന്നിട്ട്, ചന്ദ്രൻ ഉദിച്ചുവരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇത് എന്റെ റബ്ബാകുന്നു'. എന്നിട്ട് അത് മറഞ്ഞുപോയപ്പോൾ, അദ്ദേഹം പറഞ്ഞു: 'എന്റെ റബ്ബ് എനിക്ക് മാർഗദർശനം നൽകിയില്ലെങ്കിൽ, നിശ്ചയമായും ഞാൻ വഴിപിഴച്ച ജനങ്ങളിൽപെട്ടവൻ തന്നെ ആയിത്തീരുന്നതാണ്.

فَلَمَّا رَءَا ٱلشَّمْسَ بَازِغَةً قَالَ هَٰذَا رَبِّى هَٰذَآ أَكْبَرُ ۖ

﴾78﴿ എന്നിട്ട് (പിന്നെ) സൂര്യൻ ഉദിച്ചു വരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇതെന്റെ റബ്ബാണ്; ഇത് ഏറ്റവും വലുതാകുന്നു'.

فَلَمَّآ أَفَلَتْ قَالَ يَٰقَوْمِ إِنِّى بَرِىٓءٌ مِّمَّا تُشْرِكُونَ ﴿٧٨﴾

എന്നിട്ട് അത് മറഞ്ഞുപോയപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിശ്ചയമായും ഞാൻ, (അല്ലാഹുവിനോട്) നിങ്ങൾ പങ്കുചേർക്കുന്നതിൽ നിന്ന്(ഒക്കെയും) ഒഴിവായവനാകുന്നു.

﴾76﴿ فَلَمَّا جَنَّ അങ്ങനെ മൂടിയ(മറയിട്ട)പ്പോൾ عَلَيْهِ അദ്ദേഹത്തിന്റെ മേൽ اللَّيْلُ രാത്രി
رَأَى അദ്ദേഹം കണ്ടു كَوْكَبًا ഒരു നക്ഷത്രം قَالَ അദ്ദേഹം പറഞ്ഞു هَٰذَا رَبِّي ഇത് എന്റെ
റബ്ബാണ് فَلَمَّا أَفَلَ എന്നിട്ട് അത് മറഞ്ഞുപോയപ്പോൾ قَالَ അദ്ദേഹം പറഞ്ഞു لَا أُحِبُّ
ഞാൻ ഇഷ്ടപ്പെടുന്നില്ല الْآفِلِينَ മറഞ്ഞുപോകുന്നവരെ. ﴾77﴿ فَلَمَّا رَأَى എന്നിട്ട് അദ്ദേഹം
കണ്ടപ്പോൾ الْقَمَرَ ചന്ദ്രനെ بَازِغًا ഉദിച്ചുവരുന്ന (ഉദയം ചെയ്യുന്ന)തായി قَالَ അദ്ദേഹം
പറഞ്ഞു هَٰذَا رَبِّي ഇത് എന്റെ റബ്ബാണ് فَلَمَّا أَفَلَ എന്നിട്ട് അത് മറഞ്ഞപ്പോൾ قَالَ
അദ്ദേഹം പറഞ്ഞു لَئِن لَّمْ يَهْدِنِي എനിക്ക് വഴികാട്ടി(മാർഗദർശനം നൽകി)യില്ലെങ്കിൽ
رَبِّي എന്റെ റബ്ബ് لَأَكُونَنَّ നിശ്ചയമായും ഞാൻ ആയിരിക്കതന്നെചെയ്യും مِنَ الْقَوْمِ ജന
ങ്ങളിൽപെട്ട(വൻ) الضَّالِّينَ വഴിപിഴച്ചവരായ ﴾78﴿ فَلَمَّا رَأَى എന്നിട്ടദ്ദേഹം കണ്ടപ്പോൾ
الشَّمْسَ സൂര്യനെ بَازِغَةً ഉദിച്ചുവരുന്നതായി قَالَ അദ്ദേഹം പറഞ്ഞു هَٰذَا رَبِّي ഇതെന്റെ
റബ്ബാണ് هَٰذَا أَكْبَرُ ഇത് ഏറ്റവും വലുതാണ് فَلَمَّا أَفَلَتْ എന്നിട്ടത് മറഞ്ഞപ്പോൾ قَالَ

إِنِّي وَجَّهْتُ وَجْهِيَ لِلَّذِى فَطَرَ ٱلسَّمَٰوَٰتِ وَٱلْأَرْضَ حَنِيفًا ۖ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ ﴿٧٩﴾

《79》 'ഞാൻ, ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചുണ്ടാക്കിയവനിലേക്ക് ഋജുമാനസനായിക്കൊണ്ട് എന്റെ മുഖം (ഇതാ) തിരിച്ചിരിക്കുന്നു. ഞാൻ 'മുശ്‌രിക്കുകളിൽ' [പങ്കുചേർക്കുന്നവരിൽ] പെട്ടവനല്ല താനും'.

അദ്ദേഹം പറഞ്ഞു يَاقَوْمِ എന്റെ ജനങ്ങളേ إِنِّي بَرِيءٌ നിശ്ചയമായും ഞാൻ ഒഴിവായവനാണ് مِمَّا تُشْرِكُونَ നിങ്ങൾ പങ്കുചേർക്കുന്നതിൽ നിന്ന് 《79》 إِنِّي وَجَّهْتُ നിശ്ചയമായും ഞാൻ മുഖം തിരിച്ചു وَجْهِيَ എന്റെ മുഖം لِلَّذِي യാതൊരുവനിലേക്ക് فَطَرَ സൃഷ്ടിച്ചുണ്ടാക്കിയ السَّمَاوَاتِ ആകാശങ്ങളെ وَالأَرْضَ ഭൂമിയെയും حَنِيفًا ഋജുമാനസനായി (ശുദ്ധ മനസ്കനായി) وَمَاأَنَا ഞാനല്ലതാനും مِنَ الْمُشْرِكِينَ മുശ്‌രിക്കുകളിൽ, പങ്കുചേർക്കുന്നവരിൽപെട്ട(വൻ).

ഒരു പ്രാചീന രാജ്യമായ ബാബിലോണ്യയിലെ ഊർ എന്ന പട്ടണമായിരുന്നു ഇബ്റാഹീം നബി (അ)യുടെ ജന്മസ്ഥലം. തികച്ചും പരിപൂർണമായ അർത്ഥത്തിൽ തന്നെ വിഗ്രങ്ങളുടെ ഭരണമാണവിടെ നടന്നിരുന്നത്. ഓരോ ഗോത്രങ്ങൾക്കും, ദേശക്കാർക്കും പ്രത്യേകം പ്രത്യേകം കുലദൈവങ്ങളും, ദേവീദേവന്മാരുമുണ്ടായിരിക്കും. കല, വാണിജ്യം, വ്യവസായം, തത്വശാസ്ത്രം ആദിയായവയിലെല്ലാം അതിനിപുണമായിരുന്നു ആ നാടെങ്കിലും പുരോഹിത വർഗത്തിന്റെയും ക്ഷേത്രപൂജാരികളുടെയും ചൊൽപടിക്ക് വിധേയരായിരുന്നു ഭരണകർത്താക്കൾ. നാടുഭരിക്കുന്ന രാജാക്കൾ വിഗ്രഹദൈവങ്ങളുടെ ആശീർവ്വാദത്തോടുകൂടി രംഗത്ത് വരുന്നവരാകകൊണ്ട് അവരും ആരാധ്യന്മാരായി ഗണിക്കപ്പെട്ടിരുന്നു. പല നാമങ്ങളിലായി അറിയപ്പെട്ടിരുന്നതും, സൂര്യൻ, ചന്ദ്രൻ, ശുക്രൻ തുടങ്ങിയ പല നക്ഷത്രങ്ങളുടെ പേരിൽ സ്ഥാപിക്കപ്പെട്ടിരുന്നതുമായ പല ദേവീദേവ വിഗ്രങ്ങളും അവർക്കുണ്ടായിരുന്നു. കാമദേവിയെന്നും മറ്റുമുള്ള ചില പ്രത്യേക പ്രതിഷ്ഠകളും അക്കൂട്ടത്തിലുണ്ടായിരുന്നു. ഓരോന്നിന്റെ പേരും പ്രശസ്തിയും അനുസരിച്ച് ഓരോന്നിനും സ്വത്തുക്കളും, ക്ഷേത്രങ്ങളും, പൂജാരികളും ഉണ്ടായിരിക്കും. ഇബ്റാഹീം നബി (അ)യുടെ പിതാവാകട്ടെ, ഒരു ബിംബവ്യാപാരിയും, പൂജാരിവർഗത്തിലെ നേതാവും കൂടിയായിരുന്നു. ആദ്യമായി അദ്ദേഹം ബിംബാരാധനയെക്കുറിച്ച് പൊതുവെ സ്വന്തം പിതാവുമായി നടത്തിയ വിമർശനമാണ് 74-ാം വചനത്തിൽ കണ്ടത്. അനന്തരം സൂര്യചന്ദ്ര നക്ഷത്രഗ്രഹങ്ങളുടെ ആരാധനയെ വിമർശിച്ചുകൊണ്ട് ജനങ്ങളുമായി നടത്തിയ വാദപ്രതി

വാദമാണ് ഈ വചനത്തിൽ കാണുന്നത്.

ഇബ്റാഹീം നബി (അ)ക്കുണ്ടായ ഒരു ചിന്താഗതിയും, അവസാനം അദ്ദേഹം യഥാർത്ഥ തൗഹീദിലേക്ക് എത്തിച്ചേർന്ന കഥയുമാണോ ഈ വചനങ്ങളുടെ ഉള്ളടക്കം? അതല്ല, വിഗ്രഹാരാധകരായ തന്റെ ജനതയുമായി അദ്ദേഹം നടത്തിയ ഒരു വാദപ്രതിവാദ സംഭവത്തിന്റെ ചിത്രീകരണമാണോ ഇത്? ഇങ്ങിനെ രണ്ടഭിപ്രായം നിലവിലുണ്ട്. രണ്ടാമത്തെ അഭിപ്രായമാണ് കൂടുതൽ ന്യായമായി തോന്നുന്നതും, ക്വുർആന്റെ വാക്യങ്ങളോട് കൂടുതൽ യോജിച്ചു കാണുന്നതും. الله اعلم

അടുത്ത വചനത്തിൽ وَحَاجَّهُ قَوْمُهُ (അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തോട് ന്യായവാദം ചെയ്തു.) وَتِلْكَ حُجَّتُنَا آتَيْنَاهَا إِبْرَاهِيمَ (അത് നാം ഇബ്റാഹീമിന്ന് നൽകിയ ന്യായമാണ്) എന്നും പറഞ്ഞിരിക്കുന്നുവല്ലോ.

ഇബ്നുകഥീർ (റ) അദ്ദേഹത്തിന്റെ തഫ്സീറിൽ ഇവിടെ ഒരു ദീർഘമായ പ്രസ്താവന തന്നെചെയ്തുകാണാം. മേൽ സൂചിപ്പിച്ചതും അല്ലാത്തതുമായ പലകാര്യങ്ങളും വിവരിച്ചശേഷം അദ്ദേഹം തുടർന്നു പറയുന്നു: 'ഇബ്റാഹീം (അ) തന്റെ ജനങ്ങളുമായി നടത്തിയ ഒരു വാദപ്രതിവാദമാണ് ഇതെന്നുള്ളതത്രെ യാഥാർത്ഥ്യം. ഒന്നാമത്തെ (74-ാം വചനത്തിൽ വിവരിച്ച) രംഗം, വാനലോകത്തെ മലക്കുകളുടെ പ്രതിമകളായി സ്ഥാപിക്കപെട്ട ഭൗമികബിംബങ്ങളെ ആരാധിക്കുന്നതിന്റെ തെറ്റുകൾ അവർക്ക് വിവരിച്ചു കൊടുത്തതാണ്. ഈ (വചനങ്ങളിൽ വിവരിച്ച) രംഗം, ആകാശത്തെ പ്രധാന ഗ്രഹങ്ങളായി ഗണിക്കപ്പെടുന്ന ചന്ദ്രൻ, ശുക്രൻ, ചൊവ്വ, ബുധൻ, വ്യാഴം, സൂര്യൻ, ശനി എന്നീ സപ്തഗ്രഹങ്ങളുടെ നാമത്തിൽ നടത്തപ്പെടുന്ന ക്ഷേത്രാരാധനയുടെ തെറ്റുകൾ അവർക്കദ്ദേഹം വിവരിച്ചു കൊടുത്തതാകുന്നു. ഈ ഗ്രഹങ്ങളിൽ അവരുടെ അടുക്കൽ ഏറ്റവും പ്രധാനപ്പെട്ടത് സൂര്യനും, പിന്നെ ചന്ദ്രനും, പിന്നെ ശുക്രനുമാകുന്നു. അതായത്, ആദ്യം ശുക്രൻ ദൈവമായിരിക്കുവാൻ കൊള്ളുകയില്ല -അതിനു ഇടവും വലവും തെറ്റുവാനോ, ദിക്കുമാറി സഞ്ചരിക്കുവാനോ, സമയവ്യത്യാസം സ്വീകരിക്കുവാനോ മറ്റോ സ്വാതന്ത്ര്യമില്ലാതെ ഒരു മഹാശക്തിയുടെ നിയന്ത്രണത്തിലാണത് സ്ഥിതി ചെയ്യുന്നത്- എന്ന് അദ്ദേഹം സ്ഥാപിച്ചു. പിന്നീട്, ചന്ദ്രനിലേക്കും, അനന്തരം സൂര്യനിലേക്കും തിരിഞ്ഞു അതേപ്രകാരം തന്നെ സ്ഥാപിച്ചു. ഏറ്റവും പ്രധാനപെട്ട ഈ ഗ്രഹങ്ങൾക്ക് ദൈവീകതക്ക് അർഹതയില്ലാത്ത സ്ഥിതിക്ക് മറ്റുള്ളവരുടെ കാര്യം വിശിഷ്യാ പറയേണ്ടതില്ലല്ലോ. അങ്ങിനെ, ഖണ്ഡിതമായ തെളിവ് സഹിതം സത്യം സ്ഥാപിതമായപ്പോൾ അദ്ദേഹം പറഞ്ഞു: ....يا قوم اني بريئ (എന്റെ ജനങ്ങളേ, നിങ്ങൾ പങ്കുചേർക്കുന്നതിൽ നിന്ന് ഞാൻ ഒഴിവായവനാണ്. ഞാൻ ആകാശഭൂമികളെ സൃഷ്ടിച്ചുണ്ടാക്കിയവനിലേക്ക് എന്റെ മുഖം തിരിച്ചിരിക്കുന്നു....)'

ഇബ്നുകഥീർ (റ) തുടർന്നു പറയുന്നു: 'ഇബ്റാഹീം (അ) ഇങ്ങനെ ഒരു വിചിന്തനം സ്വയം നടത്തിയതാണ് (ഒരു വാദപ്രതിവാദം ജനങ്ങളുമായി നടത്തിയതല്ല) എന്ന് എങ്ങിനെ പറയും?! അദ്ദേഹത്തെ സംബന്ധിച്ചാണല്ലോ അല്ലാഹു ഇങ്ങിനെയൊക്കെ പറയുന്നത്: الانبياء - ....وَلَقَدْ آتَيْنَا إِبْرَاهِيمَ رُشْدَهُ (ഇബ്റാഹീമിന് അദ്ദേഹത്തിന്റെ തന്റേടം നാം മുമ്പേ നൽകിയിട്ടുണ്ട്. അദ്ദേഹത്തെപറ്റി നാം അറിയുന്നവരുമായിരുന്നു. അതായത് അദ്ദേഹം തന്റെ പിതാവിനോടും ജനങ്ങളോടും പറഞ്ഞ സന്ദർഭം: നിങ്ങൾ ഈ ഭജനമിരിക്കുന്ന പ്രതിമകൾ എന്താണ്? .... (21:51-70) إِنَّ إِبْرَاهِيمَ كَانَ أُمَّةً قَانِتًا لِلَّهِ حَنِيفًا وَلَمْ يَكُ مِنَ الْمُشْرِكِينَ... النحل (ഇബ്റാഹീം അല്ലാഹുവിനോട് ഭക്തിയർപ്പിക്കുന്ന ഋജുമാനസനായ ഒരു സമുദായം -ഒരു പ്രത്യേക സമുദായം- ആയിരുന്നു. അദ്ദേഹം ശിർക്ക് ചെയ്യുന്നവരിൽപെട്ടവനായിരുന്നില്ല.... (16:120-123). دِينًا قِيَمًا مِّلَّةَ إِبْرَاهِيمَ حَنِيفًا وَمَا كَانَ مِنَ الْمُشْرِكِينَ... -الأنعام (.... ചൊവ്വിനു നിലകൊള്ളുന്ന മതം. അതായത് ഋജുമാനസനായിരുന്ന ഇബ്റാഹീമിന്റെ മാർഗം. അദ്ദേഹം ശിർക്ക് ചെയ്യുന്നവരിൽപെട്ടവനായിരുന്നില്ല..... (6:161) (ابن كثير)

وَحَآجَّهُۥ قَوْمُهُۥ ۚ قَالَ أَتُحَٰٓجُّوٓنِّى فِى ٱللَّهِ وَقَدْ هَدَىٰنِ ۚ

﴾80﴿ അദ്ദേഹത്തോട് അദ്ദേഹത്തിന്റെ ജനത ന്യായവാദം (തർക്കം) നടത്തി. അദ്ദേഹം പറഞ്ഞു: 'അല്ലാഹു എന്നെ നേർമാർഗത്തിലാക്കിത്തന്നിരിക്കെ, അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങൾ എന്നോട് ന്യായവാദം (തർക്കം) നടത്തുകയോ?!

وَلَآ أَخَافُ مَا تُشْرِكُونَ بِهِۦٓ إِلَّآ أَن يَشَآءَ رَبِّى شَيْـًٔا ۗ وَسِعَ رَبِّى كُلَّ شَىْءٍ عِلْمًا ۗ أَفَلَا تَتَذَكَّرُونَ ﴿٨٠﴾

നിങ്ങൾ അവനോട് പങ്ക് ചേർക്കുന്നതിനെ (ഒന്നുംതന്നെ) ഞാൻ ഭയപ്പെടുന്നില്ലതാനും; (അതെ) എന്റെ റബ്ബ് വല്ലതും ഉദ്ദേശിക്കുന്നതായാലല്ലാതെ. എന്റെ റബ്ബ് അറിവുകൊണ്ട് എല്ലാ വസ്തുക്കൾക്കും വിശാലമായിരിക്കുന്നു. [എല്ലാം അവന്റെ അറിവിൽ അടങ്ങുന്നു.] എന്നാൽ, നിങ്ങൾ ഉറ്റാലോചിക്കുന്നില്ലേ?!

وَكَيْفَ أَخَافُ مَآ أَشْرَكْتُمْ وَلَا تَخَافُونَ أَنَّكُمْ أَشْرَكْتُم بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ عَلَيْكُمْ سُلْطَٰنًا ۚ

﴾81﴿ 'നിങ്ങൾ പങ്ക് ചേർത്ത തിനെ ഞാൻ എങ്ങിനെ ഭയപ്പെടും? നിങ്ങൾക്ക് അല്ലാഹു യാതൊരു അധികൃതരേഖയും ഇറക്കിത്തന്നിട്ടില്ലാത്തതിനെ നിങ്ങൾ അവനോട് പങ്കുചേർത്തതിനെക്കുറിച്ച് നിങ്ങൾ ഭയപ്പെടുന്നുമില്ല!

فَأَىُّ ٱلْفَرِيقَيْنِ أَحَقُّ بِٱلْأَمْنِ إِن كُنتُمْ تَعْلَمُونَ ﴿٨١﴾

അപ്പോൾ, ഇരു വിഭാഗക്കാരിൽവെച്ചു നിർഭയതക്ക് കൂടുതൽ അർഹതയുള്ളവർ ആരാണ്? നിങ്ങൾക്ക് അറിയാമെങ്കിൽ (ആലോചിച്ചു നോക്കൂ)!'

ٱلَّذِينَ ءَامَنُوا۟ وَلَمْ يَلْبِسُوٓا۟ إِيمَـٰنَهُم بِظُلْمٍ أُو۟لَـٰٓئِكَ لَهُمُ ٱلْأَمْنُ وَهُم مُّهْتَدُونَ ﴿٨٢﴾

﴾82﴿ യാതൊരു കൂട്ടർ, വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തോട് യാതൊരു അക്രമത്തെയും അവർ (കൂട്ടി) കലർത്താതിരിക്കുകയും ചെയ്തുവോ, അക്കൂട്ടർ-അവർക്കത്രെ നിർഭയതയുള്ളത്; അവർ നേർമാർഗം പ്രാപിച്ചവരുമാകുന്നു.

﴾80﴿ وَحَاجَّهُ അദ്ദേഹത്തോട് ന്യായവാദം ചെയ്തു (തർക്കം നടത്തി) قَوْمُهُ അദ്ദേഹത്തിന്റെ ജനത, ജനങ്ങൾ قَالَ അദ്ദേഹം പറഞ്ഞു أَتُحَاجُّونِّي നിങ്ങൾ എന്നോട് ന്യായവാദം നടത്തുകയോ فِي اللَّهِ അല്ലാഹുവി(ന്റെ കാര്യത്തി)ൽ وَقَدْ هَدَانِي അവൻ എന്നെ നേർമാർഗത്തിൽ ആക്കിയിട്ടുണ്ടെന്നിരിക്കെ وَلَا أَخَافُ ഞാൻ ഭയപ്പെടുന്നുമില്ല مَا تُشْرِكُونَ നിങ്ങൾ പങ്ക് ചേർക്കുന്നതിനെ بِهِ അവനോട് إِلَّا أَنْ يَشَاءَ ഉദ്ദേശിക്കുന്നതായാലല്ലാതെ رَبِّي എന്റെ രക്ഷിതാവ് شَيْئًا വല്ലകാര്യവും وَسِعَ വിശാലമായിരിക്കുന്നു رَبِّي എന്റെ റബ്ബ് كُلَّ شَيْءٍ എല്ലാ വസ്തുവിനും عِلْمًا അറിവാൽ (അറിവ്കൊണ്ട്) أَفَلَا تَتَذَكَّرُونَ അപ്പോൾ (എന്നാൽ) നിങ്ങൾ ഉറ്റാലോചിക്കു(ഓർമവെക്കു)ന്നില്ലേ. ﴾81﴿ وَكَيْفَ എങ്ങിനെയാണ്, എങ്ങിനെ أَخَافُ ഞാൻ ഭയപ്പെടും, ഭയപ്പെടുന്നത് مَا أَشْرَكْتُمْ നിങ്ങൾ പങ്കുചേർക്കുന്നതിനെ وَلَا تَخَافُونَ നിങ്ങൾ ഭയപ്പെടുന്നുമില്ല (എന്നിരിക്കെ) أَنَّكُمْ أَشْرَكْتُمْ നിങ്ങൾ പങ്കുചേർത്തതിനെക്കുറിച്ച് بِاللَّهِ അല്ലാഹുവിനോട് مَا لَمْ يُنَزِّلْ അവൻ ഇറക്കിയിട്ടില്ലാത്തതിനെ بِهِ അതിനെപ്പറ്റി, അതിന് عَلَيْكُمْ നിങ്ങൾക്ക് سُلْطَانًا ഒരു അധികൃതരേഖ (തെളിവ്) فَأَيُّ അപ്പോൾ ഏതാണ് (ആരാണ്) الْفَرِيقَيْنِ രണ്ടു കൂട്ടരിൽ, വിഭാഗങ്ങളിൽ أَحَقُّ അധികം അവകാശപ്പെട്ടത്, അർഹർ بِالْأَمْنِ നിർഭയതക്ക്, സമാധാനത്തിന് إِنْ كُنْتُمْ നിങ്ങളാണെങ്കിൽ تَعْلَمُونَ നിങ്ങൾ അറിയുന്നു ﴾82﴿ الَّذِينَ യാതൊരു കൂട്ടർ آمَنُوا അവർ വിശ്വസിച്ചു وَلَمْ يَلْبِسُوا അവർ കലർത്തിയതുമില്ല إِيمَانَهُمْ അവരുടെ വിശ്വാസത്തോട്, വിശ്വാസത്തെ بِظُلْمٍ വല്ല അക്രമത്തെയും, അനീതിയുമായി أُولَٰئِكَ അക്കൂട്ടർ لَهُمُ الْأَمْنُ അവർക്കാണ് നിർഭയത وَهُمْ അവരാകട്ടെ مُهْتَدُونَ നേർമാർഗം പ്രാപിച്ചവരുമാണ്.

ദീർഘകാലത്തെ പഴക്കം സിദ്ധിച്ച അന്ധവിശ്വാസങ്ങൾക്കും, ദുർന്നടപ്പുകൾക്കും എതിരിൽ വ്യക്തമായ തെളിവുകൾ സമർപ്പിക്കപ്പെടുമ്പോൾ അവയുടെ അനുയായികൾ തൽക്കാലം ഉത്തരം മുട്ടിയെന്നുവരും. എങ്കിലും അതവർക്ക് മാനസാന്തരം വരുത്തുക പ്രയാസമായിരിക്കും. എന്തെങ്കിലും മുടന്തൻ ന്യായങ്ങളോ തർക്കമോ നടത്തി തങ്ങളുടെ നിലപാടിനെ ന്യായീകരിക്കുവാൻ ശ്രമിക്കുകയായിരിക്കും അവർ ചെയ്യുക. ചിലപ്പോൾ ഭീഷണിയും അക്രമവുമായിരിക്കും ഉപയോഗിക്കുക. എല്ലാകാലത്തും കാണപ്പെടുന്ന പതിവാണിത്. ഇബ്റാഹീം നബി (അ)യുടെ ജനതയും അതുതന്നെയാണ് പയറ്റിയത്. അതായത്, പണ്ടുകാലം മുതൽക്കേ ചോദ്യം ചെയ്യപ്പെടാതെ എല്ലാവരും അംഗീകരിച്ചുവരുന്ന നടപടിയാണിത്. ഈ ദൈവങ്ങൾക്ക് ഇന്നിന്ന പ്രകാരമുള്ള മഹത്വങ്ങളും ശക്തികളുമൊക്കെയുണ്ട്. അവക്കെതിരെ വിരൽ ചൂണ്ടിയാൽ അവയുടെ ശാപകോപവും നാശവുമായിരിക്കും ഫലം. എന്നിങ്ങനെയുള്ള ന്യായങ്ങളും ഭീഷണികളും! ഇബ്റാഹീം നബി (അ) അവർക്ക് നൽകിയ മറുപടിയുടെ താൽപര്യം ഇതാണ്, നിങ്ങളുടെ ന്യായവാദങ്ങൾക്കും ഭീഷണികൾക്കും ഞാനൊട്ടും വിലകൽപിക്കുന്നില്ല. അല്ലാഹു മാത്രമാണ് രക്ഷിതാവും ആരാധ്യനും എന്നുള്ളതിന് സ്പഷ്ടമായ തെളിവുകൾ നിലവിലുണ്ട്. ആ തൗഹീദിൽ ഉറച്ചു നിൽക്കുവാനുള്ള ഭാഗ്യവും മനക്കരുത്തും അവൻ എനിക്ക് നൽകിയിട്ടുമുണ്ട്. അവൻ ഉദ്ദേശിച്ചാൽ വല്ലതും സംഭവിക്കുമെന്നല്ലാതെ, നിങ്ങളുടെ ഈ ദൈവങ്ങളിൽ നിന്ന് വല്ല ആപത്തും നാശവും സംഭവിച്ചേക്കുമെന്നുള്ള ഭയം എനിക്കില്ല.നേരെമറിച്ച് യാതൊരു തെളിവും ന്യായവുമില്ലാതെ നിങ്ങൾ അവയെ ദൈവങ്ങളാക്കി വെച്ചതിനാൽ അല്ലാഹുവിങ്കൽ നിന്നുണ്ടാകുന്ന ശിക്ഷകളെ ഭയപ്പെടേണ്ടിയിരിക്കുന്നത് നിങ്ങളാണ്. ആ ഭയം നിങ്ങൾക്കില്ല. അവനാണെങ്കിൽ സർവ്വകാര്യങ്ങളും ശരിക്കറിയുന്നവനുമാണ്. അപ്പോൾ, ഭയം കൂടാതെ സമാധാനപ്പെട്ടുകൊണ്ടിരിക്കുവാൻ അവകാശപ്പെട്ടവർ നിങ്ങളാണോ? അതല്ല ഞാനോ?

82-ാം വചനത്തിലെ വാചകങ്ങൾ ഇബ്റാഹീം നബി (അ)യുടെ പ്രസ്താവനയുടെ തുടർച്ചയായി അല്ലാഹു ഉദ്ധരിച്ചതായിരിക്കുവാനും, അല്ലാഹുവിന്റെ സ്വന്തം പ്രസ്താവനയായിരിക്കുവാനും സാധ്യതയുണ്ട്. രണ്ടായിരുന്നാലും അതിന്റെ സാരം ഇപ്രകാരമാകുന്നു : സത്യവിശ്വാസം സ്വീകരിച്ച് തൗഹീദിൽ നിലയുറക്കുകയും, പിന്നീട് ശിർക്ക്പരമായ വല്ല അക്രമങ്ങളും അതിൽ കൂട്ടിക്കലർത്തി അതിനെ കളങ്കപ്പെടുത്താതിരിക്കുകയും ചെയ്യുന്നവർക്കാണ് യഥാർത്ഥവും ശാശ്വതവുമായ സമാധാനം ലഭിക്കുക. അവരാണ് യഥാർത്ഥ സന്മാർഗികളും. ബുഖാരീ (റ) തുടങ്ങിയ പലരും പല സ്വഹാബികളിൽ നിന്നും, താബിഉകളിൽ നിന്നുമായി രേഖപ്പെടുത്തിയ ഹദീഥുകളിൽ ഇപ്രകാരം വന്നിരിക്കുന്നു: 'ഈ വചനം അവതരിച്ചപ്പോൾ സ്വഹാബികൾക്ക് മനഃപ്രയാസം അനുഭവപ്പെട്ടു. ഒരു അക്രമവും ചെയ്യാത്തവർ, ആരാണ് നമ്മുടെ കൂട്ടത്തിലുള്ളത്?! എന്ന് അവർ പറഞ്ഞു. അപ്പോൾ നബി ﷺ പറഞ്ഞു: 'കാര്യം നിങ്ങൾ ധരിക്കുന്നതുപോലെയല്ല. ആ നല്ല മനുഷ്യൻ (ലുക്മാൻ-അ) തന്റെ മകനോടു പറഞ്ഞത് നിങ്ങൾ കേട്ടിട്ടില്ലേ. يَا بُنَيَّ لَا تُشْرِكْ بِاللَّهِ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ - لقمان (എന്റെ കുഞ്ഞുമോനേ, നീ അല്ലാഹുവിനോട് പങ്കുചേർക്കരുത്. നിശ്ചയമായും പങ്കുചേർക്കൽ -ശിർക്ക്- വമ്പിച്ച അക്രമമാകുന്നു.) എന്ന്?! ശിർക്കാണ് അതുകൊണ്ടുദ്ദേശ്യം'. സത്യവിശ്വാസം സ്വീകരിച്ചശേഷം ശിർക്കല്ലാത്ത വല്ല പാപങ്ങളും ചെയ്തവൻ അതുമൂലം കുറ്റക്കാരനാകുമെങ്കിലും അത്മൂലം അവൻ അവിശ്വാസിയായിത്തീരുമെന്നല്ല ഈ വചനത്തിന്റെ താൽപര്യമെന്നത്രെ നബി ﷺ ഈ ഹദീഥ് മുഖേന വ്യക്തമാക്കുന്നത്.

വിഭാഗം - 10

وَتِلْكَ حُجَّتُنَآ ءَاتَيْنَٰهَآ إِبْرَٰهِيمَ عَلَىٰ قَوْمِهِۦ ۚ نَرْفَعُ دَرَجَٰتٍ مَّن نَّشَآءُ ۗ إِنَّ رَبَّكَ حَكِيمٌ عَلِيمٌ ﴿٨٣﴾

﴿83﴾ അവ(യൊക്കെ) നമ്മുടെ ന്യായമാകുന്നു: തന്റെ ജനതക്കെതിരിൽ ഇബ്റാഹീമിന്ന് നാം അവ നൽകിയിരിക്കുകയാണ്. നാം ഉദ്ദേശിക്കുന്നവരെ നാം പല പദവികൾ ഉയർത്തുന്നു. നിശ്ചയമായും നിന്റെ റബ്ബ് അഗാധജ്ഞനും, സർവ്വജ്ഞനുമാകുന്നു.

﴿83﴾ وَتِلْكَ അത്, അവ حُجَّتُنَا നമ്മുടെ ന്യായം (തെളിവ്) ആകുന്നു آتَيْنَاهَا നാം അത് (അവ) നൽകി إِبْرَاهِيمَ ഇബ്റാഹീമിന് عَلَىٰ قَوْمِهِ അദ്ദേഹത്തിന്റെ ജനതയുടെ മേൽ(എതിരിൽ) نَرْفَعُ നാം ഉയർത്തും دَرَجَاتٍ പലപദവികൾ, പടികൾ مَنْ نَشَاءُ നാം ഉദ്ദേശിക്കുന്നവരെ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് حَكِيمٌ അഗാധജ്ഞനാണ്, യുക്തിമാനാണ് عَلِيمٌ സർവ്വജ്ഞനാണ്.

74 മുതൽക്കുള്ള വചനങ്ങളിൽ, തൗഹീദിനെ സ്ഥാപിച്ചുകൊണ്ടും, ശിർക്കിനെ ഖണ്ഡിച്ചുകൊണ്ടും ഇബ്റാഹീം നബി (അ) തന്റെ ജനതയുടെ മുമ്പിൽ സമർപ്പിച്ച തെളിവുകളെയും ന്യായങ്ങളെയും ചൂണ്ടിക്കാട്ടികൊണ്ട് അല്ലാഹു നബി ﷺയോട് പറയുകയാണ്: അതെല്ലാം നമ്മുടെ തൗഹീദിന്റെ തെളിവുകളായി നാം ഇബ്റാഹീമിന് പഠിപ്പിച്ചുകൊടുത്തതാണ്. നാം ഉദ്ദേശിക്കുന്നവരെ ഇതുപോലെ അസാധാരണമായ സ്ഥാനപദവികൾ നൽകി ഉയർത്തുന്നതാകുന്നു. ഞാൻ എല്ലാ കാര്യവും യുക്തിപൂർവ്വം പ്രവർത്തിക്കുന്ന അഗാധജ്ഞനും, സകലകാര്യങ്ങളും ശരിക്കറിയുന്ന സർവ്വജ്ഞനുമാണല്ലോ.

തൗഹീദിനെ സ്ഥാപിക്കുന്നതിൽ ആ പ്രവാചക പിതാവ് നടത്തിയ പ്രബോധന മാർഗങ്ങൾ അദ്ദേഹത്തിന്റെ കാലശേഷം, ലോകാവസാനംവരെ തുടർന്നു നടക്കത്തക്കവണ്ണം അദ്ദേഹത്തിന്റെ സന്താനപരമ്പരകളിലും മറ്റുമായി പ്രവാചകത്വ ശൃംഖല അല്ലാഹു നിലനിറുത്തി അനുഗ്രഹിച്ചതിനെക്കുറിച്ചാണ് തുടർന്നുള്ള വചനങ്ങളിൽ ചൂണ്ടിക്കാട്ടുന്നത്. കൂട്ടത്തിൽ, അദ്ദേഹത്തിന് വളരെ മുമ്പ്തന്നെ പ്രസ്തുത വിഷയത്തിൽ തൊള്ളായിരത്തമ്പത് വർഷക്കാലം അശ്രാന്തപരിശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്ന അദ്ദേഹത്തിന്റെ പൂർവ്വ പിതാവായ നൂഹ് നബി (അ)യെക്കുറിച്ച് പ്രത്യേകം അനുസ്മരിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു:-

وَوَهَبْنَا لَهُۥٓ إِسْحَٰقَ وَيَعْقُوبَ ۚ كُلًّا هَدَيْنَا ۚ وَنُوحًا هَدَيْنَا مِن قَبْلُ ۖ

﴿84﴾ അദ്ദേഹത്തിന് നാം ഇസ്ഹാകിനെയും, യഅ്ക്വൂബിനെയും പ്രദാനം ചെയ്കയും ചെയ്തു. എല്ലാവരെയും നാം നേർമാർഗത്തിലാക്കിയിരിക്കുന്നു. മുമ്പ് നൂഹിനെയും നാം നേർമാർഗത്തിലാക്കിയിരിക്കുന്നു.

وَمِن ذُرِّيَّتِهِۦ دَاوُۥدَ وَسُلَيۡمَـٰنَ وَأَيُّوبَ وَيُوسُفَ وَمُوسَىٰ وَهَـٰرُونَۚ وَكَذَٰلِكَ نَجۡزِي ٱلۡمُحۡسِنِينَ ﴿٨٤﴾

അദ്ദേഹത്തിന്റെ സന്തതികളിൽ നിന്ന് ദാവൂദിനെയും, സുലൈമാനെയും, അയ്യൂബിനെയും, യൂസുഫിനെയും, മൂസായെയും, ഹാറൂനെയും (നേർമാർഗത്തിലാക്കി).

അപ്രകാരം സൽഗുണവാന്മാർക്ക് നാം പ്രതിഫലം നൽകുന്നു.

وَزَكَرِيَّا وَيَحۡيَىٰ وَعِيسَىٰ وَإِلۡيَاسَۖ كُلّٞ مِّنَ ٱلصَّـٰلِحِينَ ﴿٨٥﴾

﴾85﴿ സകരിയ്യായെയും, യഹ്‌യായെയും, ഈസായെയും, ഇൽയാസിനെയും (നേർമാർഗത്തിലാക്കി). എല്ലാവരും സദ്‌വൃത്തരിൽപെട്ടവരാകുന്നു.

وَإِسۡمَـٰعِيلَ وَٱلۡيَسَعَ وَيُونُسَ وَلُوطٗاۚ وَكُلّٗا فَضَّلۡنَا عَلَى ٱلۡعَـٰلَمِينَ ﴿٨٦﴾

﴾86﴿ ഇസ്മാഈലിനെയും, അൽയസഇനെയും, യൂനുസിനെയും, ലൂത്വിനെയും (നേർമാർഗത്തിലാക്കി). എല്ലാവരെയും ലോകരെക്കാൾ നാം ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു.

وَمِنۡ ءَابَآئِهِمۡ وَذُرِّيَّـٰتِهِمۡ وَإِخۡوَٰنِهِمۡۖ وَٱجۡتَبَيۡنَـٰهُمۡ وَهَدَيۡنَـٰهُمۡ إِلَىٰ صِرَٰطٖ مُّسۡتَقِيمٖ ﴿٨٧﴾

﴾87﴿ അവരുടെ പിതാക്കളിൽ നിന്നും, അവരുടെ സന്തതികളിൽ നിന്നും, അവരുടെ സഹോദരങ്ങളിൽ നിന്നും (പലരെയും ശ്രേഷ്ഠരാക്കിയിരിക്കുന്നു) അവരെ നാം തിരഞ്ഞെടുക്കുകയും, നേരെ (ചൊവ്വാ)യുള്ള പാതയിലേക്ക് അവരെ നാം വഴി ചേർക്കുകയും ചെയ്തിരിക്കുന്നു.

﴾84﴿ وَوَهَبۡنَا നാം പ്രദാനം ചെയ്കയും ചെയ്തു لَهُ അദ്ദേഹത്തിന് إِسۡحَاقَ ഇസ്ഹാകിനെ وَيَعۡقُوبَ യഅ്ക്വൂബിനെയും كُلًّا എല്ലാവരെയും هَدَيۡنَا നാം നേർവഴിയിലാക്കി وَنُوحًا هَدَيۡنَا നൂഹിനെയും നാം നേർവഴിയിലാക്കിയിരിക്കുന്നു مِن قَبۡلُ മുമ്പ്, മുമ്പേ وَمِن ذُرِّيَّتِهِ അദ്ദേഹത്തിന്റെ സന്തതികളിൽ دَاوُدَ ദാവൂദിനെ(യും) وَسُلَيۡمَانَ സുലയ്മാനെയും وَأَيُّوبَ അയ്യൂബിനെയും وَيُوسُفَ യൂസുഫിനെയും وَمُوسَى മൂസായെയും وَهَارُونَ ഹാറൂനെയും وَكَذَٰلِكَ അപ്രകാരം نَجۡزِي നാം പ്രതിഫലം നൽകുന്നു الۡمُحۡسِنِينَ സൽഗുണ(പുണ്യ)വാന്മാർക്ക് ﴾85﴿ وَزَكَرِيَّا സകരിയ്യായെയും وَيَحۡيَى യഹ്‌യായെയും وَعِيسَى ഈസായെയും وَإِلۡيَاسَ ഇൽയാസിനെയും كُلٌّ എല്ലാം, എല്ലാവരും مِنَ الصَّالِحِينَ

وَالْيَسَعَ ഇസ്മാഈലിനെയും وَإِسْمَاعِيلَ ﴾86﴿ സദ്‌വൃത്തരിൽ (നല്ലവരിൽ) പെട്ടവരാണ്
അൽയസഇനെയും وَيُونُسَ യൂനുസിനെയും وَلُوطًا ലൂത്വിനെയും وَكُلًّا എല്ലാവരെയും
فَضَّلْنَا നാം ശ്രേഷ്ഠമാക്കി, ഉൽകൃഷ്ടമാക്കി عَلَى الْعَالَمِينَ ലോകരെക്കാൾ. ﴾87﴿
وَمِنْ آبَائِهِمْ അവരുടെ പിതാക്കളിൽ നിന്നും وَذُرِّيَّاتِهِمْ അവരുടെ സന്തതികളിൽ നിന്നും
وَإِخْوَانِهِمْ അവരുടെ സഹോദരങ്ങളിൽ നിന്നും وَاجْتَبَيْنَاهُمْ അവരെ നാം തെരഞ്ഞെടു
ക്കുക(തെളിയിച്ചെടുക്കുക)യും ചെയ്തു وَهَدَيْنَاهُمْ അവരെ നാം നേർവഴിയിലാക്കു
കയും ചെയ്തു, അവർക്ക് മാർഗദർശനവും നൽകി إِلَى صِرَاطٍ പാതയിലേക്ക്, വഴിയി
ലേക്ക് مُسْتَقِيمٍ നേരെയുള്ള, ചൊവ്വായ

ഇസ്ഹാക്വ് (അ), ഇബ്റാഹീം (അ)ന്റെ പുത്രനും, യഅ്ക്വൂബ് (അ) പൗത്രനുമാകുന്നു. അദ്ദേഹത്തിനും, ഭാര്യ സാറാക്കും വാർദ്ധക്യം പ്രാപിച്ച കാലത്തായിരുന്നു അദ്ദേഹത്തിന് മക്കളുണ്ടാകുവാൻ പോകുന്നുവെന്ന് അല്ലാഹു മലക്കുകൾ മുഖാന്തരം സന്തോഷ വാർത്ത അറിയിച്ചത്. ആ സന്തോഷവാർത്തയിൽ തന്നെ മകൻ ഇസ്ഹാക്വ് (അ)നെപറ്റിയും പൗത്രൻ യഅ്ക്വൂബ് (അ)നെപറ്റിയും സന്തോഷമറിയിച്ചിരുന്നു (11:71) നൂഹ് നബി (അ)അദ്ദേഹത്തിന്റെ പൂർവ്വപിതാക്കളിൽ ഒരാളായതുകൊണ്ടാണ് അദ്ദേഹത്തെപറ്റി പറഞ്ഞപ്പോൾ مِنْ قَبْلُ (മുമ്പ്) എന്ന് പ്രത്യേകം പറഞ്ഞത്. തൗഹീദിന്റെ പ്രബോധന പാരമ്പര്യം ഇബ്റാഹീം നബി (അ)യുടെ സന്തതികളിലും പിൻഗാമികളിലും മാത്രമല്ല, പിതാക്കളിലും ഉണ്ടായിരുന്നുവെന്നത്രെ ഇതിലെ സൂചന.

وَمِنْ ذُرِّيَّتِهِ (അദ്ദേഹത്തിന്റെ സന്തതികളിൽ നിന്ന്) എന്ന വാക്കിന്റെ ഉദ്ദേശ്യം രണ്ടു പ്രകാരത്തിലാകാവുന്നതാണ്.

(1) ഇബ്റാഹീം (അ)ന്റെ സന്തതികളിൽ നിന്ന് എന്നുതന്നെ. അദ്ദേഹത്തെ സംബന്ധിച്ചാണല്ലോ സംസാരം. പക്ഷേ, തുടർന്നു പറയപ്പെട്ടവരിൽ, ലൂത്വ് (അ) അദ്ദേഹത്തിന്റെ നേരെ സന്താനമല്ല. അദ്ദേഹത്തിന്റെ പിതൃവ്യപുത്രനായിരുന്നു. അപ്പോൾ, പിതൃവ്യ പുത്രനെ സ്വന്തം പുത്രനെപോലെ കണക്കാക്കി 'സന്തതികളിൽ' എന്നു മൊത്തത്തിൽ പറഞ്ഞതായിരിക്കും. യൂനുസ് നബി (അ)യും അദ്ദേഹത്തിന്റെ സന്തതി പരമ്പരകളിൽപെട്ട ആളല്ലെന്നും അഭിപ്രായമുണ്ട്. ഇതു ശരിയാണെങ്കിൽ, തുടർന്നു പേരുപറയപ്പെട്ടവരിൽ അധിക ഭാഗവും സന്തതികളിൽ പെട്ടവരാണെന്നേ ഉദ്ദേശ്യമുണ്ടായിരിക്കൂ.

(2) നൂഹ് (അ)ന്റെ സന്തതികളിൽ നിന്ന് എന്നും ഉദ്ദേശ്യമാകാം. ആ വാക്കിന്റെ തൊട്ടുമുമ്പ് അദ്ദേഹത്തെക്കുറിച്ചാണല്ലോ പറഞ്ഞിരിക്കുന്നത്. ഇതനുസരിച്ച് പിന്നീട് പേര് പറയപ്പെട്ട എല്ലാ പ്രവാചകന്മാരും -ഇബ്റാഹീം (അ) പോലും- അദ്ദേഹത്തിന്റെ സന്താന പരമ്പരകളിൽ ഉൾപ്പെട്ടവരാണ്താനും. الله اعلم

ഈസാ (അ) പിതാവില്ലാതെ ജനിച്ച ആളായതുകൊണ്ട് അദ്ദേഹം മാതൃവഴിക്കു മാത്രമാണ് ഇബ്റാഹീം നബി (അ)യുടെ സന്താനപരമ്പരയിൽ ഉൾപ്പെടുന്നത്. ഇതിനെ അടിസ്ഥാനപ്പെടത്തി ذرية (സന്തതികൾ) എന്നവാക്കിൽ പിതൃവഴിക്കും മാതൃവഴിക്കുമുള്ള എല്ലാ മക്കളും ഉൾപെടുമെന്ന് ചില മഹാന്മാർ ചൂണ്ടിക്കാട്ടിയിരിക്കുന്നു. വേറൊരു

ആയത്തിൽ അല്ലാഹു പറയുന്നു: وَلَقَدْ أَرْسَلْنَا نُوحًا وَإِبْرَاهِيمَ وَجَعَلْنَا فِي ذُرِّيَّتِهِمَا النُّبُوَّةَ وَالْكِتَابَ (നാം നൂഹിനെയും ഇബ്റാഹീമിനെയും അയച്ചിട്ടുണ്ട്. അവർ രണ്ടാളുകളുടെയും സന്തതികളിൽ നാം പ്രവാചകത്വവും വേദഗ്രന്ഥവും ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു (സൂ: ഹദീദ്:26).

ഇബ്റാഹീം നബി (അ) അടക്കം പതിനെട്ടു പ്രവാചകന്മാരുടെ പേരാണ് അല്ലാഹു ഈ വചനങ്ങളിൽ എടുത്തു പറഞ്ഞത്. അവരുടെ ശ്രേഷ്ഠതകളും സവിശേഷതകളും, അവർക്കു ലഭിച്ച അനുഗ്രഹങ്ങളും ചുരുങ്ങിയ വാക്കുകളിലായി അല്ലാഹു ഇവിടെ ചൂണ്ടിക്കാട്ടുകയും ചെയ്തിരിക്കുന്നു.

(1) അല്ലാഹു അവരെ നേർമാർഗത്തിലാക്കിയിരിക്കുന്നു (هَدَيْنَا) എന്ന്. ഇതിന്റെ മൂലധാതുവായ هداية، هدى (ഹിദായത്ത്, ഹുദാ) എന്നീ വാക്കുകൾക്ക് 'മാർഗദർശനം നൽകൽ, വഴികാട്ടൽ, വഴിയിൽ ചേർക്കൽ, സന്മാർഗത്തിലാക്കൽ' എന്നൊക്കെ അർത്ഥം വരാമെന്നും, 'മാർഗദർശനം നൽകുക' എന്ന അർത്ഥത്തിലുള്ള 'ഹിദായത്ത്' അല്ലാഹുവിൽ നിന്ന് മാത്രം ലഭിക്കുന്നതാണെന്നും സൂറത്തുൽ ഫാതിഹഃയിൽവെച്ച് നാം വിശദമായി വിവരിച്ചിട്ടുണ്ട്.

(2) അവർ സൽഗുണവാന്മാരും സദ്വൃത്തരുമായിരുന്നുവെന്ന്. മനസാ-വാചാ-കർമണാ അവരെല്ലാവരും പരിശുദ്ധരും നിഷ്കളങ്കരുമായിരുന്നുവെന്നും, അല്ലാഹുവിനോടും സൃഷ്ടികളോടും പാലിക്കേണ്ടുന്ന എല്ലാ കടപ്പാടുകളും മര്യാദകളും അവർ പാലിച്ചിരുന്നുവെന്നുമാണ് ഇതിന്റെ സാരം.

(3) അവർക്ക് ലോകരെക്കാൾ ശ്രേഷ്ഠത നൽകിയിരുന്നുവെന്ന്. പ്രവാചകന്മാർ പ്രവാചകന്മാരല്ലാത്ത മറ്റുള്ള എല്ലാവരെക്കാളും ശ്രേഷ്ഠന്മാരും ഉന്നതന്മാരുമായിരുന്നുവെന്നു സാരം.

(4) അവരെ അല്ലാഹു തിരഞ്ഞെടുക്കുകയും, വളവും വക്രതയുമില്ലാത്ത നേർക്കുനേരെയുള്ള മാർഗത്തിലേക്ക് വഴിചേർക്കുകയും ചെയ്തിരിക്കുന്നുവെന്ന്. ഈ അനുഗ്രങ്ങൾക്കെല്ലാം അനുയോജ്യമായിരിക്കത്തക്കവണ്ണം അവരിലുണ്ടായിരുന്ന ഉൽകൃഷ്ടഗുണങ്ങൾ എന്തായിരുന്നുവെന്ന് തുടർന്നുള്ള വചനങ്ങളിൽ നിന്ന് സാമാന്യം മനസ്സിലാക്കാവുന്നതാണ്. അല്ലാഹു പറയുന്നു:-

ذَٰلِكَ هُدَى ٱللَّهِ يَهْدِى بِهِۦ مَن يَشَآءُ مِنْ عِبَادِهِۦ ۚ

﴾88﴿ **അത് അല്ലാഹുവിന്റെ (വക) മാർഗദർശനമത്രെ-തന്റെ അടിയാന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരെ അതുമൂലം അവൻ നേർമാർഗത്തിലാക്കുന്നു.**

وَلَوْ أَشْرَكُوا۟ لَحَبِطَ عَنْهُم مَّا كَانُوا۟ يَعْمَلُونَ ﴿٨٨﴾

അവർ (അല്ലാഹുവിനോട്) പങ്കുചേർത്തിരുന്നു [ശിർക്ക് ചെയ്തിരുന്നു]വെങ്കിൽ, അവർ പ്രവർത്തിച്ചിരുന്നത് അവർക്ക് (ഫലപ്പെടാതെ) പൊളിഞ്ഞുപോകുക തന്നെ ചെയ്തിരുന്നു.

أُولَٰٓئِكَ ٱلَّذِينَ ءَاتَيْنَٰهُمُ ٱلْكِتَٰبَ وَٱلْحُكْمَ وَٱلنُّبُوَّةَ ۚ فَإِن يَكْفُرْ بِهَا هَٰٓؤُلَآءِ فَقَدْ وَكَّلْنَا بِهَا قَوْمًا لَّيْسُوا۟ بِهَا بِكَٰفِرِينَ ﴿٨٩﴾

﴾89﴿ നാം വേദഗ്രന്ഥവും, വിധികർത്തൃത്വവും (അഥവാ വിജ്ഞാനവും), പ്രവാചകത്വവും നൽകിയിട്ടുള്ളവരത്രെ അക്കൂട്ടർ. എനി, ഇക്കൂട്ടർ അവയിൽ അവിശ്വസിക്കുകയാണെങ്കിൽ. അവയിൽ അവിശ്വസിക്കുന്നവരല്ലാത്ത ഒരു ജനതയെ നാം അവക്കു [അവയിൽ വിശ്വസിക്കുന്നതിന്] ഭരമേൽപിച്ചിട്ടുണ്ട്.

أُولَٰٓئِكَ ٱلَّذِينَ هَدَى ٱللَّهُ ۖ فَبِهُدَىٰهُمُ ٱقْتَدِهْ ۗ قُل لَّآ أَسْـَٔلُكُمْ عَلَيْهِ أَجْرًا ۖ إِنْ هُوَ إِلَّا ذِكْرَىٰ لِلْعَٰلَمِينَ ﴿٩٠﴾

﴾90﴿ (നബിയേ) അല്ലാഹു നേർമാർഗത്തിലാക്കിയിട്ടുള്ളവരത്രെ (മേൽപറഞ്ഞ) അക്കൂട്ടർ; ആകയാൽ, അവരുടെ (ആ) നേർമാർഗത്തോട് നീ പിന്തുടർന്നുകൊള്ളുക.

പറയുക: 'ഇതിന്റെ പേരിൽ ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല. ഇതു ലോകർക്ക് (മുഴുവൻ) വേണ്ടിയുള്ള ഒരു ഉൽബോധനമല്ലാതെ (മറ്റൊന്നും) അല്ല.

﴾88﴿ ذَٰلِكَ അത് هُدَى اللَّهِ അല്ലാഹുവിന്റെ മാർഗദർശനമാണ്, വഴികാട്ടലാണ് يَهْدِي بِهِ അത്മൂലം (അത്വഴി) അവൻ വഴികാട്ടുന്നു, നേർവഴിയിലാക്കും مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ مِنْ عِبَادِهِ അവന്റെ അടിയാന്മാരിൽ നിന്ന് وَلَوْ أَشْرَكُوا അവർ ശിർക്ക് ചെയ്തിരുന്നെങ്കിൽ, പങ്കുചേർക്കുന്നപക്ഷം لَحَبِطَ പൊളിഞ്ഞു (ഫലശൂന്യമായി) പോകുക തന്നെ ചെയ്യും عَنْهُمْ അവർക്ക്, അവരിൽ നിന്ന് مَا كَانُوا അവരായിരുന്നത് يَعْمَلُونَ അവർ പ്രവർത്തിക്കും ﴾89﴿ أُولَٰئِكَ അക്കൂട്ടർ الَّذِينَ യാതൊരുവരാണ് آتَيْنَاهُمُ അവർക്ക് നാം കൊടുത്തിരിക്കുന്നു الْكِتَابَ (വേദ)ഗ്രന്ഥം وَالْحُكْمَ വിധികർതൃത്വവും, വിജ്ഞാനവും وَالنُّبُوَّةَ പ്രവാചകത്വവും فَإِنْ يَكْفُرْ എനി അവിശ്വസിക്കുകയാണെങ്കിൽ بِهَا അതിൽ, അവയിൽ هَٰؤُلَاءِ ഇക്കൂട്ടർ فَقَدْ وَكَّلْنَا എന്നാൽ നാം ഏൽപിച്ചിട്ടുണ്ട് بِهَا അതിന്, അവയെപറ്റി قَوْمًا ഒരു ജനതയെ لَيْسُوا അവരല്ല بِهَا അതിൽ, അവയിൽ بِكَافِرِينَ അവിശ്വസിക്കുന്നവർ ﴾90﴿ أُولَٰئِكَ الَّذِينَ അക്കൂട്ടർ യാതൊരുവരാണ് هَدَى اللَّهُ അല്ലാഹു നേർമാർഗത്തിലാക്കി فَبِهُدَاهُمُ അതിനാൽ അവരുടെ നേർമാർഗത്തോട്, മാർഗദർശനത്തോട് اقْتَدِهْ നീ പിന്തുടരുക قُلْ നീ പറയുക لَا أَسْأَلُكُمْ ഞാൻ നിങ്ങളോട് ചോദിക്കുന്നില്ല عَلَيْهِ ഇതിന്റെ പേരിൽ, അതിന് أَجْرًا ഒരു കൂലി, പ്രതിഫലം

إِنۡ هُوَ ഇത്(അത്) അല്ല إِلَّا ذِكۡرَىٰ ഒരുൽബോധനം (സ്മരണ-ഉപദേശം) അല്ലാതെ لِلۡعَـٰلَمِينَ ലോകർക്ക്.

മേൽപറയപ്പെട്ട എല്ലാവരും പ്രവാചകത്വം നൽകപ്പെടുവാനും, വേദഗ്രന്ഥം പ്രബോധനം ചെയ്‌വാനും എല്ലാ നിലക്കും അനുയോജ്യരായിരുന്നുവെന്നും, അവരൊക്കെ സന്മാർഗികളായിരുന്നുവെന്നും കഴിഞ്ഞ വചനങ്ങളിൽ ചൂണ്ടിക്കാട്ടി. തുടർന്നുകൊണ്ട് അതൊക്കെ അല്ലാഹുവിങ്കൽ നിന്ന് അവർക്ക് ലഭിച്ചതാണെന്നും, അവൻ ഉദ്ദേശിക്കുന്നവരെയാണ് അവൻ നേർമാർഗത്തിലാക്കുകയെന്നും അല്ലാഹു അറിയിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു തത്വമാണിത് കാണിക്കുന്നത്. ഏതെങ്കിലും യോഗ്യതകൊണ്ടോ, പരിശ്രമം കൊണ്ടോ ലഭിക്കുന്ന കാര്യങ്ങളല്ല പ്രവാചകത്വ പദവിയും വേദഗ്രന്ഥവും. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് മാത്രം അവൻ നൽകുന്ന അനുഗ്രഹമാണത്. പക്ഷേ, ഉപരിസൂചിതങ്ങളായ ഗുണങ്ങളുള്ള പരിശുദ്ധന്മാർക്കേ അവനതു നൽകുകയുള്ളുതാനും. തന്റെ ദൗത്യം ഏൽപിക്കുവാൻ പറ്റിയവർ ആരാണെന്ന് അവന് നല്ലപോലെ അറിയാമല്ലോ. اللَّـهُ أَعۡلَمُ حَيۡثُ يَجۡعَلُ رِسَالَتَهُۥ ഇതാണാ തത്വം. ഖുർആൻ പലപ്പോഴും വ്യക്തമാക്കിയിട്ടുള്ളതാണിത്.

പ്രവാചകന്മാരുടെയും, വേദഗ്രന്ഥങ്ങളുടെയും ദൗത്യത്തിന് കടകവിരുദ്ധമായതാണല്ലോ ശിർക്ക്. അത്കൊണ്ടാണ് അതോടൊപ്പം തന്നെ وَلَوۡ أَشۡرَكُواْ لَحَبِطَ عَنۡهُم مَّا كَانُواْ يَعۡمَلُونَ (അവർ ശിർക്ക് ചെയ്തിരുന്നെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം പൊളിഞ്ഞു ഫലശൂന്യമായിപോകുമായിരുന്നു) എന്ന് പറഞ്ഞിരിക്കുന്നത്. നബി തിരുമേനി ﷺക്കും, മുൻപ്രവാചകന്മാർക്കുമെല്ലാം തന്നെ, ശിർക്ക് ചെയ്യുന്നപക്ഷം നിശ്ചയമായും നിന്റെ കർമം പൊളിഞ്ഞു നിഷ്ഫലമായിപോകുന്നതാണെന്നും, നീ നഷ്ടക്കാരിൽപെട്ടു പോകുമെന്നും അല്ലാഹു വഹ്‌യ് നൽകുകയുണ്ടായിട്ടുണ്ടെന്ന് സൂ: സുമർ-65 ൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. പ്രവാചകന്മാർ ശിർക്കോ, ശിർക്കിലേക്ക് കാരണമായിത്തീരുന്നതോ ഒന്നും ചെയ്കയില്ലെന്നു തീർച്ച. അങ്ങനെ വല്ലതും അവർ ചെയ്തുവെന്ന് സങ്കൽപിക്കുക; എന്നാലവരുടെ കർമങ്ങളെല്ലാം ഫലശൂന്യമാകുകയും, മറ്റു മുശ്‌രിക്കുകളെപോലെ അവരും നഷ്ടക്കാരായിത്തീരുകയും ചെയ്യുമെന്നാണിതിന്റെ അർത്ഥം. ശിർക്കിന്റെ ഗൗരവവും, അതേ സമയത്ത് പ്രവാചകന്മാരുടെ പരിശുദ്ധതയുമാണിത് കാണിക്കുന്നത്.

തൗഹീദിന്റെ പ്രബോധനത്തിനും പ്രചരണത്തിനും നിയോഗിക്കപെട്ടവരാണ് മേൽപറഞ്ഞവരൊക്കെ. ആ ആവശ്യാർത്ഥം അവർക്ക് വേദഗ്രന്ഥങ്ങളും, ജനങ്ങൾക്കിടയിൽ വിധി കൽപിക്കുവാനുള്ള വിജ്ഞാനവും, പ്രവാചക പദവിയും നൽകപ്പെട്ടിരുന്നു. അവരെപ്പോലെ, അതേ ലക്ഷ്യത്തിനുവേണ്ടി, അതേപ്രകാരം വേദഗ്രന്ഥവും വിജ്ഞാനവും പ്രവാചകത്വവും നൽകപ്പെട്ട ആളാണ് മുഹമ്മദ് നബി ﷺയും. അദ്ദേഹത്തെ നിഷേധിക്കുന്നത് അവരെയെല്ലാം നിഷേധിക്കലാണ്. വസ്തുത ഇതായിരുന്നിട്ടും ഈ ജനത അദ്ദേഹത്തിൽ വിശ്വസിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ -വേണ്ട - അവർ അവരുടെ പാട്ടിനുപോയ്ക്കൊള്ളട്ടെ, അവർ വിശ്വസിക്കാത്തതുകൊണ്ട് ഈ ലക്ഷ്യം മുടങ്ങിപ്പോകുമെന്ന് അവർ കരുതേണ്ടാ. നിഷേധികളല്ലാത്ത -തികച്ചും വിശ്വാസികളായ- വേറൊരു കൂട്ടരെ നാം അതിന് തയ്യാറാക്കി വെച്ചിട്ടുണ്ട് എന്നിങ്ങിനെ അല്ലാഹു മക്കാ മുശ്‌രിക്കുകളെ താക്കീത് ചെയ്യുന്നു. മക്കീ സൂറത്തുകളിൽപെട്ടതാണല്ലോ ഈ സൂറത്ത്. ഇത് അവതരിച്ചു അധികം കഴിയുന്നതിനു മുമ്പായി മദീനയിലെ അൻസ്വാരികളും മുഹാജിറുകളും തൗഹീദിന്റെ ദൗത്യവാഹകന്മാരായ കഥ

പ്രസിദ്ധമാണല്ലോ.

അവസാനം നബി ﷺയെ അഭിമുഖീകരിച്ചുകൊണ്ട് രണ്ടു കാര്യങ്ങൾ ഉണർത്തിയിരിക്കുന്നു: (1) ആ പ്രവാചകവര്യന്മാർ സ്വീകരിച്ചും അനുഷ്ഠിച്ചും വന്ന ആ മാർഗം പിൻപറ്റണമെന്ന്. (2) അതിന്റെ പേരിൽ യാതൊരു പ്രതിഫലവും എനിക്കാവശ്യമില്ല; ലോക ജനങ്ങളുടെ നന്മക്കുവേണ്ടിയുള്ള ഒരു പൊതുഉൽബോധനവും ഉപദേശവും മാത്രമാണിത്; എനിക്കതിൽ യാതൊരു സ്വാർത്ഥവുമില്ല എന്ന് പ്രഖ്യാപിക്കണമെന്ന്. നബി ﷺ ഒരു പുതിയ പ്രസ്ഥാനത്തിന്റെ വക്താവൊന്നുമല്ല. പണ്ടുകാലം മുതൽക്കേ മനുഷ്യലോകത്തിന് വേണ്ടി അല്ലാഹു നിശ്ചയിച്ചവതരിപ്പിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു സാന്മാർഗിക വ്യവസ്ഥയുടെ പൂർത്തീകരണമാണ് നബി ﷺ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അതിൽ അദ്ദേഹത്തിന്റേതായ ഒരു സ്വാർത്ഥോദ്ദേശ്യവും ഇല്ല. ഈ യാഥാർത്ഥ്യങ്ങൾ ജനങ്ങളെ ഗ്രഹിപ്പിക്കുകയാണ് ഈ കൽപനയുടെ താൽപര്യം. മതരംഗത്ത് പ്രവർത്തനം നടത്തുന്നവരെല്ലാം സദാ ഓർമിച്ചിരിക്കേണ്ടുന്ന രണ്ടു കാര്യങ്ങളാണിവ. അതെ, മുൻഗാമികളായ മാതൃകാ പുരുഷന്മാരുടെ സച്ചരിതങ്ങളെ പിന്തുടരലും, പ്രതിഫലേച്ഛയും സ്വാർത്ഥതാല്പര്യം ഇല്ലാതിരിക്കലും. والله الموفق والمعين

വിഭാഗം - 11

وَمَا قَدَرُوا۟ ٱللَّهَ حَقَّ قَدْرِهِۦٓ إِذْ قَالُوا۟ مَآ أَنزَلَ ٱللَّهُ عَلَىٰ بَشَرٍ مِّن شَىْءٍ ۗ

﴿91﴾ **അല്ലാഹുവിന് അവന്റെ യഥാർത്ഥ നിലപാട് (അഥവാ മഹത്വം) അവർ കൽപിച്ചില്ല; 'അല്ലാഹു ഒരു മനുഷ്യന്റെ മേലും യാതൊന്നും (തന്നെ) അവതരിപ്പിച്ചിട്ടില്ല' എന്ന് അവർ പറഞ്ഞപ്പോൾ**

قُلْ مَنْ أَنزَلَ ٱلْكِتَـٰبَ ٱلَّذِى جَآءَ بِهِۦ مُوسَىٰ نُورًا وَهُدًى لِّلنَّاسِ ۖ تَجْعَلُونَهُۥ قَرَاطِيسَ تُبْدُونَهَا وَتُخْفُونَ كَثِيرًا ۖ وَعُلِّمْتُم مَّا لَمْ تَعْلَمُوٓا۟ أَنتُمْ وَلَآ ءَابَآؤُكُمْ ۖ قُلِ ٱللَّهُ ۖ ثُمَّ ذَرْهُمْ فِى خَوْضِهِمْ يَلْعَبُونَ ﴿٩١﴾

നീ പറയുക: 'പ്രകാശവും, മനുഷ്യർക്ക് മാർഗദർശനവുമായിക്കൊണ്ട് മൂസാ കൊണ്ടുവന്ന (ആ) ഗ്രന്ഥം അവതരിപ്പിച്ചതാരാണ്?! നിങ്ങൾ അതിനെ (ചിലതൊക്കെ) വെളിവാക്കുകയും, പലതും മറച്ചുവെക്കുകയും ചെയ്തുകൊണ്ടുള്ള തുണ്ടുതാളുകളാക്കിക്കൊണ്ടിരിക്കുന്നു. നിങ്ങൾക്കാകട്ടെ, നിങ്ങളുടെ പിതാക്കൾക്കാകട്ടെ അറിഞ്ഞുകൂടാത്തത് നിങ്ങൾക്ക് പഠിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു'. നീ പറയുക, അല്ലാഹുവാണ്(അത് അവതരിപ്പിച്ചത്) പിന്നീട്, അവരുടെ ആവശ്യത്തിൽ വിളയാടിക്കൊണ്ടിരിക്കുമാറ് അവരെ നീ വിട്ടേക്കുക.

﴾91﴿ وَمَا قَدَرُوا അവർ കൽപിച്ചില്ല, കണക്കാക്കിയിട്ടില്ല, വകവെച്ചില്ല اللَّهَ അല്ലാഹുവിന്, അല്ലാഹുവിനെ حَقَّ قَدْرِهِ അവന്റെ യഥാർത്ഥ നിലപാട്, കണക്കാക്കേണ്ടപ്രകാരം , മഹത്വത്തിന്റെ മുറക്ക് إِذْ قَالُوا അവർ പറഞ്ഞപ്പോൾ, പറഞ്ഞതിനാൽ مَا أَنزَلَ اللَّهُ അല്ലാഹു അവതരിപ്പിച്ചിട്ടില്ല عَلَىٰ بَشَرٍ ഒരു മനുഷ്യന്റെ മേലും مِّن شَيْءٍ ഒരു വസ്തുവും (യാതൊന്നും) قُلْ നീ പറയുക مَنْ أَنزَلَ ഇറക്കിയതാർ, ആർ അവതരിപ്പിച്ചു الْكِتَابَ الَّذِي യാതൊരു ഗ്രന്ഥം جَاءَ بِهِ അതിനെകൊണ്ടുവന്നു مُوسَىٰ മൂസാ نُورًا പ്രകാശമായിക്കൊണ്ട് وَهُدًى മാർഗദർശനവും لِّلنَّاسِ മനുഷ്യർക്ക് تَجْعَلُونَهُ അതിനെ നിങ്ങൾ ആക്കുന്നു قَرَاطِيسَ പലതുണ്ടു, താളുകൾ تُبْدُونَهَا അവയെ നിങ്ങൾ വെളിവാക്കിക്കൊണ്ട് وَتُخْفُونَ നിങ്ങൾ മറച്ചുവെച്ചുകൊണ്ടും كَثِيرًا പലതും, വളരെ وَعُلِّمْتُم നിങ്ങൾക്ക് പഠിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു مَّا لَمْ تَعْلَمُوا നിങ്ങൾക്കറിഞ്ഞു കൂടാത്തത്, നിങ്ങൾ അറിഞ്ഞിട്ടില്ലാത്തത് أَنتُمْ നിങ്ങൾ وَلَا آبَاؤُكُمْ നിങ്ങളുടെ പിതാക്കളും ഇല്ലാത്തത് قُلِ നീ പറയുക اللَّهُ അല്ലാഹുവാണ് ثُمَّ ذَرْهُمْ പിന്നെ അവരെ നീ വിട്ടേക്കുക فِي خَوْضِهِمْ അവരുടെ മുഴുകലിൽ (അനാവശ്യത്തിൽ) يَلْعَبُونَ അവർ വിളയാടുമാറ്, കളിച്ചുകൊണ്ട്.

وَمَا قَدَرُوا اللَّهَ حَقَّ قَدْرِهِ (അല്ലാഹുവിന് അവന്റെ യഥാർത്ഥ നിലപാട് അവർ കൽപിച്ചില്ല -അഥവാ അവന്റെ മഹത്വത്തെ അവർ കണക്കാക്കേണ്ട പ്രകാരം കണക്കാക്കിയില്ല.) എന്നുള്ള വാക്യം ഇവിടെ മാത്രമല്ല, ഹജ്ജ് 74 ലും, സുമർ 67 ലും കാണാവുന്നതാണ്. അവിശ്വാസത്തെയും, ശിർക്കിനെയും കുറിച്ചു സംസാരിക്കുന്ന മദ്ധ്യെയാണ് എല്ലാ സ്ഥലത്തും ആ വാക്യമുള്ളത്. അല്ലാഹുവിന്റെ മഹത്വം അവർ വേണ്ടതുപോലെ മനസ്സിലാക്കിയില്ല- അവനെ സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ടുന്ന പ്രകാരം അറിഞ്ഞില്ല- അതാണ് അതിനൊക്കെ കാരണമെന്ന് സാരം. അല്ലാഹു സർവ്വലോക നിയന്താവാണ്, സർവ്വജ്ഞനും യുക്തിമാനുമാണ്, സർവ്വശക്തനും കാരുണ്യവാനുമാണ്, മനുഷ്യ പ്രകൃതിയെക്കുറിച്ചും അവന്റെ വിജയ പരാജയങ്ങളെക്കുറിച്ചും മനുഷ്യനെക്കാൾ അറിയുന്നവനാണ്, അവർക്ക് വേണ്ടുന്ന മാർഗദർശനങ്ങളും മാർഗനിർദ്ദേശങ്ങളും നൽകുവാനുള്ള പരിപാടികൾ അവൻ നടപ്പിൽ വരുത്തിയിട്ടുണ്ട്. പ്രവാചകന്മാരും വേദഗ്രന്ഥങ്ങളുമൊക്കെ അതിന്റെ ചില കണ്ണികളാണ് എന്നിത്യാദി യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാത്തതാണല്ലോ അവിശ്വാസത്തിനും ബഹുദൈവ വിശ്വാസത്തിനും കാരണമായിത്തീരുന്നത്.

'ഒരു മനുഷ്യന്റെ മേലും അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല' എന്ന് പറഞ്ഞത് ആരായിരുന്നുവെന്നുള്ളതിൽ വ്യാഖ്യാതാക്കൾക്കിടയിൽ രണ്ടഭിപ്രായങ്ങൾ കാണുന്നു:

(1) മക്കാ മുശ്രിക്കുകളായിരിക്കണമെന്ന്. വേദഗ്രന്ഥങ്ങളെയും പ്രവാചകന്മാരെയും സംബന്ധിച്ച് പറയത്തക്ക പരിചയങ്ങളൊന്നും ഇല്ലാത്തവരാണല്ലോ അറബി മുശ്രിക്കുകൾ. മലക്കുകളെയല്ലാതെ, മനുഷ്യനെ റസൂലായി അയച്ചതിലും അവർക്ക് എതിർപ്പുണ്ട്. യഹൂദികളെ സംബന്ധിച്ചിടത്തോളം അവർ നബി ﷺയെയും, ഖുർആനെയും നിഷേധിക്കുന്നത് ശരി. പക്ഷേ, മൂസാ നബി(അ)ക്ക് തൗറാത്ത് അവതരിച്ചതിനെ അവർ

നിഷേധിക്കുകയില്ല. എന്നിരിക്കെ, അല്ലാഹു ആർക്കും യാതൊന്നും അവതരിപ്പിച്ചിട്ടില്ലെന്ന് അവരെങ്ങിനെ പറയും? ഈ സൂറത്ത് അവതരിച്ചത് മക്കീ കാലഘട്ടത്തിലാണ്. അക്കാലത്ത് യഹൂദികളുമായി ഒരേറ്റുമുട്ടൽ ഉണ്ടായിട്ടുമില്ല. അതുകൊണ്ട് ഇത് മക്കാമുശ്‌രിക്കുകളുടെ വകയായിരിക്കുവാനാണ് ന്യായം എന്നത്രെ ഈ അഭിപ്രായക്കാർ പറയുന്നത്. ഇബ്നു അബ്ബാസ് (റ), മുജാഹിദ് (റ), ഇബ്നുജരീർ (റ), ഇബ്നു കഥീർ (റ) മുതലായവർ ഈ അഭിപ്രായക്കാരാകുന്നു. ഈ അഭിപ്രായപ്രകാരം, അങ്ങിനെയാണെങ്കിൽ– 'മൂസാ (അ) കൊണ്ടുവന്ന വേദഗ്രന്ഥം ആരാണ് അവതരിപ്പിച്ചത്. (مَنْ أَنزَلَ الْكِتَابَ الَّذِي جَاءَ بِهِ مُوسَى)' എന്ന് അവരോട് ചോദിക്കുന്നതിൽ എന്താണർത്ഥം? എന്നൊരു സംശയത്തിനവകാശമുണ്ട്. യഹൂദികൾ വേദക്കാരാണെന്നും അവരുടെ കൈവശമുള്ള തൗറാത്ത് മൂസാ നബി (അ)ക്ക് അവതരിച്ചതാണെന്നും യഹൂദികളുമായുള്ള ചിരകാല പരിചയത്തിൽ നിന്ന് മുശ്‌രിക്കുകളും വിശ്വസിച്ചുവശായിട്ടുണ്ട്. ആ വിശ്വാസത്തെ അടിസ്ഥാനമാക്കിയാണ് ഈ ചോദ്യം എന്നത്രെ ഈ സംശയത്തിന് നൽകപ്പെടുന്ന മറുപടി.

(2) യഹൂദികളായിരിക്കണം അതിന്റെ വക്താക്കൾ എന്ന്. മൂസാ (അ) കൊണ്ടുവന്ന ആ ഗ്രന്ഥം ആർ അവതരിപ്പിച്ചുവെന്ന ചോദ്യം മുശ്‌രിക്കുകളോട് ചോദിച്ചതാവാൻ തരമില്ല -യഹൂദികളോട് ചോദിച്ചതാവാനേ തരമുള്ളൂ- എന്നാണ് ഈ അഭിപ്രായക്കാരുടെ ന്യായം. അല്ലാഹു ആർക്കും ഒന്നും അവതരിപ്പിച്ചുകൊടുത്തില്ലെന്ന് യഹൂദികൾ എങ്ങിനെ വാദിക്കും? എന്നൊരു അപവാദം ഈ അഭിപ്രായത്തിന്നെതിരിലും ഉന്നയിക്കപ്പെടാം. ഖുർആന്റെ നേരെയുള്ള അവരുടെ വൈരാഗ്യത്തിന്റെ കാഠിന്യം നിമിത്തം അവരങ്ങിനെ പറഞ്ഞതാണ്. അല്ലാതെ തൗറാത്തിന്റെ അവതരണത്തെ നിഷേധിക്കലല്ല അവരുടെ ഉദ്ദേശ്യം. ഖുർആനോടുള്ള എതിർപ്പുമൂലം യഹൂദികൾ ഇതുപോലെ വേറെയും പലതും പറയുക വിദൂരമൊന്നുമല്ല എന്നൊക്കെയാണ് ഈ അഭിപ്രായക്കാർ അതിന് നൽകുന്ന മറുപടി. ഒരു പക്ഷേ, നബി ﷺക്കും ഖുർആനുമെതിരിൽ മുശ്‌രിക്കുകളെ ഇളക്കി വിടുവാൻ വേണ്ടി യഹൂദികൾ പടച്ചുണ്ടാക്കിയതും, മുശ്‌രിക്കുകൾ ഏറ്റുപാടിയതുമായിരിക്കുവാനും സാധ്യത കാണുന്നു. അങ്ങിനെയെങ്കിൽ മേൽകണ്ട സംശയങ്ങൾക്ക് പിന്നെ അധികമൊന്നും സ്ഥാനമില്ല താനും. الله اعلم

ഏതായാലും 'നിങ്ങൾ അതിനെ -മൂസാ നബി കൊണ്ടുവന്ന ഗ്രന്ഥത്തെ- വെളിവാക്കുകയും പലതും മറച്ചുവെക്കുകയും ചെയ്തുകൊണ്ടുള്ള തുണ്ടുതാളുകളാക്കുന്നു (تَجْعَلُونَهُ قَرَاطِيسَ تُبْدُونَهَا وَتُخْفُونَ كَثِيرًا)' എന്ന വാക്യം യഹൂദികളെ ഉദ്ദേശിച്ചാണെന്ന് വ്യക്തമാണ്. ജനങ്ങൾക്കിടയിൽ വെളിവാക്കുന്ന ഭാഗങ്ങളും, പൊതുജനങ്ങളെ അറിയിക്കാതെ പണ്ഡിതന്മാർക്കും നേതാക്കൾക്കുമിടയിൽ രഹസ്യമാക്കി വെച്ചിരുന്ന ഭാഗങ്ങളും എന്നിങ്ങിനെ തൗറാത്തിനെ അവർ തരംതിരിച്ചു എഴുതിവെച്ചിരുന്നതിനെയാണ് ഇത് ചൂണ്ടിക്കാട്ടുന്നത്. മൂസാ നബി(അ)കൊണ്ടുവന്ന തൗറാത്തിന്റെ അധ്യാപനങ്ങളെ നിങ്ങൾ അലങ്കോലപ്പെടുത്തിക്കൊണ്ടിരിക്കുകയാണെങ്കിലും അതിന്റെ അവതരണത്തെ നിഷേധിക്കുവാൻ നിങ്ങൾക്ക് സാധ്യമല്ലെന്ന് സാരം. 'നിങ്ങൾക്കും നിങ്ങളുടെ പിതാക്കൾക്കും അറിഞ്ഞുകൂടാതിരുന്ന കാര്യം നിങ്ങൾക്ക് പഠിപ്പിക്കപ്പെട്ടു (عُلِّمْتُم مَّا لَمْ تَعْلَمُوا أَنتُمْ وَلَا آبَاؤُكُمْ)' എന്ന് പറഞ്ഞത് ഖുർആൻ മുഖേന -അല്ലെങ്കിൽ തൗറാത്ത് മുഖേന- ജനങ്ങൾക്ക് അല്ലാഹു വിവരിച്ചുകൊടുത്തിട്ടുള്ള അറിവുകളെ സൂചിപ്പിക്കുന്നു.

അവസാനമായി, അവരെപറ്റി നബി ﷺയോടു കൽപിച്ചതിന്റെ താൽപര്യം ഇതാണ്: മൂസാ (അ)ക്ക് ലഭിച്ച ഗ്രന്ഥം അല്ലാഹു അതരിപ്പിച്ചതാണെന്ന് സമ്മതിക്കുകയല്ലാതെ അവർക്ക് നിവൃത്തിയില്ല. ആകയാൽ, അല്ലാഹു ആർക്കും ഒന്നും അവതരിപ്പിക്കുകയുണ്ടായിട്ടില്ല -അഥവാ ക്വുർആൻ അവതരിപ്പിച്ചു തന്നത് അല്ലാഹുവാണെന്ന് മുഹമ്മദ് ﷺ പറയുന്നത് ശരിയല്ല- എന്ന വാദം തികച്ചും നിരർത്ഥവും ബാലിശവുമാകുന്നു. അതിനെ ഒട്ടും സാരമാക്കേണ്ടതില്ല. അത്തരം അനാവശ്യങ്ങളിൽ മുഴുകി രസിച്ചുംകൊണ്ട് അവരങ്ങു നടക്കട്ടെ. അതിന്റെ ഭവിഷ്യത്ത് അവർക്ക് അറിയാറാകും!

وَهَٰذَا كِتَٰبٌ أَنزَلْنَٰهُ مُبَارَكٌ مُّصَدِّقُ ٱلَّذِى بَيْنَ يَدَيْهِ وَلِتُنذِرَ أُمَّ ٱلْقُرَىٰ وَمَنْ حَوْلَهَا ۚ وَٱلَّذِينَ يُؤْمِنُونَ بِٱلْـَٔاخِرَةِ يُؤْمِنُونَ بِهِۦ ۖ وَهُمْ عَلَىٰ صَلَاتِهِمْ يُحَافِظُونَ ﴿٩٢﴾

﴾92﴿ (ഇതാ) ഇതും നാം അവതരിപ്പിച്ച ഒരു ഗ്രന്ഥമത്രെ; അനുഗൃഹീതമായ [വർദ്ധിച്ച നന്മകളുള്ള]തും, അതിന്റെ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നതുമാണ് (അത്). 'ഉമ്മുൽ ക്വുറാ'യെ [രാജ്യങ്ങളുടെ കേന്ദ്രത്തെ]യും, അതിന്റെ ചുറ്റുപുറമുള്ളവരെയും നീ താക്കീത് ചെയ്‌വാൻ വേണ്ടിയും (കൂടിയാകുന്നു).

പരലോകത്തിൽ വിശ്വസിക്കുന്നവർ അതിൽ വിശ്വസിക്കുന്നതാണ്; അവർ, തങ്ങളുടെ നമസ്കാരത്തെപറ്റി കാത്തുസൂക്ഷിക്കുകയും ചെയ്യും.

﴾92﴿ وَهَٰذَا كِتَابٌ ഇതാ ഒരു ഗ്രന്ഥം, ഇതും ഒരു ഗ്രന്ഥമാണ് أَنزَلْنَاهُ നാമത് ഇറക്കി, നാം അവതരിപ്പിച്ച مُبَارَكٌ അനുഗൃഹീതമായ, ആശീർവ്വദിക്കപ്പെട്ട مُصَدِّقُ സത്യപ്പെടുത്തുന്ന الَّذِي യാതൊന്നിനെ بَيْنَ يَدَيْهِ അതിന്റെ മുമ്പിലുള്ള وَلِتُنذِرَ നീ താക്കീത് (മുന്നറിയിപ്പ്) നൽകുവാനും أُمَّ الْقُرَىٰ ഉമ്മുൽ ക്വുറായെ, രാജ്യങ്ങളുടെ മാതാവിന് (കേന്ദ്രത്തിന്) وَمَنْ حَوْلَهَا അതിന്റെ ചുറ്റിലുമുള്ളവരെയും وَالَّذِينَ يُؤْمِنُونَ വിശ്വസിക്കുന്നവർ بِالْآخِرَةِ പരലോകത്തിൽ يُؤْمِنُونَ അവർ വിശ്വസിക്കും بِهِ ഇതിൽ, അതിൽ وَهُمْ അവരാകട്ടെ عَلَىٰ صَلَاتِهِمْ തങ്ങളുടെ നമസ്കാരത്തെപ്പറ്റി يُحَافِظُونَ കാത്തുസൂക്ഷിക്കുന്നതുമാണ്.

ഒരു മനുഷ്യനും അല്ലാഹു യാതൊന്നും അവതരിപ്പിച്ചു കൊടുക്കുകയുണ്ടായിട്ടില്ലെന്ന് പറയുന്നത് കളവാണെന്നും, മൂസാ നബി (അ)ക്ക് തൗറാത്ത് നൽകിയിട്ടുള്ളതിനെ അവർക്ക് നിഷേധിക്കുക സാധ്യമല്ലെന്നും കഴിഞ്ഞ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാണിച്ചു. അതുപോലെ, അല്ലാഹു അവതരിപ്പിച്ച ഒരു വേദഗ്രന്ഥം തന്നെയാണ് ക്വുർആൻ എന്നും, അത് നന്മകൾ നിറഞ്ഞ അനുഗൃഹീത ഗ്രന്ഥവും, മുൻവേദഗ്രന്ഥങ്ങൾക്ക് സത്യസാക്ഷ്യം വഹിക്കുന്നതുമാണെന്നും, മക്കാ നിവാസികളെയും മക്കായുടെ ചുറ്റു

പുറങ്ങളിലായി നിവസിക്കുന്ന എല്ലാ മനുഷ്യരെയും താക്കീത് ചെയ്‌വാൻ വേണ്ടി അവതരിപ്പിക്കപ്പെട്ടതാണതെന്നും ഈ വചനത്തിൽ പ്രസ്താവിക്കുന്നു. ഈ ഐഹിക ജീവിതത്തിനുശേഷം പാരത്രിക ജീവിതം കൂടിയുണ്ടെന്ന ബോധമുള്ളവർ അതിൽ വിശ്വസിക്കാതിരിക്കുകയില്ലെന്നും, അവർ അല്ലാഹുവിന് നമസ്കാരവും ഭയഭക്തിയും അർപ്പിക്കുന്നവരായിരിക്കുമെന്നും ചൂണ്ടിക്കാട്ടുന്നു.

أُمَّ الْقُرَىٰ (ഉമ്മുൽക്വുറാ) എന്നാൽ രാജ്യങ്ങളുടെ മാതാവ് -അഥവാ കേന്ദ്രം- എന്ന് വാക്കർത്ഥം. മക്കാ രാജ്യമാണുദ്ദേശ്യം. 2:125 ന്റെയും, 42:7 ന്റെയും വ്യാഖ്യാനത്തിൽ പ്രസ്താവിച്ചതുപോലെ, പലനിലക്കും രാജ്യങ്ങളുടെ കേന്ദ്രസ്ഥാനമായിരുന്നു മക്കാ രാജ്യം. مَنْ حَوْلَهَا (അതിന്റെ ചുറ്റുപുറമുള്ളവർ) എന്ന് പറഞ്ഞതിന്റെ താൽപര്യം അതിന്റെ തൊട്ട പരിസര പ്രദേശത്തുകാർ എന്നുമാത്രമല്ല, അതിന്റെ ചുറ്റുപുറങ്ങളിലുമായി സ്ഥിതിചെയ്യുന്ന എല്ലാ രാജ്യക്കാരുമെന്നാണുദ്ദേശ്യം. നബി ﷺ നിയോഗിക്കപ്പെട്ടിരിക്കുന്നത് ലോക മനുഷ്യർക്കാകമാനമുള്ള റസൂലായിട്ടാണെന്ന് അല്ലാഹു ഒന്നിലധികം പ്രാവശ്യം സ്പഷ്ടമാക്കിയിട്ടുള്ളതാണല്ലോ. (7:158, 34:28 മുതലായ സ്ഥലങ്ങൾ നോക്കുക.)

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ قَالَ أُوحِىَ إِلَىَّ وَلَمْ يُوحَ إِلَيْهِ شَىْءٌ وَمَن قَالَ سَأُنزِلُ مِثْلَ مَآ أَنزَلَ ٱللَّهُ

﴾93﴿ ആരാണ് അധികം അക്രമി? അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമച്ചുണ്ടാക്കുകയോ, അല്ലെങ്കിൽ തനിക്കു യാതൊന്നും വഹ്‌യ് [ദിവ്യ സന്ദേശം] നൽകപ്പെട്ടിട്ടില്ലാതിരിക്കെ 'എനിക്ക് വഹ്‌യ് നൽകപ്പെട്ടിരിക്കുന്നു'വെന്ന് പറയുകയോ ചെയ്തവനെക്കാൾ! അല്ലാഹു അവതരിപ്പിച്ചതുപോലെ ഞാൻ അവതരിപ്പിച്ചുകൊള്ളാമെന്ന് പറഞ്ഞവനെക്കാളും!

وَلَوْ تَرَىٰٓ إِذِ ٱلظَّٰلِمُونَ فِى غَمَرَٰتِ ٱلْمَوْتِ وَٱلْمَلَٰٓئِكَةُ بَاسِطُوٓا۟ أَيْدِيهِمْ

(ആ) അക്രമികൾ മരണവെപ്രാളത്തിലായിരിക്കുമ്പോൾ, നീ കണ്ടിരുന്നുവെങ്കിൽ! [ഹാ! അതൊരു ഭയങ്കര കാഴ്ച തന്നെയായിരിക്കും] മലക്കുകൾ (അവരുടെ നേരെ) തങ്ങളുടെ കൈകൾ നീട്ടിക്കൊണ്ടുമിരിക്കും;

أَخْرِجُوٓا۟ أَنفُسَكُمُ ۖ ٱلْيَوْمَ تُجْزَوْنَ عَذَابَ ٱلْهُونِ بِمَا كُنتُمْ

(അവർ പറയും:) 'നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്താക്കുവിൻ, ഇന്ന് നിങ്ങൾക്ക് ഹീനത [നിന്ദ്യത] യുടെ ശിക്ഷ പ്രതിഫലം നൽകപ്പെടുന്നതാണ്; നിങ്ങൾ അല്ലാഹുവിന്റെ പേരിൽ യഥാർത്ഥമല്ലാത്തത് പറഞ്ഞു

تَقُولُونَ عَلَى ٱللَّهِ غَيْرَ ٱلْحَقِّ وَكُنتُمْ عَنْ ءَايَـٰتِهِۦ تَسْتَكْبِرُونَ ﴿٩٣﴾

കൊണ്ടിരുന്നതും, അവന്റെ 'ആയത്ത്' [ലക്ഷ്യം]കളെ സംബന്ധിച്ചു നിങ്ങൾ അഹംഭാവം നടിച്ചുകൊണ്ടിരുന്നതും നിമിത്തം'.

وَلَقَدْ جِئْتُمُونَا فُرَٰدَىٰ كَمَا خَلَقْنَـٰكُمْ أَوَّلَ مَرَّةٍ وَتَرَكْتُم مَّا خَوَّلْنَـٰكُمْ وَرَآءَ ظُهُورِكُمْ ۖ

وَمَا نَرَىٰ مَعَكُمْ شُفَعَآءَكُمُ ٱلَّذِينَ زَعَمْتُمْ أَنَّهُمْ فِيكُمْ شُرَكَـٰٓؤُا۟ ۚ

لَقَد تَّقَطَّعَ بَيْنَكُمْ وَضَلَّ عَنكُم مَّا كُنتُمْ تَزْعُمُونَ ﴿٩٤﴾

﴿94﴾ (അവരോട് പറയപ്പെടും) നിങ്ങളെ നാം ഒന്നാം പ്രാവശ്യം സൃഷ്ടിച്ചതുപോലെ, നമ്മുടെ അടുക്കൽ ഒറ്റപ്പെട്ടവരായിക്കൊണ്ട് നിങ്ങൾ (ഇതാ) വന്നുകഴിഞ്ഞു; നിങ്ങൾക്ക് നാം അധീനപ്പെടുത്തി തന്നത് (ഒക്കെ) നിങ്ങൾ നിങ്ങളുടെ പിൻപുറത്ത് വിട്ടേച്ചുപോരുകയും ചെയ്തിരിക്കുന്നു.

'നിങ്ങളുടെ കാര്യത്തിൽ (അല്ലാഹുവിന്റെ) പങ്കുകാരാണെന്ന് നിങ്ങൾ ജൽപിച്ചവരായ നിങ്ങളുടെ (ആ) ശുപാർശകന്മാരെ നിങ്ങളോടൊപ്പം നാം കാണുന്നുമില്ല.

നിങ്ങൾക്കിടയിൽ (ബന്ധം) മുറിഞ്ഞു പോകുക തന്നെ ചെയ്തിട്ടുണ്ട്. നിങ്ങൾ ജൽപിച്ചുകൊണ്ടിരുന്നത് (ഒക്കെയും) നിങ്ങളെ വിട്ടുമറഞ്ഞുപോകുകയും ചെയ്തിരിക്കുന്നു'.

﴿93﴾ وَمَنْ أَظْلَمُ ആരാണധികം അക്രമി, കൂടുതൽ അക്രമി ആർ مِمَّنِ افْتَرَىٰ കെട്ടിച്ചമച്ചവനെക്കാൾ عَلَى اللهِ അല്ലാഹുവിന്റെ മേൽ كَذِبًا വ്യാജം أَوْ قَالَ അല്ലെങ്കിൽ പറഞ്ഞ(വനെക്കാൾ) أُوحِيَ إِلَيَّ എനിക്ക് വഹ്‌യ് നൽകപ്പെട്ടിരിക്കുന്നു وَلَمْ يُوحَ വഹ്‌യ് നൽകപ്പെട്ടിട്ടില്ലാതെ إِلَيْهِ അവന്, അവനിലേക്ക് شَيْءٌ യാതൊന്നും وَمَنْ قَالَ പറഞ്ഞവനെക്കാളും سَأُنزِلُ ഞാൻ ഇറക്കാം مِثْلَ പോലെ, മാതിരി مَا أَنزَلَ اللهُ അല്ലാഹു അവതരിപ്പിച്ചത്. وَلَوْ تَرَىٰ നീ കണ്ടിരുന്നുവെങ്കിൽ إِذِ الظَّالِمُونَ അക്രമികൾ ആകുമ്പോൾ فِي غَمَرَاتِ വെപ്രാള(കാഠിന്യ)ങ്ങളിൽ الْمَوْتِ മരണത്തിന്റെ وَالْمَلَائِكَةُ മലക്കുകൾ بَاسِطُو വിരുത്തിയ (നീട്ടിയ)വരായിരിക്കും أَيْدِيهِمْ അവരുടെ കൈകളെ أَخْرِجُوا പുറത്താക്കുവിൻ, വെളിക്കുവരുത്തുവിൻ أَنفُسَكُمُ നിങ്ങളുടെ ആത്മാക്കളെ الْيَوْمَ ഇന്ന്, ഈ ദിവസം تُجْزَوْنَ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടും عَذَابَ الْهُونِ നിന്ദ്യത (എളിമ-ഹീനത)യുടെ ശിക്ഷ بِمَا كُنتُمْ നിങ്ങളായിരുന്നത് നിമിത്തം تَقُولُونَ നിങ്ങൾ പറയുക, പറഞ്ഞുണ്ടാക്കുക

عَلَى اللهِ അല്ലാഹുവിന്റെ പേരിൽ, അല്ലാഹുവിനെപറ്റി غَيْرَ الْحَقِّ യഥാർത്ഥം (ന്യായം-സത്യം) അല്ലാത്തത് وَكُنتُمْ നിങ്ങൾ ആയിരുന്നതും عَنْ آيَاتِهِ അവന്റെ ആയത്തുകളെ പറ്റി تَسْتَكْبِرُونَ നിങ്ങൾ അഹംഭാവം (ഗർവ്വ്) കാണിക്കുക ﴾94﴿ وَلَقَدْ جِئْتُمُونَا നിങ്ങൾ നമ്മുടെ അടുക്കൽ വന്നിട്ടുണ്ട്, (വന്നുകഴിഞ്ഞു) فُرَادَىٰ ഒറ്റപ്പെട്ട (ഓരോരു)വരായി كَمَا خَلَقْنَاكُمْ നിങ്ങളെ നാം സൃഷ്ടിച്ചതുപോലെ أَوَّلَ مَرَّةٍ ഒന്നാം പ്രാവശ്യം وَتَرَكْتُم നിങ്ങൾ ഉപേക്ഷിക്കുക (വിടുക)യും ചെയ്തു مَا خَوَّلْنَاكُمْ നാം നിങ്ങൾക്ക് അധീനമാക്കി (വിധേയമാക്കി)തന്നത് وَرَاءَ ظُهُورِكُمْ നിങ്ങളുടെ പിൻപുറത്ത് وَمَا نَرَىٰ നാം കാണുന്നുമില്ല مَعَكُمْ നിങ്ങളുടെകൂടെ شُفَعَاءَكُمُ നിങ്ങളുടെ ശുപാർശക്കാരെ الَّذِينَ യാതൊരുവരായ زَعَمْتُمْ നിങ്ങൾ ജൽപിച്ചു أَنَّهُمْ فِيكُمْ അവർ നിങ്ങളിൽ ആകുന്നുവെന്ന് شُرَكَاءُ പങ്കുകാർ لَقَد تَّقَطَّعَ മുറിഞ്ഞു (ബന്ധമറ്റു)പോകതന്നെ ചെയ്തു بَيْنَكُمْ നിങ്ങൾക്കിടയിൽ وَضَلَّ عَنكُم നിങ്ങളിൽ നിന്ന് മറഞ്ഞു (അപ്രത്യക്ഷമായി) പോകുകയും ചെയ്തു مَا كُنتُمْ تَزْعُمُونَ നിങ്ങൾ ജൽപിച്ചിരുന്നത്.

അല്ലാഹുവിന് സമന്മാരും പങ്കുകാരുമുണ്ട്. അവന് സന്താനങ്ങളുണ്ട് എന്നിവപോലെയുള്ള കള്ളാരോപണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവർ, എനിക്ക് വഹ്‌യ് ലഭിച്ചിട്ടുണ്ട് -അഥവാ ഞാനും പ്രവാചകനാണ്- എന്ന് വാദിക്കുന്ന മുസൈലമത്തുൽ കദ്ദാബിനെപോലെയുള്ള കള്ള പ്രവാചകന്മാർ, വേണമെങ്കിൽ ഈ ക്വുർആൻ പോലെയുള്ള ഗ്രന്ഥം എനിക്കും അവതരിപ്പിക്കുവാൻ കഴിയുമെന്ന് വീമ്പിളക്കുന്ന ധിക്കാരികൾ എന്നിങ്ങിനെയുള്ളവർക്കെല്ലാമുള്ള കനത്ത താക്കീതാണിത്. അക്രമികൾ പലതരക്കാരുണ്ടെങ്കിലും അവരിൽവെച്ച് ഏറ്റവും കടുത്ത അക്രമികളാണിവർ. ഈ ഭൗതിക ജീവിതത്തിൽവെച്ച് അവർക്ക് ഏത് അക്രമവും പറയുവാനും പ്രവർത്തിക്കുവാനുമുള്ള സൗകര്യമുണ്ടെങ്കിലും അതെല്ലാം മരണത്തോടുകൂടി അവസാനിക്കും. മരണവേളയിൽ തന്നെ അതിന്റെ ഫലം അവർക്ക് അനുഭവപ്പെട്ടുതുടങ്ങും. തുടർന്നുകൊണ്ടുള്ള അനുഭവങ്ങളാണെങ്കിൽ അതിനെക്കാൾ എത്രയോ ഭയങ്കരവുമായിരിക്കും. അവരുടെ ഈ ധിക്കാരവും ധാർഷ്ട്യവുമൊന്നും അപ്പോൾ കാണപ്പെടുകയില്ല. തങ്ങളെ രക്ഷിക്കുവാനും സഹായിക്കുവാനും പോന്നവരെന്ന് നടിച്ചുകൊണ്ട് അവർ അല്ലാഹുവിന്റെ സമന്മാരാക്കിവെക്കുകയും ആരാധിച്ച് പൂജിച്ചും വിളിച്ചു പ്രാർത്ഥിച്ചും വരുകയും ചെയ്തു വരുന്നവരാരും അവിടെ അവർക്ക് രക്ഷക്കുണ്ടായിരിക്കയില്ല. ഇതെല്ലാം അവരെ അല്ലാഹു താക്കീത് ചെയ്കയാണ്.

മനുഷ്യരുടെ മരണ സംബന്ധമായ കാര്യങ്ങൾ ഏല്പിക്കപ്പെട്ടിട്ടുള്ള മലക്കുകളെപറ്റിയാണ് ....وَالْمَلَائِكَةُ بَاسِطُو أَيْدِيهِمْ (മലക്കുകൾ അവരുടെ കൈകൾ നീട്ടിക്കൊണ്ടിരിക്കും...) എന്ന് പറഞ്ഞത്. അവിശ്വാസികളുടെ മരണവേളയിൽ മലക്കുകൾ അവരുടെ മുഖത്തും പിൻവശത്തും അടിക്കുകയും മറ്റും ചെയ്യുന്നതാണെന്നും, അവരോട് വളരെ കഠിനമായ രീതിയിൽ പെരുമാറുമെന്നും (8:50 മുതലായ സ്ഥലങ്ങളിൽ) അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. നേരെ മറിച്ച് സജ്ജനങ്ങളുടെ മരണ സമയത്ത് മലക്കുകൾ അവരോട് വളരെ സൗമ്യതയിലും സ്നേഹത്തിലും പെരുമാറുമെന്നും (16:32 ലും മറ്റുമായി) ക്വുർആനിൽ നിന്നും, ഹദീഥിൽ നിന്നും വ്യക്തമായി അറിയപ്പെട്ടിട്ടുള്ളതുമാണ്.

وَتَرَكْتُم مَّا خَوَّلْنَاكُمْ (നിങ്ങൾക്ക് നാം അധീനപ്പെടുത്തിത്തന്നതൊക്കെ നിങ്ങൾ വിട്ടേച്ചു പോന്നു) എന്നു പറഞ്ഞതിന്റെ സാരം ഇതാണ്: ഇഹത്തിൽ വെച്ച് നിങ്ങൾക്ക് ലഭിച്ചിരുന്ന സുഖസൗകര്യങ്ങൾ, കഴിവുകൾ, സ്വാതന്ത്ര്യങ്ങൾ ഇവയൊന്നും ഇപ്പോൾ നിങ്ങൾക്കില്ല. അതെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ടാണല്ലോ നിങ്ങൾ നമ്മുടെ സന്ദേശങ്ങളെ ധിക്കരിച്ചത്. ഇപ്പോൾ അതെല്ലാം നിങ്ങൾക്ക് നഷ്ടപ്പെട്ടുപോയിരിക്കയാണ്. ഒരു ഹദീഥിൽ നബി ﷺ പറയുന്നു: ' ആദമിന്റെ മകൻ -മനുഷ്യൻ- എന്റെ ധനം! എന്റെ ധനം! എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. (മനുഷ്യാ) നിനക്ക് നിന്റെ ധനത്തിൽ നിന്ന് നീ തിന്നുനശിപ്പിച്ചതോ, നീ ഉടുത്തുപഴകിയതോ, നീ ധർമംകൊടുത്തു സമ്പാദിച്ചു വെച്ചതോ അല്ലാതെ വല്ലതും നിനക്കുണ്ടോ?! ഇതല്ലാത്തതെല്ലാം പോയിപ്പോകുന്നതും, ജനങ്ങൾക്കായി നീ വിട്ടേച്ചുപോകുന്നതുമായിരിക്കും'. (മു).

വിഭാഗം - 12

തൗഹീദിന്റെയും, പരലോകത്തിന്റെയും വിഷയത്തിലാണല്ലോ മുശ്‌രിക്കുകളുടെ നിഷേധം കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ സൂറത്തിലെ പ്രധാന പ്രതിപാദ്യവിഷയവും അത് രണ്ടുംതന്നെ. ആ രണ്ടിനും വ്യക്തവും സ്പഷ്ടവുമായ ചില നിത്യസത്യങ്ങളാകുന്ന ദൃഷ്ടാന്തങ്ങളാണ് തുടർന്നുള്ള വചനങ്ങളിൽ കാണുന്നത്:-

۞ إِنَّ ٱللَّهَ فَالِقُ ٱلْحَبِّ وَٱلنَّوَىٰ ۖ

يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَمُخْرِجُ ٱلْمَيِّتِ مِنَ ٱلْحَىِّ ۚ

ذَٰلِكُمُ ٱللَّهُ ۖ فَأَنَّىٰ تُؤْفَكُونَ ﴿٩٥﴾

﴿95﴾ നിശ്ചയമായും അല്ലാഹു, ധാന്യവും, കുരുവും പിളർത്തുന്നവനാണ്.

നിർജ്ജീവമായതിൽനിന്ന് അവൻ ജീവിയെ പുറത്തുവരുത്തുന്നു; ജീവിയിൽ നിന്ന് നിർജ്ജീവമായതിനെ പുറത്തു വരുത്തുന്നവനുമാകുന്നു.

(അങ്ങിനെയുള്ള) അവനത്രെ അല്ലാഹു; എന്നിരിക്കെ, എങ്ങനെയാണ് നിങ്ങൾ (അവനെ വിട്ടു) തെറ്റിക്കപ്പെടുന്നത്?!

﴿95﴾ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു فَالِقُ പിളർത്തുന്നവനാണ് الْحَبِّ ധാന്യത്തെ, ധാന്യമണി وَالنَّوَى കുരുവും, അണ്ടിയും, വിത്തും يُخْرِجُ അവൻ പുറത്ത് വരുത്തുന്നു (ഉൽപാദിപ്പിക്കും) الْحَيَّ ജീവിയെ, ജീവസ്സുള്ളത് مِنَ الْمَيِّتِ നിർജ്ജീവമായതിൽ നിന്ന്, ചത്തതിൽനിന്ന് وَمُخْرِجُ പുറത്തുവരുത്തുന്നവനുമാണ് الْمَيِّتِ നിർജ്ജീവമായതിനെ مِنَ الْحَيِّ ജീവനുള്ളതിൽ നിന്ന് ذَٰلِكُمُ അത(അവന)ത്രെ اللَّهُ അല്ലാഹു فَأَنَّىٰ എന്നിരിക്കെ എങ്ങിനെയാണ് تُؤْفَكُونَ നിങ്ങൾ തെറ്റിക്ക(തിരിച്ചു വിട-നുണയിലക)പ്പെടുന്നത്.

فَالِقُ ٱلْإِصْبَاحِ

﴾96﴿ പ്രഭാതത്തെ പിളർത്തുന്നവനാണ് (അവൻ).

وَجَعَلَ ٱلَّيْلَ سَكَنًا

രാത്രിയെ അവൻ ശാന്തമാക്കുകയും ചെയ്തിരിക്കുന്നു;

وَٱلشَّمْسَ وَٱلْقَمَرَ حُسْبَانًا ۚ

സൂര്യനെയും, ചന്ദ്രനെയും അവൻ (സമയത്തിന്റെ) കണക്കും (ആക്കിയിരിക്കുന്നു)

ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ ﴿٩٦﴾

അത് (ഒക്കെയും) സർവ്വജ്ഞനായ (ആ) പ്രതാപശാലിയുടെ നിർണയം [വ്യവസ്ഥ] ആകുന്നു.

وَهُوَ ٱلَّذِى جَعَلَ لَكُمُ ٱلنُّجُومَ لِتَهْتَدُوا۟ بِهَا فِى ظُلُمَٰتِ ٱلْبَرِّ وَٱلْبَحْرِ ۗ

﴾97﴿ അവനത്രെ, നിങ്ങൾക്ക് നക്ഷത്രങ്ങളെ -അവമൂലം കരയിലെയും കടലിലെയും അന്ധകാരങ്ങളിൽ നിങ്ങൾ വഴികാണുവാൻ വേണ്ടി- ഏർപ്പെടുത്തിയവനും.

قَدْ فَصَّلْنَا ٱلْءَايَٰتِ لِقَوْمٍ يَعْلَمُونَ ﴿٩٧﴾

അറിയുന്ന ജനങ്ങൾക്ക് നാം ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചുകൊടുത്തിട്ടുണ്ട്.

وَهُوَ ٱلَّذِىٓ أَنشَأَكُم مِّن نَّفْسٍ وَٰحِدَةٍ فَمُسْتَقَرٌّ وَمُسْتَوْدَعٌ ۗ

﴾98﴿ അവനത്രെ, ഒരേ ആത്മാവിൽ (അഥവാ വ്യക്തിയിൽ)നിന്ന് നിങ്ങളെ (സൃഷ്ടിച്ച്) ഉണ്ടാക്കിയവനും. അങ്ങനെ, (നിങ്ങൾക്ക്) തങ്ങുന്ന സ്ഥാനവും, സൂക്ഷിപ്പുസ്ഥാനവുമുണ്ട്.

قَدْ فَصَّلْنَا ٱلْءَايَٰتِ لِقَوْمٍ يَفْقَهُونَ ﴿٩٨﴾

ഗ്രഹിക്കുന്ന ജനങ്ങൾക്ക് നാം ദൃഷ്ടാന്തങ്ങൾ വിശദീകരിച്ചുകൊടുത്തിട്ടുണ്ട്.

وَهُوَ ٱلَّذِىٓ أَنزَلَ مِنَ ٱلسَّمَآءِ مَآءً

﴾99﴿ അവനത്രെ, ആകാശത്തുനിന്ന് (മഴ) വെള്ളം ഇറക്കിയവനും.

فَأَخْرَجْنَا بِهِۦ نَبَاتَ كُلِّ شَىْءٍ فَأَخْرَجْنَا مِنْهُ خَضِرًا

എന്നിട്ട് അതുമൂലം എല്ലാ വസ്തുക്കളുടെയും മുളയെ നാം [അല്ലാഹു] പുറത്തു വരുത്തി; എന്നിട്ട് അതിൽനിന്ന് നാം പച്ച(ച്ചെടി)കളെ പുറത്ത് വരുത്തി

نُّخۡرِجُ مِنۡهُ حَبّٗا مُّتَرَاكِبٗا

അതിൽ നിന്ന് പരസ്പരം (മേൽക്കു മേൽ) തിങ്ങിക്കൊണ്ടിരിക്കുന്ന ധാന്യം നാം പുറപ്പെടുവിക്കുന്നു.

وَمِنَ ٱلنَّخۡلِ مِن طَلۡعِهَا قِنۡوَانٞ دَانِيَةٞ

ഈത്തപ്പനയിൽ നിന്ന് - അതിന്റെ കുലയിൽ നിന്ന് - താണു(തൂങ്ങി) നിൽക്കുന്ന കതിപ്പുകളും (ഉണ്ടായി ത്തീരുന്നു).

وَجَنَّٰتٖ مِّنۡ أَعۡنَابٖ وَٱلزَّيۡتُونَ وَٱلرُّمَّانَ مُشۡتَبِهٗا وَغَيۡرَ مُتَشَٰبِهٍۗ

മുന്തിരികളുടെ തോട്ടങ്ങളും, ഒലീവ് വൃക്ഷവും, മാതളച്ചെടിയും (പുറത്തു വരുത്തുന്നു); സാദൃശ്യപ്പെട്ടതും, പരസ്പര സാദൃശ്യമില്ലാത്തതു മായിക്കൊണ്ട്

ٱنظُرُوٓاْ إِلَىٰ ثَمَرِهِۦٓ إِذَآ أَثۡمَرَ وَيَنۡعِهِۦٓۚ

അത് കായ്ക്കുമ്പോൾ അതിന്റെ കായയിലേക്കും, അതു മൂപ്പെത്തുന്ന തിലേക്കും നിങ്ങൾ നോക്കുക!

إِنَّ فِي ذَٰلِكُمۡ لَأٓيَٰتٖ لِّقَوۡمٖ يُؤۡمِنُونَ ﴿٩٩﴾

നിശ്ചയമായും, വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിലെല്ലാം പല ദൃഷ്ടാന്തങ്ങളുണ്ട്.

﴾96﴿ فَالِقُ പിളർത്തുന്നവനാണ് الإِصْبَاحِ പ്രഭാതത്തെ, പുലർച്ചനേരത്തെ وَجَعَلَ അവൻ
ആക്കുകയും ചെയ്തു اللَّيْلَ രാത്രിയെ سَكَنًا ശാന്തം, അടങ്ങിയത്, ഒതുക്കം وَالشَّمْسَ
സൂര്യനെയും وَالْقَمَرَ ചന്ദ്രനെയും حُسْبَانًا കണക്ക് (ആക്കി) ذَٰلِكَ അത് تَقْدِيرُ നിർണ
യമാണ്, വ്യവസ്ഥപെടുത്തലാണ് الْعَزِيزِ പ്രതാപശാലിയുടെ الْعَلِيمِ (സർവ്വ)ജ്ഞാനി
യായ ﴾97﴿ وَهُوَ അവനത്രെ الَّذِي جَعَلَ لَكُمُ നിങ്ങൾക്ക് ആക്കി (ഉണ്ടാക്കി-ഏർപ്പെ
ടുത്തി)ത്തന്നവൻ النُّجُومَ നക്ഷത്രങ്ങളെ لِتَهْتَدُوا നിങ്ങൾ നേർമാർഗം പ്രാപിക്കു (വഴി
കാണു)വാൻ വേണ്ടി بِهَا അവമൂലം فِي ظُلُمَاتِ അന്ധകാരങ്ങളിൽ الْبَرِّ وَالْبَحْرِ കരയി
ലെയും കടലിലെയും قَدْ فَصَّلْنَا നാം വിശദീകരിച്ചിട്ടുണ്ട് الآيَاتِ ദൃഷ്ടാന്ത(ലക്ഷ്യ-അ
ടയാള)ങ്ങളെ لِقَوْمٍ ജനങ്ങൾക്ക് يَعْلَمُونَ അവർ അറിയുന്നു ﴾98﴿ وَهُوَ അവനത്രെ
الَّذِي أَنْشَأَكُمْ നിങ്ങളെ ഉണ്ടാക്കിയവൻ مِنْ نَفْسٍ ആത്മാവി(ആളി-ദേഹത്തി-വ്യക്തിയി)ൽ
നിന്ന് وَاحِدَةٍ ഒരേ فَمُسْتَقَرٌّ എന്നിട്ട് തങ്ങുന്ന (താമസിക്കുന്ന-ഉറച്ചു നിൽക്കുന്ന) ഇട
മുണ്ട് وَمُسْتَوْدَعٌ സൂക്ഷിച്ചുവെക്കുന്ന ഇടവും قَدْ فَصَّلْنَا നാം വിശദീകരിച്ചിട്ടുണ്ട് الآيَاتِ
ദൃഷ്ടാന്തങ്ങളെ لِقَوْمٍ ജനങ്ങൾക്ക്, ഒരു ജനതക്ക് يَفْقَهُونَ അവർ ഗ്രഹിക്കുന്നു. ﴾99﴿

وَهُوَ അവനത്രെ الَّذِيٓ أَنزَلَ ഇറക്കിയവൻ مِنَ السَّمَآءِ ആകാശത്തുനിന്ന് مَآءً വെള്ളം فَأَخْرَجْنَا എന്നിട്ട് നാം പുറപ്പെടുവിച്ചു بِهِۦ അതുകൊണ്ട്, അതുമൂലം نَبَاتَ മുളയെ, സസ്യത്തെ كُلِّ شَيْءٍ എല്ലാ വസ്തുവിന്റെയും فَأَخْرَجْنَا എന്നിട്ട് നാം പുറപ്പെടുവിച്ചു مِنْهُ അതിൽനിന്ന്, അതിനാൽ خَضِرًا പച്ചയായവ نُّخْرِجُ مِنْهُ അതിൽ നിന്ന് നാം പുറപ്പെടുവിക്കുന്നു حَبًّا ധാന്യത്തെ مُّتَرَاكِبًا പരസ്പരം കയറിയ (ഇടതിങ്ങിയ-കൂടിക്കലർന്ന) وَمِنَ النَّخْلِ ഈത്തപ്പനയിൽ നിന്നും مِن طَلْعِهَا അതിന്റെ കുലയിൽ നിന്ന് قِنْوَانٌ കതിർപ്പുകൾ دَانِيَةٌ താണു(തൂങ്ങി) നിൽക്കുന്ന وَجَنَّاتٍ തോട്ടങ്ങളെയും مِّنْ أَعْنَابٍ മുന്തിരികളിൽ നിന്ന് (മുന്തിരികളുടെ) وَالزَّيْتُونَ ഒലീവു മരത്തെയും وَالرُّمَّانَ മാതളത്തെയും مُشْتَبِهًا സാദൃശ്യമുള്ളതായിക്കൊണ്ട് وَغَيْرَ مُتَشَابِهٍ പരസ്പര സാദൃശ്യമില്ലാത്തതായും انظُرُوٓا നിങ്ങൾ നോക്കുക إِلَىٰ ثَمَرِهِۦٓ അതിന്റെ കായയിലേക്ക്, ഫലത്തിലേക്ക് إِذَآ أَثْمَرَ അത് കായിച്ചാൽ, ഫലമുണ്ടായാൽ وَيَنْعِهِۦٓ അതിന്റെ മൂപ്പെത്തലിലേക്കും (പാകമാകുന്നതിലേക്കും-പഴുപ്പിലേക്കും) إِنَّ فِي ذَٰلِكُمْ നിശ്ചയമായും അതിൽ (എല്ലാം) ഉണ്ട് لَآيَاتٍ പലദൃഷ്ടാന്തങ്ങൾ لِّقَوْمٍ يُؤْمِنُونَ വിശ്വസിക്കുന്ന ജനങ്ങൾക്ക്.

അല്ലാഹുവിന്റെ ഏകത്വം, സൃഷ്ടിവൈഭവം, ശക്തി മാഹാത്മ്യം ആദിയായവക്ക് നിത്യദൃഷ്ടാന്തങ്ങളായി നിലകൊള്ളുന്നതും, സാധാരണ ബുദ്ധികൾക്കുപോലും ആലോചിച്ചറിയാവുന്നതുമായ കുറേ യാഥാർത്ഥ്യങ്ങളാണ് ഈ വചനങ്ങളിൽ അല്ലാഹു എടുത്തു കാണിക്കുന്നത്. അവയെ ഇങ്ങിനെ സംഗ്രഹിക്കാം:-

(1) ധാന്യവർഗത്തിന്റെ മണികളെയും, ഫലവർഗത്തിന്റെ കുരുക്കളെയും -അഥവാ അണ്ടി, പരിപ്പ് മുതലായവയെയും- പിളർത്തി അവയിൽ നിന്ന് സസ്യങ്ങളെയും വൃക്ഷങ്ങളെയും ഉൽപാദിപ്പിക്കുന്നത്. വിത്തിറക്കുന്നതിലും, അത് മുളച്ചു വളരുവാനാവശ്യമായ ഒരുക്കങ്ങൾ ചെയ്യുന്നതിലും മനുഷ്യ പ്രവർത്തനങ്ങൾക്ക് പങ്കുണ്ടെങ്കിലും അതിനെ പിളർത്തി മുളപ്പിക്കുകയും വളർത്തുകയും വിളയിപ്പിക്കുകയും ചെയ്യുന്നതിൽ മനുഷ്യന് ഒരു പങ്കുമില്ലല്ലോ.

(2) ജീവനോ വളർച്ചയോ ഇല്ലാത്ത നിർജ്ജീവ വസ്തുക്കളിൽ നിന്ന് ജീവനും വളർച്ചയുമുള്ള വസ്തുക്കളെ ഉൽപാദിപ്പിക്കുന്നത്. വിത്തുകളിൽ നിന്ന് സസ്യലതാദികളെ ഉൽപാദിപ്പിക്കുന്നതും, മനുഷ്യനടക്കമുള്ള ജീവികളുടെ ബീജങ്ങളിൽ നിന്ന് അതത് വർഗവർദ്ധന നടത്തുന്നതും, ജീവ ചൈതന്യമില്ലാത്ത വസ്തുക്കളിൽ നിന്ന് ചില പ്രാണി വർഗങ്ങളെ ഉൽപാദിപ്പിക്കുന്നതുമെല്ലാം ഇതിൽ ഉൾപ്പെടുന്നു.

(3) ജീവനും, ജീവസ്സുമുള്ള വസ്തുക്കളിൽ നിന്ന് മേൽ സൂചിപ്പിച്ചതുപോലെയുള്ള പലതരം നിർജ്ജീവ വസ്തുക്കളെയും ഉല്പാദിപ്പിക്കുന്നത്.

(4) രാത്രിയുടെ ഇരുട്ടിൽനിന്ന് പ്രഭാതം പുലരുന്നത്.

(5) രാത്രിയെ വിശ്രമത്തിന് ഉപയുക്തമായവിധം ശാന്തമാക്കിയത്.

(6) നാഴിക -വിനാഴികകൾ, ദിവസ-മാസ-സംവൽസരങ്ങൾ എന്നിങ്ങനെ സമയം കണക്കാക്കുവാൻ ഉതകുമാറ് ആസൂത്രിതമായ നിലയിൽ സൂര്യചന്ദ്ര നക്ഷത്രങ്ങളെ നിയന്ത്രിച്ചുപോരുന്നത്.

(7) കരയിലൂടെയും കടലിലൂടെയും യാത്ര ചെയ്യുന്നവർക്ക് ദിക്കുകളും ഉദ്ദിഷ്ട സ്ഥലങ്ങളും തിരിച്ചറിയത്തക്കവണ്ണം നക്ഷത്രങ്ങളെ - അവയുടെ സ്ഥാനങ്ങളും, ഗതി വിഗതികളും, സമയങ്ങളും വ്യവസ്ഥപ്പെടുത്തിക്കൊണ്ട് - ഏർപ്പെടുത്തിയത്. പൂർവ്വ കാലത്തെ യാത്രകൾ കരയിലൂടെയും കടലിലൂടെയുമായിരുന്നത് കൊണ്ട് അക്കാലത്തു ള്ളവർക്ക് മാത്രമേ നക്ഷത്രങ്ങൾ മാർഗദർശനമായിരിക്കുകയുള്ളുവെന്ന് ധരിക്കേണ്ട തില്ല. വായു മണ്ഡലത്തിലൂടെയും, ഗോളാന്തരങ്ങളിലൂടെയും നടത്തപ്പെടുന്ന ഇന്നത്തെ പരിഷ്കൃത വാഹനയാത്രകളിലും നക്ഷത്രങ്ങളുടെ മാർഗദർശനം അവശ്യം ആവശ്യം തന്നെ. നക്ഷത്രങ്ങളുടെയും, ഗ്രഹങ്ങളുടെയും സ്ഥാനങ്ങളും ഗതിവിഗതികളും വക വെക്കാതെയുള്ള ഗോളാന്തര യാത്ര നടത്തുക സാധ്യമല്ല തന്നെ.

(8) ഒരേ ആളിൽ നിന്ന് കണക്കറ്റ വ്യക്തികളടങ്ങുന്ന മനുഷ്യവർഗത്തെ സൃഷ്ടി ച്ചത്. ഓരോ വ്യക്തിയെയും സംബന്ധിച്ചിടത്തോളം, അതിന്റെ ബീജം അതിന്റെ മാതാ പിതാക്കളുടെ ശരീരാംശമെന്നോണം കുറെ കാലം അവരിൽ തങ്ങിനിൽക്കുകയും, അനന്തരം മാതാവിന്റെ ഗർഭാശയത്തിൽ നിക്ഷേപിക്കപ്പെടുകയും, പിന്നീട് അവിടെവെച്ച് ചില ദശാമാറ്റങ്ങൾ തരണം ചെയ്തു മനുഷ്യരൂപം പൂണ്ടു പുറത്തുവരുകയുമാണല്ലോ ചെയ്യുന്നത്. ഇതിനെപറ്റിയാണ് തങ്ങുന്ന ഇടവും സൂക്ഷിക്കുന്ന ഇടവും ഉണ്ട് (فَمُسْتَقَرٌّ وَمُسْتَوْدَعٌ) എന്ന് പറഞ്ഞത്.

(9) ആകാശത്ത് നിന്ന് മഴവെള്ളം ഇറക്കി എല്ലാവിധ സസ്യങ്ങളെയും മുളപ്പിച്ചു പച്ചച്ചെടികളാക്കി വളർത്തുകയും, അവയിൽ നിന്ന് ആഹാര വസ്തുക്കളായ ധാന്യോൽപന്നങ്ങൾ സമൃദ്ധമാക്കുകയും ചെയ്യുന്നത്. പ്രത്യേകിച്ചും ഈത്തപ്പനകൾ കുലയിടുന്നു. അവയുടെ കതിർപ്പുകൾ തുരുതുരെ തിങ്ങിത്തൂങ്ങി നിൽക്കുന്നു. മുന്തി രിത്തോട്ടങ്ങൾ, ഒലീവു വൃക്ഷങ്ങൾ, മാതളച്ചെടികൾ ആദിയായവയെല്ലാം ഉൽപാദിത മാകുന്നു. ആകൃതി, സ്വഭാവം, രുചി, ഗുണം, വർണം ആദിയായവയിൽ ചിലതെല്ലാം പരസ്പരം സാദൃശ്യമുള്ളവയായിരിക്കുമെങ്കിൽ, ചിലതെല്ലാം പരസ്പരം വ്യത്യസ്ത ങ്ങളുമായിരിക്കും. ഫലം കായ്ക്കുമ്പോൾ ആദ്യം പിഞ്ചും ചള്ളുമായിരിക്കും. പിന്നീ ടതു മൂത്തു പഴുത്തു പാകത്തിലായിത്തീരുന്നു.

മനുഷ്യൻ സദാ കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുന്ന നിത്യ യാഥാർത്ഥ്യങ്ങളാ ണല്ലോ ഇതെല്ലാം. നിത്യേന കണ്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളായതുകൊണ്ട് നമുക്ക് ഇതൊന്നും അത്ഭുതങ്ങളായി തോന്നുന്നില്ലെന്നു മാത്രം. വാസ്തവത്തിൽ അല്ലാഹു വിന്റെ മഹിതമഹത്വങ്ങളെയും ഏകത്വത്തെയും വിളിച്ചോതുന്ന ദൃഷ്ടാന്തങ്ങളത്രെ

ഇവ ഓരോന്നും. പക്ഷേ, അന്ധമായ സത്യനിഷേധവും, ബാഹ്യേന്ദ്രിയങ്ങൾക്കതീത മായതൊന്നും നിലവിലില്ലെന്ന മൂഢവിശ്വാസവും തീണ്ടാത്ത നിഷ്പക്ഷ ഹൃദയ ങ്ങൾക്കേ ഇതിലൊക്കെ അടങ്ങിയ ദൃഷ്ടാന്തങ്ങൾ കണ്ടെത്തുവാൻ കഴിയൂ. അറി യുന്ന ആളുകൾക്കും, ഗ്രഹിക്കുന്ന ആളുകൾക്കും, വിശ്വസിക്കുന്ന ആളുകൾക്കുമാണ് ഇതിലൊക്കെ ദൃഷ്ടാന്തങ്ങളുള്ളതെന്ന് അല്ലാഹു ചൂണ്ടിക്കാണിച്ചതും അത്കൊണ്ടു തന്നെ.

وَجَعَلُواْ لِلَّهِ شُرَكَآءَ ٱلْجِنَّ وَخَلَقَهُمْ ۖ

﴾100﴿ അവർ ജിന്നുകളെ അല്ലാഹുവിന് പങ്കുകാരാക്കുകയും ചെയ്തിരിക്കുന്നു; അവരെ അവൻ സൃഷ്ടിച്ചിരിക്കയുമാണ് (എന്നിട്ടും)!

وَخَرَقُواْ لَهُۥ بَنِينَ وَبَنَٰتٍۭ بِغَيْرِ عِلْمٍ ۚ

ഒരു വിവരവുമില്ലാതെ അവർ അവന്നു പുത്രന്മാരെയും പുത്രികളെയും കെട്ടിയുണ്ടാക്കുകയും ചെയ്തിരിക്കുന്നു.

سُبْحَٰنَهُۥ وَتَعَٰلَىٰ عَمَّا يَصِفُونَ ﴿١٠٠﴾

അവൻ മഹാപരിശുദ്ധൻ! അവർ വിശേഷിപ്പിച്ചു പറയുന്നതിൽനിന്ന് (ഒക്കെയും) അവൻ വളരെ ഉന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു.

﴾100﴿ وَجَعَلُوا അവർ ആക്കുക (ഉണ്ടാക്കുക)യും ചെയ്തു لِلَّهِ അല്ലാഹുവിന് شُرَكَاءَ പങ്കാളികൾ الْجِنَّ ജിന്നുകളെ وَخَلَقَهُمْ അവരെ അവൻ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു, സൃഷ്ടിച്ചിരിക്കെ وَخَرَقُوا لَهُ അവർ അവനുകെട്ടി (സങ്കൽപിച്ചു) ഉണ്ടാക്കുകയും ചെയ്തു بَنِينَ പുത്രന്മാരെ وَبَنَاتٍ പുത്രിമാരെയും بِغَيْرِ عِلْمٍ ഒരു അറിവും (വിവരവും) ഇല്ലാതെ سُبْحَانَهُ അവൻ മഹാ പരിശുദ്ധൻ وَتَعَالَى അവൻ വളരെ ഉന്നതി പ്രാപിക്കുകയും ചെയ്തിരിക്കുന്നു عَمَّا يَصِفُونَ അവർ വർണി(വിവരി-വിശേഷിപ്പി)ച്ചു പറയുന്നതിൽനിന്ന്.

ബഹുദൈവ വിശ്വാസികൾ അല്ലാഹുവിന് പുറമെ വിഗ്രഹങ്ങളെ മാത്രമല്ല ദൈവങ്ങളാക്കി ആരാധിച്ചും പ്രാർത്ഥിച്ചും വരുന്നത്. പല ദേവീദേവന്മാരെയും, ഭൂതപിശാചുക്കളെയും അവർ ദൈവങ്ങളാക്കി സങ്കൽപിക്കുകയും ആരാധിക്കുകയും ചെയ്തു വരുന്നു. വനങ്ങൾ, നദികൾ, മഹാരോഗങ്ങൾ, രാജ്യങ്ങൾ, കുലങ്ങൾ,വർഗങ്ങൾ എന്നിങ്ങിനെ പലതിന്റെയും പേരിൽ ദേവന്മാരെയും, ദേവതകളെയും സങ്കൽപിച്ചുണ്ടാക്കി അവക്ക് പ്രത്യേകതരം പൂജാകർമങ്ങൾ നടത്തലും, നേർച്ച വഴിപാടുകൾ അർപ്പിക്കലും എല്ലാ കാലത്തുമുള്ള അവരുടെ പതിവത്രെ. സ്ഥലകാലങ്ങൾക്കനുസരിച്ച് ചില വ്യത്യാ

സങ്ങളുണ്ടായിരിക്കുമെന്ന് മാത്രം. വേണ്ട, മുസ്‌ലിം സമുദായത്തിനുള്ളിൽ തന്നെ, മതത്തിന്റെ പ്രാഥമിക തത്വങ്ങൾപോലും അറിഞ്ഞുകൂടാത്ത വിഡ്ഢികൾക്കിടയിൽ ഇത്തരം ശിർക്ക് നിറഞ്ഞ അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും പലതും കാണാവുന്നതാണ്. മുശ്‌രിക്കുകൾക്കിടയിൽ നടപ്പിലുള്ള പലതരം ശിർക്കുപരമായ വിശ്വാസാചാരങ്ങൾ -ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ- നാമമാത്രവ്യത്യാസത്തോടുകൂടി മുസ്‌ലിം സമുദായ മദ്ധ്യേയും നിലവിലുണ്ടെന്നുള്ളത് അത്യധികം ദുഃഖകരമാണെങ്കിലും അനിഷേധ്യമായ ഒരു സത്യമത്രെ.

മലക്കുകളെ അല്ലാഹുവിന്റെ പെൺമക്കളായി അറബി മുശ്‌രിക്കുകൾ സങ്കൽപിച്ചിരുന്നു. ഈസാ നബി (അ)യെയും, ഉസൈർ (അ)നെയും അവന്റെ പുത്രന്മാരായി വേദക്കാരും വിശ്വസിച്ചിരുന്നു. ഇതിൽ ഉസൈർ (അ)നെ സംബന്ധിച്ച വാദത്തിന് ഇന്ന് അത്ര പ്രസക്തി കാണപ്പെടുന്നില്ലെങ്കിലും മറ്റുള്ള വാദങ്ങളും, അക്ഷരത്തിലോ, അർത്ഥത്തിലോ അവക്ക് തുല്യമായ മറ്റു പല വാദങ്ങളും അന്നുതൊട്ട് ഇന്നോളം ജനമദ്ധ്യേ നിലവിലുണ്ട്. ഇതെല്ലാം അല്ലാഹുവിന്റെ അധികാരാവകാശങ്ങളിലും, അവന്റെ ഗുണമാഹാത്മ്യങ്ങളിലും അവന് പങ്കുകാരെയും തുല്യന്മാരെയും ഉണ്ടാക്കലാകുന്നു. അവനാകട്ടെ, ഇത്തരത്തിൽപെട്ട എല്ലാ സങ്കൽപങ്ങളിൽ നിന്നും വർണനകളിൽ നിന്നും എത്രയോ പരിശുദ്ധനും ഉന്നതനുമാണ് താനും (سُبۡحَانَهُۥ وَتَعَالَىٰ عَمَّا يَصِفُونَ).

വിഭാഗം - 13

بَدِيعُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ

﴾101﴿ ആകാശങ്ങളെയും, ഭൂമിയെയും മാതൃകയില്ലാതെ ഉണ്ടാക്കിയവനാണ് (അവൻ).

أَنَّىٰ يَكُونُ لَهُۥ وَلَدٞ وَلَمۡ تَكُن لَّهُۥ صَٰحِبَةٞۖ

അവന് എങ്ങിനെയാണൊരു സന്താനമുണ്ടാകുക-അവന് ഒരു കൂട്ടുകാരി [സഖി]യുമില്ലതാനും (-എന്നിരിക്കെ)?!

وَخَلَقَ كُلَّ شَيۡءٖۖ وَهُوَ بِكُلِّ شَيۡءٍ عَلِيمٞ ﴿١٠١﴾

എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു; അവൻ എല്ലാ വസ്തുവെക്കുറിച്ചും അറിയുന്നവനുമാകുന്നു.

﴾101﴿ بَدِيعُ മാതൃകയില്ലാതെ ഉണ്ടാക്കിയവൻ السَّمَاوَاتِ ആകാശങ്ങളെ وَالأَرْضِ ഭൂമിയെയും أَنَّىٰ يَكُونُ എങ്ങിനെയുണ്ടാവും, ഉണ്ടാകുന്നതെങ്ങിനെ لَهُ അവന് وَلَدٌ സന്താനം, ഒരു കുട്ടി وَلَمْ تَكُنْ ഇല്ലതാനും, ഉണ്ടായിട്ടുമില്ല لَهُ അവന് صَاحِبَةٌ ഒരു കൂട്ടുകാരി, സഖി (സഹധർമിണി) وَخَلَقَ അവൻ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു كُلَّ شَيْءٍ

എല്ലാ വസ്തുവെയും وَهُوَ അവനാകട്ടെ بِكُلِّ شَيْءٍ എല്ലാവസ്തുവെപറ്റിയും عَلِيمٌ അറിയുന്നവനാണ്.

കഴിഞ്ഞ വചനത്തിൽ ബഹുദൈവ വിശ്വാസികൾ ജിന്നുകളെ അല്ലാഹുവിന് പങ്കുകാരാക്കിയതിനെയും അവന് പുത്രന്മാരും പുത്രികളുമുണ്ടെന്ന് വാദിച്ചതിനെയുംകുറിച്ച് പ്രസ്താവിച്ചു. അവന് പങ്കുകാരും സമന്മാരും ഉണ്ടാവാൻ നിവൃത്തിയില്ലെന്നുള്ളതിന് അനേകം ദൃഷ്ടാന്തങ്ങൾ അതിന് മുമ്പുള്ള വചനങ്ങളിൽ വിവരിച്ചു കഴിഞ്ഞിരിക്കകൊണ്ട് ജിന്നുകളെ പങ്കാളിയാക്കിയതിനെ സംബന്ധിച്ചു വിശേഷിച്ചു തെളിവൊന്നും പ്രത്യേകം പ്രസ്താവിക്കേണ്ടതായിട്ടില്ല. പിന്നെ സന്താന വാദത്തെ സംബന്ധിച്ചാണ് പറയുവാനുള്ളത്. അതാണീ വചനത്തിൽ കാണുന്നത്. അവന് സന്താനമുണ്ടായിരിക്കുവാനും നിവൃത്തിയില്ലെന്നുള്ളതിന് അല്ലാഹു ചില കാരണങ്ങൾ ഈ വചനത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു:

(1) ആകാശഭൂമികളെ മുഴുവനും ഒരു മുൻമാതൃകയില്ലാതെ നവീനമായി നിർമിച്ചുണ്ടാക്കിയവനാണവൻ. എന്നിരിക്കെ, അവയിൽപെട്ട ഏതെങ്കിലും ഒന്നിനെ അവന്റെ സന്താനമായി സങ്കൽപിക്കുന്നതെങ്ങിനെയാണ്?! സന്താനത്തെ പുത്തനായി നിർമിച്ചുണ്ടാക്കുകയല്ലല്ലോ ചെയ്യുക.

(2) അല്ലാഹുവിന് ഒരു സന്താനമുണ്ടാകണമെങ്കിൽ അവന് ഒരു കൂട്ടുകാരി -അഥവാ ഒരു സഹധർമിണി- വേണമല്ലോ. ആ കൂട്ടുകാരിയായിരിക്കും അതിന്റെ മാതാവ്. അല്ലാഹുവിന് കൂട്ടുകാരിയേ ഇല്ല. ഒരു കൂട്ടുകാരിയുള്ളതായി ഈ മുശ്രിക്കുകളും ജല്പിക്കുന്നില്ല. എന്നിരിക്കെ അവന് സന്താനമുണ്ടെന്ന് പറയുന്നതിന് എന്താണർത്ഥം?!(*)

(3) വസ്തുക്കളായി എന്തെല്ലാമുണ്ടോ അതെല്ലാം അവന്റെ സൃഷ്ടിയാണ്. സന്താനം സൃഷ്ടിയായിരിക്കുകയില്ലല്ലോ. ആകുന്ന പക്ഷം സൃഷ്ടികളെല്ലാം സന്താനങ്ങളായിരിക്കേണ്ടതായിവരും.

(4) സർവ്വ വസ്തുക്കളെക്കുറിച്ചും സസൂക്ഷ്മവും സവിസ്തരവും അറിയുന്നവനാണവൻ. അപ്പോൾ, അവൻ അറിയാതെ അവന്ന് എങ്ങിനെ സന്താനമുണ്ടാകും? അവന് മക്കളുണ്ടായിരിക്കുക, എന്നിട്ട് അവൻ അറിയാതിരിക്കുക, ഇതു ഒരിക്കലും സംഭവ്യമല്ലല്ലോ.

(*) ക്രിസ്ത്യാനികൾ യേശുവിനെ (ഈസാനബിയെ)പറ്റി ദൈവപുത്രനെന്ന് പറയുന്നത് സാധാരണ അർത്ഥത്തിലുള്ള പ്രകൃതി ജനനത്തിന്റെ അടിസ്ഥാനത്തിലല്ലെന്നും, അതുകൊണ്ട് ദൈവത്തിന് (അല്ലാഹുവിന്) ഒരു കൂട്ടുകാരി ഇല്ലാത്ത സ്ഥിതിക്ക് അവന് എങ്ങിനെ സന്താനമുണ്ടാകുമെന്ന ന്യായം തങ്ങളെ ബാധിക്കുന്നില്ലെന്നും മറ്റും ഇക്കാലത്ത് അവർ ഉരുവിടാറുണ്ട് . ഈ വാദം അടിമുടി തെറ്റാണെന്നുള്ളതിരിക്കട്ടെ, അത് ശരിയാണെന്ന് സമ്മതിച്ചു കൊടുത്താൽ തന്നെയും ഏതർത്ഥത്തിലും ഏതടിസ്ഥാനത്തിലുമുള്ള പുത്രത്വവും പിതൃത്വവും സ്ഥാപിക്കണമെങ്കിൽ, അതേ അർത്ഥത്തിലും, അതേ അടിസ്ഥാനത്തിലുമുള്ള ഒരു മാതൃത്വവും ഉണ്ടായിരിക്കാതെ അതെങ്ങിനെ ശരിയാകും?! കള്ളവാദത്തിനും വേണ്ടേ പ്രത്യക്ഷത്തിലെങ്കിലും ഒരു ന്യായം?!

അല്ലാഹുവിന്റെ സമന്മാർ, പങ്കാളികൾ, സന്താനങ്ങൾ എന്നിങ്ങിനെയുള്ള ഏതെങ്കിലും സങ്കല്പത്തിൽ ദിവ്യത്വം കൽപിക്കപ്പെടുവാൻ നാമമാത്ര അർഹതപോലും ആർക്കും ഏതിനും ഇല്ലെന്ന് ദൃഷ്ടാന്തങ്ങൾ സഹിതം സ്ഥാപിച്ച ശേഷം അല്ലാഹു പറയുന്നു:-

ذَٰلِكُمُ ٱللَّهُ رَبُّكُمْ ۖ

﴾102﴿ (അങ്ങിനെയുള്ള) ആ അവനത്രെ നിങ്ങളുടെ റബ്ബായ അല്ലാഹു.

لَآ إِلَٰهَ إِلَّا هُوَ ۖ

അവനല്ലാതെ ആരാധ്യനേ ഇല്ല.

خَٰلِقُ كُلِّ شَىْءٍ فَٱعْبُدُوهُ ۚ

എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു (അവൻ). ആകയാൽ നിങ്ങൾ അവനെ ആരാധിക്കുവിൻ.

وَهُوَ عَلَىٰ كُلِّ شَىْءٍ وَكِيلٌ ﴿١٠٢﴾

അവൻ എല്ലാ വസ്തുക്കളുടെ മേലും (കൈകാര്യം) ഏറ്റെടുത്തവനുമാകുന്നു.

لَّا تُدْرِكُهُ ٱلْأَبْصَٰرُ وَهُوَ يُدْرِكُ ٱلْأَبْصَٰرَ ۖ

﴾103﴿ അവനെ ദൃഷ്ടികൾ കണ്ടെത്തുകയില്ല; അവനാകട്ടെ, ദൃഷ്ടികളെ കണ്ടെത്തുകയും ചെയ്യുന്നു.

وَهُوَ ٱللَّطِيفُ ٱلْخَبِيرُ ﴿١٠٣﴾

അവൻ, സസൂക്ഷ്മനായുള്ളവനത്രെ; സൂക്ഷ്മജ്ഞാനിയത്രെ.

﴾102﴿ ذَٰلِكُمُ അങ്ങിനെയുള്ളവൻ, അവനത്രെ اللهُ അല്ലാഹു رَبُّكُمْ നിങ്ങളുടെ രക്ഷിതാവ് لَا إِلَٰهَ ഒരു ആരാധ്യനേയില്ല, ദൈവമില്ല إِلَّا هُوَ അവനല്ലാതെ خَالِقُ സ്രഷ്ടാവാണ്, സൃഷ്ടിച്ചവനാണ് كُلِّ شَيْءٍ എല്ലാ വസ്തുവെയും فَاعْبُدُوهُ അതിനാൽ അവനെ നിങ്ങൾ ആരാധിക്കുവിൻ وَهُوَ അവൻ, അവനാകട്ടെ عَلَىٰ كُلِّ شَيْءٍ എല്ലാ വസ്തുവിന്മേലും, കാര്യത്തിലും وَكِيلٌ (ബാധ്യത) ഏൽപിക്കപ്പെട്ട (ഏറ്റെടുത്ത)വനാണ് ﴾103﴿ لَا تُدْرِكُهُ അവനെ കണ്ടെത്തുക (കണ്ടുപിടിക്കുക)യില്ല الْأَبْصَارُ ദൃഷ്ടികൾ, കണ്ണുകൾ وَهُوَ يُدْرِكُ അവനാകട്ടെ കണ്ടെത്തുന്നു, കാണുകയും ചെയ്യും الْأَبْصَارَ ദൃഷ്ടികളെ وَهُوَ اللَّطِيفُ അവൻ സസൂക്ഷ്മനത്രെ, സൗമ്യനാകുന്നു الْخَبِيرُ സൂക്ഷ്മജ്ഞാനി

സൃഷ്ടികളുടെ കണ്ണുകൊണ്ട് കണ്ടുപിടിക്കുവാനും, അവരുടെ കാഴ്ചക്ക് എത്തിച്ചേരുവാനും സാധ്യമല്ലാത്തവിധം അതിസൂക്ഷ്മനും സൗമ്യനുമായുള്ളവനത്രെ അല്ലാഹു. അതേ സമയം എല്ലാ ദൃഷ്ടികളെയും കാഴ്ചകളെയും കണ്ടറിയുന്ന സൂക്ഷ്മജ്ഞാനിയുമാണവൻ. കേവലം ചെറിയതെങ്കിലും അതിവിപുലവും ആഴമേറിയതുമായ

തത്വങ്ങൾ ഉൾകൊള്ളുന്ന ഒരു വചനമാണിത്. അല്ലാഹുവിന്റെ പരമോന്നതവും പരിശുദ്ധവുമായ ഗുണമാഹാത്മ്യങ്ങളെ മനസ്സിലാക്കുന്നതിന് അടിസ്ഥാന നിദാനങ്ങളായി കരുതപ്പെടുന്ന രണ്ടു തിരുവചനങ്ങളിൽ ഒന്നാണിത്. മറ്റൊന്ന് لَيْسَ كَمِثْلِهِۦ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ (അവനെപ്പോലെ ഒരു വസ്തുവും ഇല്ല; അവൻ എല്ലാം കേട്ടറിയുന്നവനാണ്; കണ്ടറിയുന്നവനാണ്.) എന്ന വചനമാണ്. (ശൂറാ:11). അല്ലാഹുവിന്റെ ഗുണവിശേഷങ്ങളെയും വിശേഷണ നാമങ്ങളെയും ഈ രണ്ടു വാക്യങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ വ്യാഖ്യാനിക്കുവാൻ പാടില്ലെന്ന് പല മഹാന്മാരും ചൂണ്ടിക്കാട്ടിയിരിക്കുന്നു.

ചില യുക്തി ന്യായങ്ങളെ മുൻനിറുത്തി പരലോകത്തുവെച്ചും സൃഷ്ടികൾക്ക് അല്ലാഹുവിനെ കാണുവാൻ സാധ്യമല്ലെന്ന് വാദിക്കുന്ന മുഅ്തസിലഃ കക്ഷിക്കാർ, ഈ വചനം തങ്ങൾക്ക് തെളിവായി എടുത്തു പറയാറുണ്ട്. വാസ്തവത്തിൽ, സത്യവിശ്വാസികൾക്ക് പരലോകത്ത് വെച്ച് അല്ലാഹുവിനെ കാണുവാനുള്ള മഹാഭാഗ്യം സിദ്ധിക്കുമെന്ന് ക്വുർആനിൽതന്നെ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. അല്ലാഹു പറയുന്നു: وُجُوهٌ يَوْمَئِذٍ نَّاضِرَةٌ إِلَىٰ رَبِّهَا نَاظِرَةٌ - القيامة (ചില മുഖങ്ങൾ അന്നത്തെ ദിവസം -ക്വിയാമത്തു നാളിൽ- പ്രസന്നങ്ങളായിരിക്കും; അവയുടെ റബ്ബിന്റെ നേരെ നോക്കിക്കാണുന്നവയായിരിക്കും (75:22,23) മറ്റൊരു സ്ഥലത്ത് സത്യനിഷേധികളെക്കുറിച്ച് പറയുന്നു: كَلَّا إِنَّهُمْ عَن رَّبِّهِمْ يَوْمَئِذٍ لَّمَحْجُوبُونَ -المطففين (വേണ്ടാ, നിശ്ചയമായും അവർ, തങ്ങളുടെ റബ്ബിൽ നിന്ന് അന്ന് മറയിടപ്പെട്ടവർ തന്നെയായിരിക്കും). ഹദീഥുകളാകട്ടെ, ഈ വിഷയത്തിൽ നിരവധിയുണ്ട് താനും. കൂടുതൽ വിവരം 75:22-25 ന്റെ വ്യാഖ്യാനത്തിലും മറ്റും കാണുക:

قَدْ جَآءَكُم بَصَآئِرُ مِن رَّبِّكُمْ ۖ

﴾104﴿ (പറയുക:) 'നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്ക് ഉൾക്കാഴ്ച(ക്കുള്ള തെളിവു)കൾ വന്നു കഴിഞ്ഞിരിക്കുന്നു.

فَمَنْ أَبْصَرَ فَلِنَفْسِهِۦ ۖ

അതിനാൽ, ആർ (മനോദൃഷ്ടി കൊണ്ട്) കണ്ടറിഞ്ഞുവോ (അതിന്റെ ഗുണം) അവന്റെ സ്വന്തത്തിന് തന്നെ.

وَمَنْ عَمِىَ فَعَلَيْهَا ۚ

ആർ (കണ്ടറിയാതെ) അന്ധനായോ (അതിന്റെദോഷം) അതിന്റെ മേൽ തന്നെ.

وَمَآ أَنَا۠ عَلَيْكُم بِحَفِيظٍ ﴿١٠٤﴾

ഞാൻ നിങ്ങളുടെമേൽ ഒരു കാവൽക്കനല്ല.

﴾104﴿ قَدْ جَاءَكُمْ നിങ്ങൾക്ക് വന്നുകഴിഞ്ഞു بَصَائِرُ (ഉൾ)കാഴ്ചകൾ (തെളിവുകൾ) مِن رَّبِّكُمْ നിങ്ങളുടെ റബ്ബിങ്കൽനിന്ന് فَمَنْ أَبْصَرَ എന്നാൽ (അതിനാൽ) ആർ കണ്ടറിഞ്ഞുവോ فَلِنَفْسِهِ എന്നാൽ ഗുണം അവന്റെ സ്വന്തത്തിന് (അവന്) തന്നെയാണ്

وَمَنْ عَمِيَ ആർ അന്ധനായോ فَعَلَيْهَا എന്നാൽ ദോഷം അതിന്റെമേൽ (തന്നെ) ആയിരിക്കും وَمَا أَنَا ഞാനല്ലതാനും عَلَيْكُم നിങ്ങളുടെ മേൽ بِحَفِيظٍ ഒരു സൂക്ഷിപ്പു(കാവൽ)കാരൻ.

ഹൃദയംകൊണ്ട് കണ്ടറിഞ്ഞു കാര്യങ്ങൾ ഗ്രഹിക്കുവാൻ വേണ്ടത്ര തെളിവുകൾ നിങ്ങൾക്ക് കിട്ടികഴിഞ്ഞിട്ടുണ്ട്. തെളിവ് കിട്ടിയില്ലെന്ന ഒഴികഴിവുകൾക്ക് എനി നിവൃത്തിയില്ല. അതുകൊണ്ട് സത്യം മനസ്സിലാക്കി സ്വീകരിക്കുവാൻ തയ്യാറുള്ളവർ അതിനൊരുങ്ങിക്കൊള്ളട്ടെ. അതിന്റെ ഗുണം അവർക്ക് തന്നെയായിരിക്കും. അതല്ല, കണ്ണടച്ചു അന്ധരായിക്കഴിയുവാനാണ് വല്ലവരും ഉദ്ദേശിക്കുന്നതെങ്കിൽ അവർ അങ്ങിനെയും ചെയ്തുകൊള്ളട്ടെ. അതിന്റെ ഭവിഷ്യത്ത് അവർതന്നെ അനുഭവിക്കേണ്ടിവരും. എന്നല്ലാതെ, നിങ്ങളുടെ ഉത്തരവാദിത്വമൊന്നും ഞാൻ ഏറ്റെടുത്തിട്ടില്ല. സത്യാവസ്ഥയും, അതിന്റെ തെളിവുകളും വിവരിച്ചുതരുക മാത്രമേ എന്റെ ബാധ്യതയായുള്ളൂ. അത് ഞാൻ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട് എന്നിങ്ങിനെ ജനങ്ങളെ അറിയിക്കുവാൻ നബി ﷺയോട് അല്ലാഹു കൽപിക്കുകയാണ്.

بصيرة (ബസ്വീറത്ത്)ന്റെ ബഹുവചനമാണ് بصائر (ബസ്വാഇർ). ഉൾക്കാഴ്ച, അഥവാ മനോദൃഷ്ടി എന്ന അർത്ഥത്തിലാണ് അതിന്റെ ഉപയോഗം. പുറംകാഴ്ച, അഥവാ ബാഹ്യദൃഷ്ടി എന്ന അർത്ഥത്തിൽ بصر (ബസ്വർ) എന്ന വാക്കും ഉപയോഗിക്കുന്നു. ഇതിന്റെ ബഹുവചനം ابصار (അബ്സ്വാർ) എന്നത്രെ. അല്ലാഹു പറയുന്നു: فَإِنَّهَا لَا تَعْمَى الْأَبْصَارُ وَلَٰكِن تَعْمَى الْقُلُوبُ الَّتِي فِي الصُّدُورِ (സാരം: ബാഹ്യദൃഷ്ടികൾക്കല്ല അന്ധത ബാധിക്കുന്നത്. പക്ഷേ, നെഞ്ചുകളിലുള്ള ഹൃദയങ്ങൾക്കാണ് അന്ധത ബാധിക്കുന്നത് (ഹജ്ജ്:46).

وَكَذَٰلِكَ نُصَرِّفُ الْآيَاتِ وَلِيَقُولُوا دَرَسْتَ وَلِنُبَيِّنَهُ لِقَوْمٍ يَعْلَمُونَ ﴿١٠٥﴾

﴾105﴿ അപ്രകാരം, ദൃഷ്ടാന്തങ്ങളെ നാം വിവിധ രൂപത്തിൽ വിവരിക്കുന്നു. 'നീ പഠിച്ചുവെച്ചിരിക്കുന്നു'വെന്ന് അവർ പറയുവാൻ വേണ്ടിയും, അറിയാവുന്ന ജനങ്ങൾക്ക് ഇത് നാം വിവരിച്ചുകൊടുക്കുവാൻ വേണ്ടിയും (കൂടിയാണത്).

﴾105﴿ وَكَذَٰلِكَ അതുപോലെ, അപ്രകാരം نُصَرِّفُ നാം വിവിധ രൂപത്തിൽ വിവരിക്കുന്നു الآيَاتِ ദൃഷ്ടാന്തങ്ങളെ وَلِيَقُولُوا അവർ പറയുവാൻ വേണ്ടിയും دَرَسْتَ നീ പഠിച്ചുവെച്ചിരിക്കുന്നു وَلِنُبَيِّنَهُ അതിനെ നാം വിവരിച്ചു കൊടുക്കുവാനും لِقَوْمٍ ഒരു ജനത (ജനങ്ങൾ)ക്ക് يَعْلَمُونَ അറിയുന്ന

ഇങ്ങിനെ വിവിധ രൂപത്തിലായി ദൃഷ്ടാന്തങ്ങൾ വിവരിച്ചുതന്നുകൊണ്ടിരിക്കുന്നത് കാര്യം മനസ്സിലാക്കുന്നവർക്ക് അത് മനസ്സിലാക്കുവാനുള്ള സൗകര്യത്തിന് വേണ്ടിയാകുന്നു. അതിന് പുറമെ, അതിന്റെ അനന്തരഫലമായി മറ്റൊരു സംഗതികൂടി ഉണ്ടായിത്തീരുന്നു. ഇതൊക്കെ നീ മറ്റാരിൽ നിന്നോ പഠിച്ചുവെച്ചു ഞങ്ങളോട് പറയുകയാണ് -ഇതൊന്നും അല്ലാഹുവിൽ നിന്നുള്ളതല്ല- എന്നിങ്ങനെ ആ അവിശ്വാസികൾ നബി ﷺ യോട് പറയുവാനും ഇത് കാരണമാകുന്നു. അഥവാ അങ്ങിനെ കലാശിക്കും എന്ന് സാരം. ഒരാൾ ഒരു വാഹന അപകടത്തിൽ പെട്ടെന്ന് മരണപ്പെടുമ്പോൾ 'അവൻ മരിക്കുവാൻ വേണ്ടി ആ വാഹനത്തിൽ കയറി' എന്ന് പറയാറുള്ളതുപോലെയുള്ള ഭാഷാപരമായ ഒരു ശൈലിയാണ് .... وَلِيَقُولُوا الخ (അവർ പറയുവാൻ വേണ്ടിയും...) എന്ന വാക്യം.

'ഇത് മുഹമ്മദ് കെട്ടിയുണ്ടാക്കിയ നുണ മാത്രമാണ്, വേറെ ചിലർ അവനെ അതിന് സഹായിക്കുകയും ചെയ്തിരിക്കുന്നു. ഇതു പൂർവ്വികന്മാരുടെ പുരാണ കഥകളല്ലാതെ മറ്റൊന്നുമല്ല. അതവൻ എഴുതിയെടുത്തിരിക്കുകയാണ്' (25:4,5), എന്നും 'അവന് ഏതോ ഒരു മനുഷ്യൻ പഠിപ്പിക്കുന്നത് തന്നെയാണിത്' (16:103) എന്നുമൊക്കെ അവിശ്വാസികൾ പറയാറുണ്ടായിരുന്നവല്ലോ. അല്ലാഹു നബി ﷺ യോട് പറയുന്നു:-

ٱتَّبِعْ مَآ أُوحِىَ إِلَيْكَ مِن رَّبِّكَ ۖ

﴾106﴿ (നബിയേ) നിനക്ക് നിന്റെ റബ്ബിങ്കൽനിന്ന് 'വഹ്‌യ്' നൽകപ്പെട്ടിട്ടുള്ളതിനെ നീ പിൻപറ്റിക്കൊള്ളുക.

لَآ إِلَٰهَ إِلَّا هُوَ ۖ

അവനല്ലാതെ ആരാധ്യനേയില്ല.

وَأَعْرِضْ عَنِ ٱلْمُشْرِكِينَ ﴿١٠٦﴾

'മുശ്‌രിക്ക്'[ബഹുദൈവ വിശ്വാസി]കളിൽ നിന്ന് നീ തിരിഞ്ഞുകളയുകയും ചെയ്യുക.

﴾106﴿ اتَّبِعْ നീ പിൻപറ്റുക مَاأُوحِيَ വഹ്‌യ് നൽകപ്പെട്ടിട്ടുള്ളതിനെ إِلَيْكَ നിനക്ക് مِن رَبِّكَ നിന്റെ റബ്ബിൽനിന്ന് لَاإِلَٰهَ ആരാധ്യനേയില്ല إِلَاهُوَ അവനല്ലാതെ وَأَعْرِضْ നീ തിരിഞ്ഞുകളയുകയും (അവഗണിക്കുകയും) ചെയ്യുക عَنِالْمُشْرِكِينَ മുശ്‌രിക്കുകളിൽ നിന്ന്, ബഹുദൈവ വിശ്വാസങ്ങളെപറ്റി

وَلَوْ شَآءَ ٱللَّهُ مَآ أَشْرَكُوا۟ ۗ

﴾107﴿ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ ശിർക്ക് ചെയ്യുമായിരുന്നില്ല.

وَمَا جَعَلْنَٰكَ عَلَيْهِمْ حَفِيظًا ۖ

നിന്നെ അവരുടെ മേൽ നാം ഒരു കാവൽക്കാരനാക്കിയിട്ടില്ല താനും.

وَمَآ أَنتَ عَلَيْهِم بِوَكِيلٍ ﴿١٠٧﴾

നീ അവരുടെ മേൽ (ബാധ്യത) ഏറ്റെടുത്ത (അഥവാ ഏൽപിക്കപ്പെട്ട) വനല്ലതാനും.

﴾107﴿ وَلَوْ شَاءَ اللَّهُ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ مَا أَشْرَكُوا അവർ ശിർക്ക് (പങ്കുചേർക്കൽ) ചെയ്യുമായിരുന്നില്ല وَمَا جَعَلْنَاكَ നിന്നെ നാം ആക്കിയിട്ടുമില്ല عَلَيْهِمْ അവരുടെമേൽ, അവരിൽ حَفِيظًا സൂക്ഷിപ്പു(കാവൽ)കാരൻ وَمَا أَنتَ നീ അല്ലതാനും عَلَيْهِمْ അവരുടെ മേൽ بِوَكِيلٍ ഏറ്റെടുത്തവൻ, ഏൽപിക്കപ്പെട്ടവൻ

മലക്കുകളെപ്പോലെ എല്ലാവരും പരിശുദ്ധരും സത്യവിശ്വാസികളുമായിരിക്കണം -ആരും ശിർക്ക് ചെയ്യുന്നവരായിക്കൂടാ- എന്ന് അല്ലാഹു ഉദ്ദേശിച്ചിട്ടില്ല. അങ്ങിനെ അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അങ്ങിനെത്തന്നെ സംഭവിക്കുമായിരുന്നു. പക്ഷേ, സത്യാസത്യങ്ങൾ ഗ്രഹിച്ചു സത്യം സ്വീകരിക്കുന്നവർ അത് സ്വീകരിച്ചുകൊള്ളട്ടെ, അല്ലാത്തവർ മുശ്‌രിക്കുകളുമായിരുന്നുകൊള്ളട്ടെ, രണ്ടിന്റെയും ഫലം പിന്നീടവർ അനുഭവിച്ചുകൊള്ളും എന്നാണവൻ നിശ്ചയിച്ചു വെച്ചിരിക്കുന്നത്. അതുകൊണ്ട് ജനങ്ങളെ സത്യവിശ്വാസത്തിലേക്ക് നിർബന്ധിച്ചു വലിച്ചിഴക്കുകയോ അവരുടെ ഉത്തരവാദിത്വം നബി ﷺ ഏറ്റെടുക്കുകയോ വേണ്ടതില്ല എന്ന് സാരം.

وَلَا تَسُبُّوا۟ ٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ

﴾108﴿ അല്ലാഹുവിന് പുറമെ അവർ വിളി(ച്ചു പ്രാർത്ഥി)ക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്.

فَيَسُبُّوا۟ ٱللَّهَ عَدْوًۢا بِغَيْرِ عِلْمٍ

(കാരണം) അപ്പോൾ, വിവരമില്ലാതെ അവർ അല്ലാഹുവിനെ അതിരുവിട്ട് ശകാരിച്ചേക്കും.

كَذَٰلِكَ زَيَّنَّا لِكُلِّ أُمَّةٍ عَمَلَهُمْ

അപ്രകാരം, എല്ലാ സമുദായത്തിനും അവ(രവ)രുടെ പ്രവർത്തനം നാം ഭംഗിയാക്കിക്കൊടുത്തിരിക്കുന്നു.

ثُمَّ إِلَىٰ رَبِّهِم مَّرْجِعُهُمْ

പിന്നീട്, അവരുടെ റബ്ബിങ്കലേക്കാണ് അവരുടെ മടങ്ങിവരവ്.

فَيُنَبِّئُهُم بِمَا كَانُوا۟ يَعْمَلُونَ ﴿١٠٨﴾

അപ്പോൾ, അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപറ്റി അവരെ അവൻ ബോധ്യപ്പെടുത്തുന്നതാണ്.

﴾108﴿ وَلَا تَسُبُّوا നിങ്ങൾ പഴിക്കരുത്, ശകാരിക്കരുത് الَّذِينَ يَدْعُونَ അവർ വിളിക്കുന്ന (പ്രാർത്ഥിക്കുന്ന)വരെ مِن دُونِ اللَّهِ അല്ലാഹുവിനു പുറമെ فَيَسُبُّوا അപ്പോൾ അവർ പഴിച്ചേക്കും, ശകാരിക്കും اللَّهَ അല്ലാഹുവിനെ عَدْوًا ക്രമം തെറ്റി (അതിരുവിട്ടു)കൊണ്ട് بِغَيْرِ عِلْمٍ വിവരമില്ലാതെ كَذَٰلِكَ അപ്രകാരം زَيَّنَّا നാം ഭംഗിയാക്കി (അലങ്കാരമാക്കി)യിരിക്കുന്നു لِكُلِّ أُمَّةٍ എല്ലാ സമുദായത്തിനും عَمَلَهُمْ അവരുടെ പ്രവർത്തനം ثُمَّ പിന്നെ, പിന്നീട് إِلَىٰ رَبِّهِم അവരുടെ റബ്ബിങ്കലേക്കാണ് مَرْجِعُهُمْ അവരുടെ മടങ്ങിവരവ് فَيُنَبِّئُهُم

അപ്പോൾ അവൻ അവരെ ബോധ്യപ്പെടുത്തും, തെര്യപെടുത്തും بِمَا كَانُوا അവരായി രുന്നതിനെപറ്റി يَعْمَلُونَ അവർ പ്രവർത്തിക്കും.

ബഹുദൈവ വിശ്വാസികൾ വിളിച്ചാരാധിച്ചു വരുന്ന വസ്തുക്കളെ മുസ്‌ലിംകൾ പഴിച്ചും ശകാരിച്ചും സംസാരിക്കുന്നപക്ഷം, ആ വിവരംകെട്ടവർക്ക് അത് സഹിക്കുവാൻ കഴിയുകയില്ല, അവർ പകരം അല്ലാഹുവിനെപറ്റി അതിര് കവിഞ്ഞ പഴിവാക്കുകൾ പറയുവാൻ അത് കാരണമായിത്തീരും. അതുകൊണ്ട് അവരുടെ ആരാധ്യവസ്തുക്കളെ മുസ്‌ലിംകൾ പഴിച്ചു പറയരുതെന്ന് അല്ലാഹു വിരോധിക്കുന്നു. ഒരു കാര്യം സ്വതവേ നിർദ്ദോഷകരമായിരുന്നാൽപോലും അത് അനിഷ്ടകരമായ ഒരു ദോഷത്തിന് കാരണമായിത്തീരുന്നപക്ഷം അതിൽ നിന്ന് ഒഴിഞ്ഞു നിൽക്കേണ്ടതുണ്ട് എന്നത്രെ ഇതിലടങ്ങിയ തത്വം. നബി ﷺ ഒരിക്കൽ ഇങ്ങിനെ പറയുകയുണ്ടായി: 'തന്റെ മാതാപിതാക്കളെ പഴിച്ചവൻ ശപിക്കപ്പെട്ടവനാകുന്നു'. ഇത് കേട്ടപ്പോൾ സ്വഹാബികൾ ചോദിച്ചു: 'റസൂലേ, ഒരാൾ എങ്ങിനെ അയാളുടെ മാതാപിതാക്കളെ പഴിക്കും?' തിരുമേനി ഉത്തരം പറഞ്ഞു: 'അവൻ മറ്റവന്റെ വാപ്പയെ പഴിക്കും. അപ്പോൾ അവൻ, ഇവന്റെ വാപ്പയെയും ഉമ്മയെയും പഴിക്കും ഇങ്ങിനെയാണത്' (ബു; മു).

ഓരോ സമുദായത്തിനും അവരുടെ പ്രവർത്തനം നാം ഭംഗിയാക്കിയിരിക്കുന്നു. (زَيَّنَّا لِكُلِّ أُمَّةٍ عَمَلَهُمْ) എന്ന വാക്യത്തിന്റെ താൽപര്യം: ഓരോ സമുദായക്കാരും ആചരിച്ചുവരുന്ന നടപടിക്രമങ്ങൾ നല്ലതും വേണ്ടപ്പെട്ടതുമാണെന്ന് അവർക്ക് തോന്നുക സ്വാഭാവികമാണ്; അങ്ങിനെയുള്ള ഒരു സ്വഭാവ പ്രകൃതിയാണ് മനുഷ്യന് നൽകപ്പെട്ടിരിക്കുന്നത്; അതനുസരിച്ച് അവരുടെ ദൈവങ്ങളെ ബഹുമാനിക്കുന്നതും വന്ദിക്കുന്നതുമൊക്കെ നല്ല കാര്യമാണെന്ന് അവർ കരുതിവെക്കുകയാണ്; അതുകൊണ്ട് അവയെ നിങ്ങൾ പഴിക്കുന്നപക്ഷം അവർ കൂടുതലായി ധിക്കാരത്തിനും അക്രമത്തിനും മുതിരുകയാണുണ്ടാകുക എന്നൊക്കെയാകുന്നു.

وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَٰنِهِمْ

﴾109﴿ തങ്ങൾക്ക് കഴിയും പ്രകാരം അവർ അല്ലാഹുവിൽ സത്യം ചെയ്ത് (ഉറപ്പിച്ച്) പറയുന്നു:

لَئِن جَآءَتْهُمْ ءَايَةٌ لَّيُؤْمِنُنَّ بِهَا ۚ

തങ്ങൾക്ക് വല്ല(പ്രത്യേക) ദൃഷ്ടാന്തവും വന്നുകിട്ടിയെങ്കിൽ, തീർച്ചയായും അവർ അതിൽ വിശ്വസിക്കുകതന്നെ ചെയ്യുമെന്ന്.

قُلْ إِنَّمَا ٱلْءَايَٰتُ عِندَ ٱللَّهِ ۖ

നീ പറയുക: 'നിശ്ചയമായും, ദൃഷ്ടാന്തങ്ങൾ അല്ലാഹുവിന്റെ അടുക്കൽ (മാത്രം) ആണുള്ളത്:

وَمَا يُشْعِرُكُمْ أَنَّهَآ إِذَا جَآءَتْ لَا يُؤْمِنُونَ ﴿١٠٩﴾

നിങ്ങൾക്ക് എന്തറിയാം, അത് വന്നുകിട്ടിയാൽ അവർ വിശ്വസിക്കുന്നതല്ല എന്നുള്ളത്?!'

﴾109﴿ وَأَقْسَمُوا അവർ സത്യം ചെയ്തു (പറഞ്ഞു), സത്യം ചെയ്യുന്നു, (ചെയ്യുകയാ
ണ്) بِاللَّهِ അല്ലാഹുവിൽ, അല്ലാഹുവിനെക്കൊണ്ട് جَهْدَ കഴിയും പ്രകാരം (ബുദ്ധിമുട്ടാ
വുന്നത്ര) أَيْمَانِهِمْ തങ്ങളുടെ സത്യ(ശപഥ)ങ്ങളിൽവെച്ച് لَئِنْ جَاءَتْهُمْ തീർച്ചയായും
തങ്ങൾക്ക് വന്നുവെങ്കിൽ آيَةٌ വല്ല ദൃഷ്ടാന്തവും, ഒരു ദൃഷ്ടാന്തം لَيُؤْمِنُنَّ അവർ
വിശ്വസിക്കുക തന്നെ ചെയ്യും بِهَا അതിൽ قُلْ നീ പറയുക إِنَّمَا الْآيَاتُ നിശ്ചയമായും
ദൃഷ്ടാന്തങ്ങൾ عِنْدَ اللَّهِ അല്ലാഹുവിന്റെ അടുക്കൽ (മാത്രം) ആകുന്നു وَمَا يُشْعِرُكُمْ
നിങ്ങൾക്ക് എന്തറിയാം, നിങ്ങളെ ബോധ്യപ്പെടുത്തുന്നതെന്ത് أَنَّهَا അത് (ആകുന്നു)
എന്നുള്ളത് إِذَا جَاءَتْ അതുവന്നാൽ لَا يُؤْمِنُونَ അവർ വിശ്വസിക്കുകയില്ല (എന്ന്)

നിങ്ങൾക്ക് അതറിയുകയില്ല. എന്നാൽ അല്ലാഹുവിനറിയാം; ദൃഷ്ടാന്തം കണ്ടാലും അവർ വിശ്വസിക്കുകയില്ലെന്ന്.

وَنُقَلِّبُ أَفْـِٔدَتَهُمْ وَأَبْصَـٰرَهُمْ كَمَا لَمْ يُؤْمِنُوا۟ بِهِۦٓ أَوَّلَ مَرَّةٍ وَنَذَرُهُمْ فِى طُغْيَـٰنِهِمْ يَعْمَهُونَ ﴿١١٠﴾

﴾110﴿ അവർ ഇതിൽ [ക്വുർആനിൽ] ആദ്യ പ്രാവശ്യം (തന്നെ) വിശ്വസിക്കാതിരുന്നപോലെ, അവരുടെ ഹൃദയങ്ങളെയും, ദൃഷ്ടികളെയും നാം മറിച്ചുകൊണ്ടിരിക്കുന്നതാണ്. അവരുടെ അതിരു കവിച്ചലിൽ (അന്ധാളിച്ചു) അലഞ്ഞുകൊണ്ടിരിക്കുമാറ് അവരെ നാം വിട്ടേക്കുന്നതുമാണ്.

﴾110﴿ وَنُقَلِّبُ നാം മറിച്ചുകൊണ്ടിരിക്കുന്നു أَفْئِدَتَهُمْ അവരുടെ ഹൃദയങ്ങളെ وَأَبْصَارَهُمْ
അവരുടെ ദൃഷ്ടി(കാഴ്ച)കളെയും كَمَا لَمْ يُؤْمِنُوا അവർ വിശ്വസിക്കാത്തപോലെ بِهِ
ഇതിൽ, അതിൽ أَوَّلَ مَرَّةٍ ഒന്നാം (ആദ്യ) പ്രാവശ്യം وَنَذَرُهُمْ അവരെ നാം വിടുകയും
ചെയ്യുന്നു فِي طُغْيَانِهِمْ അവരുടെ അതിരുകവിച്ചലിൽ, ധിക്കാരത്തിൽ يَعْمَهُونَ അവർ
അന്തംവിട്ടു(പരിഭ്രമിച്ചു-അന്ധാളിച്ചു-അലഞ്ഞു)കൊണ്ടിരിക്കുമാറ്

ആദ്യംമുതൽക്കേ അവർ ക്വുർആനെ എതിർക്കുകയും നിഷേധിക്കുകയുമാണ് ചെയ്തുവന്നത്. തെളിവുകളിലും ലക്ഷ്യങ്ങളിലും അവർ ശ്രദ്ധകൊടുത്തതേയില്ല. എനി, പുതിയൊരു ദൃഷ്ടാന്തം കണ്ടാലും അവർ വിശ്വസിക്കുവാൻ പോകുന്നില്ല. അവരുടെ മനസ്സിനും കാഴ്ചക്കുമൊക്കെ തകരാറ് ബാധിച്ചിരിക്കുന്നു. ഹൃദയം കൊണ്ട് ആലോചിച്ചോ, കണ്ണുകൊണ്ട് കണ്ടറിഞ്ഞോ കാര്യം മനസ്സിലാക്കി അവർ സത്യം സ്വീകരിച്ചേക്കുമെന്നുള്ള പ്രതീക്ഷക്ക് എനി അവകാശമില്ല. അവർ കൂടുതൽ ദുഷിച്ചുകൊണ്ടിരിക്കുകയാണ്. അവർ ചെയ്യുന്നതൊക്കെ ചെയ്തുകൊള്ളട്ടെ എന്നുവെച്ച് തൽക്കാലം നാം അവരെ അയച്ചുവിടുകയാണ് ചെയ്യുന്നത് എന്ന് താൽപര്യം.

'അവരുടെ പ്രവർത്തനത്തെ അവർക്ക് നാം ഭംഗിയാക്കി', 'അവരുടെ ഹൃദയങ്ങളെയും കാഴ്ചകളെയും നാം മറിച്ചുകൊണ്ടിരിക്കുന്നു', 'അവരുടെ അതിക്രമത്തിൽ അന്ധാളിച്ചു വിഹരിക്കുവാൻ നാം അവരെ വിട്ടുകളയുന്നു' എന്നിത്യാദി പ്രയോഗങ്ങളിൽ അടങ്ങിയ ആശയങ്ങളെപറ്റി പലസന്ദർഭങ്ങളിലും നാം മുമ്പ് വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്.

വിഭാഗം - 14

ജുസ്ഉ് - 8

۞ وَلَوْ أَنَّنَا نَزَّلْنَآ إِلَيْهِمُ ٱلْمَلَٰٓئِكَةَ وَكَلَّمَهُمُ ٱلْمَوْتَىٰ وَحَشَرْنَا عَلَيْهِمْ كُلَّ شَىْءٍ قُبُلًا مَّا كَانُوا۟ لِيُؤْمِنُوٓا۟ إِلَّآ أَن يَشَآءَ ٱللَّهُ

وَلَٰكِنَّ أَكْثَرَهُمْ يَجْهَلُونَ ﴿١١١﴾

﴿111﴾ നാം അവരിലേക്ക് മലക്കുകളെ ഇറക്കിയെന്നിരുന്നാലും, മരണപ്പെട്ടവർ അവരോട് സംസാരിക്കുകയും ചെയ്തു(വെന്നാലും). അവർക്ക് (ദൃഷ്ടാന്തമായി) എല്ലാ വസ്തുക്കളെയും കൂട്ടംകൂട്ടമായി നാം ശേഖരിച്ചു (കൂട്ടി)കൊടുക്കുകയും ചെയ്തു(വെന്നാലും), അവർ വിശ്വസിക്കുവാൻ (തയ്യാർ) ആകുന്നതല്ല- അല്ലാഹു ഉദ്ദേശിക്കുന്നതായാലല്ലാതെ.

പക്ഷേ, അവരിലധികമാളുകളും അറിയാതിരിക്കുകയാണ്.

﴿111﴾ وَلَوْأَنَّنَا നാമായിരുന്നെങ്കിൽ نَزَّلْنَا നാം ഇറക്കി(യിരുന്നു) إِلَيْهِمُ അവരിലേക്ക് الْمَلَائِكَةَ മലക്കുകളെ وَكَلَّمَهُمُ അവരോട് സംസാരിക്കുകയും ചെയ്തു الْمَوْتَىٰ മരണപ്പെട്ടവർ وَحَشَرْنَا നാം ശേഖരിക്കുക (ഒരുമിച്ചുകൂട്ടുക)യും ചെയ്തു عَلَيْهِمْ അവർക്ക് كُلَّ شَيْءٍ എല്ലാ വസ്തുക്കളും قُبُلًا കൂട്ടങ്ങളായി, കൂട്ടംകൂട്ടമായി مَا كَانُوا അവർ ഉണ്ടാകുകയില്ല, ആകുകയില്ല لِيُؤْمِنُوا അവർ വിശ്വസിക്കുക, വിശ്വസിക്കുവാൻ إِلَّا أَنْ يَشَاءَ ഉദ്ദേശിക്കുന്നതായാലല്ലാതെ اللَّهُ അല്ലാഹു وَلَٰكِنَّ പക്ഷേ أَكْثَرَهُمْ അവരിൽ അധികവും يَجْهَلُونَ അറിയാതിരിക്കുന്നു (അജ്ഞരാണ്).

109-ാം വചനത്തിലെ വിഷയവുമായി ബന്ധപ്പെട്ടതാണ് ഈ വചനവും, തങ്ങൾക്ക് വല്ല പ്രത്യേക ദൃഷ്ടാന്തവും കാണിച്ചു തന്നാൽ തങ്ങൾ വിശ്വസിച്ചുകൊള്ളാമെന്ന് അവർ -മുശ്രിക്കുകൾ- സത്യം ചെയ്തു പറയുന്നതിന് അർത്ഥമില്ല. എത്ര വമ്പിച്ച ദൃഷ്ടാന്തം കണ്ടാലും അവർ വിശ്വസിക്കുവാൻ മുമ്പോട്ട് വരികയില്ല. അത്രയും ദുഷിച്ചു കടുത്തുപോയിട്ടുണ്ട് അവരുടെ ഹൃദയങ്ങൾ എന്ന് ചുരുക്കം. അവർക്ക് ആകാശത്ത് നിന്ന് ഒരു വാതിൽ തുറന്നുകൊടുത്തിട്ട് അവർ അതിലൂടെ കയറിപ്പോയാലും ഞങ്ങളുടെ കാഴ്ചക്ക് ലഹരി ബാധിച്ചിരിക്കുകയാണ്, ഞങ്ങൾക്ക് മാരണം ബാധിച്ചിരിക്കുകയാണ് എന്നൊക്കെ അവർ പറയുമെന്ന് സൂറഃ ഹിജ്ർ 14,15 വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അതുപോലെയുള്ള ഒരു പ്രസ്താവനയാണിതും.

അല്ലാഹുവിന്റെ ഉദ്ദേശ്യം കൂടാതെ ഒരു കാര്യവും -നന്മയാകട്ടെ തിന്മയാകട്ടെ- സംഭവിക്കുകയില്ലെന്നും, ഓരോന്നിനും ഇന്നിന്ന പ്രകാരമെന്നുള്ള ഒരു വ്യവസ്ഥ അവൻ നിശ്ചയിച്ചു വെച്ചിട്ടുണ്ടെന്നും ക്വുർആനിൽ നിന്നും നബി വചനങ്ങളിൽ നിന്നും പരക്കെ

അറിയപ്പെട്ടതാണ്. ഈ വിഷയത്തിൽ നാനാവശങ്ങളെയും സംബന്ധിച്ച് സൂറത്തുൽ ഹദീദിനു ശേഷമുള്ള 'ക്വദാ-ക്വദ്ർ' എന്ന ശീർഷകത്തിൽ നൽകിയ വ്യാഖ്യാനക്കുറിപ്പിൽ തെളിവുകൾ സഹിതം വിശദമായി വിവരിച്ചിട്ടുണ്ട്. അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ അവർ വിശ്വസിക്കുകയില്ല (مَاكَانُوا لِيُؤْمِنُوا إِلَّا أَنْ يَشَاءَ اللَّهُ) അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ ശിർക്ക് ചെയ്യുമായിരുന്നില്ല (وَلَوْ شَاءَ اللَّهُ مَا أَشْرَكُوا) എന്നിങ്ങനെയുള്ള ക്വുർആൻ വാക്യങ്ങളുടെ താൽപര്യവും, അവക്ക് ചില തൽപര കക്ഷികൾ നൽകാറുള്ള ദുർവ്യാഖ്യാനങ്ങൾക്ക് മറുപടിയും അതിൽ നിന്ന് നല്ലപോലെ മനസ്സിലാക്കാവുന്നതാണ്. ان شاء الله

وَكَذَٰلِكَ جَعَلْنَا لِكُلِّ نَبِيٍّ عَدُوًّا شَيَٰطِينَ ٱلْإِنسِ وَٱلْجِنِّ يُوحِى بَعْضُهُمْ إِلَىٰ بَعْضٍ زُخْرُفَ ٱلْقَوْلِ غُرُورًا ۚ وَلَوْ شَآءَ رَبُّكَ مَا فَعَلُوهُ ۖ فَذَرْهُمْ وَمَا يَفْتَرُونَ ﴿١١٢﴾

﴿112﴾ അതുപോലെ, എല്ലാ പ്രവാചകന്മാർക്കും നാം ഓരോ ശത്രുവെ ഏർപെടുത്തിയിരിക്കുന്നു. അതായത്, മനുഷ്യരിലെയും ജിന്നുകളിലെയും പിശാചുക്കളെ, അവരിൽ ചിലർ ചിലരോട് തമ്മതമ്മിൽ വഞ്ചനയായി മോടിവാക്ക് സ്വകാര്യബോധനം നൽകിക്കൊണ്ടിരിക്കുന്നതാണ്.

നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല. ആകയാൽ, അവരെയും, അവർ കെട്ടിച്ചമക്കുന്നതിനെയും നീ (അങ്ങ്) വിട്ടേക്കുക.

وَلِتَصْغَىٰٓ إِلَيْهِ أَفْـِٔدَةُ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ وَلِيَرْضَوْهُ وَلِيَقْتَرِفُوا۟ مَا هُم مُّقْتَرِفُونَ ﴿١١٣﴾

﴿113﴾ പരലോകത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ അതിലേക്ക് ചായുവാൻവേണ്ടിയും, അവരത് തൃപ്തിപ്പെടുവാൻവേണ്ടിയും, അവർ പ്രവർത്തിച്ചുണ്ടാക്കുന്നത് അവർ പ്രവർത്തിച്ചുണ്ടാക്കുവാൻ വേണ്ടിയുമാകുന്നു (അത്).

﴿112﴾ وَكَذَٰلِكَ അപ്രകാരം, അതുപോലെ جَعَلْنَا നാം ആക്കി (ഏർപ്പെടുത്തി)യിരിക്കുന്നു لِكُلِّ نَبِيٍّ എല്ലാ പ്രവാചകന്നും عَدُوًّا ഒരു (ഓരോ) ശത്രുവെ شَيَاطِينَ അതായത് പിശാചുക്കളെ الْإِنْسِ മനുഷ്യരിലെ وَالْجِنِّ ജിന്നിലെയും يُوحِي വഹ്‌യ് (രഹസ്യ ഭാഷണം) നൽകുന്നതുമാണ് بَعْضُهُمْ അവരിൽ ചിലർ إِلَىٰ بَعْضٍ ചിലരിലേക്ക്, ചിലരോട് زُخْرُفَ الْقَوْلِ മോടിവാക്ക്, കൃത്രിമവാക്ക്, തങ്കമൊഴി غُرُورًا വഞ്ചന (ചതി)യായിട്ട്, കൃത്രി

മമായി وَلَوْشَاءَ ഉദ്ദേശിച്ചിരുന്നുവെങ്കിൽ رَبُّكَ നിന്റെ റബ്ബ് مَافَعَلُوهُ അവരത് ചെയ്യുമായിരുന്നില്ല فَذَرْهُمْ അതിനാൽ അവരെ നീ വിട്ടേക്കുക وَمَايَفْتَرُونَ അവർ കെട്ടിച്ചമക്കുന്നതിനെയും. ﴾113﴿ وَلِتَصْغَى ചായ്‌വാനും, മറിയുവാനും إِلَيْهِ അതിലേക്ക് أَفْئِدَةُ ഹൃദയങ്ങൾ الَّذِينَ യാതൊരുവരുടെ لَا يُؤْمِنُونَ വിശ്വസിക്കാത്ത بِالْآخِرَةِ പരലോകത്തിൽ وَلِيَرْضَوْهُ അതവർ തൃപ്തിപ്പെടുവാനും وَلِيَقْتَرِفُوا അവർ പ്രവർത്തിച്ചു (സമ്പാദിച്ചു)ണ്ടാക്കുവാനും مَا യാതൊന്ന് هُمْ അവർ مُقْتَرِفُونَ പ്രവർത്തിച്ചുണ്ടാക്കുന്നവരാണ്.

നബി തിരുമേനിക്ക് ﷺ മാത്രമല്ല ശത്രുക്കളെക്കൊണ്ടുള്ള ശല്യവും ബുദ്ധിമുട്ടും ഉണ്ടായിട്ടുള്ളത്. കഴിഞ്ഞുപോയ എല്ലാ നബിമാർക്കും ഇതുപോലെ, മനുഷ്യരായ പിശാചുക്കളും, ജിന്നുകളായ പിശാചുക്കളും ശത്രുക്കളായുണ്ടായിരുന്നു. അവർ പരസ്പരം -ഇരുകൂട്ടരും തമ്മിലും, ഓരോ കൂട്ടരും തമ്മതമ്മിലും- വഞ്ചനാപരമായ കൃത്രിമവാക്കുകൾ മോടിപിടിപ്പിച്ചു സ്വകാര്യമായി കൈമാറിക്കൊണ്ടിരിക്കും. അവരുടെ പതിവാണത്. അല്ലാഹു ഉദ്ദേശ്യപൂർവ്വം നടപ്പിലാക്കുന്നതുതന്നെയാണിതൊക്കെ. അഥവാ, അതിൽ പല യുക്തി രഹസ്യങ്ങളും അടങ്ങിയിട്ടുണ്ട്. അതൊക്കെ അതിന്റെ പാട്ടിന് നടന്നുകൊള്ളട്ടെ എന്നത്രെ ആദ്യത്തെ വചനത്തിന്റെ ചുരുക്ക സാരം.

രണ്ടാമത്തെ വചനത്തിന്റെ സാരം ഇപ്രകാരമാകുന്നു:- അനുകൂലങ്ങളുടെയും പ്രതികൂലങ്ങളുടെയും സംഘട്ടനത്തിൽ നിന്നും, നല്ലതും ചീത്തയും തമ്മിലുള്ള പോരാട്ടത്തിൽ നിന്നും ഉരുത്തിരിഞ്ഞുണ്ടാകേണ്ടതാണ് യഥാർത്ഥ നന്മ. തിന്മക്ക് സാധ്യതയും പ്രചോദനവുമില്ലാത്ത -നന്മക്ക് മാത്രം സാഹചര്യങ്ങൾ നിലവിലുള്ള- ഒരു ചുറ്റുപാടിൽ ഉണ്ടാകുന്ന നന്മക്ക് വളരെയൊന്നും സ്ഥാനം കൽപിക്കപ്പെടുവാനില്ല. സത്യവിശ്വാസവും സന്മാർഗവും അവയുടെ പ്രതികൂല ശക്തികളെ ജയിച്ചടക്കി രൂപം കൊള്ളേണ്ടതുണ്ട്. കൂടാതെ, നല്ലതും ചീത്തയും തിരഞ്ഞെടുക്കുവാനുള്ള അഭിപ്രായ സ്വാതന്ത്ര്യം മനുഷ്യന് നൽകപ്പെട്ടിട്ടുള്ള സ്ഥിതിക്ക് അല്ലാഹുവെക്കുറിച്ചും പരലോകത്തെക്കുറിച്ചും വിശ്വാസമില്ലാത്ത സത്യനിഷേധികൾക്ക് അവരുടെ ഇഷ്ടപ്രകാരം വിഹരിക്കുവാനുള്ള അവസരം ഇവിടെ ഉണ്ടായിരിക്കുകയും വേണ്ടതുണ്ടല്ലോ. അങ്ങിനെ, പ്രവാചകന്മാർ പ്രബോധനം ചെയ്യുന്ന ദൈവീക സന്ദേശങ്ങളെ എതിർക്കുന്നതിൽ മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുകൾ നേതൃത്വം വഹിക്കുകയും, അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാത്തവർ അവരുടെ ദുർമന്ത്രങ്ങളിലും ദുഷ്ചെയ്തികളിലും ആകൃഷ്ടരായിത്തീരുകയും ചെയ്യുമെന്ന് അല്ലാഹു നിശ്ചയിച്ചിരിക്കുകയാണ്. എല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യവും അറിവും അനുസരിച്ചു നടക്കുന്നത് തന്നെ.

ദുഷ്ടരായ മനുഷ്യരെക്കുറിച്ചാണ് മനുഷ്യപിശാചുകൾ എന്നുപറഞ്ഞത്. ജിന്നുകളിലുള്ള ദുഷ്ടവിഭാഗമാണ് ജിന്നു പിശാചുകൾ. شَيَاطِين(പിശാചുക്കൾ) എന്ന് ഉപാധികൂടാതെ ഉപയോഗിക്കുമ്പോൾ ജിന്നു പിശാചുക്കളെ ഉദ്ദേശിച്ചായിരിക്കും സാധാരണ അത് പറയപ്പെടാറുള്ളത്. ജിന്നിനെയും പിശാചിനെയും സംബന്ധിച്ച് കൂടുതൽ വിവരം അറിയുവാൻ സൂറത്തുസ്സ്വാഫാത്തിന് ശേഷമുള്ള ‘ജിന്നും ശൈത്വാനും’ എന്ന വ്യാഖ്യാനക്കുറിപ്പ് നോക്കുക.

أَفَغَيْرَ ٱللَّهِ أَبْتَغِى حَكَمًا وَهُوَ ٱلَّذِىٓ أَنزَلَ إِلَيْكُمُ ٱلْكِتَٰبَ مُفَصَّلًا ۚ

﴾114﴿ **(പറയുക:) 'അപ്പോൾ, അല്ലാഹു അല്ലാത്തവരെയോ ഞാൻ വിധി കർത്താവായി (തേടി) അന്വേഷിക്കുന്നത്? അവനത്രെ, വിശദീകരിക്കപ്പെട്ട നിലയിൽ നിങ്ങൾക്ക് വേദഗ്രന്ഥം ഇറക്കിത്തന്നിട്ടുള്ളവൻ (എന്നിരിക്കെ)!'**

وَٱلَّذِينَ ءَاتَيْنَٰهُمُ ٱلْكِتَٰبَ يَعْلَمُونَ أَنَّهُۥ مُنَزَّلٌ مِّن رَّبِّكَ بِٱلْحَقِّ ۖ

നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവരാകട്ടെ, അവർക്കറിയാം: അത് നിന്റെ റബ്ബിങ്കൽനിന്ന് യഥാർത്ഥ പ്രകാരം ഇറക്കപ്പെട്ടതാണെന്ന്.

فَلَا تَكُونَنَّ مِنَ ٱلْمُمْتَرِينَ ﴿١١٤﴾

അതിനാൽ, നിശ്ചയമായും, നീ സന്ദേഹപ്പെടുന്നവരുടെ കൂട്ടത്തിലായിത്തീരരുത്.

﴾114﴿ أَفَغَيْرَ اللهِ അപ്പോൾ അല്ലാഹു അല്ലാത്തവരെയോ أَبْتَغِي ഞാൻ തേടുന്നു, അന്വേഷിക്കുന്നു حَكَمًا വിധികർത്താവായിട്ട് وَهُوَ الَّذِي അവനത്രെ യാതൊരുവൻ أَنزَلَ إِلَيْكُمُ നിങ്ങളിലേക്ക് അവതരിപ്പിച്ച, ഇറക്കിയ الْكِتَابَ (വേദ) ഗ്രന്ഥത്തെ مُفَصَّلًا വിശദീകരിക്കപ്പെട്ടതായിക്കൊണ്ട് وَ الَّذِينَ യാതൊരുകൂട്ടരാവട്ടെ آتَيْنَاهُمُ അവർക്ക് നാം നൽകിയിരിക്കുന്നു الْكِتَابَ (വേദ) ഗ്രന്ഥം يَعْلَمُونَ അവരറിയും, അവർക്കറിയാം أَنَّهُ مُنَزَّلٌ അത് ഇറക്കപ്പെട്ടതാണെന്ന് مِن رَّبِّكَ നിന്റെ റബ്ബിങ്കൽനിന്ന് بِالْحَقِّ യഥാർത്ഥ(മുറ)പ്രകാരം فَلَا تَكُونَنَّ അതിനാൽ നിശ്ചയമായും നീ ആയിരിക്കരുത് مِنَ الْمُمْتَرِينَ സന്ദേഹപ്പെടുന്നവരിൽ(പെട്ടവൻ)

സംശയപ്പെടരുതെന്ന് പറഞ്ഞത് പ്രത്യക്ഷത്തിൽ നബി ﷺ യോടാണെങ്കിലും യഥാർത്ഥത്തിൽ ജനങ്ങളെ ഉന്നം വെച്ചുകൊണ്ടുള്ളതാകുന്നു. മുശ്രിക്കുകൾ വേദഗ്രന്ഥങ്ങളെക്കുറിച്ച് പരിചയമില്ലാത്തവരായതുകൊണ്ട് അവർ ഇതിൽ -ഖുർആനിൽ- സംശയിച്ചേക്കുവാനിടയുണ്ട്. വേദക്കാരെ സംബന്ധിച്ചേടത്തോളം ഇതിലെ ഉള്ളടക്കങ്ങളും തത്വങ്ങളും അവർക്ക് സുപരിചിതമാണ്. അതുകൊണ്ട് അവർക്കതിന്റെ സത്യത അറിയാവുന്നതാണ് എന്നുസാരം. വേദക്കാർ ഖുർആനെ നിഷേധിക്കുന്നത് അവർക്ക് അതറിയാത്തത്കൊണ്ടല്ലെന്നും, അവരുടെ അസൂയയും സ്വാർത്ഥതയും കാരണമാണെന്നും അല്ലാഹു വ്യക്തമായി പ്രസ്താവിക്കാറുള്ളതാണ്.

وَتَمَّتْ كَلِمَتُ رَبِّكَ صِدْقًا وَعَدْلًا ۚ

﴾115﴿ **നിന്റെ റബ്ബിന്റെ വചനം സത്യത്തിലും, നീതിയിലും പരിപൂർണമായിരിക്കുന്നു.**

لَّا مُبَدِّلَ لِكَلِمَـٰتِهِۦ ۚ	അവന്റെ വചനങ്ങൾക്ക് മാറ്റം വരുത്തുന്നവനേ ഇല്ല.
وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿١١٥﴾	അവൻ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ.
وَإِن تُطِعْ أَكْثَرَ مَن فِى ٱلْأَرْضِ يُضِلُّوكَ عَن سَبِيلِ ٱللَّهِ ۚ	﴾116﴿ ഭൂമിയിലുള്ളവരിൽ അധികമാളുകളെയും നീ അനുസരിക്കുന്ന പക്ഷം അവർ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് നിന്നെ വ്യതിചലിപ്പിക്കുന്നതാണ്.
إِن يَتَّبِعُونَ إِلَّا ٱلظَّنَّ وَإِنْ هُمْ إِلَّا يَخْرُصُونَ ﴿١١٦﴾	അവർ ഊഹത്തെയല്ലാതെ പിൻപറ്റുകയില്ല. അവർ മതിപ്പിട്ടു പറയുകയല്ലാതെ ചെയ്യുന്നുമില്ല.
إِنَّ رَبَّكَ هُوَ أَعْلَمُ مَن يَضِلُّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿١١٧﴾	﴾117﴿ നിശ്ചയമായും, നിന്റെ രക്ഷിതാവ് തന്നെയാണ് അവന്റെ മാർഗത്തിൽ നിന്ന് വ്യതിചലിക്കുന്നവരെ ഏറ്റവും അറിയുന്നവൻ. അവൻ തന്നെയാണ് സന്മാർഗം പ്രാപിക്കുന്നവരെപറ്റി ഏറ്റവും അറിയുന്നവനും.

﴾115﴿ وَتَمَّتْ പരിപൂർണമായിരിക്കുന്നു كَلِمَةُ വാക്ക്, വചനം رَبِّكَ നിന്റെ റബ്ബിന്റെ صِدْقًا സത്യത്തിൽ (സത്യത്താൽ-സത്യംകൊണ്ട്) وَعَدْلًا നീതിയിലും (നീതിയാലും) لَا مُبَدِّلَ മാറ്റംവരുത്തുന്ന (പകരമുണ്ടാക്കുന്ന)വരില്ല لِكَلِمَاتِهِ അവന്റെ വചന(വാക്ക്-വാക്യ)ങ്ങൾക്ക് وَهُوَ السَّمِيعُ അവൻ കേൾക്കുന്നവനത്രെ الْعَلِيمُ അറിയുന്നവൻ ﴾116﴿ وَإِنْ تُطِعْ നീ അനുസരിക്കുന്നപക്ഷം أَكْثَرَ അധികമാളെയും مَنْ فِي الْأَرْضِ ഭൂമിയിലുള്ളവരിൽ يُضِلُّوكَ അവർ നിന്നെ വഴിപിഴപ്പിക്കും, വ്യതിചലിപ്പിക്കും عَنْ سَبِيلِ മാർഗത്തിൽ (വഴിയിൽ)നിന്ന് اللَّهِ അല്ലാഹുവിന്റെ إِنْ يَتَّبِعُونَ അവർ പിൻപറ്റുന്നില്ല إِلَّا الظَّنَّ ഊഹത്തെ (ഭാവനയെ) അല്ലാതെ وَإِنْ هُمْ അവരല്ലതാനും إِلَّا يَخْرُصُونَ അവർ മതിപ്പിടുക (മതിപ്പ് പറയുക)യല്ലാതെ ﴾117﴿ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് هُوَ أَعْلَمُ അവൻ തന്നെ ഏറ്റം അറിയുന്നവൻ مَنْ يَضِلُّ പിഴച്ചു(വ്യതിചലിച്ചു)പോകുന്നവരെ عَنْ سَبِيلِهِ അവന്റെ മാർഗത്തിൽ നിന്ന് وَهُوَ أَعْلَمُ അവൻ തന്നെ ഏറ്റം അറിയുന്നവനും بِالْمُهْتَدِينَ നേർവഴി (സന്മാർഗം) പ്രാപിക്കുന്നവരെപറ്റി (അറിയുന്നവനും)

അല്ലാഹുവിന്റെ വചനങ്ങളെല്ലാം സത്യസമ്പൂർണങ്ങളായിരിക്കും, അവന്റെ

കൽപനാ നിർദ്ദേശങ്ങൾ നീതിയുക്തങ്ങളുമായിരിക്കും. അവയിൽ നീക്കുപോക്കിന് സ്ഥാനമില്ല. അവക്ക് പകരം അവയോട് കിടയൊക്കുന്നതോ, അവയെക്കാൾ പ്രായോഗികമോ യുക്തമോ ആയതോ വേറൊന്ന് ആവിഷ്കരിക്കുവാൻ ആർക്കും സാധ്യമല്ല. അവന്റെ സൃഷ്ടികൾക്ക് എന്തെല്ലാമാണ് ആവശ്യമായത്, അവരുടെ വിജയം ഏതിലാണ്, അവരുടെ പ്രകൃതി സ്വഭാവങ്ങൾക്ക് അനുയോജ്യവും പ്രായോഗികവുമായത് എന്തൊക്കെയാണ് എന്നിത്യാദി കാര്യങ്ങൾ അറിയുന്നവൻ അവൻ മാത്രമാകുന്നു. എന്നാൽ, ഭൂവാസികളായ മനുഷ്യരിൽ ഭൂരിഭാഗവും ഈ യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കാതെ -അല്ലെങ്കിൽ ഗൗനിക്കാതെ- ഈ ഋജു പന്ഥാവിൽ നിന്ന് പിഴച്ചുപോയിരിക്കുകയാണ്. ചില ഊഹങ്ങളെയും അനുമാനങ്ങളെയും അടിസ്ഥാനമാക്കി അവർ തെറ്റായ പല മാർഗങ്ങളും നടപടി ക്രമങ്ങളും പിൻപറ്റിക്കൊണ്ടിരിക്കുന്നു. സുദൃഢമായ ഏതെങ്കിലും തെളിവുകളെ അടിസ്ഥാനമാക്കിയല്ല അതൊന്നും. 'അതാണ് നല്ലത്, ഇതാണ് വേണ്ടത്, ജനഹിതം ഇന്നതാണ്, മുൻവഴക്കം ഇന്നതാണ്, സൗകര്യം ഇന്നിന്നപ്രകാരമാണ് എന്നിത്യാദി ചില മതിപ്പും കണക്കുകൂട്ടലുമാണ് അവരുടെ അവലംബം. അതുകൊണ്ട് ഭൂരിപക്ഷത്തിന്റെ അഭിപ്രായമോ, അംഗീകാരമോ കൊണ്ട് ഒരു കാര്യം ശരിയെന്ന് കരുതി അതിനെ അനുകരിക്കുകയോ, പിന്തുടരുകയോ ചെയ്തുകൂടാ. അല്ലാഹുവിന്റെ വിധിയെന്താണ്, അവൻ കാണിച്ചുതന്ന മാർഗം ഏതാണ് എന്നുള്ളതായിരിക്കണം എല്ലാറ്റിന്റെയും മാനദണ്ഡം. അതാണ് നേരായ മാർഗം. ആരെല്ലാമാണ് -ഏതുതരം ആളുകളാണ്- ആ മാർഗം സ്വീകരിക്കുന്നവരെന്നും, ആരെല്ലാമാണ് -ഏതുതരം ആളുകളാണ്- അതിൽ നിന്ന് പിഴച്ചുപോകുന്നവരെന്നും ഏറ്റവും അറിയുന്നവനും അല്ലാഹുതന്നെ.

ഈ വചനങ്ങളിൽ നിന്ന് മനസ്സിലാക്കേണ്ടുന്ന ചില പ്രധാന വസ്തുതകൾ ഇവയാണ്:

(1) ക്വുർആനിലൂടെയോ, നബി ﷺ മുഖേനയോ അല്ലാഹു അറിയിച്ചുതന്ന ഒരു തത്വത്തെയോ, വിധിയെയോ -കാലദേശ പരിതഃസ്ഥിതികളുടെയോ ജനഹിതത്തിന്റെയോ മറ്റോ പേരിൽ- മാറ്റി നിശ്ചയിക്കുവാനോ, ഭേദഗതി ചെയ്വാനോ ആർക്കും അവകാശമില്ല, അത് സ്വീകാര്യമോ ഗുണകരമോ ആയിരിക്കയുമില്ല. ഉദാഹരണമായി: ഇന്നത്തെ ലോകഗതിയും അന്താരാഷ്ട്ര സാമ്പത്തിക വ്യവസ്ഥകളും കണക്കിലെടുക്കുമ്പോൾ, ഇസ്‌ലാമിൽ പലിശ ഇടപാടുകളുടെ നിരോധനത്തിന് കുറേയൊക്കെ അയവു വരുത്തേണ്ടതുണ്ടെന്ന് ആധുനിക വാദികളായ ചില പണ്ഡിതന്മാർ അഭിപ്രായപ്പെടാറുള്ളത് അല്ലാഹുവിന്റെ പ്രസ്താവനകൾക്കും, ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾക്കും വിരുദ്ധമാകുന്നു.

(2) ഭൂരിപക്ഷത്തിന്റെ തീരുമാനമോ അഭിപ്രായമോ ഇസ്‌ലാമികമായ ഒരു വിധി നിർണയിക്കുവാനുള്ള മാനദണ്ഡമാകുന്നതല്ല. അല്ലാഹുവും റസൂലും എന്ത് കാണിച്ചു തരുന്നുവെന്നുള്ളത് മാത്രമാണതിന്റെ മാനദണ്ഡം. അല്ലാഹുവിന്റെയും റസൂലിന്റെയും വ്യക്തമായ നിർദ്ദേശങ്ങൾക്ക് നിരക്കാത്ത ഭൂരിപക്ഷാഭിപ്രായത്തിന് -അല്ല, സമസ്ത ജനങ്ങളുടെ അഭിപ്രായത്തിന് തന്നെയും- മതത്തിൽ വിലയില്ല.

(3) അല്ലാഹു ചിലരെ നേർവഴിയിലാക്കുമെന്നും, ചിലരെ വഴിപിഴവിലാക്കുമെന്നും പോലെയുള്ള പ്രസ്താവനകളുടെ ഉദ്ദേശ്യം, ഒരു പ്രത്യേക മാനദണ്ഡമോ, യുക്തമായ അടിസ്ഥാനമോ ഇല്ലാതെ, അല്ലാഹു കുറേ ആളുകളെ നല്ലവരും, കുറേ ആളുകളെ ചീത്തപ്പെട്ടവരുമാക്കിത്തീർക്കുമെന്നല്ല. തക്കതായ കാരണങ്ങളുടെയും, യുക്തമായ

വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കും അത്. ഈ വാസ്തവമത്രെ إِنَّ رَبَّكَ هُوَ أَعْلَمُ مَن يَضِلُّ عَن سَبِيلِهِ وَهُوَ أَعْلَمُ بِالْمُهْتَدِينَ (നിന്റെ റബ്ബിന്റെ മാർഗത്തിൽ നിന്ന് പിഴച്ചുപോകുന്നവർ ആരാണെന്ന് അവൻ ഏറ്റവും അറിയുന്നവനാണ്. നേർമാർഗം പ്രാപിക്കുന്നവരെകുറിച്ചും അവൻ ഏറ്റവും അറിയുന്നവനാണ്) എന്ന വചനത്തിൽ കാണുന്നത്. സൂ: നഹ്ൽ 125; ക്വസ്വസ് 56, ക്വലം 7 എന്നിവിടങ്ങളിലും ഇതുപോലെയുള്ള വാക്യങ്ങൾ കാണാവുന്നതാണ്.

فَكُلُوا۟ مِمَّا ذُكِرَ ٱسْمُ ٱللَّهِ عَلَيْهِ إِن كُنتُم بِـَٔايَٰتِهِۦ مُؤْمِنِينَ ﴿١١٨﴾

﴾118﴿ അതിനാൽ, അല്ലാഹുവിന്റെ നാമം ഉച്ചരി(ച്ചു അറു)ക്കപ്പെട്ടതിൽ നിന്ന് നിങ്ങൾ തിന്നുകൊള്ളുവിൻ; നിങ്ങൾ അവന്റെ 'ആയത്തു' [ലക്ഷ്യം]കളിൽ വിശ്വസിക്കുന്നവരാണെങ്കിൽ.

وَمَا لَكُمْ أَلَّا تَأْكُلُوا۟ مِمَّا ذُكِرَ ٱسْمُ ٱللَّهِ عَلَيْهِ

﴾119﴿ അല്ലാഹുവിന്റെ നാമം ഉച്ചരി(ച്ചു അറു)ക്കപ്പെട്ടതിൽ നിന്ന് തിന്നാതിരിക്കുമാറ് നിങ്ങൾക്ക് (തടസ്സം) എന്താണ്?

وَقَدْ فَصَّلَ لَكُم مَّا حَرَّمَ عَلَيْكُمْ إِلَّا مَا ٱضْطُرِرْتُمْ إِلَيْهِ ۗ

നിങ്ങളുടെ മേൽ അവൻ നിഷിദ്ധമാക്കിയത് അവൻ നിങ്ങൾക്ക് വിശദീകരിച്ചുതന്നിട്ടുമുണ്ട് (എന്നിരിക്കെ)! (പക്ഷേ) നിങ്ങൾ യാതൊന്നിനു നിർബന്ധിതരാക്കപ്പെട്ടുവോ അതൊഴികെ. [അതിന് വിരോധമില്ല താനും.]

وَإِنَّ كَثِيرًا لَّيُضِلُّونَ بِأَهْوَآئِهِم بِغَيْرِ عِلْمٍ ۗ

ഒരു വിവരവും ഇല്ലാതെ, വളരെ ആളുകളും അവരുടെ ഇച്ഛകൾക്കനുസരിച്ച് (ആളുകളെ) വഴിപിഴപ്പിച്ചുകൊണ്ടിരിക്കുന്നു.

إِنَّ رَبَّكَ هُوَ أَعْلَمُ بِٱلْمُعْتَدِينَ ﴿١١٩﴾

നിശ്ചയമായും നിന്റെ റബ്ബ് അതിരുവിടുന്നവരെപറ്റി ഏറ്റവും അറിയുന്നവനത്രെ.

﴾118﴿ فَكُلُوا അതിനാൽ നിങ്ങൾ തിന്നു(ഭക്ഷിക്കു)വിൻ مِمَّاذُكِرَ പറയ(ഉച്ചരിക്ക)പ്പെട്ടതിൽനിന്ന് اسْمُ اللهِ അല്ലാഹുവിന്റെ നാമം عَلَيْهِ അതിന്റെമേൽ إِنْ كُنْتُمْ നിങ്ങളാണെങ്കിൽ بِآيَاتِهِ അവന്റെ ആയത്ത് (ദൃഷ്ടാന്തം-ലക്ഷ്യം-വചനം)കളിൽ مُؤْمِنِينَ വിശ്വസിക്കുന്നവർ ﴾119﴿ وَمَالَكُمْ നിങ്ങൾക്ക് എന്താണ് أَلَاتَأْكُلُوا നിങ്ങൾ തിന്നാതിരിക്കുവാൻ, തിന്നാ

തിരിക്കുമാറ് مِمَّا ذُكِرَ പറയപ്പെട്ടതിൽനിന്ന് اسْمُ اللَّهِ അല്ലാഹുവിന്റെ നാമം عَلَيْهِ അതിന്റെ മേൽ وَقَدْ فَصَّلَ അവൻ വിശദീകരിച്ചിട്ടുമുണ്ട്, വിശദീകരിച്ചിരിക്കെ لَكُمْ നിങ്ങൾക്ക് مَا حَرَّمَ അവൻ ഹറാമാ(നിഷിദ്ധമാ)ക്കിയതിനെ عَلَيْكُمْ നിങ്ങളുടെമേൽ إِلَّا مَا യാതൊ ന്നൊഴികെ اضْطُرِرْتُمْ നിങ്ങൾ നിർബന്ധിതരാക്കപ്പെട്ടു إِلَيْهِ അതിലേക്ക്, അതിന് وَإِنَّ كَثِيرًا നിശ്ചയമായും പലരും, വളരെ ആളുകൾ لَيُضِلُّونَ അവർ വഴിപിഴപ്പിക്കുകതന്നെ ചെയ്യുന്നു بِأَهْوَائِهِمْ അവരുടെ ഇച്ഛകൾക്കനുസരിച്ച്, തന്നിഷ്ടങ്ങൾ കൊണ്ട് بِغَيْرِ عِلْمٍ ഒരു വിവരവുമില്ലാതെ, അറിവ് കൂടാതെ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് هُوَ أَعْلَمُ അവൻ ഏറ്റം (നല്ലവണ്ണം) അറിയുന്നവനാണ് بِالْمُعْتَدِينَ അതിരുവിടുന്നവരെപറ്റി

അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾക്ക് എതിരായ ദുർബോധനങ്ങൾ വഴി മനുഷ്യരെ വഞ്ചിച്ചു വഴിപിഴപ്പിക്കുന്നവരെ അനുസരിക്കരുതെന്നും മറ്റും കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചു. ആ ദുർബോധനങ്ങളുടെ ഫലമായി മുശ്‌രിക്കുകൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു സമ്പ്രദായത്തെപറ്റിയാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്. അതായത്, ജീവികളെ അറുക്കുമ്പോൾ അവർ അവരുടെ ആരാധ്യ വസ്തുക്കളുടെ -വിഗ്രഹങ്ങളുടെ- നാമത്തിൽ മാത്രമേ അറുക്കാറുണ്ടായിരുന്നുള്ളു. താനേ ചത്തുപോയ ശവങ്ങളെ അവർ ഭക്ഷിക്കുകയും ചെയ്തിരുന്നു. അല്ലാഹുവിന്റെ നാമത്തിലല്ലാതെ അറുക്കുവാൻ പാടില്ലെന്നും, ശവം നിഷിദ്ധമാണെന്നും കൽപിക്കപ്പെട്ടപ്പോൾ, അതിനെതിരിൽ അവർ കുതർക്കങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നു. 'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുന്നവരാണെന്നാണല്ലോ പറയുന്നത്. എന്നിട്ടും അല്ലാഹുകൊലപ്പെടുത്തിയതിനെ (ശവത്തെ) ഭക്ഷിക്കുവാൻ പാടില്ലെന്നും, നിങ്ങൾ കൊലപ്പെടുത്തിയതിനെ (അറുത്തതിനെ) ഭക്ഷിക്കാമെന്നും പറയുന്നതിന് എന്താണ് ന്യായമുള്ളത്?!' എന്നും മറ്റും. അതിലൊന്നും അവരെ അനുസരിക്കരുതെന്നും, നിങ്ങൾ സത്യവിശ്വാസികളായിരിക്കെ അല്ലാഹുവിന്റെ നാമത്തിൽ അറുക്കപ്പെട്ടതിനെ ഭക്ഷിക്കുവാൻ നിങ്ങൾ ഒട്ടും മടിക്കേണ്ടതില്ലെന്നും, അതല്ലാത്തത് -ശവവും അന്യനാമങ്ങളിൽ അറുക്കപ്പെട്ടതും- ഭക്ഷിക്കരുതെന്നും സത്യവിശ്വാസികളോട് അല്ലാഹു കൽപിക്കുകയാണ്.

നിങ്ങൾ നിർബന്ധിതരാകുന്ന അവസരങ്ങളിലൊഴിച്ച് മറ്റെല്ലായ്പോഴും നിങ്ങൾക്ക് ഭക്ഷിക്കുവാൻ പാടില്ലാത്തത് ഏതൊക്കെയാണെന്ന് അല്ലാഹു വിവരിച്ചുതന്നിട്ടുണ്ട്. അതിൽ അല്ലാഹുവിന്റെ നാമത്തിൽ അറുക്കപ്പെട്ടത് പറഞ്ഞിട്ടില്ലല്ലോ, എന്നിരിക്കെ, അത് ഭക്ഷിക്കുന്നതിന് നിങ്ങൾ എന്തിന് മടിക്കണം? എന്ന് ശക്തിമത്തായ സ്വരത്തിൽ അല്ലാഹു സത്യവിശ്വാസികളോട് ചോദിച്ചതിൽ നിന്നും മുശ്‌രിക്കുകളുടെ തർക്കവും ആക്ഷേപവും വളരെ രൂക്ഷമായിരുന്നുവെന്ന് മനസ്സിലാക്കാം. ഒരു വിവരവും കൂടാതെ -അഥവാ ന്യായമോ തെളിവോ ഒന്നുമില്ലാതെ- പലരും അവരുടെ തന്നിഷ്ടങ്ങൾക്കനുസരിച്ച് ജനങ്ങളെ വഴിപിഴപ്പിച്ചുകൊണ്ടിരിക്കുന്നു (وَإِنَّ كَثِيرًا لَيُضِلُّونَ.....) എന്ന് 119-ാം വചനത്തിലും, നിങ്ങളോട് തർക്കം നടത്തുവാൻവേണ്ടി ആ പിശാചുക്കൾ അവരുടെ ബന്ധുമിത്രങ്ങൾക്ക് സ്വകാര്യബോധനം നടത്തിവരുന്നുണ്ട് (وَإِنَّ الشَّيَاطِينَ لَيُوحُونَ إِلَىٰ أَوْلِيَائِهِمْ لِيُجَادِلُوكُمْ) എന്ന് 121-ാം വചനത്തിലും പ്രസ്താവിച്ച

തിൽ നിന്ന് ഇത് കൂടുതൽ വ്യക്തമാകുന്നു. അതോടുകൂടി, തങ്ങളുടെ കുതർക്കങ്ങൾ കേട്ടു മുസ്‌ലിംകൾ വഞ്ചിതരായിപോയേക്കുമെന്ന പ്രതീക്ഷ ആ മുശ്‌രിക്കുകൾ വെച്ചു കൊണ്ടിരിക്കേണ്ടാ എന്നൊരു സൂചനയും അതിൽ കാണാം.

مَاذُكِرَ اسْمُ اللَّهِ عَلَيْهِ (അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെട്ടത് -അഥവാ പറയപ്പെട്ടത്) എന്ന് പറഞ്ഞതിന്റെ വിവക്ഷ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് അറുക്കപ്പെട്ടത് എന്നാകുന്നു. مَا أُهِلَّ بِهِ (ശബ്ദം ഉയർത്തപ്പെട്ടത്) എന്ന വാക്കും ഇതേ ഉദ്ദേശത്തിൽ ഉപയോഗിക്കപ്പെടുമെന്ന് സൂറത്തുൽ ബക്വറഃ 173 ലും, മാഇദഃ 4 ലും വെച്ചു നാം കണ്ടുവല്ലോ. അതുപോലെയുള്ള ഒരു പ്രയോഗം തന്നെയാണ് ഇതും. നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടത് ഏതാണെന്ന് നിങ്ങൾക്ക് വിശദീകരിച്ചു തന്നിട്ടുണ്ട് (وَقَدْ فَصَّلَ لَكُم مَّا حَرَّمَ عَلَيْكُمْ) എന്നുപറഞ്ഞത് താഴെ 145-ാം വചനത്തിലും, സൂ: നഹ്ൽ 115 ലും നിഷിദ്ധമാക്കപ്പെട്ടിട്ടുള്ള ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്തവരുടെ നാമത്തിൽ അറുക്കപ്പെട്ടത് എന്നിവയെ ഉദ്ദേശിച്ചായിരിക്കാം. സൂറത്തുൽ ബക്വറഃയിലും, മാഇദഃയിലും അവ നിഷിദ്ധമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആ രണ്ടു സൂറത്തുകളും മദീനായിൽ അവതരിച്ചതും, ഈ സൂറത്തു മക്കായിൽ അവതരിച്ചതുമാകകൊണ്ട് ഇവിടെ ഉദ്ദേശ്യം അതായിരിക്കുവാൻ തരമില്ല. الله اعلم നിർബന്ധിതാവസ്ഥയിൽ ഈ നാലും ഭക്ഷിക്കുന്നതിന് വിരോധമില്ലെന്ന് അവിടങ്ങളിലും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്

وَذَرُوا ظَٰهِرَ ٱلْإِثْمِ وَبَاطِنَهُۥٓ

﴾120﴿ കുറ്റത്തിൽ പ്രത്യക്ഷമായതിനെയും പരോക്ഷമായതിനെയും നിങ്ങൾ വിട്ടുകളയുവിൻ.

إِنَّ ٱلَّذِينَ يَكْسِبُونَ ٱلْإِثْمَ سَيُجْزَوْنَ بِمَا كَانُوا۟ يَقْتَرِفُونَ ﴿١٢٠﴾

നിശ്ചയമായും, കുറ്റം സമ്പാദിക്കുന്നവർ, അവർ പ്രവർത്തിച്ചിരുന്നതിന് അവർക്ക് പ്രതിഫലം നൽകപ്പെടും.

﴾120﴿ وَذَرُوا നിങ്ങൾ വിടുക (ഉപേക്ഷിക്കുക) ظَاهِرَ പ്രത്യക്ഷ (ബാഹ്യ-വ്യക്ത)മായതിനെ الإِثْمِ പാപത്തിൽ, കുറ്റത്തിൽ وَبَاطِنَهُ അതിൽ പരോക്ഷ(അവ്യക്ത)മായതും, മറഞ്ഞതും إِنَّ നിശ്ചയമായും الَّذِينَ يَكْسِبُونَ സമ്പാദിക്കുന്നവർ الإِثْمَ കുറ്റം, പാപം سَيُجْزَوْنَ അവർക്ക് പ്രതിഫലം നൽകപ്പെടും بِمَا كَانُوا അവരായിരുന്നതിന് يَقْتَرِفُونَ അവർ പ്രവർത്തിക്കും, ചെയ്തുണ്ടാക്കും.

പ്രത്യക്ഷമായതോ പരോക്ഷമായതോ -അഥവാ പരസ്യമായതോ രഹസ്യമായതോ- ആയ എല്ലാതരം പാപങ്ങളെയും വർജ്ജിക്കണം. കാരണം, ഏതു തരത്തിലുള്ള പാപമായാലും അല്ലാഹു അതിനു തക്കപ്രതിഫലം നൽകുകതന്നെ ചെയ്യുമെന്ന് സാരം. നവ്വാസുബ്നുസംആൻ (نواس بن سمعان - رض) പറഞ്ഞതായി ഇബ്നുഅബീഹാതിം (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: റസൂൽ തിരുമേനി ﷺ യോട് ഞാൻ കുറ്റ(പാപ)ത്തെ

പ്പറ്റി ചോദിച്ചു. അവിടുന്നു പറഞ്ഞു: 'തന്റെ മനസ്സിൽ കെട്ടിപ്പിണവുണ്ടാക്കുകയും, ജനങ്ങൾ കണ്ടറിയുന്നതിൽ തനിക്ക് അനിഷ്ടം തോന്നുകയും ചെയ്യുന്ന കാര്യമാകുന്നു'.

وَلَا تَأْكُلُوا۟ مِمَّا لَمْ يُذْكَرِ ٱسْمُ ٱللَّهِ عَلَيْهِ وَإِنَّهُۥ لَفِسْقٌ ۗ وَإِنَّ ٱلشَّيَٰطِينَ لَيُوحُونَ إِلَىٰٓ أَوْلِيَآئِهِمْ لِيُجَٰدِلُوكُمْ وَإِنْ أَطَعْتُمُوهُمْ إِنَّكُمْ لَمُشْرِكُونَ ﴿١٢١﴾

﴾121﴿ അല്ലാഹുവിന്റെ നാമം ഉച്ചരി(ച്ചു അറു)ക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ തിന്നരുത്.

നിശ്ചയമായും അത് തോന്നിയവാസം തന്നെയാകുന്നു. നിശ്ചയമായും പിശാചുക്കൾ, നിങ്ങളോട് തർക്കം നടത്തുവാൻവേണ്ടി തങ്ങളുടെ മിത്രങ്ങളോട് സ്വകാര്യബോധനം നൽകിക്കൊണ്ടിരിക്കുകതന്നെ ചെയ്യും.

അവരെ നിങ്ങൾ അനുസരിക്കുന്ന പക്ഷം, നിശ്ചയമായും, നിങ്ങൾ 'മുശ്‌രിക്കു'കൾ തന്നെയായിരിക്കും.

﴾121﴿ وَلَا تَأْكُلُوا നിങ്ങൾ തിന്നരുത് مِمَّا لَمْ يُذْكَرِ പറയ(ഉച്ചരിക്ക)പ്പെടാത്തതിൽ നിന്ന് اسْمُ اللَّهِ അല്ലാഹുവിന്റെ നാമം عَلَيْهِ അതിന്മേൽ وَإِنَّهُ നിശ്ചയമായും അത് لَفِسْقٌ തോന്നിയവാസം തന്നെയാണ് وَإِنَّ الشَّيَاطِينَ നിശ്ചയമായും പിശാചുക്കൾ لَيُوحُونَ അവർ സ്വകാര്യബോധനം നൽകുന്നു إِلَىٰ أَوْلِيَائِهِمْ അവരുടെ (ബന്ധു) മിത്രങ്ങൾക്ക് لِيُجَادِلُوكُمْ അവർ നിങ്ങളോട് തർക്കം നടത്തുവാൻവേണ്ടി وَإِنْ أَطَعْتُمُوهُمْ അവരെ നിങ്ങൾ അനുസരിക്കുന്ന പക്ഷം إِنَّكُمْ നിശ്ചയമായും നിങ്ങൾ لَمُشْرِكُونَ മുശ്‌രിക്കുകൾ തന്നെയാണ്

ജീവികളെ അറുക്കുന്നത് അല്ലാഹുവിന്റെ നാമത്തിലായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ നാമത്തിലല്ലാതെ അറുക്കുന്നത് തോന്നിയവാസമാകുന്നു. അതുകൊണ്ട് സത്യവിശ്വാസികൾക്ക് അത് ഭക്ഷിക്കുവാൻ പാടില്ല. അതിനെതിരിൽ ഗൂഢപ്രചരണവും കുതർക്കവും നടത്തിവരുന്ന ശത്രുനേതാക്കളാകുന്ന പിശാചുക്കൾ പറയുന്നതൊന്നും നിങ്ങൾ അനുസരിക്കരുത്. അനുസരിക്കുന്ന പക്ഷം അത് ശിർക്ക് പ്രവർത്തിക്കലായിരിക്കും എന്ന് സാരം. അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കലും, അല്ലാഹു അല്ലാത്തവർക്ക് ദൈവത്വം കൽപിക്കലുമാണല്ലോ അത്.

അല്ലാഹുവിന്റെ നാമം പറയപ്പെടാത്തത് (مَالَمْ يُذْكَرِ اسْمُ اللَّهِ عَلَيْهِ) എന്ന വാക്കിൽ, അല്ലാഹു അല്ലാത്തവരുടെ നാമം പറഞ്ഞു അറുക്കപെട്ടതും, സ്വയം ചത്തതും, ആരുടെ നാമവും പറയാതെ അറുക്കപ്പെട്ടതും ഉൾപെടുന്നു. അല്ലാഹു അല്ലാത്തവരുടെ നാമ

ത്തിൽ അറുക്കപ്പെട്ടതും സ്വയം ചത്തതും നിഷിദ്ധമാണെന്ന് 2:173; 5:4; 6:145; 16:115 എന്നിവിടങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. ആരുടെ നാമവും പറയപ്പെടാതെ അറുത്തതിനെ സംബന്ധിച്ച് -അറുത്ത ആൾ മുസ്‌ലിമായിരുന്നാൽ തന്നെയും- പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമാണുള്ളത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അറുക്കുമ്പോൾ, അല്ലാഹുവിന്റെ നാമം പറയൽ -'ബിസ്മി' ചൊല്ലൽ- നിർബന്ധമുണ്ടോ ഇല്ലേ എന്നതിൽ അഭിപ്രായ വ്യത്യാസമുണ്ട്. മുൻഗാമികളും പിൻഗാമികളുമായ പല മഹാന്മാരും അറുക്കുമ്പോൾ ബിസ്മി ചൊല്ലൽ നിർബന്ധമാണെന്നും, മറന്നുകൊണ്ടായാലും, കൽപിച്ചുകൂട്ടിക്കൊണ്ടായാലും ബിസ്മി ചൊല്ലാതെ അറുക്കപ്പെട്ടത് ഭക്ഷിച്ചുകൂടാ എന്നുമുള്ള അഭിപ്രായക്കാരാകുന്നു. ഈ വചനത്തിൽ നിന്നും മറ്റും മനസ്സിലാകുന്നതും അതുതന്നെ. وَإِنَّهُۥ لَفِسْقٌ (അത് തോന്നിയവാസം തന്നെയാണ്) എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാകുന്നു. ബലവത്തായ പല ഹദീഥുകളും അതാണ് കാണിച്ച് തരുന്നതും.

എന്നാൽ, ഇമാംശാഫിഈ (റ)യുടെയും മറ്റു ചിലരുടെയും അഭിപ്രായം അറുക്കുമ്പോൾ ബിസ്മി ചൊല്ലണമെന്ന് നിർബന്ധമില്ല -അത് വേണ്ടപ്പെട്ടകാര്യവും നല്ലതുമാണെന്നേയുള്ളൂ- എന്നാകുന്നു. അല്ലാഹുവിന്റെ നാമം പറയപ്പെടാതെ അറുത്തത് (مَا لَمْ يُذْكَرِ ٱسْمُ ٱللَّهِ عَلَيْهِ) എന്ന വാക്കിന്റെ താൽപര്യം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത് (مَا أُهِلَّ لِغَيْرِ ٱللَّهِ بِهِۦ) എന്നത്രെ അവരുടെ അഭിപ്രായം. താഴെ 145-ാം വചനത്തിൽ, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതിനെപറ്റിയാണ് 'തോന്നിയവാസം' (فسق) എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. അതുപോലെ, ആ വിശേഷണം (انه لفسق എന്നുള്ളത്) ഇവിടെയും അതിനെ ഉദ്ദേശിച്ചാണ് -അല്ലാഹുവിന്റെ പേരു പറയാതെ അറുത്തതിനെ ഉദ്ദേശിച്ചല്ല- എന്നും അവർ പറയുന്നു. കൂടാതെ, ആഇശാഃ (റ)യുടെ ഒരു ഹദീഥും ഇതിന് തെളിവായി ഉദ്ധരിക്കപ്പെടുന്നു. അതിങ്ങിനെയാണ്; ചില ആളുകൾ റസൂൽ തിരുമേനിﷺയോട് പറഞ്ഞു: 'അടുത്ത കാലത്ത് ഇസ്‌ലാമിൽവന്ന ചില ജനങ്ങൾ ഞങ്ങളുടെ അടുക്കൽ മാംസവും കൊണ്ടുവരുന്നു. അതിൽ അല്ലാഹുവിന്റെ നാമം പറയപ്പെട്ടിരിക്കുമോ ഇല്ലേ (ബിസ്മി ചൊല്ലിയിരിക്കുമോ ഇല്ലേ) എന്ന് ഞങ്ങൾക്കറിയുകയില്ല. (ഇത് ഞങ്ങൾക്ക് ഭക്ഷിക്കാമോ?)' തിരുമേനി ഉത്തരം പറഞ്ഞു: 'നിങ്ങൾ അതിൽ അല്ലാഹുവിന്റെ നാമം പറഞ്ഞു (ബിസ്മിചൊല്ലി) ഭക്ഷിച്ചുകൊള്ളുവിൻ' (ബുഖാരി).

അപ്പോൾ, അറുക്കുമ്പോൾ ബിസ്മിചൊല്ലൽ നിർബന്ധമുണ്ടെങ്കിൽ, അതിന്റെ സൂക്ഷ്മാവസ്ഥ അന്വേഷിക്കാതെ അത് ഭക്ഷിക്കുവാൻ നബി ﷺ അനുവാദം കൊടുക്കുമായിരുന്നില്ല. അവിശ്വാസികൾ അവരുടെ വിഗ്രഹങ്ങളുടെയും മറ്റും പേരുകൾ പറഞ്ഞുകൊണ്ട് മാത്രം അറുക്കുകയും, അതിനെ ന്യായീകരിക്കുകയും ചെയ്യുന്നവരായിരുന്നത്കൊണ്ടാണ് അല്ലാഹുവിന്റെ നാമത്തിൽ അറുക്കുന്നതിനെപറ്റി ഇത്രയും ശക്തിയായ ഭാഷയിൽ പ്രസ്താവിക്കുവാൻ കാരണം. അല്ലാഹുവിൽ വിശ്വസിക്കുന്ന സത്യവിശ്വാസികൾ അറുക്കുമ്പോഴും അല്ലാഹുവിന്റെ നാമം പറഞ്ഞു (ബിസ്മി ചൊല്ലി) ക്കൊണ്ട് അറുത്താലേ ഭക്ഷിക്കുവാൻ പാടുള്ളൂവെന്ന് അതിൽ നിന്ന് മനസ്സിലാക്കിക്കൂടാ. എന്നൊക്കെയാണ് ഈ അഭിപ്രായത്തിന് ന്യായീകരണം.

മൂന്നാമത് ഒരഭിപ്രായം ഇതാണ്: മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം, അവർ മറന്നുകൊണ്ട് ബിസ്മി വിട്ടുകളഞ്ഞാൽ വിരോധമില്ല. കൽപിച്ചുകൂട്ടി വിട്ടുകളഞ്ഞാൽ

അത് നിഷിദ്ധമായിരിക്കും. ഇത് ഇമാം അബൂഹനീഫ (റ)യുടെയും മറ്റു ചില മഹാന്മാരുടെയും അഭിപ്രായമാകുന്നു. ഇതിന്റെ മുമ്പ് പറഞ്ഞ അഭിപ്രായത്തെക്കാൾ യുക്തമായിത്തോന്നുന്നത് ഇതാകുന്നു. الله اعلم

وَإِنَّ الشَّيَاطِينَ لَيُوحُونَ إِلَىٰ أَوْلِيَائِهِمْ لِيُجَادِلُوكُمْ (നിങ്ങളോടു തർക്കം നടത്തുവാൻവേണ്ടി പിശാചുക്കൾ അവരുടെ മിത്രങ്ങളോട് സ്വകാര്യബോധനം നടത്തുന്നു) എന്നു പറഞ്ഞത് -മുമ്പ് സൂചിപ്പിച്ചതുപോലെ- അല്ലാഹു കൊലപ്പെടുത്തിയത് (ശവം) തിന്നുകൂടാ എന്നും, നിങ്ങൾ കൊലപെടുത്തിയത് (അറുക്കപ്പെട്ടത്)തിന്നാമെന്നും പറയുന്നതും ശരിയല്ലെന്നും മറ്റുമൊക്കെ മുശ്‌രിക്കുകളും യഹൂദികളും വാദിച്ചും തർക്കിച്ചും കൊണ്ടിരിക്കുന്നതിനെ ഉദ്ദേശിച്ചാകുന്നു. وَإِنْ أَطَعْتُمُوهُمْ إِنَّكُمْ لَمُشْرِكُونَ (നിങ്ങൾ അവരെ അനുസരിക്കുന്നപക്ഷം നിങ്ങളും മുശ്‌രിക്കുകൾ തന്നെ) എന്ന് പറഞ്ഞതിന്റെ താൽപര്യം വ്യക്തമാണ്. അവരെ അനുസരിക്കുക എന്നതിന്റെ അർത്ഥം അവരെപോലെ അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കുകയും, അല്ലാഹു അനുവദനീയമാക്കിയതിനെ നിഷിദ്ധമാക്കുകയും ചെയ്യുക എന്നാണല്ലോ. ഇത് ശിർക്കാണെന്നുള്ളതിൽ സംശയമില്ല. اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِّن دُونِ اللَّهِ -التوبة (അവർ -വേദക്കാർ- തങ്ങളുടെ പണ്ഡിതന്മാരെയും പുരോഹിതന്മാരെയും അല്ലാഹുവിന് പുറമെ റബ്ബുകളാക്കിയിരിക്കുന്നു (9:31) എന്ന ക്വുർആൻ വചനംകൊണ്ടുദ്ദേശ്യം അവർ നിഷിദ്ധമാക്കിയതിനെയും അനുവദനീയമാക്കിയതിനെയും അതേപടി അനുസരിക്കലാണെന്ന് നബി ﷺ പ്രസ്താവിച്ചത് പ്രസിദ്ധമാണല്ലോ. അല്ലാതെ -ചില സ്ഥാപിത താൽപര്യക്കാർ സമർത്ഥിച്ചു കാണാറുള്ളതുപോലെ- അല്ലാഹു അല്ലാത്ത വല്ലവരെയും അനുസരിക്കുന്നതെല്ലാം ശിർക്കായിത്തീരുമെന്ന അർത്ഥത്തിലല്ലതന്നെ.

വിഭാഗം - 15

أَوَمَن كَانَ مَيْتًا فَأَحْيَيْنَٰهُ وَجَعَلْنَا لَهُۥ نُورًا يَمْشِى بِهِۦ فِى ٱلنَّاسِ كَمَن مَّثَلُهُۥ فِى ٱلظُّلُمَٰتِ لَيْسَ بِخَارِجٍ مِّنْهَا ۚ

﴾122﴿ **നിർജ്ജീവനായിരുന്നിട്ട് നാം അവനെ ജീവിപ്പിക്കുകയും, നാം അവന് ഒരു പ്രകാശം -അവൻ അതുമായി മനുഷ്യരിൽ നടക്കുമാറ്- ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തിട്ടുള്ളവൻ (ഇങ്ങിനെയുള്ള) ഒരുവനെപോലെയാണോ?! അവന്റെ ഉപമ (അവൻ) അന്ധകാരങ്ങളിലാണ്; അതിൽ നിന്ന് അവൻ (രക്ഷപെട്ടു) പുറത്ത് കടക്കുന്നവനേയല്ല. [ഇങ്ങിനെയുള്ളവനെ പോലെയാണോ അവൻ?]**

كَذَٰلِكَ زُيِّنَ لِلْكَٰفِرِينَ مَا كَانُوا۟ يَعْمَلُونَ ﴿١٢٢﴾

അതുപോലെ, അവിശ്വാസികൾക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഭംഗിയായി കാണിക്കപ്പെട്ടിരിക്കുന്നു.

﴾122﴿ أَوَمَنْ യാതൊരുവനോ كَانَ അവനായിരുന്നു مَيْتًا നിർജ്ജീവൻ (ശവം) فَأَحْيَيْنَاهُ എന്നിട്ട് നാമവനെ ജീവിപ്പിച്ചു وَجَعَلْنَا لَهُ അവന് നാം ആക്കുക (ഏർപ്പെടുത്തുക-ഉണ്ടാക്കുക)യും ചെയ്തു نُورًا ഒരു പ്രകാശം, വെളിച്ചം يَمْشِي بِهِ അതുംകൊണ്ട് (അതുമായി) അവന് നടക്കാം, നടക്കുമാറ് فِي النَّاسِ മനുഷ്യരിൽ, ജനങ്ങളിലൂടെ كَمَنْ യാതൊരുവനെപ്പോലെ(യോ) مَثَلُهُ അവന്റെ മാതിരി, ഉപമ فِي الظُّلُمَاتِ അന്ധകാരങ്ങളിലാണ് لَيْسَ അവനല്ല بِخَارِجٍ പുറത്തുപോകുന്ന (കടക്കുന്ന)വനേ مِنْهَا അതിൽ (അവയിൽ) നിന്ന് كَذَٰلِكَ അതുപോലെ, അപ്രകാരം زُيِّنَ ഭംഗിയായി(അലങ്കാരമായി) കാണിക്കപ്പെട്ടിരിക്കുന്നു لِلْكَافِرِينَ അവിശ്വാസികൾക്ക് مَا كَانُوا അവരായിരിക്കുന്നത് يَعْمَلُونَ അവർ പ്രവർത്തിക്കും

അന്ധവിശ്വാസത്തിലും ദുരാചാരങ്ങളിലും മുഴുകി ഹൃദയവികാസവും, ആത്മീയ ബോധവും നശിച്ചു ജീവശ്ശവമായിത്തീർന്ന ശേഷം, അതിൽ നിന്ന് വിമുക്തമായി സത്യവിശ്വാസവും, സന്മാർഗവും പ്രാപിക്കുമാറ് ക്വുർആനാകുന്ന വെളിച്ചം ലഭിക്കുകയും, ആ വെളിച്ചവുംകൊണ്ട് ജനങ്ങൾക്ക് ഒരു മാതൃകയാകുമാറ് അവരുടെ ഇടയിലൂടെ ചരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സത്യവിശ്വാസികളുടെ ഒരു വിഭാഗം. തന്നിഷ്ടം, അജ്ഞത, ദുർന്നടപ്പ്, അവിശ്വാസം ആദിയായ അന്ധകാരങ്ങളിൽപെട്ട് സത്യവും സന്മാർഗവും കാണാതെ നട്ടം തിരിഞ്ഞുകൊണ്ടിരിക്കുന്ന അവിശ്വാസികളായ മറ്റൊരു വിഭാഗം. ഈ രണ്ടു വിഭാഗക്കാരും തമ്മിൽ എങ്ങിനെ സമമാകും? എങ്ങിനെ പൊരുത്തപ്പെടും?! അത് സംഭവ്യമല്ല എന്ന് ചൂണ്ടിക്കാട്ടുകയാണ് അല്ലാഹു.

അന്ധവിശ്വാസം, സത്യനിഷേധം, ദുർമാർഗം ആദിയായവയെ ഇരുട്ട്, അന്ധത, ബധിരത, നിർജ്ജീവത -അഥവാ മരണം- ആദിയായവയോടും, സത്യവിശ്വാസം, കാര്യബോധം, സന്മാർഗം ആദിയായവയെ വെളിച്ചം, കാഴ്ച, ജീവിതം ആദിയായവയോടും ഉപമിച്ചുകൊണ്ടുള്ള പ്രസ്താവനകൾ ക്വുർആനിൽ പലേടത്തും കാണാവുന്നതാകുന്നു. ഹൃദയം ദുഷിച്ചു തോന്നിയവാസങ്ങൾക്ക് അടിമപ്പെട്ടവർക്ക് തങ്ങൾ ചെയ്യുന്നതും പറയുന്നതുമെല്ലാം -അതെത്ര നീചമോ നികൃഷ്ടമോ ആയിരുന്നാലും- നല്ലതും അലങ്കാരവുമായി തോന്നലും, അതിൽ അഭിമാനം കൊള്ളലും പതിവാണല്ലോ. അതാണ് 'അവിശ്വാസികൾക്ക് അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഭംഗിയായി കാണിക്കപ്പെട്ടിരിക്കുന്നു' എന്ന് പറഞ്ഞത്.

وَكَذَٰلِكَ جَعَلْنَا فِي كُلِّ قَرْيَةٍ أَكَابِرَ مُجْرِمِيهَا لِيَمْكُرُوا فِيهَا

﴾123﴿ അപ്രകാരം, എല്ലാ രാജ്യത്തിലും അതിലെ കുറ്റവാളികളിൽ വലിയവന്മാരെ നാം ഏർപ്പെടുത്തിയിരിക്കുന്നു. അവരതിൽ (കു)തന്ത്രം പ്രയോഗിക്കുവാനായിട്ട്.

وَمَا يَمْكُرُونَ إِلَّا بِأَنفُسِهِمْ وَمَا يَشْعُرُونَ ﴿١٢٣﴾

(വാസ്തവത്തിൽ) അവർ അവരോട് തന്നെയല്ലാതെ (കു)തന്ത്രം പ്രയോഗിക്കുന്നുമില്ല. അവർക്ക് ബോധം വരുന്നില്ലതാനും.

﴾123﴿ وَكَذَٰلِكَ അതുപോലെ, അപ്രകാരം جَعَلْنَا നാം ആക്കി(ഏർപ്പെടുത്തി)യിരിക്കുന്നു فِي كُلِّ قَرْيَةٍ എല്ലാ രാജ്യത്തിലും أَكَابِرَ വലിയവന്മാരെ (മൂപ്പന്മാരെ) مُجْرِمِيهَا അതിലെ കുറ്റവാളികളിലെ لِيَمْكُرُوا അവർ തന്ത്രം പ്രവർത്തിക്കുവാൻ വേണ്ടി, ചതി പ്രയോഗിക്കുവാൻ فِيهَا അതിൽ وَمَا يَمْكُرُونَ അവർ തന്ത്രം പ്രവർത്തിക്കുന്നുമില്ല إِلَّا بِأَنفُسِهِمْ അവരുടെ സ്വന്തങ്ങളിൽ (തങ്ങളോടുതന്നെ) അല്ലാതെ وَمَا يَشْعُرُونَ അവർ അറിയുന്നില്ലതാനും, അവർക്കുബോധം വരുന്നുമില്ല.

അന്ധകാരത്തിലകപ്പെട്ട് തപ്പിത്തടഞ്ഞും, ചെയ്യുന്നതെല്ലാം ഭൂഷണമെന്ന് കരുതിയും കൊണ്ടിരിക്കുന്നവരെപ്പറ്റി കഴിഞ്ഞ വചനങ്ങളിൽ പ്രസ്താവിച്ചു. അതുപോലെ, സ്വാധീനവും ദുഃസ്സാമർത്ഥ്യവും ഉപയോഗപ്പെടുത്തിയും, കുതന്ത്രങ്ങൾ പ്രയോഗിച്ചും ജനങ്ങളെ വഴിപിഴപ്പിക്കുന്ന ദുഷ്ട നേതാക്കളുമുണ്ട്. ഈ സമുദായത്തിലുംഈ നാട്ടിലും മാത്രമല്ല, മുൻ പ്രവാചകന്മാർക്കും അവരുടെ അനുയായികൾക്കും അവരെക്കൊണ്ടുള്ള ശല്യങ്ങൾ അനുഭവപ്പെട്ടിരുന്നു. പ്രവാചകന്മാരുടെ പ്രബോധനങ്ങൾക്കെതിരിൽ അത്തരക്കാർ നടത്തുന്ന എല്ലാ അടവുകളും അവർ പയറ്റിക്കൊള്ളട്ടെ എന്നുവെച്ച് അല്ലാഹു അവരെ വിട്ടിരിക്കുകയാണ്. അതിന്റെ അനന്തരഫലം യഥാർത്ഥത്തിൽ അവർ തന്നെയാണ് അനുഭവിക്കുക. പ്രവാചകന്മാർക്കും സത്യവിശ്വാസികൾക്കും അവർ മൂലം പരാജയം സംഭവിക്കുവാനില്ല. പക്ഷേ, ആ അറിവും ബോധവും അവർക്കുണ്ടാകുന്നില്ല എന്നു സാരം.

وَإِذَا جَآءَتْهُمْ ءَايَةٌ قَالُوا۟ لَن نُّؤْمِنَ حَتَّىٰ نُؤْتَىٰ مِثْلَ مَآ أُوتِىَ رُسُلُ ٱللَّهِ

﴾124﴿ അവർക്ക് വല്ല ദൃഷ്ടാന്തവും (അഥവാ ലക്ഷ്യവും) വന്നാൽ, അവർ പറയും: 'അല്ലാഹുവിന്റെ റസൂലുകൾ [ദൂതന്മാർ]ക്ക് നൽകപ്പെട്ടത് പോലെ ഞങ്ങൾക്ക് നൽകപ്പെടുന്നതുവരേക്കും ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല'.

ٱللَّهُ أَعْلَمُ حَيْثُ يَجْعَلُ رِسَالَتَهُۥ ۗ

അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്, തന്റെ 'രിസാലത്ത്' [ദൗത്യം] ഏർപ്പെടുത്തേണ്ടുന്ന ഇടം (ഏതാണെന്ന്).

سَيُصِيبُ ٱلَّذِينَ أَجْرَمُوا۟ صَغَارٌ عِندَ ٱللَّهِ وَعَذَابٌ شَدِيدٌۢ بِمَا كَانُوا۟ يَمْكُرُونَ ﴿١٢٤﴾

കുറ്റം പ്രവർത്തിച്ചവർക്ക് അല്ലാഹുവിന്റെ അടുക്കൽ എളിമത്വവും, കഠിനശിക്ഷയും ബാധിക്കുന്നതാണ്; അവർ (കു)തന്ത്രം പ്രയോഗിച്ചിരുന്നത് നിമിത്തം.

﴾124﴿ وَإِذَا جَاءَتْهُمْ അവർക്ക് വന്നാൽ آيَةٌ വല്ല ആയത്തും (ദൃഷ്ടാന്തം-ലക്ഷ്യം-വചനം) قَالُوا അവർ പറയും, പറയുകയായി لَن نُّؤْمِنَ ഞങ്ങൾ വിശ്വസിക്കുകയില്ല തന്നെ حَتَّىٰ نُؤْتَىٰ ഞങ്ങൾക്ക് നൽകപ്പെടുന്നതുവരേക്കും (നൽകപ്പെടാതെ) مِثْلَ مَا യാതൊന്നുപോലെ أُوتِيَ നൽകപ്പെട്ടു رُسُلُ اللَّهِ അല്ലാഹുവിന്റെ റസൂലുകൾ (ദൂതന്മാർ)ക്ക് اللَّهُ അല്ലാഹു أَعْلَمُ നല്ലവണ്ണം (ഏറ്റം) അറിയുന്നവനാണ് حَيْثُ يَجْعَلُ അവൻ ആക്കുന്നേടം, ഏർപ്പെടുത്തുന്ന ഇടം رِسَالَتَهُ അവന്റെ ദൗത്യം سَيُصِيبُ ബാധിക്കും, വഴിയെ എത്തും الَّذِينَ أَجْرَمُوا കുറ്റം പ്രവർത്തിച്ചവർക്ക് صَغَارٌ എളിമത്വം, നിന്ദ്യത, അൽപത عِندَ اللَّهِ അല്ലാഹുവിന്റെ അടുക്കൽ وَعَذَابٌ ശിക്ഷയും شَدِيدٌ കഠിനമായ بِمَا كَانُوا അവരായിരുന്നത് നിമിത്തം يَمْكُرُونَ തന്ത്രം പ്രയോഗിക്കും

സത്യം തെളിഞ്ഞു കാണുമാറുള്ള തെളിവുകൾ ഏത് കണ്ടാലും അവർ വിശ്വസിക്കുവാൻ പോകുന്നില്ല. ദുഃശ്ശാഠ്യവും, മർക്കടമുഷ്ടിയും പിടിപെട്ടു കഴിഞ്ഞാൽ പിന്നെ ധിക്കാരവും ധാർഷ്ട്യവും വർദ്ധിക്കുകയാണല്ലോ ഉണ്ടാകുക. അല്ലാഹുവിന്റെ ദൂതന്മാരെന്ന് അവകാശപ്പെടുന്ന ഈ റസൂലുകൾക്ക് ലഭിച്ചത് പോലെയുള്ളത് ഞങ്ങൾക്കും ലഭിക്കാതെ ഞങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ല; എന്തുകൊണ്ട് അവരെപ്പോലെ ഞങ്ങൾക്കും ദിവ്യസന്ദേശം ലഭിച്ചുകൂടാ? എന്തുകൊണ്ട് ഞങ്ങളുടെ അടുക്കലേക്ക് മലക്കുകളെ അയച്ചുകൂടാ? അവർക്ക് നൽകപ്പെട്ടതുപോലെയുള്ള ദൃഷ്ടാന്തങ്ങൾ എന്തുകൊണ്ട് ഞങ്ങൾക്കും നൽകപ്പെട്ടുകൂടാ? എന്നൊക്കെ അവർ പറഞ്ഞുകൊണ്ടിരിക്കും. അതിന് അല്ലാഹു നൽകുന്ന മറുപടിയാണ് 'തന്റെ ദൗത്യം -'രിസാലത്ത്'- ഏർപ്പെടുത്തേണ്ടത് എവിടെയാണെന്ന് അല്ലാഹുവിന് നല്ലപോലെ അറിയാം' എന്ന വാക്യം. അതായത്, അത് ഏൽപിക്കുവാനും ഏറ്റെടുക്കുവാനും പറ്റിയവർ ആരാണ്, എങ്ങിനെയുള്ളവരാണ് എന്നൊക്കെ അവന് ആരും പറഞ്ഞുകൊടുക്കേണ്ടതില്ല. അവനുതന്നെയാണ് അതിനപറ്റി നന്നായി അറിയുക. യുക്തംപോലെ അവൻ തന്നെ അതു ചെയ്തുകൊള്ളും എന്നുസാരം. പ്രവാചകത്വമെന്നത് ഏതെങ്കിലും യോഗ്യതകൊണ്ടോ പദവികൊണ്ടോ ലഭിക്കുന്നതല്ല. അല്ലാഹുവിന്റെ കാരുണ്യംകൊണ്ട് മാത്രം ലഭിക്കുന്ന ഒരു അനുഗ്രഹമാണത്. يَخْتَصُّ بِرَحْمَتِهِ مَن يَشَاءُ (അവന്റെ കാരുണ്യം കൊണ്ട് അവൻ ഉദ്ദേശിക്കുന്നവരെ അവൻ പ്രത്യേകപ്പെടുത്തും - 2:105; 3:74). 'ഈ രണ്ടു രാജ്യങ്ങളിലെ -മക്കായിലെയും ത്വാഇഫിലെയും- ഏതെങ്കിലും ഒരു മഹാനായ ആൾക്ക് എന്തുകൊണ്ട് ഈ ക്വുർആൻ അവതരിപ്പിക്കപ്പെട്ടില്ല?' എന്ന് ചോദിച്ച മുശ്‌രിക്കുകൾക്ക് അല്ലാഹു നൽകിയ മറുപടി أَهُمْ يَقْسِمُونَ رَحْمَتَ رَبِّكَ (അവരാണോ നിന്റെ റബ്ബിന്റെ കാരുണ്യം ഭാഗിച്ചു കൊടുക്കുന്നത്? (43:32) എന്നാകുന്നു.

فَمَن يُرِدِ اللَّهُ أَن يَهْدِيَهُ يَشْرَحْ صَدْرَهُ لِلْإِسْلَامِ ۖ

﴾125﴿ **എന്നാൽ, ഏതൊരുവനെ സന്മാർഗത്തിലാക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ, അവന്റെ നെഞ്ചിന് [ഹൃദയത്തിന്] അവൻ 'ഇസ്ലാമി'ലേക്ക് വികാസം നൽകുന്നു.**

وَمَن يُرِدْ أَن يُضِلَّهُۥ يَجْعَلْ صَدْرَهُۥ ضَيِّقًا حَرَجًا كَأَنَّمَا يَصَّعَّدُ فِى ٱلسَّمَآءِ ۚ

ഏതൊരുവനെ വഴി പിഴവിലാക്കുവാൻ അവൻ ഉദ്ദേശിക്കുന്നുവോ, അവന്റെ നെഞ്ചിനെ[ഹൃദയത്തെ] അവൻ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കുന്നു; (അതെ) അവൻ ആകാശത്തിലൂടെ കയറിപോകുന്നതുപോലെ.

كَذَٰلِكَ يَجْعَلُ ٱللَّهُ ٱلرِّجْسَ عَلَى ٱلَّذِينَ لَا يُؤْمِنُونَ ﴿١٢٥﴾

അതുപോലെ, വിശ്വസിക്കാത്തവരുടെമേൽ അല്ലാഹു മ്ലേച്ഛത (അഥവാ ശിക്ഷ) ഏർപ്പെടുത്തുന്നതാണ്.

﴾125﴿ فَمَنْ എന്നാൽ ആര്, ഏതൊരുവൻ يُرِدِ اللَّهُ അല്ലാഹു ഉദ്ദേശിക്കുന്നു(വോ) أَن يَهْدِيَهُ അവനെ സന്മാർഗത്തിലാക്കുവാൻ, വഴി ചേർക്കുവാൻ يَشْرَحْ അവൻ വികാസം നൽകുന്നു, വിശാലപ്പെടുത്തും صَدْرَهُ അവന്റെ നെഞ്ചിനെ, ഹൃദയത്തെ لِلْإِسْلَامِ ഇസ്ലാമിലേക്ക് وَمَنْ വല്ലവനും, ആരെങ്കിലും يُرِدْ അവൻ ഉദ്ദേശിക്കുന്നു(വോ) أَن يُضِلَّهُ അവനെ വഴിപിഴവിലാക്കുവാൻ, വഴിതെറ്റിക്കുവാൻ يَجْعَلْ അവൻ ആക്കുന്നു صَدْرَهُ അവന്റെ നെഞ്ച്, ഹൃദയം ضَيِّقًا ഇടുങ്ങിയത്, കുടുസ്സായത് حَرَجًا ഞെരുങ്ങിയ, വിഷമകരമായ كَأَنَّمَا يَصَّعَّدُ അവൻ കയറിപ്പോകുന്നത്(പ്രയാസപ്പെട്ടു കയറുന്നതു)പോലെ فِي السَّمَاءِ ആകാശത്തിൽ كَذَٰلِكَ അപ്രകാരം, അതുപോലെ يَجْعَلُ اللَّهُ അല്ലാഹു ആക്കുന്നു, ഏർപ്പെടുത്തുന്നു الرِّجْسَ മ്ലേച്ഛത (ശിക്ഷ) عَلَى الَّذِينَ യാതൊരുവരുടെ മേൽ لَا يُؤْمِنُونَ വിശ്വസിക്കാത്ത.

'സന്മാർഗത്തിലാക്കുക, വഴിചേർക്കുക, മാർഗദർശനം നൽകുക, വഴികാട്ടുക' എന്നും മറ്റും സന്ദർഭോചിതം അർത്ഥം നൽകപ്പെടാവുന്ന വാക്കാണ് 'ഹിദായത്ത്' (هداية). ഹിദായത്ത് പല തരത്തിലുണ്ടെന്നും, അല്ലാഹുവിന്റെ സഹായവും തൗഫീക്വും സിദ്ധിക്കുക എന്ന അർത്ഥത്തിലുള്ള ഹിദായത്ത് അല്ലാഹുവിൽ നിന്നു മാത്രം ലഭിക്കേണ്ടതാണെന്നും മുമ്പ് (സൂ: ഫാതിഹഃയിൽ വെച്ച്) നാം വിവരിച്ചിട്ടുണ്ട്. ഈ അർത്ഥത്തിലുള്ള ഹിദായത്താണ് ഇവിടെ ഉദ്ദേശ്യം. അല്ലാഹു ഹിദായത്ത് നൽകുവാൻ ഉദ്ദേശിക്കുന്നവരുടെ ഹൃദയങ്ങൾക്ക് വികാസവും വിശാലതയുംനൽകി ഇസ്ലാമിന്റെ വിശ്വാസാചാര മുറകൾ അംഗീകരിക്കുവാനുള്ള സന്നദ്ധതയും പ്രേരണയും അവൻ നൽകും. ഹിദായത്തിലാക്കാതെ വഴിപിഴവിൽ തന്നെ അവശേഷിക്കുവാൻ അവൻ ഉദ്ദേശിക്കുന്നവരുടെ ഹൃദയങ്ങളെ അതൊന്നും സ്വീകരിക്കുവാൻ തയ്യാറില്ലാതിരിക്കുമാറ് ഞെരുക്കി കുടുസ്സാക്കിത്തീർക്കുകയും ചെയ്യുമെന്ന് അല്ലാഹു ഉണർത്തുന്നു. അവൻ ഹിദായത്ത് നൽകുന്നവരുടെയും, അല്ലാത്തവരുടെയും ലക്ഷണങ്ങൾ ഏറെക്കുറെ ഈ വചനത്തിൽനിന്ന് മനസ്സിലാക്കാമല്ലോ. അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലാക്കുമെന്നും, അവൻ ഉദ്ദേശിക്കുന്നവരെ അവൻ വഴിപിഴവിലാക്കുമെന്നുംപോലെയുള്ള വാക്യങ്ങളുടെ താൽപര്യത്തെക്കുറിച്ച് 117-ാം വചനത്തിന്റെ വ്യാഖ്യാനത്തിലും മറ്റുമായി ഒന്നിലധികം പ്രാവശ്യം മുമ്പ് വിവരിക്കുകയുണ്ടായിട്ടുണ്ട്.

كَأَنَّمَا يَصَّعَّدُ فِي السَّمَاءِ (ആകാശത്തിലൂടെ കയറിപ്പോകുന്നതുപോലെ) എന്നു പറഞ്ഞത്, സത്യവിശ്വാസവും സന്മാർഗവും സ്വീകരിക്കുന്നതിൽ അവർക്ക് അനുഭവപ്പെടുന്ന മനഃപ്രയാസത്തിന്റെ കാഠിന്യം ചൂണ്ടിക്കാട്ടുന്ന ഒരു ഉപമയാകുന്നു. ആകാശത്തേക്ക് കയറിപ്പോകൽ, എല്ലാകാലത്തും -അക്ഷരാർത്ഥത്തിൽതന്നെ- വളരെ പ്രയാസമേറിയതാണെന്ന് വ്യക്തമാണ്. മുൻകാലത്ത് അന്തരീക്ഷത്തിൽ സഞ്ചരിക്കുക ഒരു അസംഭവ്യകാര്യമായി ഗണിക്കപ്പെട്ടിരുന്നാലും ഇക്കാലത്ത് അത് സംഭവ്യമായിത്തീർന്നിട്ടുണ്ടല്ലോ എന്ന് പറയപ്പെട്ടേക്കാം. ശരിയാണ്. എന്നാൽ, അത് ഒരു അസംഭവ്യകാര്യമായി കരുതപ്പെട്ടിരുന്ന മുൻകാലത്തുള്ളവർക്ക് അതിലുള്ള പ്രയാസത്തെയും ഞെരുക്കത്തെയും സംബന്ധിച്ച് ഊഹിച്ചറിയേണ്ടിയിരുന്നു. ആധുനിക കാലത്തിലാകട്ടെ, അതിൽ ഏർപ്പെടുവാനിരിക്കുന്ന പ്രയാസവും ബുദ്ധിമുട്ടും അനുഭവം കൊണ്ടുതന്നെ അറിയാറായിരിക്കുകയാണ്. അന്തരീക്ഷത്തിലൂടെ മേൽപോട്ട് ഉയരുംതോറും വായുവിന്റെ സാന്ദ്രത കുറഞ്ഞുകൊണ്ടിരിക്കുകയും, കുറേ നാഴിക ദൂരം ഉയർന്നുകഴിഞ്ഞാൽ വായു നിശ്ശേഷം ഇല്ലാതാകുകയും ചെയ്യുന്നു. അതിനാൽ മേൽപോട്ട് കയറുംതോറും ആവശ്യമായ ജീവവായു ലഭിക്കാതെ നെഞ്ചിടുക്കം അനുഭവപ്പെടുകയും അവസാനം ഹൃദയം മന്ദിച്ച് ജീവനാശത്തിന്നിടയാകുകയും ചെയ്യും. വിമാനങ്ങൾ ഒരു പരിധിവരെ മാത്രമേ ഉയരത്തിൽ പറപ്പിക്കുകയുള്ളൂവെന്നുള്ളതും, ഉപരിയാകാശസഞ്ചാരികൾ തങ്ങളുടെ യാത്ര അവസാനിക്കുന്നതുവരേക്കാവശ്യമായ ജീവവായു യന്ത്രങ്ങളുടെ സഹായത്തോടെ ഒരുക്കിക്കൊണ്ടുപോകുന്നതും അതുകൊണ്ടാണ്.

അപ്പോൾ يَجْعَلْ صَدْرَهُ ضَيِّقًا حَرَجًا (അവന്റെ നെഞ്ച് ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കുന്നു) എന്ന് അല്ലാഹു ഉപമിച്ചു പറഞ്ഞതിന്റെ യഥാർത്ഥ്യം ഒന്നാലോചിച്ചു നോക്കുക! ഭൂത-വർത്തമാന-ഭാവികാല വ്യത്യാസം കൂടാതെ സകലകാര്യങ്ങളും അറിയുന്നവനാണല്ലോ അല്ലാഹു.

ഈ വചനത്തിന്റെ താൽപര്യത്തിലേക്ക് കൂടുതൽ വെളിച്ചം നൽകുന്ന ഒരു തിരുവചനമത്രെ സൂ: ഹുജുറാത്തിലെ وَلَٰكِنَّ اللَّهَ حَبَّبَ إِلَيْكُمُ الْإِيمَانَ وَزَيَّنَهُ فِي قُلُوبِكُمْ وَكَرَّهَ إِلَيْكُمُ الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ أُولَٰئِكَ هُمُ الرَّاشِدُونَ എന്ന വചനം. അതിന്റെ സാരം: .... എങ്കിലും സത്യവിശ്വാസത്തെ അല്ലാഹു നിങ്ങൾക്ക് ഇഷ്ടമാക്കിത്തരുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ അതിനെ അവൻ ഭംഗിയാക്കിക്കാണിക്കുകയും, അവിശ്വാസവും, തോന്നിയവാസവും അനുസരണക്കേടും നിങ്ങൾക്ക് അവൻ വെറുപ്പാക്കിത്തരുകയും ചെയ്തിരിക്കുന്നു; അങ്ങിനെയുള്ളവരാണ് തന്റേടമുള്ളവർ -അഥവാ സന്മാർഗികൾ. അല്ലാഹുവിങ്കൽ നിന്നുള്ള ദയവും അനുഗ്രഹവുമായിട്ടത്രെ അത്'. (ഹുജുറാത്ത്:7,8). ഇബ്നുഅബീഹാതിം, ഇബ്നുജരീർ (റ) മുതലായവർ പല മാർഗങ്ങളിലൂടെ ഉദ്ധരിക്കുന്ന ഒരു ഹദീഥ് ഇപ്രകാരമാകുന്നു: റസൂൽ തിരുമേനി ﷺ ഈ വചനം ഓതിയപ്പോൾ, സ്വഹാബികൾ ചോദിച്ചു: 'ഈ വികാസം നൽകൽ എങ്ങിനെയാണ്?' തിരുമേനി പറഞ്ഞു: 'ഹൃദയത്തിൽ അല്ലാഹു ഇട്ടുകൊടുക്കുന്ന ഒരു പ്രകാശമാണത്'. അവർ ചോദിച്ചു: 'അത് മനസ്സിലാക്കാവുന്ന വല്ല അടയാളവും ഉണ്ടോ?' തിരുമേനി പറഞ്ഞു: 'ഉണ്ട്', ശാശ്വത ജീവിതത്തിന്റെ ഭവനത്തിലേക്ക് (മനസ്സിന്) വീണ്ടുവിചാരമുണ്ടാകലും, കൃത്രിമ ഭവനത്തിൽ നിന്ന് (മനസ്സ്)വിട്ടുനിൽക്കലും, മരിക്കുന്നതിനു മുമ്പ് മരിക്കുവാൻ തയ്യാറുണ്ടാകലുമാണത്'. (പരലോകത്തെക്കുറിച്ചുള്ള ബോധമുണ്ടായിരിക്കുകയും, ഐഹിക സുഖസൗകര്യങ്ങൾക്ക് പ്രധാന്യം കൽപിക്കാതിരിക്കുകയും,

മരിക്കുന്നതിന് മുമ്പായി സ്വന്തം കടമകൾ നിർവ്വഹിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുക എന്നുസാരം).

وَهَٰذَا صِرَٰطُ رَبِّكَ مُسْتَقِيمًا ۗ قَدْ فَصَّلْنَا ٱلْءَايَٰتِ لِقَوْمٍ يَذَّكَّرُونَ ﴿١٢٦﴾

﴾126﴿ ഇതാ നിന്റെ റബ്ബിന്റെ പാത -നേരെ ചൊവ്വായ നിലയിൽ- (സ്ഥിതി ചെയ്യുന്നു). ഉറ്റാലോചിക്കുന്ന ജനങ്ങൾക്ക് വേണ്ടി നാം 'ആയത്ത്' [ലക്ഷ്യം]കൾ വിശദീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

لَهُمْ دَارُ ٱلسَّلَٰمِ عِندَ رَبِّهِمْ ۖ وَهُوَ وَلِيُّهُم بِمَا كَانُوا۟ يَعْمَلُونَ ﴿١٢٧﴾

﴾127﴿ അവർക്ക് അവരുടെ റബ്ബിന്റെ അടുക്കൽ സമാധാനത്തിന്റെ [ശാന്തി]യുടെ ഭവനമുണ്ടായിരിക്കും; അവൻ, അവരുടെ കൈകാര്യ കർത്താവും (അഥവാ രക്ഷാധികാരിയും) ആകുന്നു; (അതെ) അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് നിമിത്തം.

﴾126﴿ وَهَٰذَا ഇതാ, ഇത് صِرَٰطُ പാത, പാതയാണ് رَبِّكَ നിന്റെ റബ്ബിന്റെ مُسْتَقِيمًا നേർക്കുനേരെയുള്ള (ചൊവ്വായ) നിലയിൽ قَدْ فَصَّلْنَا നാം വിശദീകരിച്ചിട്ടുണ്ട് الْآيَاتِ ആയത്ത് (ദൃഷ്ടാന്തം-ലക്ഷ്യം)കളെ لِقَوْمٍ ഒരു ജനതക്ക്, ജനങ്ങൾക്കുവേണ്ടി يَذَّكَّرُونَ അവർ ഉറ്റാലോചിക്കും ﴾127﴿ لَهُمْ അവർക്കുണ്ട്, ഉണ്ടായിരിക്കും دَارُ السَّلَامِ സമാധാനത്തിന്റെ (ശാന്തിയുടെ) ഭവനം عِندَ رَبِّهِمْ അവരുടെ റബ്ബിന്റെ അടുക്കൽ وَهُوَ അവൻ, അവനാകട്ടെ وَلِيُّهُمْ അവരുടെ കൈകാര്യക്കാരനാകുന്നു, രക്ഷാധികാരിയാണ് بِمَا كَانُوا അവരായിരുന്നത് നിമിത്തം يَعْمَلُونَ അവർ പ്രവർത്തിക്കും

നിന്റെ റബ്ബിന്റെ പാത (صِرَاطُ رَبِّكَ)കൊണ്ട് വിവക്ഷ ക്വുർആൻ മുഖേന അല്ലാഹു കാണിച്ചുതന്ന മത മാർഗമാണെന്ന് 153-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ നിന്ന് മനസ്സിലാക്കാം. دَارُ السَّلَامِ (സമാധാനത്തിന്റെ -അഥവാ ശാന്തിയുടെ- ഭവനം) എന്ന് പറഞ്ഞത് സ്വർഗത്തെ ഉദ്ദേശിച്ചാകുന്നു. ഉറ്റാലോചിക്കാത്തവർക്ക് തെളിവുകൾ വിവരിക്കുന്നതുകൊണ്ട് ഫലമില്ലല്ലോ, അതുകൊണ്ടാണ് 'ഉറ്റാലോചിക്കുന്ന ജനങ്ങൾക്ക് വേണ്ടി വിവരിക്കുന്നു'വെന്ന് പറഞ്ഞത്.

وَيَوْمَ يَحْشُرُهُمْ جَمِيعًا

﴾128﴿ അവരെ മുഴുവനും അവൻ [റബ്ബ്] ഒരുമിച്ചുകൂട്ടുന്ന ദിവസം!

يَـٰمَعْشَرَ ٱلْجِنِّ قَدِ ٱسْتَكْثَرْتُم مِّنَ ٱلْإِنسِ ۖ

(അന്ന് അല്ലാഹു പറയും:) 'ജിന്നിന്റെ സമൂഹമേ! തീർച്ചയായും നിങ്ങൾ മനുഷ്യരിൽ നിന്ന് (ആളുകളെ) അധികരി(ച്ചു പിഴ)പ്പിച്ചിരിക്കുന്നു'.

وَقَالَ أَوْلِيَآؤُهُم مِّنَ ٱلْإِنسِ رَبَّنَا ٱسْتَمْتَعَ بَعْضُنَا بِبَعْضٍ وَبَلَغْنَآ أَجَلَنَا ٱلَّذِىٓ أَجَّلْتَ لَنَا ۚ

മനുഷ്യരിൽ നിന്നുള്ള അവരുടെ (ബന്ധു) മിത്രങ്ങൾ പറയും: 'ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ ചിലർ ചിലരെ ഉപയോഗപ്പെടുത്തി; നീ ഞങ്ങൾക്ക് നിശ്ചയിച്ചുവെച്ച അവധി ഞങ്ങൾ പ്രാപിക്കുകയും ചെയ്തു'.

قَالَ ٱلنَّارُ مَثْوَىٰكُمْ خَـٰلِدِينَ فِيهَآ إِلَّا مَا شَآءَ ٱللَّهُ ۗ إِنَّ رَبَّكَ حَكِيمٌ عَلِيمٌ ﴿١٢٨﴾

അവൻ പറയും: 'നരകം നിങ്ങളുടെ പാർപ്പിടമാകുന്നു; അതിൽ (നിങ്ങൾ) നിത്യവാസികളായിക്കൊണ്ട് -അല്ലാഹു ഉദ്ദേശിച്ചതൊഴികെ'. നിശ്ചയമായും നിന്റെ റബ്ബ് അഗാധജ്ഞനും, സർവ്വജ്ഞനുമാകുന്നു.

﴾128﴿ وَيَوْمَ يَحْشُرُهُمْ അവൻ അവരെ ഒരുമിച്ചു കൂട്ടുന്ന ദിവസം جَمِيعًا മുഴുവനും, എല്ലാവരെയും يَامَعْشَرَ സമൂഹമേ الْجِنِّ ജിന്നിന്റെ قَدِ اسْتَكْثَرْتُمْ നിങ്ങൾ അധികരിപ്പിച്ചിട്ടുണ്ട്, തീർച്ചയായും പെരുപ്പിച്ചു مِنَ الإِنْسِ മനുഷ്യരിൽ നിന്ന് وَقَالَ പറയും أَوْلِيَاؤُهُمْ അവരുടെ മിത്രങ്ങൾ (ആൾക്കാർ) مِنَ الإِنْسِ മനുഷ്യരിൽനിന്നുള്ള رَبَّنَا ഞങ്ങളുടെ റബ്ബേ اسْتَمْتَعَ ഉപയോഗപ്പെടുത്തി, ഉപയോഗമെടുത്തു بَعْضُنَا ഞങ്ങളിൽ ചിലർ بِبَعْضٍ ചിലരെ, ചിലരെക്കൊണ്ട് وَبَلَغْنَا ഞങ്ങൾ പ്രാപിക്കുകയും ചെയ്തു أَجَلَنَا ഞങ്ങളുടെ അവധി الَّذِي أَجَّلْتَ നീ അവധിവെച്ച (നിശ്ചയിച്ച) لَنَا ഞങ്ങൾക്ക് قَالَ അവൻ പറയും النَّارُ നരകം مَثْوَاكُمْ നിങ്ങളുടെ പാർപ്പിട(വാസസ്ഥല)മാണ് خَالِدِينَ സ്ഥിരവാസികളായിക്കൊണ്ട് فِيهَا അതിൽ إِلا مَاشَاءَ ഉദ്ദേശിച്ചതൊഴികെ اللهُ അല്ലാഹു إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് حَكِيمٌ അഗാധജ്ഞനാണ്, യുക്തിമാനാകുന്നു عَلِيمٌ സർവ്വജ്ഞനാണ്.

സൃഷ്ടികളെയെല്ലാം 'മഹ്ശറി'ൽ ഒരുമിച്ചു കൂട്ടിയശേഷം, ദുർമാർഗത്തിൽ പരസ്പരം മിത്രബന്ധം പുലർത്തിപ്പോന്ന ജിന്നുകളെയും മനുഷ്യരെയും ആക്ഷേപിച്ചു അല്ലാഹു പറയുന്ന ചില വാക്കുകളും അവരുടെ മറുപടിയും അല്ലാഹു ഉദ്ധരിക്കുകയാണ്. മനുഷ്യരിൽ നിന്ന് വളരെ അധികം ആളുകളെ നിങ്ങളുടെ ദുരുപദേശങ്ങൾക്ക് വിധേയരാക്കി നിങ്ങൾ വഴിപിഴപ്പിച്ചുവല്ലോ എന്ന് അല്ലാഹു ജിന്നുകളോട് പറയുന്നു. അവരുടെ സഹകാരികളും അനുയായികളുമായി വർത്തിച്ചിരുന്ന മനുഷ്യരെ ഇതു വിഭ്രാ

ന്തിയിലാക്കുമല്ലോ. അവർ ദയനീയ സ്വരത്തിൽ കുറ്റം സമ്മതിച്ചുകൊണ്ട് മറുപടി പറയും: റബ്ബേ, ഞങ്ങൾ അന്യോന്യം ഉപയോഗപ്പെടുത്തിയത് ശരിയാണ്. അങ്ങനെ, നീ ഞങ്ങൾക്ക് നിശ്ചയിച്ചിരുന്ന ആയുഷ്ക്കാലം ഞങ്ങൾ കഴിച്ചുകൂട്ടി ഇതാ ഇവിടെ എത്തിച്ചേർന്നിരിക്കുന്നു. അഥവാ ഞങ്ങൾ ഇരുകൂട്ടരും അബദ്ധം പ്രവർത്തിച്ചുപോയി, ഞങ്ങൾക്ക് പൊറുത്തു തരണേ എന്ന് താൽപര്യം. ശരി, എനി, നിങ്ങൾ ഇരുകൂട്ടർക്കും താമസിക്കുവാനുള്ള പാർപ്പിടം നരകമാണ്.... ഇതായിരിക്കും അല്ലാഹുവിന്റെ മറുപടി.

ജിന്നു വർഗക്കാരായ പിശാചുക്കൾ മനുഷ്യഹൃദയങ്ങളിൽ ദുർമന്ത്രവും, ദുഷ്പ്രേരണയും നടത്തുമെന്നും, ദുർമാർഗങ്ങളും ദുർന്നടപ്പുകളും അവർക്ക് അലങ്കാരമാക്കി കാണിച്ചുകൊണ്ടിരിക്കുമെന്നും, മനുഷ്യരെ വഴിതെറ്റിക്കൽ പിശാചിന്റെ സ്ഥിരം ജോലിയാണെന്നും അല്ലാഹു ആവർത്തിച്ചാവർത്തിച്ചറിയിക്കാറുള്ളതാണല്ലോ. മനുഷ്യരാകട്ടെ, അവരുടെ ദുരുപദേശങ്ങൾക്കും ഇംഗിതങ്ങൾക്കും വഴങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവരിൽ അദൃശ്യശക്തികളും, ദിവ്യത്വവും കൽപിച്ചുകൊണ്ട് അവരെ അനുസരിക്കുകയും, ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതൊക്കെയാണ് ഞങ്ങൾ അന്യോന്യം ഉപയോഗപ്പെടുത്തി എന്ന് പറഞ്ഞതിന്റെ സാരം.

അവിശ്വാസികളുടെ നരകജീവിതം ശാശ്വതമായിരിക്കുമെന്ന് (4:169; 33:65 മുതലായ) ക്വുർആൻ വചനങ്ങളിൽ നിന്നും, പല നബി വചനങ്ങളിൽ നിന്നും, അറിയപ്പെട്ടതാണ്. അതുകൊണ്ട് അവരുടെ നരകവാസത്തെപറ്റി خَالِدِينَ فِيهَا إِلَّا مَا شَاءَ اللَّهُ (അവരതിൽ ശാശ്വതരായിരിക്കും- അല്ലാഹു ഉദ്ദേശിച്ചതൊഴികെ) എന്ന വാക്കിൽ ഒഴിവാക്കപെട്ട കാലത്തെപറ്റി ക്വുർആൻ വ്യാഖ്യാതാക്കൾ ഒന്നിലധികം പ്രകാരത്തിൽ പ്രസ്താവിച്ചു കാണാം. ക്വബ്റുകളിൽ നിന്ന് എഴുന്നേൽപിക്കപ്പെട്ടത് മുതൽ വിചാരണ കഴിഞ്ഞു നരകത്തിൽ പ്രവേശിക്കുന്നതുവരെയുള്ള കാലമാണ് ഒഴിവാക്കപ്പെട്ടിരിക്കുന്നത് എന്നത്രെ ഇബ്നു ജരീർ (റ) മുതലായ പലരും പറയുന്നത്. വേറെയും അഭിപ്രായങ്ങളുണ്ട്. കൂടുതൽ വിവരം സൂറ: ഹൂദ് 107, 108 വചനങ്ങളുടെ വ്യാഖ്യാനത്തിൽ വിവരിക്കാം. ان شاء الله. അല്ലാഹു തുടർന്ന് പറയുന്നു:-

وَكَذَٰلِكَ نُوَلِّي بَعْضَ الظَّالِمِينَ بَعْضًا بِمَا كَانُوا يَكْسِبُونَ ﴿١٢٩﴾

﴾129﴿ അപ്രകാരം, അക്രമികൾ സമ്പാദിക്കുന്ന [പ്രവർത്തിക്കുന്ന]ത് നിമിത്തം അവരിൽ ചിലർക്ക് ചിലരോട് നാം മൈത്രിയുണ്ടാക്കുന്നു.

﴾129﴿ وَكَذَٰلِكَ അതുപോലെ نُوَلِّي നാം മൈത്രി (മിത്രബന്ധം) ഉണ്ടാക്കുന്നു بَعْضَ الظَّالِمِينَ അക്രമികളിൽ ചിലർക്ക് بَعْضًا ചിലരോട് بِمَا كَانُوا അവരായിരുന്നത് നിമിത്തം يَكْسِبُونَ അവർ സമ്പാദിക്കും (ചെയ്തുകൂട്ടുക).

സത്യവിശ്വാസികൾ പരസ്പരം ബന്ധുമിത്രങ്ങളാണ് (9:71); യഹൂദികളും ക്രിസ്ത്യാനികളും പരസ്പരം ബന്ധുമിത്രങ്ങളാണ് (5:51); മുഹാജിറുകളും അൻസ്വാ

രികളും പരസ്പരം ബന്ധുമിത്രങ്ങളാണ് (8:72); അവിശ്വാസികൾ പരസ്പരം ബന്ധു മിത്രങ്ങളാണ് (8:73); അക്രമികൾ പരസ്പരം ബന്ധുമിത്രങ്ങളാണ് (45:19) എന്നൊക്കെ അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. അതുപോലെ, തോന്നിയവാസത്തിലും ദുർമാർഗ ത്തിലും പരസ്പരം ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്ന ആ ജിന്നുകളെയും മനുഷ്യരെയും കുറിച്ച് അവരും ബന്ധുമിത്രങ്ങളാണെന്നും, ശിക്ഷയിൽ പങ്കാളികളാണെന്നും കഴിഞ്ഞ വചനത്തിലും പ്രസ്താവിച്ചു. അങ്ങനെ, ഇഹത്തിലെന്നപോലെ പരത്തിലും, പ്രവർത്ത നത്തിലെന്നപോലെ ശിക്ഷയിലുമെല്ലാം അവർ പരസ്പരം മിത്രങ്ങളാണെന്ന് സാരം.

വിഭാഗം -16

يَـٰمَعۡشَرَ ٱلۡجِنِّ وَٱلۡإِنسِ أَلَمۡ يَأۡتِكُمۡ رُسُلٌ مِّنكُمۡ يَقُصُّونَ عَلَيۡكُمۡ ءَايَـٰتِي وَيُنذِرُونَكُمۡ لِقَآءَ يَوۡمِكُمۡ هَـٰذَاۚ

﴿130﴾ **'ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, നിങ്ങൾക്ക് നിങ്ങളിൽപെട്ട ദൂതന്മാർ വന്നില്ലേ? നിങ്ങൾക്ക് എന്റെ 'ആയത്തു' [ലക്ഷ്യം]കൾ വിവരിച്ചു കൊണ്ടും, നിങ്ങളുടെ (ഇന്നത്തെ) ഈ ദിവസവുമായി കണ്ടുമുട്ടുന്നതിനെക്കുറിച്ച് നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ടും' (എന്ന് അവരോട് പറയപ്പെടും).**

قَالُواْ شَهِدۡنَا عَلَىٰٓ أَنفُسِنَاۖ وَغَرَّتۡهُمُ ٱلۡحَيَوٰةُ ٱلدُّنۡيَا وَشَهِدُواْ عَلَىٰٓ أَنفُسِهِمۡ أَنَّهُمۡ كَانُواْ كَـٰفِرِينَ ﴿١٣٠﴾

അവർ പറയും: 'ഞങ്ങൾ ഞങ്ങളുടെ സ്വന്തങ്ങൾക്കെതിരെ (ഇതാ) സാക്ഷ്യം വഹിച്ചിരിക്കുന്നു'. ഐഹിക ജീവിതം അവരെ വഞ്ചിച്ചിരിക്കുകയാണ്. തങ്ങൾ അവിശ്വാസികളായിരുന്നുവെന്ന് അവർ അവരുടെ സ്വന്തങ്ങൾക്കെതിരെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

﴿130﴾ يَا مَعْشَرَ സമൂഹമേ, കൂട്ടമേ الْجِنِّ وَالإِنْسِ ജിന്നിന്റെയും മനുഷ്യന്റെയും أَلَمْ يَأْتِكُمْ നിങ്ങൾക്ക് വന്നില്ലേ رُسُلٌ റസൂലുകൾ, ദൂതന്മാർ مِنْكُمْ നിങ്ങളിൽ നിന്ന്, നിങ്ങളിൽപെട്ട يَقُصُّونَ അവർ വിവരിച്ചുകൊണ്ട് عَلَيْكُمْ നിങ്ങൾക്ക് آيَاتِي എന്റെ ആയത്തുകളെ وَيُنْذِرُونَكُمْ നിങ്ങളെ അവർ താക്കീത് നൽകിക്കൊണ്ടും, മുന്നറിയിച്ചുകൊണ്ടും لِقَاءَ കണ്ടുമുട്ടുന്നതിനെ يَوْمِكُمْ هَذَا നിങ്ങളുടെ ഈ ദിവസത്തെ قَالُوا അവർ പറയും شَهِدْنَا ഞങ്ങൾ സാക്ഷ്യം വഹിച്ചു عَلَى أَنْفُسِنَا ഞങ്ങളുടെ സ്വന്തങ്ങളുടെ മേൽ (ഞങ്ങൾക്കുതന്നെ എതിരായി) وَغَرَّتْهُمُ അവരെ വഞ്ചിക്കുകയും ചെയ്തി

രിക്കുന്നു ٱلۡحَيَوٰةُ ٱلدُّنۡيَا ഐഹിക ജീവിതം وَشَهِدُوا۟ അവർ സാക്ഷ്യം വഹിക്കുക, (പറയുക)യും ചെയ്തു عَلَىٰٓ أَنفُسِهِمۡ അവരുടെ സ്വന്തങ്ങൾക്കെതിരിൽ أَنَّهُمۡ كَانُوا۟ അവരായിരുന്നുവെന്ന് كَٰفِرِينَ അവിശ്വാസികൾ

കഴിഞ്ഞവചനങ്ങളിൽ പ്രസ്താവിച്ചതിന്റെ തുടർച്ച തന്നെയാണ് ഈ വചനവും. ആവശ്യമായത്ര തെളിവുകളും താക്കീതുകളും നൽകിക്കൊണ്ട് നിങ്ങൾക്ക് നേർമാർഗം വിവരിച്ചു തരുമാറ് നിങ്ങളിൽ ഞാൻ റസൂലുകളെ അയച്ചിരുന്നുവല്ലോ, പിന്നെ നിങ്ങൾ എന്തിന് ദുർമാർഗം സ്വീകരിച്ചു? എന്ന് ജിന്നുകളെയും മനുഷ്യരെയും അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു ചോദിക്കും. അതൊക്കെ ശരിയാണ്. പക്ഷേ, അതൊന്നും ഞങ്ങൾ ചെവികൊള്ളാതെ പിഴച്ചുപോകയാണുണ്ടായത് എന്ന് അവർ ഏറ്റുപറയും. അങ്ങനെ അവർക്ക് തന്നെ എതിരായി അവർ സ്വയം തെളിവ് നൽകുന്നതാണ്. ഈ ഗതികേടിന് കാരണം ഐഹിക ജീവിതത്തിൽ വഞ്ചിതരായി അവർ പാരത്രിക ജീവിതം മറന്നുകളഞ്ഞതാണ്. ഇപ്പോഴാണവർക്ക് കുറ്റബോധം വരുന്നത്. ആ ബോധംകൊണ്ട് എനി പ്രയോജനമൊന്നുമില്ല എന്നുമാത്രം.

ജിന്നുകളെയും മനുഷ്യരെയും സംബോധന ചെയ്തുകൊണ്ട് 'നിങ്ങളിൽ നിന്നുള്ള ദൂതന്മാർ (റസൂലുകൾ) നിങ്ങൾക്ക് വന്നില്ലേ' (أَلَمۡ يَأۡتِكُمۡ رُسُلٌ مِّنكُمۡ) എന്ന് ചോദിച്ചതിൽ നിന്ന് മനുഷ്യരായ റസൂലുകളെപ്പോലെ ജിന്നുകളായ റസൂലുകളും ഉണ്ടായിരുന്നുവെന്നാണ് വരുന്നത്. ളഹ്-ഹാക് (റ)ന്റെ അഭിപ്രായവും അതാണെന്ന് കാണുന്നു. പക്ഷേ, ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം, പ്രവാചകത്വം സിദ്ധിച്ച ദൈവദൂതന്മാർ എന്ന അർത്ഥത്തിലുള്ള റസൂലുകൾ ജിന്ന് വർഗത്തിൽ ഇല്ല എന്നാകുന്നു. رسل (റുസുൽ) എന്ന വാക്കിന്റെ സാക്ഷാൽ അർത്ഥം 'ദൂതന്മാർ' എന്നാണല്ലോ. മലക്കുകളെപറ്റിയും 'റസൂൽ' എന്ന വാക്ക് ക്വുർആൻ (35:1 ലും മറ്റും) ഉപയോഗിച്ചിരിക്കുന്നു. കൂടാതെ, ജിന്നുകളിലും മതോപദേശം നൽകുന്നവരും താക്കീത് നൽകുന്നവരും ഉണ്ടായിരുന്നതായും ക്വുർആനിൽ നിന്ന് വ്യക്തമാകുന്നുണ്ട് (46:29-32). ഇങ്ങിനെയുള്ള ഏതെങ്കിലും ഒരർത്ഥത്തിലുള്ളവരായിരിക്കും ജിന്നുകളിലെ റസൂലുകൾ (ദൂതന്മാർ)കൊണ്ടുദ്ദേശ്യമെന്ന് മനസ്സിലാക്കാം. അല്ലെങ്കിൽ, രണ്ട് സമൂഹത്തെയും ഒന്നിച്ചു സംബോധന ചെയ്തുകൊണ്ടുള്ള സംഭാഷണത്തിൽ, രണ്ടിലൊരു സമൂഹത്തിലെ -അഥവാ മനുഷ്യരിലെ- റസൂലുകളെയും ആ റസൂലുകൾ മുഖാന്തരം മറ്റേവർക്കും -അഥവാ ജിന്നുകൾക്കും- സത്യം ഗ്രഹിക്കുവാൻ സാധിച്ചിരുന്നതിനെയും ഉദ്ദേശിച്ചു അങ്ങിനെ പറഞ്ഞതായിരിക്കുവാനും സാധ്യതയുണ്ട് എന്നൊക്കെയാണ് ക്വുർആൻ വ്യാഖ്യാതാക്കളുടെ വ്യാഖ്യാനം. (ജിന്നും ശൈത്വാനും സംബന്ധിച്ച് സൂറത്ത് അസ്സ്വാഫ്ഫാത്തിന് ശേഷം കൊടുത്തിട്ടുള്ള വ്യാഖ്യനക്കുറിപ്പിൽ കുറേകൂടി വിശദീകരണം കാണാവുന്നതാണ്).

ذَٰلِكَ أَن لَّمۡ يَكُن رَّبُّكَ مُهۡلِكَ ٱلۡقُرَىٰ بِظُلۡمٍ وَأَهۡلُهَا غَٰفِلُونَ ﴿١٣١﴾

﴾131﴿ അത്, വല്ല അക്രമവും നിമിത്തം നിന്റെ റബ്ബ് രാജ്യങ്ങളെ നശിപ്പിക്കുന്നവനല്ലെന്നുള്ളതിനാലാകുന്നു; അവയിലെ ആൾക്കാർ (വിവരമില്ലാതെ) അശ്രദ്ധരായിരിക്കെ.

﴾131﴿ ذَٰلِكَ അത് أَن لَّمْ يَكُن അല്ലാത്ത (ആയിരിക്കാത്ത)തിനാലാണ് رَبُّكَ നിന്റെ റബ്ബ് مُهْلِكَ നശിപ്പിക്കുന്നവൻ الْقُرَىٰ രാജ്യങ്ങളെ بِظُلْمٍ വല്ല അക്രമംകൊണ്ടും, അനീതിയായിട്ട് وَأَهْلُهَا അതിലെ ആൾക്കാർ (ആയിരിക്കെ) غَافِلُونَ അശ്രദ്ധർ (ബോധമില്ലാത്തവർ)

ഓരോ രാജ്യക്കാർക്കും സത്യാസത്യം വിവരിച്ചുകൊടുക്കാതെയും, അവർക്ക് അതിനെപറ്റി മനസ്സിലാക്കുവാൻ അവസരം നൽകാതെയും അവരുടെ അക്രമങ്ങൾ നിമിത്തം അവരെ ഒരിക്കലും അല്ലാഹു നശിപ്പിക്കുകയില്ല, അങ്ങിനെ നശിപ്പിക്കുന്ന പക്ഷം അത് അനീതിയാണല്ലോ. അനീതി അല്ലാഹു ചെയ്കയില്ല തന്നെ. അതുകൊണ്ടാണ് റസൂലുകളെ അയച്ചു എല്ലാവർക്കും ഉപദേശവും താക്കീതും നൽകിക്കൊണ്ടിരിക്കുന്നത് എന്ന് സാരം.

وَلِكُلٍّ دَرَجَٰتٌ مِّمَّا عَمِلُوا ۚ وَمَا رَبُّكَ بِغَٰفِلٍ عَمَّا يَعْمَلُونَ ﴿١٣٢﴾

﴾132﴿ എല്ലാവർക്കുമുണ്ടായിരിക്കും അവ(രവ)ർ പ്രവർത്തിച്ചത് മൂലം ചില പദവികൾ. അവർ പ്രവർത്തിച്ചുവരുന്നതിനെപറ്റി നിന്റെ രക്ഷിതാവ് അശ്രദ്ധനേ അല്ല.

وَرَبُّكَ الْغَنِيُّ ذُو الرَّحْمَةِ ۚ

﴾133﴿ നിന്റെ റബ്ബ് (പരാശ്രയമില്ലാത്ത) ധന്യനും, കാരുണ്യശാലിയുമായുള്ളവനത്രെ.

إِن يَشَأْ يُذْهِبْكُمْ وَيَسْتَخْلِفْ مِن بَعْدِكُم مَّا يَشَاءُ كَمَا أَنشَأَكُم مِّن ذُرِّيَّةِ قَوْمٍ ءَاخَرِينَ ﴿١٣٣﴾

അവൻ ഉദ്ദേശിക്കുന്ന പക്ഷം, നിങ്ങളെ അവൻ പോക്കി (നശിപ്പിച്ചു) കളയുകയും, നിങ്ങളുടെ ശേഷം അവൻ ഉദ്ദേശിക്കുന്നതിനെ അവൻ പിന്നാലെ കൊണ്ടുവരുകയും ചെയ്യും; (അതെ) മറ്റൊരു ജനതയുടെ സന്തതികളിൽ നിന്നായി നിങ്ങളെ അവൻ ഉണ്ടാക്കിയതുപോലെ.

إِنَّ مَا تُوعَدُونَ لَءَاتٍ ۖ وَمَا أَنتُم بِمُعْجِزِينَ ﴿١٣٤﴾

﴾134﴿ നിശ്ചയമായും, നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യം വരുന്നതുതന്നെയാണ്. നിങ്ങൾ (അവനെ) അസാധ്യമാക്കു[പരാജയപ്പെടുത്തു]ന്നവരല്ല താനും.

﴾132﴿ وَلِكُلٍّ എല്ലാവർക്കുമുണ്ട് دَرَجَٰتٌ ചിലപദവികൾ مِّمَّا عَمِلُوا അവർ പ്രവർത്തിച്ചതുമൂലം, പ്രവർത്തിച്ചത് സംബന്ധിച്ച് وَمَا رَبُّكَ നിന്റെ റബ്ബ് അല്ല بِغَافِلٍ അശ്രദ്ധനേ

عَمَّا يَعْمَلُونَ അവർ പ്രവർത്തിക്കുന്നതിനെപറ്റി ﴾133﴿ وَرَبُّكَ നിന്റെ റബ്ബ് الْغَنِيُّ ധന്യ
നത്രെ ذُو الرَّحْمَةِ കാരുണ്യശാലി, കരുണയുള്ളവനായ إِن يَشَأْ അവൻ ഉദ്ദേശിക്കുന്ന
പക്ഷം يُذْهِبْكُمْ നിങ്ങളെ അവൻ പോക്കി (നശിപ്പിച്ചു)കളയും وَيَسْتَخْلِفْ അവൻ
പിന്നാലെ കൊണ്ടുവരുകയും ചെയ്യും, പകരവുമാക്കും مِن بَعْدِكُم നിങ്ങളുടെ ശേഷം
مَا يَشَاءُ അവൻ ഉദ്ദേശിക്കുന്നത് كَمَا أَنشَأَكُم അവൻ നിങ്ങളെ ഉണ്ടാക്കിയതുപോലെ
مِن ذُرِّيَّةِ സന്തതികളിൽനിന്ന് قَوْمٍ ജനതയുടെ آخَرِينَ വേറെ ﴾134﴿ إِنَّ مَا تُوعَدُونَ നിശ്ച
യമായും നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്നത് لَآتٍ വരുന്നത്തന്നെ وَمَا أَنتُم നിങ്ങ
ളല്ലതാനും بِمُعْجِزِينَ അസാധ്യമാക്കുന്ന (പരാജയപ്പെടുത്തുന്ന)വർ.

ഓരോരുത്തരുടെയും കർമങ്ങൾക്കനുസരിച്ച് -നല്ലതോ ചീത്തയോ ആയ- സ്ഥാന പദവികൾ ലഭിക്കുന്നതാണ്. ഓരോരുത്തരുടെയും കർമങ്ങളെക്കുറിച്ച് അല്ലാഹു അറിഞ്ഞും, വീക്ഷിച്ചും കൊണ്ടിരിക്കുന്നുണ്ട്. അവന്ന് ഒരു കാര്യത്തിലും ആരുടെയും ആശ്രയം വേണ്ടതില്ല. നിങ്ങൾ സൽകർമങ്ങൾ ചെയ്യുന്നില്ലെന്നുവെച്ച് അവന്ന് ഒരു ദോഷവും ബാധിക്കുവാനില്ല. അതേ സമയത്ത് അവൻ വളരെ കാരുണ്യശീലനുമാകുന്നു. അതുകൊണ്ടാണ് നിങ്ങളുടെമേൽ പെട്ടെന്നുള്ള നടപടിയൊന്നും അവൻ എടുക്കാതിരിക്കുന്നത്. വേണമെങ്കിൽ നിങ്ങളെ ഈ ഭൂമുഖത്തുനിന്ന് തുടച്ചു നീക്കി മറ്റൊരു കൂട്ടരെ തൽസ്ഥാനത്ത് കൊണ്ടുവരുവാനും അവന്ന് കഴിയും. മുൻകഴിഞ്ഞുപോയ ജനങ്ങളുടെശേഷം, അവരുടെ പിൻതലമുറകളായിട്ടാണല്ലോ നിങ്ങളെ അവൻ രംഗത്തുകൊണ്ടുവരുന്നത്. പക്ഷേ, അവന്റെ കാരുണ്യം നിമിത്തം അവനതു ചെയ്യാതിരിക്കുകയാണ്. പരലോകം, ന്യായവിചാരണ, രക്ഷാശിക്ഷകൾ ആദിയായി പ്രവാചകന്മാർ മുഖേന നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെടുന്ന കാര്യങ്ങളെല്ലാം സംഭവിക്കുക തന്നെ ചെയ്യും. അതിൽ സംശയിക്കേണ്ടതില്ല. അതൊക്കെ സംഭവിക്കുമ്പോൾ നിങ്ങൾക്ക് അല്ലാഹുവിനെ പരാജയപ്പെടുത്തി രക്ഷപ്പെടാമെന്ന ധാരണ നിങ്ങൾക്കുണ്ടെങ്കിൽ അതങ്ങു വിട്ടേക്കുക.

قُلْ يَٰقَوْمِ ٱعْمَلُوا۟ عَلَىٰ مَكَانَتِكُمْ إِنِّى عَامِلٌ ۖ فَسَوْفَ تَعْلَمُونَ مَن تَكُونُ لَهُۥ عَٰقِبَةُ ٱلدَّارِ ۗ إِنَّهُۥ لَا يُفْلِحُ ٱلظَّٰلِمُونَ ﴿١٣٥﴾

﴾135﴿ (നബിയേ) പറയുക: 'എന്റെ ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ സ്ഥാന പ്രകാരം [നിലപാടനുസരിച്ചു] പ്രവർത്തിച്ചു കൊള്ളുവിൻ. നിശ്ചയമായും ഞാൻ (എന്റെ സ്ഥാനമനുസരിച്ച്) പ്രവർത്തിക്കുന്നവനാകുന്നു. എന്നാൽ, പിറകെ നിങ്ങൾക്കറിയാറാകും, ആർക്കാണ് (ഈ ഐഹിക) ഭവനത്തിന്റെ (ശുഭ) പര്യവസാനം ആയിരിക്കുകയെന്ന്. നിശ്ചയമായും കാര്യം; അക്രമികൾ വിജയിക്കുകയില്ല'.

﴾135﴿ قُلْ നീ പറയുക يَاقَوْمِ എന്റെ ജനങ്ങളേ اعْمَلُوا നിങ്ങൾ പ്രവർത്തിക്കുവിൻ عَلَىٰ مَكَانَتِكُمْ നിങ്ങളുടെ സ്ഥാനപ്രകാരം (നിലപാടനുസരിച്ച്) إِنِّي നിശ്ചയമായും ഞാൻ عَامِلٌ പ്രവർത്തിക്കുന്നവനാണ് فَسَوْفَ എന്നാൽ (അപ്പോൾ), പിറകെ (വഴിയെ) تَعْلَمُونَ നിങ്ങളറിയും, നിങ്ങൾക്കറിയാം مَنْ ആരാണ് تَكُونُ لَهُ അവന്നായിരിക്കുക, ഉണ്ടാകുക عَاقِبَةُ അന്ത്യം, പര്യവസാനം, അവസാനഫലം الدَّارِ (ഈ) ഭവനത്തിന്റെ വീടിന്റെ إِنَّهُ നിശ്ചയമായും അത് (കാര്യം) لَا يُفْلِحُ വിജയിക്കുകയില്ല الظَّالِمُونَ അക്രമികൾ

ഈ വചനത്തിന്റെ സാരം രണ്ടു പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെടാവുന്നതാണ്;

(1) നിങ്ങൾ നിങ്ങളുടെ യഥാർത്ഥ സ്ഥിതിഗതികൾ മനസ്സിലാക്കി കഴിവതും നല്ല നിലയിൽ വർത്തിച്ചു പോരണം. ഞാനും എന്റെ സ്ഥിതിക്കനുസരിച്ചു വർത്തിച്ചുവരുന്നു. അപ്പോൾ, ഈ ജീവിതത്തിൽ നിന്ന് സമ്പാദിച്ചതിന്റെ ഗുണഫലം വഴിയെ അനുഭവത്തിൽ വരും, അക്രമം പ്രവർത്തിക്കുന്നവർക്ക് വിജയം ലഭിക്കുവാനില്ല. സൽകർമ്മങ്ങൾക്കേ വിജയം ലഭിക്കൂ.

(2) നിങ്ങൾ നിങ്ങളുടെ നിലപാടും ഹിതവും അനുസരിച്ചു പ്രവർത്തിച്ചുകൊള്ളുക. ഞാനത് മുടക്കുന്നില്ല. എന്റെ ഹിതവും നിലപാടും അനുസരിച്ചു ഞാനും പ്രവർത്തിച്ചുകൊള്ളാം. അതിന്റെ ഫലം ഭാവിയിൽ നിങ്ങൾക്കറിയുമാറാകും. അക്രമികൾക്ക് രക്ഷയില്ലെന്ന് നിങ്ങളോർക്കണം. ആദ്യത്തെ വ്യാഖ്യാനം ഒരു സദുപദേശമെന്ന നിലക്കും, രണ്ടാമത്തേത് ഒരു താക്കീത് എന്ന നിലക്കുമുള്ളതായിരിക്കും. ഇതാണ് വ്യത്യാസം.

وَجَعَلُوا۟ لِلَّهِ مِمَّا ذَرَأَ مِنَ ٱلْحَرْثِ وَٱلْأَنْعَٰمِ نَصِيبًا فَقَالُوا۟ هَٰذَا لِلَّهِ بِزَعْمِهِمْ وَهَٰذَا لِشُرَكَآئِنَا ۖ

﴾136﴿ **വിളയായും, കാലികളായും അല്ലാഹു സൃഷ്ടിച്ചുണ്ടാക്കിയതിൽ നിന്ന് ഒരു ഓഹരി അവർ അവന് ആക്കിവെച്ചിരിക്കുന്നു. എന്നിട്ട് അവർ പറയുകയാണ്: 'ഇത് അല്ലാഹുവിനുള്ളതാണ് -(അതെ) അവരുടെ ജൽപനമനുസരിച്ച്, ഇത് ഞങ്ങളുടെ 'പങ്കാളികൾ'ക്കു [ദൈവങ്ങൾക്കു]ള്ളതുമാണ്'.**

فَمَا كَانَ لِشُرَكَآئِهِمْ فَلَا يَصِلُ إِلَى ٱللَّهِ ۖ وَمَا كَانَ لِلَّهِ فَهُوَ يَصِلُ إِلَىٰ شُرَكَآئِهِمْ ۗ سَآءَ مَا يَحْكُمُونَ ﴿١٣٦﴾

എന്നാൽ, അവരുടെ 'പങ്കാളികൾ'ക്കുള്ളത് അല്ലാഹുവിലേക്ക് ചേരുകയില്ല; അല്ലാഹുവിനുള്ളതാകട്ടെ, അതവരുടെ 'പങ്കാളികളി'ലേക്ക് ചേരുകയും ചെയ്യും.

അവർ വിധി കൽപിക്കുന്നത് വളരെ ചീത്ത!

﴾136﴿ وَجَعَلُوا അവർ ആക്കി(വെച്ചു), ഏർപ്പെടുത്തി لِلَّهِ അല്ലാഹുവിന്ന് مِمَّا ذَرَأَ അവൻ സൃഷ്ടിച്ചുണ്ടാക്കിയതിൽ നിന്ന് مِنَ الْحَرْثِ വിള (കൃഷി)യിൽ നിന്ന്, വിളയായിട്ട് وَالْأَنْعَامِ കാലികളിലും نَصِيبًا ഒരു പങ്ക്, ഓഹരി فَقَالُوا എന്നിട്ട് അവർ പറഞ്ഞു, പറയുകയാണ് هَٰذَا لِلَّهِ ഇത് അല്ലാഹുവിനാണ് بِزَعْمِهِمْ അവരുടെ ജൽപനമനുസരിച്ച്, ജൽപനത്തിൽ وَهَٰذَا ഇത് لِشُرَكَائِنَا നമ്മുടെ പങ്കാളികൾക്കാണ് فَمَا كَانَ എന്നിട്ട് (എന്നാൽ) ആയിത്തീർന്നത് لِشُرَكَائِهِمْ അവരുടെ പങ്കാളികൾക്ക് فَلَا يَصِلُ അത് (എത്തി)ചേരുകയില്ല إِلَى اللَّهِ അല്ലാഹുവിലേക്ക് وَمَا كَانَ ആയിത്തീർന്നതോ لِلَّهِ അല്ലാഹുവിന് فَهُوَ يَصِلُ അത്ചേരുന്നു, ചേരും إِلَىٰ شُرَكَائِهِمْ അവരുടെ പങ്കാളികളിലേക്ക് سَاءَ വളരെ ചീത്ത, മോശം مَا يَحْكُمُونَ അവർ വിധിക്കുന്നത്.

അറബികൾക്കിടയിൽ ചിരകാലമായി നടപ്പിലുണ്ടായിരുന്ന ചില ദുരാചാരങ്ങളെയും, ശിർക്കുപരമായ പ്രവർത്തനങ്ങളെയും കുറിച്ചാണ് ഈ വചനത്തിലും, തുടർന്നുള്ള ഏതാനും വചനങ്ങളിലും പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. കൃഷിയുൽപന്നങ്ങളുടെയും, ആടുമാടൊട്ടകങ്ങൾ മുതലായവയുടെയും സ്രഷ്ടാവും, നിയന്താവും അല്ലാഹുവാണെന്ന് അവർക്കും അറിയാവുന്നതാണ്. എന്നാലും തങ്ങളുടെ വിഗ്രഹാദി ദൈവങ്ങളുടെ അനുഗ്രഹാശിസ്സുകൊണ്ടാണ് അവയെല്ലാം തങ്ങൾക്ക് ലഭിക്കുന്നതെന്നും, അവയുടെ പ്രീതിയും 'ബർക്കത്തും' ഇല്ലാത്തപക്ഷം തങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ സംഭവിക്കുമെന്നും ആയിരുന്നു അവരുടെ വിശ്വാസം. ചില മഹാത്മാക്കളെയും നേർച്ചക്കാരെയും സംബന്ധിച്ച് ഇതുപോലുള്ള ചില ധാരണകളും, വിശ്വാസങ്ങളും മുസ്‌ലിം പൊതുജനങ്ങളിലും വേരൂന്നിയിട്ടുള്ളത് ഒരു ദുഃഖസത്യമത്രെ. ചില പുതിയ ന്യായീകരണങ്ങൾ കണ്ടുപിടിച്ചു ആ പഴയ ജാഹിലിയ്യാ സമ്പ്രദായങ്ങളെ ഇസ്‌ലാമീകരിച്ചു മുതലെടുക്കുവാൻ ഒരു വിഭാഗം പണ്ഡിതന്മാരും രംഗത്തുണ്ടെന്നുള്ളതാണ് കൂടുതൽ ശോചനീയം. ആ മുശ്‌രിക്കുകൾ അവരുടെ ദൈവങ്ങൾക്കായി നീക്കിവെക്കുന്ന സ്വത്തുക്കൾ അവസാനം അവരിലുള്ള പുരോഹിത വർഗത്തിലേക്കായിരിക്കും എത്തിച്ചേരുക. ഏറെക്കുറെ അതുപോലെയുള്ള കാര്യലാഭങ്ങൾ തന്നെയാണ് ഇവരെയും അതിനു പ്രേരിപ്പിക്കുന്നത്.

കൃഷിസ്ഥലങ്ങളിലും, തോട്ടങ്ങളിലും ഒരു ഭാഗം അല്ലാഹുവിന്റെയും, മറ്റൊരു ഭാഗം അവരുടെ ദൈവങ്ങളുടെയും പേരിൽ അവർ തിരിച്ചുവെക്കും. അല്ലാഹുവിന്റെ ഓഹരിയിൽനിന്നുള്ള ലഭ്യം സാധുക്കൾക്ക് ധർമമായി നൽകും. ദൈവങ്ങളുടെ ഓഹരിയിൽനിന്നുള്ള വരുമാനം അവയുടെ പേരിലുള്ള നേർച്ച, ബലി, പൂജ മുതലായ വഴിപാടുകൾക്കും ചിലവഴിക്കും. ഇതു ഒടുക്കം ആ ദൈവങ്ങളുടെ ക്ഷേത്ര പൂജാരികൾ തുടങ്ങിയ പുരോഹിത വർഗത്തിനാണ് ലഭിക്കുകയെന്ന് പറയേണ്ടതില്ലല്ലോ. ഇങ്ങിനെ, അല്ലാഹു ഉൽപാദിപ്പിച്ചുകൊടുത്ത ഉൽപന്നങ്ങളെ മുഴുവൻ അവന്റെ മാർഗത്തിൽ ചിലവഴിക്കുകയോ, അവന്റെ അനുഗ്രഹങ്ങളെന്ന നിലക്ക് സ്വന്തം എടുത്തുപയോഗിക്കുകയോ ചെയ്യാതെ, അതിൽ ഒരു ഓഹരി മാത്രം അവന് അവർ നീക്കിവെക്കുന്നു. മാത്രമല്ല, അവന്റെ സമന്മാരും, പങ്കാളികളുമായി അവർ സങ്കൽപിച്ചുണ്ടാക്കിയ കൃത്രിമ ദൈവങ്ങൾക്കും ഒരോഹരി അവർ നിശ്ചയിച്ചുവെക്കുന്നു.

കാര്യം അവിടംകൊണ്ടും അവസാനിക്കുന്നില്ല. ദൈവങ്ങളുടെ ഓഹരിയെപറ്റി അവർ പ്രത്യേകം ശ്രദ്ധിക്കുകയും നന്നായി ശുശ്രൂഷ നടത്തുകയും ചെയ്യും. അല്ലാഹുവിന്റേതിനെപറ്റി അത്രയൊന്നും ശ്രദ്ധ പതിക്കുകയില്ല. കാറ്റ് മുതലായ പല കാരണത്താലും അല്ലാഹുവിന്റെ ഓഹരിയിൽ നിന്ന് ദൈവങ്ങളുടെ ഓഹരിയിലേക്ക് വല്ലതും കൊഴിഞ്ഞു ചാടിപ്പോയാൽ അത് ദൈവങ്ങളുടെതായി കണക്കാക്കും. നേരെമറിച്ചു ദൈവങ്ങളുടെ ഓഹരിയിൽ നിന്ന് അങ്ങോട്ടു വല്ലതും കലർന്നുപോയാൽ ഈ നിയമം ഒട്ടില്ലതാനും. ദൈവങ്ങളുടെ ഭാഗത്തിൽ നിന്നുള്ള വെള്ളത്തെ ആശ്രയിച്ചാണ് അല്ലാഹുവിന്റെ ഓഹരിയിലെ വിള വളർന്നതെങ്കിൽ ആ വിളവും ദൈവങ്ങൾക്കുതന്നെ അവകാശപ്പെടുത്തും. മറിച്ചായാൽ ദൈവങ്ങളുടെ അവകാശത്തിൽ കുറവ് വരുത്തുകയുമില്ല. ക്ഷാമം പോലെയുള്ള നിർബന്ധിതാവസ്ഥകൾ നേരിട്ടാലും അല്ലാഹുവിന്റെ ഓഹരിയിൽ നിന്നല്ലാതെ, ദൈവങ്ങളുടെ ഓഹരിയിൽ നിന്ന് -അവയുടെ കോപശാപങ്ങളെക്കുറിച്ചുള്ള ഭയം നിമിത്തം- അവർ എടുത്തു പറ്റുമായിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ എന്തെങ്കിലും കാരണത്തെച്ചൊല്ലി ദൈവങ്ങളുടെ ഓഹരിക്ക് മുതൽകൂട്ട് നൽകുവാനും, അല്ലാഹുവിന്റെ ഓഹരിക്ക് നഷ്ടം വരുത്തുവാനുമായിരിക്കും അവർ ശ്രമിക്കുക. ഇതിനു അവർ പറയുന്ന കാരണം, അല്ലാഹു ധന്യനും, ദൈവങ്ങൾ ദരിദ്രരുമാണെന്നായിരിക്കും. ഇതെല്ലാം സൂചിപ്പിച്ചു കൊണ്ടാണ് അല്ലാഹുവിന്റെ ഓഹരിയെക്കുറിച്ച് പറഞ്ഞപ്പോൾ بِزَعْمِهِمْ (അവരുടെ ജൽപന പ്രകാരം) എന്ന് അല്ലാഹു വിശേഷിപ്പിച്ചത്.

കന്നുകാലികളെ സംബന്ധിച്ചാണെങ്കിൽ, അല്ലാഹുവിന്റെ സൃഷ്ടികളായ അവയെ അവനു നേർച്ചയോ ബലിയോ ആക്കുന്നതിനു പകരം, അവയെ തങ്ങളുടെ ദൈവങ്ങൾക്ക് നേർച്ച വഴിപാടുകളാക്കുകയാണവർ ചെയ്യുക. അറുക്കുമ്പോൾ അവന്റെ നാമത്തിൽ അറുക്കാതെ മറ്റു ദൈവങ്ങളുടെ നാമങ്ങളിൽ അറുക്കുകയും ചെയ്യും. 'ബഹീറത്ത്, സാഇബത്ത്, ഹാമ്, വസ്വീലത്ത് എന്നിവയെപറ്റി സൂ: മാഇദഃ 106 ൽ പ്രസ്താവിച്ചുവല്ലോ. ഇങ്ങിനെയുള്ള തോന്നിയവാസങ്ങളെയാണ് ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ഇതുവഴി, അല്ലാഹുവിന് പങ്കുകാരെ ഉണ്ടാക്കി ആരാധനകളർപ്പിക്കുകയെന്നതിനു പുറമെ, അല്ലാഹുവിനാണെന്നും ദൈവങ്ങൾക്കാണെന്നും ജൽപിച്ചുകൊണ്ട് നീക്കിവെച്ച ഓഹരികളിൽപോലും പക്ഷഭേദവും അനീതിയും കാണിക്കുകയാണവർ ചെയ്യുന്നത്. അതാണ് അവസാനം سَاءَ مَا يَحْكُمُونَ (അവർ വിധി കൽപിക്കുന്നത് വളരെ ചീത്ത!) എന്ന് പറഞ്ഞത്.

وَكَذَٰلِكَ زَيَّنَ لِكَثِيرٍ مِّنَ ٱلْمُشْرِكِينَ قَتْلَ أَوْلَٰدِهِمْ شُرَكَآؤُهُمْ لِيُرْدُوهُمْ وَلِيَلْبِسُوا۟ عَلَيْهِمْ دِينَهُمْ

﴾137﴿ അതുപോലെ(തന്നെ) മുശ്‌രിക്കുകളിൽപെട്ട പലർക്കും അവരുടെ സന്താനങ്ങളെ കൊലപ്പെടുത്തുന്നത് അവരുടെ പങ്കാളികൾ ഭംഗിയാക്കിക്കാണിച്ചു കൊടുത്തിരിക്കുന്നു: (അതെ) അവരെ അവർ നാശത്തിൽ പതിപ്പിക്കുവാനും, അവർക്ക് അവരുടെ മതം (തിരിച്ചറിയാതെ) കൂട്ടിക്കലർത്തുവാനും വേണ്ടി [അതാണിതുകൊണ്ട് ഉണ്ടായിത്തീർന്നത്].

وَلَوْ شَآءَ ٱللَّهُ مَا فَعَلُوهُ ۖ فَذَرْهُمْ وَمَا يَفْتَرُونَ ﴿١٣٧﴾

അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല. ആകയാൽ, അവരെയും, അവർ കെട്ടിച്ചമച്ചുണ്ടാക്കുന്നതിനെയും നീ (അങ്ങു) വിട്ടേക്കുക.

﴾137﴿ وَكَذَٰلِكَ അതുപോലെ زَيَّنَ ഭംഗിയാക്കി (അലങ്കാരമാക്കി)ക്കാട്ടിയിരിക്കുന്നു لِكَثِيرٍ പലർക്കും, വളരെ ആൾക്ക് مِنَ الْمُشْرِكِينَ മുശ്രിക്കുകളിൽ നിന്ന് قَتْلَ കൊലയെ, വിധിക്കുന്നതിനെ أَوْلَادِهِمْ തങ്ങളുടെ സന്താനങ്ങളെ شُرَكَاؤُهُمْ അവരുടെ പങ്കാളികൾ لِيُرْدُوهُمْ അവരെ അവർ നാശത്തിൽ പതിപ്പിക്കുവാൻ وَلِيَلْبِسُوا അവർ കൂട്ടിക്കലർത്തുവാനും عَلَيْهِمْ അവരുടെ മേൽ, അവർക്ക് دِينَهُمْ അവരുടെ മതത്തെ, മതനടപടിയെ وَلَوْ شَاءَ ഉദ്ദേശിച്ചിരുന്നെങ്കിൽ اللَّهُ അല്ലാഹു مَافَعَلُوهُ അതവർ ചെയ്യുകയില്ലായിരുന്നു فَذَرْهُمْ അതിനാൽ അവരെ നീ വിട്ടേക്കുക وَمَايَفْتَرُونَ അവർ കെട്ടിയുണ്ടാക്കുന്നതിനെയും

അറബി മുശ്‌രിക്കുകൾക്കിടയിൽ നടപ്പുണ്ടായിരുന്ന അതിനികൃഷ്ടമായ മറ്റൊരു ദുരാചാരത്തെക്കുറിച്ചാണ് പറയുന്നത്. ദാരിദ്ര്യം, അപമാനം, പ്രാരാബ്ധം, യുദ്ധകാലത്തുണ്ടാകുന്ന ശല്യം ആദിയായവയെ ഭയന്ന് സ്വന്തം പെൺകുഞ്ഞുങ്ങളെ വധിക്കുക; അല്ലെങ്കിൽ ജീവനോടെ കുഴിച്ചുമൂടുക, ഇതാണത്. കൂടാതെ, ദൈവങ്ങളെ പ്രീതിപ്പെടുത്തുവാൻവേണ്ടി -ഇക്കാലത്ത് ചില അപരിഷ്കൃത വർഗക്കാർ ചെയ്യാറുള്ളതുപോലെ- ആൺകുഞ്ഞുങ്ങളെ വിഗ്രഹങ്ങൾക്കുവേണ്ടി ബലി അർപ്പിക്കലും പതിവുണ്ടായിരുന്നുവെന്ന് ചിലർ പറഞ്ഞു കാണുന്നു. അല്ലാഹുവിനറിയാം. പെൺകുഞ്ഞുങ്ങളെ കൊല്ലുന്നതിനെപറ്റി മാത്രമേ ക്വുർആനിൽ വ്യക്തമാക്കപ്പെട്ടു കാണുന്നുള്ളൂ. ജീവകാരുണ്യമോ, സ്വന്തം മക്കളോടുള്ള വാത്സല്യമോ, പിഞ്ചുപൈതലിനോടുള്ള ദയയോ തോന്നാത്ത ഈ കടുംകൈ പ്രവർത്തിക്കുവാൻ അവർക്ക് പ്രേരണ നൽകുന്നത് പിശാചുക്കളുടെ ദുർബോധനങ്ങളും, പുരോഹിത വർഗത്തിന്റെ നിയമനിർമാണങ്ങളുമായിരുന്നു. ഇവരാണ് ഇവിടെ 'പങ്കാളികൾ' (شركاء) കൊണ്ടുവിവക്ഷ. അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിരുദ്ധമായ നിയമങ്ങൾ നിർമിക്കുന്ന ഇവരെ റബ്ബുകളാക്കുകയാണല്ലോ അവർ ചെയ്യുന്നത്. പ്രസ്തുത നിയമോപദേശങ്ങൾ മൂലം അവർ ഇഹത്തിലും പരത്തിലും കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവരുന്നു. അതൊക്കെ മതനിയമങ്ങളായി തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുന്നു. അതെല്ലാം സൂചിപ്പിച്ചുകൊണ്ടാണ്, അവർ -ആ പങ്കാളികൾ- അവരെ നാശത്തിൽ പതിപ്പിക്കുവാനും, അവരുടെ മതം അവർക്ക് തിരിച്ചറിയാതാക്കുവാനും (لِيُرْدُوهُمْ وَلِيَلْبِسُوا عَلَيْهِمْ دِينَهُمْ) എന്ന് പറഞ്ഞത്.

അത്തരം ദുർവൃത്തികളൊന്നും അവർ ചെയ്യാതിരിക്കുകതന്നെ വേണമെന്നാണ് അല്ലാഹു നിശ്ചയിച്ചിരുന്നതെങ്കിൽ അവർ അതൊന്നും ചെയ്യുമായിരുന്നില്ല. പക്ഷേ, നല്ലതും ചീത്തയും വിവേചിച്ചറിയുവാനുള്ള സൗകര്യവും, സാഹചര്യവും നൽകിക്കൊണ്ട് അവരുടെ ഹിതത്തിനു വിട്ടുകൊടുത്തിരിക്കുകയാണ് അല്ലാഹു. അതുകൊണ്ട്

അവർ ചെയ്യുന്നത് ചെയ്യട്ടെ എന്നുവെച്ച് അവരെ അവഗണിച്ചു കളയുകയേ വേണ്ടൂ. അവരുടെ മേലുള്ള നടപടി അല്ലാഹു എടുത്തുകൊള്ളും. എന്നിങ്ങിനെ നബി ﷺയെ ഉപദേശിക്കുകയാണ് ആയത്തിന്റെ അന്ത്യഭാഗം ചെയ്യുന്നത്'.

وَقَالُواْ هَٰذِهِۦٓ أَنْعَٰمٌ وَحَرْثٌ حِجْرٌ لَّا يَطْعَمُهَآ إِلَّا مَن نَّشَآءُ بِزَعْمِهِمْ وَأَنْعَٰمٌ حُرِّمَتْ ظُهُورُهَا وَأَنْعَٰمٌ لَّا يَذْكُرُونَ ٱسْمَ ٱللَّهِ عَلَيْهَا ٱفْتِرَآءً عَلَيْهِ ۚ سَيَجْزِيهِم بِمَا كَانُواْ يَفْتَرُونَ ﴿١٣٨﴾

﴾138﴿ അവർ പറയുകയാണ്: ഇവ വിലക്കപ്പെട്ടതായ ചില കാലികളും വിളകളുമാകുന്നു; അവരുടെ ജൽപനമനുസരിച്ച് നാം ഉദ്ദേശിക്കുന്നവരല്ലാതെ അവ ഭക്ഷിച്ചുകൂടാ- (വേറെ) ചില കാലികളും അവയുടെ പുറങ്ങൾ (സവാരിക്കു) നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. (കൂടാതെ വേറെ) ചില കാലികളും, അവയുടെ മേൽ അല്ലാഹുവിന്റെ നാമം അവർ ഉച്ചരിക്കുകയില്ല. അവന്റെ [അല്ലാഹുവിന്റെ] പേരിൽ കെട്ടിച്ചമച്ചുകൊണ്ട്.

അവർ കെട്ടിച്ചമച്ചു കൊണ്ടിരിക്കുന്നതിന് അവൻ അവർക്ക്(വഴിയെ) പ്രതിഫലം നൽകുന്നതാണ്.

﴾138﴿ وَقَالُوا അവർ പറയുകയും ചെയ്തു, പറയുകയാണ് هَٰذِهِ أَنْعَامٌ ഇവ ചില കാലികളാണ് وَحَرْثٌ വിളയും, വിളകളും حِجْرٌ വിലക്കപെട്ട لَا يَطْعَمُهَا അവ ഭക്ഷിക്കുകയില്ല, ഭക്ഷിച്ചുകൂടാ إِلَّا ഒഴികെ مَن نَّشَاءُ നാം (ഞങ്ങൾ) ഉദ്ദേശിക്കുന്നവർ بِزَعْمِهِمْ അവരുടെ ജൽപനമനുസരിച്ച് وَأَنْعَامٌ ചില കാലികൾ حُرِّمَتْ നിഷിദ്ധ(നിരോധിക്ക)പ്പെട്ടിരിക്കുന്നു ظُهُورُهَا അവയുടെ പുറങ്ങൾ, മുതുകുകൾ وَأَنْعَامٌ ചില കാലികൾ لَا يَذْكُرُونَ അവർ പറയുക (ഉച്ചരിക്കുക)യില്ല اسْمَ اللَّهِ അല്ലാഹുവിന്റെ നാമം عَلَيْهَا അതിന്റെമേൽ افْتِرَاءً കെട്ടിച്ചമച്ച് عَلَيْهِ അവന്റെമേൽ (പേരിൽ) سَيَجْزِيهِمْ അവർക്ക് അവൻ (വഴിയെ) പ്രതിഫലം നൽകും بِمَا كَانُوا അവരായിരുന്നതിന് يَفْتَرُونَ കെട്ടിച്ചമക്കുക

وَقَالُواْ مَا فِى بُطُونِ هَٰذِهِ ٱلْأَنْعَٰمِ خَالِصَةٌ لِّذُكُورِنَا وَمُحَرَّمٌ عَلَىٰٓ أَزْوَٰجِنَا ۖ

﴾139﴿ അവർ പറഞ്ഞു: (ഇതാ) ഈ കാലികളുടെ വയറുകളിലുള്ളത് നമ്മുടെ ആണുങ്ങൾക്ക് മാത്രമുള്ളതും, നമ്മുടെ ഭാര്യമാർക്ക് നിഷിദ്ധമാക്കപ്പെട്ടതുമാകുന്നു'.

وَإِن يَكُن مَّيْتَةً فَهُمْ فِيهِ شُرَكَآءُ ۚ

അതുചത്തതായിരുന്നാൽ അവർ (എല്ലാവരും) അതിൽ പങ്കാളികളുമായിരിക്കും.

سَيَجْزِيهِمْ وَصْفَهُمْ ۚ إِنَّهُۥ حَكِيمٌ عَلِيمٌ ﴿١٣٩﴾

അവരുടെ (ഈ) വിവരണത്തിന് അവൻ അവർക്ക് (വഴിയെ) പ്രതിഫലം നൽകുന്നതാണ്. നിശ്ചയമായും അവൻ, അഗാധജ്ഞനാകുന്നു; സർവ്വജ്ഞനാകുന്നു.

قَدْ خَسِرَ ٱلَّذِينَ قَتَلُوٓا۟ أَوْلَـٰدَهُمْ سَفَهًۢا بِغَيْرِ عِلْمٍ وَحَرَّمُوا۟ مَا رَزَقَهُمُ ٱللَّهُ ٱفْتِرَآءً عَلَى ٱللَّهِ ۚ

《140》 തീർച്ചയായും, ഒരു വിവരവുമില്ലാതെ -ഭോഷത്തമായിട്ട്- തങ്ങളുടെ സന്താനങ്ങളെ കൊല്ലുകയും, തങ്ങൾക്ക് അല്ലാഹു നൽകിയതിനെ നിഷിദ്ധമാക്കുകയും ചെയ്തിട്ടുള്ളവർ നഷ്ടപ്പെട്ടുപോയിരിക്കുന്നു; (അതെ) അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമച്ചുകൊണ്ട്.

قَدْ ضَلُّوا۟ وَمَا كَانُوا۟ مُهْتَدِينَ ﴿١٤٠﴾

തീർച്ചയായും, അവർ വഴിപിഴച്ചുപോയി; അവർ സന്മാർഗം പ്രാപിച്ചവരായിരുന്നതുമില്ല.

《139》 وَقَالُوا അവർ പറഞ്ഞു مَا فِي بُطُونِ വയറുകളിലുള്ളത് هَٰذِهِ الْأَنْعَامِ ഈ കാലികളുടെ خَالِصَةٌ മാത്രമാ(തനിച്ചാ)യുള്ളതാണ് لِذُكُورِنَا നമ്മുടെ ആണുങ്ങൾക്ക് وَمُحَرَّمٌ നിഷിദ്ധമാക്കപ്പെട്ടതുമാണ് عَلَىٰ أَزْوَاجِنَا നമ്മുടെ ഭാര്യമാർക്ക് وَإِن يَكُن അതാണെങ്കിലോ, ആകുന്നപക്ഷം مَيْتَةً ചത്തത്, ശവം فَهُمْ فِيهِ എന്നാലവർ അതിൽ شُرَكَاءُ പങ്കാളികളാണ് سَيَجْزِيهِمْ അവർക്കവൻ പ്രതിഫലം നൽകും وَصْفَهُمْ അവരുടെ വിവരണത്തിന് إِنَّهُ നിശ്ചയമായും അവൻ حَكِيمٌ അഗാധജ്ഞനാണ് عَلِيمٌ സർവ്വജ്ഞനാണ് 《140》 قَدْ خَسِرَ നഷ്ടപ്പെട്ടിട്ടുണ്ട് الَّذِينَ قَتَلُوا കൊന്നവർ أَوْلَادَهُمْ തങ്ങളുടെ സന്താനങ്ങളെ سَفَهًا വിഡ്ഢിത്തമായി, ഭോഷത്താൽ بِغَيْرِ عِلْمٍ ഒരു അറിവും (വിവരവും) ഇല്ലാതെ وَحَرَّمُوا അവർ നിഷിദ്ധമാക്കുകയും ചെയ്തു مَا رَزَقَهُمُ അവർക്ക് നൽകിയതിനെ اللَّهُ അല്ലാഹു افْتِرَاءً കെട്ടിച്ചമച്ചുകൊണ്ട് عَلَى اللَّهِ അല്ലാഹുവിന്റെമേൽ قَدْ ضَلُّوا തീർച്ചയായും അവർ വഴിപിഴച്ചു وَمَا كَانُوا അവരായതുമില്ല, ആയിരുന്നുമില്ല مُهْتَدِينَ നേർമാർഗം പ്രാപിച്ചവർ

മുശ്രിക്കുകൾ കെട്ടിയുണ്ടാക്കി ആചരിച്ചു വന്നിരുന്ന പല ദുഃസ്സമ്പ്രദായങ്ങളും ആദ്യത്തെ രണ്ടു വചനങ്ങളിൽ അല്ലാഹു എടുത്തുകാട്ടുന്നു.

(1) പൊതു ഉപയോഗം തടയപ്പെടുകയും, തങ്ങൾ ഉദ്ദേശിക്കുന്ന ചില ആളുകൾക്കല്ലാതെ ഭക്ഷിക്കുവാൻ പാടില്ലെന്ന് നിശ്ചയിക്കുകയും ചെയ്തുകൊണ്ട് കൃഷികളിൽനിന്നും കാലികളിൽനിന്നും ഒരു ഭാഗം തങ്ങളുടെ വിഗ്രഹ ദൈവങ്ങൾക്ക് വഴിപാടാക്കി വെക്കുക. അവർ ഉദ്ദേശിക്കുന്നവർ എന്ന് പറഞ്ഞത് ക്ഷേത്രപൂജാരികളും പുരോഹിതന്മാരും തന്നെ. അവർക്കേ അത് ഭക്ഷിച്ചുകൂടൂ എന്നർത്ഥം.

(2) പുറത്ത് കയറി സവാരി ചെയ്യാൻ പാടില്ലെന്ന് നിശ്ചയിച്ചുകൊണ്ട് കാലികളെ ദൈവങ്ങൾക്ക് വഴിപാടാക്കിവെക്കുക. 'ബഹീറത്ത്', 'സാഇബത്ത്' മുതലായവ ഇതിൽ ഉൾപെടുന്നു. ദൈവങ്ങളുടെ പേരിൽ ഇങ്ങിനെ ഒരു പ്രത്യേകതരം വഴിപാടുതന്നെ പതിവുണ്ടായിരുന്നുവെന്നും പറയപ്പെടുന്നുണ്ട്.

(3) അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്ത കാലികളെ ഏർപ്പെടുത്തുക. ഇതിൽ രണ്ടുതരം ഉണ്ട്; അറുക്കുമ്പോൾ അല്ലാഹുവിന്റെ നാമം പറയാതെ, ദൈവങ്ങളുടെ നാമങ്ങളിൽ അറുക്കപ്പെടുന്നവയും, അറുക്കുമ്പോൾ മാത്രമല്ല -പുറത്തു കയറിയോ മറ്റോ ഉപയോഗിക്കുമ്പോഴും- അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൂടാത്തവയും. ഈ രണ്ടാം തരത്തിൽപെട്ട മൃഗങ്ങളുടെ പുറത്തുകയറി ഹജ്ജിനും പോയിക്കൂടായിരുന്നു. കാരണം, അവ വിഗ്രഗങ്ങൾക്കുള്ളതാകകൊണ്ട് അവയുടെ നാമം മാത്രമേ അവയെ സംബന്ധിച്ചിടത്തോളം ഉപയോഗിക്കാവൂ എന്നാണ് സങ്കൽപം.

(4) ചില കാലികളുടെ ഗർഭത്തിലുള്ള കുട്ടി ജനിച്ചാൽ -അതിന് ജീവനുണ്ടെങ്കിൽ - പുരുഷന്മാർക്ക് മാത്രമേ ഉപയോഗിച്ചുകൂടൂ -സ്ത്രീകൾക്ക് പാടില്ല- എന്ന് നിശ്ചയിക്കുക. അവയുടെ പാലിനും ഈ പന്തി വിരോധം ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. ജനിക്കുമ്പോൾ കുട്ടിക്ക് ജീവനില്ലാത്തപക്ഷം, ആണിനും പെണ്ണിനും തിന്നാമെന്നുമാണ് വയ്പ്. ഇതെല്ലാം തന്നെ, അവർ സ്വയം കെട്ടിച്ചമച്ചുണ്ടാക്കി അല്ലാഹുവിന്റെ പേരിൽ വെച്ചുകെട്ടി വരുന്ന ദുരാചാരങ്ങളാണെന്നും, അല്ലാഹു എല്ലാം കണ്ടറിഞ്ഞുകൊണ്ടിരിക്കുന്നുണ്ടെന്നും, എല്ലാറ്റിനും തക്ക ശിക്ഷാ നടപടി എടുക്കാതെ വിടുകയില്ലെന്നും അല്ലാഹു അവരെ താക്കീത് ചെയ്യുന്നു.

ബുദ്ധിപരമായ ന്യായങ്ങളോ, രേഖാമൂലമുള്ള തെളിവുകളോ ഒന്നും കൂടാതെ -തനി വിഡ്ഢിത്തമായി- അല്ലാഹു അനുഗ്രഹിച്ചു നൽകിയ സ്വന്തം മക്കളെ വധിച്ചുകളയുകയും സ്വന്തം സ്വത്തുക്കളെ സ്വയം നിഷിദ്ധമാക്കുകയുമാണ് അവർ ചെയ്യുന്നത്. ഇതാകട്ടെ, അല്ലാഹുവിന്റെ പേരിൽവെച്ചുകെട്ടിയുണ്ടാക്കിയ നിയമങ്ങളെ അടിസ്ഥാനമാക്കിയും. ഇതുവഴി, അവർ അവർക്കുതന്നെ തീരാനഷ്ടം വരുത്തുകയാണ് ചെയ്യുന്നതെന്ന് അവസാനത്തെ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ഇഹത്തിലെ നഷ്ടം വ്യക്തമാണ്. തങ്ങൾക്ക് താങ്ങും തണലുമായിരിക്കേണ്ടുന്ന അത് രണ്ടും അവർക്ക് നഷ്ടപ്പെട്ടു. പരലോകത്തിലാകട്ടെ, രക്ഷക്കുള്ള സകല മാർഗങ്ങളും നഷ്ടപ്പെട്ടു. ശാശ്വതമായ നരകശിക്ഷക്ക് അർഹരായിത്തീരുകയും ചെയ്തു. അതെ, 'അവർ വഴിപിഴച്ചുപോയി, അവർ നേർമാർഗം പ്രാപിക്കുന്നവരായിരുന്നുമില്ല'. ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ബുഖാരി (റ) ഉദ്ധരിക്കുന്നു: 'അറബികളുടെ അജ്ഞത അറിയുവാൻ നിനക്ക് താൽപര്യം തോന്നുന്നുവെങ്കിൽ സൂറത്തു അൻആമിൽ നൂറ്റിമുപ്പതിനു മീതെയുള്ള قَدْ خَسِرَ الَّذِينَ قَتَلُوا الخ എന്ന ഈ വചനം ഓതിക്കൊള്ളുക'. അദ്ദേഹം പറഞ്ഞതെത്ര വാസ്തവം!

വിഭാഗം -17

﴾141﴿ അവനത്രെ, ഉണ്ടാക്കിയവൻ;

പന്തലിൽ (പടർത്തി) ഉയർത്തപ്പെട്ടതും, പന്തലിൽ (പടർത്തി) ഉയർത്തപ്പെടാത്തതുമായ തോട്ടങ്ങളെയും, തിന്നാനുള്ള വിഭവം വ്യത്യസ്തമായ നിലയിൽ ഈത്തപ്പനയും, കൃഷിയും, പരസ്പരസാദൃശ്യമുള്ളതും പരസ്പര സാദൃശ്യമില്ലാത്തതുമായ നിലയിൽ ഒലീവും, മാതളവും (എല്ലാം തന്നെ).

അത് (കായ്ച്ച്) ഫലം നൽകുമ്പോൾ അതിന്റെ ഫലത്തിൽ നിന്നും നിങ്ങൾ തിന്നുകൊള്ളുവിൻ; അത് കൊയ്ത് (വിളവ്) എടുക്കുന്ന ദിവസം അതിന്റെ കടമ നിങ്ങൾ കൊടുത്തു തീർക്കുകയും ചെയ്യുവിൻ; നിങ്ങൾ അമിതം പ്രവർത്തിക്കുകയും ചെയ്യരുത്.

നിശ്ചയമായും അവൻ, അമിതം പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നതല്ല.

۞ وَهُوَ ٱلَّذِىٓ أَنشَأَ
جَنَّٰتٍ مَّعْرُوشَٰتٍ وَغَيْرَ مَعْرُوشَٰتٍ
وَٱلنَّخْلَ وَٱلزَّرْعَ مُخْتَلِفًا أُكُلُهُۥ
وَٱلزَّيْتُونَ وَٱلرُّمَّانَ مُتَشَٰبِهًا
وَغَيْرَ مُتَشَٰبِهٍ ۚ
كُلُوا۟ مِن ثَمَرِهِۦٓ إِذَآ أَثْمَرَ وَءَاتُوا۟
حَقَّهُۥ يَوْمَ حَصَادِهِۦ ۖ وَلَا تُسْرِفُوٓا۟ ۚ
إِنَّهُۥ لَا يُحِبُّ ٱلْمُسْرِفِينَ ﴿١٤١﴾

﴾141﴿ وَهُوَ الَّذِي അവനത്രെ യാതൊരുവൻ أَنْشَأَ ഉണ്ടാക്കിയ, നിർമിച്ച جَنَّاتٍ തോട്ടങ്ങളെ مَعْرُوشَاتٍ ഉയർത്തിയുണ്ടാക്കപ്പെട്ട, പന്തലിൽ പടർത്തപ്പെട്ട وَغَيْرَ مَعْرُوشَاتٍ ഉയർത്തപ്പെടാത്തതും وَالنَّخْلَ ഈത്തപ്പനയും وَالزَّرْعَ കൃഷിയും, വിളയും مُخْتَلِفًا വ്യത്യസ്തമായിക്കൊണ്ട് أُكُلُهُ അതിന്റെ കനി (തിന്നാനുള്ള വിഭവം) وَالزَّيْتُونَ ഒലീവും وَالرُّمَّانَ മാതളവും, ഉറുമാനും مُتَشَابِهًا പരസ്പര സാദൃശ്യമുള്ളതായ وَغَيْرَ مُتَشَابِهٍ പരസ്പര സാദൃശ്യമുള്ളതല്ലാതെയും كُلُوا നിങ്ങൾ തിന്നുകൊള്ളുവിൻ مِنْ ثَمَرِهِ അതിന്റെ ഫലത്തിൽ നിന്നും إِذَا أَثْمَرَ അത് ഫലം നൽകിയാൽ, കായ്ച്ചാൽ وَآتُوا നിങ്ങൾ കൊടുക്കുകയും ചെയ്യുക حَقَّهُ അതിന്റെ കടമ, അവകാശം يَوْمَ حَصَادِهِ അതിന്റെ കൊയ്ത്തിന്റെ (വിളവെടുപ്പു) ദിവസം وَلَا تُسْرِفُوا നിങ്ങൾ അമിതം പ്രവർത്തിക്കുകയും ചെയ്യരുത് إِنَّهُ നിശ്ചയമായും അവൻ لَا يُحِبُّ ഇഷ്ടപ്പെടുക (സ്നേഹിക്കുക)യില്ല الْمُسْرِفِينَ അമിതം പ്രവർത്തിക്കുന്നവരെ.

وَمِنَ ٱلْأَنْعَـٰمِ حَمُولَةً وَفَرْشًا ۚ	﴾142﴿ കാലികളിൽ നിന്നും (ഭാരം) ചുമക്കുന്നവയും, 'ഫർശും' [ചെറു തരം മൃഗങ്ങളും] (ഉണ്ടാക്കിയിരിക്കുന്നു).
كُلُوا۟ مِمَّا رَزَقَكُمُ ٱللَّهُ وَلَا تَتَّبِعُوا۟ خُطُوَٰتِ ٱلشَّيْطَـٰنِ ۚ	നിങ്ങൾക്ക് അല്ലാഹു നൽകിയതിൽ നിന്നും നിങ്ങൾ തിന്നുകൊള്ളുവിൻ; പിശാചിന്റെ കാലടികളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്.
إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿١٤٢﴾	നിശ്ചയമായും അവൻ, നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാണ്.

﴾142﴿ وَمِنَ الأَنْعَامِ കാലികളിൽ നിന്നും حَمُولَةً ഭാരം വഹിക്കുന്നവയെയും وَفَرْشًا 'ഫർശും' (ചെറുതരം മൃഗങ്ങളെയും) كُلُوا നിങ്ങൾ തിന്നു കൊള്ളുവിൻ مِمَّا رَزَقَكُمُ നിങ്ങൾക്ക് നൽകിയതിൽ നിന്ന് اللهُ അല്ലാഹു وَلَا تَتَّبِعُوا നിങ്ങൾ പിൻപറ്റുകയും അരുത് خُطُوَاتِ കാലടികളെ الشَّيْطَانِ പിശാചിന്റെ إِنَّهُ നിശ്ചയമായും അവൻ لَكُمْ നിങ്ങൾക്ക് عَدُوٌّ ശത്രുവാണ് مُبِينٌ പ്രത്യക്ഷമായ (തനി)

ചിലതൊക്കെ അനുവദനീയവും (ഹലാലും), ചിലതൊക്കെ നിഷിദ്ധവും (ഹറാമും) ആക്കി വേർതിരിച്ചുകൊണ്ടും, ചിലത് ദൈവങ്ങൾക്കും ചിലത് തങ്ങൾക്കുമായി ഭാഗിച്ചുകൊണ്ടും ഈ മുശ്‌രിക്കുകൾ തരം തിരിച്ചുകൊണ്ടിരിക്കുന്ന വിളകൾ, കായ്കനികൾ, മൃഗസമ്പത്തുകൾ ഇവയെല്ലാം മനുഷ്യർക്ക് ഭക്ഷിക്കുവാൻവേണ്ടി അല്ലാഹു സൃഷ്ടിച്ചുണ്ടാക്കിയ അനുഗ്രഹങ്ങളാകുന്നു. അതിൽ സാധുക്കൾക്ക് കൊടുക്കേണ്ടുന്ന അവകാശം അതിന്റെ സമയത്ത് കൊടുത്തുതീർത്തു ബാക്കിയെല്ലാം ദുരുപയോഗപ്പെടുത്തുകയോ, ദുർവ്വിനിയോഗം നടത്തുകയോ ചെയ്യാതെ പ്രയോജനപ്പെടുത്തേണ്ടതാണ് എന്നൊക്കെയാണ് അല്ലാഹു ഈ വചനങ്ങളിൽ പറഞ്ഞതിന്റെ രത്നച്ചുരുക്കം. ആദ്യത്തെ വചനത്തിൽ അറബികളുടെ പ്രധാന ഉൽപന്നങ്ങളെയും, രണ്ടാമത്തേതിൽ പ്രധാന കാലി സമ്പത്തുകളെയും -അവയിലുള്ള വൈവിധ്യങ്ങളെ സൂചിപ്പിച്ചുകൊണ്ട്- എടുത്തു പറഞ്ഞിരിക്കുന്നു. അതായത്:-

(1) മുന്തിരിപോലെ പന്തലിന്മേലോ വൃക്ഷത്തിന്മേലോ പടർന്നു ഉയരത്തിൽ വളർന്നു വരുന്നതും, നിലത്തിലൂടെയോ, സ്വന്തംതടിമരത്തിലോ ആയി വളർന്നു വരുന്നതുമായ പല ഇനം തോട്ടങ്ങൾ.

(2) ഗുണം, മണം, രുചി, രൂപം ആദിയായവയിൽ പരസ്പരം വ്യത്യസ്തങ്ങളായ പലതരം ഈത്തപ്പനകളും കൃഷികളും. തോട്ടങ്ങൾ എന്ന് പറഞ്ഞതിൽ ഈത്തപ്പനത്തോട്ടവും അല്ലാത്തതും ഉൾപെടുമെങ്കിലും അറബികളെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രാമുഖ്യം കൽപിക്കപ്പെടുന്നതാണല്ലോ ഈത്തപ്പനത്തോട്ടം. കൂടാതെ, പിഞ്ച്, ചള്ള്, മൂത്തത്, പച്ച, പഴുത്തത്, ഉണങ്ങിയത് എന്നീ വ്യത്യാസം കൂടാതെ എല്ലാ പ്രായത്തിലും അതിന്റെ ഫലം ആഹാരയോഗ്യവും രുചികരവുമാണുതാനും. ഈത്തപ്പന

യിലെ ജാതി വ്യത്യാസം നോക്കുമ്പോൾ വളരെയധികം തരങ്ങൾ അതിൽ കാണാം. കൃഷിയുൽപന്നങ്ങളിലെ വൈവിധ്യങ്ങളെപ്പറ്റി വിസ്തരിക്കേണ്ടതുമില്ല. ഗോതമ്പ്, നെല്ല് മുതലായ ഓരോന്നിലും എത്രയെത്ര തരങ്ങളാണുള്ളത്? ആലോചിച്ചു നോക്കുക!

(3) കാഴ്ചയിലും ആകൃതിയിലും സാദൃശ്യം തോന്നുമെങ്കിലും രുചിയിലും നന്മയിലും മാറ്റമുള്ളതും, പരസ്പരം തീരെ സാദൃശ്യം തോന്നാത്തതുമായ പലതരം ഒലീവ് വൃക്ഷങ്ങളും, മാതളച്ചെടികളും. മാതളപ്പഴത്തിന്റെ ഭംഗിയും പ്രയോജനവും സ്വാദും പ്രസിദ്ധമാണ്. 'സൈത്തെണ്ണ' എന്നുപറയപ്പെടാറുള്ള ഒലീവെണ്ണ ഒരു ഔഷധ വസ്തുവെന്നതിൽ കവിഞ്ഞ് നമ്മുടെ നാടുകളിൽ അതിനെപറ്റി അധികം അറിഞ്ഞുകൂടാ. എങ്കിലും അറബി രാജ്യങ്ങളിൽ -ഫലസ്തീൻ മുതലായ വടക്കൻ അറബി പ്രദേശങ്ങളിൽ, മുൻകാലങ്ങളിൽ, പ്രത്യേകിച്ചും- അതിന്റെ പ്രയോജനം വമ്പിച്ചതാകുന്നു. കറിയായും ലേപനമായും, ഔഷധമായും, വിളക്കെണ്ണയായും അത് ഉപയോഗിക്കപ്പെടുന്നു.

(4) ആടുമാടൊട്ടകങ്ങളാകുന്ന കാലികളിൽ ഭാരം ചുമക്കുവാൻ പറ്റിയവയും, ഭക്ഷണം, വാഹനം, രോമം മുതലായ ആവശ്യങ്ങൾക്ക് പറ്റിയവയും.

فرش (ഫർശ്) എന്ന പദത്തിന് പലരും പല വ്യാഖ്യാനമാണ് പറഞ്ഞു കാണുന്നത്. 'വിരിപ്പാക്കപെട്ടത് -അഥവാ വാഹനമായി ഉപയോഗിക്കപ്പെടുന്നത്, അറുക്കുവാൻ നിലത്ത് കിടത്തപ്പെടുന്നത്- അറുത്തു തിന്നുവാൻ വേണ്ടി വളർത്തപ്പെടുന്നത്. രോമമെടുത്തു വിരിപ്പുണ്ടാക്കുന്നത്, ചെറുതരം മൃഗങ്ങൾ' എന്നും മറ്റുമാണവ. ചെറിയതരം മരങ്ങൾക്കും, ഞാറുപോലെ പരന്നു നിൽക്കുന്ന സസ്യങ്ങൾക്കും, ചുള്ളി വിറകുകൾക്കും, മരുഭൂമിക്കും, ചില്ലറ വീട്ടുപകരണങ്ങൾക്കും ആ വാക്ക് ഉപയോഗിക്കപെടുമെന്ന് നിഘണ്ടുകളിലും കാണാം. എല്ലാറ്റിലും തന്നെ, അതിന്റെ സാക്ഷാൽ ഭാഷാർത്ഥമായ 'വിരിപ്പ്' എന്ന അർത്ഥം പരിഗണിക്കപ്പെട്ടിട്ടുണ്ട്. ഭാരം വഹിക്കുവാൻ ഉതകുന്ന മൃഗങ്ങൾ (حمولة) കേവലം വലുതായിരിക്കുമല്ലോ. അതിനെതിരിലാണ് ഈ പദം ഇവിടെ ഉപയോഗിക്കപ്പെട്ടിരിക്കുന്നതെന്ന വസ്തുതയും, മേൽക്കണ്ട അർത്ഥങ്ങളിൽ പൊതുവെ ചെറുപ്പംകൂടി പരിഗണിക്കപ്പെട്ടിട്ടുള്ളതും കണക്കിലെടുത്തുകൊണ്ടാണ് നാം അതിന് 'ചെറുതരം മൃഗങ്ങൾ' എന്നു ഭാഷാന്തരം നൽകിയിരിക്കുന്നത്. അതിന് തികച്ചും യോജിക്കുന്ന ഒറ്റവാക്ക് മലയാളത്തിൽ കാണപ്പെടുന്നില്ല.

തോട്ടങ്ങളെയും കൃഷിയെയും സംബന്ധിച്ച് പറഞ്ഞശേഷം ആദ്യത്തെ വചനത്തിൽ كُلُوا مِن ثَمَرِهِۦٓ إِذَآ أَثْمَرَ (അത് ഫലം നൽകുമ്പോൾ അതിന്റെ ഫലം നിങ്ങൾ തിന്നുകൊള്ളുവിൻ) എന്നും കാലികളെക്കുറിച്ചു പറഞ്ഞശേഷം രണ്ടാമത്തെ വചനത്തിൽ كُلُوا مِمَّا رَزَقَكُمُ ٱللَّهُ (നിങ്ങൾക്ക് അല്ലാഹു നൽകിയതിൽ നിന്ന് നിങ്ങൾ തിന്നുകൊള്ളുവിൻ) എന്നും പറഞ്ഞതു ശ്രദ്ധേയമാകുന്നു. ഇതെല്ലാം നിങ്ങൾക്ക് ഭക്ഷിക്കുവാൻ വേണ്ടി ഞാൻ സൃഷ്ടിച്ചു തന്നതാണ്; എന്നിട്ട് നിങ്ങൾ അവയിൽ ചിലത് നിഷിദ്ധമാക്കുകയും, കൃത്രിമ ദൈവങ്ങളെ സങ്കൽപിച്ചു അവർക്കായി നീക്കിവെക്കുകയും ചെയ്യുന്നത് അക്രമവും നന്ദികേടുമാണല്ലോ എന്നൊരു സൂചന അതിൽ അടങ്ങിയിരിക്കുന്നു. ആദ്യത്തേതിൽ وَءَاتُوا حَقَّهُۥ يَوْمَ حَصَادِهِۦ (അതുകൊയ്തെടുക്കുന്ന ദിവസം അതിന്റെ കടമ നിങ്ങൾ കൊടുത്തു തീർക്കുവിൻ) എന്ന് പറഞ്ഞിട്ടുള്ളതും പ്രത്യേകം ശ്രദ്ധേയമാകുന്നു. തോട്ടകൃഷിയാകട്ടെ, ധാന്യ കൃഷിയാകട്ടെ, വിളവെടുപ്പു വേളയിൽ അതിൽ നിന്ന് സാധുക്കൾക്കും ദരിദ്രർക്കും ഒരവകാശം കൊടുത്തു തീർക്കേണ്ടുന്ന കടമയുണ്ട്

എന്നാണ് അതിൽ നിന്ന് വ്യക്തമാകുന്നത്.

ഈ വാക്യത്തിന്റെ താൽപര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ കാണാം.

(1) ഇസ്‌ലാമിലെ നിയമപ്രകാരമുള്ള സകാത്തിനു പുറമെ നിലവിലുള്ള മറ്റൊരു കടമയാണിത്. ഇബ്നു ഉമർ, അത്വാഉ്, മുജാഹിദ്, സഈദുബ്നു ജുബൈർ (റ) മുതലായവർ ഈ അഭിപ്രായക്കാരാകുന്നു. ഇതനുസരിച്ച് വിളവെടുക്കുന്ന സമയത്ത് വരുന്ന സാധുക്കൾക്കും പാവങ്ങൾക്കും അല്പം വല്ലതും കൊടുക്കൽ ഉടമസ്ഥനു നിർബന്ധമാകുന്നു. മുൻകാലത്ത് ഒരു തോട്ടക്കാരൻ തങ്ങളുടെ തോട്ടത്തിൽ നിന്ന് വിളവെടുക്കുന്നത് സാധുക്കളാരും അറിയാതിരിക്കുവാൻവേണ്ടി രാത്രിയിൽ ഗൂഢമായി വിളവെടുക്കുവാൻ പരിപാടിയിടുകയും, അവർ തോട്ടത്തിൽ ചെന്നപ്പോഴേക്കും ഒരു അത്യാഹിതം വഴി അല്ലാഹു അവരുടെ തോട്ടം നശിപ്പിച്ചുകളയുകയും ചെയ്ത സംഭവം സൂറത്തുൽ ഖലമിൽ അല്ലാഹു വിവരിക്കുന്നുണ്ട്. അനന്തരാവകാശ സ്വത്തുക്കൾ ഓഹരി ചെയ്യുന്ന സമയത്ത് കുടുംബങ്ങളും അനാഥകളും സാധുക്കളും സന്നിഹിതരായാൽ അവർക്ക് അതിൽ നിന്നു വല്ലതും കൊടുക്കുകയും, നല്ല വാക്കു പറഞ്ഞുവിടുകയും വേണമെന്ന് സൂറത്തുന്നിസാഉ് 8 ലും അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു.

(2) സകാത്ത് നിർബന്ധമാക്കപ്പെട്ടതോടെ ഈ നിർബന്ധം ദുർബ്ബലപ്പെട്ടുപോയിരിക്കുന്നു. ഈ സൂറത്ത് മക്കീ സൂറത്താണല്ലോ. സകാത്തിന്റെ നിയമം അന്ന് നിലവിലില്ല. മിക്കവാറും ഹിജ്റഃ രണ്ടാം കൊല്ലത്തിലാണ് സകാത്തിന്റെ നിയമം ഉണ്ടായത്. അതിനുശേഷം ഈ കടമ നിലവിലില്ല. എന്നാലും അതൊരു നല്ല കാര്യമാണെന്നുള്ളതിൽ തർക്കമില്ല. ഇതാണ് ഇബ്നു അബ്ബാസ്, മുഹമ്മദുബ്നുൽ ഹനഫിയ്യ, ഹസൻ, നഖ്ഈ, ത്വാഊസ്, ഖതാദ, ദ്വഹ്ഹാക് (റ) മുതലായവരുടെ അഭിപ്രായം. പണ്ഡിതന്മാരിൽ അധികവും ഇതാണ് സ്വീകരിച്ചിരിക്കുന്നതും. വിളവെടുക്കുമ്പോഴാണല്ലോ വിളവിന്റെ അളവും കൃത്യവും അറിയുന്നതും അതു കൈവശം വരുന്നതും. അതാണ് കൊയ്തെടുക്കുന്ന ദിവസം കൊടുക്കണമെന്ന് പറഞ്ഞതിന്റെ താൽപര്യമെന്നും ഇവർ പറയുന്നു.

(3) ഈ കൽപന ഒരു നിർബന്ധ കൽപനയല്ല. കേവലം ഐച്ഛികമായ ഒരു കടമ മാത്രമാണ് എന്നത്രെ വേറെ ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം. പല നിലക്കും ഒന്നാമത്തെ അഭിപ്രായത്തിനാണ് മുൻതൂക്കം കാണുന്നത്. (അല്ലാഹുവിന്നറിയാം.)

കൊയ്തെടുക്കുമ്പോൾ കടമകൊടുത്തു തീർക്കണമെന്ന് പറഞ്ഞതിനെത്തുടർന്ന് وَلَا تُسْرِفُوا (നിങ്ങൾ അമിതമാക്കുകയും ചെയ്യരുത്) എന്നുകൂടി അല്ലാഹു ഉണർത്തിയിരിക്കുന്നു. സ്വന്തം ഉപയോഗിക്കുന്നതിലായാലും മറ്റുള്ളവർക്ക് കൊടുക്കുന്നതിലായാലും അത് അമിതമാകുവാൻ പാടില്ലത്തതാകുന്നു. അമിതവ്യയത്തെപറ്റി ക്വുർആനിലും ഹദീഥിലും വളരെയധികം വിരോധിച്ചിട്ടുള്ളതാണ്. إِنَّهُ لَا يُحِبُّ الْمُسْرِفِينَ (അമിതമാക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല) എന്ന് പറഞ്ഞുകൊണ്ട് ഇവിടെയും ആ വിരോധത്തെ ഓർമിപ്പിച്ചിരിക്കുകയാണ്. ഉൽപന്നങ്ങളെ അപേക്ഷിച്ച് കാലികളുടെ വിഷയത്തിലാണ് മുശ്‌രിക്കുകൾ കൂടുതൽ ദുരാചാരങ്ങളും ശിർക്കുകളും സ്വീകരിച്ചു വന്നിരുന്നത്. കൂടാതെ, കൃഷിയിൽ നിന്നുള്ള വരുമാനങ്ങൾ ചില പ്രത്യേക കാലങ്ങളിൽ മാത്രം ലഭിക്കുന്നതും, കാലികളുടെ വരുമാനവും ഉപയോഗവും എല്ലാ കാലത്തും ലഭിക്കുന്നതുമായിരിക്കും. ഇതെല്ലാം കാരണമായിട്ടായിരിക്കാം കാലികളെക്കുറിച്ചു പറ

ഞ്ഞപ്പോൾ, അല്ലാഹു നൽകിയതിൽനിന്നും തിന്നുകൊള്ളുവിൻ (كُلُوا مِمَّا رَزَقَكُمُ اللَّهُ) എന്ന് പറഞ്ഞു മതിയാക്കാതെ പിശാചിന്റെ കാലടികളെ പിൻപറ്റരുതെന്നും അവൻ നിങ്ങൾക്ക് പ്രത്യക്ഷശത്രുവാണെന്നും (وَلَا تَتَّبِعُوا خُطُوَاتِ الشَّيْطَانِ إِنَّهُ لَكُمْ عَدُوٌّ مُبِينٌ) പ്രത്യേകം ഉണർത്തിയത്. (അല്ലാഹുവിന്നറിയാം) കാലികൾ (انعام) എന്ന വാക്കിൽ ഏതെല്ലാം ഉൾപെടുമെന്ന് അടുത്ത വചനത്തിൽ കാണാവുന്നതാണ്:-

ثَمَـٰنِيَةَ أَزْوَٰجٍ ۖ مِّنَ ٱلضَّأْنِ ٱثْنَيْنِ وَمِنَ ٱلْمَعْزِ ٱثْنَيْنِ ۗ

﴿143﴾ **(അതെ) എട്ടു ഇണകളെ (അവൻ ഉണ്ടാക്കിയിരിക്കുന്നു). ചെമ്മരിയാടിൽ നിന്ന് രണ്ടും, കോലാടിൽ നിന്ന് രണ്ടും (ഇണകൾ).**

قُلْ ءَآلذَّكَرَيْنِ حَرَّمَ أَمِ ٱلْأُنثَيَيْنِ

നീ പറയുക: '(ഇവയിലെ) രണ്ടു ആണിനെയാണോ അവൻ [അല്ലാഹു] നിഷിദ്ധമാക്കിയത്, അതല്ല -രണ്ടു പെണ്ണിനെയോ?!

أَمَّا ٱشْتَمَلَتْ عَلَيْهِ أَرْحَامُ ٱلْأُنثَيَيْنِ نَبِّـُٔونِى بِعِلْمٍ إِن كُنتُمْ صَـٰدِقِينَ ﴿١٤٣﴾

അതല്ല-(ആ) രണ്ടു പെണ്ണിന്റെ ഗർഭാശയങ്ങൾ ഉൾപെടുത്തിയിട്ടുള്ളതിനെയാണോ?! ഒരു (ന്യായമായ) അറിവോടെ, നിങ്ങൾ എന്നോട് (ഒന്ന്) വിവരം അറിയിക്കുവിൻ- നിങ്ങൾ സത്യവാന്മാരാണെങ്കിൽ!'

وَمِنَ ٱلْإِبِلِ ٱثْنَيْنِ وَمِنَ ٱلْبَقَرِ ٱثْنَيْنِ ۗ

﴿144﴾ **ഒട്ടകത്തിൽ നിന്ന് രണ്ടും, മാടിൽ നിന്ന് രണ്ടും (ഇണകളും).**

قُلْ ءَآلذَّكَرَيْنِ حَرَّمَ أَمِ ٱلْأُنثَيَيْنِ أَمَّا ٱشْتَمَلَتْ عَلَيْهِ أَرْحَامُ ٱلْأُنثَيَيْنِ ۖ

നീ പറയുക: '(ഇവയിലെ) രണ്ടു ആണിനെയാണോ അവൻ നിഷിദ്ധമാക്കിയത്, അതല്ല-രണ്ടു പെണ്ണിനെയോ?! അതല്ല-(ആ) രണ്ടു പെണ്ണിന്റെ ഗർഭാശയങ്ങൾ ഉൾപെടുത്തിയതിനെയാണോ?!

أَمْ كُنتُمْ شُهَدَآءَ إِذْ وَصَّىٰكُمُ ٱللَّهُ بِهَـٰذَا ۚ

അതല്ല, ഇതിനെപ്പറ്റി അല്ലാഹു നിങ്ങളോട് 'വസ്വിയ്യത്ത്' ചെയ്തപ്പോൾ നിങ്ങൾ (ദൃക്)സാക്ഷികളാ

فَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا لِّيُضِلَّ ٱلنَّاسَ بِغَيْرِ عِلْمٍ ۗ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿١٤٤﴾

യി(ഹാജരുണ്ടായി)രുന്നുവോ?!

അപ്പോൾ, ഒരറിവുമില്ലാതെ, മനുഷ്യരെ വഴിപിഴപ്പിക്കുവാനായി അല്ലാഹുവിന്റെ പേരിൽ വ്യാജം കെട്ടിച്ചമച്ചവനെക്കാൾ അധികം അക്രമി ആരാണുള്ളത്?!

നിശ്ചയമായും അല്ലാഹു, അക്രമികളായ ജനങ്ങളെ സന്മാർഗത്തിലാക്കുകയില്ല.

﴾143﴿ ثَمَانِيَةَأَزْوَاجٍ എട്ടു ഇണകളെ مِنَ الضَّأْنِ ചെമ്മരിയാടിൽ (നെയ്യാടിൽ) നിന്ന് اثْنَيْنِ രണ്ടു (എണ്ണം) وَمِنَ الْمَعْزِ കോലാടിൽ നിന്ന് اثْنَيْنِ രണ്ടു (എണ്ണം) قُلْ നീ പറയുക آلذَّكَرَيْنِ രണ്ടു ആണിനെയാണോ حَرَّمَ അവൻ നിഷിദ്ധമാക്കി أَمِ الأُنْثَيَيْنِ അതല്ല (അതോ) രണ്ടുപെണ്ണിനെയോ أَمَّا അതല്ല യാതൊന്നിനെയോ اشْتَمَلَتْ عَلَيْهِ അതിനെ ഉൾപെടുത്തിയിരിക്കുന്നു أَرْحَامُ ഗർഭാശയങ്ങൾ الأُنْثَيَيْنِ രണ്ടു പെണ്ണിന്റെ نَبِّئُونِي നിങ്ങളെനിക്ക് വിവരമറിയിക്കുവിൻ بِعِلْمٍ വല്ല അറിവോടെയും, അറിഞ്ഞുകൊണ്ട് إِنْ كُنْتُمْ നിങ്ങളാണെങ്കിൽ صَادِقِينَ സത്യവാന്മാർ, സത്യം പറയുന്നവർ ﴾144﴿ وَمِنَ الإِبِلِ ഒട്ടകത്തിൽ നിന്ന് اثْنَيْنِ രണ്ട് (എണ്ണം) وَمِنَ الْبَقَرِ മാടിൽ നിന്നും اثْنَيْنِ രണ്ട് (എണ്ണം) قُلْ നീ പറയുക آلذَّكَرَيْنِ രണ്ടു ആണിനെയോ حَرَّمَ അവൻ നിഷിദ്ധമാക്കിയത് أَمِ الأُنْثَيَيْنِ അതല്ല രണ്ടു പെണ്ണിനെയോ أَمَّا അതല്ല യാതൊന്നിനെയോ اشْتَمَلَتْ عَلَيْهِ അതിനെ ഉൾപെടുത്തിയിരിക്കുന്നു أَرْحَامُ ഗർഭാശയങ്ങൾ الأُنْثَيَيْنِ രണ്ടു പെണ്ണിന്റെ أَمْ كُنْتُمْ അതല്ല (അതോ) നിങ്ങളായിരുന്നോ شُهَدَاءَ ദൃക്സാക്ഷികൾ, ഹാജറുള്ളവർ إِذْوَصَّاكُمُ നിങ്ങളോട് വസിയ്യത്ത് ചെയ്ത (കൽപിച്ച)പ്പോൾ اللَّهُ അല്ലാഹു بِهَٰذَا ഇതിന്, ഇതിനെപറ്റി فَمَنْأَظْلَمُ അപ്പോൾ (എന്നാൽ-എന്നിരിക്കെ) ആരാണ് അധികം അക്രമി مِمَّنِافْتَرَىٰ കെട്ടിച്ചമച്ചവനെക്കാൾ عَلَى اللَّهِ അല്ലാഹുവിന്റെ മേൽ كَذِبًا വ്യാജം لِيُضِلَّ അവൻ വഴിപിഴപ്പിക്കുവാൻവേണ്ടി النَّاسَ മനുഷ്യരെ بِغَيْرِعِلْمٍ ഒരു അറിവും (വിവരവും) ഇല്ലാതെ إِنَّاللَّهَ നിശ്ചയമായും അല്ലാഹു لَايَهْدِي അവൻ സന്മാർഗത്തിലാക്കുക (വഴിചേർക്കുക)യില്ല الْقَوْمَ ജനങ്ങളെ الظَّالِمِينَ അക്രമികളായ.

വിഷയത്തിലും ഘടനയിലും മുൻവചനങ്ങളുമായി ബന്ധമുള്ളതാണ് ഈ വചനങ്ങളും. കാലികൾ (انعام) അഥവാ ആടുമാടൊട്ടകങ്ങൾ ആകെ എട്ട് ഇനങ്ങളാണുള്ളത്. ചെമ്മരിയാട്, കോലാട്, ഒട്ടകം, മാട് എന്നീ നാലു വർഗത്തിൽ ആണുംപെണ്ണുമായി ആകെ എട്ട് ഇനങ്ങൾ. ഇവയെല്ലാം നിങ്ങൾക്ക് ഭക്ഷണപാനീയങ്ങൾക്കും, സവാരി മുതലായ ആവശ്യങ്ങൾക്കും വേണ്ടി അല്ലാഹു സൃഷ്ടിച്ചുതന്നതാണ്. എന്നിട്ട് അവ

യിൽ ചില ആണിനെയും, ചിലപെണ്ണിനെയും, ചില ഗർഭശിശുക്കളെയും നിങ്ങൾ നിഷിദ്ധമാക്കിത്തള്ളുന്നു. അതൊക്കെ അല്ലാഹു കൽപിച്ച മതവിധികളാണെന്ന നിലക്കാണ് ചെയ്യുന്നതും. അല്ലാഹു നിഷിദ്ധമാക്കിയിട്ടുണ്ടെങ്കിൽ അത് ഈ ഇനങ്ങളിൽ നിന്നുള്ള ആണിനെയാണോ, അതല്ല പെണ്ണിനെയാണോ, അതല്ല പെണ്ണിന്റെ ഗർഭത്തിലുള്ളതിനെയാണോ?! അങ്ങിനെയാണെങ്കിൽ എല്ലാ ആണും, അല്ലെങ്കിൽ എല്ലാ പെണ്ണും, അല്ലെങ്കിൽ എല്ലാ ഗർഭസ്ഥശിശുവും നിഷിദ്ധമായിരിക്കേണ്ടതല്ലേ?! ചിലതിനെ നിഷിദ്ധമെന്നും, ചിലതിനെ അനുവദനീയമെന്നും വേർതിരിക്കുവാനുള്ള ന്യായമെന്താണ്?! അല്ലാഹു അങ്ങിനെയുള്ള യാതൊരു നിയമവും കൽപിച്ചിട്ടില്ല. ഉണ്ടെന്ന് നിങ്ങൾക്ക് വാദമുണ്ടെങ്കിൽ അതിന് എന്താണ് തെളിവ്?! അവൻ അതുകൽപിച്ചരുളിയപ്പോൾ നിങ്ങളതിന് ദൃക്സാക്ഷികളായി അവിടെ ഹാജരുണ്ടായിരുന്നോ?! എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ സാരം.

ആക്ഷേപവും; പരിഹാസവും നിറഞ്ഞ ചോദ്യങ്ങൾ ചോദിച്ചു ഉത്തരം മുട്ടിക്കുകയല്ല, ന്യായപൂർവ്വമോ പ്രമാണപരമോ ആയ വല്ല അടിസ്ഥാനവും അറിവും ഈ വിഷയത്തിൽ നിങ്ങൾക്കുണ്ടെങ്കിൽ, നിങ്ങൾ അതൊന്ന് സമർപ്പിക്കുവിൻ എന്ന് അവരെ അല്ലാഹു വെല്ലുവിളിക്കുകയാണ്. ഞങ്ങളുടെ പൂർവ്വികന്മാർ അങ്ങിനെ ചെയ്തുവരുന്നത് കണ്ടു ഞങ്ങളും അനുകരിച്ചുവെന്നല്ലാതെ മറ്റെന്താണ് അവർക്ക് പറയുവാനുള്ളത്?! ഇല്ല. ഒന്നുമില്ല. അപ്പോൾ, നാമമാത്രമെങ്കിലും യാതൊരു ന്യായവും കൂടാതെ അല്ലാഹുവിന്റെ പേരിൽ കള്ളം പറഞ്ഞുണ്ടാക്കി മനുഷ്യരെ വഴിപിഴപ്പിക്കുകയാണ് അവരിലുള്ള പുരോഹിത വർഗം ചെയ്യുന്നതെന്ന് സ്പഷ്ടം. ഇതിൽപരം അക്രമവും അനീതിയും എന്താണ്?! ഈ അക്രമം കൈവെടിഞ്ഞു നേർമാർഗം സ്വീകരിക്കുവാൻ തയ്യാറാകാത്ത കാലത്തോളം അവർക്ക് രക്ഷയില്ലതന്നെ.

വിഭാഗം - 18

قُل لَّآ أَجِدُ فِي مَآ أُوحِيَ إِلَيَّ مُحَرَّمًا عَلَىٰ طَاعِمٍ يَطْعَمُهُۥٓ إِلَّآ أَن يَكُونَ مَيْتَةً أَوْ دَمًا مَّسْفُوحًا أَوْ لَحْمَ خِنزِيرٍ فَإِنَّهُۥ رِجْسٌ أَوْ فِسْقًا أُهِلَّ لِغَيْرِ ٱللَّهِ بِهِۦ ۚ

﴿145﴾ (നബിയേ) പറയുക: 'എനിക്ക് 'വഹ്യ്' [ദിവ്യബോധനം] നൽകപ്പെട്ടിട്ടുള്ളതിൽ, ഭക്ഷിക്കു(വാനുദ്ദേശിക്കു)ന്ന ഒരാളുടെ മേലും നിഷിദ്ധമാക്കപ്പെട്ടതായൊന്നും ഞാൻ കാണുന്നില്ല, അത് [ഭക്ഷണം] ശവം, അല്ലെങ്കിൽ ചിന്തപ്പെട്ട രക്തം അല്ലെങ്കിൽ പന്നിമാംസം-കാരണം, അത് മ്ളേച്ഛമാകുന്നു-അല്ലെങ്കിൽ അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ശബ്ദം ഉയർത്തപ്പെട്ട [അറുക്കപ്പെട്ട] തോന്നിയവാസം (എന്നിവ) ആയിരുന്നാലല്ലാതെ.

فَمَنِ ٱضْطُرَّ غَيْرَ بَاغٍ وَلَا عَادٍ

എന്നാൽ, ആരെങ്കിലും (നിയമലംഘനം) കാംക്ഷിക്കുന്നവനല്ലാതെയും, അതിരുവിട്ടവനല്ലാതെയും (അവ ഭക്ഷിക്കുവാൻ) നിർബന്ധിതനായിത്തീരുന്ന പക്ഷം,

فَإِنَّ رَبَّكَ غَفُورٌ رَّحِيمٌ ﴿١٤٥﴾

അപ്പോൾ, നിശ്ചയമായും നിന്റെ റബ്ബ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

﴾145﴿ قُلْ നീ പറയുക لَا أَجِدُ ഞാൻ കാണുന്നില്ല فِي مَا أُوحِيَ വഹ്‌യ് നൽകപ്പെട്ടതിൽ
إِلَيَّ എനിക്ക്, എന്നിലേക്ക് مُحَرَّمًا ഒരു നിഷിദ്ധമാക്കപെട്ടതും, ഹറാമാക്കപെട്ടത് ഒന്നും
عَلَىٰ طَاعِمٍ ഒരു ഭക്ഷണം കഴിക്കുന്നവന്റെമേലും يَطْعَمُهُ അതിനെ ഭക്ഷിക്കുന്ന إِلَّا أَن يَكُونَ
അതായിരുന്നാലല്ലാതെ مَيْتَةً ശവം, ചത്തത് أَوْ دَمًا അല്ലെങ്കിൽ രക്തം مَّسْفُوحًا ചിന്ത
പെട്ട (ഒഴുകുന്ന) أَوْ لَحْمَ അല്ലെങ്കിൽ മാംസം خِنزِيرٍ പന്നിയുടെ فَإِنَّهُ എന്നാൽ (കാര
ണം) അത് رِجْسٌ മ്ലേച്ഛമാണ് أَوْ فِسْقًا അല്ലെങ്കിൽ തോന്നിയവാസം أُهِلَّ ശബ്ദം
ഉയർത്തപ്പെട്ട لِغَيْرِ اللَّهِ അല്ലാഹു അല്ലാത്തവർക്കുവേണ്ടി بِهِ അതിനെ, അതിൽ, അതു
മൂലം فَمَنِ എന്നാൽ (എനി-അപ്പോൾ) ആരെങ്കിലും, വല്ലവനും اضْطُرَّ നിർബന്ധിത
നായി (എങ്കിൽ) غَيْرَ بَاغٍ കാംക്ഷിക്കുന്ന (തേടുന്ന-നിയമലംഘനം നടത്തുന്ന)വന
ല്ലാതെ وَلَا عَادٍ അതിരു വിടുന്നവനല്ലാതെയും فَإِنَّ رَبَّكَ എന്നാൽ നിശ്ചയമായും നിന്റെ
റബ്ബ് غَفُورٌ വളരെ പൊറുക്കുന്നവനാണ് رَّحِيمٌ കരുണാനിധിയാണ്.

ആഹാരത്തിനും മറ്റുമായി അല്ലാഹു മനുഷ്യർക്കുവേണ്ടി സൃഷ്ടിച്ചു കൊടുത്ത ഉൽപന്നങ്ങളിൽ നിന്നും, കാലികളിൽ നിന്നും ചിലത് ഹലാലും (അനുവദനീയവും), ചിലത് ഹറാമും (നിഷിദ്ധവും) ആക്കിക്കൊണ്ടിരിക്കുന്ന മുശ്‌രിക്കുകളോട് എനിക്ക് ലഭിച്ച ദിവ്യസന്ദേശങ്ങളിലൊന്നും തന്നെ ഈ നാല് വസ്തുക്കളല്ലാതെ മറ്റൊന്നും നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ലെന്നു പറയുവാൻ നബി ﷺയോടു അല്ലാഹു കൽപിക്കുന്നു. മതനിയമം നിയമിക്കുവാനുള്ള അധികാരം അല്ലാഹുവിന് മാത്രമേയുള്ളൂ. അതുകൊണ്ട് ഈ നാലിനു പുറമെ വല്ലതും നിഷിദ്ധമാണെന്നോ, ഈ നാലിൽ ഏതെങ്കിലും അനുവദനീയമാണെന്നോ പറയുവാൻ ആർക്കും അവകാശമില്ലെന്ന് താല്പര്യം.

ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ട വസ്തുക്കൾ -ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്കുവേണ്ടി ശബ്ദം ഉയർത്തപ്പെട്ടത് (അഥവാ അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്) എന്നീ നാലു വസ്തുക്കൾ- മാത്രമേ ഭക്ഷിക്കൽ നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളൂവെന്ന് സൂ: അൽബഖറഃ 173 ലും, സൂ: മാഇദ:4 ലും ഇതിനു മുമ്പ് അല്ലാഹു പ്രസ്താവിച്ചത് നാം കണ്ടു. താഴെ സൂ: നഹ്ൽ 115 ൽ വീണ്ടും വരുന്നുമുണ്ട്. മാഇദഃയിലെ വചനത്തിൽ ഈ നാലിന് പുറമെ, കുടുങ്ങിച്ചത്തത്, വീണുചത്തത് മുതലായ ചില ഇനങ്ങൾകൂടി പറയപ്പെട്ടിട്ടുണ്ടെങ്കിലും അവയെല്ലാം ശവത്തിൽ ഉൾപെട്ടതും, അതിന്റെ വിശദീകരണമായി പറയപ്പെട്ടതുമാണെന്ന് അവിടെ നാം ചൂണ്ടിക്കാട്ടുകയുണ്ടായി. ഈ നാലിനെക്കുറിച്ചും അത്യാവശ്യം അറിഞ്ഞിരിക്കേണ്ടുന്ന വിവരങ്ങൾ പലതും സൂറത്തുൽ ബക്വറഃയിൽ വെച്ചും, ചിലതെല്ലാം മാഇദഃയിൽവെച്ചും വിവരിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഇവിടെ അതാവർത്തിക്കേണ്ടുന്ന ആവശ്യമില്ല. എന്നാൽ, മറ്റു സ്ഥലങ്ങളിൽ പ്രസ്താവിക്കപ്പെടാത്ത ചില കാര്യങ്ങൾ ഈ വചനത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതിനെപറ്റിയാണ് ഇവിടെ അൽപം വിവരിക്കു

വാനുള്ളത്.

അവിടങ്ങളിൽ രക്തം (دم) എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. ഇവിടെ അതിനെ ചിന്തപ്പെട്ടത് (مَسْفُوحٍ) എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. അതായത്, അറവു മൂലമോ, മുറിപ്പെട്ടോ മറ്റോ ഒഴുകി വരുന്ന രക്തം എന്നർത്ഥം. അതുകൊണ്ട് ആ സ്ഥലങ്ങളിലും 'രക്തം' കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നത് ഒഴുകുന്ന രക്തം (دم مسفوح) ആണെന്നും, മാംസത്തിൽ നിന്നും വേറിടാതെ അതോടുപറ്റി നിൽക്കുന്ന രക്തക്കലർപ്പിന് വിരോധമില്ലെന്നും ഇതിൽ നിന്നു മനസ്സിലാക്കാം. മറ്റു സ്ഥലങ്ങളിൽ പന്നിമാംസം വിരോധിച്ചതിന് പ്രത്യേക കാരണമൊന്നും പറഞ്ഞിട്ടില്ല. ഇവിടെ 'അതിനു കാരണം അത് മ്ലേച്ഛമാണ് (فَإِنَّهُ رِجْسٌ)' എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നു. പന്നിമാംസം കഴിക്കുന്നവർക്ക് അത് ഒരു ആസ്വാദ്യ വസ്തുവായി തോന്നാമെങ്കിലും അത് രോഗാംശം കലർന്നതാണെന്ന് പലവൈദ്യവിശാരദന്മാരും സമ്മതിച്ചതാണ്. ഒരു പക്ഷേ, പ്രസ്തുത രോഗാംശങ്ങളെ പരിശോധിച്ചു നീക്കം ചെയ്‌വാൻ ഏതെങ്കിലും ശാസ്ത്രീയ പരിഹാരം ഉണ്ടെന്നു വന്നാൽ തന്നെയും അതൊരു മ്ലേച്ഛവസ്തുവാണെന്ന് അതിനെപറ്റി മനുഷ്യരെക്കാൾ അറിയുന്നവനായ സ്രഷ്ടാവ് പറയുമ്പോൾ –ആ മ്ലേച്ഛതയെക്കുറിച്ചു നമുക്ക് വേണ്ടതുപോലെ മനസ്സിലാക്കുവാൻ കഴിയാതിരുന്നാൽ തന്നെയും– അതിൽ നമുക്ക് അജ്ഞാതമായ ചില ദോഷവശങ്ങളുണ്ടായിരിക്കുമെന്ന് തീർച്ചയാണ്. കാഷ്ടങ്ങൾ തുടങ്ങിയ മ്ലേച്ഛ വസ്തുക്കൾ തിന്നുക പതിവാക്കിയ മറ്റൊരു മൃഗത്തെ പന്നിയെപോലെ വേറെ കാണുവാൻ പ്രയാസം. അതോടുകൂടി മ്ളേച്ഛത ശരീരാരോഗ്യത്തെ ബാധിക്കുന്നത് തന്നെയാവണമെന്നില്ല താനും. സ്വഭാവ വികാരാദികളെ ദുഷിപ്പിക്കുന്ന വല്ല ദോഷങ്ങളും ആയിരിക്കുവാനും സാധ്യതയുണ്ട്. ഇതിനുദാഹരണമായി ചില പണ്ഡിതന്മാർ ചിലതൊക്കെ ചൂണ്ടിക്കാട്ടാതെയുമില്ല. പന്നിമാംസം വിരോധിച്ചതിന് കാരണം അതു മ്ളേച്ഛമായതാണെന്ന് പറഞ്ഞതിൽനിന്ന് കാഷ്ടം, മൂത്രം മുതലായ മ്ലേച്ഛമായ എല്ലാ മലിന വസ്തുക്കളും ഭക്ഷിക്കുവാൻ പാടില്ലെന്നുകൂടി മനസ്സിലാക്കാവുന്നതാണ്. പ്രത്യേക കാരണമോ, തെളിവോ ഇല്ലാത്തപ്പോൾ, ദുഷിച്ച സാധനങ്ങൾ പൊതുവെ നിഷിദ്ധമാണെന്നും, വിശിഷ്ട വസ്തുക്കൾ പൊതുവെ അനുവദനീയമാണെന്നുമുള്ളത് ഒരു പൊതുതത്വവുമത്രെ. (5:5; 7:157 മുതലായവയും വ്യാഖ്യാനവും നോക്കുക)

മാഇദഃയിലെ ആയത്തിൽ, ഈ നാലു നിഷിദ്ധ വസ്തുക്കളെക്കുറിച്ചും പറഞ്ഞ ശേഷം അവയെ ചൂണ്ടിക്കൊണ്ട് 'അതൊക്കെ തോന്നിയവാസമാകുന്നു (ذلكم فسق) എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ, അല്ലാഹു അല്ലാത്തവരുടെ നാമത്തിൽ അറുക്കപ്പെട്ടതിനെപറ്റി മാത്രമാണ് 'തോന്നിയവാസം(فسقا)' എന്നു ഉപയോഗിച്ചത്. നിഷിദ്ധ വസ്തുക്കളെ ഉപയോഗിക്കുന്നതൊക്കെ തോന്നിയവാസം തന്നെയാണെങ്കിലും അല്ലാഹു അല്ലാത്തവരുടെ നാമത്തിൽ അറുക്കുന്നത് കൂടുതൽ ഗൗരവപ്പെട്ട കുറ്റമാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാകുന്നു. അൽബക്വറഃയിലും, മാഇദഃയിലുമെന്നപോലെ ഇവിടെയും നിർബന്ധിതാവസ്ഥ നേരിടുമ്പോൾ, നിയമലംഘനത്തിന്റെ ഉദ്ദേശ്യമില്ലാതെ അത്യാവശ്യമായ തോതിൽ അവ ഉപയോഗിക്കുന്നതിന് വിരോധമില്ലെന്ന് അവസാനം അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഇതു സംബന്ധിച്ച വിശദീകരണം മുമ്പ് കഴിഞ്ഞു പോയിട്ടുള്ളത് ഇവിടെയും ഓർമിക്കുക.

നാലു സൂറത്തുകളിലാണല്ലോ ഈ നാലു വസ്തുക്കളും നിഷിദ്ധങ്ങളായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. രണ്ടെണ്ണം മക്കീ സൂറത്തുകളും രണ്ടെണ്ണം മദനീ സൂറത്തുക

ളുമാകുന്നു. മക്കീ സൂറത്തായ നഹ്ലിലും, മദനീസൂറത്തായ അൽബകറഃയിലും ഈ നാലു വസ്തുക്കൾ മാത്രമേ നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളൂ (انما حرم...) എന്ന് പറഞ്ഞപ്പോൾ, മക്കീ സൂറത്തായ ഈ സൂറത്തിൽ, ഈ നാലെണ്ണമല്ലാതെ വേറെ ഒന്നും നിഷിദ്ധമാക്കപ്പെട്ടതായി എനിക്ക് വഹ്യ് ലഭിച്ചിട്ടില്ലെന്ന് പ്രഖ്യാപിക്കണം (قل لا اجد فيما اوحى...) എന്ന് നബി ﷺ യോടു കൽപിക്കുകയാണ് ചെയ്തിരിക്കുന്നത്. മദനീ സൂറത്തായ മാഇദഃയിലാകട്ടെ, നിങ്ങൾക്ക് ഓതിക്കേൾപിക്കപ്പെടുന്നതല്ലാത്ത മറ്റു കാലിജന്തുക്കൾ നിങ്ങൾക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്നു (احلت لكم بهيمة الانعام) എന്ന് 2-ാം വചനത്തിൽ ആദ്യം ഒന്ന് പ്രസ്താവിച്ച ശേഷം പിന്നീടാണ് (4-ാം വചനത്തിൽ) ഈ നാല് വസ്തുക്കൾ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നത് രണ്ടാം വചനത്തിൽ ഒഴിവാക്കപെട്ട വസ്തുക്കൾ 4-ാം വചനത്തിൽ പ്രസ്താവിക്കപെട്ട നാലെണ്ണം തന്നെയാണെന്നുള്ളതിൽ ആർക്കും ഭിന്നാഭിപ്രായമില്ല താനും. ചുരുക്കത്തിൽ, ഈ നാല് വസ്തുക്കൾ മാത്രമേ ഭക്ഷിക്കൽ നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളൂവെന്ന് ഈ നാലു സൂറത്തുകളിലും വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ നാലിന്നു പുറമെയുള്ള വസ്തുക്കളൊന്നും തന്നെ നിഷിദ്ധമല്ലെന്നാണ് മുൻഗാമികളിലും പിൻഗാമികളിലുമുള്ള ചില പണ്ഡിതന്മാരുടെ അഭിപ്രായം. സ്വഹാബികളിൽ ഇബ്നു അബ്ബാസും, ഇബ്നു ഉമറും, ആഇശായും (റ) ഈ അഭിപ്രായക്കാരായിട്ടാണ് അറിയപ്പെടുന്നത്. ഇമാം മാലിക്കും (റ) ഈ അഭിപ്രായക്കാരനാണെന്ന് കാണുന്നു. ക്വുർആൻ വ്യാഖ്യാതാക്കളിൽ ഇമാം റാസീ (റ)യും ഇതാണ് ബലപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ ഈ നാലു വസ്തുക്കൾക്ക് പുറമെ ചില വസ്തുക്കൾകൂടി നബി ﷺ വിരോധിച്ചിരിക്കുന്നതായി പ്രബലമായ ഹദീഥുകളിൽ വന്നിട്ടുള്ളത് പ്രസിദ്ധമാണ്. ഇതിനെപറ്റി പ്രസ്തുത അഭിപ്രായക്കാരായ പണ്ഡിതന്മാർ പറയുന്നതിന്റെ ചുരുക്കം ഇതാണ്: ഇസ്ലാമിലെ ഒരു സുസ്ഥിരമായ നിയമമെന്ന നിലക്കോ, കുറ്റകരമായ ഹറാം (നിഷിദ്ധം) എന്ന നിലക്കോ ഉള്ള വിരോധമല്ല ആ ഹദീഥുകളുടെ താൽപര്യം. കേവലം വൃത്തി കെട്ടതും, മതദൃഷ്ട്യാ വെറുക്കപ്പെട്ടതും (مكروه) എന്ന നിലക്കുള്ള വിരോധമാണ്. ആ ഹദീഥുകളുടെ ചില രിവായത്തുകളിൽ, നബി ﷺ വിരോധിച്ചു(نهى النبي ﷺ) എന്നും, ചിലതിൽ അതിനു കാരണം, നബി ﷺ ഹറാമാക്കിയ (حرم النبي ص) എന്നും കാണുന്നു. ഇതിനു കാരണം, നബി ﷺ വിരോധിച്ചതിന്റെ അർത്ഥം നബി ﷺ നിഷിദ്ധമായി പ്രഖ്യാപിച്ചുവെന്നാണെന്ന് അതിന്റെ നിവേദകന്മാർ ധരിച്ചതായിരിക്കുമെന്നും വ്യാഖ്യാനിക്കപ്പെടുന്നു.

പക്ഷേ, സ്വന്തം യുക്തിക്കനുസരിച്ച് മതകാര്യങ്ങളെ വിലയിരുത്തുവാൻ ബദ്ധപ്പാട് കാണിക്കാറുള്ള ചില ആധുനിക പണ്ഡിതന്മാർ പ്രസ്തുത ഹദീഥുകളെപ്പറ്റി വിധി കൽപിക്കുന്നത് വേറെ രൂപത്തിലാകുന്നു. ഈ നാലു വസ്തുക്കൾ മാത്രമാണ് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നതെന്ന് ക്വുർആൻ വ്യക്തമാക്കിയിരിക്കെ, നബി ﷺ ആ നാലിനു പുറമെ വേറെ ചിലതുംകൂടി വിരോധിക്കുവാൻ അവകാശമില്ല. അതുകൊണ്ട് അങ്ങിനെയുള്ള ഹദീഥുകളൊന്നും സ്വീകാര്യമേ അല്ല, ഇതാണ് അവരുടെ തീരുമാനം. ഇത് വാസ്തവത്തിൽ യാഥാർത്ഥ്യത്തിന് നേരെ താൽപര്യപൂർവ്വം കണ്ണടച്ചു ഇരുട്ടാക്കലാണെന്ന് നിഷ്പക്ഷ ബുദ്ധിയുള്ള എല്ലാവർക്കും അറിയാവുന്നതാകുന്നു. നബി ﷺ യുടെ ഹദീഥുകൾക്ക് ഇവരുടെ അടുക്കൽ വലിയ നിലയും വിലയുമൊന്നും ഇല്ലെന്നുള്ളതിൽ നിന്നാണ് ഈ മറുപടിയുടെ ഉൽഭവമെന്ന് അവരുടെ പലരുടെയും പല പ്രസ്താവ

നകളിൽ നിന്നും മനസ്സിലാക്കാം.

കാട്ടുജീവികളിൽ നിന്ന് ദന്തമുള്ളവ, നീണ്ട നഖമുള്ളവ- അഥവാ തേറ്റപല്ലുകൾ വഴി ജന്തുക്കളെ വേട്ടയാടിപിടിക്കുന്ന മൃഗങ്ങളും, കാലിലെ നഖം ഉപയോഗിച്ചു ജന്തുക്കളെ വേട്ടയാടിപ്പിടിക്കുന്ന മാംസഭുക്കുകളായ പക്ഷികളും വീട്ടു കഴുത (വളർത്തു കഴുത) എന്നിങ്ങിനെ ചിലതുകൂടി നബി ﷺ വിരോധിച്ചിരിക്കുന്നുവെന്നാണ് പ്രസ്തുത ഹദീഥുകളിൽ വന്നിട്ടുള്ളത്. അതുകൊണ്ട് ഈ നാലിന് പുറമെ അവയും ഭക്ഷിക്കുവാൻ പാടില്ലാത്തവയായിട്ടാണ് മുൻഗാമികളിലും പിൻഗാമികളിലുമുള്ള ഭൂരിഭാഗം പണ്ഡിതന്മാരും എണ്ണിവരുന്നത്. നിഷിദ്ധതയെ ക്വുർആൻ നാലെണ്ണത്തിൽ പരിമിതപ്പെടുത്തിയിരിക്കെ, നബി ﷺ അവക്ക് പുറമെ ചിലതുകൂടി എങ്ങിനെ നിരോധിച്ചുവെന്ന സംശയത്തിന് അവർ പല മറുപടിയും നൽകുന്നുണ്ട്. അവയിൽ പ്രസക്തമായതിന്റെ സാരം ഇവിടെ ചുരുക്കി ഉദ്ധരിക്കാം:-

ഒന്ന്: ഈ നാലു വസ്തുക്കൾ മാത്രമാണ് നിഷിദ്ധമായവ -നാലിനു പുറമെയുള്ള വസ്തുക്കൾ അനുവദനീയമാണ്- എന്നുപറയുമ്പോൾ, ആ അനുവദനീയ വസ്തുക്കൾക്ക് ഒരു നിർവ്വചനമോ അടിസ്ഥാനമോ ഉണ്ടായിരിക്കണമല്ലോ. അഥവാ ഈ നാലെണ്ണത്തെ ഒഴിവാക്കിയിരിക്കുന്നത് ഏതിൽ നിന്നായിരിക്കുമെന്ന് ആലോചിക്കേണ്ടതുണ്ട്.(*) ഈ നാലുമല്ലാത്ത സകല വസ്തുക്കളും ഭക്ഷിക്കൽ അനുവദനീയമാണെന്ന് ആരും വാദിക്കുന്നില്ല. മ്ലേച്ഛവും മലിനവുമായതും വിഷവസ്തുക്കളും ഭക്ഷിച്ചുകൂടാത്തതാണെന്ന് എല്ലാവരും സമ്മതിക്കും. അതിന് ക്വുർആനിൽ നിന്നും ഹദീഥിൽ നിന്നും തെളിവും ലഭിക്കുന്നു. അപ്പോൾ, ആ നാലെണ്ണം ഒഴിച്ചുള്ള മുഴുവൻ വസ്തുക്കളും അനുവദനീയമാണെന്നാണ് അല്ലാഹു പറഞ്ഞതിന്റെ താൽപര്യമെന്ന് വരുവാൻ നിവൃത്തിയില്ല. ഒന്നുകിൽ മുശ്‌രിക്കുകൾ ചിലത് നിഷിദ്ധവും ചിലത് അനുവദനീയവുമാക്കി തരം തിരിച്ചിരുന്ന വസ്തുക്കളിൽ നിന്ന്, അല്ലെങ്കിൽ ആടുമാടൊട്ടകങ്ങളിൽ നിന്ന് ആ നാലെണ്ണം മാത്രം നിഷിദ്ധമാക്കപ്പെടുകയും അവയിൽ ആ നലെണ്ണമല്ലാത്തതൊക്കെ അനുവദനീയമാക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്നേ അതിന് അർത്ഥമാകുവാൻ തരമുള്ളൂ. അങ്ങിനെയെങ്കിൽ, പന്നിമാംസത്തിന് അതിൽ എങ്ങിനെ സ്ഥാനമുണ്ടായി? എന്ന് ചോദിക്കപ്പെടാം. ആടുമാടുകളെപോലെയുള്ള ഒരു ജീവിയായിട്ടാണ് അന്നും ഇന്നും പന്നിയെ ഭക്ഷിക്കാറുള്ളവർ ഗണിച്ചുവരുന്നത്. ആ സ്ഥിതിക്ക് മറ്റു മൂന്നിനെക്കുറിച്ചും പറഞ്ഞപ്പോൾ അതോടു ചേർത്തു പന്നിയെക്കൂടി എടുത്തു പറയുന്നതിൽ അസാംഗത്യമില്ല. ആടുമാടൊട്ടകങ്ങളി (انعام)ൽ പെടാത്ത ഒരു പ്രത്യേക ഇനമായതുകൊണ്ടുതന്നെയാണ് അതിനെപറ്റി പ്രത്യേകം (ഈ വചനത്തിൽ) فَإِنَّهُ رِجْسٌ (കാരണം, അത് മ്ളേച്ഛമാണ്) എന്ന് എടുത്തു പറഞ്ഞിരിക്കുന്നത്.

രണ്ട്: നബി തിരുമേനി ﷺയുടെ കർത്തവ്യങ്ങളെക്കുറിച്ചു പറയുന്ന കൂട്ടത്തിൽ وَيُحِلُّ لَهُمُ الطَّيِّبَاتِ وَيُحَرِّمُ عَلَيْهِمُ الْخَبَائِثَ- الا عراف (അവർക്ക് അദ്ദേഹം വിശിഷ്ട വസ്തുക്കളെ അനുവദനീയമാക്കിക്കൊടുക്കുകയും, ദുഷിച്ച വസ്തുക്കളെ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യും (7:157) എന്നു അല്ലാഹു പറയുന്നു. അപ്പോൾ, മ്ളേച്ഛവും ദുഷിച്ചതുമായ വസ്തുക്കളെന്നു നബി ﷺ കാണുകയോ അവിടുത്തേക്ക് വഹ്‌യ്മൂലം അറിയുകയോ ചെയ്യുന്ന വസ്തുക്കളെ നബി ﷺക്ക് നിഷിദ്ധമായി പ്രഖ്യാപിക്കാമെന്ന്

(*) يعنى ما هو المستثنى منه بالا وما هو المقصور بانما؟

ഇതിൽ നിന്ന് മനസ്സിലാകുന്നു. മറ്റൊരു സ്ഥലത്ത് يَسْأَلُونَكَ مَاذَا أُحِلَّ لَهُمْ قُلْ أُحِلَّ لَكُمُ الطَّيِّبَاتُ - المائدة തങ്ങൾക്ക് എന്താണ് അനുവദനീയമാക്കപ്പെട്ടിരിക്കുന്നതെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക: നിങ്ങൾക്ക് വിശിഷ്ട വസ്തുക്കൾ അനുവദനീയമാക്കപ്പെട്ടിരിക്കുന്നു (5:5) എന്നും പറയുന്നു. ക്വുർആനിൽ എടുത്തു പറയപ്പെട്ട ഈ നാലുമല്ലാത്തവയെല്ലാം അനുവദനീയമാക്കപ്പെട്ടിരിക്കുന്നുവെന്നോ മറ്റോ പറയാതെ പൊതുവിൽ വിശിഷ്ട വസ്തുക്കളെല്ലാം അനുവദനീയമാക്കപ്പെട്ടിരിക്കുന്നുവെന്നാണ് ഈ വചനം കാണിച്ചു തരുന്നത്. ചുരുക്കത്തിൽ, വിശിഷ്ടമല്ലാത്തതും, ദുഷിച്ചതുമായ ചില വസ്തുക്കളെയാണ് പ്രസ്തുത ഹദീഥുകളിൽ നബി ﷺ വിരോധിച്ചതെന്നത്രെ ഇതിൽ നിന്നൊക്കെ വ്യക്തമാകുന്നത്. വാസ്തവം അല്ലാഹുവിന്നറിയാം. 'അല്ലാഹുവിന്റെ റസൂൽ നിഷിദ്ധമാക്കിയത് അല്ലാഹു നിഷിദ്ധമാക്കിയതുപോലെതന്നെയാണ്' (ദാ; ജ; ദാരിമീ) എന്ന് നബി ﷺ പ്രസ്താവിച്ചിട്ടുമുണ്ട്.

മൂന്ന്: ഈ നാലു വസ്തുക്കൾ മാത്രമേ നിഷിദ്ധമുള്ളൂവെന്ന് പ്രസ്താവിക്കുന്ന ഓരോ വചനങ്ങളുടെയും തൊട്ടു മുമ്പും പിമ്പും പറയപ്പെട്ടിട്ടുള്ള കാര്യങ്ങൾ കൂടി പരിശോധിക്കുന്നത് സന്ദർഭോചിതമായിരിക്കും. അല്ലാഹു നൽകിയിട്ടുള്ള വിശിഷ്ട വസ്തുക്കളെ ഭക്ഷിച്ചുകൊള്ളുവാനും, അവനോട് നന്ദികാണിക്കുവാനും തൊട്ടു മുമ്പുള്ള വചനത്തിൽ ആഹ്വാനം ചെയ്തുകൊണ്ടാണ് അൽബക്വറഃയിലും, നഹ്‌ലിലും ഈ നാല് വസ്തുക്കൾ മാത്രമേ നിഷിദ്ധമാക്കപ്പെട്ടിട്ടുള്ളൂവെന്ന് പ്രസ്താവിച്ചിരിക്കുന്നത്. സൂ: നഹ്‌ലിൽ അതിനെത്തുടർന്നു മുശ്‌രിക്കുകൾ ചില വസ്തുക്കളെ ഹറാമും ഹലാലുമായി കെട്ടിപ്പറഞ്ഞതിനെക്കുറിച്ച് ആക്ഷേപിക്കുകയും ചെയ്യുന്നു. (ആടുമാടൊട്ടകങ്ങളാകുന്ന) കാലികളിൽ, നിങ്ങൾക്ക് ഓതിക്കേൾപിക്കപ്പെടുന്നതൊഴിച്ചു ബാക്കിയെല്ലാം നിങ്ങൾക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്നുവെന്ന് ആദ്യം പറഞ്ഞ ശേഷമാണ് പിന്നീട് ഈ നാലു വസ്തുക്കളും നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നുവെന്ന് സൂ: മാഇദഃയിൽ പറഞ്ഞിരിക്കുന്നത്. കൂടാതെ, കാലികളിൽ നിന്നും നിങ്ങൾക്ക് ഓതിക്കേൾപ്പിക്കപ്പെടുന്നതൊഴിച്ചു ബാക്കിയുള്ളവ നിങ്ങൾക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്നുവെന്ന് സൂ: ഹജ്ജ് 30-ാം വചനത്തിലും കാണാം. ഈ സൂറത്തിലാകട്ടെ, ഈ വചനത്തിന്റെ മുമ്പും പിമ്പുമുള്ള പല വചനങ്ങളിലും പ്രധാന പ്രതിപാദ്യ വിഷയം തന്നെ, മുശ്‌രിക്കുകൾ ചില കാലികളെ നിഷിദ്ധമാക്കിയതിനെപറ്റിയാണ്താനും. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ, ആടുമാടൊട്ടകങ്ങളാകുന്ന കാലികളിൽ നിന്ന് -അല്ലെങ്കിൽ മുശ്‌രിക്കുകൾ ഹറാമും ഹലാലുമാക്കി തരംതിരിക്കാറുണ്ടായിരുന്ന വസ്തുക്കളിൽനിന്ന്- ഈ നാലെണ്ണത്തെ മാത്രമെ അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ളൂവെന്നായിരിക്കും ഉദ്ദേശ്യമെന്നുവെക്കുവാൻ ന്യായമുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ നാല് വസ്തുക്കളും ക്വുർആൻ മുഖേന ഖണ്ഡിതവും സ്പഷ്ടവുമായി നിരോധിക്കപ്പെട്ടിരിക്കുന്നു. മ്ലേച്ഛവും ഉപദ്രവകരവുമായ വസ്തുക്കൾ നിരോധിക്കപ്പെട്ടവയാണെന്നുള്ളത് ഒരു പൊതുതത്വവുമാണ്. അത് വിവരിക്കൽ നബി ﷺയുടെ കർത്തവ്യങ്ങളിൽപെട്ടതുമാണെന്ന നിലക്ക് നാലിന് പുറമെ മറ്റു ചില വസ്തുക്കൾകൂടി നിരോധിക്കപ്പെട്ടവയാണെന്ന് നബി ﷺ നമുക്ക് വ്യക്തമാക്കിത്തരുകയും ചെയ്തു. അപ്പോൾ, നാലിന് പുറമെ, ഹദീഥുകളിൽ വല്ലതും വിരോധിക്കപ്പെട്ടു കാണുന്നതിനെപ്പറ്റി ആശയക്കുഴപ്പത്തിനവകാശമില്ല.

ചുരുക്കിപ്പറഞ്ഞാൽ, ഒന്നുകിൽ നല്ല വിശിഷ്ട വസ്തുക്കൾ (الطيبات) അനുവദ

നീയങ്ങളാണെന്നും, ദുഷിച്ചതും മ്ലേച്ഛമായതുമായ വസ്തുക്കൾ (الرجس والخبيثات) നിഷിദ്ധങ്ങളാണെന്നുമുള്ള പൊതു തത്വത്തിന്റെ വിശദീകരണമെന്നോണം, നബി ﷺ വിരോധിച്ചതായി ബലപ്പെട്ട ഹദീഥുകളിൽ വന്നിട്ടുള്ള വസ്തുക്കളും -ഖുർആനിൽ നിന്നും വ്യക്തമായി അറിയപ്പെട്ട ഈ നാലു വസ്തുക്കൾക്ക് പുറമെ- നിഷിദ്ധങ്ങളാ യുണ്ടെന്നു വെക്കുക. അല്ലെങ്കിൽ -മേൽ ചൂണ്ടിക്കാട്ടിയതുപോലെ- ഈ നാലു വസ്തു ക്കൾ മാത്രമേ പരിപൂർണമായ അർത്ഥത്തിൽ നിരോധിക്കപ്പെട്ടവയായുള്ളുവെന്നും, ചില വസ്തുക്കളെക്കൂടി നബി ﷺ വിരോധിച്ചിരിക്കുന്നത് ഈ നാലു വസ്തുക്കളെ പ്പോലെ തന്നെ അവയും നിഷിദ്ധങ്ങളാണെന്ന അർത്ഥത്തിലല്ലെന്നും, കേവലം നന്ന ല്ലാത്തതും വെറുക്കപ്പെട്ടതും (مكروه)ആണവഎന്ന അർത്ഥത്തിലാണെന്നുംവെക്കുക എന്നല്ലാതെ പ്രത്യേകമായ താൽപര്യം പുലർത്തുന്ന ആളുകൾ പറയുന്നതുപോലെ -ഖുർആനിൽ നിഷിദ്ധമാക്കിയ ഈ നാലു വസ്തുക്കൾക്ക് പുറമെ നബി ﷺ വല്ലതും വിരോധിച്ചതായി കാണുന്ന ഹദീഥുകളെല്ലാം അടിസ്ഥാന രഹിതങ്ങളാണെന്ന് വാദി ക്കുന്നതിന് യാതൊരു ന്യായീകരണവും ഇല്ല.

ഈ രണ്ട് നിഗമനങ്ങളിൽ നാം ആദ്യം ചൂണ്ടിക്കാട്ടിയതാണ് ഭൂരിപക്ഷം പണ്ഡിത ന്മാരുടെയും അഭിപ്രായം. എങ്കിലും ഖുർആൻ വചനങ്ങളോടും, കർമശാസ്ത്ര നിദാന (علم الاصول) തത്വങ്ങളോടും കൂടുതൽ യോജിച്ചു കാണുന്നത് രണ്ടാമത് പറഞ്ഞതാ കുന്നു. രണ്ടിൽ ഏതെങ്കിലും ഒന്നാണ് ശരിയെന്ന് തോന്നുന്നവർ മറ്റേ അഭിപ്രായക്കാരെ തെറ്റുകാരും പിഴച്ചവരുമായി ഗണിച്ചുകൂടാത്തതാണ്. ഹറാമല്ലെന്ന് വന്നാൽ തന്നെയും ഈ നാലിനു പുറമെ, ബലപ്പെട്ട ഹദീഥുകളിൽ വിരോധിക്കപ്പെട്ടു കാണുന്ന എല്ലാ വസ്തുക്കളെയും വർജ്ജിക്കുന്നതാണ് മുസ്ലിംകൾക്ക് ഉത്തമമെന്നുള്ളതിൽ പണ്ഡി തന്മാരിൽ ആർക്കും സംശയമില്ല. ഒരു കൂട്ടർക്ക് വിശിഷ്ടമെന്നു തോന്നുന്ന വസ്തു മറ്റൊരു കൂട്ടർക്ക് മ്ലേച്ഛമായി തോന്നിയേക്കാം. അതുകൊണ്ട് വിശിഷ്ടമായതും, മ്ലേച്ഛ മായതും കണിശമായി വേർതിരിക്കത്തക്ക മാനദണ്ഡം ഒട്ടില്ലതാനും. അതേ സമയത്ത്. ചില ഫുഖഹാക്കൾ (കർമശാസ്ത്ര പണ്ഡിതന്മാർ) നിഷിദ്ധവസ്തുക്കളുടെയും, അനു വദനീയ വസ്തുക്കളുടെയും നീണ്ട പട്ടികകൾ വിവരിച്ചു കാണുന്നതിനു മതിയായ ഒരു അടിസ്ഥാനവുമില്ലെന്നും, അതവരുടെ സ്വന്തം അഭിപ്രായം മാത്രമാണെന്നും മന സ്സിലാക്കേണ്ടതുമാകുന്നു. والله الهادى الى الصواب

وَعَلَى ٱلَّذِينَ هَادُوا۟ حَرَّمْنَا كُلَّ ذِى ظُفُرٍ ۖ وَمِنَ ٱلْبَقَرِ وَٱلْغَنَمِ حَرَّمْنَا عَلَيْهِمْ شُحُومَهُمَآ إِلَّا مَا حَمَلَتْ ظُهُورُهُمَآ أَوِ ٱلْحَوَايَآ أَوْ مَا ٱخْتَلَطَ بِعَظْمٍ ۚ

﴾146﴿ **യഹൂദികളായവരുടെ മേലാകട്ടെ, നഖമുള്ള എല്ലാറ്റിനെയും നാം നിഷിദ്ധമാക്കി; മാടിൽനിന്നും ആടിൽ നിന്നും അവയുടെ കൊഴുപ്പുകളെയും അവരുടെമേൽ നാം നിഷിദ്ധമാക്കി; അവയുടെ മുതുകുകളോ, കുടലുകളോ വഹിച്ച [ഉൾക്കൊണ്ട]തോ, അല്ലെങ്കിൽ എല്ലുമായി(പറ്റി) കലർന്നതോ ഒഴികെ.**

ذَٰلِكَ جَزَيْنَٰهُم بِبَغْيِهِمْ ۖ وَإِنَّا لَصَٰدِقُونَ ﴿١٤٦﴾

അത്, അവരുടെ ധിക്കാരം മൂലം അവർക്ക് നാം പ്രതിഫലം നൽകിയതാണ്. നിശ്ചയമായും നാം സത്യം പറയുന്നവർ തന്നെ.

﴾146﴿ وَعَلَى الَّذِينَ യാതൊരുത്തരുടെ മേലാകട്ടെ هَادُوا യഹൂദികളായ (യഹൂദ നാമം സ്വീകരിച്ച) حَرَّمْنَا നാം നിഷിദ്ധമാക്കി كُلَّ ذِي ظُفُرٍ നഖമുള്ള എല്ലാറ്റിനെയും وَمِنَ الْبَقَرِ മാട്ടിൽ നിന്നും وَالْغَنَمِ ആടിൽ നിന്നും حَرَّمْنَا عَلَيْهِمْ അവരുടെ മേൽ നാം നിഷിദ്ധമാക്കി شُحُومَهُمَا അവ രണ്ടിന്റെയും കൊഴുപ്പുകൾ إِلَّا مَا حَمَلَتْ വഹിച്ച (ഉൾക്കൊണ്ട) തൊഴികെ ظُهُورُهُمَا അവയുടെ (രണ്ടിന്റെയും) മുതുകുകൾ أَوِ الْحَوَايَا അല്ലെങ്കിൽ കുടലുകൾ أَوْ مَا اخْتَلَطَ അല്ലെങ്കിൽ കലർന്നത് بِعَظْمٍ എല്ലിനോട് ذَٰلِكَ അത് جَزَيْنَاهُم അവർക്ക് നാം പ്രതിഫലം നൽകി (നൽകിയതാണ്) بِبَغْيِهِمْ അവരുടെ ധിക്കാരം (അതിക്രമം-നിയമലംഘനം)കൊണ്ട് وَإِنَّا നിശ്ചയമായും നാം لَصَادِقُونَ സത്യം പറയുന്നവർതന്നെ.

فَإِن كَذَّبُوكَ فَقُل رَّبُّكُمْ ذُو رَحْمَةٍ وَٰسِعَةٍ وَلَا يُرَدُّ بَأْسُهُۥ عَنِ ٱلْقَوْمِ ٱلْمُجْرِمِينَ ﴿١٤٧﴾

﴾147﴿ (നബിയേ) എനി, നിന്നെ അവർ വ്യാജമാക്കുകയാണെങ്കിൽ നീ പറയുക: 'നിങ്ങളുടെ രക്ഷിതാവ് വിശാലമായ കാരുണ്യമുള്ളവനാകുന്നു; കുറ്റവാളികളായ ജനങ്ങളിൽ നിന്ന് അവന്റെ ശൗര്യം (അഥവാ ശിക്ഷ) തട്ടി നീക്കപ്പെടുന്നതുമല്ല'.

﴾147﴿ فَإِن كَذَّبُوكَ എനി (എന്നാൽ) അവർ നിന്നെ വ്യാജമാക്കിയെങ്കിൽ فَقُلْ അപ്പോൾ നീ പറയുക رَبُّكُمْ നിങ്ങളുടെ റബ്ബ് ذُو رَحْمَةٍ കാരുണ്യമുള്ളവനാകുന്നു وَاسِعَةٍ വിശാലമായ وَلَا يُرَدُّ തട്ടിക്കളയ (തടുക്ക)പ്പെടുകയുമില്ല بَأْسُهُ അവന്റെ ശൗര്യം (ശക്തി-ശിക്ഷ) عَنِ الْقَوْمِ ജനങ്ങളിൽ നിന്ന് الْمُجْرِمِينَ കുറ്റവാളികളായ

നഖമുള്ള വസ്തുക്കൾ (ذُو ظُفُرٍ) കൊണ്ടുദ്ദേശ്യം, ഒട്ടകം, ഒട്ടകപക്ഷി, വാത്ത്, താറാവ് മുതലായവയെപോലെ വിരലുകൾ -അല്ലെങ്കിൽ കുളമ്പുകൾ- പിളർന്നതല്ലാത്ത ജീവികളാണെന്നാണ് ക്വുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞുകാണുന്നത്. ജീവികളെ വേട്ടയാടിപ്പിടിക്കുന്നതും അല്ലാത്തതുമായ എല്ലാതരം നഖമുള്ള ജീവികളും ഉൾപെടുമെന്നും, ഇല്ലെന്നും അഭിപ്രായങ്ങൾ വേറെയും കാണാം. നഖമുള്ള എല്ലാ ജീവികളും, ആടുമാടുകളുടെ മുതുകുകളിലോ, കുടലുകളിലോ എല്ലുകളിലോ ചേർന്നു നിൽക്കുന്നതല്ലാത്ത കൊഴുപ്പുകളും യഹൂദികൾക്ക് അല്ലാഹു നിഷിദ്ധമാക്കിയിരുന്നു. അവ

രുടെ നിയമ ലംഘനവും ധിക്കാരവും നിമിത്തം അവർക്ക് നൽകിയ ഒരു ശിക്ഷ യായിരുന്നു അത്. അഥവാ മുൻപ്രവാചകന്മാർ മുതൽക്കേ ഇസ്‌ലാമിൽ അംഗീകരിക്ക പ്പെട്ടുവന്ന സുസ്ഥിരമായ ഒരു മതവിധിയായിരുന്നില്ല അത്. ഇതാണ് സത്യാവസ്ഥ. ഇതവർ സമ്മതിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ അവരെ അറിയിക്കണം: അല്ലാഹു വിന്റെ കാരുണ്യത്തിന്റെ വിശാലത കൊണ്ടാണ് അവൻ നിങ്ങളുടെ മേൽ ശിക്ഷാനട പടി എടുക്കാതെ അയച്ചു വിട്ടിരിക്കുന്നത്. ഇപ്പോൾ നിങ്ങളെ അവൻ ഒഴിവാക്കിയിട്ടു ണ്ടെങ്കിലും ഭാവിയിൽ കുറ്റവാളികളെ അവൻ ശിക്ഷിക്കാതിരിക്കുകയില്ല, എന്നൊക്കെ യാണ് മേൽപറഞ്ഞതിന്റെ സാരം. 'യഹൂദികളായവരുടെ അക്രമം നിമിത്തം അവർക്ക് അനുവദനീയമാക്കപ്പെട്ടിരുന്ന ചില വിശിഷ്ട വസ്തുക്കളെ അവരുടെമേൽ നാം നിഷി ദ്ധമാക്കി' എന്ന് സൂ:നിസാഉ് 160 ൽ അല്ലാഹു പറഞ്ഞിട്ടുള്ളതിന്റെ ഒരു വിശദീകരണ മാണ് 146-ാം വചനം എന്നു പറയാം.

ഈ നിഷിദ്ധമാക്കലിനെപറ്റി പറഞ്ഞപ്പോൾ - ഇവിടെയും സൂറത്തുന്നിസാഇലും- 'യഹൂദരായവരുടെ മേൽ (وَعَلَى الَّذِينَ هَادُوا) ' എന്നാണ് അല്ലാഹു ഉപയോഗിച്ചിരിക്കു ന്നത്. അഥവാ മറ്റു പല സന്ദർഭങ്ങളിലും കാണാവുന്നതുപോലെ 'വേദക്കാരുടെ മേൽ' എന്നോ ഇസ്റാഈല്യരുടെ മേൽ എന്നോ പറഞ്ഞില്ല. മൂസാ നബി (അ)യുടെ കാലത്തോ അടുത്ത കാലങ്ങളിലോ യഹൂദികൾ എന്ന പേർ ഇസ്റാഈല്യർക്കുണ്ടാ യിരുന്നില്ല. പിൽക്കാലങ്ങളിൽ മാത്രമാണ് അവർ ആ പേരിൽ അറിയപ്പെട്ടതും, അവ രുടെ റിബ്ബീമാരാൽ (മതനേതാക്കളാൽ) ക്രോഡീകരിക്കപ്പെട്ട യഹൂദ നിയമ സംഹിത അവർ സ്വീകരിച്ചു വന്നതും. എന്നിരിക്കെ, ഇവയെ നിഷിദ്ധമാക്കിയ വിവരം മൂസാ (അ) കൊണ്ടുവന്ന തൗറാത്തിൽ ഉണ്ടായിരിക്കുവാൻ അവകാശമില്ല. പക്ഷേ, തൗറാ ത്താണെന്നു വാദിക്കപ്പെടാറുള്ള ബൈബളിലെ പുസ്തകങ്ങളിൽ ഒട്ടകം, മുയൽ, കുഴി മുയൽ മുതലായവയും, ആടിന്റെയും മാടിന്റെയും കൊഴുപ്പും (മേദസ്സും) ഭക്ഷിക്കു വാൻ പാടില്ലാത്തതാണെന്നു കാണുന്നുണ്ട്. (ലേവ്യർ: 11 ൽ 4-8; ആവർത്തനം: 14 ൽ 7,8; ലേവ്യർ:7 ൽ 23-25 നോക്കുക) പിൽക്കാലത്ത് അവരുടെ പണ്ഡിത പുരോഹിത ന്മാരാൽ ആവിഷ്ക്കരിക്കപ്പെട്ട മത നിയമങ്ങളും, വേദഗ്രന്ഥത്തിലെ ചില ഭാഗങ്ങൾക്ക് അവർ നൽകിവന്ന വ്യാഖ്യാനങ്ങളും വേദഗ്രന്ഥത്തിൽ അതിന്റെ മൂലത്തോടു ചേർത്തു വേദഗ്രന്ഥമെന്നോണം അവർ സ്വീകരിച്ചു പോന്നിട്ടുണ്ട്; നിലവിലുള്ള ബൈബ്ളിലെ പല ഭാഗങ്ങളും അങ്ങിനെയുള്ളവയാകുന്നു. അക്കൂട്ടത്തിൽ ഇത് പിന്നീട് എഴുതിച്ചേർക്ക പ്പെട്ടതായിരിക്കണം. വേദക്കാർ ഈ വാസ്തവം സമ്മതിക്കുവാൻ മടിച്ചേക്കുക സ്വാഭാ വികമാണ്. പക്ഷേ, ചില ഭക്ഷ്യവസ്തുക്കൾ തങ്ങൾക്ക് നിഷിദ്ധമാണെന്ന് വേദക്കാർ വാദിച്ചപ്പോൾ, നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ നിങ്ങൾ തൗറാത്ത് കൊണ്ടു വന്ന് അതൊന്നു വായിക്കുവാൻ (فَأْتُوا بِالتَّوْرَاةِ فَاتْلُوهَا إِن كُنتُمْ صَادِقِينَ) എന്നു അവരെ വെല്ലുവിളിക്കുവാൻ അല്ലാഹു നബി ﷺ യോട് കൽപിച്ചതും അവർക്കതിന് കഴിയാതെ ചില ഉപായങ്ങൾ പ്രവർത്തിച്ചതും സൂ: ആലുഇംറാൻ 93 ലും വ്യാഖ്യാനത്തിലും നാം മുമ്പ് കണ്ടുവല്ലോ.

سَيَقُولُ ٱلَّذِينَ أَشْرَكُوا۟ لَوْ شَآءَ ٱللَّهُ مَآ أَشْرَكْنَا وَلَآ ءَابَآؤُنَا

﴾148﴿ **'ശിർക്ക്' ചെയ്യുന്നവർ [അല്ലാഹുവിനോട് പങ്കുചേർക്കുന്ന വർ] പറഞ്ഞേക്കും: അല്ലാഹു ഉദ്ദേശി ച്ചിരുന്നെങ്കിൽ, ഞങ്ങളാകട്ടെ, ഞങ്ങ ളുടെ പിതാക്കളാകട്ടെ, 'ശിർക്ക്' ചെയ്യുമായിരുന്നില്ല;**

وَلَا حَرَّمْنَا مِن شَيْءٍ ۚ

ഞങ്ങൾ യാതൊരു വസ്തുവെയും നിഷിദ്ധമാക്കുകയും ചെയ്യുമായിരുന്നില്ല'.

كَذَٰلِكَ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ حَتَّىٰ ذَاقُوا۟ بَأْسَنَا ۗ

അപ്രകാരം, അവരുടെ മുമ്പുള്ളവരും വ്യാജമാക്കിയിരിക്കുന്നു. (അതെ) നമ്മുടെ ശൗര്യം [ശിക്ഷ] അവർ രുചി നോക്കുന്നതുവരെ.

قُلْ هَلْ عِندَكُم مِّنْ عِلْمٍ فَتُخْرِجُوهُ لَنَآ ۖ إِن تَتَّبِعُونَ إِلَّا ٱلظَّنَّ وَإِنْ أَنتُمْ إِلَّا تَخْرُصُونَ ﴿١٤٨﴾

നീ പറയുക: 'നിങ്ങളുടെ പക്കൽ വല്ല അറിവുമുണ്ടോ- ഞങ്ങൾക്ക് നിങ്ങൾ അത് വെളിപ്പെടുത്തിത്തരുവാൻ?! നിങ്ങൾ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല; നിങ്ങൾ മതിപ്പിട്ടു പറയുകയല്ലാതെ ചെയ്യുന്നുമില്ല'

قُلْ فَلِلَّهِ ٱلْحُجَّةُ ٱلْبَٰلِغَةُ ۖ فَلَوْ شَآءَ لَهَدَىٰكُمْ أَجْمَعِينَ ﴿١٤٩﴾

《149》 നീ പറയുക: 'അപ്പോൾ, അല്ലാഹുവിനാണ് തികഞ്ഞ [പ്രബലമായ] ന്യായമുള്ളത്. എന്നാൽ, അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ, നിങ്ങളെ മുഴുവനും അവൻ സന്മാർഗത്തിലാക്കുക തന്നെ ചെയ്യുമായിരുന്നു'.

《148》 سَيَقُولُ പറയും, പറഞ്ഞേക്കും الَّذِينَ أَشْرَكُوا ശിർക്ക് ചെയ്തവർ, പങ്കുചേർത്തവർ (ബഹുദൈവ വിശ്വാസികൾ) لَوْ شَاءَ اللَّهُ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ مَا أَشْرَكْنَا ഞങ്ങൾ ശിർക്ക് ചെയ്യുമായിരുന്നില്ല وَلَا آبَاؤُنَا ഞങ്ങളുടെ പിതാക്കളും (ചെയ്ക) ഇല്ല وَلَا حَرَّمْنَا ഞങ്ങൾ നിഷിദ്ധമാക്കുകയുമില്ല مِن شَيْءٍ ഒരു വസ്തുവിനെയും كَذَٰلِكَ അപ്രകാരം كَذَّبَ വ്യാജമാക്കി, കളവാക്കി الَّذِينَ യാതൊരുവർ (യാതൊരു കൂട്ടരും) مِن قَبْلِهِمْ അവരുടെ മുമ്പുള്ള حَتَّىٰ ذَاقُوا അവർ രുചി നോക്കുന്ന(അനുഭവിച്ച)തുവരെ بَأْسَنَا നമ്മുടെ ശൗര്യം, ശിക്ഷ قُلْ നീ പറയുക هَلْ عِندَكُم നിങ്ങളുടെ പക്കലുണ്ടോ مِّنْ عِلْمٍ വല്ല അറിവും, വിവരവും فَتُخْرِجُوهُ എന്നിട്ടത് നിങ്ങൾ വെളിവാക്കി (പുറത്തു)കൊണ്ടുവരുവാൻ, വെളിപ്പെടുത്തുമാറ് لَنَا ഞങ്ങൾക്ക് إِن تَتَّبِعُونَ നിങ്ങൾ പിൻപറ്റുന്നില്ല إِلَّا الظَّنَّ ഊഹത്തെയല്ലാതെ وَإِنْ أَنتُمْ നിങ്ങളല്ല താനും إِلَّا تَخْرُصُونَ നിങ്ങൾ മതിപ്പിടുക(മട്ടം പറയുക)യല്ലാതെ 《149》 قُلْ നീ പറയുക فَلِلَّهِ അപ്പോൾ അല്ലാഹുവിനാണ് (ഉള്ളത്) الْحُجَّةُ ന്യായം, തെളിവ് الْبَالِغَةُ തികഞ്ഞതായ فَلَوْ شَاءَ എന്നാൽ (അപ്പോൾ) അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ لَهَدَاكُمْ അവൻ നിങ്ങളെ നേർമാർഗത്തിലാക്കുകതന്നെ ചെയ്തിരുന്നു أَجْمَعِينَ മുഴുവൻ, എല്ലാവരെയും.

മുശ്‌രിക്കുകളുടെ പല വിശ്വാസാചാരങ്ങളെക്കുറിച്ചും പ്രസ്താവിച്ച ശേഷം, അവർ അവയെ ന്യായീകരിക്കുവാൻ കൊണ്ടു വരാവുന്ന ഒരു വാദം ഉദ്ധരിച്ചുകൊണ്ട് അല്ലാഹു അതിനെ ശക്തിയായി ഖണ്ഡിക്കുന്നു. 'മുശ്‌രിക്കുകൾ പറഞ്ഞു'വെന്നോ 'പറയുന്നു' വെന്നോ പറയാതെ, അവർ പറഞ്ഞേക്കും അഥവാ വഴിയെ പറയും (سَيَقُولُ) എന്നാണ് അല്ലാഹു പറയുന്നത്. ഈ വചനം അവതരിക്കുമ്പോൾ അവർ ആ വാദം പുറത്തു പറഞ്ഞു കഴിഞ്ഞിട്ടില്ലെന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. അവരുടെ ഇതേവാദം സൂ: നഹ്ൽ 35 ലും, അതിന്റെ ചുരുക്കം സുഖ്റുഫ് 20 ലും അല്ലാഹു ഉദ്ധരിച്ചിട്ടുണ്ട്. ആ രണ്ടിടത്തും 'മുശ്‌രിക്കുകൾ പറഞ്ഞു-അവർ പറയുന്നു' (وَقَالَ الَّذِينَ أَشْرَكُوا ، وَقَالُوا) എന്നാണ് പ്രയോഗം. അപ്പോൾ, അതവർ ചിലപ്പോൾ തുറന്നു പറയുകതന്നെ ചെയ്തിട്ടുണ്ടെന്നും വ്യക്തമാകുന്നു. അല്ലാഹു പറഞ്ഞ കാര്യം സംഭവിക്കാതിരിക്കുകയില്ലല്ലോ.

അല്ലാഹു ഉദ്ദേശിച്ച പ്രകാരമല്ലാതെ ഒന്നും സംഭവിക്കുകയില്ല. അപ്പോൾ, ഞങ്ങളും ഞങ്ങളുടെ പൂർവ്വീകന്മാരും പല ആരാധ്യന്മാരെ സ്വീകരിച്ചു വരുന്നതും, അവർക്കുവേണ്ടി നേർച്ചയും വഴിപാടുകളും നടത്തുന്നതും, ചില വസ്തുക്കളെ ഞങ്ങൾ നിഷിദ്ധമാക്കിത്തീർക്കുന്നതുമെല്ലാം അവന്റെ ഉദ്ദേശ്യപ്രകാരം ഉണ്ടാകുന്നതാണ്. അതിൽ നിന്ന് ഒഴിഞ്ഞു നിൽക്കുവാൻ ഞങ്ങൾക്ക് കഴിയുകയില്ല. എന്നിരിക്കെ അതിലൊന്നും ഞങ്ങൾ തെറ്റുകാരല്ല. ഞങ്ങളെ ആക്ഷേപിക്കുന്നതും ശരിയല്ല എന്നൊക്കെയാണ് മുശ്‌രിക്കുകളുടെ വാദം. ആത്മാർത്ഥത തൊട്ടു തീണ്ടാത്ത ഒരു വാദമാണത്. മുശ്‌രിക്കുകളെ സംബന്ധിച്ചിടത്തോളം, അവരുടെ അന്ധവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കും ന്യായം പറഞ്ഞൊപ്പിക്കുക മാത്രമല്ല -നബി ﷺയെയും, സത്യവിശ്വാസികളെയും പരിഹസിക്കൽ കൂടിയാണ്- അവരുടെ ഉദ്ദേശ്യം. കാരണം, മുശ്‌രിക്കുകൾ അല്ലാഹുവിന്റെ വിധി നിർണയത്തിലും ഉദ്ദേശ്യത്തിലും വിശ്വസിക്കുന്നവരല്ല. അഥവാ വിശ്വസിച്ചിരുന്നുവെന്ന് സങ്കൽപിച്ചാൽ തന്നെയും ഈ പറയുന്നതിൽ അവർക്ക് ആത്മാർത്ഥതയുമില്ല. തങ്ങൾ ചെയ്യുന്നതൊക്കെ അല്ലാഹുവിന്റെ ഉദ്ദേശ്യപ്രകാരം ഉണ്ടായിട്ടുള്ളതാകകൊണ്ട് അതെല്ലാം അവൻ തൃപ്തിപെട്ടതുമായിരിക്കും; പിന്നെ എന്തിനാണ് പ്രവാചകന്മാരും വേദഗ്രന്ഥങ്ങളുമൊക്കെ അവയെപറ്റി ഞങ്ങളെ ആക്ഷേപിക്കുന്നത്? ഞങ്ങൾ കുറ്റക്കാരല്ലല്ലോ! എന്നൊക്കെയാണവർ ഇതുമുഖേന സമർത്ഥിക്കുന്നത്.

അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന്റെ പേരിലുള്ള ഈ കള്ളവാദം ഇവരിൽനിന്ന് മാത്രമല്ല, മുമ്പ് ഇവരുടെ പൂർവ്വികന്മാരിൽ നിന്നും ഉണ്ടാകാറുണ്ടായിരുന്നുവെന്ന് كَذَٰلِكَ كَذَّبَ الَّذِينَ مِن قَبْلِهِمْ (അപ്രകാരം അവരുടെ മുമ്പുള്ളവരും വ്യാജമാക്കി) എന്നുപറഞ്ഞുകൊണ്ട് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അതെ, അക്രമങ്ങളും തോന്നിയവാസങ്ങളും ന്യായീകരിക്കുവാൻ മുമ്പ് മുതൽക്കേ അതിന്റെ ആൾക്കാർ ഉപയോഗപ്പെടുത്താറുള്ള ഒരു ഊന്നുവടിയാണ് ഈ ന്യായവാദം. ഇന്നും ഇതുപോലെ പലരും പറയുന്നത് കേൾക്കാം. 'അപ്രകാരം അവരുടെ മുമ്പുള്ളവർ വ്യാജം പറഞ്ഞു'വെന്ന് പറയാതെ, 'അവരുടെ മുമ്പുള്ളവരും വ്യാജമാക്കി' (كَذَّبَ) എന്നാണ് അല്ലാഹു പറഞ്ഞത്. അപ്പോൾ, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളത് ചെയ്യുമായിരുന്നില്ല എന്ന് അവർ പറഞ്ഞത് വ്യാജമല്ല -അത് സത്യം തന്നെയാണ്. പക്ഷേ, അതുമൂലം അവർ ഉദ്ദേശിക്കുന്നത് അവരുടെ സത്യനിഷേധത്തെ ന്യായീകരിക്കലാണ് എന്ന് ഈ വാക്ക് സൂചിപ്പിക്കുന്നു. അവർ പറഞ്ഞ വാക്ക് കളവാണെങ്കിൽ അപ്രകാരം അവരുടെ മുമ്പുള്ള

വരും കളവ് പറഞ്ഞു (كَذَبَ) എന്നാണല്ലോ പറയേണ്ടിയിരുന്നത്.

മുശ്‌രിക്കുകളുടെ ഈ വാദത്തെ മൂന്നു പ്രകാരത്തിലാണ് എതിർക്കുവാൻ നബി ﷺ യോടു കൽപിക്കുന്നത്.

(1) നിങ്ങളുടെ ഈ ന്യായവാദം ശരിവെക്കുന്ന വല്ല വിവരവും -ബുദ്ധിപരമോ, പ്രമാണപരമോ ആയ വല്ല തെളിവും- നിങ്ങൾക്ക് കാണിക്കുവാനുണ്ടെങ്കിൽ അതൊന്നു കാണിക്കുവിൻ എന്ന്. ഒന്നുമില്ലെന്ന് തീർച്ചയാണല്ലോ.

(2) നിങ്ങൾ ഊഹത്തെ മാത്രം പിൻപറ്റുകയാണ് ചെയ്യുന്നതെന്ന്. നിങ്ങൾ പറയുന്നതും ചെയ്യുന്നതും ശരിയാണെന്ന് നിങ്ങൾക്ക് തന്നെ ഉറപ്പില്ല. ഉണ്ടെങ്കിൽ അത് സ്ഥാപിക്കുവാൻ ന്യായവും ഉണ്ടാകേണ്ടതല്ലേ?! എന്ന് സാരം.

(3) നിങ്ങൾ ഈ പറയുന്നത് നിങ്ങൾ സൂക്ഷ്മമായി പറയുന്നതല്ല -വെറുതെ മതിപ്പിട്ടു പറയുകയാണെന്ന്. അല്ലാഹു അങ്ങിനെ ഉദ്ദേശിച്ചുവെന്ന് അറിഞ്ഞ ശേഷമോ, അറിഞ്ഞതുകൊണ്ടോ അല്ല, നിങ്ങൾ അതൊക്കെ ചെയ്തത്. ചെയ്തു കഴിഞ്ഞ ശേഷം അതൊരു കാരണമാക്കി എടുത്തു പറയുക മാത്രമാണ് ചെയ്യുന്നത് എന്ന് താൽപര്യം. ഇങ്ങിനെ, ആ വാദത്തിന്റെ പൊള്ളത്തരം സ്ഥാപിച്ചശേഷം അല്ലാഹു പറയുന്നു: قُلْ فَلِلَّهِ الْحُجَّةُ الْبَالِغَةُ (പറയുക: അപ്പോൾ, അല്ലാഹുവിനാണ് തികച്ചും ന്യായമുള്ളത്). അപ്പോൾ, പ്രവാചകന്മാർ മുഖേന നിങ്ങളുടെ ദുർമാർഗങ്ങളെയും ദുരാചാരങ്ങളെയും നിർമാർജനം ചെയ്യുന്നതിലും അവയുടെ പേരിൽ നിങ്ങളെ ആക്ഷേപിക്കുന്നതിലുമെല്ലാം അല്ലാഹുവിന്ന് തികച്ചും ന്യായമുണ്ടെന്ന് സാരം.

തുടർന്നുകൊണ്ട് അല്ലാഹു പറയുന്നു: فَلَوْ شَاءَ لَهَدَاكُمْ أَجْمَعِينَ (എന്നാൽ, അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ മുഴുവനും അവൻ നേർമാർഗത്തിലാക്കുമായിരുന്നു) അതായത്, നിങ്ങൾ മുഴുവനും (മലക്കുകളെപോലെ) ശുദ്ധപ്രകൃതിക്കാരായ സന്മാർഗികളായിത്തന്നെ ഇരിക്കണമെന്നാണ് അല്ലാഹു ഉദ്ദേശിച്ചിരുന്നതെങ്കിൽ, അതങ്ങിനെതന്നെ ആകുമായിരുന്നു. പക്ഷേ, അവൻ ഉദ്ദേശിച്ചത് അങ്ങിനെയല്ല. സത്യാസത്യങ്ങളും നന്മതിന്മകളും വേണ്ടതുപോലെ തെളിവുസഹിതം മനസ്സിലാക്കിക്കൊടുക്കുകയും, അതോടൊപ്പം സന്മാർഗത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുക. എന്നിട്ട് ഇഷ്ടമുള്ളവർ സ്വീകരിക്കട്ടെ, ഇഷ്ടമുള്ളവർ നിരസിക്കട്ടെ (فَمَن شَاءَ فَلْيُؤْمِن وَمَن شَاءَ فَلْيَكْفُرْ).അവർക്ക് ഇച്ഛാസ്വാതന്ത്ര്യം നൽകുകയും ചെയ്യുക. ഇതാണവൻ നിശ്ചയിച്ചിരിക്കുന്നത് എന്ന് താൽപര്യം.

ഈ യഥാർത്ഥ്യം വളരെ സ്ഥലങ്ങളിൽ ക്വുർആൻ -വ്യക്തമായ രൂപത്തിലും സൂചനാരൂപത്തിലുമായി പ്രസ്താവിച്ചു കാണാം. സൂ: ഹൂദിൽ അല്ലാഹു പറയുന്നു: وَلَوْ شَاءَ رَبُّكَ لَجَعَلَ النَّاسَ أُمَّةً وَاحِدَةً (സാരം: നിന്റെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യരെ അവൻ ഒരേ ഒരു സമുദായമാക്കുമായിരുന്നു. അവൻ കരുണ ചെയ്തവരൊഴികെ (മറ്റെല്ലാവരും) ഭിന്നാഭിപ്രായക്കാരായിക്കൊണ്ടേ ഇരിക്കുന്നതാണ്. അതിനായിട്ടാണ് അവൻ അവരെ സൃഷ്ടിച്ചിരിക്കുന്നതും. ജിന്നുകളിൽ നിന്നും, മനുഷ്യരിൽ നിന്നുമെല്ലാം ഞാൻ നരകത്തെ നിറക്കുക തന്നെ ചെയ്യുമെന്നുള്ള നിന്റെ റബ്ബിന്റെ വാക്യം പരിപൂർണമായിരിക്കുന്നു (ഹൂദ്: 118,119). സൂ: യൂനുസിൽ പറയുന്നു: وَلَوْ شَاءَ رَبُّكَ لَآمَنَ مَن فِي الْأَرْضِ كُلُّهُمْ... (സാരം: നിന്റെ റബ്ബ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയി

ലുള്ളവർ മുഴുവനും വിശ്വസിക്കുമായിരുന്നു. അപ്പോൾ മനുഷ്യരെ, അവർ സത്യവിശ്വാസികളായിത്തീരുവാൻ നീ നിർബന്ധിക്കുന്നുവോ?! (യൂനുസ്:99). സത്യവിശ്വാസികളും, സത്യനിഷേധികളും തമ്മിൽ നടമാടുന്ന ശണ്ഠകളെ ചൂണ്ടിക്കാട്ടിക്കൊണ്ട് അൽബകറഃയിൽ പറയുന്നു: وَلَوْ شَاءَ اللَّهُ مَا اقْتَتَلُوا وَلَٰكِنَّ اللَّهَ يَفْعَلُ مَا يُرِيدُ (അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ ശണ്ഠകൂടുകയില്ലായിരുന്നു. പക്ഷേ, അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു (അൽബകറഃ:253) ഇതുപോലെ പല വചനങ്ങളും കാണാം.

'അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ ശിർക്കും മറ്റും ചെയ്യുമായിരുന്നില്ല'. (لَوْ شَاءَ اللَّهُ مَا أَشْرَكْنَا) എന്ന് തങ്ങളുടെ പ്രവൃത്തികളെ ന്യായീകരിക്കുവാൻവേണ്ടി മുശ്‌രിക്കുകൾ പറഞ്ഞ ആ വാക്ക് സത്യവിരുദ്ധമാണെന്നല്ല -അതുവഴി അവർ ഉദ്ദേശിക്കുന്ന ആശയവും ലക്ഷ്യവും തെറ്റാണെന്ന്- അവർക്ക് നൽകിയ മറുപടിയുടെ സാരമെന്ന് ഇതിൽ നിന്നൊക്കെ വ്യക്തമാണല്ലോ. അവരുടെ ആ വാക്ക് വാസ്തവത്തിൽ ശരിതന്നെയാണെന്ന് ഈ സൂറത്തിൽ ഇതിനുമുമ്പും നാം വായിച്ചു കഴിഞ്ഞ ചില വചനങ്ങളിൽ നിന്നുതന്നെ തെളിഞ്ഞതുമാണ്. 106, 107 വചനങ്ങളിൽ അല്ലാഹു പറഞ്ഞു: واعرض عن المشركين.... (മുശ്‌രിക്കുകളിൽ നിന്ന് തിരിഞ്ഞു കളയുക. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ ശിർക്ക് പ്രവർത്തിക്കുമായിരുന്നില്ല). 137-ാം വചനത്തിൽ പറഞ്ഞു: وَلَوْ شَاءَ اللَّهُ مَا فَعَلُوهُ فَذَرْهُمْ وَمَا يَفْتَرُونَ (അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരതു ചെയ്യുമായിരുന്നില്ല. അതുകൊണ്ട് അവരെയും അവർ കെട്ടിപ്പറയുന്നതും വിട്ടേക്കുക).

മേൽ വിവരിച്ചതിൽനിന്ന് ഈ (148-ാം) വചനമാകട്ടെ, ഇതുപോലെ സൂ: നഹ്ൽ 35; സുഖ്റുഫ്:20 എന്നിവിടങ്ങളിലെ മേൽ സൂചിപ്പിച്ച വചനങ്ങളാകട്ടെ, എല്ലാ കാര്യവും അല്ലാഹുവിന്റെ ഉദ്ദേശ്യവും വിധി നിശ്ചയവും അനുസരിച്ചു മാത്രമാണ് നടക്കുന്നതെന്നും, അവൻ ഉദ്ദേശിക്കാത്തതോ അവന്റെ ഉദ്ദേശ്യത്തിനു വിരുദ്ധമായോ ഒരു കാര്യവും സംഭവിക്കുകയില്ലെന്നുമുള്ള യാഥാർത്ഥ്യത്തെ നിഷേധിക്കുന്നില്ല; നേരെ മറിച്ച് അതിനെ സ്ഥാപിക്കുകയാണ് ചെയ്യുന്നത് എന്ന് സ്പഷ്ടമാണ്. എന്നാൽ, യുക്തിവാദികളും വക്രതാൽപര്യക്കാരുമായ ചില ആളുകൾ മുശ്‌രിക്കുകളുടെ ഈ വാക്കിനെ അടിസ്ഥാനപ്പെടുത്തി -മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അല്ലാഹുവിന്റെ സ്വന്തം വാക്കുകളായി അവൻ തന്നെ പറഞ്ഞ പല വാക്യങ്ങളെയും മൂടിവെച്ചുകൊണ്ട് - ആ യാഥാർത്ഥ്യങ്ങളെ നിഷേധിക്കാറുണ്ട്. അതിന്റെ നാനാവശങ്ങളെക്കുറിച്ചും, അതിൽ ഈ തൽപരകക്ഷികളുടെ വാദമുഖങ്ങളെക്കുറിച്ചും സൂറത്തുൽ ഹദീദിനുശേഷം കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പിൽ വേണ്ടത്ര വിശദമായി നാം വിവരിച്ചിട്ടുണ്ട്. കൂടുതൽ അറിയുവാനാഗ്രഹിക്കുന്നവർ അവിടെ നോക്കിക്കൊള്ളട്ടെ. والله الموفق للصواب

قُلْ هَلُمَّ شُهَدَاءَكُمُ الَّذِينَ يَشْهَدُونَ أَنَّ اللَّهَ حَرَّمَ هَٰذَا ۖ

﴾150﴿ (നബിയേ) പറയുക: ('നിങ്ങൾ നിഷിദ്ധമാക്കിയ) ഇത് അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന നിങ്ങളുടെ (വക) സാക്ഷികളെ കൊണ്ടുവരുവിൻ!'

فَإِن شَهِدُواْ فَلَا تَشْهَدْ مَعَهُمْ ۚ وَلَا تَتَّبِعْ أَهْوَآءَ ٱلَّذِينَ كَذَّبُواْ بِـَٔايَـٰتِنَا وَٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ وَهُم بِرَبِّهِمْ يَعْدِلُونَ ﴿١٥٠﴾

എന്നിട്ട് അവർ സാക്ഷ്യം വഹിച്ചുവെങ്കിൽ, അവരോടൊപ്പം നീ സാക്ഷ്യം വഹിക്കരുത്. നമ്മുടെ 'ആയത്ത്' [ലക്ഷ്യം]കളെ വ്യാജമാക്കുന്നവരുടെ ഇച്ഛകളെ നീ പിൻപറ്റുകയും ചെയ്യരുത്; യാതൊരു കൂട്ടരുടെയും (ഇച്ഛകളെ പിൻപറ്റരുത്); അവർ പരലോകത്തിൽ വിശ്വസിക്കുന്നില്ല. അവരാകട്ടെ, തങ്ങളുടെ റബ്ബിനോട് (മറ്റുള്ളവരെ) സമപ്പെടുത്തുകയും ചെയ്യുന്നു.

﴾150﴿ قُلْ നീ പറയുക هَلُمَّ കൊണ്ടുവരുവിൻ شُهَدَاءَكُمُ നിങ്ങളുടെ സാക്ഷികളെ الَّذِينَ يَشْهَدُونَ സാക്ഷ്യം വഹിക്കുന്നവരായ أَنَّ اللهَ അല്ലാഹു حَرَّمَ هَذَا ഇത് നിഷിദ്ധമാക്കിയിരിക്കുന്നു (എന്ന്) فَإِنْ شَهِدُوا എന്നിട്ട് (എന്നാൽ) അവർ സാക്ഷ്യം വഹിച്ചെങ്കിൽ فَلَا تَشْهَدْ നീ സാക്ഷ്യം വഹിക്കരുത് مَعَهُمْ അവരോടൊപ്പം وَلَا تَتَّبِعْ നീ പിൻപറ്റുകയും ചെയ്യരുത് أَهْوَاءَ ഇച്ഛ(തന്നിഷ്ടം)കളെ الَّذِينَ كَذَّبُوا വ്യാജമാക്കിയവരുടെ بِآيَاتِنَا നമ്മുടെ ലക്ഷ്യ(ദൃഷ്ടാന്ത)ങ്ങളെ وَالَّذِينَ യാതൊരുവരുടെയും لَا يُؤْمِنُونَ അവർ വിശ്വസിക്കുന്നില്ല بِالْآخِرَةِ പരലോകത്തിൽ وَهُمْ അവരാകട്ടെ بِرَبِّهِمْ തങ്ങളുടെ റബ്ബിനോട് يَعْدِلُونَ സമപ്പെടുത്തുന്നു

നിങ്ങൾ നിഷിദ്ധമാക്കിയ ഈ വസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കിയതല്ല -അല്ലാഹു നിഷിദ്ധമാക്കി നിശ്ചയിച്ചതാണ്- എന്ന് തക്കതായ തെളിവ് സഹിതം സ്ഥാപിക്കുന്ന വല്ല സാക്ഷികളെയും നിങ്ങൾക്ക് സമർപ്പിക്കുവാനുണ്ടെങ്കിൽ അവരെയൊന്ന് ഹാജരാക്കുക എന്ന് മുശ്‌രിക്കുകളെ വെല്ലുവിളിക്കുകയാണ്. അതവർക്ക് സാധ്യമല്ലല്ലോ. ഒരു പക്ഷേ, വല്ല വിഡ്ഢികളും അതിന് മുമ്പോട്ട് വന്നാൽ, അവർ സത്യബോധമില്ലാത്ത കള്ളസാക്ഷികളുമായിരിക്കുമെന്ന് തീർച്ചയാണ്. ലക്ഷ്യങ്ങളും ദൃഷ്ടാന്തങ്ങളും വ്യാജമാക്കിത്തള്ളുകയും, പരലോകത്തിൽ വിശ്വസിക്കാതിരിക്കുകയും, അതോടുകൂടി അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കുകയും ചെയ്യുന്നവർ മാത്രമേ അതിന് മുമ്പോട്ട്വരൂ. അതുകൊണ്ട് അവരുടെ സാക്ഷ്യത്തിന് ഒട്ടും വില കൽപിക്കാതെ തള്ളിക്കളയുകയും, അവരുടെ ഇംഗിതത്തിന് വഴങ്ങാതിരിക്കുകയും വേണം എന്നു നബി ﷺയെ ഉണർത്തുകയും ചെയ്യുന്നു.

വിഭാഗം - 19

۞ قُلْ تَعَالَوْا۟ أَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ ۖ أَلَّا تُشْرِكُوا۟ بِهِۦ شَيْـًٔا ۖ	﴾151﴿ നീ പറയുക(നബിയേ): 'വരുവൻ! നിങ്ങളുടെ റബ്ബ് നിങ്ങളുടെമേൽ നിഷിദ്ധമാക്കിയത് (എന്തെല്ലാമാണെന്ന്) ഞാൻ നിങ്ങൾക്ക് ഓതിക്കേൾപ്പിക്കാം: അതായത്; നിങ്ങൾ അവനോട് ഒരു വസ്തുവെയും പങ്ക് ചേർക്കരുത്;
وَبِٱلْوَٰلِدَيْنِ إِحْسَـٰنًا ۖ	മാതാപിതാക്കളോടാകട്ടെ, നന്മ പ്രവർത്തിക്കുകയും (വേണം);
وَلَا تَقْتُلُوٓا۟ أَوْلَـٰدَكُم مِّنْ إِمْلَـٰقٍ ۖ نَّحْنُ نَرْزُقُكُمْ وَإِيَّاهُمْ ۖ وَلَا تَقْرَبُوا۟ ٱلْفَوَٰحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ ۖ	ദാരിദ്ര്യം നിമിത്തം നിങ്ങൾ നിങ്ങളുടെ സന്താനങ്ങളെ കൊലപ്പെടുത്തുകയും ചെയ്യരുത്; നാമത്രെ, നിങ്ങൾക്കും അവർക്കും ആഹാരം നൽകുന്നത്. നീചവൃത്തികളെ - അവയിൽ നിന്ന് പ്രത്യക്ഷമായതിനെയും, പരോക്ഷമായതിനെയും - നിങ്ങൾ സമീപിക്കുകയും ചെയ്യരുത്.
وَلَا تَقْتُلُوا۟ ٱلنَّفْسَ ٱلَّتِى حَرَّمَ ٱللَّهُ إِلَّا بِٱلْحَقِّ ۚ	അല്ലാഹു നിഷിദ്ധമാക്കി (അഥവാ പരിപാവനമാക്കി)വെച്ച ദേഹത്തെ [ആളെ]ന്യായ പ്രകാരമല്ലാതെ കൊലപ്പെടുത്തുകയും അരുത്.
ذَٰلِكُمْ وَصَّىٰكُم بِهِۦ لَعَلَّكُمْ تَعْقِلُونَ ﴿١٥١﴾	അതൊക്കെ, നിങ്ങൾ ബുദ്ധികൊടു(ത്ത് ഗ്രഹി)ക്കുവാൻ വേണ്ടി അല്ലാഹു നിങ്ങളോട് 'വസ്വിയ്യത്ത്' ചെയ്തിരിക്കയാണ്.

﴾151﴿ قُلْ تَعَالَوْا നീ പറയുക, നിങ്ങൾ വരുവിൻ أَتْلُ ഞാൻ ഓതിത്തരാം, പാരായണം ചെയ്യാം مَا حَرَّمَ നിഷിദ്ധമാക്കിയത് رَبُّكُمْ നിങ്ങളുടെ റബ്ബ് عَلَيْكُمْ നിങ്ങളുടെ മേൽ, നിങ്ങൾക്ക് أَلَّا تُشْرِكُوا അതായത് നിങ്ങൾ ശിർക്ക് (പങ്കുചേർക്കൽ) ചെയ്യരുത് (എന്ന്) بِهِ അവനോട്, അവനിൽ شَيْئًا ഒരു വസ്തുവെയും وَبِالْوَالِدَيْنِ മാതാപിതാക്കളോടാകട്ടെ إِحْسَانًا നന്മചെയ്യലും (വേണമെന്ന്) وَلَا تَقْتُلُوا നിങ്ങൾ കൊലപ്പെടുത്തുക (വധിക്കുക)യും ചെയ്യരുത് أَوْلَادَكُمْ നിങ്ങളുടെ സന്താനങ്ങളെ, കുട്ടികളെ مِنْ إِمْلَاقٍ ദാരിദ്ര്യം നിമിത്തം نَحْنُ നാമത്രെ, നാം (തന്നെ) نَرْزُقُكُمْ നിങ്ങൾക്ക് ആഹാരം (ഉപജീവനം) നൽകുന്നു وَإِيَّاهُمْ അവർക്കും وَلَا تَقْرَبُوا നിങ്ങൾ സമീപിക്കുകയും അരുത്

الْفَوَاحِشَ നീചവൃത്തികളെ مَاظَهَرَ പ്രത്യക്ഷമായ مِنْهَا അവയിൽ നിന്ന് وَمَابَطَنَ പരോക്ഷമായത് وَلَاتَقْتُلُوا നിങ്ങൾ കൊലപ്പെടുത്തുകയും അരുത് النَّفْسَ ദേഹത്തെ (ആളെ-ആത്മാവിനെ) الَّتِي حَرَّمَ اللَّهُ അല്ലാഹു ഹറാമാക്കിയ (നിഷിദ്ധമാക്കിയ-പരിപാവനമാക്കിയ) إِلَّا بِالْحَقِّ ന്യായ (മുറ-അവകാശ)പ്രകാരമല്ലാതെ ذَٰلِكُمْ അത് (ഒക്കെ) وَصَّاكُمْ بِهِ അതിനെപറ്റി അവൻ നിങ്ങളോട് വസ്വിയ്യത്ത് ചെയ്തിരിക്കുന്നു لَعَلَّكُمْ നിങ്ങളാകുവാൻ, ആയേക്കാം تَعْقِلُونَ നിങ്ങൾ ബുദ്ധികൊടുക്കും.

وَلَا تَقْرَبُوا۟ مَالَ ٱلْيَتِيمِ إِلَّا بِٱلَّتِى هِىَ أَحْسَنُ حَتَّىٰ يَبْلُغَ أَشُدَّهُۥ ۖ

﴾152﴿ 'ഏറ്റവും നന്നായുള്ള തേതോ അതനുസരിച്ചല്ലാതെ, അനാഥയുടെ ധനത്തെ നിങ്ങൾ സമീപിക്കുകയും ചെയ്യരുത്; അവൻ അവന്റെ ശക്തി [പ്രായപൂർത്തി] പ്രാപിക്കുന്നതുവരെ.

وَأَوْفُوا۟ ٱلْكَيْلَ وَٱلْمِيزَانَ بِٱلْقِسْطِ ۖ لَا نُكَلِّفُ نَفْسًا إِلَّا وُسْعَهَا ۖ

അളവും, തൂക്കവും നീതിമുറ പ്രകാരം നിങ്ങൾ നിറവേറ്റിക്കൊടുക്കുകയും ചെയ്യുവിൻ; ഒരാത്മാവിനോടും [ആളോടും] നാം അതിന്റെ കഴിവ(നുസരിച്ച)ല്ലാതെ ശാസിക്കുകയില്ല.

وَإِذَا قُلْتُمْ فَٱعْدِلُوا۟ وَلَوْ كَانَ ذَا قُرْبَىٰ ۖ وَبِعَهْدِ ٱللَّهِ أَوْفُوا۟ ۚ

നിങ്ങൾ (വല്ലതും) പറഞ്ഞാൽ, നിങ്ങൾ നീതിപാലിക്കുകയും ചെയ്യുവിൻ; (ആരെക്കുറിച്ച് പറയപ്പെടുന്നുവോ) അവൻ അടുത്ത ബന്ധമുള്ളവനായിരുന്നാലും ശരി, അല്ലാഹുവിന്റെ (വക) കരാറിനെ നിങ്ങൾ നിറവേറ്റുകയും ചെയ്യുവിൻ.

ذَٰلِكُمْ وَصَّىٰكُم بِهِۦ لَعَلَّكُمْ تَذَكَّرُونَ ﴿١٥٢﴾

അതൊക്കെ, നിങ്ങൾ ഉറ്റാലോചിക്കുവാൻ വേണ്ടി അവൻ നിങ്ങളോട് 'വസ്വിയ്യത്ത്' ചെയ്തിരിക്കയാണ്.

وَأَنَّ هَٰذَا صِرَٰطِى مُسْتَقِيمًا فَٱتَّبِعُوهُ ۖ

﴾153﴿ ഇതാ, എന്റെ പാത (നേരെ) ചൊവ്വായ നിലയിൽ (സ്ഥിതി ചെയ്യുന്നു) അതിനാൽ, അതിനെ നിങ്ങൾ പിൻപറ്റിക്കൊള്ളുവിൻ.

وَلَا تَتَّبِعُوا۟ ٱلسُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِۦ ۚ ذَٰلِكُمْ وَصَّىٰكُم بِهِۦ لَعَلَّكُمْ تَتَّقُونَ ﴿١٥٣﴾

നിങ്ങൾ (മറ്റു)മാർഗങ്ങളെ പിൻപറ്റുകയും ചെയ്യരുത്; എന്നാൽ അവ നിങ്ങളെ അവന്റെ മാർഗംവിട്ടു ഭിന്നിപ്പിച്ചുകളയും. അതൊക്കെ, നിങ്ങൾ സൂക്ഷ്മതപാലിക്കുവാൻ വേണ്ടി അവൻ നിങ്ങളോട് വസ്വിയ്യത്ത് ചെയ്തിരിക്കയാണ്.

﴾152﴿ وَلَاتَقْرَبُوا നിങ്ങൾ സമീപിക്കുക (അടുക്കുക)യും ചെയ്യരുത് مَالَ الْيَتِيمِ അനാഥയുടെ ധനത്തെ إِلَّابِالَّتِي യാതൊന്നനുസരിച്ചല്ലാതെ هِيَ أَحْسَنُ അത് ഏറ്റം നല്ലതാണ് حَتَّىٰ يَبْلُغَ അവൻ പ്രാപിക്കുന്നതുവരെ أَشُدَّهُ അവന്റെ ശക്തി (പ്രായപൂർത്തി) وَأَوْفُوا നിങ്ങൾ നിറവേറ്റുകയും ചെയ്യുവിൻ الْكَيْلَ അളവ് وَالْمِيزَانَ തൂക്കവും بِالْقِسْطِ നീതി (മുറ)പ്രകാരം لَانُكَلِّفُ നാം ശാസിക്കുകയില്ല (നിർബ്ബന്ധപ്പെടുത്തുന്നതല്ല) نَفْسًا ഒരു ദേഹത്തോ (ആത്മാവിനോ-ആളോ)ടും إِلَّاوُسْعَهَا അതിന്റെ സൗകര്യം (കഴിവ്) അല്ലാതെ وَإِذَاقُلْتُمْ നിങ്ങൾ പറഞ്ഞാൽ فَاعْدِلُوا അപ്പോൾ നിങ്ങൾ നീതി ചെയ്യുവിൻ وَلَوْ كَانَ അവനായിരുന്നാലും (ശരി) ذَا قُرْبَىٰ അടുത്ത ബന്ധമുള്ളവൻ وَبِعَهْدِاللَّهِ അല്ലാഹുവിന്റെ (വക) കരാറിനെ, അല്ലാഹുവിന്റെതായ പ്രതിജ്ഞ أَوْفُوا നിങ്ങൾ നിറവേറ്റുകയും ചെയ്യുവിൻ ذَٰلِكُمْ അത് (ഒക്കെ) وَصَّاكُمْبِهِ അതിനെപറ്റി അവൻ വസ്വിയ്യത്ത് ചെയ്തിരിക്കുന്നു لَعَلَّكُمْ നിങ്ങളാകുവാൻവേണ്ടി, ആയേക്കാം تَذَكَّرُونَ നിങ്ങൾ ഉറ്റാലോചിക്കും, ഓർമവെക്കും. ﴾153﴿ وَأَنَّ هَٰذَا ഇതാണെന്നും, ഇതായതിനാൽ صِرَاطِي എന്റെ പാത (വഴി) مُسْتَقِيمًا നേരായ (ചൊവ്വായ) നിലയിൽ فَاتَّبِعُوهُ അതിനാൽ അതിനെ നിങ്ങൾ പിൻപറ്റുവിൻ وَلَاتَتَّبِعُوا നിങ്ങൾ പിൻപറ്റുകയും അരുത് السُّبُلَ (മറ്റു) മാർഗങ്ങളെ فَتَفَرَّقَ بِكُمْ അപ്പോൾ (എന്നാൽ) അവ നിങ്ങളെയുംകൊണ്ട് ഭിന്നിക്കും (നിങ്ങളെ ഭിന്നിപ്പിക്കും) عَنْ سَبِيلِهِ അവന്റെ മാർഗത്തിൽ നിന്ന് ذَٰلِكُمْ അത് (ഒക്കെ) وَصَّاكُمْبِهِ അതിനെപറ്റി അവൻ നിങ്ങളോട് വസ്വിയ്യത്ത് ചെയ്തിരിക്കുന്നു لَعَلَّكُمْ നിങ്ങളാകുവാൻ വേണ്ടി, ആയേക്കാം تَتَّقُونَ നിങ്ങൾ സൂക്ഷ്മത പാലിക്കുക

കഴിഞ്ഞ ഏതാനും വചനങ്ങളിൽ, മുശ്‌രിക്കുകളുടെ പല ദുരാചാരങ്ങളെയും വാദങ്ങളെയും കുറിച്ച് വിവരിച്ചു. അല്ലാഹു നിഷിദ്ധമായി നിയമിക്കാത്ത പലതും നിഷിദ്ധമാക്കിക്കൊണ്ടുള്ള അവരുടെ നടപടികളെ അവർ മതത്തിന്റെ പേരിൽ വെച്ചു കെട്ടിയതിനെകുറിച്ചും സംസാരിച്ചു. അതിനുശേഷം, കാലദേശ വ്യത്യാസമില്ലാതെ വേദഗ്രന്ഥങ്ങൾ മുഖേന മനുഷ്യസമുദായത്തിന്റെമേൽ അല്ലാഹു നിഷിദ്ധവും നിർബന്ധവുമാക്കി കൽപിച്ചു വന്നിട്ടുള്ള മൂലപ്രധാനങ്ങളായ ശാസനകൾ ഏതൊക്കെയാണെന്ന് അവർക്ക് ഓതിക്കേൾപിച്ചു കൊടുക്കുവാൻ അല്ലാഹു നബി ﷺ യോടു കൽപിക്കുന്നു. വാസ്തവത്തിൽ, ഈ വചനങ്ങളിലടങ്ങിയ ശാസനകളെല്ലാം മനുഷ്യന്റെ നൈസർഗി

കമായ ബോധംകൊണ്ടു തന്നെ മനുഷ്യൻ അംഗീകരിക്കുവാൻ ബാധ്യസ്ഥനാകുന്നു. എന്നിരിക്കിലും -താഴെ 156, 157 വചനങ്ങളിൽ കാണാവുന്നതുപോലെ- വേദഗ്രന്ഥങ്ങ ളുമായും പ്രവാചകന്മാരുമായും പരിചയബന്ധം സിദ്ധിച്ചിട്ടില്ലാത്ത അവർ, അവയെ ക്കുറിച്ച് തങ്ങൾക്ക് അറിവ് കിട്ടിയിട്ടില്ലെന്ന് ഒഴികഴിവ് പറയാതിരിക്കുവാൻ വേണ്ടി അല്ലാഹു അവ വിവരിച്ചു കൊടുക്കുകയാണ്.

ഖുർആൻ മുഖേന മാത്രമല്ല, തൗറാത്ത് മുഖേനയും ഈ സനാതന തത്വങ്ങൾ അല്ലാഹു ജനങ്ങൾക്ക് വിവരിച്ചു കൊടുത്തിട്ടുണ്ടെന്ന് അടുത്ത വചനത്തിൽ സൂചന യുണ്ട്. ബൈബ്ളിന്റെ പഴയ നിയമത്തിൽ ഈ മൂന്നു വചനങ്ങളിലടങ്ങിയ വിധി വില ക്കുകൾ മിക്കവാറും ഇന്നും കാണാവുന്നതാണ് (പുറപ്പാട് പുസ്തകം 20-ാം അധ്യായ വും, ആവർത്തനം 5-ാം അധ്യായവും നോക്കുക). അതിലെ ചില വാക്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാകുന്നു. ശിർക്കിനെപറ്റി പറയുന്നു: ‘യഹോവ (അല്ലാഹു) ആയ ഞാനാണ് നിന്റെ ദൈവം, അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്. സ്വർഗത്തിലോ, ഭൂമിയിലോ, വെള്ളത്തിലോ ഉള്ള ഒന്നിന്റെയും പ്രതിമ ഉണ്ടാക്കരുത്. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ അരുത്...’ മാതാപിതാക്കളെപറ്റി പറയുന്നു: ‘നിനക്ക് ദിർഘായുസ്സു ണ്ടാകുവാനും, നിനക്ക് ദേശത്ത് നന്നായിത്തീരുവാനും യഹോവ നിന്നോട് കൽപിച്ച പോലെ നിന്റെ അപ്പനെയും, അമ്മയെയും ബഹുമാനിക്കുക’.

قُلْ تَعَالَوْا أَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ (പറയുക: നിങ്ങൾ വരുവിൻ, നിങ്ങളുടെ റബ്ബ് നിങ്ങളുടെമേൽ നിഷിദ്ധമാക്കിയിട്ടുള്ളതിനെ ഞാൻ നിങ്ങൾക്ക് ഓതിത്തരാം) എന്ന് പറഞ്ഞുകൊണ്ടാണല്ലോ ഈ പ്രഖ്യാപനം തുടങ്ങുന്നത്. നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങ ളോടൊപ്പം ചില നിർബന്ധകടമകളും അതിൽ അടങ്ങിയിട്ടുണ്ട്താനും. നിഷിദ്ധങ്ങളെ വർജ്ജിക്കൽ നിർബന്ധവും നിർബന്ധങ്ങളെ വർജ്ജിക്കൽ നിഷിദ്ധവുമാണെന്ന സ്ഥിതിക്ക് രണ്ടും തമ്മിൽ അന്യമല്ലാത്തവിധം ഒരേ പട്ടികയിൽ ഇടകലർത്തിയും പര സ്പരം ബന്ധപ്പെടുത്തിയുംകൊണ്ട് വിവരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ വച നങ്ങളിലടങ്ങിയ ശാസനകൾ ഇവയാകുന്നു:-

(1) ശിർക്ക് ചെയ്യരുത്: പാപങ്ങളിൽവെച്ചു ഏറ്റവും വമ്പിച്ചതും, അല്ലാഹുവിന്റെ കോപശാപങ്ങൾക്ക് ഏറ്റവും വിധേയമായ കുറ്റവും, പൊറുത്തുകൊടുക്കുകയില്ലെന്ന് അല്ലാഹു വ്യക്തമായി പ്രസ്താവിച്ച മഹാ പാപവുമാണ് ശിർക്ക്. അതുകൊണ്ട് ഒന്നാ മതായി ഇവിടെയെന്നപോലെ, മറ്റു പലേടത്തും പാപങ്ങളിൽ ആദ്യം ശിർകിനെക്കു റിച്ചു കാണാം. അല്ലാഹുവിന്റെ സത്തയിലോ, പ്രവൃത്തിയിലോ, ഗുണവിശേഷങ്ങളി ലോ, നാമവിശേഷണങ്ങളിലോ, അധികാരാവകാശങ്ങളിലോ, അവന് സമന്മാരെയോ, പങ്കുകാരെയോ ഏർപ്പെടുത്തുമാറുള്ള എല്ലാ വിശ്വാസാചാരനുഷ്ഠാനങ്ങളും ശിർക്കിൽപെടുന്നു.

(2) മാതാപിതാക്കൾക്ക് നന്മചെയ്യണം: മനുഷ്യന്റെ സ്രഷ്ടാവും, രക്ഷിതാവു മായ അല്ലാഹുവിനോടുള്ള പരമപ്രധാനമായ കടമയെക്കുറിച്ചു പറഞ്ഞ ഉടനെ, അതോട് ചേർത്തുകൊണ്ട് പറഞ്ഞ കാര്യം മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നാണ്. അപ്പോൾ, അല്ലാഹുവിനോടുള്ള ആ കടമയെക്കഴിച്ചാൽ -സൃഷ്ടികളോടുള്ള കടമക ളിൽ- ഏറ്റവും മുന്നിട്ടു നിൽക്കുന്നത് മാതാപിതാക്കളോടുള്ള കടമയാണെന്നത്രെ ഇതു കാണിച്ചുതരുന്നത്. ബാഹ്യത്തിൽ മനുഷ്യന്റെ ഉൽഭവത്തിന് കാരണക്കാരും, അവനെ തീറ്റിപോറ്റി വളർത്തുകയും, അവന്റെ കൈകാര്യങ്ങൾ നടത്തിപ്പോരുകയും ചെയ്ത വരും അവരാണല്ലോ. ശിർക്ക് ചെയ്യരുതെന്ന് വിരോധിക്കുന്നതോടൊപ്പം മാതാപിതാ

ക്കളോട് നന്മ പ്രവർത്തിക്കണമെന്നത് ഖുർആനിൽ പലപ്പോഴും കാണാവുന്നതാണ്. മാതാപിതാക്കളോടുള്ള കടമക്ക് അല്ലാഹു എത്രമാത്രം സ്ഥാനം കൽപിച്ചിട്ടുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. 'ശിർക്ക് ചെയ്യരുത്' എന്നു പറഞ്ഞതുപോലെ 'മാതാപിതാക്കളെ ഉപദ്രവിക്കരുത്' എന്നോ മറ്റോ പറയാതെ 'അവർക്ക് നന്മ ചെയ്യണം' എന്നാണ് അല്ലാഹു അവിടങ്ങളിലൊക്കെ ഉപയോഗിക്കാറുള്ള വാക്ക്. അവരോടുള്ള കടപ്പാടിന്റെ ഗൗരവം ഒന്നുകൂടി ഊന്നിക്കാണിക്കുന്നതാണ് ഈ പ്രയോഗം.

അത്രയുമല്ല, അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും വെറുക്കപ്പെട്ട -അവൻ ഒരിക്കലും പൊറുക്കാത്ത- മഹാപാപമാണല്ലോ ശിർക്ക്. എന്നിട്ടുപോലും സൂ:ലുക്മാനിൽ പറയുന്നത് നോക്കുക: وَإِنْ جَاهَدَاكَ عَلَىٰٓ أَن تُشْرِكَ بِي مَا لَيْسَ لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَا وَصَاحِبْهُمَا فِي ٱلدُّنْيَا مَعْرُوفًا - لقمان (സാരം: നിനക്ക് വിവരമില്ലാത്ത വല്ലതിനെയും നീ എന്നോട് പങ്കുചേർക്കുവാൻ അവർ -മാതാപിതാക്കൾ- രണ്ടുപേരും നിന്നെ ബുദ്ധിമുട്ടിക്കുന്ന പക്ഷം, നീ അവരെ അനുസരിക്കരുത്. ഇഹത്തിൽ വെച്ചു നീ അവരോട് സദാചാരമനുസരിച്ചു സഹവസിക്കുകയും ചെയ്യണം). അപ്പോൾ, മാതാപിതാക്കളെപറ്റി മക്കൾക്ക് എന്തു തന്നെ വിമർശനങ്ങളുണ്ടായാലും -അവ എത്ര ഗൗരവപ്പെട്ടതായിരുന്നാലും- അവരോടുള്ള പെരുമാറ്റം മാന്യവും സ്നേഹപരവുമായിരിക്കുവാനേ പാടുള്ളൂവെന്നാണ് ഇതിലടങ്ങിയ തത്വം. ഇബ്നു മസ്ഊദ് (റ) പറയുന്നു: കർമങ്ങളിൽവെച്ചു ഏറ്റവും ശ്രേഷ്ഠമായത് ഏതാണെന്ന് ഞാൻ റസൂൽ തിരുമേനി ﷺ യോടു ചോദിച്ചു. അവിടുന്ന് പറഞ്ഞു: 'നമസ്കാരം അതിന്റെ സമയത്ത് നമസ്കരിക്കലാകുന്നു'. പിന്നെ ഏതാണെന്ന് ഞാൻ ചോദിച്ചു. അവിടുന്നു പറഞ്ഞു: 'മാതാപിതാക്കൾക്ക് നന്മചെയ്യുക'. പിന്നെ ഏതാണെന്ന് ഞാൻ ചോദിച്ചു, അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുക' (ബു; മു). മാതാപിതാക്കളുടെ വിഷയത്തിൽ വന്ന ഖുർആൻ വാക്യങ്ങളും നബിവാക്യങ്ങളും ഇവിടെ ഉദ്ധരിക്കുന്ന പക്ഷം അത് വളരെ നീണ്ടുപോകുന്നതാണ്.

(3) ദാരിദ്ര്യം നിമിത്തം സന്താനങ്ങളെ കൊല്ലരുത്: മാതാപിതാക്കളെപ്പറ്റി പ്രസ്താവിച്ചതിനെത്തുടർന്ന് മക്കളുടെ കാര്യവും ഉണർത്തിയിരിക്കുകയാണ്. മനുഷ്യവധം തന്നെ ഒരു മഹാപാപം. അത് സ്വന്തം മക്കളെയാകുമ്പോൾ അതിന്റെ ക്രൂരത കൂടുതലാകുന്നു. അത് ദാരിദ്ര്യഭയം നിമിത്തം കൂടിയാകുമ്പോഴോ?! സകല ജീവികൾക്കും ആഹാരം നൽകുന്നതാണെന്ന് അല്ലാഹു ഏറ്റിട്ടുള്ള ബാധ്യത അവൻ നിർവ്വഹിക്കുമെന്നതിലുള്ള വിശ്വാസക്കുറവ്, ആഹാര കാര്യങ്ങളുടെ നിയന്ത്രണമെല്ലാം തന്റെ കൈക്കു മാത്രമാണ് നടക്കുന്നതെന്ന മിഥ്യാബോധം, അല്ലാഹു നൽകുന്ന പരീക്ഷണങ്ങളിൽ ക്ഷമ കൈകൊള്ളുവാൻ തയ്യാറില്ലായ്മ, സ്വന്തം മക്കളെ കൊലപ്പെടുത്തിയിട്ടെങ്കിലും സ്വന്തം ജീവിതം സുഖമായിരിക്കണമെന്നുള്ള ദുർമോഹം ഇതൊക്കെയാണതിന്റെ പിന്നിലുള്ള പ്രേരണകൾ. വാസ്തവത്തിൽ, ആ വധിക്കപ്പെടുന്ന മക്കൾക്ക് മാത്രമല്ല, ആ ക്രൂരകൃത്യത്തിന് ഒരുമ്പെടുന്ന മാതാപിതാക്കൾക്കുതന്നെയും ആഹാരം നൽകുന്നത് അല്ലാഹുവാകുന്നു. ഒരു പക്ഷേ, ആ വധിക്കപ്പെട്ട കുട്ടി ജീവിച്ചിരുന്നെങ്കിലായിരിക്കും അവരുടെ ജീവിതം കൂടുതൽ ധന്യമായിത്തീരുക. നേരെമറിച്ച് ആ കുട്ടിയെ വധിച്ചതിനുശേഷം ദാരിദ്ര്യം കൂടുതൽ അനുഭവപെട്ടുവെന്നും വന്നുകൂടായ്കയില്ല. ഇതൊക്കെയാണ് نَحْنُ نَرْزُقُكُمْ وَإِيَّاهُمْ (നാമത്രെ നിങ്ങൾക്കും അവർക്കും ആഹാരം നൽകുന്നത്) എന്ന വാക്യത്തിലെ സൂചനകൾ. നിലവിലുള്ള ദാരിദ്ര്യത്തെ മുൻനിറുത്തി സന്താനഹത്യ ചെയ്യുന്നതിനെപറ്റിയാണ് ഇവിടെ അല്ലാഹു പറഞ്ഞത്. ഭാവിയിൽ ദാരിദ്ര്യം അനുഭവപ്പെട്ടേക്കുമെന്ന ഭയം നിമിത്തം സന്താനഹത്യ ചെയ്യുന്നതിനെപറ്റി

സൂറത്തുൽ ഇസ്റാഉ് 31 ൽ പ്രസ്താവിക്കുന്നുണ്ട്. അതിനെതുടർന്ന് نَّحۡنُ نَرۡزُقُهُمۡ وَإِيَّاكُمۡ (നാമത്രെ അവർക്കും നിങ്ങൾക്കും ആഹാരം നൽകുന്നത്) എന്നാണ് അല്ലാഹു പറഞ്ഞ വാക്ക്. അതായത് നിങ്ങൾക്ക് മാത്രമല്ല, അവർക്കുകൂടി ആഹാരം കൊടുക്കുന്ന അന്ന ദാതാവ് നാമാണ്, അത് നാം ചെയ്തുകൊള്ളും എന്ന് സാരം.

ഇബ്നുമസ്ഊദ് (റ) വീണ്ടും പറയുന്നു: പാപങ്ങളിൽ വെച്ച് ഏറ്റവും വമ്പിച്ചത് ഏതാണെന്ന് ഞാൻ റസൂൽ തിരുമേനി ﷺ യോട് ചോദിച്ചു: അവിടുന്ന് പറഞ്ഞു: 'നിന്നെ സൃഷ്ടിച്ചത് അല്ലാഹുവായിരിക്കെ, നീ അവന്ന് സമന്മാരെ ഏർപ്പെടുത്തലാണ്', പിന്നെ ഏതാണെന്ന് ഞാൻ ചോദിച്ചു. അവിടുന്ന് പറഞ്ഞു: 'നീ നിന്റെ കുട്ടി നിന്നോടൊപ്പം ഭക്ഷണം കഴിക്കുന്നതിനെ ഭയന്ന് നീ അതിനെ കൊലചെയ്യലാണ്', പിന്നെ ഏതാണെന്ന് ഞാൻ ചോദിച്ചു. അവിടുന്ന് പറഞ്ഞു: 'നിന്റെ അയൽക്കാരന്റെ സഹധർമിണിയുമായി നീ വ്യഭിചാരത്തിൽ ഏർപ്പെടലാകുന്നു'. പിന്നീട് തിരുമേനി (തെളിവായി) സൂ: ഫുർക്വാനിലെ 68-ാം വചനം ഓതുകയും ചെയ്തു. (ബു; മു.)

ഇന്നു നമ്മുടെ നാട്ടിലും മറ്റു ചില രാഷ്ട്രങ്ങളിലും ചില ആകർഷകമായ പേരുകൾ നൽകികൊണ്ട് സ്വീകരിച്ചു വരുന്ന സന്താന നിയന്ത്രണ സംരംഭത്തെക്കുറിച്ചല്ല ഈ രണ്ടു ക്വുർആൻ വചനങ്ങളിലും പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. ജനിച്ച സന്താനങ്ങളെ കൊല ചെയ്യാമെന്നോ, ചെയ്യണമെന്നോ എവിടെയും നിയമവുമില്ല. പക്ഷേ, നിലവിലുള്ളതോ, അല്ലെങ്കിൽ തൊട്ടടുത്ത കാലത്ത് ഭാവിയിലുണ്ടാകുമെന്ന് തീർത്തു പറയാവുന്നതോ അല്ലാത്തതും, ചില കണക്കുകൂട്ടലുകൾ പ്രകാരം ഭാവിയിൽ ഉണ്ടായേക്കുമെന്ന് ഊഹിക്കപ്പെടുന്നതുമായ ദാരിദ്ര്യത്തെയും ജനസാന്ദ്രതയെയും ഭയന്നുകൊണ്ടും, സന്താനങ്ങൾ മൂലം സുഖാഡംബരങ്ങൾക്ക് ദോഷം സംഭവിച്ചേക്കുമെന്ന ഭയം നിമിത്തവും ആസൂത്രണം ചെയ്യപ്പെടുന്ന ഒരു പ്രസ്ഥാനമാണത്. എന്നിരിക്കെ, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം അതിന് മതത്തിലുള്ള സ്ഥാനം എന്തായിരിക്കുമെന്ന് ആർക്കും ഊഹിച്ചറിയാവുന്നതാണ്. ആ പ്രസ്ഥാനം നടപ്പിൽ വരുത്തിക്കൊണ്ടിരുന്ന ചില രാഷ്ട്രങ്ങൾ -അനുഭവം പ്രതികൂലമായത് നിമിത്തം- അതിൽ നിന്ന് പിൻമടങ്ങേണ്ടി വന്നിട്ടുള്ളതും പ്രസ്താവ്യമത്രെ.(*)

(4) പ്രത്യക്ഷത്തിലുള്ളതും പരോക്ഷത്തിലുള്ളതുമായ നീചവൃത്തികളെ സമീപിച്ചുകൂടാ: നീചവൃത്തികളുടെ മുൻപന്തിയിൽ നിൽക്കുന്നതത്രെ വ്യഭിചാരം. നിയമവിരുദ്ധവും പ്രകൃതി വിരുദ്ധവുമായ ഭോഗപ്രക്രിയകൾ, അശ്ലീലമായ നഗ്നപ്രകടനങ്ങൾ, മോഷണം, മദ്യപാനം മുതലായവയെല്ലാം ഇതിൽ ഉൾപെടുന്നു. പരസ്യമെന്നോ, രഹസ്യമെന്നോ, തെളിഞ്ഞതെന്നോ, ഒളിഞ്ഞതെന്നോ വ്യത്യാസമില്ലാതെ എല്ലാതരം ദുർവൃത്തികളും ഉപേക്ഷിക്കണമെന്ന് മാത്രമല്ല, അവയെ സമീപിക്കുകപോലും ചെയ്യരുതെന്നാണ് അല്ലാഹു കൽപിക്കുന്നത്. അതായത്, ദുർവൃത്തികളിൽ ചെന്നുപെടുവാനോ, അതിലേക്ക് ആകർഷിക്കപ്പെടുവാനോ ഇടയാകുന്ന കാര്യങ്ങൾകൂടി വർജ്ജിക്കേണ്ടതുണ്ട് എന്നത്രെ ഇത് കാണിക്കുന്നത്.

(*) 'ശിശുക്കളെ ആവശ്യമുണ്ട്' എന്ന തലക്കെട്ടിൽ 'മലയാള മനോരമ' ദിനപത്രം 6-6-1981 ൽ കൊടുത്ത ഒരു റിപ്പോർട്ടിൽ ഇങ്ങിനെ കാണാം: 'റഷ്യയിലെ നവ വധൂവരന്മാരുടെ മുമ്പിൽ പുതിയൊരു വെല്ലുവിളി-കുറഞ്ഞത് രണ്ടു കുട്ടികളെങ്കിലും ഉണ്ടാവാൻ യത്നിക്കുക.... ജനസംഖ്യാ ദാരിദ്ര്യം സോവിയറ്റു യൂണിയനിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നാണിന്ന്. പല ജോലികൾക്കും ആളെകിട്ടുന്നില്ല....'

(5) അല്ലാഹു നിഷിദ്ധമാക്കിയ ദേഹത്തെ കൊലപ്പെടുത്തരുത്: അഥവാ അവൻ പാവനത്വം കൽപിച്ചിട്ടുള്ള ജീവനെ ഹനിക്കരുത്. മനുഷ്യവധം നീചവൃത്തികളുടെ മുൻനിരയിൽ സ്ഥിതി ചെയ്യുന്നതാണെങ്കിലും, അതിന്റെ ഗൗരവം നിമിത്തം അത് പ്രത്യേകംതന്നെ എടുത്തു പറഞ്ഞിരിക്കുകയാണ്.

ഇബ്നുമസ്ഊദ് (റ)ൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു നബി വചനത്തിന്റെ സാരം ഇപ്രകാരമാകുന്നു: 'അല്ലാഹുവല്ലാതെ ഇലാഹില്ലെന്നും, ഞാൻ അല്ലാഹുവിന്റെ റസൂലാണെന്നും സാക്ഷ്യം വഹിക്കുന്ന ഒരാളുടെ രക്തം മൂന്നിലൊരു കാര്യം കൊണ്ടല്ലാതെ അനുവദനീയമാകുകയില്ല; വിവാഹിതൻ വ്യഭിചാരം ചെയ്യുക, ഒരാളെ കൊലപ്പെടുത്തിയതിനു പകരം കൊലപ്പെടുത്തുക, മതം ഉപേക്ഷിച്ചു സംഘം (മുസ്ലിം സമുദായം) വിട്ടുപോകുക' (ബു; മു). മുസ്ലിം (റ)ന്റെ ഒരു നിവേദനത്തിലെ വാചകം 'മുസ്ലിമായ മനുഷ്യന്റെ രക്തം....' എന്നാകുന്നു. ആഇശഃ(റ)യിൽ നിന്നുള്ള ഒരു ഹദീഥിലെ വാചകം ഇങ്ങനെയാണ്: 'മൂന്നിലൊരു കാര്യം കൊണ്ടല്ലാതെ ഒരു മുസ്ലിമായ മനുഷ്യന്റെ രക്തം അനുവദനീയമാകുകയില്ല; വിവാഹിതനായ വ്യഭിചാരി, അവൻ എറിഞ്ഞുകൊല്ലപ്പെടും, കൽപിച്ചുകൂട്ടി കൊല ചെയ്തവനും, അവൻ കൊല്ലപ്പെടും. ഇസ്ലാമിൽനിന്ന് പുറത്തുപോകുകയും, അല്ലാഹുവിനോടും അവന്റെ റസൂലിനോടും പോരാടുകയും ചെയ്ത മനുഷ്യനും, അവൻ ക്രൂശിക്കപ്പെടുകയോ, നാടു കടത്തപ്പെടുകയോ ചെയ്യപ്പെടും' (ദാ; ന). ഈ ഹദീഥുകളിൽ ഒന്നാമതായി പറയപ്പെട്ടവനെ സംബന്ധിച്ചു സൂറത്തുന്നൂർ 2-ാം വചനത്തിന്റെയും, രണ്ടാമതായി പറയപ്പെട്ടവനെ സംബന്ധിച്ചു സൂ: നിസാഉ് 93-ാം വചനത്തിന്റെയും, മൂന്നാമതായി പറയപ്പെട്ടവനെ സംബന്ധിച്ചു സൂ: മാഇദഃ 36-ാം വചനത്തിന്റെയും വ്യാഖ്യാനങ്ങളിൽ വിവരിച്ചത് നോക്കുക. മുസ്ലിംകളുമായി സഖ്യത്തിലും സമാധാനത്തിലും കഴിഞ്ഞുകൂടുന്ന അമുസ്ലിംകളെ കൊലപ്പെടുത്തുന്നത് അല്ലാഹുവിന്റെ ഉത്തരവാദിത്വത്തെ വഞ്ചിക്കലാണെന്നും, സ്വർഗത്തിന്റെ വാസനപോലും നഷ്ടപ്പെടുത്തുന്നതാണ് അതെന്നും അബൂഹുറയ്റഃ (റ) ഉദ്ധരിച്ച ഒരു നബി വചനത്തിലും വന്നിരിക്കുന്നു (ജ;തി).

(6) പ്രായപൂർത്തി എത്തുന്നതുവരെ അനാഥക്കുട്ടിയുടെ ധനത്തെ ഏറ്റവും നല്ല വഴിക്കല്ലാതെ സമീപിക്കരുത്: അനാഥയുടെ ധനം തിന്നരുതെന്നോ, അക്രമിക്കരുതെന്നോ പറയാതെ, ഏറ്റവും നല്ല മാർഗത്തിലൂടെ മാത്രമേ സമീപിക്കാവൂ എന്നത്രെ അല്ലാഹു പറഞ്ഞത്. അപ്പോൾ, അനാഥയുടെ സ്വത്തിന് എന്തുമാത്രം വിലയാണ് അല്ലാഹു കൽപിച്ചിരിക്കുന്നതെന്ന് ആലോചിച്ചു നോക്കുക! അവന്റെ സ്വത്ത് കൈകാര്യം ചെയ്യുമ്പോൾ അതിൽ അവന് വല്ല ഗുണവും ഉണ്ടോ എന്നു നോക്കിയാലും പോരാ, ഏറ്റവും ഗുണം എന്താണെന്നുതന്നെ നോക്കേണ്ടതുണ്ടെന്നും, അതിന് ഹാനികരമായതൊന്നും ചെയ്യരുതെന്നുമത്രെ ഇത് സൂചിപ്പിക്കുന്നത്. അനാഥകളുടെ ധനത്തെ സംബന്ധിച്ച് സൂറത്തുന്നിസാഇൽവെച്ചു പലതും നാം കാണുകയുണ്ടായി. അതുകൊണ്ട് ഇവിടെ കൂടുതലൊന്നും പ്രസ്താവിക്കുന്നില്ല.

(7) അളവും തൂക്കവും പൂർത്തിയാക്കിക്കൊടുക്കണം: അഥവാ അതിൽ കൃത്രിമവും കുറവും വരുത്തരുത്. ഇതിനെപറ്റിയും ഖുർആനിലും ഹദീഥിലും ധാരാളം പ്രസ്താവനകൾ കാണാവുന്നതാണ്. അളത്തത്തിലും തൂക്കത്തിലും വഞ്ചിക്കുന്നവരെപറ്റി ഗൗരവസ്വരത്തിൽ സൂ: മുത്വഫ്ഫിഫീനിൽ അല്ലാഹു ചോദിക്കുന്നു: أَلَا يَظُنُّ أُولَٰئِكَ أَنَّهُم مَّبْعُوثُونَ ۝ لِيَوْمٍ عَظِيمٍ ۝ يَوْمَ يَقُومُ النَّاسُ لِرَبِّ الْعَالَمِينَ (അക്കൂട്ടർ വിചാരിക്കുന്നില്ലേ, ഒരു വമ്പിച്ച ദിവസത്തേക്ക് -അതായത് ലോക രക്ഷിതാവിങ്കലേക്ക് മനു

ഷ്യർ എഴുന്നേറ്റു വരുന്ന ദിവസം -തങ്ങൾ എഴുന്നേൽപിക്കപ്പെടുന്നവരാകുന്നുവെന്ന്?!) അളത്തവും തൂക്കവും ശരിക്ക് നിർവ്വഹിക്കണമെന്ന് ശുഅയ്ബ് നബി (അ) തന്റെ ജനതയോട് ഉപദേശിക്കുകയും, അത് അനുസരിക്കാതിരുന്ന ആ ജനത മുഴുവനും ഒരു പൊതു ശിക്ഷക്ക് പാത്രമാകുകയും ചെയ്ത സംഭവം സൂ: ശുഅറാഉൽ കാണാവുന്നതാണ്. ഈ കല്പനയോട് ചേർന്നുകൊണ്ട് അല്ലാഹു ഒരു പൊതുതത്വം ഇവിടെ ഓർമിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക: لَا نُكَلِّفُ نَفْسًا إِلَّا وُسْعَهَا (ഒരാളോടും ആ ആളുടെ കഴിവനുസരിച്ചല്ലാതെ നാം ശാസിക്കുകയില്ല). എത്ര സൂക്ഷിച്ചാലും ഇടപാടുകളിൽ മനുഷ്യന് ചിലപ്പോൾ പരിപൂർണമായും കൃത്യം പാലിക്കുവാൻ കഴിയാതെ വന്നേക്കുമെന്ന് പരമകാരുണികനായ അല്ലാഹുവിന് അറിയാമല്ലോ. അതുകൊണ്ടാണിത് ഇവിടെ ഉണർത്തുന്നത്. കഴിയുന്നത്ര സൂക്ഷിച്ചിട്ട് പിന്നെയും വല്ല ക്രമക്കേടും വന്നുപോയാൽ, അവൻ പൊറുത്തു കൊടുക്കുമെന്നാണ് ഇതിലടങ്ങിയ സൂചന.

(8) വല്ല കാര്യവും പറയുമ്പോൾ അതിൽ നീതി പാലിക്കണം: അടുത്ത ബന്ധുക്കളും അല്ലാത്തവരുമെന്ന വ്യത്യാസം പാടില്ല. അഥവാ അടുത്ത ബന്ധമുള്ളവരുടെ ഗുണത്തിനുവേണ്ടിയോ, അവർക്ക് വല്ല ദോഷവും ബാധിക്കാതിരിക്കുവാൻ വേണ്ടിയോ സത്യത്തിനും നീതിക്കും നിരക്കാത്ത വാക്കുകൾ പറയരുത്. സൂ: നിസാഉ് 135; മാഇദഃ:9 മുതലായ വചനങ്ങളിലും, അവയുടെ വ്യാഖ്യാനത്തിലും വിവരിച്ച കാര്യങ്ങൾ ഇവിടെയും ഓർക്കുക.

(9) അല്ലാഹുവിന്റെ വക കരാറുകൾ നിറവേറ്റണം: عهدالله എന്ന വാക്കിനാണ് ഇവിടെ അല്ലാഹുവിന്റെ കരാർ എന്ന് അർത്ഥം നൽകപ്പെട്ടിരിക്കുന്നത്. عهد എന്ന പദത്തിന്റെ അർത്ഥോദ്ദേശ്യങ്ങളെക്കുറിച്ചു പല പ്രാവശ്യം മുമ്പ് വിവരിച്ചിട്ടുണ്ട്. മനുഷ്യൻ അല്ലാഹുവിനോടും, അവനെ മുൻനിറുത്തിയും ചെയ്യുന്ന പ്രതിജ്ഞകളും, മനുഷ്യന്റെ നൈസർഗികമായ ബോധത്തിന്റെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ അല്ലാഹുവിനോട് അവൻ പാലിക്കേണ്ടുന്ന ബാധ്യതകളും അതിൽ ഉൾപെടുന്നു. മനുഷ്യൻ മനുഷ്യനോട് ചെയ്യുന്ന കരാറുകളും അതിൽ ഉൾപ്പെടുന്നതാണ്. അല്ലാഹു പറയുന്നു: وَأَوْفُوا بِعَهْدِ اللَّهِ إِذَا عَاهَدتُّمْ (നിങ്ങൾ പരസ്പരം കരാർ -അഥവാ ഉടമ്പടി- നടത്തിയാൽ നിങ്ങൾ അല്ലാഹുവിന്റെ വക കരാറു നിറവേറ്റുവിൻ (16:91) മനുഷ്യനിൽ നാലു കാര്യങ്ങൾ ഉണ്ടായാൽ അവൻ തനി കപടവിശ്വാസിയാകുമെന്നും, അവയിൽ ഒന്നുണ്ടായാൽ കാപട്യത്തിന്റെ ഒരു കാര്യം അവനിൽ ഉണ്ടാകുന്നതാണെന്നും പറഞ്ഞുകൊണ്ട് നബി ﷺ എണ്ണിപ്പറഞ്ഞ കാര്യങ്ങൾ ഇവയാണ്: 'വർത്തമാനത്തിൽ കളവ് പറയുക, വാഗ്ദത്തം പാലിക്കാതിരിക്കുക, കരാറു ലംഘിക്കുക, തമ്മിൽ പിണങ്ങിയാൽ തോന്നിവാസം പ്രവർത്തിക്കുക' (ബു; മു).

ഈ കാര്യങ്ങളൊക്കെ അല്ലാഹു നിങ്ങളോട് ചെയ്യുന്ന വസ്വിയ്യത്താണ് (ذَٰلِكُمْ وَصَّاكُم بِهِ) എന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ട് അവയുടെ പരിപാവനത്വവും ഗൗരവവും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. ആദ്യത്തെ അഞ്ചു കാര്യങ്ങൾക്ക് ശേഷം നിങ്ങൾ ബുദ്ധികൊടുത്തു മനസ്സിലാക്കുവാൻ വേണ്ടിയാണ് ഇത് വിവരിക്കുന്നത് (لَعَلَّكُمْ تَعْقِلُونَ) എന്നും, പിന്നത്തെ നാലു കാര്യങ്ങൾക്ക് ശേഷം നിങ്ങൾ ഉറ്റാലോചിക്കുവാൻ വേണ്ടിയാണ് അത് (لَعَلَّكُمْ تَذَكَّرُونَ) എന്നും പറഞ്ഞിരിക്കുന്നു. അവസാനം മേൽപറഞ്ഞ കാര്യങ്ങളെല്ലാം ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:- ഇതാ,

ഇതാണ് ഞാൻ നിങ്ങൾക്ക് നിർദ്ദേശിച്ചു തന്നിട്ടുള്ള- വക്രതയും കോട്ടവുമില്ലാതെ നേർക്കു നേരെ നിലകൊള്ളുന്ന- എന്റേതായ പാത (وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا). ഇതിലേക്കാണ് ഞാൻ നിങ്ങളെ ക്ഷണിക്കുന്നത്. ഇത് നിങ്ങൾ പിൻപറ്റിക്കൊള്ളുവിൻ (فَاتَّبِعُوهُ). ഇതാണ് നിങ്ങൾക്കുള്ള ഏക രക്ഷാമാർഗം. ഇതല്ലാത്ത മാർഗങ്ങൾ വേറെയും പലതുണ്ട്. അവയിൽ നിങ്ങൾ ഏതു സ്വീകരിച്ചാലും നിങ്ങൾ ആ നേർമാർഗത്തിൽ നിന്ന് വേറിട്ടു വഴിപിഴച്ചുപോകും. അതുകൊണ്ട് ആ മാർഗങ്ങളെയൊന്നും നിങ്ങൾ പിൻപറ്റിപ്പോകരുത്. (وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِ) ഇതെല്ലാം - ഇങ്ങിനെയൊക്കെ-ഇത്രയൊക്കെ- വിവരിച്ചു തരുന്നത് അല്ലാഹു നിങ്ങളോട് ചെയ്യുന്ന വസ്വിയ്യത്തായിക്കൊണ്ടാണ് (ذَٰلِكُمْ وَصَّاكُم بِهِ). നിങ്ങളെ വിഷമിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടോ, ഇത് മൂലം അവന് വല്ല നേട്ടവും ഉള്ളതുകൊണ്ടോ ചെയ്യുന്ന വസ്വിയ്യത്തല്ല. നിങ്ങളുടെ ഗുണത്തിന് വേണ്ടിത്തന്നെയുള്ള വസ്വിയ്യത്താകുന്നു. അതെ, നിങ്ങൾ സൂക്ഷ്മത പാലിച്ചു ഭയഭക്തരായിത്തീരുവാൻ വേണ്ടിയാണ് (لَعَلَّكُمْ تَتَّقُونَ).

അല്ലാഹു അക്ബർ! മനുഷ്യൻ ചിന്തിച്ചു മനസ്സിലാക്കുവാൻ വേണ്ടി അല്ലാഹു കാര്യങ്ങൾ വിവിധ രൂപത്തിൽ വിവരിച്ചു മനസ്സിലാക്കിക്കൊടുക്കുന്നത് എങ്ങിനെയാണെന്ന് ആലോചിച്ചു നോക്കൂ! (انظُرْ كَيْفَ نُصَرِّفُ الْآيَاتِ لَعَلَّهُمْ يَفْقَهُونَ-الأنعام: ٦٥) അല്ലാഹുവേ! ഞങ്ങളെയെല്ലാം കാര്യങ്ങൾ ചിന്തിച്ചു ഗ്രഹിക്കുന്ന സജ്ജനങ്ങളുടെ കൂട്ടത്തിൽ നീ ഉൾപ്പെടുത്തേണമേ! ആമീൻ.

ഇബ്നുമസ്ഊദ് (റ)ൽ നിന്നും, ജാബിർ (റ) വിൽ നിന്നും -വാക്കുകളിൽ അൽപാൽപം വ്യത്യാസത്തോടുകൂടിയാണെങ്കിലും- പല മാർഗങ്ങളിൽ കൂടി നിവേദനം ചെയ്യപ്പെട്ടിട്ടുള്ള ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാകുന്നു: നബിﷺ നിലത്ത് ഒരു നേർരേഖ വരച്ചു, പിന്നീട് അതിന്റെ വലത്തോട്ടും ഇടത്തോട്ടുമായി ചില രേഖകൾ വരച്ചു. എന്നിട്ട് മധ്യത്തിലെ നേർരേഖയിൽ കൈവച്ചുകൊണ്ട് وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ ...... الخ (ഇതാ, നേരെ ചൊവ്വെയുള്ള എന്റെ പാത....) എന്ന വചനം ഓതി! എന്നിട്ട് പറഞ്ഞു: 'ഇതാണ് അല്ലാഹുവിന്റെതായ ചൊവ്വായ മാർഗം, മറ്റുള്ളവയും ചില മാർഗങ്ങളാകുന്നു. ഓരോ മാർഗത്തിലും തന്നെ അതിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്ന പിശാച് ഉണ്ടായിരിക്കും'. (അ; ഹാ; ന; ജ.)

ثُمَّ ءَاتَيْنَا مُوسَى ٱلْكِتَٰبَ تَمَامًا عَلَى ٱلَّذِىٓ أَحْسَنَ وَتَفْصِيلًا لِّكُلِّ شَىْءٍ وَهُدًى وَرَحْمَةً لَّعَلَّهُم بِلِقَآءِ رَبِّهِمْ يُؤْمِنُونَ ﴿١٥٤﴾

﴾154﴿ **പിന്നെ [മറ്റൊരു കാര്യം]: നന്മ പ്രവർത്തിച്ചവരുടെമേൽ (അനുഗ്രഹത്തിന്റെ) ഒരു പൂർത്തീകരണമായിക്കൊണ്ട് മൂസാക്ക് നാം (വേദ) ഗ്രന്ഥം നൽകി. എല്ലാ കാര്യത്തിനും വിശദീകരണവും, മാർഗദർശനവും, കാരുണ്യവുമായിക്കൊണ്ടും; അവർ തങ്ങളുടെ റബ്ബുമായി കണ്ടുമുട്ടുന്നതിൽ വിശ്വസിക്കുവാൻവേണ്ടി (അഥവാ, വിശ്വസിച്ചേക്കാം).**

വിഭാഗം - 20

وَهَٰذَا كِتَٰبٌ أَنزَلْنَٰهُ مُبَارَكٌ فَٱتَّبِعُوهُ وَٱتَّقُوا۟ لَعَلَّكُمْ تُرْحَمُونَ ﴿١٥٥﴾

﴾155﴿ (ഇതാ) ഇതും നാം അവതരിപ്പിച്ചതായ ഒരു അനുഗൃഹീത [വർദ്ധിച്ച നന്മകളുള്ള] ഗ്രന്ഥമാകുന്നു. അതിനാൽ, നിങ്ങൾ അതിനെ പിൻപറ്റുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്യുവിൻ; നിങ്ങൾക്ക് കരുണ ചെയ്യപ്പെട്ടേക്കാം.

﴾154﴿ ثُمَّ പിന്നെ آتَيْنَا നാം നൽകി, കൊടുത്തു مُوسَى മൂസാക്ക് الْكِتَابَ ഗ്രന്ഥം تَمَامًا ഒരു പൂർത്തീകരണമാ(പൂർണതയാ)യിട്ട് عَلَى الَّذِي യാതൊരാൾക്ക് (യാതൊരുവർക്ക്) أَحْسَنَ നന്മചെയ്ത وَتَفْصِيلًا വിശദീകരണമായും لِكُلِّ شَيْءٍ എല്ലാ കാര്യത്തിനും وَهُدًى മാർഗദർശനമായും وَرَحْمَةً കാരുണ്യമായും لَعَلَّهُمْ അവർ ആയേക്കാം, ആകുവാൻവേണ്ടി بِلِقَاءِ കണ്ടുമുട്ടുന്നതിൽ (കാഴ്ചയെപറ്റി) رَبِّهِمْ തങ്ങളുടെ റബ്ബിനെ يُؤْمِنُونَ അവർ വിശ്വസിക്കും ﴾155﴿ وَهَٰذَا ഇതാ, ഇതും كِتَابٌ ഒരു ഗ്രന്ഥമാകുന്നു أَنْزَلْنَاهُ നാമത് അവതരിപ്പിച്ചിരിക്കുന്നു مُبَارَكٌ അനുഗൃഹീത فَاتَّبِعُوهُ അതിനാൽ നിങ്ങൾ അത് പിൻപറ്റുവിൻ وَاتَّقُوا നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻവേണ്ടി تُرْحَمُونَ നിങ്ങൾ കരുണ ചെയ്യപ്പെടും

ثُمَّ (പിന്നെ) എന്ന അവ്യയം ഇവിടെ സാധാരണപോലെ കാലക്രമം കുറിക്കുന്നതല്ല. ഒരു വിഷയത്തിൽ നിന്ന് മറ്റൊന്നിലേക്കുള്ള നീക്കത്തെ കുറിക്കുന്നതാകുന്നു. 'പിന്നെ' എന്ന പദം മലയാളത്തിലും ഇങ്ങിനെ ഉപയോഗിക്കാറുണ്ടല്ലോ. അല്ലാഹു മനുഷ്യരെ ക്ഷണിച്ചുകൊണ്ടിരിക്കുന്ന നേരായ മാർഗം വിവരിച്ചതിനുശേഷം അല്ലാഹു പറയുകയാണ്: പിന്നെ, മറ്റൊരു വിഷയം നിങ്ങളെ ഓർമിപ്പിക്കുന്നു. മൂസാ നബിക്ക് നാം തൗറാത്ത് നൽകുകയുണ്ടായ വിവരം നിങ്ങൾക്കറിയാമല്ലോ. സൽപ്രവൃത്തികൾ ചെയ്യുന്ന നല്ല ആളുകളെ സംബന്ധിച്ചിടത്തോളം അത് അവർക്ക് ലഭിച്ച അനുഗ്രഹങ്ങളുടെ ഒരു പൂർത്തീകരണം തന്നെയായിരുന്നു. ആവശ്യമായ എല്ലാ കാര്യങ്ങളുടെയും വിശദീകരണവും, സന്മാർഗത്തിലേക്കുള്ള വഴികാട്ടിയും, അല്ലാഹുവിൽ നിന്നും ജനങ്ങൾക്ക് ലഭിച്ച വമ്പിച്ച കാരുണ്യവുമായിരുന്നു ആ ഗ്രന്ഥം. അതുപോലെത്തന്നെ നാം അവതരിപ്പിച്ച ഒരു അനുഗൃഹീത ഗ്രന്ഥമാണ് ഈ കുർആനും. നടാടെ പുത്തനായി അവതരിച്ച ഒന്നല്ല അത്. ആകയാൽ അതിന്റെ അധ്യാപനങ്ങൾ പിൻപറ്റി ദോഷബാധകളെ സൂക്ഷിച്ചുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രമായിത്തീരുവാൻ ശ്രമിക്കുവിൻ.

എന്നാൽ പിന്നെ, മൂസാ നബി (അ)ക്ക് നൽകപ്പെട്ട ആ ഗ്രന്ഥത്തിനു പുറമെ മറ്റൊരു ഗ്രന്ഥം കൂടി എന്തിന് അവതരിപ്പിച്ചു? എന്ന് ആ മുശ്‌രിക്കുകൾ ചോദിച്ചേക്കാമല്ലോ. ഇതിന് അല്ലാഹു മറുപടി നൽകുന്നു:-

أَن تَقُولُوٓاْ إِنَّمَآ أُنزِلَ ٱلْكِتَٰبُ عَلَىٰ طَآئِفَتَيْنِ مِن قَبْلِنَا وَإِن كُنَّا عَن دِرَاسَتِهِمْ لَغَٰفِلِينَ ﴿١٥٦﴾

﴾156﴿ (അതെ) നിങ്ങൾ പറയുമെന്നതിനാൽ: 'ഞങ്ങളുടെ മുമ്പുള്ള രണ്ടു വിഭാഗക്കാർക്ക് മാത്രമാണ് (വേദ) ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്; നിശ്ചയമായും, അവരുടെ പഠനത്തെക്കുറിച്ച് ഞങ്ങൾ അശ്രദ്ധർ [അപരിചിതർ] ആയിരുന്നുതാനും'.

أَوْ تَقُولُواْ لَوْ أَنَّآ أُنزِلَ عَلَيْنَا ٱلْكِتَٰبُ لَكُنَّآ أَهْدَىٰ مِنْهُمْ ۚ

﴾157﴿ അല്ലെങ്കിൽ, നിങ്ങൾ പറയുമെന്നതിനാൽ: 'ഞങ്ങൾക്ക് (വേദ) ഗ്രന്ഥം അവതരിപ്പിക്കപ്പെട്ടിരുന്നെങ്കിൽ, ഞങ്ങൾ അവരെക്കാൾ സന്മാർഗം പ്രാപിച്ചവർ തന്നെ ആകുമായിരുന്നു.

فَقَدْ جَآءَكُم بَيِّنَةٌ مِّن رَّبِّكُمْ وَهُدًى وَرَحْمَةٌ ۚ

എന്നാൽ, നിങ്ങളുടെ റബ്ബിങ്കൽ നിന്നും നിങ്ങൾക്ക് വ്യക്തമായ തെളിവും, മാർഗദർശനവും, കാരുണ്യവും (ഇതാ) വന്നു കഴിഞ്ഞിരിക്കുന്നു'.

فَمَنْ أَظْلَمُ مِمَّن كَذَّبَ بِـَٔايَٰتِ ٱللَّهِ وَصَدَفَ عَنْهَا ۗ سَنَجْزِى ٱلَّذِينَ يَصْدِفُونَ عَنْ ءَايَٰتِنَا سُوٓءَ ٱلْعَذَابِ بِمَا كَانُواْ يَصْدِفُونَ ﴿١٥٧﴾

അപ്പോൾ, അല്ലാഹുവിന്റെ ആയത്ത് [ലക്ഷ്യം]കളെ വ്യാജമാക്കുകയും, അവയെ വിട്ടു തിരിഞ്ഞു പോകുകയും ചെയ്തവനെക്കാൾ അക്രമി ആരാണ്?! നമ്മുടെ 'ആയത്ത്' [ലക്ഷ്യം]കളെ വിട്ടു തിരിഞ്ഞു പോകുന്നവർക്ക് നാം കടുത്ത ശിക്ഷ പ്രതിഫലം നൽകിക്കൊള്ളാം; അവർ തിരിഞ്ഞു പോയിക്കൊണ്ടിരിക്കുന്നത് നിമിത്തം!

﴾156﴿ أَن تَقُولُوا നിങ്ങൾ പറയുമെന്നതിനാൽ, പറയുന്നത് കാരണം إِنَّمَا أُنزِلَ നിശ്ചയമായും ഇറക്കപ്പെട്ടിരിക്കുന്നു (എന്നുമാത്രം) الْكِتَابُ വേദഗ്രന്ഥം عَلَىٰ طَائِفَتَيْنِ രണ്ട് വിഭാഗക്കാർക്ക് (മാത്രം) مِن قَبْلِنَا ഞങ്ങളുടെ മുമ്പ് وَإِن كُنَّا നിശ്ചയമായും ഞങ്ങളായിരുന്നു عَن دِرَاسَتِهِمْ അവരുടെ പഠനത്തെ (പഠിപ്പിനെ)പറ്റി لَغَافِلِينَ അശ്രദ്ധർ(തന്നെ) ﴾157﴿ أَوْ تَقُولُوا അല്ലെങ്കിൽ നിങ്ങൾ പറയുമെന്നതിനാൽ لَوْ أَنَّا ഞങ്ങളായിരുന്നെങ്കിൽ أُنزِلَ عَلَيْنَا ഞങ്ങൾക്ക് (ഞങ്ങളുടെമേൽ) അവതരിപ്പിക്കപെട്ടിരുന്നു(വെങ്കിൽ) الْكِتَابُ ഗ്രന്ഥം لَكُنَّا ഞങ്ങളായിരിക്കുക തന്നെ ചെയ്യും أَهْدَىٰ مِنْهُمْ അവരെക്കാൾ സന്മാർഗം

പ്രാപിച്ചവർ فَقَدْ جَاءَكُم എന്നാൽ നിങ്ങൾക്ക് വന്നിട്ടുണ്ട്, വന്നുകഴിഞ്ഞു بَيِّنَةٌ (വ്യക്തമായ)തെളിവ് مِن رَّبِّكُمْ നിങ്ങളുടെ റബ്ബിങ്കൽ നിന്ന് وَهُدًى മാർഗദർശനവും وَرَحْمَةٌ കാരുണ്യവും فَمَنْ അപ്പോൾ ആരാണ് أَظْلَمُ അധികം അക്രമി مِمَّن كَذَّبَ വ്യാജമാക്കിയവനെക്കാൾ بِآيَاتِ اللهِ അല്ലാഹുവിന്റെ ആയത്തുകളെ وَصَدَفَ അവൻ തിരിഞ്ഞുപോകുക (തിരിച്ചുവിടുക)യും ചെയ്തു عَنْهَا അതിൽ നിന്ന് سَنَجْزِي നാം പ്രതിഫലം കൊടുത്തുകൊള്ളും (കൊള്ളാം) الَّذِينَ يَصْدِفُونَ തിരിഞ്ഞു പോകുന്നവർക്ക് عَنْ آيَاتِنَا നമ്മുടെ ആയത്തുകളിൽ നിന്ന്, ലക്ഷ്യങ്ങൾ വിട്ട് سُوءَ الْعَذَابِ ശിക്ഷയിൽ മോശമായത് (കടുത്ത ശിക്ഷ) بِمَا كَانُوا അവരായിരുന്നത് നിമിത്തം يَصْدِفُونَ അവർ തിരിഞ്ഞുപോകും.

'മുമ്പുള്ള രണ്ടു വിഭാഗക്കാർ' എന്നു പറഞ്ഞത് യഹൂദികളും ക്രിസ്ത്യാനികളും ആകുന്നു. അവർക്കല്ലേ വേദഗ്രന്ഥം അവതരിച്ചിട്ടുള്ളൂ, അറബികളാകുന്ന ഞങ്ങൾക്ക് അവതരിച്ചിട്ടില്ലല്ലോ... എന്നിങ്ങനെ ആ മുശ്‌രിക്കുകൾ പറയാതിരിക്കുവാൻ എന്നു സാരം. ആ നിഷേധികളുടെ നിഷേധം എത്രമാത്രം കടുത്തതാണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

هَلْ يَنظُرُونَ إِلَّآ أَن تَأْتِيَهُمُ ٱلْمَلَٰٓئِكَةُ أَوْ يَأْتِىَ رَبُّكَ أَوْ يَأْتِىَ بَعْضُ ءَايَٰتِ رَبِّكَ ۗ

﴾158﴿ **അവർ [ആ മുശ്‌രിക്കുകൾ] നോക്കി(ക്കാത്തു)ക്കൊണ്ടിരിക്കുന്നുവോ? മലക്കുകൾ അവരുടെ അടുക്കൽ വരുകയോ, അല്ലെങ്കിൽ നിന്റെ റബ്ബ്(തന്നെ) വരുകയോ, അല്ലെങ്കിൽ നിന്റെ റബ്ബിന്റെ ചില ദൃഷ്ടാന്തങ്ങൾ വരുകയോ ചെയ്യുന്നതല്ലാതെ!**

يَوْمَ يَأْتِى بَعْضُ ءَايَٰتِ رَبِّكَ لَا يَنفَعُ نَفْسًا إِيمَٰنُهَا لَمْ تَكُنْ ءَامَنَتْ مِن قَبْلُ أَوْ كَسَبَتْ فِىٓ إِيمَٰنِهَا خَيْرًا ۗ

നിന്റെ റബ്ബിന്റെ ചില ദൃഷ്ടാന്തങ്ങൾ വരുന്ന ദിവസം, മുമ്പ് വിശ്വസിക്കുകയോ, തന്റെ വിശ്വാസത്തിൽ വല്ല നന്മയും (ചെയ്തു) സമ്പാദിക്കുകയോ ചെയ്തിരുന്നിട്ടില്ലാത്ത ഒരു ആത്മാവിനും [ആൾക്കും] അതിന്റെ (അപ്പോഴത്തെ) വിശ്വാസം ഉപകരിക്കുകയില്ല.

قُلِ ٱنتَظِرُوٓا۟ إِنَّا مُنتَظِرُونَ ﴿١٥٨﴾

നീ പറയുക: 'നിങ്ങൾ (നോക്കി) കാത്തിരിക്കുവിൻ; ഞങ്ങൾ (നോക്കി) കാത്തുകൊണ്ടിരിക്കുന്നവരാണ്.

﴾158﴿ هَلْ يَنظُرُونَ അവർ നോക്കുന്നു (കാത്തിരിക്കുന്നു)വോ إِلَّا أَن تَأْتِيَهُمُ അവർക്ക് വരുന്നതിനെയല്ലാതെ الْمَلَائِكَةُ മലക്കുകൾ أَوْ يَأْتِيَ അല്ലെങ്കിൽ വരുന്നതിനെ رَبُّكَ നിന്റെ

റബ്ബ് أَوْ يَأْتِيَ അല്ലെങ്കിൽ വരുന്നതിനെ بَعْضُ آيَاتِ ചില ദൃഷ്ടാന്തങ്ങൾ رَبِّكَ നിന്റെ റബ്ബിന്റെ يَوْمَ يَأْتِي വരുന്ന ദിവസം بَعْضُ آيَاتِ ദൃഷ്ടാന്തങ്ങളിൽ ചിലത്, ചില ദൃഷ്ടാന്ത ങ്ങൾ رَبِّكَ നിന്റെ റബ്ബിന്റെ لَا يَنفَعُ ഉപകാരം (ഫലം) ചെയ്കയില്ല نَفْسًا ഒരു ആത്മാ വിനും (ആൾക്കും) إِيمَانُهَا അതിന്റെ വിശ്വാസം لَمْ تَكُنْ آمَنَتْ അത് വിശ്വസിച്ചിരുന്നില്ല مِن قَبْلُ മുമ്പ്, മുമ്പേ أَوْ كَسَبَتْ അല്ലെങ്കിൽ സമ്പാദിക്കുകയുണ്ടായി(രുന്നില്ല) فِي إِيمَانِهَا അതിന്റെ വിശ്വാസത്തിൽ خَيْرًا നന്മ, ഗുണം قُلِ പറയുക انتَظِرُوا നിങ്ങൾ (നോക്കി) കാത്തിരിക്കുവിൻ إِنَّا مُنتَظِرُونَ ഞങ്ങൾ നോക്കിക്കാത്തിരിക്കുന്നവരാണ്.

ധാരാളം തെളിവുകളും ദൃഷ്ടാന്തങ്ങളും ലഭിച്ചു കഴിഞ്ഞിട്ട് പിന്നെയും അവർ വിശ്വസിക്കുവാൻ തയ്യാറില്ലെങ്കിൽ, എനി ഏതുവരെയാണ് അവർക്ക് കാത്തിരിക്കുവാനുള്ളത്? മലക്കുകളോ, അല്ലെങ്കിൽ അല്ലാഹു തന്നെയോ വന്നു കാണണമെന്നാണോ? അത്‌രണ്ടും ഈ ലോകത്തുവെച്ചു അവർക്ക് കാണുവാൻ സാധിക്കുന്ന കാര്യങ്ങളല്ല. അതല്ലെങ്കിൽ പുതുതായി ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ കാണണമെന്നാണോ? അങ്ങിനെയാണെങ്കിൽ എനി ചില പ്രത്യേക ദൃഷ്ടാന്തങ്ങൾ വരുവാനുണ്ട്. അവ വരുമ്പോൾ അവർ വിശ്വസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യും. പക്ഷേ, ആ വിശ്വാസം കൊണ്ട് ഒരു ഫലവും സിദ്ധിക്കുവാനില്ല. വിശ്വസിക്കുവാനും നിഷേധിക്കുവാനും സ്വാതന്ത്ര്യമുള്ളപ്പോൾ സ്വേഷ്ടയനുസരിച്ചുള്ള വിശ്വാസം കൊണ്ടേ പ്രയോജനമുള്ളൂ. അതുകൊണ്ട് അത്തരം ദൃഷ്ടാന്തങ്ങൾ വല്ലതും വരുമ്പോൾ, അതിന്റെ മുമ്പ് വിശ്വസിച്ചിരിക്കുകയും, ആ വിശ്വാസമനുസരിച്ചു നല്ല കർമങ്ങൾ ചെയ്തു സമ്പാദിച്ചിരിക്കുകയും ചെയ്തിട്ടില്ലാത്തവർ അപ്പോൾ വിശ്വസിക്കുന്ന ആ വിശ്വാസംകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുകയില്ല. അതിനാൽ, നേരത്തെത്തന്നെ വിശ്വസിക്കുകയാണ് അവർക്ക് നല്ലത്. അതിന് അവർ തയ്യാറില്ലെങ്കിൽ, നിങ്ങളുടെ ഭാവി നിങ്ങൾ കാത്തിരുന്നു കണ്ടുകൊള്ളുക -ഞങ്ങളുടെ ഭാവി ഞങ്ങളും കാത്തിരിക്കട്ടെ- എന്ന് പറഞ്ഞു അവരിൽ നിന്ന് ഒഴിഞ്ഞുമാറിക്കൊള്ളുക എന്ന് സാരം.

لَوْلَا أُنزِلَ عَلَيْنَا الْمَلَائِكَةُ أَوْ نَرَىٰ رَبَّنَا (ഞങ്ങളുടെ മേൽ മലക്കുകളെ ഇറക്കപ്പെടുകയോ, ഞങ്ങൾ ഞങ്ങളുടെ റബ്ബിനെ കാണുകയോ ചെയ്തുകൂടേ?! (25:21) എന്ന് മുശ്‌രിക്കുകൾ ചോദിക്കുകയുണ്ടായിട്ടുണ്ട്. പലതരം ദൃഷ്ടാന്തങ്ങളെ നിനച്ചുണ്ടാക്കി അവയിൽ ഏതെങ്കിലും ഒന്ന് കാണാതെ ഞങ്ങൾ വിശ്വസിക്കുകയില്ല എന്ന് പറഞ്ഞ കൂട്ടത്തിൽ أَوْ تَأْتِيَ بِاللَّهِ وَالْمَلَائِكَةِ قَبِيلًا (അല്ലെങ്കിൽ നീ അല്ലാഹുവിനെയും, കൂട്ടംകൂട്ടമായി മലക്കുകളെയും കൊണ്ടുവരണം - 17:92) എന്നും അവർ പറഞ്ഞിരുന്നു. അവരുടെ ഇത്തരം വാക്കുകളെ സൂചിപ്പിച്ചുകൊണ്ടായിരിക്കും അല്ലാഹുവിനെയോ, മലക്കുകളെയോ, ചില പ്രത്യേക ദൃഷ്ടാന്തങ്ങളെയോ കാണുവാൻ കാത്തിരിക്കുകയാണോ നിങ്ങൾ എന്ന് അല്ലാഹു അവരോട് ചോദിക്കുന്നത്. അല്ലാഹുവിനെയും, മലക്കുകളെയും ഈ ജീവിതത്തിൽവെച്ചു അവർക്ക് കാണുവാൻ സാധിക്കുന്ന കാര്യമല്ലാത്തതുകൊണ്ട് അതിനെപറ്റി മറുപടി പറയേണ്ടുന്ന ആവശ്യമില്ല. ദൃഷ്ടാന്തങ്ങളാണെങ്കിൽ, ചിലതെല്ലാം ഈ ലോകത്ത് തന്നെ അവർ കാണുകയും ചെയ്തിരിക്കുന്നു. എനിയും ചിലത് അനുഭവപ്പെടുവാനിരിക്കുന്നുണ്ട് താനും. ആ സ്ഥിതിക്ക് അവ വന്നുകഴിഞ്ഞാലുണ്ടാകുന്ന അവസ്ഥ എന്തായിരിക്കുമെന്നുമാത്രം അല്ലാഹു വിവരിച്ചു. വരാനിക്കുന്ന പ്രസ്തുത

ദൃഷ്ടാന്തങ്ങൾ ഏതെല്ലാമാണ്? എപ്പോഴാണ് സംഭവിക്കുക? എന്നൊന്നും അല്ലാഹു വ്യക്തമാക്കിയിട്ടില്ല. ഈ ഭൗതിക പ്രകൃതി നടപടികൾക്കതീതമായതും, യാഥാർത്ഥ്യങ്ങളുടെ നഗ്നമായ രൂപം അനുഭവത്തിൽ വ്യക്തമാകുന്നതുമായ ഏതെങ്കിലും ദൃഷ്ടാന്തങ്ങളായിരിക്കാം അവ. അഥവാ,ക്വിയാമത്ത് നാളിന്റെ അടയാളങ്ങളായി ഹദീഥുകളിൽ വന്നിട്ടുള്ള വല്ല ദൃഷ്ടാന്തങ്ങളോ, ഏതെങ്കിലും വമ്പിച്ച ശിക്ഷാനടപടികളോ, മരണാസന്ന വേളയിൽ ഭൗതിക ദൃഷ്ടിക്കപ്പുറമുള്ള കാഴ്ചകൾ അനുഭവപ്പെടുന്നതോ ഒക്കെ ആകാവുന്നതാണ്. ഏതായാലും ശരി, അതു വന്നുകഴിഞ്ഞാൽ പിന്നീടുണ്ടാകുന്ന വിശ്വാസം സ്വീകാര്യമല്ലെന്ന് അല്ലാഹു സ്പഷ്ടമാക്കുന്നു.

ക്വിയാമത്തുനാളിന്റെ മുന്നോടിയായി പല അടയാളങ്ങളും ദൃഷ്ടാന്തങ്ങളും സംഭവിക്കുന്നതാണെന്ന് ഹദീഥുകളിൽ നിന്ന് അറിയപ്പെട്ടതാകുന്നു. ഈ വിഷയത്തിൽ വന്നിട്ടുള്ള ഹദീഥുകളിൽ ചിലതെല്ലാം ദുർബ്ബലമാണെങ്കിലും പലതും ബലവത്തായതും സ്വീകരിക്കാതിരിക്കുവാൻ നിർവ്വാഹമില്ലാത്തതുമാകുന്നു, ഉദാഹരണമായി: റസൂൽ ﷺ പറഞ്ഞതായി അബൂഹുറയ്റഃ (റ) ഉദ്ധരിക്കുന്നു: 'സൂര്യൻ അതിന്റെ അസ്തമന സ്ഥാനത്ത് (പടിഞ്ഞാറു)നിന്ന് ഉദയം ചെയ്യുന്നതുവരെ അന്ത്യസമയം നിലനിൽക്കുകയില്ല (സംഭവിക്കയില്ല). അത് മനുഷ്യൻ കാണുമ്പോൾ, ഭൂമിയിലുള്ളവരൊക്കെ വിശ്വസിക്കും. അതാണ് ....لَا يَنفَعُ نَفْسًا إِيمَانُهَا (ഒരാത്മാവിനും അതിന്റെ വിശ്വാസം ഉപകരിക്കുകയില്ല.....) എന്ന് അല്ലാഹു പറഞ്ഞ അവസരം' (ബു; മു; ദാ; ജ; ന).

إِنَّ ٱلَّذِينَ فَرَّقُوا۟ دِينَهُمْ وَكَانُوا۟ شِيَعًا لَّسْتَ مِنْهُمْ فِى شَىْءٍ ۚ

﴿159﴾ **നിശ്ചയമായും, തങ്ങളുടെ മതത്തെ ഭിന്നിപ്പിക്കുകയും, പല കക്ഷികളായിത്തീരുകയും ചെയ്തിട്ടുള്ളവർ, അവരെ സംബന്ധിച്ചു നീ ഒന്നിലുമില്ല. [ഒരു ബാധ്യതയും നിനക്കില്ല.]**

إِنَّمَآ أَمْرُهُمْ إِلَى ٱللَّهِ ثُمَّ يُنَبِّئُهُم بِمَا كَانُوا۟ يَفْعَلُونَ ﴿١٥٩﴾

അവരുടെ കാര്യം അല്ലാഹുവിങ്കലേക്ക് മാത്രമാകുന്നു [അവൻ തീരുമാനമെടുത്തുകൊള്ളും]. പിന്നീട്, അവർ ചെയ്തു കൊണ്ടിരിക്കുന്നതിനെപറ്റി അവൻ അവരെ ബോധ്യപ്പെടുത്തും.

﴿159﴾ إِنَّ നിശ്ചയമായും الَّذِينَ فَرَّقُوا ഭിന്നിപ്പിച്ചവർ دِينَهُمْ തങ്ങളുടെ മതത്തെ وَكَانُوا അവരായിരിക്കുകയും ചെയ്തു شِيَعًا (പല) കക്ഷികൾ لَسْتَ നീ അല്ല مِنْهُمْ അവരെ സംബന്ധിച്ചു فِي شَيْءٍ യാതൊന്നിലും إِنَّمَا أَمْرُهُمْ നിശ്ചയമായും അവരുടെ കാര്യം إِلَى اللَّهِ അല്ലാഹുവിങ്കലേക്ക് (മാത്രം) ആകുന്നു ثُمَّ പിന്നീട് يُنَبِّئُهُمْ അവൻ അവരെ ബോധ്യപ്പെടുത്തും بِمَا كَانُوا അവർ ആയിരുന്നതിനെപറ്റി يَفْعَلُونَ അവർ ചെയ്യും

മതത്തിൽ ഭിന്നിപ്പുണ്ടാക്കിയവർ അക്കാലത്തെ സംബന്ധിച്ചിടത്തോളം, വേദക്കാരാണെന്ന് പറയാമെങ്കിലും ക്വുർആന്റെ വാക്കുകളിൽ നിന്ന് വ്യക്തമാകുന്നത് അത് ഒരു പൊതുവായ പ്രസ്താവനയാണെന്നത്രെ. അതെ, ഇബ്നു കഥീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ, ഇസ്‌ലാമിലും അതിന്റെ നടപടികളിലും ഛിദ്രവും, കക്ഷിത്വവും, ആശയക്കുഴപ്പവുമുണ്ടാക്കുന്ന എല്ലാവരും അതിൽ ഉൾപ്പെടുന്നതാണ്. വ്യക്തികളോ സമൂഹമോ എന്ന വ്യത്യാസവും അതിലില്ല. അങ്ങിനെയുള്ള ആരോടും നബി ﷺക്ക് ബന്ധമോ ബാധ്യതയോ ഇല്ലെന്നും, അവരുടെ കാര്യം അല്ലാഹു ഏറ്റുകൊള്ളാമെന്നും, അവരുടെ മേലുള്ള നടപടി അവൻ എടുത്തുകൊള്ളുമെന്നും അല്ലാഹു നബി ﷺയെ അറിയിക്കുകയാണ്. നബി ﷺയെ അഭിമുഖീകരിച്ചുകൊണ്ടാണ് അല്ലാഹു പ്രസ്താവിച്ചതെന്നുവെച്ച് നബി ﷺയുടെ കാലത്തുള്ളവരെ മാത്രം ബാധിക്കുന്നതാണ് ഇതെന്ന് ധരിച്ചുകൂടാ.

ഒരവസരത്തിൽ, ആരാധനകൾ ചെയ്യുന്നതിലും, വിവാഹം കഴിക്കുന്നതിലുമൊക്കെ നബി ﷺയെ മാതൃകയാക്കാതിരുന്നവരെപറ്റി നബി ﷺ പറയുകയുണ്ടായി: فمن رغب عن سنتى فليس منى (സാരം: എന്റെ ചര്യവിട്ടു മറ്റൊന്നിനെ ആഗ്രഹിക്കുന്നവർ എന്നിൽ പെട്ടവരല്ല. (ബു; മു). ക്വിയാമത്തുനാളിൽ നബി ﷺയുടെ അടുക്കൽ 'ഹൗദുൽ കൗഥർ' (الحوض الكوثر) എന്ന ജലാശയത്തിൽ നിന്ന് പാനം ചെയ്‌വാൻ ചെല്ലുന്നവരിൽ, നബി ﷺക്ക് പരിചയമുണ്ടായിരുന്ന ചിലർക്ക് അത് തടയപ്പെടുമെന്നും, അവർ എന്റെ കൂട്ടത്തിൽപെട്ടവരാണല്ലോ എന്ന് അവിടുന്ന് പറയുമ്പോൾ, താങ്കളുടെ ശേഷം അവർ എന്തൊക്കെയാണ് പുതുതായി ഉണ്ടാക്കിത്തീർത്തിരിക്കുന്നതെന്നു താങ്കൾക്കറിയുകയില്ലെന്ന് മറുപടി പറയപ്പെടുമെന്നും, അപ്പോൾ തിരുമേനി ഇപ്രകാരം പറയുന്നതാണെന്നും ഹദീഥിൽ വന്നിരിക്കുന്നു. سحقا سحقا لمن غير بعدي (സാരം: എന്റെ കാലശേഷം ഭേദഗതി വരുത്തിയവർക്ക് വിദൂരനാശം! വിദൂരനാശം! (ബു; മു). ഈ ഹദീഥുകളിൽ നിന്ന് ഏത് കാലത്തും മതത്തിൽ ഭിന്നിപ്പുണ്ടാക്കിയവരോട് നബി ﷺക്ക് ബന്ധമില്ലെന്ന് പറഞ്ഞതിന്റെ സാരം സാമാന്യമായി മനസ്സിലാക്കാമല്ലോ.

مَن جَآءَ بِٱلْحَسَنَةِ فَلَهُۥ عَشْرُ أَمْثَالِهَا ۖ

﴾160﴿ ആർ നന്മ കൊണ്ടുവന്നുവോ അവന്ന് അതിന്റെ പത്തത്ര [പത്തിരട്ടി ഗുണം] ഉണ്ടായിരിക്കും;

وَمَن جَآءَ بِٱلسَّيِّئَةِ فَلَا يُجْزَىٰٓ إِلَّا مِثْلَهَا وَهُمْ لَا يُظْلَمُونَ ﴿١٦٠﴾

ആർ തിന്മ കൊണ്ടുവന്നുവോ അവന്ന് അതിന്റെ അത്രക്കല്ലാതെ പ്രതിഫലം നൽകപ്പെടുകയുമില്ല; അവരാകട്ടെ, അവരോട് അനീതി ചെയ്യപ്പെടുകയുമില്ല.

﴾160﴿ مَنْ جَاءَ ആർ വന്നുവോ, ആരെങ്കിലും വന്നാൽ بِالْحَسَنَةِ നന്മയുമായി, നന്മകൊണ്ട് فَلَهُ എന്നാലവനുണ്ട് عَشْرُ പത്ത് أَمْثَالِهَا അതിന്റെ അത്രകൾ, മാതിരികൾ وَمَنْ جَاءَ ആരെങ്കിലും വന്നാൽ, ആർ വന്നുവോ بِالسَّيِّئَةِ തിന്മയുമായി, തിന്മകൊണ്ട് فَلَا يُجْزَىٰ

എന്നാൽ അവന് പ്രതിഫലം നൽകപ്പെടുകയില്ല إِلَّا مِثْلَهَا അതിന്റെ അത്ര(മാതിരി) അല്ലാതെ وَهُمْ അവരാകട്ടെ, അവരോ لَا يُظْلَمُونَ അവരോട് അക്രമം (അനീതി) ചെയ്യപ്പെടുകയുമില്ല

ഒരാൾ ഒരു നന്മ ചെയ്താൽ ചുരുങ്ങിയ പക്ഷം, അതിന്റെ പത്തിരട്ടിക്കുള്ള പ്രതിഫലം നൽകുമെന്നും, ഒരു തിന്മ ചെയ്താൽ അതിനു അത്രമാത്രം പ്രതിഫലമേ നൽകുകയുള്ളൂവെന്നും പരമകാരുണികനും കരുണാനിധിയുമായ അല്ലാഹു നമ്മെ അറിയിക്കുന്നു. തിന്മ ചെയ്തവന് ഒരു തിന്മയുടെ പ്രതിഫലമേ നൽകുകയുള്ളൂവെന്നതിന് പുറമെ, അവനോട് ഏതെങ്കിലും തരത്തിലുള്ള യാതൊരു അനീതിയും ചെയ്യപ്പെടുകയില്ലെന്നുകൂടി എടുത്തു പറയുന്നു. ചില സ്ഥലങ്ങളിൽ مَن جَاءَ بِالْحَسَنَةِ فَلَهُ خَيْرٌ مِّنْهَا (ആരെങ്കിലും നന്മയുമായി വന്നാൽ അവനു അതിനെക്കാൾ ഉത്തമമായതുണ്ടായിരിക്കും – നംല്:89; ക്വസ്വസ്:84) എന്ന് പറഞ്ഞിട്ടുള്ളതിന്റെ ഒരു വിശദീകരണമാണ് ഈ വചനം. ചില സൽക്കർമങ്ങൾക്ക് പത്തിരട്ടിക്കുമേൽ എഴുന്നൂറിരട്ടിവരെയും കൂടുതലും പ്രതിഫലം നൽകപ്പെടുന്നതാണെന്ന് അൽബക്വറഃ : 261 ലും അല്ലാഹു അറിയിച്ചിരിക്കുന്നു.

ഈ വിഷയത്തിൽ 'ക്വുദ്സി'യായ (അല്ലാഹു അരുളിച്ചെയ്തതായി നബി ﷺ ഉദ്ധരിക്കുന്ന) ഒരു ഹദീഥ് ഇബ്നു അബ്ബാസ് (റ) വഴി പല ഹദീഥ് പണ്ഡിതന്മാരും രേഖപ്പെടുത്തിയിട്ടുള്ളത് പ്രസിദ്ധമത്രെ. അതിൽ അല്ലാഹു അരുളിച്ചെയ്തതായി നബി ﷺ ഇപ്രകാരം പറയുന്നു: 'നിങ്ങളുടെ റബ്ബ് വളരെ കരുണയുള്ളവനാണ്. ഒരാൾ ഒരു നന്മ ചെയ്വാൻ ഉദ്ദേശിച്ചു, എന്നിട്ടത് ചെയ്തില്ല, എന്നാലും അതവന്ന് ഒരു നന്മയായി രേഖപ്പെടുത്തും. അതവൻ ചെയ്താൽ പത്ത് നന്മയായും എഴുനൂറ്വരെയും, വളരെയധികം ഇരട്ടിവരെയും രേഖപ്പെടുത്തും. ഒരാൾ ഒരു തിന്മ ചെയ്യുവാൻ ഉദ്ദേശിച്ചു, എന്നിട്ടത് ചെയ്തില്ല, എന്നാൽ അതവന്ന് ഒരു നന്മയായി രേഖപ്പെടുത്തും. അവനത് ചെയ്താൽ ഒരേ ഒന്നായി അത് രേഖപ്പെടുത്തും. ചിലപ്പോൾ, അവൻ അത് മായിച്ചു (മാപ്പാക്കി) കൊടുക്കുകയും ചെയ്യും. നാശമടഞ്ഞവനല്ലാതെ (നിർഭാഗ്യവാനായവനല്ലാതെ) അല്ലാഹുവിങ്കൽവെച്ചു നാശമടയുകയുമില്ല' (അ; ബു; മു; ന).

തിന്മ ചെയ്വാൻ ഉദ്ദേശിച്ചിട്ട് അത് ചെയ്യാതിരുന്നാൽ അതൊരു നന്മയായി രേഖപ്പെടുത്തുമെന്നതിന് ഇബ്നു കഥീർ (റ) നൽകിയ വിശദീകരണം ശ്രദ്ധേയമാകുന്നു. അദ്ദേഹം പറയുന്നു: 'അറിയുക; തിന്മ പ്രവർത്തിക്കാതെ വിട്ടുകളയുന്നവർ മൂന്നുതരത്തിലായിരിക്കും; ചിലപ്പോൾ അവർ അല്ലാഹുവിന് (അല്ലാഹുവിന്റെ പ്രീതിക്ക്)വേണ്ടി ഉപേക്ഷിച്ചതായിരിക്കും. ഇവർ അല്ലാഹുവിനെ ഉദ്ദേശിച്ച് ഒഴിഞ്ഞു നിന്നതിനാൽ അതൊരു നന്മയായി രേഖപ്പെടുത്തുന്നു. അതവരുടെ ഉദ്ദേശ്യവും കർമവുമാണല്ലോ. ബലപ്പെട്ട ചില രിവായത്തുകളിൽ 'എന്റെ ഹേതുവായിട്ടാണ് അതവൻ ഉപേക്ഷിച്ചത് എന്ന് (ഹദീഥിൽ) അതിന് കാരണം പറഞ്ഞിരിക്കുന്നത് അത്കൊണ്ടാകുന്നു. ചിലപ്പോൾ മറവികൊണ്ടോ അശ്രദ്ധകൊണ്ടോ ആയിരിക്കും അതവൻ ഉപേക്ഷിക്കുന്നത്. ഇത് അവന് ഗുണവുമല്ല, ദോഷവുമല്ല. കാരണം, അവൻ അത് രണ്ടും ചെയ്തിട്ടില്ല. ചിലപ്പോൾ, സാധിക്കായ്കകൊണ്ടോ, അതിനുവേണ്ട മാർഗങ്ങളും പരിശ്രമങ്ങളും നടത്തി കുഴങ്ങിയതുകൊണ്ടോ ആയിരിക്കും ഉപേക്ഷിക്കുന്നത്. ഇങ്ങിനെയുള്ളവൻ ആ തിന്മ പ്രവർത്തിച്ചവനുസമമായിക്കും. അത്കൊണ്ടാണ് പ്രബലമായ ഹദീഥിൽ 'രണ്ടു

മുസ്‌ലിംകൾ വാളുമായി പരസ്പരം ഏറ്റുമുട്ടിയാൽ കൊന്നവനും, കൊല്ലപ്പെട്ടവനും നരകത്തിലാണ്' എന്ന് നബി ﷺ പറഞ്ഞത്. കൊന്നവന്റെ കാര്യം ശരി, കൊല്ലപ്പെട്ടവന്റെ സ്ഥിതിയെന്താണ്? എന്ന് സ്വഹാബികൾ ചോദിച്ചപ്പോൾ 'അവൻ അവന്റെ ചങ്ങാതിയെ കൊലപ്പെടുത്തുവാൻ മോഹിക്കുന്നവനായിരുന്നുവല്ലോ' എന്നാണ് നബി ﷺ ഉത്തരം പറഞ്ഞത്.

'ആരെങ്കിലും എല്ലാ മാസവും മൂന്നു നോമ്പ് (വീതം) നോറ്റാൽ, അവൻ മുഴുവൻ കാലവും നോമ്പ് പിടിച്ചമാതിരിയായി' (അ; ജ; ന; തി) എന്നും, 'ഒരു ജുമുഅഃ ആ ജുമുഅഃയുടെയും അടുത്ത ജുമുഅഃയുടെയും ഇടക്കുള്ള പാപവും, കൂടുതലായി മൂന്നു ദിവസത്തെ പാപവും പൊറുക്കപ്പെടുന്നതാണ്' (ത്വബ്റാനീ) എന്നും മറ്റും ഒന്നിനു പത്തിരട്ടി പ്രതിഫലം കാണിച്ചുകൊണ്ടുള്ള ഹദീഥുകൾ ഈ വചനത്തിന് നബി ﷺ നൽകിയ വിശദീകരണവും, ഉദാഹരണങ്ങളുമാകുന്നു. കഥ അറിയാതെ, ഒറ്റ നോട്ടത്തിൽ സ്വന്തം യുക്തിയുടെ തീരുമാനത്തിന് മുതിരുന്ന ആളുകൾ ഇതൊന്നും മനസ്സിരുത്തുകയോ ചിന്തിക്കുകയോ ചെയ്യാറില്ല. അതുകൊണ്ടാണ് ചിലർ ഇങ്ങിനെയുള്ള ഹദീഥുകളുടെ നേരെ അവഗണനാനയം സ്വീകരിച്ചുവരുന്നതും.

قُلْ إِنَّنِى هَدَىٰنِى رَبِّىٓ إِلَىٰ صِرَٰطٍ مُّسْتَقِيمٍ

﴾161﴿ നീ പറയുക: നിശ്ചയമായും ഞാൻ, എന്റെ റബ്ബ്, (നേരെ) ചൊവ്വായുള്ള പാതയിലേക്ക് എന്നെ നയിച്ചു തന്നിരിക്കുന്നു;

دِينًا قِيَمًا مِّلَّةَ إِبْرَٰهِيمَ حَنِيفًا ۚ وَمَا كَانَ مِنَ ٱلْمُشْرِكِينَ ﴿١٦١﴾

(അതെ) നേരെ (ഉറച്ചു) നിലകൊള്ളുന്നതായ മതം-ഋജുമാനസനായിക്കൊണ്ടുള്ള ഇബ്റാഹീമിന്റെ മാർഗം! അദ്ദേഹം 'മുശ്‌രിക്കു' [ബഹു ദൈവ വിശ്വാസി]കളിൽ പെട്ടവനായിരുന്നിട്ടുമില്ല'.

قُلْ إِنَّ صَلَاتِى وَنُسُكِى وَمَحْيَاىَ وَمَمَاتِى لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿١٦٢﴾

﴾162﴿ പറയുക: 'നിശ്ചയമായും, എന്റെ നമസ്കാരവും, എന്റെ (ബലി മുതലായ) ആരാധനാ കർമങ്ങളും' എന്റെ ജീവിതവും, എന്റെ മരണവും (എല്ലാം) ലോകരുടെ രക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു:-

لَا شَرِيكَ لَهُۥ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا۠ أَوَّلُ ٱلْمُسْلِمِينَ ﴿١٦٣﴾

﴾163﴿ 'അവനു പങ്കുകാരേ ഇല്ല. അപ്രകാരമത്രെ' എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നത്; ഞാൻ 'മുസ്‌ലിം' കളിൽ [അവനു കീഴൊതുങ്ങിയവരിൽ] ഒന്നാമനുമത്രെ.

﴾161﴿ قُلْ إِنَّنِي നീ പറയുക നിശ്ചമായും ഞാൻ هَدَانِي എന്നെ നയിച്ചിരിക്കുന്നു, എനിക്ക്
വഴി കാട്ടിത്തന്നിരിക്കുന്നു رَبِّي എന്റെ റബ്ബ് إِلَىٰ صِرَاطٍ പാതയിലേക്ക് مُسْتَقِيمٍ നേരെ
യുള്ള, ചൊവ്വെയുള്ള دِينًا മതം قِيَمًا നേരെ നിലകൊള്ളുന്നതായ, ഉറച്ചു നിൽക്കുന്ന
مِلَّةَ അതായത് മാർഗം إِبْرَاهِيمَ ഇബ്റാഹീമിന്റെ حَنِيفًا ഋജുമാനസനായിക്കൊണ്ടുള്ള
وَمَا كَانَ അദ്ദേഹം ആയിരുന്നില്ല مِنَ الْمُشْرِكِينَ മുശ്രിക്കുകളിൽപെട്ട(വൻ) ﴾162﴿ قُلْ
നീ പറയുക إِنَّ صَلَاتِي നിശ്ചയമായും എന്റെ നമസ്കാരം وَنُسُكِي എന്റെ ആരാധനാ
കർമങ്ങളും, ബലി കർമങ്ങളും وَمَحْيَايَ എന്റെ ജീവിതവും وَمَمَاتِي എന്റെ മരണവും
لِلَّهِ അല്ലാഹുവിനാണ്, അല്ലാഹുവിനുവേണ്ടിയത്രെ رَبِّ الْعَالَمِينَ ലോകരുടെ റബ്ബായ,
ലോകരക്ഷിതാവായ ﴾163﴿ لَا شَرِيكَ പങ്കുകാരേ ഇല്ല لَهُ അവന് وَبِذَٰلِكَ അതുകൊ
ണ്ടത്രെ أُمِرْتُ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത് وَأَنَا ഞാനാകട്ടെ أَوَّلُ ഒന്നാമനാണ്
الْمُسْلِمِينَ മുസ്ലിംകളിലെ

തൗഹീദിനെ സംബന്ധിച്ച പല ദൃഷ്ടാന്തങ്ങളും, ഇബ്റാഹീം നബി(അ)യുടെ പിന്തുടർച്ചക്കാരെന്ന് അവകാശപ്പെടുന്ന അറബികളുടെ ശിർക്കുപരമായ വിശ്വാസാചാരങ്ങളെ സംബന്ധിച്ച പല പരാമർശങ്ങളും അടക്കം ഈ സൂറത്തിൽ ഇതിന് മുമ്പ് വളരെ അധികം കാര്യങ്ങൾ വിവരിച്ചു കഴിഞ്ഞു. അതിനുശേഷം, നബി ﷺ അവരെ ക്ഷണിച്ചുകൊണ്ടിരിക്കുന്നതും, അവർ നിഷേധത്തിൽ മുഴുകിക്കൊണ്ടിരിക്കുന്നതുമായ ആ മാർഗം ഏതാണെന്നും, മേൽ വിവരിച്ചതിന്റെ ആകെത്തുക ചുരുക്കത്തിൽ എന്താണെന്നും അവരെ അറിയിക്കുവാൻ നബി ﷺയോട് അല്ലാഹു കൽപിക്കുന്നു.

വക്രതയോ ചാഞ്ചല്യമോ കൂടാതെ നേർക്കുനേരെ ഉറച്ചു നിൽക്കുന്ന ഒരു മതം -അതെ, ശിർക്കിന്റെ മാലിന്യങ്ങളൊന്നും തീണ്ടാതെ നിഷ്കളങ്കനായിരുന്ന ഇബ്റാഹീം (അ) ആചരിച്ചു വന്നിരുന്ന മാർഗമേതോ അത്- അതാണെനിക്ക് അല്ലാഹു അനുഗ്രഹിച്ചു തന്ന മതം. അതിലേക്കാണ് ഞാൻ നിങ്ങളെ ക്ഷണിക്കുന്നത്. ശിർക്കിന്റെ എല്ലാ വകുപ്പുകളിൽ നിന്നും സംശുദ്ധമായിരിക്കുക, നമസ്കാരം, പ്രാർത്ഥന, ബലികർമങ്ങൾ ആദിയായ ആരാധനകളെല്ലാം അല്ലാഹുവിനു മാത്രം അർപ്പിക്കുക, ജീവിക്കുന്നതും മരിക്കുന്നതുമെല്ലാം അവന്റെ പ്രീതിയെ ലക്ഷ്യം വെച്ചും, അവന്റെ ആജ്ഞാ നിർദ്ദേശങ്ങൾക്കനുസരിച്ചും ആയിരിക്കുക. ഇതാണ് എന്നോട് ആജ്ഞപിക്കപ്പെട്ട മതത്തിന്റെ സത്ത. ഇതിന്റെ പ്രബോധനമാണ് എന്റെ കൃത്യം. ഇതംഗീകരിക്കുന്നവരാണ് മുസ്ലിംകൾ. അവരിൽ ഒന്നാമൻ ഞാൻ തന്നെയാണ് താനുംഃ എന്നിങ്ങിനെയാണ് പ്രസ്തുത അറിയിപ്പിന്റെ താല്പര്യം.

نسك (നുസുക്) എന്ന വാക്കിന് 'ആരാധനകൾ' എന്നാണ് വാക്കർത്ഥം. ഹജ്ജ്-ഉംറ സംബന്ധമായ കർമങ്ങളെയും, ബലികർമങ്ങളെയും പ്രത്യേകം ഉദ്ദേശിച്ചുകൊണ്ട് ആ വാക്ക് ഉപയോഗിക്കപ്പെടാറുണ്ട്. ബലി കർമങ്ങളെപറ്റി മുൻവചനങ്ങളിൽ കഴിഞ്ഞ പരാമർശങ്ങളെയും, ഈ വചനങ്ങൾ മക്കാ മുശ്രിക്കുകളെയാണ് മുഖാമുഖമായി അഭിമുഖീകരിക്കുന്നതെന്നുള്ളതിനെയും കണക്കിലെടുത്തുകൊണ്ട് ഈ അർത്ഥങ്ങളാണ്

പലരും ഇവിടെ അതിന് നൽകിയിരിക്കുന്നത്.

وَأَنَا أَوَّلُ الْمُسْلِمِينَ (ഞാൻ ഒന്നാമത്തെ മുസ്‌ലിമാണ്) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം ഈ സമുദായത്തിലെ ഒന്നാമനും, ഞാൻ നിങ്ങളോട് പ്രബോധനം ചെയ്യുന്ന തത്വങ്ങളെ ആദ്യമായി സ്വീകരിക്കുന്നവനും ഞാനാണ് എന്നത്രെ. മനുഷ്യാരംഭം മുതൽക്കേ മനുഷ്യ വർഗത്തിന് അല്ലാഹു നിശ്ചയിച്ച മതം ഇസ്‌ലാമാണല്ലോ (إِنَّ الدِّينَ عِندَ اللَّهِ الْإِسْلَامُ) ആ മതം അംഗീകരിച്ചവരെല്ലാം മുസ്‌ലിംകളുമാകുന്നു. (هُوَ سَمَّاكُمُ الْمُسْلِمِينَ) നൂഹ് നബി (അ) അദ്ദേഹത്തിന്റെ ജനങ്ങളോട് മുസ്‌ലിമായിരിക്കുവാൻ എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നുവെന്ന് പറഞ്ഞു (10:72). ഇബ്റാഹീം നബി (അ)യും, യഅ്ഖൂബ് നബി (അ)യും മക്കളോട് ചെയ്ത വസ്വിയ്യത്തിൽ നിങ്ങൾ മുസ്‌ലിംകളായിട്ടല്ലാതെ മരിക്കരുതെന്ന് പറഞ്ഞിരുന്നു (2:132). യൂസുഫ് നബി (അ) എന്നെ മുസ്‌ലിമായി മരിപ്പിക്കേണമേ എന്ന് പ്രാർത്ഥിച്ചു (12:101). നിങ്ങൾ മുസ്‌ലിംകളാണെങ്കിൽ അല്ലാഹുവിൽ ഭരമേൽപ്പിക്കണമെന്ന് മൂസാ നബി (അ) അദ്ദേഹത്തിന്റെ ജനതയോട് പറഞ്ഞു (10:84). ഈസാ നബി (അ)യുടെ ശിഷ്യന്മാരായ 'ഹവാരിയ്യു'കളും പറഞ്ഞു ഞങ്ങൾ മുസ്‌ലിംകളാകുന്നു (5:114). ചുരുക്കിപ്പറഞ്ഞാൽ, ആദം നബി (അ) മുതൽ ലോകാവസാനം വരെയുള്ള മനുഷ്യർക്ക് അല്ലാഹു നിശ്ചയിച്ചു തൃപ്തിപ്പെട്ട ഏകമതം ഇസ്‌ലാമും, അത് സ്വീകരിച്ചവരെല്ലാം മുസ്‌ലിംകളുമാകുന്നു.

ഒരു ഹദീഥിൽ നബി ﷺ പറഞ്ഞിരിക്കുന്നു: ' ഒരു പിതൃകുടുംബത്തിൽപെട്ട സഹോദരങ്ങളാണ് പ്രവാചകന്മാർ. അവരുടെ മാതാക്കൾ പലതായിരിക്കും. അവരുടെ മതം ഒന്നാകുന്നു' (ബു; മു). അതായത് -ഇബ്നുകഥീർ (റ) ചൂണ്ടിക്കാട്ടിയതുപോലെ- അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവനോട് ഒന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുകയെന്ന മൗലികാടിസ്ഥാനത്തിൽ അവരെല്ലാം ഒന്നാകുന്നു. ശരീഅത്തിൽ (മതപരമായ നിയമ നടപടി ക്രമത്തിൽ) അവർ വ്യത്യസ്ത മാർഗമുള്ളവരായിരിക്കും എന്നർത്ഥം.

قُلْ أَغَيْرَ ٱللَّهِ أَبْغِى رَبًّا وَهُوَ رَبُّ كُلِّ شَىْءٍ ۚ

﴾164﴿ **നീ പറയുക: 'എല്ലാ വസ്തുക്കളുടെയും റബ്ബ് [രക്ഷിതാവ്] അല്ലാഹുവായിരിക്കെ, അവനല്ലാത്തവരെ ഞാൻ റബ്ബായി (തേടി) തിരയുകയോ?!**

وَلَا تَكْسِبُ كُلُّ نَفْسٍ إِلَّا عَلَيْهَا ۚ

എല്ലാ (ഓരോ) ആത്മാവും [ആളും] അതിന്റെമേൽ (ബാധ്യത) ആയിക്കൊണ്ടല്ലാതെ (ഒന്നും) സമ്പാദിച്ചുവെക്കുകയുമില്ല;

وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۚ

കുറ്റം വഹിക്കുന്ന ഒരാത്മാവും [ആളും] മറ്റൊന്നിന്റെ കുറ്റം വഹിക്കുകയുമില്ല.

ثُمَّ إِلَىٰ رَبِّكُم مَّرْجِعُكُمْ فَيُنَبِّئُكُم بِمَا كُنتُمْ فِيهِ تَخْتَلِفُونَ ﴿١٦٤﴾

പിന്നെ, നിങ്ങളുടെ റബ്ബിങ്കലേക്കായിരിക്കും നിങ്ങളുടെ മടങ്ങിവരവ്. അപ്പോൾ, യാതൊന്നിൽ നിങ്ങൾ ഭിന്നാഭിപ്രായപ്പെട്ടുകൊണ്ടിരിക്കുന്നുവോ അതിനെപറ്റി അവൻ നിങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്.

﴾164﴿ قُلْ നീ പറയുക أَغَيْرَ اللَّهِ അല്ലാഹു അല്ലാത്തവരെയോ أَبْغِي ഞാൻ തേടുന്നു, തിരയുന്നു رَبًّا റബ്ബായിട്ട്, രക്ഷിതാവായി وَهُوَ رَبُّ അവനാകട്ടെ റബ്ബാകുന്നു كُلِّ شَيْءٍ എല്ലാ വസ്തുവിന്റെയും وَلَا تَكْسِبُ സമ്പാദിക്കുകയുമില്ല, ചെയ്തുവെക്കുകയില്ല كُلُّ نَفْسٍ എല്ലാ ആത്മാവും, ആളും, ദേഹവും, വ്യക്തിയും إِلَّا عَلَيْهَا അതിന്റെമേൽ (ബാധ്യത) ആയിക്കൊണ്ടല്ലാതെ وَلَا تَزِرُ കുറ്റം വഹിക്കുക (പേറുക)യുമില്ല وَازِرَةٌ ഒരു കുറ്റക്കാരിയും, കുറ്റം പേറുന്നതും وِزْرَ കുറ്റം, ഭാരത്തെ أُخْرَىٰ മറ്റൊന്നിന്റെ ثُمَّ പിന്നെ إِلَىٰ رَبِّكُم നിങ്ങളുടെ റബ്ബിങ്കലേക്കാണ് مَّرْجِعُكُمْ നിങ്ങളുടെ മടക്കം, മടങ്ങിപ്പോക്ക് فَيُنَبِّئُكُم അപ്പോൾ അവൻ നിങ്ങളെ ബോധ്യപ്പെടുത്തും بِمَا كُنتُمْ നിങ്ങളായിരുന്നതിനെപറ്റി فِيهِ അതിൽ, അതിന്റെ കാര്യത്തിൽ تَخْتَلِفُونَ നിങ്ങൾ വ്യത്യാസപെട്ടു (ഭിന്നാഭിപ്രായത്തിലായി)കൊണ്ട്

ഓരോ ആളും അവരവരുടെ കർമങ്ങൾക്ക് ഉത്തരവാദിയായിരിക്കും كُلُّ امْرِئٍ بِمَا كَسَبَ رَهِينٌ (എല്ലാ ഓരോരുത്തനും അവൻ സമ്പാദിച്ചുവെച്ചതിന് പണയമാകുന്നു - 52:21). ഒരാളുടെ കുറ്റം മറ്റൊരാൾ വഹിക്കുകയില്ല. وَإِن تَدْعُ مُثْقَلَةٌ إِلَىٰ حِمْلِهَا لَا يُحْمَلْ مِنْهُ شَيْءٌ وَلَوْ كَانَ ذَا قُرْبَىٰ (ഭാരം പിടിപെട്ട ഒരു ദേഹം അതിന്റെ ചുമടെടുക്കുവാൻ -മറ്റൊരാളെ- വിളിച്ചാൽ, അടുത്ത ബന്ധമുള്ളവനായാലും ശരി, അതിൽനിന്ന് ഒന്നും തന്നെ വഹിക്കപ്പെടുകയില്ല - 35:18) ഇത് അല്ലാഹുവിന്റെ ഖണ്ഡിതമായ ഒരു നിയമ തത്വമാകുന്നു. ആരാധ്യവസ്തുക്കളുടെയോ, ശുപാർശകന്മാരുടെയോ ഇടപെടലുകളൊന്നും അവിടെ നടക്കുകയില്ല. നന്മയെങ്കിൽ നന്മ, തിന്മയെങ്കിൽ തിന്മ. അതതിന്റെ കർത്താവ് തന്നെ അതതിന്റെ ഫലം തികച്ചും അനുഭവിക്കും.

എന്നാൽ, ഒരാൾ ഒരു നല്ല കാര്യം നടപ്പിൽ വരുത്തിയാൽ അതിന്റെയും, അത് പ്രവർത്തിച്ചവരുടെയും, പ്രതിഫലം -അവരുടെ പ്രതിഫലത്തിൽ ഒരു കുറവും വരാതെ- അവന് ലഭിക്കുമെന്നും, ഒരാൾ ഒരു ചീത്ത കാര്യം നടപ്പിൽ വരുത്തിയാൽ അതിന്റെയും, അത് പ്രവർത്തിച്ചവരുടെയും കുറ്റം -അവരുടെ കുറ്റത്തിൽ ഒരു കുറവും വരാതെ- അവനുണ്ടാകുമെന്നും നബി ﷺ അരുളിച്ചെയ്തിട്ടുണ്ട് (മു). ഇത് ആ തത്വത്തിന് എതിരോ വിരുദ്ധമോ ആകുന്നില്ല. ആ പ്രതിഫലവും, ആ കുറ്റവും അവൻ നടപ്പാക്കിയതിന്റെ ഫലമാണല്ലോ. അതുകൊണ്ടാണ് 'അവരുടെ പ്രതിഫലത്തിലും കുറ്റത്തിലും ഒരു കുറവും വരാതെ' എന്ന് നബി ﷺ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതും.

അവർ ചെയ്തതിന്റെ പ്രതിഫലവും കുറ്റവും അവർക്ക് തന്നെ. അവൻ നടപ്പാക്കിയതിന്റെയും അത് നടന്നുകൊണ്ടിരിക്കുന്നതിന്റെയും പ്രതിഫലവും കുറ്റവുമാണ് അവന് ലഭിക്കുന്നത് എന്നർത്ഥം.

وَهُوَ ٱلَّذِى جَعَلَكُمْ خَلَٰٓئِفَ ٱلْأَرْضِ

﴿165﴾ **അവനത്രെ, നിങ്ങളെ ഭൂമിയിലെ (മാറിമാറിവരുന്ന) പിൻഗാമികൾ ആക്കിയവൻ.**

وَرَفَعَ بَعْضَكُمْ فَوْقَ بَعْضٍ دَرَجَٰتٍ لِّيَبْلُوَكُمْ فِى مَآ ءَاتَىٰكُمْ ۗ

നിങ്ങളിൽ ചിലരെ ചിലർക്ക് മീതെ അവൻ ചില പദവികൾ ഉയർത്തുകയും ചെയ്തിരിക്കുന്നു; നിങ്ങൾക്ക് അവൻ നൽകിയതിൽ നിങ്ങളെ അവൻ പരീക്ഷണം ചെയ്‌വാൻ വേണ്ടി.

إِنَّ رَبَّكَ سَرِيعُ ٱلْعِقَابِ وَإِنَّهُۥ لَغَفُورٌ رَّحِيمٌۢ ﴿١٦٥﴾

നിശ്ചയമായും, നിന്റെ രക്ഷിതാവ് വേഗം ശിക്ഷാ നടപടി എടുക്കുന്നവനാകുന്നു; നിശ്ചയമായും, അവൻ വളരെ പൊറുക്കുന്നവനും, കരുണാനിധിയും തന്നെയാണുതാനും

﴿165﴾ وَهُوَ അവനത്രെ الَّذِي جَعَلَكُمْ നിങ്ങളെ ആക്കിയവൻ خَلَائِفَ പിൻഗാമികൾ, പിന്നിലുള്ളവർ, മാറി മാറി വരുന്നവർ الْأَرْضِ ഭൂമിയിലെ وَرَفَعَ അവൻ ഉയർത്തുകയും ചെയ്തിരിക്കുന്നു بَعْضَكُمْ നിങ്ങളിൽ ചിലരെ فَوْقَ بَعْضٍ ചിലർക്ക് മീതെ دَرَجَاتٍ ചില പദവികൾ لِيَبْلُوَكُمْ നിങ്ങളെ അവൻ പരീക്ഷണം ചെയ്‌വാൻ വേണ്ടി فِي مَا آتَاكُمْ നിങ്ങൾക്ക് അവൻ നൽകിയതിൽ إِنَّ رَبَّكَ നിശ്ചയമായും നിന്റെ റബ്ബ് سَرِيعُ വേഗമുള്ളവനാണ് الْعِقَابِ ശിക്ഷാനടപടി وَإِنَّهُ നിശ്ചയമായും അവൻ لَغَفُورٌ വളരെ പൊറുക്കുന്നവൻ തന്നെ رَحِيمٌ കരുണാനിധി(യും)

خليفة (ഖലീഫഃ) എന്ന പദത്തിന്റെ ബഹുവചനമാണ് خلائف (ഖലാഇഫ്). ഒരാളുടെ പിന്നിൽ അയാളുടെ സ്ഥാനത്ത് വരുന്ന ആൾ എന്നാണ് ആ പദത്തിനർത്ഥം. മലയാളത്തിൽ 'പിൻഗാമി' എന്നോ, 'പ്രതിനിധി' എന്നോ സന്ദർഭം പോലെ അതിന് വിവർത്തനം നൽകാം. ഒരു തലമുറക്കുശേഷം മറ്റൊരു തലമുറയായും, ഒരു സമുദായത്തിന് ശേഷം മറ്റൊരു സമുദായമായും നിങ്ങളെ ഭൂമിയിൽ മാറിമാറി വന്നുകൊണ്ടിരിക്കുന്നവരാക്കിയത് അല്ലാഹുവാണ്. എല്ലാവരെയും അവൻ ഒരേ നിലവാരത്തിലുള്ളവരായിട്ടല്ല ആക്കിയിരിക്കുന്നത്. ഉപജീവനമാർഗം, ബുദ്ധി, അറിവ്, സ്വഭാവഗുണം, കഴിവ്, പ്രാപ്തി, രൂപം ആദിയായവയിലും, നടപടിക്രമങ്ങളിലുമെല്ലാം ചിലരെ ചിലരെക്കാൾ ഉയർന്നവരും, ചിലരെ താണവരുമാക്കി വെച്ചിരിക്കുകയാണ്. അവരവർക്ക് ലഭിച്ചതിൽ അവരവർ എങ്ങിനെ വർത്തിക്കുന്നുവെന്നും, അതെങ്ങിനെ ഉപയോഗപ്പെടു

ത്തുന്നുവെന്നുമുള്ള ഒരു പരീക്ഷണമാണത് എന്ന് സാരം.

خلائف എന്ന വാക്കിനും ഇതേ അർത്ഥത്തിലുള്ള മറ്റൊരു രൂപമായ خلفاء (ഖുലഫാഉ്) എന്ന വാക്കിനും 'പ്രതിനിധികൾ' എന്നർത്ഥം കൽപിച്ചുകൊണ്ട് ഭൂമിയിൽ അല്ലാഹുവിന്റെ ചില അധികാരങ്ങൾ നടപ്പിൽ വരുത്തുവാനായി മനുഷ്യനെ അതിൽ അവന്റെ പ്രതിനിധിയാക്കി വെച്ചിരിക്കുകയാണെന്നും, ഈ അധികാരത്തിൽ ഒരോരുത്തരുടെയും കഴിവും പ്രാപ്തിയും അനുസരിച്ച് ചിലർക്ക് ചിലരെക്കാൾ ഉയർച്ചയും ഉണ്ടായിരിക്കുമെന്നുമാണ് ഈ വചനത്തിന്റെ ആശയമെന്ന് വരുത്തുന്ന ചില വ്യാഖ്യാനങ്ങൾ ഇവിടെയും, ഇതുപോലെയുള്ള വേറെ ചില സ്ഥലങ്ങളിലും ചിലർ നൽകിക്കാണാം. ഈ അർത്ഥവ്യാഖ്യാനം ശരിയല്ലെന്നും, ഇത് അൽപം അതിരുകവിഞ്ഞ ഒരു വ്യാഖ്യാനമാണെന്നും അൽബക്വറഃ 30-ാം വചനത്തിന്റെ വ്യാഖ്യാനത്തിൽ നാം വിവരിച്ചിട്ടുണ്ട്. ഈ വ്യാഖ്യനം ശരിയല്ലെന്ന് ഇതേ വചനം തന്നെ ശരിക്ക് മനസ്സിരുത്തിയാൽ മനസ്സിലാക്കാം. കൂടാതെ, താഴെ ഉദ്ധരിക്കുന്നതുപോലെയുള്ള വചനങ്ങളിൽ നിന്ന് കൂടുതൽ വ്യക്തമാകുകയും ചെയ്യും:-

നിങ്ങളുടെ മുമ്പ് പല തലമുറകളെയും അവരുടെ അക്രമം നിമിത്തം നാം നശിപ്പിച്ചു കളഞ്ഞിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് സൂ: യൂനുസിൽ അല്ലാഹു പറയുന്നു: ثُمَّ جَعَلْنَاكُمْ خَلَائِفَ فِي الْأَرْضِ مِن بَعْدِهِمْ (പിന്നീട് അവരുടെശേഷം ഭൂമിയിൽ നിങ്ങളെ നാം 'ഖലാഇഫാ'ക്കി (യൂനുസ്:14) അതേ സൂറത്തിൽ, നൂഹ് നബി (അ)യോടൊപ്പം ജലപ്രളയത്തിൽ നിന്ന് രക്ഷപെട്ടവരെക്കുറിച്ച് പറയുന്നു: وَجَعَلْنَاهُمْ خَلَائِفَ وَأَغْرَقْنَا الَّذِينَ كَذَّبُوا بِآيَاتِنَا (അവരെ നാം 'ഖലാഇഫാക്കി, നമ്മുടെ ദൃഷ്ടാന്തങ്ങളെ വ്യാജമാക്കിയവരെ നാം മുക്കി നശിപ്പിക്കുകയും ചെയ്തു (യൂനുസ് 73). ഹൂദ് നബി (അ) തന്റെ ജനതയോടു പറഞ്ഞു: وَاذْكُرُوا إِذْ جَعَلَكُمْ خُلَفَاءَ مِن بَعْدِ قَوْمِ نُوحٍ (നൂഹിന്റെ ജനതക്കുശേഷം അവൻ നിങ്ങളെ 'ഖുലഫാഉ്' ആക്കിയത് നിങ്ങൾ ഓർക്കുവിൻ-അഅ്റാഫ് 69). ഇതുപോലെ വേറെയും കാണാം. ഇവിടെയൊക്കെ അധികാരത്തിലുള്ള പ്രാതിനിധ്യമല്ല ഉദ്ദേശ്യമെന്നും, മുമ്പുള്ളവരുടെ പിൻഗാമിത്വമാണ് ഉദ്ദേശ്യമെന്നും പറയേണ്ടതില്ലല്ലോ.

മനുഷ്യൻ സദാ അല്ലാഹുവിന്റെ ശിക്ഷാ നടപടിയെക്കുറിച്ച് ഭയപ്പെട്ടുകൊണ്ടിരിക്കുകയും, അതോടൊപ്പം അവന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും സൽപ്രതീക്ഷയോടുകൂടിയിരിക്കുകയും വേണമെന്ന് ഓർമിപ്പിച്ചുകൊണ്ടാണ് ഈ സൂറത്ത് അല്ലാഹു സമാപിക്കുന്നത്. കാരുണ്യത്തെയും, പാപമോചനത്തെയും സംബന്ധിച്ചു സന്തോഷവാർത്ത അറിയിക്കുന്നതോടൊപ്പം ശിക്ഷയെക്കുറിച്ച് ഭയവാർത്ത അറിയിക്കലും ക്വുർആന്റെ ഒരു പതിവാകുന്നു. സൂ: ഹിജ്ർ 49, 50 ൽ അല്ലാഹു പറയുന്നു: 'എന്റെ അടിയാന്മാർക്ക് വൃത്താന്തമറിയിക്കുക; ഞാൻ തന്നെയാണ് വളരെ പൊറുക്കുന്നവനും, കരുണാനിധിയുമെന്നും, എന്റെ ശിക്ഷ തന്നെയാണ് വേദനയേറിയ ശിക്ഷയെന്നും'.

നബി തിരുമേനി ﷺ അരുളിച്ചെയ്തിരിക്കുന്നു: 'അല്ലാഹുവിന്റെ പക്കലുള്ള ശിക്ഷയെന്താണെന്ന് സത്യവിശ്വാസി അറിയുമായിരുന്നെങ്കിൽ, (അവരിൽ) ഒരാളും അവന്റെ സ്വർഗത്തിൽ പ്രതീക്ഷവെക്കുമായിരുന്നില്ല. അല്ലാഹുവിന്റെ പക്കലുള്ള കാരുണ്യത്തെ പറ്റി അവിശ്വാസി അറിയുമായിരുന്നെങ്കിൽ, (അവരിൽ) ഒരാളും സ്വർഗത്തെക്കുറിച്ചു

നിരാശപ്പെടുമായിരുന്നില്ല. കാരുണ്യത്തെ അല്ലാഹു നൂറുഭാഗമാക്കി ഒരു ഭാഗമാണ് സൃഷ്ടികളിൽ വെച്ചിരിക്കുന്നത്. അത് മൂലമാണവർ പരസ്പരം കരുണ കാണിച്ചു വരുന്നത്. തൊണ്ണൂറ്റൊമ്പതും അവൻ (പരലോകത്തേക്കായി) സൂക്ഷിച്ചു വെച്ചിരിക്കയാണ്' (അ; തി).

നമ്മെയെല്ലാം അല്ലാഹു അവന്റെ കാരുണ്യത്തിന് പാത്രമാക്കുകയും, അവന്റെ ശിക്ഷയിൽ നിന്ന് രക്ഷ ലഭിക്കുകയും ചെയ്യുന്ന സൽഭാഗ്യരായ ജനങ്ങളിൽ ഉൾപ്പെടുത്തി അനുഗ്രഹിക്കട്ടെ. ആമീൻ.

اللهم لك الحمد ولك الفضل والمنة

(كان الفراغ من تسويد تفسير هذه السورة العظيمة ضحى يوم الجمعة ١٧ محرم الحرام سنة ١٣٩٧ هجرية الموافق ٧/٧/٧٧

وكان الفراغ من تبييضه ليلة الاحد التاسع والعشرين من شوال سنة ١٣٩٧ هـ, الموافق ٣١/ ٩/ ٧٨ م)